
www.malankaralibrary.com

# നവസഹസ്രാബ്ദത്തിലേക്ക്



ഡോ. ജോൺ പടിപ്പുരയ്ക്കൽ

www.malankaralibrary.com

# നവസഹസ്രാബ്ദത്തിലേക്ക്

## സഭയുടെ പ്രബോധനരേഖകളെപ്പറ്റിയുള്ള പഠനം

ഡോ. ജോൺ പടിപ്പുരയ്ക്കൽ

www.malankaralibrary.com

# Navasahasrabdathilekku
(Malayalam)

Fr. John Padipurackal
St. Mary's Malankara Seminary
Nalanchira, Thiruvananthapuram-695 015
E-mail : jpadipura@hotmail.com

© Fr. John Padipurackal

*Cover Design*
C.C. Thomas

*Published by*
**M.S. Publications**
Nalanchira, Thiruvananthapuram-695 015

*Printed at*
**St.Mary's Press**
Pattom, Thiruvananthapuram-695 004
*Price* : Rs. 80.00/-

*Copies: 1000*

*Copies Available at*
1. **St. Mary's Malankara Seminary**
   Nalanchira, Thiruvananthapuram-695 015
   Tel: 0471-2544597, 2531521, 2530084
2. **St. Ignatius Centre**
   Archbishop's House
   Pattom, Thiruvananthapuram-695 004

www.malankaralibrary.com



## സമർപ്പണം

ചൈതന്യവത്തായ
സാന്നിദ്ധ്യവും വാക്കും പ്രവൃത്തിയുംകൊണ്ട്
ദൈവത്തിലുള്ള വിശ്വാസത്തിൽ
സഭയോടുള്ള വിശ്വസ്തതയിൽ
സമസൃഷ്ടികളോടുള്ള പ്രതിബദ്ധതയിൽ
അനേകർക്ക് പ്രചോദനം നൽകിയ
**ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്.**

www.malankaralibrary.com

# ഉള്ളടക്കം


ആമുഖം

അവതാരിക

1. തൊഴിലും തൊഴിലാളിയും ........ 09
2. നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ ........ 13
3. അനുരഞ്ജന കൂദാശയുടെ വിവിധ രൂപങ്ങൾ ........ 24
4. രക്ഷകന്റെ മിഷൻ ........ 29
5. ചെന്തേസ്സിമൂസ് അന്നൂസ്- നൂറാം വർഷം... ........ 34
6. പുതുയുഗപ്പുലരിയിൽ ........ 40
7. സ്നേഹപൂർവ്വം കുടുംബങ്ങൾക്ക് ........ 45
8. ജീവന്റെ സുവിശേഷം ........ 49
9. എല്ലാവരും ഒന്നാകുവാൻ ........ 56
10. സമർപ്പിതജീവിതം ........ 67
11. ദാനവും രഹസ്യവും ........ 75
12. കർത്താവിന്റെ ദിവസം ........ 80
13. വിശ്വാസവും യുക്തിയും ........ 87
14. വെണ്മയുടെ വേലിയേറ്റവും സഭയും ........ 93
15. ഏഷ്യൻ സഭയുടെ പ്രത്യാശ ........ 98
16. വൈദികനും മൂന്നാം ക്രൈസ്തവ സഹസ്രാബ്ദവും ........ 102
17. സംസ്കാരവും അജപാലനസമീപനവും ........ 109
18. മേയാ കുൾപാ... മാപ്പുപറയുന്ന മാഹാത്മ്യം ........ 121
19. ഫാത്തിമാരഹസ്യത്തിന്റെ മൂന്നാം ഭാഗം ........ 125
20. കർത്താവായ യേശു ........ 134
21. രോഗശാന്തിക്കുവേണ്ടിയുള്ള പ്രാർത്ഥന ........ 144
22. നവസഹസ്രാബ്ദത്തിലെ ക്രിസ്തീയസാക്ഷ്യം ........ 149
23. ഇന്റർനെറ്റിന്റെ ഉപയോഗവും ഫലങ്ങളും ........ 153
24. ഇന്റർനെറ്റിന്റെ ഉപയോഗം ധാർമ്മികവീക്ഷണത്തിൽ ........ 157
25. ജപമാലഭക്തിയും പ്രകാശത്തിന്റെ രഹസ്യങ്ങളും ........ 161
26. സഭയും വിശുദ്ധ കുർബാനയും ........ 169

www.malankaralibrary.com

# ആമുഖം

പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തന്റെ പ്രഥമ ചാക്രികലേഖനത്തിൽ എഴുതി: "മനുഷ്യ രക്ഷകനായ യേശുക്രിസ്തുവാണ് വിശ്വാസത്തിന്റെയും ചരിത്രത്തിന്റെയും കേന്ദ്രബിന്ദു. തിരുസഭയും ഇന്നത്തെ മാനുഷിക കുടുംബം മുഴുവനും, ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന്റെ ഈ ഗംഭീര നിമിഷത്തിൽ അവിടുത്തെ പക്കലേക്ക് എന്റെ ചിന്തകളും ഹൃദയവും തിരിക്കുന്നു. വാസ്തവത്തിൽ ഈ കാലം രണ്ടായിരാം ആണ്ടിനോടു വളരെ അടുത്തു കഴിഞ്ഞു... ഭൂമിയുടെ വിദൂര അതിരുകളിലേയ്ക്ക്, തുല്യമായ രീതിയിലല്ലെങ്കിലും വ്യാപിച്ചുകിടക്കുന്ന ദൈവജനമായ തിരുസഭയ്ക്ക് അത്, അതിമഹത്തായ ഒരു ജൂബിലി വർഷമായിരിക്കും. നാം ആ തീയതിയോടു സമീപിച്ചുകൊണ്ടിരിക്കുകയാണ്...വിശുദ്ധ യോഹന്നാൻ ആവിഷ്കരിച്ചിരിക്കുന്ന വിശ്വാസത്തിന്റെ മൗലിക സത്യത്തെപ്പറ്റിയുള്ള അവബോധം, പ്രത്യേകമായ വിധത്തിൽ, ആ തീയതി നമ്മിൽ ഉണർത്തുകയും ഉദ്ദീപിപ്പിക്കുകയും ചെയ്യും" (മനുഷ്യരക്ഷകൻ 1). സഭയുടെ തുടർന്നുള്ള ഔദ്യോഗിക രേഖകളിലെല്ലാം രണ്ടായിരാമാണ്ടിലെ ജൂബിലിക്കും നവസഹസ്രാബ്ദത്തിലേക്കുള്ള പ്രവേശനത്തിനും വേണ്ടി ഒരുങ്ങാനുള്ള ആഹ്വാനം ദൃശ്യമാണ്. ജൂബിലി ആചരണം ക്രൈസ്തവജീവിതത്തിന്റെ നവീകരണത്തിനുള്ള അവസരമായിട്ടാണ് കണക്കാക്കിയത്. പ്രസ്തുത നവീകരണം തന്നെ മൂന്നാം സഹസ്രാബ്ദത്തിൽ ക്രൈസ്തവർ നൽകേണ്ട സാക്ഷ്യം ലക്ഷ്യമാക്കിയുള്ളതായിരുന്നു. ഈ കാഴ്ചപ്പാടിലൂടെയാവണം കഴിഞ്ഞ രണ്ടു ദശകങ്ങളിൽ സഭ നൽകിയിട്ടുള്ള പ്രബോധനരേഖകളെ നാം സമീപിക്കേണ്ടത്.

രക്ഷാസന്ദേശം സമസ്തലോകത്തിനും നൽകുക എന്നതാണ് സഭയുടെ എക്കാലത്തെയും ദൗത്യം. ഈ ദൗത്യം നിറവേറ്റേണ്ടത് ചരിത്രം, സംസ്കാരം, സാമ്പത്തിക-സാമൂഹിക മാറ്റങ്ങൾ, ശാസ്ത്ര-സാങ്കേതിക പുരോഗതി ഇവയോട് ബന്ധപ്പെട്ടാണ്. പ്രസ്തുത മേഖലകളിലെ പരിവർത്തനങ്ങൾ മനുഷ്യജീവിതത്തെ സ്വാധീനിക്കുക സ്വാഭാവികമാണല്ലോ. മനുഷ്യന്റെ ജീവിതവീക്ഷണത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ സഭ മനസ്സിലാക്കുകയും അവയെ വിലയിരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സുവിശേഷസന്ദേശത്തിന് കാലോചിതമായ അവതരണം നൽകുന്നതിന് ഈ സമീപനം അനിവാര്യമാണ്.

www.malankaralibrary.com

രക്ഷാസന്ദേശത്തിന്റെ കാലോചിതവും ഫലവത്തുമായ അവതരണത്തിന് സാർവ്വത്രികസഭ നടത്തുന്ന ശ്രമങ്ങളാണ് പത്രോസിന്റെ പിൻഗാമിയും സഭയുടെ തലവനുമായ മാർപ്പാപ്പ നേരിട്ടു നൽകുന്ന തിരുവെഴുത്തുകളിലും, സൂനഹദോസുകളുടെയും അജപാലനശുശ്രൂഷയിൽ മാർപ്പാപ്പയെ സഹായിക്കുന്ന സമിതികളുടെയും (Congregations, Councils & Commissions) പ്രബോധനരേഖകളിലും ദൃശ്യമാകുക. മാർപ്പാപ്പമാർ നൽകിയിട്ടുള്ള ചില പ്രബോധനരേഖകൾ മെത്രാന്മാരുടെ സൂനഹദോസുകളുടെ ഫലങ്ങൾ ക്രോഡീകരിച്ച് രചിക്കപ്പെട്ടവയാണ്. സമകാലീന ജീവിതസാഹചര്യങ്ങളിൽ വിശ്വാസികൾക്ക് മാർഗ്ഗദർശനം നൽകുവാൻ ഈ പ്രബോധനരേഖകൾ പ്രാപ്തിയുള്ളവയാണ്. ചില രേഖകൾ അജപാലന മാർഗ്ഗനിർദ്ദേശക രേഖ എന്ന ഉപതലക്കെട്ടോടുകൂടിയാണ് നൽകപ്പെട്ടിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധേയമാണ്.

വിശ്വാസ-സന്മാർഗ്ഗ-ശിക്ഷണ വിഷയങ്ങൾക്ക് കാലോചിതമായ അവതരണവും ജീവിതത്തിന്റെ വിവിധ മേഖലകളിലെ പുതിയ കാര്യങ്ങൾക്ക് വ്യാഖ്യാനവും നൽകുന്നവയാണ് സഭയുടെ ഔദ്യോഗിക പ്രബോധനരേഖകൾ. സഭയുടെ ഔദ്യോഗികരേഖകൾ എന്ന നിലയിൽ വിശ്വാസികൾ പഠനവിധേയമാക്കേണ്ടതും സ്വീകരിക്കേണ്ടതുമാണ് ഈ രേഖകൾ. എന്നാൽ ഇവയിൽ പലതും ശ്രദ്ധിക്കപ്പെടുന്നില്ല എന്നതാണ് വാസ്തവം. ഈ സാഹചര്യത്തിലാണ് ഈ പ്രബോധനരേഖകൾ വിശ്വാസികൾക്കു പരിചയപ്പെടുത്താൻവേണ്ടി ക്രൈസ്തവകാഹളം മാസിക സഭാദർശനം എന്ന പംക്തി തുടങ്ങിയത്. ഈ പംക്തിയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ലേഖനങ്ങളാണ് പുസ്തകരൂപത്തിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. മുകളിൽ സൂചിപ്പിച്ച വകുപ്പുകളിൽപ്പെടാത്ത മൂന്നു രേഖകൾ ഈ ലേഖന സമാഹാരത്തിലുണ്ട്: (1) അനുരഞ്ജന കൂദാശയുടെ വിവിധ രൂപങ്ങൾ (2) ദാനവും രഹസ്യവും (3) മേയാ കുൾപാ. അവയുടെ പ്രാധാന്യം കൊണ്ടത്രേ അവ ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയുടെ വായനയിൽ നിന്ന് ഈ വസ്തുത ഏവർക്കും വ്യക്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സംരംഭത്തിൽ സ്മരിക്കപ്പെടേണ്ടവർ ധാരാളമാണ്:

സഭാദർശനം എന്ന പംക്തിയിൽ സ്ഥിരമായി എഴുതുവാൻ ആവശ്യപ്പെട്ട റവ. ഫാ.വിത്സൺ തട്ടാരുതുണ്ടിൽ; മുദ്രണം ഭംഗിയായി നിർവ്വഹിച്ച പട്ടം സെന്റ് മേരീസ് പ്രസ്; പ്രൂഫ് റീഡിംഗ് ഭംഗിയായി നിർവ്വഹിച്ച ബ്രദർ തോമസ് പൊറ്റപ്പുരയിടം; കലാപരവും സാങ്കേതികവുമായ നിർദ്ദേശങ്ങൾ നൽകിയ ഫാ.ബോവസ് മാത്യു മേലൂട്ട്; കവർ ഭംഗിയായി രൂപകല്പന ചെയ്ത ശ്രീ.സി.സി.തോമസ്; അനുഗ്രഹാശിസ്സുകളുടെ നിറവോടെ അവതാരിക നൽകിയ മലങ്കരസഭയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ്; ഈ ലേഖന സമാഹാരത്തിന്റെ പ്രസിദ്ധീകരണത്തിന് പ്രോത്സാഹനം നൽകിയ സ്നേഹിതർ; ഏവർക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

ഈ പുസ്തകം സസന്തോഷം അനുവാചക സമക്ഷം സമർപ്പിക്കുന്നു.

**ഡോ. ജോൺ പടിപ്പുരയ്ക്കൽ**

തിരുവനന്തപുരം
10-10-2004

www.malankaralibrary.com

# അവതാരിക

ലോകജനത താല്പര്യത്തോടുകൂടി ശ്രദ്ധിക്കുന്ന സ്വരമാണ് കത്തോലിക്കാസഭയുടെ തലവന്റേത്. കാരണം മാർപ്പാപ്പമാരുടെ ചാക്രികലേഖനങ്ങളും പ്രബോധനരേഖകളും സകല മനുഷ്യരെയും ഉൾക്കൊള്ളുന്നതാണ്. അവരുടെ വീക്ഷണങ്ങളും പ്രബോധനങ്ങളും കാലദേശങ്ങളുടെ സീമകൾക്ക് അതീതമായ പ്രാധാന്യമുള്ളവയാണ്. ചരിത്രത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതിൽ മാർപ്പാപ്പമാരുടെ സ്വാധീനം ഒട്ടും നിസ്സാരമല്ല. സമൂഹത്തിന്റെ സുസ്ഥിതിയെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ മാർപ്പാപ്പായുടെ അഭിപ്രായങ്ങൾക്ക് സമകാലീന ലോകവും മുൻഗണന കൊടുക്കുന്നു എന്നത് ഒരു വസ്തുതയാണ്. മാനുഷിക പരിഗണനയ്ക്കും മനുഷ്യമഹത്വത്തിനും എല്ലാ ചാക്രികലേഖനങ്ങളിലും പരമപ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു.

ദൈവവിശ്വാസം മനുഷ്യനെ സമൂലം സ്പർശിക്കുന്ന ഒരനുഭവമാണ്. മനുഷ്യജീവിതത്തിൽ നിന്നു മാറി നിലകൊള്ളുന്നതല്ല വിശ്വാസം. മനുഷ്യാസ്തിത്വത്തിന്റെ അർത്ഥംതന്നെ വിശ്വാസത്തിലാണ് വ്യക്തമാവുക. മാർപ്പാപ്പമാരുടെ ഔദ്യോഗിക രേഖകളിലെല്ലാം മനുഷ്യത്വത്തിന്റെ ചേതനയും നെടുവീർപ്പുകളും മുഴങ്ങിക്കേൾക്കുന്നുണ്ട്. വിശ്വാസവും യുക്തിയും പരസ്പരം കൈകോർത്തു നീങ്ങുന്നത് ഈ രേഖകൾക്ക് അർത്ഥസമ്പുഷ്ടി നൽകുന്നു. വിശ്വാസത്തിന് വിശദീകരണം നൽകുന്നത് യുക്തിയാണ്. യുക്തിക്ക് സമ്പൂർണ്ണത നൽകുന്നത് വിശ്വാസമാണ്. മനുഷ്യജീവിതത്തിന്റെ സമഗ്രത ഒരുമിച്ച് വിശ്വാസത്തിലും യുക്തിയിലും സംലഭ്യമാകുന്നു.

ചാക്രിക ലേഖനങ്ങളും സഭയുടെ ഔദ്യോഗികരേഖകളും മറ്റും വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതാണ്. എന്നാൽ അവയിലധികവും വിശ്വാസികളുടെ കരങ്ങളിൽ എത്തുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അവ വിശ്വാസികളുടെ കരങ്ങളിൽ എത്തിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അതിനുള്ളൊരു യത്നമാണ് ബഹുമാനപ്പെട്ട ജോൺ പടിപ്പുരയ്ക്കലച്ചന്റെ 'നവസഹസ്രാബ്ദത്തിലേക്ക്' എന്ന ഗ്രന്ഥം. പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമന്റെ ചാക്രികലേഖനങ്ങളും വിവിധ അജപാലന സമിതികളുടെ രേഖകളും കോർത്തിണക്കി അവയുടെ അർത്ഥസമ്പുഷ്ടതയും ആശയസമന്വയവും നഷ്ടപ്പെടുത്താതെയുള്ള വ്യാഖ്യാനങ്ങളാണ് ഈ ഗ്രന്ഥം നൽകുന്നത്. അവതരണശൈ

www.malankaralibrary.com

ലിയിലും ആശയങ്ങളുടെ തെളിമയിലും തനിമയുള്ള ഈ ഗ്രന്ഥം ഒരു അമൂല്യനിധിയാണ്.

സഭയുടെ പ്രബോധനരേഖകളുടെ തെരഞ്ഞെടുപ്പിലും ബഹുമാനപ്പെട്ട അച്ചന്റെ സമഗ്രവീക്ഷണം ശ്രദ്ധേയമാണ്. മനുഷ്യജീവിതത്തിന്റെ പ്രധാന മേഖലകളെയെല്ലാം സ്പർശിക്കുന്ന ഔദ്യോഗികരേഖകൾ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശ്വാസത്തെ സംബന്ധിക്കുന്നവ, തൊഴിലിന്റെ മാഹാത്മ്യം ഉയർത്തിക്കാണിക്കുന്നവ, സമർപ്പിതരെ സംബന്ധിക്കുന്നവ, സഭൈക്യത്തെ സംബന്ധിക്കുന്നവ, ആധുനികമാധ്യമങ്ങളെ അധികരിച്ചുള്ളവ ഒക്കെ അപഗ്രഥിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. പണ്ഡിതോചിതമായ ഇതിലെ വ്യാഖ്യാനങ്ങൾ സഭാദർശനത്തിന്റെ ആഴവും കാലികപ്രസക്തിയും വ്യക്തമാക്കുന്നു.

ആഗോള സഭയ്ക്കും മലങ്കര കത്തോലിക്കാസഭയ്ക്കും ഒരു പാരിതോഷികമാണീ ഗ്രന്ഥം. ബഹുമാനപ്പെട്ട ജോൺ പടിപ്പുരയ്ക്കൽ അച്ചനെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ അവയുടെ പൂർണ്ണതയിൽ ഉൾക്കൊള്ളുന്നതിനും ജീവിതത്തിൽ പകർത്തുന്നതിനും എല്ലാവർക്കും ഈ ഗ്രന്ഥം ഒരു കൈവിളക്കായി ഭവിക്കട്ടെ എന്ന ആശംസയോടെ സസന്തോഷം ബഹുജനസമക്ഷം ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു.

**മോസ്റ്റ് റവ.ഡോ.സിറിൽ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാസഭയുടെ മെത്രാപ്പോലീത്താ

www.malankaralibrary.com

1

# തൊഴിലും തൊഴിലാളിയും

തൊഴിലാളികളുടെ ദാരിദ്ര്യവും ദാരിദ്ര്യം ഉളവാക്കിയ പ്രശ്നങ്ങളും ആയിരുന്നല്ലോ 'റേരും നൊവാരുമി' (RERUM NOVARUM) ൻെറ പ്രസിദ്ധീകരണത്തിൻെറ പ്രധാന പശ്ചാത്തലം. അതേത്തുടർന്ന് തൊഴിലിന്റെ മൂല്യവും തൊഴിലാളിയുടെ മാഹാത്മ്യവും ഉയർത്തിക്കാട്ടുവാൻ സഭ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. തൊഴിൽ രംഗത്തും സാമ്പത്തികമേഖലയിലും പുതിയ പ്രശ്നങ്ങൾ സംജാതമാകുക അനിവാര്യമായ വസ്തുതയാണ്. ഈ സാഹചര്യത്തിലാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ 'തൊഴിൽ'–'ലബോറെം എക്സെർച്ചേൻസ്':(LABOREM EXERCENS = LE) എന്ന ചാക്രികലേഖനം പ്രാധാന്യം അർഹിക്കുന്നത്. റേരും നൊവാരുമിൻെറ തൊണ്ണൂറാം വാർഷികം പ്രമാണിച്ച് 1981 സെപ്ററംബർ പതിനാലിനാണ് ഈ ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചത്. 1981 മെയ് പതിനഞ്ചിന് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും മാർപ്പാപ്പയുടെ നേരെയുണ്ടായ വധശ്രമംമൂലം ചാക്രികലേഖനത്തിൻെറ പ്രസിദ്ധീകരണം വൈകി (LE 27.8).

പ്രസിദ്ധീകരണത്തിനുശേഷം രണ്ടു ദശകങ്ങൾ പിന്നിട്ടെങ്കിലും ചാക്രികലേഖനത്തിലെ സന്ദേശം പ്രസക്തമാണെന്നത് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇതര ചാക്രികലേഖനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 'തൊഴിൽ' ദൈർഘ്യം കുറഞ്ഞതത്രേ. നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ചാക്രികലേഖനത്തിൽ ഖണ്ഡികകളും ഉപഖണ്ഡികകളുമായി ഇരുപത്തിയേഴു നമ്പറുകളാണ് ഉള്ളത്.

അദ്ധ്വാനിച്ച് ഭൂമിയെ പരിപാലിക്കുവാൻ ചുമതല ഏറെറടുത്ത മനുഷ്യനാണ് ചാക്രികലേഖനം തൊഴിലിൽ മുഖ്യസ്ഥാനം നൽകുന്നത്. ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻെറ മഹത്വമാണ് തൊഴിലിന് മൂല്യവും പ്രാധാന്യവും നൽകുന്നത് (LE 6.5). അതുകൊണ്ട് തൊഴിലിനെ ഉല്പാദനത്തിൻെറ ഉപകരണമായോ അതിന്റെ ഘടകങ്ങളിൽ ഒന്നായോ ഒക്കെ കരുതുമ്പോൾ അന്തിമമായി അത് തൊഴിലിൻെറ കർത്താവിൻെറ മഹത്വത്തെയാണ് ചോദ്യം ചെയ്യുക. സാമൂഹിക-

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം
അവതാരിക
1. തൊഴിലും തൊഴിലാളിയും ........ 09
2. നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ ........ 13
3. അനുരഞ്ജന കൂദാശയുടെ വിവിധ രൂപങ്ങൾ ........ 24
4. രക്ഷകൻെറ മിഷൻ ........ 29
5. ചെന്തേസ്സിമൂസ് അന്നൂസ്- നൂറാം വർഷം... ........ 34
6. പുതുയുഗപ്പുലരിയിൽ ........ 40
7. സ്നേഹപൂർവ്വം കുടുംബങ്ങൾക്ക് ........ 45
8. ജീവൻെറ സുവിശേഷം ........ 49
9. എല്ലാവരും ഒന്നാകുവാൻ ........ 56
10. സമർപ്പിതജീവിതം ........ 67
11. ദാനവും രഹസ്യവും ........ 75
12. കർത്താവിൻെറ ദിവസം ........ 80
13. വിശ്വാസവും യുക്തിയും ........ 87
14. വെണ്മയുടെ വേലിയേറ്റവും സഭയും ........ 93
15. ഏഷ്യൻ സഭയുടെ പ്രത്യാശ ........ 98
16. വൈദികനും മൂന്നാം ക്രൈസ്തവ സഹസ്രാബ്ദവും ........ 102
17. സംസ്കാരവും അജപാലനസമീപനവും ........ 109
18. മേയാ കുൾപാ... മാപ്പുപറയുന്ന മാഹാത്മ്യം ........ 121
19. ഫാത്തിമാരഹസ്യത്തിൻെറ മൂന്നാം ഭാഗം ........ 125
20. കർത്താവായ യേശു ........ 134
21. രോഗശാന്തിക്കുവേണ്ടിയുള്ള പ്രാർത്ഥന ........ 144
22. നവസഹസ്രാബ്ദത്തിലെ ക്രിസ്തീയസാക്ഷ്യം ........ 149
23. ഇന്റർനെറ്റിൻെറ ഉപയോഗവും ഫലങ്ങളും ........ 153
24. ഇന്റർനെറ്റിൻെറ ഉപയോഗം ധാർമ്മികവീക്ഷണത്തിൽ ........ 157
25. ജപമാലഭക്തിയും പ്രകാശത്തിൻെറ രഹസ്യങ്ങളും ........ 161
26. സഭയും വിശുദ്ധ കുർബാനയും ........ 169

www.malankaralibrary.com

# ആമുഖം

പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തന്റെ പ്രഥമ ചാക്രികലേഖനത്തിൽ എഴുതി: "മനുഷ്യ രക്ഷകനായ യേശുക്രിസ്തുവാണ് വിശ്വാസത്തിന്റെയും ചരിത്രത്തിന്റെയും കേന്ദ്രബിന്ദു. തിരുസഭയും ഇന്നത്തെ മാനുഷിക കുടുംബം മുഴുവനും, ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന്റെ ഈ ഗംഭീര നിമിഷത്തിൽ അവിടുത്തെ പക്കലേക്ക് എന്റെ ചിന്തകളും ഹൃദയവും തിരിക്കുന്നു. വാസ്തവത്തിൽ ഈ കാലം രണ്ടായിരാം ആണ്ടിനോടു വളരെ അടുത്തു കഴിഞ്ഞു... ഭൂമിയുടെ വിദൂര അതിരുകളിലേയ്ക്ക്, തുല്യമായ രീതിയിലല്ലെങ്കിലും വ്യാപിച്ചുകിടക്കുന്ന ദൈവജനമായ തിരുസഭയ്ക്ക് അത്, അതിമഹത്തായ ഒരു ജൂബിലി വർഷമായിരിക്കും. നാം ആ തീയതിയോടു സമീപിച്ചുകൊണ്ടിരിക്കുകയാണ്...വിശുദ്ധ യോഹന്നാൻ ആവിഷ്കരിച്ചിരിക്കുന്ന വിശ്വാസത്തിന്റെ മൗലിക സത്യത്തെപ്പറ്റിയുള്ള അവബോധം, പ്രത്യേകമായ വിധത്തിൽ, ആ തീയതി നമ്മിൽ ഉണർത്തുകയും ഉദ്ദീപിപ്പിക്കുകയും ചെയ്യും" (മനുഷ്യരക്ഷകൻ 1). സഭയുടെ തുടർന്നുള്ള ഔദ്യോഗിക രേഖകളിലെല്ലാം രണ്ടായിരാമാണ്ടിലെ ജൂബിലിക്കും നവസഹസ്രാബ്ദത്തിലേക്കുള്ള പ്രവേശനത്തിനും വേണ്ടി ഒരുങ്ങാനുള്ള ആഹ്വാനം ദൃശ്യമാണ്. ജൂബിലി ആചരണം ക്രൈസ്തവജീവിതത്തിന്റെ നവീകരണത്തിനുള്ള അവസരമായിട്ടാണ് കണക്കാക്കിയത്. പ്രസ്തുത നവീകരണം തന്നെ മൂന്നാം സഹസ്രാബ്ദത്തിൽ ക്രൈസ്തവർ നൽകേണ്ട സാക്ഷ്യം ലക്ഷ്യമാക്കിയുള്ളതായിരുന്നു. ഈ കാഴ്ചപ്പാടിലൂടെയാവണം കഴിഞ്ഞ രണ്ടു ദശകങ്ങളിൽ സഭ നൽകിയിട്ടുള്ള പ്രബോധനരേഖകളെ നാം സമീപിക്കേണ്ടത്.

രക്ഷാസന്ദേശം സമസ്തലോകത്തിനും നൽകുക എന്നതാണ് സഭയുടെ എക്കാലത്തെയും ദൗത്യം. ഈ ദൗത്യം നിറവേറ്റേണ്ടത് ചരിത്രം, സംസ്കാരം, സാമ്പത്തിക-സാമൂഹിക മാറ്റങ്ങൾ, ശാസ്ത്ര-സാങ്കേതിക പുരോഗതി ഇവയോട് ബന്ധപ്പെട്ടാണ്. പ്രസ്തുത മേഖലകളിലെ പരിവർത്തനങ്ങൾ മനുഷ്യജീവിതത്തെ സ്വാധീനിക്കുക സ്വാഭാവികമാണല്ലോ. മനുഷ്യന്റെ ജീവിതവീക്ഷണത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ സഭ മനസ്സിലാക്കുകയും അവയെ വിലയിരുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സുവിശേഷസന്ദേശത്തിന് കാലോചിതമായ അവതരണം നൽകുന്നതിന് ഈ സമീപനം അനിവാര്യമാണ്.

www.malankaralibrary.com

രക്ഷാസന്ദേശത്തിന്റെ കാലോചിതവും ഫലവത്തുമായ അവതരണത്തിന് സാർവ്വത്രികസഭ നടത്തുന്ന ശ്രമങ്ങളാണ് പത്രോസിന്റെ പിൻഗാമിയും സഭയുടെ തലവനുമായ മാർപ്പാപ്പ നേരിട്ടു നൽകുന്ന തിരുവെഴുത്തുകളിലും, സുനഹദോസുകളുടെയും അജപാലനശുശ്രൂഷയിൽ മാർപ്പാപ്പയെ സഹായിക്കുന്ന സമിതികളുടെയും (Congregations, Councils & Commissions) പ്രബോധനരേഖകളിലും ദൃശ്യമാകുക. മാർപ്പാപ്പമാർ നൽകിയിട്ടുള്ള ചില പ്രബോധനരേഖകൾ മെത്രാന്മാരുടെ സൂനഹദോസുകളുടെ ഫലങ്ങൾ ക്രോഡീകരിച്ച് രചിക്കപ്പെട്ടവയാണ്. സമകാലീന ജീവിതസാഹചര്യങ്ങളിൽ വിശ്വാസികൾക്ക് മാർഗ്ഗദർശനം നൽകുവാൻ ഈ പ്രബോധനരേഖകൾ പ്രാപ്തിയുള്ളവയാണ്. ചില രേഖകൾ അജപാലന മാർഗ്ഗനിർദ്ദേശക രേഖ എന്ന ഉപതലക്കെട്ടോടുകൂടിയാണ് നൽകപ്പെട്ടിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധേയമാണ്.

വിശ്വാസ-സന്മാർഗ്ഗ-ശിക്ഷണ വിഷയങ്ങൾക്ക് കാലോചിതമായ അവതരണവും ജീവിതത്തിന്റെ വിവിധ മേഖലകളിലെ പുതിയ കാര്യങ്ങൾക്ക് വ്യാഖ്യാനവും നൽകുന്നവയാണ് സഭയുടെ ഔദ്യോഗിക പ്രബോധനരേഖകൾ. സഭയുടെ ഔദ്യോഗികരേഖകൾ എന്ന നിലയിൽ വിശ്വാസികൾ പഠനവിധേയമാക്കേണ്ടതും സ്വീകരിക്കേണ്ടതുമാണ് ഈ രേഖകൾ. എന്നാൽ ഇവയിൽ പലതും ശ്രദ്ധിക്കപ്പെടുന്നില്ല എന്നതാണ് വാസ്തവം. ഈ സാഹചര്യത്തിലാണ് ഈ പ്രബോധനരേഖകൾ വിശ്വാസികൾക്കു പരിചയപ്പെടുത്താൻവേണ്ടി ക്രൈസ്തവകാഹളം മാസിക സഭാദർശനം എന്ന പംക്തി തുടങ്ങിയത്. ഈ പംക്തിയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ലേഖനങ്ങളാണ് പുസ്തകരൂപത്തിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. മുകളിൽ സൂചിപ്പിച്ച വകുപ്പുകളിൽപ്പെടാത്ത മൂന്നു രേഖകൾ ഈ ലേഖന സമാഹാരത്തിലുണ്ട്: (1) അനുരഞ്ജന കൂദാശയുടെ വിവിധ രൂപങ്ങൾ (2) ദാനവും രഹസ്യവും (3) മേയാ കുൾപാ. അവയുടെ പ്രാധാന്യം കൊണ്ടത്രേ അവ ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയുടെ വായനയിൽ നിന്ന് ഈ വസ്തുത ഏവർക്കും വ്യക്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സംരംഭത്തിൽ സ്മരിക്കപ്പെടേണ്ടവർ ധാരാളമാണ്:

സഭാദർശനം എന്ന പംക്തിയിൽ സ്ഥിരമായി എഴുതുവാൻ ആവശ്യപ്പെട്ട റവ. ഫാ.വിത്സൺ തട്ടാരുതുണ്ടിൽ; മുദ്രണം ഭംഗിയായി നിർവ്വഹിച്ച പട്ടം സെന്റ് മേരീസ് പ്രസ്; പ്രൂഫ് റീഡിംഗ് ഭംഗിയായി നിർവ്വഹിച്ച ബ്രദർ തോമസ് പൊറ്റപ്പുരയിടം; കലാപരവും സാങ്കേതികവുമായ നിർദ്ദേശങ്ങൾ നൽകിയ ഫാ.ബോവസ് മാത്യു മേലൂട്ട്; കവർ ഭംഗിയായി രൂപകല്പന ചെയ്ത ശ്രീ.സി.സി.തോമസ്; അനുഗ്രഹാശിസ്സുകളുടെ നിറവോടെ അവതാരിക നൽകിയ മലങ്കരസഭയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ്; ഈ ലേഖന സമാഹാരത്തിന്റെ പ്രസിദ്ധീകരണത്തിന് പ്രോത്സാഹനം നൽകിയ സ്നേഹിതർ; ഏവർക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

ഈ പുസ്തകം സസന്തോഷം അനുവാചക സമക്ഷം സമർപ്പിക്കുന്നു.

**ഡോ. ജോൺ പടിപ്പുരയ്ക്കൽ**

തിരുവനന്തപുരം
10-10-2004

www.malankaralibrary.com

# അവതാരിക

ലോകജനത താല്പര്യത്തോടുകൂടി ശ്രദ്ധിക്കുന്ന സ്വരമാണ് കത്തോലിക്കാസഭയുടെ തലവന്റേത്. കാരണം മാർപ്പാപ്പമാരുടെ ചാക്രികലേഖനങ്ങളും പ്രബോധനരേഖകളും സകല മനുഷ്യരെയും ഉൾക്കൊള്ളുന്നതാണ്. അവരുടെ വീക്ഷണങ്ങളും പ്രബോധനങ്ങളും കാലദേശങ്ങളുടെ സീമകൾക്ക് അതീതമായ പ്രാധാന്യമുള്ളവയാണ്. ചരിത്രത്തിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതിൽ മാർപ്പാപ്പമാരുടെ സ്വാധീനം ഒട്ടും നിസ്സാരമല്ല. സമൂഹത്തിന്റെ സുസ്ഥിതിയെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ മാർപ്പാപ്പായുടെ അഭിപ്രായങ്ങൾക്ക് സമകാലീന ലോകവും മുൻഗണന കൊടുക്കുന്നു എന്നത് ഒരു വസ്തുതയാണ്. മാനുഷിക പരിഗണനയ്ക്കും മനുഷ്യമഹത്വത്തിനും എല്ലാ ചാക്രികലേഖനങ്ങളിലും പരമപ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു.

ദൈവവിശ്വാസം മനുഷ്യനെ സമൂലം സ്പർശിക്കുന്ന ഒരനുഭവമാണ്. മനുഷ്യജീവിതത്തിൽ നിന്നു മാറി നിലകൊള്ളുന്നതല്ല വിശ്വാസം. മനുഷ്യാസ്തിത്വത്തിന്റെ അർത്ഥംതന്നെ വിശ്വാസത്തിലാണ് വ്യക്തമാവുക. മാർപ്പാപ്പമാരുടെ ഔദ്യോഗിക രേഖകളിലെല്ലാം മനുഷ്യത്വത്തിന്റെ ചേതനയും നെടുവീർപ്പുകളും മുഴങ്ങിക്കേൾക്കുന്നുണ്ട്. വിശ്വാസവും യുക്തിയും പരസ്പരം കൈകോർത്തു നീങ്ങുന്നത് ഈ രേഖകൾക്ക് അർത്ഥസമ്പുഷ്ടി നൽകുന്നു. വിശ്വാസത്തിന് വിശദീകരണം നൽകുന്നത് യുക്തിയാണ്. യുക്തിക്ക് സമ്പൂർണ്ണത നൽകുന്നത് വിശ്വാസമാണ്. മനുഷ്യജീവിതത്തിന്റെ സമഗ്രത ഒരുമിച്ച് വിശ്വാസത്തിലും യുക്തിയിലും സംലഭ്യമാകുന്നു.

ചാക്രിക ലേഖനങ്ങളും സഭയുടെ ഔദ്യോഗികരേഖകളും മറ്റും വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതാണ്. എന്നാൽ അവയിലധികവും വിശ്വാസികളുടെ കരങ്ങളിൽ എത്തുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അവ വിശ്വാസികളുടെ കരങ്ങളിൽ എത്തിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. അതിനുള്ളൊരു യത്നമാണ് ബഹുമാനപ്പെട്ട ജോൺ പടിപ്പുരയ്ക്കലച്ചന്റെ 'നവസഹസ്രാബ്ദത്തിലേക്ക്' എന്ന ഗ്രന്ഥം. പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമന്റെ ചാക്രികലേഖനങ്ങളും വിവിധ അജപാലന സമിതികളുടെ രേഖകളും കോർത്തിണക്കി അവയുടെ അർത്ഥസമ്പുഷ്ടതയും ആശയസമന്വയവും നഷ്ടപ്പെടുത്താതെയുള്ള വ്യാഖ്യാനങ്ങളാണ് ഈ ഗ്രന്ഥം നൽകുന്നത്. അവതരണശൈ

www.malankaralibrary.com

ലിയിലും ആശയങ്ങളുടെ തെളിമയിലും തനിമയുള്ള ഈ ഗ്രന്ഥം ഒരു അമൂല്യനിധിയാണ്.

സഭയുടെ പ്രബോധനരേഖകളുടെ തെരഞ്ഞെടുപ്പിലും ബഹുമാനപ്പെട്ട അച്ചന്റെ സമഗ്രവീക്ഷണം ശ്രദ്ധേയമാണ്. മനുഷ്യജീവിതത്തിന്റെ പ്രധാന മേഖലകളെയെല്ലാം സ്പർശിക്കുന്ന ഔദ്യോഗികരേഖകൾ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശ്വാസത്തെ സംബന്ധിക്കുന്നവ, തൊഴിലിന്റെ മാഹാത്മ്യം ഉയർത്തിക്കാണിക്കുന്നവ, സമർപ്പിതരെ സംബന്ധിക്കുന്നവ, സഭൈക്യത്തെ സംബന്ധിക്കുന്നവ, ആധുനികമാധ്യമങ്ങളെ അധികരിച്ചുള്ളവ ഒക്കെ അപഗ്രഥിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. പണ്ഡിതോചിതമായ ഇതിലെ വ്യാഖ്യാനങ്ങൾ സഭാദർശനത്തിന്റെ ആഴവും കാലികപ്രസക്തിയും വ്യക്തമാക്കുന്നു.

ആഗോള സഭയ്ക്കും മലങ്കര കത്തോലിക്കാസഭയ്ക്കും ഒരു പാരിതോഷികമാണീ ഗ്രന്ഥം. ബഹുമാനപ്പെട്ട ജോൺ പടിപ്പുരയ്ക്കൽ അച്ചനെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ അവയുടെ പൂർണ്ണതയിൽ ഉൾക്കൊള്ളുന്നതിനും ജീവിതത്തിൽ പകർത്തുന്നതിനും എല്ലാവർക്കും ഈ ഗ്രന്ഥം ഒരു കൈവിളക്കായി ഭവിക്കട്ടെ എന്ന ആശംസയോടെ സസന്തോഷം ബഹുജനസമക്ഷം ഈ ഗ്രന്ഥം അവതരിപ്പിക്കുന്നു.

**മോസ്റ്റ് റവ.ഡോ.സിറിൽ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാസഭയുടെ മെത്രാപ്പോലീത്താ

www.malankaralibrary.com

# 1

# തൊഴിലും തൊഴിലാളിയും

തൊഴിലാളികളുടെ ദാരിദ്ര്യവും ദാരിദ്ര്യം ഉളവാക്കിയ പ്രശ്നങ്ങളും ആയിരുന്നല്ലോ 'റേരും നൊവാരുമി' (RERUM NOVARUM) ന്റെ പ്രസിദ്ധീകരണത്തിന്റെ പ്രധാന പശ്ചാത്തലം. അതേത്തുടർന്ന് തൊഴിലിന്റെ മൂല്യവും തൊഴിലാളിയുടെ മാഹാത്മ്യവും ഉയർത്തിക്കാട്ടുവാൻ സഭ എന്നും ശ്രദ്ധിച്ചിട്ടുണ്ട്. തൊഴിൽ രംഗത്തും സാമ്പത്തികമേഖലയിലും പുതിയ പ്രശ്നങ്ങൾ സംജാതമാകുക അനിവാര്യമായ വസ്തുതയാണ്. ഈ സാഹചര്യത്തിലാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ 'തൊഴിൽ'-'ലബോരെം എക്സെർച്ചേൻസ്':(LABOREM EXERCENS = LE) എന്ന ചാക്രികലേഖനം പ്രാധാന്യം അർഹിക്കുന്നത്. റേരും നൊവാരുമിന്റെ തൊണ്ണൂറാം വാർഷികം പ്രമാണിച്ച് 1981 സെപ്ററംബർ പതിനാലിനാണ് ഈ ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചത്. 1981 മെയ് പതിനഞ്ചിന് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും മാർപ്പാപ്പയുടെ നേരെയുണ്ടായ വധശ്രമംമൂലം ചാക്രികലേഖനത്തിന്റെ പ്രസിദ്ധീകരണം വൈകി (LE 27.8).

പ്രസിദ്ധീകരണത്തിനുശേഷം രണ്ടു ദശകങ്ങൾ പിന്നിട്ടെങ്കിലും ചാക്രികലേഖനത്തിലെ സന്ദേശം പ്രസക്തമാണെന്നത് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇതര ചാക്രികലേഖനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 'തൊഴിൽ' ദൈർഘ്യം കുറഞ്ഞതത്രേ. നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ചാക്രികലേഖനത്തിൽ ഖണ്ഡികകളും ഉപഖണ്ഡികകളുമായി ഇരുപത്തിയേഴു നമ്പറുകളാണ് ഉള്ളത്.

അദ്ധ്വാനിച്ച് ഭൂമിയെ പരിപാലിക്കുവാൻ ചുമതല ഏറ്റെടുത്ത മനുഷ്യനാണ് ചാക്രികലേഖനം തൊഴിലിൽ മുഖ്യസ്ഥാനം നൽകുന്നത്. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ മഹത്വമാണ് തൊഴിലിന് മൂല്യവും പ്രാധാന്യവും നൽകുന്നത് (LE 6.5). അതുകൊണ്ട് തൊഴിലിനെ ഉല്പാദനത്തിന്റെ ഉപകരണമായോ അതിന്റെ ഘടകങ്ങളിൽ ഒന്നായോ ഒക്കെ കരുതുമ്പോൾ അന്തിമമായി അത് തൊഴിലിന്റെ കർത്താവിന്റെ മഹത്വത്തെയാണ് ചോദ്യം ചെയ്യുക. സാമൂഹിക-

www.malankaralibrary.com

സാമ്പത്തിക സംവിധാനങ്ങളുടെ ശരിയായ ക്രമീകരണത്തിന് മനുഷ്യന്റെ മഹത്വത്തെ മാനിക്കുന്ന തൊഴിൽ വ്യവസ്ഥിതി സംജാതമാകണമെന്ന് ചാക്രികലേഖനം അനുശാസിക്കുന്നുണ്ട്.

തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്നും ഗൗരവതരങ്ങളാണ്. തൊഴിൽ പ്രശ്നം എന്നു പറയുന്നത് സാമൂഹിക പ്രശ്നത്തിന്റെ തന്നെ കാതലിലേക്കു നയിക്കുന്ന താക്കോലാണ്. സാമൂഹികപ്രശ്നം പരിഹരിക്കപ്പെടണമെങ്കിൽ മാനുഷികാദ്ധ്വാനത്തെ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കുകയും ധാർമ്മിക മൂല്യങ്ങൾ തൊഴിൽ രംഗത്ത് മാനദണ്ഡങ്ങളാകുകയും വേണം. കർത്തൃനിഷ്ഠമായ അർത്ഥത്തിൽ ഒരാളെ സംബന്ധിച്ച് തൊഴിൽ മനുഷ്യനെന്ന നിലയിൽ പൂർണ്ണത നേടുന്നതിനും കൂടുതൽ മനുഷ്യനായി തീരുന്നതിനുമുള്ള മാർഗ്ഗമാണ്. കുടുംബത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കുള്ള സംഭാവനയാണ് തൊഴിലിലൂടെ താൻ നല്കുന്നത് എന്ന് ഒരുവൻ കണ്ടെത്തണം.

തൊഴിലിന് ഇന്ന് കൈവന്നിട്ടുള്ള വൈപുല്യവും സങ്കീർണ്ണതയും ശ്രദ്ധേയമാണ്. ഭൂമിയുടെ മേലുള്ള അധീശത്വം നേടുന്നതിന് മനുഷ്യൻ നടത്തുന്ന എല്ലാ പരിശ്രമങ്ങളും തൊഴിലിന്റെ പരിധിയിൽ ഉൾപ്പെടുന്നു. 'ഭൂമിയെ കീഴടക്കുക' എന്നു പറയുമ്പോൾ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക മേഖലകളുടെ എല്ലാത്തരത്തിലുമുള്ള വളർച്ചയും വികാസവും ലക്ഷ്യമാക്കുന്നുണ്ട്. ഈ അർത്ഥത്തിൽ തൊഴിൽ എന്നതുകൊണ്ട് കായികശേഷിയുടെ വിനിയോഗം എന്ന പരിമിതമായ മേഖല മാത്രമല്ല വിവക്ഷിക്കുന്നത്. ബൗദ്ധികശേഷിയും ഇതര കഴിവുകളും അതിൽ ഉൾപ്പെടുന്നു. എല്ലാററിലും ഉപരി സാങ്കേതിക വിദ്യയുടെ അതിവിപുലമായ മേഖല തൊഴിലിനെ സങ്കീർണ്ണമാക്കുന്നു. എന്നിരുന്നാലും മനുഷ്യന്റെ ശാരീരികവും ബൗദ്ധികവുമായ മേഖലകളാണ് തൊഴിലിലെ സുപ്രധാന ഘടകങ്ങൾ.

മൂലധനവും തൊഴിലും തമ്മിലുള്ള ബന്ധത്തിൽ തൊഴിലിന്റെ മുൻഗണനയെ സംബന്ധിച്ച് 'തൊഴിൽ' വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. "മൂലധനത്തേക്കാൾ അദ്ധ്വാനത്തിന് നല്കേണ്ട മുൻഗണനയുടെ തത്വമാണത്. ഉത്പാദനപ്രക്രിയയുമായി നേരിട്ടു ബന്ധപ്പെട്ടതാണീ തത്വം. അതായത്, ഉത്പാദന പ്രക്രിയയിൽ അദ്ധ്വാനം എപ്പോഴും പ്രാഥമികമായ നിമിത്തകാരണമാണ്; മൂലധനം അഥവാ ഉത്പാദനോപാധികളുടെ മൊത്തം സമാഹാരമാകട്ടെ, ഒരു ഉപകരണം അഥവാ ഉപകരണാത്മക കാരണം മാത്രമായി നിലകൊള്ളുന്നു" (LE 12). തൊഴിലിന്റെ അഭാവത്തിൽ വിഭവങ്ങൾ അന്തിമവിശകലനത്തിൽ വസ്തുക്കളാണ് (LE 12.3). അവ മാനുഷികാദ്ധ്വാനത്തിന്റെ നേട്ടങ്ങളാണ്. മനുഷ്യൻ ഭൗതിക ലോകത്തിൽ എല്ലാററിന്റെയും യജമാനനാണ്. മനുഷ്യന്റെ പ്രഥമസ്ഥാനത്തിലേക്കാണ് ഈ വസ്തുതയും വിരൽ ചൂണ്ടുന്നത്.

തൊഴിലിന്റെ ആദ്ധ്യാത്മികതയെ സംബന്ധിച്ച ചാക്രികലേഖന

www.malankaralibrary.com

ത്തിൻെറ പ്രബോധനം ഏറെ ശ്രദ്ധ അർഹിക്കുന്നു. തൊഴിലിൽ സമ്പൂർണ്ണവ്യക്തിയാണ് പങ്കെടുക്കുക. ഇക്കാരണത്താൽ തൊഴിലിനെ സംബന്ധിച്ച ദൈവികമായ വീക്ഷണം നൽകാൻ മനുഷ്യൻ ശ്രദ്ധിക്കേണ്ടതാണ്. അതായത്, തൊഴിലിനെ രക്ഷയുടെ പ്രക്രിയയിലേക്ക് പ്രവേശിപ്പിക്കാനുള്ള ശ്രമം നടക്കണം. തൊഴിലിൻെറ ആദ്ധ്യാത്മികത ഉയർത്തിപ്പിടിക്കാൻ സഭ ഉദ്യുക്തയാകുന്നത് ഈ അടിസ്ഥാനത്തിലാണ് (LE 24-24.1). ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തൻെറ തൊഴിലിലൂടെ സ്രഷ്ടാവിൻെറ കർമ്മത്തിൽ പങ്കാളിയാവുകയാണ് (LE 25.1).

തൊഴിലിൻെറ "ആദ്യത്തെ സുവിശേഷ"മായ ഉല്പത്തി ഒന്നാം അദ്ധ്യായം ദൈവം അദ്ധ്വാനത്തിന് കൊടുക്കുന്ന മഹത്വം വ്യക്തമാക്കുന്നുണ്ട്. സൃഷ്ടികർമ്മത്തിൽ അദ്ധ്വാനവും വിശ്രമവും മനോഹരമായി സമ്മേളിക്കുന്നുണ്ട്. മനുഷ്യൻ അദ്ധ്വാനിച്ചും പരിശ്രമിച്ചും ദൈവത്തെ അനുകരിക്കണം (LE 25.2). ദൈവത്തിൻെറ സൃഷ്ടി - പരിപാലനകർമ്മമാണ് അദ്ധ്വാനത്തിലൂടെ മനുഷ്യൻ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുക (LE 25.3). യേശുവിന്റെ ജീവിതം അദ്ധ്വാനത്തിന്റെ മഹത്വത്തിന് ഉത്തമ സാക്ഷ്യമാണ് (LE 26). കൂടാതെ, അവിടുത്തെ ഉപമകളും അദ്ധ്വാനത്തിൻെറ ശ്രേഷ്ഠത വ്യക്തമാക്കുന്നുണ്ട്. വി. പൗലോസ് തൻെറ അദ്ധ്വാനത്തെപ്പററി അഭിമാനത്തോടെ പറയുന്നുണ്ട്. കൂടാതെ, തൊഴിലിൻെറ ദൈവികമായ മാനം ഉപദേശത്തിലൂടെ വ്യക്തമാക്കുന്നുമുണ്ട്. "നിങ്ങളുടെ ജോലി എന്തായാലും മനുഷ്യനെ സേവിക്കുന്നതുപോലെയല്ല, ദൈവത്തെ സേവിക്കുന്നതുപോലെ, ഹൃദയപരമാർത്ഥതയോടെ ചെയ്യുവിൻ. നിങ്ങൾക്കു പ്രതിഫലമായി കർത്താവിൽനിന്ന് അവകാശം ലഭിക്കുമെന്ന് അറിഞ്ഞുകൊള്ളുവിൻ" (കൊളോ. 3: 23-24). 'സഭ ആധുനിക ലോകത്തിൽ' എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പ്രമാണരേഖയും തൊഴിലിൻെറ ധാർമ്മികവും ആദ്ധ്യാത്മികവുമായ മേഖലകൾ വ്യക്തമാക്കുന്നുണ്ട് (GS 35).

ക്രൈസ്തവനെ സംബന്ധിച്ച് ജീവിതത്തിലെ ഈ സുപ്രധാനമായ മേഖലയെ കുരിശും ഉത്ഥാനവും ഉൾക്കൊള്ളുന്ന പെസഹാരഹസ്യവുമായി ബന്ധിപ്പിക്കുക അത്യാവശ്യമായ കാര്യമാണ്. "ക്രിസ്തു വഹിച്ച കുരിശിൻെറ ഒരു ചെറിയ ഭാഗം ക്രിസ്ത്യാനി തൊഴിലിൽ കണ്ടെത്തുന്നു. തൻെറ കുരിശ് നമുക്കായി സ്വീകരിച്ച രക്ഷയുടെ മനോഭാവത്തോടെ അവൻ അതു സ്വീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിൻെറ പുനരുത്ഥാനത്തിൽ നിന്നു നമ്മിലേക്കു പ്രവേശിക്കുന്ന വെളിച്ചത്തിൻെറ സ്തുത്യർഹമായ സഹായത്താൽ തൊഴിലിൽ നാം എപ്പോഴും പുതിയ ജീവിതത്തിൻെറയും പുതിയ നന്മകളുടെയും മന്ദസ്ഫുരണം കാണുന്നു" (LE 27.4). പ്രതീക്ഷാപൂർണ്ണമായ ഒരു പുതിയ ഭൂമി, മാനവസമൂഹം രൂപപ്പെടുത്തുന്നത് അദ്ധ്വാനത്തിലൂടെയാണ്. കൂടുതൽ മാനുഷികമായ ജീവിതവ്യവസ്ഥിതി ദൈവരാജ്യത്തിൻെറ ആവിഷ്കാരത്തിലെ സവിശേഷമായ

www.malankaralibrary.com

ഒരു ഘട്ടമായിരിക്കും.

തൊഴിലിൻെറ മൂല്യവും തൊഴിലാളിയുടെ മാഹാത്മ്യവും ഉയർത്തിപ്പിടിക്കുന്ന ഈ ചാക്രികലേഖനം നമ്മുടെ കാലഘട്ടത്തിനു നൽകുന്ന സന്ദേശമെന്താണ്? തൊഴിലും തൊഴിലാളിയും ഇന്ന് അംഗീകാരത്തിൻെറ അഭാവംകൊണ്ട് ബുദ്ധിമുട്ടുന്നില്ല. തൊഴിലാളികളുടെ ദൃഢൈക്യവും അവകാശങ്ങളും സംബന്ധിച്ച് ഇന്ന് അംഗീകൃതമായ മാനദണ്ഡങ്ങളുണ്ട്. എന്നാൽ ഇന്നും മാനുഷികമായ പരിഗണന ലഭിക്കാത്ത തൊഴിൽ മേഖലകളുണ്ട്. നീതിരഹിതമായ വേതനവ്യവസ്ഥകൾ നിലവിലുണ്ട്. അവയിലേക്ക് ഏവരുടേയും സത്വരമായ ശ്രദ്ധ പതിയേണ്ടതുണ്ട്. അവകാശങ്ങളോടൊപ്പം തൊഴിലാളികളുടെ കടമകൾക്കും ഊന്നൽ നല്കേണ്ടിയിരിക്കുന്നു. തൊഴിലിൻെറ സൃഷ്ടിപരവും ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവുമായ മാനം തൊഴിലാളികളിലെത്തണം. തൊഴിലാളികളെ സംഘടിപ്പിക്കുന്നവരും തൊഴിൽ സ്ഥാപനങ്ങളും തൊഴിലാളികളുടെ ആദ്ധ്യാത്മിക പിതാക്കന്മാരായി ശുശ്രൂഷ നടത്തുന്നവരും തൊഴിലിൻെറ ദൈവികവും രക്ഷാകരവുമായ സന്ദേശം ഉൾക്കൊണ്ട് തൊഴിലാളികൾക്ക് ആ സന്ദേശം പകർന്നു കൊടുക്കാൻ തല്പരരാകണം. ഈ ശ്രമങ്ങൾ ഒന്നു ചേരുമ്പോൾ ഒരു പുതിയ തൊഴിൽ സംസ്കാരത്തിന് രൂപം കൊടുക്കാനാകും. അപ്പോഴത്രേ ഈ ചാക്രികലേഖനത്തിൻെറ ലക്ഷ്യം പ്രാപ്യമാകുക.

---

ദൈവത്തിൻെറ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തൻെറ തൊഴിലിലൂടെ സ്രഷ്ടാവിൻെറ കർമ്മത്തിൽ പങ്കാളിയാവുകയാണ്, മനുഷ്യൻ തൻെറ പരിമിതമായ കഴിവുകൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും ഒരർത്ഥത്തിൽ ആ പ്രവർത്തനത്തിൻെറ വികസിപ്പിക്കൽ തുടരുകയാണ്; സൃഷ്ടിയിലാകെപ്പാടെയുള്ള വിഭവങ്ങളും മൂല്യങ്ങളും കണ്ടെത്തുന്നതിൽ കൂടുതൽ കൂടുതൽ മുന്നേറുമ്പോൾ അവൻ ആ പ്രവർത്തനത്തെ പൂർണ്ണമാക്കുകയാണ്. ദൈവാവിഷ്കാരത്തിൻെറ വചനം അടിസ്ഥാനപരമായ ഈ സത്യത്താൽ ആഴത്തിൽ മുദ്രിതമാണ്. ഈ സത്യം വിശുദ്ധ ലിഖിതത്തിൻെറ ആരംഭത്തിൽത്തന്നെ, ഉത്പത്തിപ്പുസ്തകത്തിൽ, നാം കാണുന്നു. അവിടെ സൃഷ്ടികർമ്മത്തെത്തന്നെ, "ആറു ദിവസം" കൊണ്ടു ചെയ്യുകയും "ഏഴാം ദിവസം" വിശ്രമിക്കുകയും ചെയ്ത ദൈവത്തിൻെറ ഒരു തൊഴിൽ എന്ന രൂപത്തിലാണല്ലോ അവതരിപ്പിക്കുന്നത് (LE25).

www.malankaralibrary.com

2

# നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ

അല്മായ വിശ്വാസികളെ സംബന്ധിച്ച് ഒരു സൂനഹദോസും, അല്മായരെപ്പററി ഒരു ഔദ്യോഗിക രേഖയും ഇന്ന് അചിന്ത്യമായ കാര്യങ്ങളല്ല. സഭയുടെ ദൗത്യത്തിൽ അല്മായർക്ക് തനതും, തികച്ചും അപരിത്യാജ്യവുമായ സ്ഥാനമുണ്ടെന്ന് 'ജനതകളുടെ പ്രകാശം' എന്ന വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖ വ്യക്തമാക്കിയിട്ടുണ്ട് (LG 33). ക്രിസ്തീയ വിളി പ്രേഷിതദൗത്യത്തിലേക്കുള്ള വിളിയാണ് എന്ന് സ്ഥാപിച്ചുകൊണ്ട്, അല്മായരുടെ സവിശേഷമായ പ്രേഷിത ദൗത്യത്തെക്കുറിച്ച് വത്തിക്കാൻ സൂനഹദോസിന്റെ തന്നെ 'അല്മായ പ്രേഷിതത്വം' എന്ന പ്രമാണരേഖ പ്രബോധനം നൽകിയിട്ടുണ്ട് (AA 2). സഭാദൗത്യത്തിൽ അല്മായർക്കുള്ള പങ്ക് സംശയാതീതമായി സ്ഥാപിക്കപ്പെട്ട വസ്തുതയാണ്. ഈ സാഹചര്യത്തിലാണ് 1987-ലെ മെത്രാന്മാരുടെ സൂനഹദോസിന്റെ പ്രമേയം "രണ്ടാം വത്തിക്കാൻ സൂനഹദോസിന് ഇരുപതു വർഷങ്ങൾക്കു ശേഷം സഭയിലും ലോകത്തിലും അല്മായരായ ക്രൈസ്തവ വിശ്വാസികളുടെ വിളിയും ദൗത്യവും" ശ്രദ്ധേയമാകുന്നത്. 1988 ഡിസംബർ 30-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ നൽകിയ 'അല്മായ വിശ്വാസികൾ' (CHRISTI FIDELES LAICI = CFL) എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനം മുഖ്യമായും സൂനഹദോസിന്റെ കാലിക പ്രസക്തമായ ചർച്ചകളുടെ ഫലമാണ് ആവിഷ്കരിക്കുക. ഖണ്ഡികകളും ഉപഖണ്ഡികകളുമായി 65 നമ്പറുകൾ അടങ്ങുന്നതാണ് ഈ സഭാരേഖ. ആമുഖവും അഞ്ച് അദ്ധ്യായങ്ങളുമാണ് നാം ഈ അപ്പസ്തോലിക പ്രബോധനത്തിൽ കാണുക.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ മുന്തിരിത്തോട്ടത്തിലേക്ക് അയയ്ക്കപ്പെടുന്ന ജോലിക്കാരുടെ ഉപമ (മത്താ 20:1-16) ആധാരമാക്കിയാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അല്മായ വിശ്വാസികളുടെ സമകാലീന ലോകത്തിലെ ദൗത്യം വിശദീകരിക്കുക. 'നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ' എന്ന ആഹ്വാനം എല്ലാ വിശ്വാസികൾക്കുമായി നല്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ പദ്ധതിക്ക് അനു

www.malankaralibrary.com

സ്യതമായി രൂപാന്തരം പ്രാപിച്ച ലോകം മുഴുവനുമാണ് മുന്തിരിത്തോട്ടം. രണ്ടാം വത്തിക്കാൻ സൂനഹദോസ് അല്മായർക്കു നൽകിയ പ്രേഷിത വേല സംബന്ധിച്ച പ്രബോധനം വളരെയേറെ നല്ല ഫലങ്ങൾ പുറപ്പെടുവിച്ചു. അജപാലകരും അല്മായരും ഒന്നുചേർന്നുള്ള സജീവമായ പങ്കാളിത്തത്തിന്റെ മെച്ചമായ ശൈലി രൂപമെടുത്തു. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളിലും സഭാത്മക വേലകളിലും അല്മായർ മുൻപന്തിയിലേക്കു വന്നു. എന്നാൽ പുതിയ സാഹചര്യങ്ങൾ ഇന്ന് അല്മായരുടെ വർദ്ധമാനമായ ഉത്തരവാദിത്വം ആവശ്യപ്പെടുന്നുണ്ട്. ഇന്നത്തെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക സാഹചര്യങ്ങൾ വിശ്വാസികളുടെ പ്രവർത്തനത്തിന്റെ അടിയന്തിരമായ സ്വഭാവം വ്യക്തമാക്കുന്നു. മതത്തെ തള്ളിക്കളയുന്ന മതനിരപേക്ഷതയും (Secularism), നിരീശ്വരവാദത്തിലേക്കും അക്രൈസ്തവീകരണത്തിലേക്കും (Dechristianization) നയിക്കുന്ന പ്രവണതകളും ഇന്നു ദൃശ്യമാണ്. മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുകയും ജീവിക്കുവാനുള്ള അവകാശം നിഷേധിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് അല്മായരുടെ ഉത്തരവാദിത്വപൂർണ്ണമായ പ്രതികരണം ആവശ്യപ്പെടുന്ന സ്ഥിതിവിശേഷമാണ്. അധികാരവും അധീശത്വവും ഉറപ്പിക്കാനുള്ള വ്യഗ്രതയിൽ മനുഷ്യൻ സംഘർഷങ്ങളിൽ എത്തിച്ചേരുന്നു. അതേസമയം സമാധാനത്തിനുവേണ്ടിയുള്ള തീക്ഷ്ണമായ ആഗ്രഹവും മനുഷ്യസമൂഹത്തിൽ ദൃശ്യമാണ്. ഈ സങ്കീർണ്ണമായ സാഹചര്യത്തിലാണ് യേശുക്രിസ്തുവിന്റെ പ്രത്യാശ നൽകുന്ന സുവിശേഷം പ്രഘോഷിക്കപ്പെടേണ്ടത്. സുവിശേഷത്തിന്റെ ആധുനിക ലോകത്തിലെ പ്രഘോഷണത്തിൽ അല്മായ വിശ്വാസികൾക്ക് "അനുപേക്ഷണീയവും അതുല്യവുമായ ഒരു പങ്കു വഹിക്കാനുണ്ട്" (CFL 7.6). അല്മായരിലൂടെയാണ് സഭ പ്രത്യാശയുടെയും സ്നേഹത്തിന്റെയും അടയാളവും ഉറവിടവുമായി ഇന്ന് ലോകത്തിൽ സന്നിഹിതമാകുന്നത്.

'ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു' എന്ന ഒന്നാം അദ്ധ്യായം സഭയാകുന്ന രക്ഷാരഹസ്യത്തിൽ അല്മായ വിശ്വാസികൾക്കുള്ള സ്ഥാനമാണ് ചർച്ചചെയ്യുക. മുന്തിരിച്ചെടി പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവജനത്തെ സൂചിപ്പിക്കുവാനാണ് ഉപയോഗിച്ചിരിക്കുന്നത്. പരിശുദ്ധ ത്രിത്വവുമായുള്ള കൂട്ടായ്മയാണ് സഭ ആവിഷ്കരിക്കുക. സഭ ആവിഷ്കരിക്കുന്ന കൂട്ടായ്മയുടെ രഹസ്യത്തിന്റെ ഉള്ളിൽ നിന്നത്രെ അല്മായ വിശ്വാസികളുടെ അനന്യത (Identity) മനസ്സിലാക്കേണ്ടതും അവരുടെ മഹനീയത (Dignity) വിശദീകരിക്കേണ്ടതും. മാമോദീസായിലൂടെ ക്രിസ്തുവിനോടും അവിടുത്തെ സഭയോടും പ്രാരംഭമിടുന്ന ബന്ധത്തിലൂടെയാണ് അല്മായ വിശ്വാസികൾ ആരെന്നു കണ്ടെത്തേണ്ടത്. "മാമോദീസാ നമ്മെ ദൈവപുത്രന്റെ ജീവനിൽ പുനർജീവിപ്പിക്കുന്നു; ക്രിസ്തുവിനോടും സഭയാകുന്ന അവിടുത്തെ ശരീരത്തോടും നമ്മെ ഐക്യപ്പെടുത്തുന്നു; ആദ്ധ്യാത്മിക ദൈവാലയങ്ങളാക്കി മാ

www.malankaralibrary.com

ററിക്കൊണ്ട് പരിശുദ്ധാത്മാവിൽ നമ്മെ അഭിഷേകം ചെയ്യുന്നു" (CFL 10). ദൈവത്തിന്റെ മക്കളും യേശുക്രിസ്തുവിന്റെ പൗരോഹിത്യ-പ്രവാചക-രാജകീയ ദൗത്യത്തിലെ പങ്കാളികളുമായി അല്മായ വിശ്വാസികൾ പരിണമിക്കുന്നു.

അല്മായ വിശ്വാസികളുടെ ജീവിതത്തിന്റെ ലൗകിക സ്വഭാവം (Secular character) പ്രത്യേക പരാമർശം അർഹിക്കുന്നു. ലോകത്തിലും ലോകമദ്ധ്യേയുമാണ് അല്മായർ എപ്പോഴും ജീവിക്കുക. "ലോകം അല്മായ വിശ്വാസികൾക്ക് അവരുടെ ദൈവവിളി നിറവേററാനുള്ള വേദിയും മാർഗ്ഗവുമായിത്തീരുന്നു" (CFL 15.8). അവർ അംഗങ്ങളായിരിക്കുന്ന വിവിധ സാമൂഹിക, സാംസ്കാരിക സംഘടനകളും ജോലികളും മുഖാന്തിരം ലോകത്തിൽ ക്രിസ്തുവിനു സാക്ഷികളാകാൻ അവർക്കു കഴിയും. ലോകത്തിലെ സമസ്തകാര്യങ്ങളിലും ഉൾച്ചേർന്നും സമഗ്രമായ പങ്കാളിത്തം വഴിയുമാണ് അവർ സുവിശേഷ പ്രഘോഷണം നിർവഹിക്കുക. ഇത്തരത്തിൽ അല്മായർക്കു സവിശേഷമായി ലോകത്തിൽ നിർവഹിക്കാനുള്ള ദൗത്യത്തിന്റെ പേരിൽ അവർ വേർതിരിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധിയിലേക്കുള്ള വിളി സഭയിൽ എല്ലാവർക്കുമായി നൽകപ്പെട്ടിരിക്കുന്നതാണ്. മാമോദീസായാണ് അതിന്റെ അടിസ്ഥാനം. ലോകത്തിൽ സഭയുടെ ദൗത്യം നിറവേററണമെങ്കിൽ വിശുദ്ധി അവശ്യമായ പുണ്യമാണ്. വിശുദ്ധി അല്മായർ പ്രകടമാക്കേണ്ടത് അവരുടെ ഭൗതിക ഇടപാടുകളിലും ലോകകാര്യങ്ങളിലെ പങ്കാളിത്തത്തിലുമാണ്. ആത്മാവിന്റെ ദാനങ്ങളിലുള്ള നിറവാണ് വിശുദ്ധ ജീവിതത്തിന് അല്മായരെ പ്രാപ്തരാക്കുക.

സഭയിലെ എല്ലാ അംഗങ്ങളുടെയും തുല്യതയുടെ അടിസ്ഥാനം ക്രിസ്തീയ മാഹാത്മ്യമാണ്. അത് ത്യാഗത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും തിരിച്ചറിവിലേക്ക് അല്മായരെ നയിക്കണം. രക്ഷയുടെ പദ്ധതി എല്ലാവരിലേക്കും എത്തിക്കാനുള്ള മഹനീയ ധർമ്മമാണ് ഇത് ലക്ഷ്യമാക്കുന്നത്.

രണ്ടാം അദ്ധ്യായമായ 'എല്ലാവരും ഒരേ മുന്തിരിച്ചെടിയുടെ ശാഖകൾ' സഭയുടെ കൂട്ടായ്മാജീവിതത്തിൽ അല്മായ വിശ്വാസികൾക്കുള്ള പങ്കാളിത്തമാണ് ചർച്ച ചെയ്യുക. സഭയെ 'കൂട്ടായ്മയുടെ രഹസ്യം' എന്നു വിശേഷിപ്പിക്കുന്ന രീതി ആദ്യക്രിസ്തീയ നൂററാണ്ടുമുതൽ നിലവിലുണ്ടായിരുന്നു. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ വിവിധ പ്രമാണരേഖകൾ കൂട്ടായ്മയുടെ സഭാവിജ്ഞാനീയം വളരെയേറെ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. കൂട്ടായ്മയോടുള്ള നിരന്തരമായ ബന്ധത്തിലാണ് അല്മായ വിശ്വാസികൾ ജീവിക്കുക. അതിന്റെ വളർച്ചയ്ക്കുവേണ്ടിയാണ് അല്മായ വിശ്വാസികൾ തങ്ങളുടേതായ സംഭാവനകൾ നല്കുക. അതേ സമയം പരിശുദ്ധാത്മാവ് നൽകുന്ന ഒരു ദാനവുമാണ് സഭയിലെ കൂട്ടായ്മ. അത് കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും ഉത്തരവാദിത്വത്തോ

www.malankaralibrary.com

ടെ പ്രവൃത്തികളിലൂടെ ആവിഷ്കരിക്കുകയും വേണം.

സഭയിലെ തിരുപ്പട്ടം ഉൾപ്പെടെയുള്ള ശുശ്രൂഷകളും സിദ്ധികളും സഭാകൂട്ടായ്മയുടെ വളർച്ചയ്ക്കും ദൗത്യനിർവ്വഹണത്തിനുമായി ആത്മാവു നൽകുന്നവയാണ്. അല്മായർ ഏറ്റെടുക്കുന്ന ശുശ്രൂഷകളും ദൗത്യങ്ങളും സഭയുടെ കെട്ടിപ്പടുക്കലിനുവേണ്ടിയാണ്. അടിയന്തിരമായ ആവശ്യം വരുമ്പോൾ പൗരോഹിത്യ ശുശ്രൂഷികൾ നിറവേററുന്ന ചില ദൗത്യങ്ങൾ അല്മായരെ ഏല്പിക്കാമെന്ന് സഭാനിയമം അനുശാസിക്കുന്നുണ്ട്. വചന ശുശ്രൂഷ നടത്തുക, ആരാധനക്രമ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുക, ജ്ഞാനസ്നാനം നല്കുക, ദിവ്യകാരുണ്യം നല്കുക ഇവയ്ക്കെല്ലാം അല്മായരുടെ സേവനം ഉപയുക്തമാക്കാവുന്നതാണ്. എന്നാൽ ഈ ശുശ്രൂഷാനുഷ്ഠാനങ്ങൾ അല്മായരെ അജപാലകരോ വൈദിക ശുശ്രൂഷികളോ ആക്കുന്നില്ല. എന്നിരുന്നാലും, ആരാധനക്രമത്തിലും ദൈവവചനപ്രഘോഷണത്തിലും അല്മായർക്ക് സുപ്രധാനമായ ശുശ്രൂഷകൾ നിറവേററാനാകും. എന്നാൽ അല്മായരെ 'വൈദികരായി' കാണാനുള്ള (Clericalization) പ്രവണത സ്വീകാര്യമല്ല. മാത്രമല്ല, സൗകര്യത്തിന്റേയോ എളുപ്പത്തിന്റേയോ പേരിൽ വൈദികർ ചെയ്യേണ്ട ശുശ്രൂഷകൾ അല്മായരെ ഏല്പിക്കുന്നതും ശരിയല്ല.

സുവിശേഷ പ്രഘോഷണത്തിന്റെ വിശാലമായ മേഖല അല്മായർക്ക് ലഭ്യമാണ്: "രാഷ്ട്രീയം, സമൂഹം, സമ്പദ്വ്യവസ്ഥ, അതുപോലെ തന്നെ സംസ്കാരം, ശാസ്ത്രങ്ങൾ, കലകൾ, അന്താരാഷ്ട്ര ജീവിതം, സമ്പർക്കമാധ്യമങ്ങൾ ... മനുഷ്യസ്നേഹം, കുടുംബം, കുട്ടികളുടെയും കൗമാരപ്രായത്തിലുള്ളവരുടെയും വിദ്യാഭ്യാസം, തൊഴിൽ, സഹനം എന്നിങ്ങനെ സുവിശേഷ പ്രഘോഷണത്തോടു നേരിട്ടു ബന്ധമുള്ള ഇതരയാഥാർത്ഥ്യങ്ങളും നിറഞ്ഞതാണ് സുവിശേഷ പ്രഘോഷണ മണ്ഡലം" (CFL 23.9).

സവിശേഷമായ പ്രാധാന്യം അർഹിക്കുന്നതാണ് വിശ്വാസികൾക്ക് പരിശുദ്ധാത്മാവ് നല്കുന്ന വരങ്ങൾ  അഥവാ സിദ്ധികൾ. അവ സഭാകൂട്ടായ്മയുടെയും മനുഷ്യ സമൂഹത്തിന്റെയും നന്മയ്ക്കായി വിനിയോഗിക്കണം. സിദ്ധികളെ വിവേചിച്ചറിയേണ്ടതു സഭയാണ്. സഭയുടെ അജപാലകരോടുള്ള വിധേയത്വത്തിൽ സിദ്ധികൾ വിനിയോഗിക്കപ്പെടണം.

ഇടവകതലത്തിലും രൂപതാതലത്തിലും സാർവ്വത്രിക സഭാതലത്തിലും അല്മായരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം. ഇടവകയിൽ അഥവാ ദിവ്യകാരുണ്യ സമൂഹത്തിലാണ് അല്മായ വിശ്വാസികളുടെ പങ്കാളിത്തം പരമാവധി ഉറപ്പാക്കേണ്ടത്. സഭയുടെ അംഗമാണെന്ന അവബോധം വിശ്വാസികളിൽ രൂഢമൂലമാക്കണം. കൂട്ടായ്മയിലെ പ്രവർത്തനത്തെ സഹായിക്കുന്ന അസോസിയേഷനുകളും ഗ്രൂപ്പുകളും സമൂഹങ്ങളും പ്രസ്ഥാനങ്ങളും ഇടവകയിലുണ്ടാകണം. കൂട്ടായ ഈ പ്രവർത്തനങ്ങൾക്ക് മനുഷ്യന്റെ സാമൂഹിക സ്വഭാവവും സഭാവിജ്ഞാനീയവും

www.malankaralibrary.com

പിന്തുണ നല്കുന്നുണ്ട്. മാത്രമല്ല, ആദ്ധ്യാത്മികതയും പ്രേഷിതചൈതന്യവും പ്രോത്സാഹിപ്പിക്കാൻ കൂട്ടായ പ്രവർത്തനങ്ങൾ സഹായകമാണ്. അല്മായരുടെ പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യം സഭ അംഗീകരിക്കുമ്പോൾ മാത്രമേ അവരുടെ ശുശ്രൂഷകൾ സുഗമമായി നിറവേററപ്പെടുകയുള്ളൂ. അല്മായരാകട്ടെ, തങ്ങൾക്ക് ലഭ്യമായ സംഘടനാസ്വാതന്ത്ര്യം സഭയുടെ നന്മയ്ക്കുവേണ്ടിയാണെന്ന് മനസ്സിലാക്കുകയും വേണം.

അല്മായരുടെ സംഘടനകൾ സഭയുടെ നന്മയ്ക്കാണെന്ന് വിവേചിച്ചറിയുന്നതിനും അവയെ അംഗീകരിക്കുന്നതിനും ചില മാനദണ്ഡങ്ങൾ അപ്പസ്തോലിക പ്രബോധനം നിർദ്ദേശിക്കുന്നുണ്ട്. ഇവയെ പ്രവർത്തനങ്ങളുടെ സഭാത്മകത ഉറപ്പാക്കുന്ന മാനദണ്ഡങ്ങളായി പരിഗണിക്കാം (CFL 30):

* ഓരോ ക്രൈസ്തവന്റെയും വിശുദ്ധിയിലേക്കുള്ള വിളിക്ക് നല്കപ്പെടുന്ന പ്രാമുഖ്യം

* സഭയോടു ചേർന്നുനിന്നുകൊണ്ട് വിശ്വാസം പ്രഘോഷിക്കാനുള്ള ചുമതല

* മാർപ്പാപ്പായോടും പ്രാദേശിക സഭയോടുമുള്ള ഉത്തമമായ ബന്ധം

* സഭയുടെ പ്രേഷിത ലക്ഷ്യങ്ങളിലുള്ള പങ്കുചേരലും അവയോടുള്ള യോജിപ്പും

* മനുഷ്യ സമൂഹത്തിൽ നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ വ്യവസ്ഥിതികൾ ഉണ്ടാകുന്നതിനുള്ള സമർപ്പണം.

ചുരുക്കത്തിൽ, സഭയുടെ ദൗത്യനിർവ്വഹണവും നന്മയും ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങളിലാണ് അല്മായർ ഏർപ്പെടേണ്ടത്. സഭാകൂട്ടായ്മയുമായുള്ള ഉത്തമമായ ബന്ധം ഉള്ളപ്പോൾ അല്മായർക്ക് സ്വതന്ത്രമായി വ്യാപരിക്കാനാവും. സഭയിലെ കൂട്ടായ്മയെ ഊട്ടിയുറപ്പിക്കാൻ അല്മായർക്ക് വലിയ ഉത്തരവാദിത്വം ഉണ്ടെന്ന് സഭ തിരിച്ചറിയുന്നുണ്ട്.

"നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിന് നിങ്ങളെ ഞാൻ നിയോഗിച്ചിരിക്കുന്നു" എന്ന മൂന്നാം അദ്ധ്യായം സഭയുടെ ദൗത്യത്തിൽ അല്മായവിശ്വാസികൾക്കുള്ള കൂട്ടുത്തരവാദിത്വമാണ് ചർച്ച ചെയ്യുന്നത്. സഭയ്ക്കു നിറവേററാനുള്ള ദൗത്യത്തിന്റെ നിർണ്ണായകമായ പങ്ക് മററ് എല്ലാ അംഗങ്ങളോടുമുള്ള കൂട്ടായ്മയുടെ പൂർണ്ണതയിൽ അല്മായവിശ്വാസികളെയാണ് ഏല്പിച്ചിരിക്കുന്നത്. സഭയെ രൂപീകരിക്കുന്ന സുവിശേഷവല്കരണമാണ് ഇതിൽ പ്രഥമമായത്. വിശ്വാസ ജീവിതവും കൂട്ടായ്മയും അപ്രസക്തമെന്ന നിലയിൽ നീങ്ങുന്ന പരമ്പരാഗത സമൂഹങ്ങളുടെയും സംസ്കാരങ്ങളുടെയും വ്യക്തികളുടെയും പുനർസുവിശേഷവല്കരണം സത്വരമായ ശ്രദ്ധ അർഹിക്കുന്ന മററൊരു മേഖലയാണ്. ഈ കാലഘട്ടത്തിന്റെയും സാഹചര്യങ്ങളുടെയും പ്രത്യേകതകൾ മനസ്സിലാക്കി സുവിശേഷ പ്രഘോഷണം തുടരുക വളരെയേറെ ആവശ്യമാണ്. സാഹചര്യങ്ങളും അവയുടെ പ്രത്യേകതകളും ഉൾക്കൊള്ളാൻ അ

www.malankaralibrary.com

ല്മായ വിശ്വാസികൾ വളരെയേറെ പ്രാപ്തരാണ്. ഫലപ്രദമായ സുവിശേഷവല്കരണത്തിന് ഏററവും ആവശ്യം താല്പര്യവും പ്രതിബദ്ധതയുമുള്ള വിശ്വാസികളാണ്.

സുവിശേഷവല്കരണത്തിലൂടെ വ്യക്തികളെയും സമൂഹങ്ങളെയും ശുശ്രൂഷിക്കുകയാണ് സഭ ചെയ്യുക. അതിൽ ഏററവും അടിസ്ഥാനപരമായി സഭ ലക്ഷ്യമാക്കുക വ്യക്തിയിലേക്ക് എത്തുക എന്നതാണ്. വ്യക്തിയിലൂടെയാണ് സഭ സമൂഹത്തെയും മനുഷ്യമഹാകുടുംബത്തെയും സ്പർശിക്കുക.

* ഈ ലക്ഷ്യപ്രാപ്തിക്കായി ഏററവും പ്രധാനമായി ചെയ്യേണ്ടത് "ഓരോ മനുഷ്യവ്യക്തിയുടെയും അലംഘനീയമായ മാഹാത്മ്യം വീണ്ടും കണ്ടെത്തുകയും വീണ്ടും കണ്ടെത്താൻ മററുള്ളവരെ സഹായിക്കുകയും ആണ്" (CFL 37.1). മനുഷ്യന്റെ ഏററവും അമൂല്യമായ സമ്പത്ത് അവന്റെ വ്യക്തിപരമായ മാഹാത്മ്യമാണ്. ഈ വ്യക്തി മാഹാത്മ്യമാണ് മനുഷ്യർ തമ്മിലുള്ള സമത്വത്തിന്റെ അടിസ്ഥാനം. ഈ വസ്തുത മനുഷ്യർ തമ്മിലുള്ള പങ്കാളിത്തത്തിനും ഐക്യദാർഢ്യത്തിനും നിദാനവുമാണ്. മനുഷ്യന്റെ വ്യക്തിമാഹാത്മ്യവും അതുല്യതയും അലംഘനീയതയും ഉയർത്തിപ്പിടിക്കേണ്ടത് അത്യാവശ്യമാണ്.

* മനുഷ്യജീവന്റെ അലംഘനീയത വ്യക്തിമാഹാത്മ്യത്തിൽ നിന്ന് രൂപമെടുക്കുന്ന സുപ്രധാനമായ അവകാശമാണ്. സമകാലീന സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ മനുഷ്യജീവനെ നശിപ്പിക്കുന്ന മരണസംസ്കാരത്തിന്റെ നിഴലുകൾ കാണാം. ജീവന് അനുകൂലമായി സഭ എടുക്കുന്ന നിലപാട് ധാർമ്മികവും വിശ്വാസപരവുമായ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കിയാണ്. ജീവശാസ്ത്രപരമായ ധാർമ്മികതയുടെ (Bioethics) തത്വങ്ങൾ ഉയർത്തിപ്പിടിക്കാൻ അല്മായ വിശ്വാസികൾ ദത്തശ്രദ്ധരായിരിക്കണം.

* മനസ്സാക്ഷി സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും പ്രാധാന്യം അർഹിക്കുന്ന അവകാശങ്ങളാണ്.

* മനുഷ്യവ്യക്തിയുടെ സാമൂഹികമാനമാണ് മററുള്ളവരോടുള്ള കൂട്ടായ്മയിലേക്കും ആത്മദാനത്തിലേക്കും മനുഷ്യനെ വിളിക്കുക. ഇതിന്റെ ശ്രേഷ്ഠമായ ആവിഷ്കാരമാണ് വിവാഹിതരായ ദമ്പതികളും കുടുംബവും. വിവാഹത്തിലും കുടുംബത്തിലും കൂടെയാണ് അല്മായ വിശ്വാസികൾ സമൂഹത്തോടുള്ള കടമ നിർവ്വഹിക്കുവാൻ ആരംഭിക്കുന്നത്. കുടുംബത്തിന്റെ അടിസ്ഥാനപരവും നിർണ്ണായകവുമായ സ്ഥാനം വത്തിക്കാൻ സൂനഹദോസു മുതൽ നാളിതുവരെയുള്ള സഭാരേഖകൾ ആവർത്തിച്ചു വ്യക്തമാക്കുന്ന വസ്തുതയാണ്.

മററു വ്യക്തികളോടും സമൂഹത്തോടുമുള്ള കടപ്പാടിനും ഐക്യത്തിനും പോഷണം നൽകുന്നത് ക്രിസ്തുവിന്റെ സ്നേഹമാണ്. മററു മനുഷ്യർക്കു നൽകുന്ന സ്നേഹത്തിന്റെ ശുശ്രൂഷയിലൂടെ അല്മായ വിശ്വാ

www.malankaralibrary.com

സികൾ ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കാളികളാകുകയത്രേ ചെയ്യുക.

പൊതുജീവിതം എല്ലാവരും എല്ലാവർക്കും വേണ്ടി നയിക്കുന്നതത്രേ. എത്രമാത്രം പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുവോ അത്രമാത്രമാണ് വ്യക്തി വളരുക. ഭൗതിക വ്യവസ്ഥിതിയുടെ നവീകരണവും കെട്ടിപ്പടുക്കലും, നീതി പരിപോഷിപ്പിക്കപ്പെടുക, അഭിവൃദ്ധിയുണ്ടാകുക എന്നതും പ്രവർത്തനശൈലിയുടെ ലക്ഷ്യമാകണം. സേവനചൈതന്യം നിറഞ്ഞതും സമാധാനം ലക്ഷ്യമാക്കുന്നതുമായ രാഷ്ട്രീയ പ്രവർത്തനം പൊതു നന്മയ്ക്ക് അത്യന്താപേക്ഷിതമാണ്. അതുപോലെ, വ്യക്തികളുടെ നന്മ ലക്ഷ്യമാക്കുന്ന സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതി അല്മായ വിശ്വാസികൾ ലക്ഷ്യമാക്കണം. ഈ സാഹചര്യത്തിൽ ഊന്നിപ്പറയേണ്ട വസ്തുതകളാണ് സ്വകാര്യസ്വത്തിന്റെ സാമൂഹികമാനം, തൊഴിലില്ലായ്മയ്ക്കു പരിഹാരം, തൊഴിലിന്റെ മാഹാത്മ്യം, പരിസ്ഥിതിപ്രശ്ന ദൂരീകരണം എന്നിവ.

സംസ്കാരത്തിന്റെയും മനുഷ്യസംസ്കാരങ്ങളുടെയും സുവിശേഷവത്കരണം സഭയുടെ ലക്ഷ്യമാണ്. സംസ്കാരങ്ങളുടെ രൂപീകരണവും അതിന്റെ കൈമാറലും മനുഷ്യവംശത്തിനു സഭ നല്കുന്ന സംഭാവനകളാണ്. സംസ്കാരത്തോടുള്ള ഇടപഴകലിൽ ഇന്നു പ്രാധാന്യമർഹിക്കുന്ന മേഖലയാണ് സാമൂഹിക സമ്പർക്ക മാദ്ധ്യമങ്ങളുടേത്. പ്രസ്, റേഡിയോ, സിനിമ, ടെലിവിഷൻ, തീയേററർ എന്നിവയിലൂടെ സമ്പൂർണ്ണമായ സുവിശേഷവത്കരണത്തിനുള്ള സാധ്യത അല്മായ വിശ്വാസികൾ അന്വേഷിക്കേണ്ടതാണ്.

നാലാം അദ്ധ്യായമായ 'കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ' ദൈവം വിളിക്കുകയും തെരഞ്ഞെടുത്ത് അയയ്ക്കുകയും ചെയ്യുന്ന വൈവിധ്യമാർന്ന കൃപാവരത്തിന്റെ കാര്യസ്ഥന്മാരെപ്പററിയാണ് ചർച്ച ചെയ്യുക. ദൈവരാജ്യത്തിന്റെ വരവിനുവേണ്ടി ജോലിചെയ്യുന്ന സഭയെ സജീവമാക്കുന്ന ഈ ശുശ്രൂഷകർ 'പ്രായം, ലിംഗവ്യത്യാസം, സ്വാഭാവികദാനങ്ങളുടെ അന്തരം, അതുപോലെ തന്നെ ഉദ്യോഗങ്ങൾ, വ്യക്തിയുടെ ജീവിതത്തെ ബാധിക്കുന്ന അവസ്ഥകൾ' (CFL 45.2) ഇവയോടു ബന്ധപ്പെടുത്തി താഴെപ്പറയും പ്രകാരം അപ്പസ്തോലിക പ്രബോധനം അവതരിപ്പിക്കുന്നു:

യുവജനങ്ങൾ: സഭയുടെ അജപാലനശുശ്രൂഷയിൽ സവിശേഷമായ ശ്രദ്ധയ്ക്കു പാത്രമാണ് യുവജനങ്ങൾ. എന്നാൽ അതിലുപരിയായി അവർ "സുവിശേഷവത്കരണത്തിലെ നടുനായകന്മാരും സമൂഹനവീകരണത്തിന്റെ പങ്കാളികളും ആണ്" (CFL 46.3). അവരുടെ ക്രിയാത്മകമായ ശക്തി മനസ്സിലാക്കുകയും സഭയുടെ ഭാവിപ്രതീക്ഷകൾ അവരിലൂടെ ആവിഷ്കരിക്കുകയും വേണം.

കുട്ടികൾ: കുടുംബത്തിലെന്നപോലെ സഭയ്ക്കും ഉത്തരവാദിത്വപൂർ

www.malankaralibrary.com

ണ്ണമായ ശുശ്രൂഷയ്ക്കും വിശുദ്ധിയിലേക്കുള്ള വിളിയുടെ അനുസ്മരണയ്ക്കും അവസരമൊരുക്കുന്നവരാണ് കുട്ടികൾ.

വൃദ്ധജനങ്ങൾ: തങ്ങളുടെ അനുഭവങ്ങളിലൂടെ നേടിയ ജ്ഞാനംകൊണ്ട് സമൂഹത്തെയും സഭയെയും സമ്പന്നമാക്കാൻ കഴിവുള്ളവരാണ് വൃദ്ധജനങ്ങൾ. വിശ്വാസ പാരമ്പര്യത്തിനു സാക്ഷികളാകാനും ജീവിതത്തെപ്പററി പക്വമായ കാഴ്ചപ്പാടും വിശകലനവും നല്കാനും അവർ പ്രാപ്തരാണ്.

സ്ത്രീകളും പുരുഷന്മാരും: സ്ത്രീകളുടെ വ്യക്തിഗതമായ മാഹാത്മ്യവും പുരുഷനോടുള്ള തുല്യതയും നിസ്തർക്കമായ വസ്തുതകളാണ്. ഈ വസ്തുതകൾ അംഗീകരിക്കുകയാണ് സമൂഹത്തിലും സഭയിലും സ്ത്രീയുടെ ക്രിയാത്മകമായ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഏററവും ഫലവത്തായ മാർഗ്ഗം. സ്ത്രീക്ക് അവളുടെ സവിശേഷതകളോട് ബന്ധപ്പെട്ട് പ്രത്യേകമായ വിളിയും ദൗത്യവും ഉണ്ട്. ഇതിന് വിശുദ്ധഗ്രന്ഥവും പാരമ്പര്യവും സാക്ഷ്യം നൽകുന്നുണ്ട്. സുവിശേഷ പ്രഘോഷണത്തിലും ഇതര സഭാശുശ്രൂഷകളിലും സ്ത്രീകളെന്നും മുൻനിരയിലായിരുന്നു. ഇന്ന് സ്ത്രീകളും പുരുഷന്മാരും ചേർന്ന് പരസ്പരപൂരകമായ പ്രവർത്തനശൈലി രൂപപ്പെടുത്തേണ്ടതാണ്. ഇടവക-രൂപതാ തലങ്ങളിലുള്ള പ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാകുന്നു. സ്ത്രീയുടെ ദൗത്യത്തിൽ ഏററവും പ്രധാനം ദാമ്പത്യത്തിനും മാതൃത്വത്തിനും സമ്പൂർണ്ണ മഹനീയത നല്കുന്നതാണ് എന്ന കാര്യം പ്രത്യേകം ഓർക്കണം.

രോഗികളും പീഡിതരും: രോഗത്തിന്റെയും സഹനത്തിന്റെയും എണ്ണമററ സാഹചര്യങ്ങൾ സമൂഹത്തിലുണ്ട്. എന്നാൽ വേദനയുടെ അവസരങ്ങൾ രക്ഷാകരമായ അനുഭവമായി പരിവർത്തനപ്പെടുത്താൻ ക്രൈസ്തവർക്ക് സാധിക്കും. അപ്രകാരം ദൈവരാജ്യത്തിന്റെ വളർച്ചയിൽ പങ്കുകാരാകാൻ അവർക്കു കഴിയും. രോഗികൾക്കും പീഡിതർക്കും സ്നേഹത്തിന്റെ ശുശ്രൂഷ ചെയ്യുന്നവരാകട്ടെ യേശുവിന്റെയും സഭയുടെയും സജീവമായ അടയാളമായി പരിണമിക്കുകയും ചെയ്യും. ശുശ്രൂഷ അനുഷ്ഠിക്കുന്നവർ വേദനിക്കുന്നവരെ സുവിശേഷവത്ക്കരണത്തിലും രക്ഷാകർമ്മത്തിലും ഉത്തരവാദിത്വമുള്ള സജീവപങ്കാളികളാക്കിത്തീർക്കണം; അവരെ ശുശ്രൂഷയുടെ വസ്തുക്കളായി (Objects) മാത്രം പരിഗണിക്കരുത്.

സഭയിലെ വിവിധ ജീവിതാവസ്ഥകളും വിളികളും യഥാർത്ഥത്തിൽ പരസ്പരപൂരകങ്ങളാണ്. ഓരോന്നും അതിന്റെ തനിമ സൂക്ഷിച്ചുകൊണ്ട് മററുള്ളവയെ ശുശ്രൂഷിക്കണം. എല്ലാ വിളികളും സഭയെ വളർത്താനും പരിപോഷിപ്പിക്കാനുമാണ്. അവ ക്രിസ്തുവിന്റെ എന്നപോലെ സഭയുടെ ശ്രേഷ്ഠതയും വ്യക്തമാക്കുകയത്രേ ചെയ്യുക. അല്മായർക്ക് സവിശേഷമായ ശുശ്രൂഷകൾക്ക് സാധ്യത വാഗ്ദാനം ചെയ്യുന്ന സെക്കുലർ ഇൻസ്ററിട്യൂട്ടുകൾ പോലെയുള്ള സംരംഭങ്ങൾ പ്രശംസനീയമാണ്.

www.malankaralibrary.com

തങ്ങളുടെ അല്മായ അവസ്ഥയുടെ വിളിയിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ ആദ്ധ്യാത്മികാനുഭവത്തിൽ വളരാനും ദാനങ്ങൾ വിനിയോഗിക്കാനും അല്മായ വിശ്വാസികൾ ശ്രമിക്കേണ്ടതാണ്.

'നിങ്ങൾ കൂടുതൽ ഫലം പുറപ്പെടുവിക്കുവിൻ' എന്ന അഞ്ചാം അദ്ധ്യായം അല്മായ വിശ്വാസികൾക്കു ലഭ്യമാകേണ്ട രൂപീകരണം സംബന്ധിച്ചാണ് ചർച്ചചെയ്യുക. സമൃദ്ധമായ ഫലം പുറപ്പെടുവിക്കാനുള്ള വിളി സ്വീകരിക്കുന്ന ക്രൈസ്തവന് അതിനു തക്കതായ ഒരുക്കം ആവശ്യമാണ്. വിശ്വാസികൾക്ക് ക്രിസ്തീയരൂപീകരണം നല്കുക രൂപതയുടെ മുഖ്യമായ പ്രവർത്തനങ്ങളിലൊന്നാണ്. ഈ രൂപീകരണത്തിന്റെ കാതൽ ദൈവത്തിന്റെ ഹിതം തിരിച്ചറിയാനുള്ള മാർഗ്ഗം അറിയുകയാണ്. അതിനുള്ള മാർഗ്ഗം എന്താണ്? "സ്വീകരിക്കാനുള്ള സന്നദ്ധതയോടെ ദൈവവചനത്തെയും സഭയെയും ശ്രവിക്കുക; നിരന്തരം തീക്ഷ്ണമായി പ്രാർത്ഥിക്കുക; വിജ്ഞാനവും സ്നേഹവുമുള്ള ഒരാദ്ധ്യാത്മിക ഉപദേഷ്ടാവിനെ കണ്ടെത്തുക; ദൈവം നല്കിയ ദാനങ്ങളെയും നാം ജീവിക്കുന്ന ചരിത്രപരവും സാമൂഹികവുമായ വിവിധ സാഹചര്യങ്ങളെയും വിശ്വസ്തമായി വിവേചിച്ചറിയുക" (CFL 58.4).

വിളിയിലും ദൗത്യത്തിലും അടിസ്ഥാനപരമായ പരിശീലനം നേടേണ്ടത് കൗമാരത്തിലും യൗവനത്തിലുമാണ്. തുടർന്നുള്ള പരിശീലനത്തിലൂടെ പ്രവർത്തനശേഷി വികസിപ്പിക്കുകയും വേണം. പരിശീലനത്തിൽ എപ്പോഴും സഭയിലെ അംഗങ്ങളും മനുഷ്യസമൂഹത്തിലെ പൗരന്മാരും എന്ന നിലയിൽ സമഗ്രമായ ജീവിതത്തിനുവേണ്ടി വ്യക്തികളെ ഒരുക്കണം. ജീവിതത്തിൽ ആദ്ധ്യാത്മികവും ഭൗതികവുമെന്ന് ദ്വന്ദ്വാത്മകത്വമില്ലാത്ത (Dichotomy) സമഗ്രത ഉണ്ടാവണം. വിശ്വാസവും അതിനെ ആവിഷ്കരിക്കുന്ന സഭാപ്രബോധനവും അല്മായ വിശ്വാസികളുടെ രൂപീകരണത്തിലെ സുപ്രധാനഘടകങ്ങളാണ്. വിശിഷ്യാ സഭയുടെ സാമൂഹിക സിദ്ധാന്തം സാമൂഹിക ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ വിശ്വാസികളെ സഹായിക്കും.

ദൈവത്തോടൊപ്പം സഭാകൂട്ടായ്മയാണ് അല്മായ വിശ്വാസികൾക്ക് രൂപീകരണം നല്കാൻ കടപ്പെട്ട ഒന്നാമത്തെ ഘടകം. പ്രാദേശിക സഭയും ഇടവകസമൂഹവും അതിലെ വ്യത്യസ്തവേദികളുമാണ് അല്മായ വിശ്വാസികളുടെ രൂപീകരണത്തിൽ ഒന്നാമതായി ശ്രദ്ധിക്കേണ്ടത്. രൂപീകരണത്തിൽ വളരെ പ്രാധാന്യമുള്ള ഘടകമാണ് കുടുംബം. സ്കൂളുകൾക്കും കത്തോലിക്കാ സർവ്വകലാശാലകൾക്കും ഇന്നത്തെ സാംസ്കാരിക സാഹചര്യത്തിൽ ഏറെ ചെയ്യാനുണ്ട്. അല്മായ വിശ്വാസികളും ഗ്രൂപ്പുകളും സംഘടനകളും സഹകരണവേദികളും രൂപീകരണത്തിൽ ക്രിയാത്മകമായ പങ്കുവഹിക്കാൻ കഴിവുള്ളവയാണ്. രൂപീകരണത്തിന്റെ എല്ലാ തലങ്ങളിലും വേദികളിലും പ്രാദേശിക സാഹചര്യങ്ങൾക്കും സംസ്കാരത്തിനും പ്രാമുഖ്യം നല്കണമെന്ന് അപ്പസ്തോലിക പ്രബോധനത്തിൽ പ്രത്യേ

www.malankaralibrary.com

കമായി നിർദ്ദേശിക്കുന്നുണ്ട്.

ക്രിസ്തീയ ജീവിതത്തിന്റെ പുതുമ ഏവർക്കും അനുഭവപ്പെടുകയും ഏവരും മുന്തിരിത്തോട്ടത്തിലേക്ക് വർദ്ധമാനമായ താല്പര്യത്തോടെ പോകുകയും ചെയ്യട്ടെ എന്ന പ്രതീക്ഷയോടും, പരിശുദ്ധ ദൈവമാതാവിനോടുള്ള പ്രാർത്ഥനയോടും കൂടിയാണ് അപ്പസ്തോലിക പ്രബോധനം സമാപിക്കുക.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 'അല്മായ പ്രേഷിതത്വം' എന്ന പ്രമാണരേഖ അല്മായ വിശ്വാസികളുടെ ദൗത്യം താല്പര്യത്തോടെ ചർച്ച ചെയ്തിരുന്നു. സൂനഹദോസിനുശേഷമുള്ള രണ്ടു ദശകങ്ങളിൽ അല്മായർ സഭയിലും സമൂഹത്തിലും കൂടെ നല്കിയ ശുശ്രൂഷയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ 'അല്മായ വിശ്വാസികൾ' ഏറെ പ്രാധാന്യം അർഹിക്കുന്നു. അല്മായ വിശ്വാസികളുടെ പങ്കാളിത്തം പുറപ്പെടുവിച്ച സത്ഫലങ്ങളും ഭാവിയിലേക്കു നല്കുന്ന വാഗ്ദാനങ്ങളും അപ്പസ്തോലിക പ്രബോധനം അവതരിപ്പിക്കുന്നുണ്ട്. അല്മായരുടെ പ്രവർത്തനം പ്രശ്നങ്ങളെക്കാളേറെ സാധ്യതകളുടെ പ്രതീക്ഷയാണ് ഉയർത്തുന്നത്. അല്മായരുടെ പ്രവർത്തനമണ്ഡലത്തിന്റെ വ്യാപ്തി സഭാരേഖയിൽ നിന്നു വ്യക്തമാകുന്നുണ്ട്. ആധുനികലോകത്തിൽ സുവിശേഷവത്കരണവേളയിൽ അല്മായർക്കുള്ള നിർണ്ണായകമായ പങ്കാണ് സഭാപ്രബോധനത്തിന്റെ മുഖ്യപ്രമേയം.

അല്മായ വിശ്വാസികൾ തങ്ങളുടെ തനിമ നിലനിർത്തണമെന്ന് അപ്പസ്തോലിക പ്രബോധനം ആഹ്വാനം ചെയ്യുന്നു. വൈദികരുടേതെന്ന് സഭയും പാരമ്പര്യവും നിർണ്ണയിച്ചിരിക്കുന്ന ദൗത്യങ്ങൾ ഏറ്റെടുക്കുന്നതല്ല പ്രധാനം. അല്മായ വിശ്വാസികൾക്കു മാത്രം നിറവേററാവുന്ന വേലകൾ സഭയിലും സമൂഹത്തിലുമുണ്ട്. അവയുടെ നിർവ്വഹണത്തിൽ അല്മായ വിശ്വാസികൾ ശ്രദ്ധിക്കണം. ഇക്കാലഘട്ടത്തിൽ അത്യാവശ്യമായ ഈ ദൗത്യങ്ങളുടെ നിറവേററലിലാണ് അല്മായർ പ്രത്യേകമായ ശ്രദ്ധ വയ്ക്കേണ്ടത്. ഈ വേലകൾ അവഗണിച്ചാൽ സഭയുടെ സുവിശേഷവത്കരണ ശുശ്രൂഷ പൂർണ്ണമായി നിറവേററപ്പെടുകയില്ല എന്ന കാര്യം അല്മായ വിശ്വാസികൾ അനുസ്മരിക്കണം.

സഭയിലെ കൂട്ടായ പ്രവർത്തനത്തിന്റെ ആവശ്യകത അപ്പസ്തോലിക പ്രബോധനം ആവിഷ്കരിക്കുന്നുണ്ട്. വിവിധ ജീവിതാവസ്ഥകളുടെ പരസ്പര പൂരകത്വം, ഐക്യത്തോടുകൂടിയുള്ള പ്രവർത്തനം എന്നിവ ഈ കാലഘട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു. എല്ലാവരിലൂടെയും നിറവേററപ്പെടുന്നത് സഭയെ ക്രിസ്തു ഏല്പിച്ചിരിക്കുന്ന ഏകദൗത്യമായ സുവിശേഷവത്കരണമാണ്. ഈ തിരിച്ചറിവ് വിവിധ ജീവിതാവസ്ഥകളുടെ യോജിച്ചുള്ള പ്രവർത്തനം സുഗമമാക്കും; വൈവിധ്യമാർന്ന ശുശ്രൂഷകളുടെ ആത്യന്തികലക്ഷ്യം വ്യക്തമാക്കും. സുവിശേഷവത്കരണത്തെ സമഗ്രമായി കാണാൻ വിശ്വാസികൾക്കു കഴിയുകയും ചെയ്യും.

www.malankaralibrary.com

ഒന്നര ദശകങ്ങൾക്കുശേഷവും ഭാരതത്തിലും മററു പല രാജ്യങ്ങളിലുമുള്ള പ്രാദേശിക സഭകളിൽ അപ്പസ്തോലിക പ്രബോധനം നിർദ്ദേശിക്കുന്ന പല കാര്യങ്ങളും പ്രവൃത്തിപഥത്തിൽ എത്തിക്കാനുണ്ട്. ക്രൈസ്തവർ ന്യൂനപക്ഷമായ ഭാരതംപോലെയുള്ള രാജ്യങ്ങളിൽ അല്മായ വിശ്വാസികളുടെ ജീവിതസാക്ഷ്യവും സുവിശേഷവത്കരണ ദൗത്യത്തിന്റെ നിർവ്വഹണവും ഏറെ പ്രാധാന്യമർഹിക്കുന്നു. ഉത്തമവിശ്വാസികളും പൗരന്മാരുമെന്ന നിലയിൽ ജീവിതം നയിക്കുന്നവർ ദൈവവചനത്തിന്റെ സംവാഹകരും ദൈവരാജ്യത്തിന്റെ സാക്ഷികളുമാണ്. ഉത്തരവാദിത്വങ്ങൾ ഏറെയുള്ള ദൗത്യം ഏറെറടുക്കുന്നതിന് അല്മായ വിശ്വാസികൾക്ക് തക്കതായ പരിശീലനത്തിലൂടെ ലക്ഷ്യബോധം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അല്മായ വിശ്വാസികളെ നവസഹസ്രാബ്ദത്തിലെ ദൗത്യത്തിന് പ്രാപ്തരാക്കാൻ സഭാസമൂഹം വിശിഷ്യാ, ഹയരാർക്കി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

# 3

# അനുരഞ്ജന കൂദാശയുടെ വിവിധ രൂപങ്ങൾ

അനുരഞ്ജന കൂദാശയുടെ നവീകരണം രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായിരുന്നു (ആരാധനക്രമം 72). അതനുസരിച്ച് 1972-ൽ വിശ്വാസപ്രബോധന സംഘം കുമ്പസാരകൂദാശയെ സംബന്ധിച്ച അജപാലന നിർദ്ദേശങ്ങളും (Normae pastorales = Pastoral Norms - PN) 1973-ൽ ദൈവാരാധനയ്ക്കുവേണ്ടിയുള്ള സംഘം അനുതാപ കൂദാശയുടെ ക്രമവും (Rite of Penance = RP) പ്രസാധനം ചെയ്തു. 1983-ൽ പ്രസിദ്ധീകരിച്ച പാശ്ചാത്യ സഭാനിയമവും (Codex Iuris Canonici = CIC) 1990-ൽ പ്രസിദ്ധീകരിച്ച പൗരസ്ത്യ സഭാനിയമവും (Codex Canonum Ecclesiarum Orientalium = CCEO) അനുരഞ്ജന കൂദാശയുടെ വിവിധ രൂപങ്ങളെ സംബന്ധിച്ച് പ്രബോധനം നൽകുകയുണ്ടായി. പൗരസ്ത്യ സഭാനിയമത്തിൽ 720,721 എന്നീ കാനോനകളിലും, പാശ്ചാത്യ സഭാനിയമത്തിൽ 960,961,962,963 എന്നീ കാനോനകളിലും അനുരഞ്ജന കൂദാശയുടെ രൂപങ്ങളെപ്പററിയുള്ള നിർദ്ദേശങ്ങൾ നാം കാണുന്നു. പൗരസ്ത്യ സഭാനിയമത്തിലെ കാനോനകൾ ഇപ്രകാരമാണ്;

720. * 1. ഗൗരവമായ പാപത്തെപ്പററി ബോധവാനായ ക്രൈസ്തവ വിശ്വാസിക്ക് ദൈവവും സഭയുമായി അനുരഞ്ജനപ്പെടുവാനുള്ള ഏക സാധാരണ മാർഗ്ഗം വ്യക്തിപരവും സമഗ്രവുമായ ഏററുപറച്ചിലും പാപമോചനവുമാണ്. ശാരീരികമോ ധാർമ്മികമോ ആയ അസാദ്ധ്യത മാത്രമാണ് ഒരുവനെ ഇങ്ങനെയുള്ള ഏററുപറച്ചിലിൽനിന്ന് ഒഴിവാക്കുന്നത്; ഇത്തരം സാഹചര്യങ്ങളിൽ അനുരഞ്ജനം മററു രീതികളിലൂടെ സാധിക്കാവുന്നതാണ്.

*2. താഴെപ്പറയുന്ന സാഹചര്യങ്ങളിലല്ലാത്ത പക്ഷം മുൻകൂട്ടിയുള്ള ഏററുപറച്ചിൽ കൂടാതെ ഒരേസമയം അനേകം അനുതാപികൾക്ക് പൊതു പാപമോചനം നല്കാവുന്നതല്ല:

1. മരണാസന്നാവസ്ഥയുണ്ടായിരിക്കുകയും അനുതാപികളോരോരുത്തർക്കും അനുരഞ്ജന കൂദാശ പരികർമ്മം ചെയ്യുവാൻ വൈദികനോ വൈദികർക്കോ സമയമില്ലാതിരിക്കുകയും ചെയ്യുന്നു;

www.malankaralibrary.com

2. ഗൗരവമായ അത്യാവശ്യം ഉണ്ടായിരിക്കുക: – അതായത്, അനുതാപികളുടെ എണ്ണം പരിഗണിക്കുമ്പോൾ ന്യായമായ ഒരു സമയത്തിനുള്ളിൽ അനുതാപികളോരോരുത്തർക്കും അനുരഞ്ജനകൂദാശ പരികർമ്മം ചെയ്യുവാൻ വൈദികർ ലഭ്യമല്ലാതിരിക്കുക മൂലം തങ്ങളുടെ കുററത്താലല്ലാതെ കൗദാശിക വരപ്രസാദമോ ദിവ്യകാരുണ്യ സ്വീകരണമോ കുറേക്കാലത്തേയ്ക്ക് അവർക്ക് ഇല്ലാതെ വരിക. വലിയ തിരുന്നാളിൻെറയോ തീർത്ഥാടനത്തിൻെറയോ അവസരത്തിൽ സംഭവിക്കാവുന്നതുപോലെ, അനുതാപികളുടെ ബാഹുല്യം മൂലം കുമ്പസാരം ഉടനടി ലഭ്യമല്ലാത്ത അവസ്ഥയുണ്ടെങ്കിലും അത് മതിയായ അത്യാവശ്യമായി കണക്കാക്കപ്പെടുന്നില്ല.

*3. ഇങ്ങനെയുള്ള ഗൗരവമായ അത്യാവശ്യം നിലനിൽക്കുന്നുണ്ടോ എന്നു തീരുമാനിക്കുവാനുള്ള അധികാരം രൂപതാമെത്രാനാണ്. പാത്രിയർക്കീസുമായും, അതേപ്രദേശത്ത് അധികാരം വിനിയോഗിക്കുന്ന മററു സ്വയാധികാര സഭകളിലെ രൂപതാമെത്രാന്മാരുമായും ആലോചിച്ച്, അദ്ദേഹത്തിന് ഇങ്ങനെയുള്ള ഗൗരവമായ അത്യാവശ്യം പൊതുനിബന്ധനകൾ വഴിപോലും നിശ്ചയിക്കാവുന്നതാണ്.

721.* 1. അനേകർക്ക് ഒരേസമയം നൽകപ്പെടുന്ന കൗദാശിക പാപമോചനം ക്രൈസ്തവ വിശ്വാസികളിലൊരംഗം പ്രാപിക്കേണ്ടതിന് ആ വ്യക്തിക്ക് ശരിയായ ഒരുക്കം ഉണ്ടായിരിക്കണമെന്നതിനു പുറമെ ഇപ്പോൾ ഏററു പറയുവാൻ സാധിക്കാത്ത മാരക പാപങ്ങൾ യഥാകാലം വ്യക്തിപരമായി ഏററുപറയുവാനുള്ള ഉദ്ദേശ്യംകൂടി ഉണ്ടായിരിക്കണം.

*2. സാധിക്കുന്നിടത്തോളം ഈ ആവശ്യകതകളെ (requirements) സംബന്ധിച്ച് വിശ്വാസികളെ പഠിപ്പിക്കേണ്ടതാണ്. കൂടാതെ, മരണാസന്നാവസ്ഥയിൽപ്പോലും വ്യക്തിപരമായ മനസ്താപം നടത്തുവാൻ അവരെ ആഹ്വാനം ചെയ്യേണ്ടതുമാണ്.

മൂന്നു ക്രമങ്ങളാണ് സഭ നിർദ്ദേശിച്ചിരിക്കുന്നത്:

*1. പരമ്പരാഗതമായ, വ്യക്തിപരമായ കുമ്പസാരം*

*2. പൊതുവായ അനുതാപ ശുശ്രൂഷയും, വ്യക്തിപരമായ കുമ്പസാരവും*

*3. പൊതുവായ കുമ്പസാരവും പാപമോചനവും*

ഇതിൽ ഒന്നാമത്തെ ക്രമമാണ് കുമ്പസാരകൂദാശയുടെ സാധാരണ ക്രമം. ഇത് കത്തോലിക്കാ സഭയിൽ നിലവിലിരുന്ന ക്രമം തന്നെയാണ്. ക്രൈസ്തവവിശ്വാസി വൈദികൻെറ പക്കൽ നടത്തുന്ന വ്യക്തിപരമായ ഏററുപറച്ചിലാണ് ഇവിടെ പ്രധാനം. ഗൗരവമായ പാപങ്ങളുടെ പൂർണ്ണമായ ഏററുപറച്ചിലാണ് വ്യക്തി നടത്തേണ്ടത്.

രണ്ടാമത്തെ ക്രമം സംബന്ധിച്ച പരാമർശം അനുതാപ കൂദാശയുടെ ക്രമത്തിലും (RP) അജപാലനനിർദ്ദേശങ്ങളിലും (PN) നാം കാണുന്നുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ കാലം മുതൽ വിശ്വാസികൾക്ക് ഈ ക്രമം പരിചിതമാണ്. പരമ്പരാഗതമായ, വ്യക്തിപരമായ കുമ്പസാ

www.malankaralibrary.com

രത്തിന് സാമൂഹികമായ പശ്ചാത്തലം നൽകുന്നു എന്നതാണ് ഈ ക്രമത്തിൻെറ സവിശേഷത. അനുതാപത്തിനും മാനസാന്തരത്തിനും മനസ്സാക്ഷി രൂപീകരണത്തിനും സഭാത്മകമായ മാനവും അർത്ഥവും നൽകുന്നു എന്നതും ഈ ക്രമത്തിൻെറ പ്രത്യേകതകളാണ്. കൂദാശ സ്വീകരണത്തിന് സമൂഹത്തെ മുഴുവൻ ഒരുക്കുവാനുള്ള സൗകര്യം ഈ ക്രമത്തിൽ ലഭ്യമാണ്. വിശുദ്ധ ഗ്രന്ഥവായന, വചന പ്രഘോഷണം, ഗാനങ്ങൾ, പ്രാർത്ഥനകൾ എന്നിവയിലൂടെ കൂദാശ സ്വീകരണത്തിന് ഉത്തമമായ അന്തരീക്ഷം ഒരുക്കാവുന്നതാണ്.

മൂന്നാമത്തെ ക്രമം ഒരു സഹസ്രാബ്ദത്തിനിടയിൽ സഭയിൽ രൂപം കൊണ്ട ആദ്യത്തെ പുതിയ ക്രമമാണ്. സഭാനിയമം പരാമർശിക്കുന്ന 'മുൻകൂട്ടിയുള്ള ഏററുപറച്ചിൽ കൂടാതെ ഒരേസമയം അനുതാപികൾക്ക് പൊതുപാപമോചനം നൽകുന്ന ക്രമം' ഇതത്രേ. അനുതാപ ശുശ്രൂഷയുടെ എല്ലാ ഘടകങ്ങളും, അനുതാപത്തിൻെറ ആവിഷ്കാരം മുതൽ പാപമോചനാശീർവ്വാദംവരെ, ഈ ക്രമത്തിൽ പൊതുവാണ്. എന്നാൽ ഈ ക്രമം ഏതവസരത്തിലും നടത്താവുന്നതോ പിന്തുടരാവുന്നതോ അല്ല. സഭാനിയമങ്ങളിലും (CCEO & CIC) ഇതര രേഖകളിലും (PN & RP) ഈ ക്രമം അനുഷ്ഠിക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളിൽ നിന്ന് ഇത് അസാധാരണമായ ഒന്നാണെന്ന് വ്യക്തമാകുന്നുണ്ട്.

സഭാനിയമത്തിലും അതിൻെറ വ്യാഖ്യാനങ്ങളിലും ഈ ക്രമം നടത്താവുന്ന അവസരങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. യുദ്ധമോ പകർച്ചവ്യാധിയോ സമാനമായ അവസരങ്ങളോ സംജാതമാക്കുന്ന മരണാസന്നാവസ്ഥ; വൈദികരുടെ പരിമിതമായ എണ്ണം നിമിത്തം അനേക നാളുകൾ കുമ്പസാരത്തിലൂടെ കൗദാശിക വരപ്രസാദവും വിശുദ്ധ കുർബാന സ്വീകരണവും വിശ്വാസികൾക്ക് സാധ്യമല്ലാതെ വരുന്ന അവസ്ഥ. പ്രത്യേകിച്ച്, രണ്ടാമത്തെ സാഹചര്യത്തിൽ വിശ്വാസികളുടെ സന്നദ്ധതക്കുറവല്ല വ്യക്തിപരമായ കുമ്പസാരം നടക്കുന്നതിന് തടസ്സമായിരിക്കുന്നത്, പ്രത്യുത വൈദികരുടെ വിരളതയാണ്. വൈദികർ വിരളമായ, എന്നാൽ അനേകായിരം വിശ്വാസികളുള്ള മിഷൻ പ്രദേശങ്ങളും ചില പരമ്പരാഗത ക്രിസ്തീയ സമൂഹങ്ങളും ഉദാഹരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. വൈദിക ശുശ്രൂഷ വിശ്വാസികൾക്ക് ലഭിക്കുന്നത് വളരെ അപൂർവ്വമായ അവസരങ്ങളിൽ മാത്രമായിരിക്കാം. വൈദികനെ ലഭ്യമാകുന്ന അവസരത്തിൽപ്പോലും അദ്ദേഹത്തിന് എല്ലാവരുടെയും വ്യക്തിപരമായ കുമ്പസാരം ന്യായമായ സമയത്തിനുള്ളിൽ തീർക്കാൻ കഴിയാതെ വരുന്നു. ബ്രസീലിലെ പല രൂപതകളിലും ഇത്തരം സാഹചര്യം നിലവിലുണ്ടെന്ന് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. പെരുന്നാളുകളുടെയോ തീർത്ഥാടനങ്ങളുടെയോ അവസരത്തിൽ ഉണ്ടാകുന്ന വിശ്വാസികളുടെ വലിയ കൂട്ടമല്ല ഇവിടെ പരാമർശിക്കപ്പെടുന്നത്. ഒരിടവകപ്പള്ളിയിൽ ഏതെങ്കിലുമൊരു ഞായറാഴ്ചയോ വിശേഷ ദിവസമോ, ഉദാഹരണമായി, പെസഹാ വ്യാഴം, ഇടവക

www.malankaralibrary.com

ദിനം, പ്രതീക്ഷിച്ചതിലേറെ വിശ്വാസികൾ വന്നു ചേരുമ്പോൾ ഉപയോഗിക്കാനുള്ളതല്ല ഈ ക്രമം. പൊതുവായ പാപമോചനക്രമം നടത്താനുള്ള സാഹചര്യങ്ങൾ തിരിച്ചറിയേണ്ടതും നിർണ്ണയിക്കേണ്ടതും രൂപതാദ്ധ്യക്ഷന്മാരാണ്. രൂപതാദ്ധ്യക്ഷന് പാത്രിയർക്കീസുമായും (പൗരസ്ത്യ സഭകളിൽ) കത്തോലിക്കാ സഭയിലെ തന്നെ ഇതര റീത്തുകളിലെ മെത്രാന്മാരുമായും ആലോചിച്ച് 'ഇങ്ങനെയുള്ള ഗൗരവമായ അത്യാവശ്യം പൊതുനിബന്ധനകൾ വഴി' നിശ്ചയിക്കാവുന്നതാണ്.

പൊതുവായ പാപമോചനക്രമം അസാധാരണമായ അവസരത്തിൽ നടത്തുമ്പോഴും വിശ്വാസികൾക്ക് ശരിയായ ഒരുക്കം ഉണ്ടായിരിക്കണം. അതായത്, പാപത്തെ സംബന്ധിച്ച പൂർണ്ണമായ അനുതാപം ഉണ്ടായിരിക്കണം. സമയം ലഭ്യമാണെങ്കിൽ മരണാസന്നാവസ്ഥയിൽപോലും വ്യക്തിപരമായ മനസ്താപം നടത്തുവാൻ വിശ്വാസികളെ വൈദികൻ ഉദ്ബോധിപ്പിക്കേണ്ടതാണ്. മാത്രമല്ല, ഗൗരവതരമായ പാപങ്ങൾ എത്രയും പെട്ടെന്ന് വ്യക്തിപരമായ കുമ്പസാരത്തിൽ ഏററുപറയാനുള്ള തീരുമാനവും വിശ്വാസികൾ എടുത്തിരിക്കണം. പാശ്ചാത്യസഭാ നിയമത്തിൽ, അടുത്ത ഒരു പൊതുപാപമോചനത്തിനു പോകുന്നതിനു മുമ്പ് വ്യക്തിപരമായ കുമ്പസാരം നടത്തിയിരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. ന്യായമായ കാരണം മാത്രമേ ഈ നിബന്ധനയിൽനിന്ന് ഒരാളെ ഒഴിവാക്കുന്നുള്ളൂ (CIC 963). വൈദികരുടെ വിരളത, ലഭ്യതക്കുറവ്, വൈദികർ ലഭ്യമായ സ്ഥലങ്ങളിൽ നിന്ന് ഒററപ്പെട്ടിരിക്കുന്ന അവസ്ഥ ഇവയൊക്കെ ന്യായമായ കാരണങ്ങളാവാം. തിരിച്ചറിവു വന്ന എല്ലാവരും വർഷത്തിൽ ഒരിക്കലെങ്കിലും ഗൗരവമായ പാപങ്ങൾ വ്യക്തിപരമായ കുമ്പസാരത്തിൽ ഏററുപറയണമെന്ന് പാശ്ചാത്യസഭാനിയമം നിർദ്ദേശിക്കുന്നത് ഈയവസരത്തിൽ ഓർത്തിരിക്കേണ്ടതാണ് (CIC 989). പൗരസ്ത്യ സഭാനിയമം "ഗൗരവമായ പാപത്തെക്കുറിച്ച് ബോധവാനായ ഏതൊരു വ്യക്തിയും അനുരഞ്ജന കൂദാശ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്" എന്നും അതാതു സഭകളിലെ "ഉപവാസങ്ങളുടെയും പ്രായശ്ചിത്തത്തിൻെറയും കാലങ്ങളിലും, എല്ലാ വിശ്വാസികളും ഈ കൂദാശ സ്വീകരിക്കണ"മെന്നും ഉദ്ബോധിപ്പിക്കുന്നുണ്ട് (CCEO 719). പൊതുപാപമോചന ക്രമം നിർദ്ദേശിക്കുന്ന വ്യവസ്ഥകളെപ്പററി വൈദികൻ വിശ്വാസികളെ സാധിക്കുന്നിടത്തോളം ബോധവാന്മാരാക്കേണ്ടതാണ് എന്നും സഭാനിയമം അനുശാസിക്കുന്നുണ്ട്.

സഭ അനുരഞ്ജനത്തിൻെറ കൂദാശയാണ്. ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലുമുള്ള അനുരഞ്ജനത്തിൻെറ വേദിയാണ് സഭ. വ്യക്തിപരമായ ജീവിതത്തിലും സഭാജീവിതത്തിലും അനുതാപത്തിനും പശ്ചാത്താപത്തിനും നിരന്തരമായ ആവശ്യമുണ്ട്. സഭയുടെ സ്ഥാപനത്തിൻെറ ഉദ്ദേശ്യങ്ങളിൽ പ്രഥമമായ അനുരഞ്ജനം സാധ്യമാക്കുന്നതിനുള്ള സഭയുടെ താല്പര്യമാണ് അനുരഞ്ജന

www.malankaralibrary.com

കൂദാശയുടെ വിവിധ ക്രമങ്ങളിലൂടെ പ്രകടമാകുക. മൂന്നു ക്രമങ്ങൾക്കും അവയുടേതായ സവിശേഷതകളുണ്ട്. വ്യക്തിപരമായ ഏററുപറച്ചിലിനും സഭയുടെ ശുശ്രൂഷയിലൂടെയുള്ള പാപമോചനത്തിനും ഊന്നൽ നൽകുന്നതത്രേ ഒന്നാമത്തെ ക്രമം. ഇത് വിശ്വാസിയുടെ വൈയക്തിക മനസ്സാക്ഷിയെയും രൂപീകരണത്തെയും സഹായിക്കാൻ പര്യാപ്തമാണ്. പാപം, അനുതാപം, അനുരഞ്ജനം എന്നിവയുടെ സാമൂഹികവും സഭാത്മകവുമായ മാനത്തോടൊപ്പം വിശ്വാസിയുടെ വൈയക്തികതയ്ക്കും പ്രാധാന്യം നൽകുന്നതത്രേ രണ്ടാമത്തെ ക്രമം. ഫലവത്തായ പ്രബോധനത്തിനും തദ്വാരാ അർത്ഥവത്തായ അനുരഞ്ജനത്തിനും വിശ്വാസിയെ പ്രാപ്തനാക്കാൻ ഈ ക്രമത്തിനു കഴിയും. അസാധാരണമായ സാഹചര്യങ്ങളിലും വിശ്വാസികൾക്ക് അനുരഞ്ജനത്തിൻെറ അനുഭവവും കൃപയും നൽകുകയാണ് മൂന്നാമത്തെ ക്രമം ചെയ്യുക. വിശ്വാസികൾക്ക് അനുരഞ്ജനത്തിനും അതിലൂടെ വിശുദ്ധീകരണത്തിനും തടസ്സമില്ലാതെ അവസരം നൽകാനുള്ള സഭയുടെ അജപാലന ശ്രദ്ധയാണ് പാപമോചന ക്രമങ്ങളിലൂടെ പ്രകടമാകുന്നത്.

അനുരഞ്ജന കൂദാശയുടെ എല്ലാ രൂപങ്ങളിലും, വ്യക്തിപരമായ കുമ്പസാരക്രമത്തിൽപോലും, ദൈവവചനത്തിനും പ്രഘോഷണത്തിനും സുപ്രധാനമായ സ്ഥാനമുണ്ട്. വിവിധ സാഹചര്യങ്ങൾക്കും കാലങ്ങൾക്കും (യൽദാകാലം, നോമ്പുകാലം) സമൂഹങ്ങൾക്കും (കുട്ടികൾ, യുവജനങ്ങൾ, രോഗികൾ) സഹായകരമാകുന്ന വിധത്തിൽ അനുരഞ്ജന കൂദാശയുടെ ശുശ്രൂഷ അനുരൂപപ്പെടുത്താവുന്നതാണ്, പ്രത്യേകിച്ച്, പൊതുവായ അനുതാപ ശുശ്രൂഷയും വ്യക്തിപരമായ കുമ്പസാരവും. വിശ്വാസികളും വൈദികനും സഭാപ്രബോധനത്തിൻെറ അന്തസ്സത്ത മനസ്സിലാക്കി അനുരഞ്ജന കൂദാശയിൽ പങ്കെടുത്താൽ അതിൻെറ ഫലങ്ങൾ വളരെയേറെയായിരിക്കും.

www.malankaralibrary.com

4

# രക്ഷകൻെറ മിഷൻ

രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷമുള്ള കാലഘട്ടം മിഷൻ പ്രവർത്തനത്തെ എപ്രകാരം സ്വാധീനിച്ചു? മിഷൻപ്രവർത്തനത്തിന്റെ ചൈതന്യം വർദ്ധിപ്പിച്ചോ അതോ മിഷൻപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചോ? മിഷൻപ്രവർത്തനം സഭാകൂട്ടായ്മയുടെ പൊതുദൗത്യമാണെന്ന ചിന്ത ശക്തമായി എന്നതു വാസ്തവം. എന്നാൽ മിഷൻപ്രവർത്തനത്തിന്റെ ആർജ്ജവം കുറഞ്ഞു എന്ന് പൊതുവേ കരുതപ്പെടുന്നു. മിഷൻ പ്രവർത്തനത്തിന്റെ സ്ഥാനത്ത് ഡയലോഗിനെ പ്രതിഷ്ഠിക്കുകയോ വികസന-വിമോചനപ്രവർത്തനങ്ങൾ മിഷൻ പ്രവർത്തനത്തിന്റെ മുഖ്യഭാഗമായി മാറുകയോ ചെയ്ത സ്ഥിതിവിശേഷം എഴുപതുകൾ മുതൽ സഭയിലുള്ളതായി പറയപ്പെടുന്നു. ഈ സാഹചര്യത്തിലാണ് വത്തിക്കാൻ സൂനഹദോസിന്റെ മിഷനറി പ്രവർത്തനങ്ങളെ സംബന്ധിച്ച 'ജനതകളോട്' (AD GENTES) എന്ന ഡിക്രിയുടെ പ്രസിദ്ധീകരണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിന്റെയും, പോൾ ആറാമൻ മാർപ്പാപ്പയുടെ 'ജനതകളുടെ സുവിശേഷവല്ക്കരണം' (Evangeli Nuntiandi) എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ പ്രസിദ്ധീകരണത്തിന്റെ പതിനഞ്ചാം വാർഷികത്തിന്റെയും അവസരത്തിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ സഭയ്ക്കു നല്കിയ 'രക്ഷകന്റെ മിഷൻ' (Redemptoris Missio=RM) പ്രാധാന്യമർഹിക്കുക. 1990 ഡിസംബർ 7-ന് പുറപ്പെടുവിച്ച ചാക്രികലേഖനത്തിന് ആമുഖത്തിനും ഉപസംഹാരത്തിനും പുറമേ എട്ട് അദ്ധ്യായങ്ങളുണ്ട്.

തലക്കെട്ടുകൾ തന്നെ അദ്ധ്യായങ്ങളുടെ ഉള്ളടക്കം വ്യക്തമാക്കുന്നു:

* യേശു ക്രിസ്തു-ഏക രക്ഷകൻ
* ദൈവരാജ്യം
* പരിശുദ്ധാത്മാവ്-മിഷന്റെ മുഖ്യപ്രവർത്തകൻ
* ജനതകളോടുള്ള മിഷന്റെ ചക്രവാളവിസ്തൃതി
* മിഷന്റെ വിവിധ പാതകൾ
* സുവിശേഷ പ്രഘോഷണശുശ്രൂഷയിലെ നേതാക്കന്മാരും പ്രവർത്തകരും

www.malankaralibrary.com

* മിഷനറി പ്രവർത്തനത്തിലുള്ള സഹകരണം
* മിഷനറി ആദ്ധ്യാത്മികത

രണ്ടാം വത്തിക്കാൻ സൂനഹദോസ് മുതൽ ഇന്നോളം സജീവചർച്ച യിലുള്ള വിഷയങ്ങളാണ് ചാക്രികലേഖനം പരിഗണിക്കുന്നത്. രക്ഷയ്ക്ക് യേശുക്രിസ്തുവിൻെറ മദ്ധ്യസ്ഥതയും സഭയുടെ അനിവാര്യതയും ചാക്രി കലേഖനം വ്യക്തമാക്കുന്നു. രക്ഷയ്ക്കുള്ള എല്ലാ മാർഗ്ഗങ്ങളും എപ്രകാരം ഏകമദ്ധ്യസ്ഥനായ യേശുക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് 'രക്ഷകൻെറ മിഷൻ' ചർച്ച ചെയ്യുന്നു (RM 6.2). യേശുക്രിസ്തുവിലൂടെ യുള്ള സ്വാതന്ത്ര്യം പരിമിതികളെ ലംഘിച്ച് പൂർണ്ണതയിലേക്കുള്ള വഴി തുറക്കുന്നു.

യേശുവിൻെറ സന്ദേശത്തിൻെറ കാതൽ ദൈവരാജ്യമാണ്. അവിടുന്നു പ്രവർത്തിച്ച അത്ഭുതങ്ങളും അവിടുത്തെ വാക്കുകളും ദൈവരാജ്യത്തി ൻെറ ആഗമനം ഉറപ്പാക്കുകയായിരുന്നു. സഭ ദൈവരാജ്യത്തിൻെറ ശുശ്രൂ ഷയിൽ വ്യാപൃതയാണ്. സഭയുടെ പ്രാർത്ഥനയും വിവിധ പ്രവർത്ത നങ്ങളും ദൈവരാജ്യത്തിന്റെ സമ്പൂർണ്ണമായ സാന്നിദ്ധ്യത്തിനുള്ള ദൈവത്തിൻെറ പദ്ധതിയാണ് വ്യക്തമാക്കുക.

മിഷൻ പ്രവർത്തനങ്ങൾക്ക് വ്യക്തികളെയും സഭയെയും സജ്ജമാ ക്കുന്നത് പരിശുദ്ധാത്മാവാണ്. മിഷൻെറ വിവിധ പ്രവർത്തനങ്ങളെ ഏകീകരിച്ച് നിയന്ത്രിക്കുന്നത് പരിശുദ്ധാത്മാവാണ്. പ്രഘോഷിക്ക പ്പെടുന്ന വിശ്വാസത്തെ സ്വീകരിക്കാൻ വ്യക്തികളെയും ജനപദങ്ങളെയും സജ്ജമാക്കുന്നതും ആത്മാവാണ്.

മിഷൻെറ വിസ്തൃതമാകുന്ന മാനങ്ങളെപ്പററി സഭയിൽ അവബോധം ഉണരേണ്ടിയിരിക്കുന്നു. മതപരവും സാമൂഹികവുമായ രംഗങ്ങൾ ഇന്ന് സങ്കീർണ്ണമാണ്. ഇതിനു കാരണം "വമ്പിച്ച നഗരവല്ക്കരണം, കൂട്ടായ കുടിയേററം, നിലയ്ക്കാത്ത അഭയാർത്ഥി പ്രവാഹം, പുരാതന ക്രൈ സ്തവ പാരമ്പര്യമുള്ള രാജ്യങ്ങളുടെ അക്രൈസ്തവീകരണം, സുവി ശേഷത്തിനും സുവിശേഷാസ്പദമായ മൂല്യങ്ങൾക്കും അക്രൈസ്തവ രാഷ്ട്രങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വമ്പിച്ച സ്വാധീനം, ചില പ്രത്യേക മെസിയാനിക് മതോപാസനകളുടെയും മതഗ്രൂപ്പുകളുടെയും ആവിർ ഭാവവും വളർച്ചയും" തുടങ്ങിയ പ്രതിഭാസങ്ങളാണ് (RM 32.1). സുവി ശേഷം അറിയാത്തവരോട് അത് പ്രഘോഷിക്കുന്നതിനു തുല്യമായ ഒരു ദൗത്യവും ഇന്ന് സഭയുടെ മുമ്പാകെയുണ്ട്: "പരമ്പരാഗതമായി ക്രിസ്തീയ വേരുകളുള്ള ചില രാജ്യങ്ങളിലും അപൂർവ്വമായി ചില പുതിയ പ്രാദേശിക സഭകളിലും, മാമോദീസാ സ്വീകരിച്ചിട്ടുള്ള മുഴുവൻ ആളുകളുംതന്നെ വിശ്വാസം നഷ്ടപ്പെട്ടവരായി, തങ്ങൾ സഭാംഗങ്ങളാണെന്നുപോലും കരുതാത്തവരായി, യേശുക്രിസ്തുവിൽ നിന്നും സുവിശേഷത്തിൽ നിന്നും അകന്നു കഴിയുന്നവരായുണ്ട്" (RM 33.4). സഭയുടെ ഉള്ളിലുള്ള 'പുതിയ പ്രഘോഷണം' അഥവാ 'പുനഃസുവിശേഷവത്ക്കരണം' ജനതകളോ

www.malankaralibrary.com

ടുള്ള സുവിശേഷവത്ക്കരണത്തോളം പ്രാധാന്യമുള്ളതാണ്. ബാഹ്യമായ പ്രതിബന്ധങ്ങളും സഭയുടെ ഉള്ളിൽ തന്നെയുള്ള ആശയപരമായ അവ്യക്തതകളും മിഷൻ പ്രവർത്തനത്തെ തളർത്തുവാൻ ഇടയാക്കരുത്. "സഭയുടെ മിഷൻെറ മുഖ്യകാര്യക്കാർ മനുഷ്യരായ നമ്മളല്ല, അതു യേശുക്രിസ്തുവും പരിശുദ്ധാരൂപിയുമാണ്"(RM 36.3) എന്ന ബോധ്യത്തോടും പ്രതീക്ഷയോടും മിഷൻപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകേണ്ടിയിരിക്കുന്നു.

സുവിശേഷ പ്രഘോഷണത്തിൻെറ വേളയിൽ മിഷനറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ട പല സാമൂഹിക പ്രതിഭാസങ്ങളുണ്ട്. അവയുടെ മദ്ധ്യേയുള്ള പ്രവർത്തനത്തിന് വളരെയേറെ ശ്രദ്ധവേണം.

1. വൻനഗരങ്ങൾ കേന്ദ്രമാക്കിയുള്ള മിഷൻ പ്രവർത്തനത്തിന് പുതിയ ശൈലികൾ ആവശ്യമാണ്.
2. ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിന് പ്രത്യേക രീതികൾ ഉരുത്തിരിയണം.
3. ദരിദ്രരോട് പക്ഷംചേർന്നു പ്രവർത്തിക്കണം.
4. വളരെ വൈവിധ്യമേറിയ സാംസ്കാരിക മേഖലകളിലെ സാക്ഷ്യം വളരെ ഉൾക്കാഴ്ചയുള്ളതാകണം.

ഈ സാഹചര്യങ്ങളുടെ മദ്ധ്യേയാണ് സുവിശേഷവല്ക്കരണം നടക്കേണ്ടത്. മിഷനറിയുടെ ജീവിതത്തിലൂടെയുള്ള സാക്ഷ്യമാണ് ഏററവും പ്രധാനം. പ്രഘോഷണത്തിലാകട്ടെ 'ക്രൂശിതനായി മരിച്ചുയർത്ത യേശുക്രിസ്തുവാണ്' മുഖ്യവിഷയം. വ്യക്തിപരമായി മാത്രമല്ല, 'സഭാസമൂഹവുമായി ഒത്തുചേർന്ന്' നടത്തേണ്ടതാണ് മിഷൻ പ്രവർത്തനം (RM 45.1). മാനസാന്തരത്തിലും ജ്ഞാനസ്നാനത്തിലും കൂടി ക്രിസ്തീയ കൂട്ടായ്മകൾ രൂപീകരിക്കുക പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്. കൂട്ടായ്മകളാകട്ടെ പ്രാദേശിക സ്വഭാവമുള്ളവയായിരിക്കണം. ജനതകളുടെ സാംസ്കാരിക പൈതൃകം ഉൾക്കൊണ്ട് സുവിശേഷം സാംസ്കാരിക സമന്വയം നേടണം. യുവസഭകളിൽ രൂപംകൊണ്ട് വളരുന്ന അടിസ്ഥാന സഭാസമൂഹങ്ങൾ (Ecclesial Basic Communities) സവിശേഷ സ്വഭാവമുള്ളവയും മിഷൻ പ്രവർത്തനത്തിന് ഏറെ സഹായകരവുമാണ്. വിവിധ മതങ്ങളുമായുള്ള സംവാദം (Dialogue) മിഷൻ പ്രവർത്തനത്തിൻെറ അവശ്യഭാഗമാണ്. വികസനരംഗത്ത് സഭ പ്രാധാന്യം കൊടുക്കേണ്ടത് മനസ്സാക്ഷി രൂപീകരണത്തിനാണ്. "ബഹുജന വികസന പ്രക്രിയ ..... മനസ്സാക്ഷി രൂപീകരണത്തിൽ നിന്നും ചിന്താരീതികളുടെയും പെരുമാററ ശൈലികളുടെയും അനുക്രമമായ പരിപാകത്തിൽ നിന്നുമാണ് അതുണ്ടാകുന്നത്. വികസനത്തിൻെറ മുഖ്യ കാര്യക്കാരൻ മനുഷ്യൻ തന്നെയാണ്, പണമോ സാങ്കേതികതയോ അല്ല. സഭ മാനവ മനസ്സാക്ഷിയെ മെനഞ്ഞെടുക്കുന്ന കർമ്മത്തിലാണ് മുഴുകുന്നത്..... വികസനത്തെ സഹായിക്കുന്ന വിമോചനത്തിന് സുവിശേഷത്തിലൂടെ സഭ ശക്തി

www.malankaralibrary.com

പകരുകയാണ്" (RM 58. 3-4). മിഷൻ പ്രവർത്തനത്തിന്റെ ഉറവിടവും മാനദണ്ഡവും സ്നേഹമാണ്. സുവിശേഷം നൽകുന്നതും പാവങ്ങളെ ശുശ്രൂഷിക്കുന്നതുമായ മിഷൻ പ്രവർത്തനത്തിന്റെ പ്രേരകശക്തിയും ജീവചൈതന്യവും സ്നേഹമാണ്.

ആദിമസഭയുടെ നാളുകൾ മുതൽ ഇന്നോളം സുവിശേഷപ്രഘോഷണത്തിൽ നാം കാണുക സംഘാതാത്മകമായ പ്രവർത്തനമാണ്. അപ്പസ്തോലന്മാരും അവരെ തുടർന്ന് മെത്രാന്മാരും മിഷൻ പ്രവർത്തനത്തിന് നേതൃത്വം നൽകി. ഓരോ പ്രാദേശിക സഭയിലും മെത്രാനാണ് സുവിശേഷപ്രവർത്തനത്തിന് നേതൃത്വം നൽകേണ്ടതും വിവിധപ്രവർത്തനങ്ങളെ ഏകോപിപ്പിക്കേണ്ടതും. മിഷനറിമാർ, സന്യാസസ്ഥാപനങ്ങൾ, രൂപതാവൈദികർ, അൽമായർ, മതബോധന പ്രവർത്തകർ ഉൾപ്പെടെയുള്ള ശുശ്രൂഷകർ ഇവർക്കെല്ലാം മിഷൻ പ്രവർത്തനത്തിൽ തങ്ങളുടേതായ പങ്ക് വഹിക്കാനുണ്ട്. സുവിശേഷവല്ക്കരണത്തിനുള്ള കോൺഗ്രിഗേഷനും മിഷൻ പ്രവർത്തനത്തെ സഹായിക്കാനുള്ള ഇതര സംവിധാനങ്ങളും ദേശീയ പ്രാദേശിക തലത്തിലുള്ള സംവിധാനങ്ങളും നിരന്തരമായ സമ്പർക്കത്തിലേർപ്പെട്ട് മിഷൻ പ്രവർത്തനത്തെ ഏകോപിപ്പിച്ച് നയിക്കണം. സഭാംഗങ്ങൾ മുഴുവനും മിഷൻ പ്രവർത്തനത്തിൽ പ്രാർത്ഥനയും സമയവും ഭൗതിക - സാമ്പത്തിക സഹായവും മുഖാന്തരം സഹകരിക്കാൻ ബാദ്ധ്യതയുള്ളവരാണ്.

മിഷൻ പ്രവർത്തനം ഫലവത്താകാൻ ഏററവും അത്യന്താപേക്ഷിതം കാലത്തിന് അനുയോജ്യമായ ആദ്ധ്യാത്മികതയാണ്. ആത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതമാകണം മിഷനറിയുടേത്. യേശുക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ അവിടുത്തെപ്പോലെ സ്വയം ശൂന്യവൽക്കരണത്തിന്റെ ജീവിതം നയിക്കണം. യേശുവിനെപ്പോലെ സഭയേയും മാനവികതയേയും സ്നേഹിക്കുവാൻ മിഷനറിക്കു സാധിക്കണം. ചുരുക്കത്തിൽ, വിശുദ്ധമായ ജീവിതത്തിന്റെ ഉടമയായിരിക്കണം മിഷനറി. ലോകത്തിന്റെ സങ്കീർണ്ണമായ സാഹചര്യങ്ങളിൽ ഉൽക്കണ്ഠാഭരിതമായിരിക്കുന്ന ലോകത്തിന് പ്രത്യാശ പകരാൻ മിഷനറിക്ക് ആവണം.

യേശുവിനെ നൽകുന്നു എന്നതാണ് സഭയുടെ അസ്തിത്വത്തിന്റെ സാധൂകരണം. സഭയുടെ ചൈതന്യത്തിന്റെയും ചലനാത്മകതയുടെയും നിദാനവും ഇതുതന്നെ. സഭയിലെ അംഗങ്ങൾ എല്ലാവരിലും, സഭയുടെ പ്രവർത്തനങ്ങൾ എല്ലാററിലും യേശുവിന് സാക്ഷ്യം നൽകാനുള്ള പ്രതിബദ്ധത നിറഞ്ഞു നിന്നേ മതിയാവൂ. ഓരോ കാലഘട്ടത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കി യേശുവിനെ പ്രഘോഷിക്കാനും സഭ എന്നും പരിശ്രമിക്കണം. നമ്മുടെ കാലഘട്ടത്തിന്റെ അന്തർധാരകൾ മനസ്സിലാക്കി മിഷൻപ്രവർത്തനത്തെ സജീവമാക്കാൻ ശ്രമിക്കുന്നു എന്നതാണ് 'രക്ഷകന്റെ മിഷനെ' പ്രാധാന്യമുള്ളതാക്കുന്ന വസ്തുത. നമ്മുടെ കാലഘട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന ഈ ചാക്രിക

www.malankaralibrary.com

ലേഖനത്തിൻെറ സന്ദേശം ഉൾക്കൊണ്ട് യേശുവിന് സാക്ഷികളാകാൻ വ്യക്തികളും സഭാകൂട്ടായ്മകളും പരിശ്രമിക്കുമെന്ന് പ്രത്യാശിക്കാം.

---

സഭയും സഭയിലെ മിഷനറിമാരും വിദ്യാലയങ്ങൾ, ആശുപത്രികൾ, അച്ചടി ശാലകൾ, സർവ്വകലാശാലകൾ, പരീക്ഷണശാലകൾ മുതലായവ നടത്തി വികസനം ത്വരിതപ്പെടുത്തി ക്കൊണ്ടിരിക്കുകയാണ്. ബഹുജന വികസനപ്രക്രിയ പണത്തിൽ നിന്നോ ഭൗതിക സഹായങ്ങളിൽ നിന്നോ സാങ്കേതികോപാധികളിൽ നിന്നോ ഉരുത്തിരിയുന്നതല്ല. പിന്നെയോ, മനസ്സാക്ഷി രൂപീകരണത്തിൽ നിന്നും ചിന്താ രീതികളുടേയും പെരുമാററ ശൈലികളുടേയും അനുക്രമമായ പരിപാകത്തിൽ നിന്നുമാണ് അതുണ്ടാകുന്നത്. വികസനത്തിൻെറ മുഖ്യ കാര്യക്കാരൻ മനുഷ്യൻ തന്നെയാണ്; പണമോ സാങ്കേതികതയോ അല്ല. സഭ മാനവ മനസ്സാക്ഷിയെ മെനഞ്ഞെടുക്കുന്ന കർമ്മത്തിലാണ് മുഴുകുന്നത്. മനുഷ്യൻ അന്വേഷിച്ചിട്ടും കണ്ടെത്താത്ത ദൈവത്തെ സഭ കാണിച്ചു കൊടുക്കുന്നു. ദൈവത്തിൻെറ ഛായയിൽ സൃഷ്ടിച്ച, ദൈവം സ്നേഹിക്കുന്ന മനുഷ്യൻെറ ശ്രേയസ്സ്, ദൈവത്തിൻെറ മക്കളെന്ന നിലയിലുള്ള സ്ത്രീ പുരുഷന്മാരുടെ സമത്വം, ദൈവം മനുഷ്യനുവേണ്ടി സൃഷ്ടിച്ച പ്രകൃതിയിന്മേലുള്ള അവൻെറ ആധിപത്യം, പൂർണ്ണവ്യക്തിയുടെയും സമസ്ത മാനവരാശിയുടേയും വികസനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള കടമ ആദിയായവയെല്ലാം സഭ മുൻപോട്ടു വയ്ക്കുന്ന മാർഗ്ഗരേഖകളാണ് (RM 58-3).

www.malankaralibrary.com

5

# ചെന്തേസ്സിമൂസ് അന്നൂസ്- നൂറാം വർഷം...

റേരും നൊവാരും (RERUM NOVARUM) പത്തൊൻപതാം നൂററാണ്ടിലെ 'പുതിയ കാര്യങ്ങൾ' ചർച്ചചെയ്യാനും അവയെ സംബന്ധിച്ച സഭയുടെ പ്രബോധനം നല്കാനുമാണ് ലെയോ പതിമൂന്നാമൻ മാർപ്പാപ്പ പുറപ്പെടുവിച്ചത്. സഭയുടെ സാമൂഹിക ദർശനത്തിന് തുടക്കം കുറിച്ച റേരും നൊവാരും പത്തൊൻപതാം നൂററാണ്ടിലെ സാമൂഹിക - സാമ്പത്തിക പ്രശ്നങ്ങളാണ് ചർച്ചാവിഷയമാക്കിയത്. വരാനിരിക്കുന്ന നാളുകളെപ്പററി പ്രവാചക തുല്യമായ മുന്നറിയിപ്പാണ് ലെയോ പതിമൂന്നാമൻ മാപ്പാപ്പാ നല്കിയത്. ഒരു നൂററാണ്ടിനുശേഷം 'ചെന്തേസ്സിമൂസ് അന്നൂസ്' (CENTESIMUS ANNUS, 1991=CA)മൂന്നാം സഹസ്രാബ്ദത്തിലേക്കു പ്രവേശിക്കുന്ന മനുഷ്യ സമൂഹത്തിൻെറ പ്രശ്നങ്ങളാണ് ചർച്ച ചെയ്യുന്നത്. റേരും നൊവാരുമിൻെറ പ്രബോധനം അവഗണിച്ചതിൻെറ തിക്തഫലങ്ങൾ അനുഭവിച്ച മനുഷ്യരാശിയോട് ഈ കാലഘട്ടതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സത്വരമായ ശ്രദ്ധ കാണിക്കണമെന്ന് ചെന്തേസ്സിമൂസ് അന്നൂസിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ആവശ്യപ്പെടുന്നു. ഒരു കാലഘട്ടത്തിൻെറ ബാക്കിപത്രമായി പരിഗണിക്കേണ്ട ചെന്തേസ്സിമൂസ് അന്നൂസ് (നൂറാം വർഷം) സഭയുടെ സാമൂഹിക പ്രബോധനത്തിലെ ഒരു നാഴികക്കല്ലു തന്നെയാണ്. ആമുഖവും ആറ് അദ്ധ്യായങ്ങളും ഉൾപ്പെടെ അറുപത്തിരണ്ടു നമ്പറുകളാണ് ഈ ചാക്രികലേഖനത്തിലുള്ളത്.

'റേരും നൊവാരുമിൻെറ സവിശേഷതകൾ' എന്ന ഒന്നാം അദ്ധ്യായത്തിൽ സഭയുടെ സാമൂഹിക പ്രബോധനത്തിന് സുവിശേഷവത്ക്കരണത്തിലുള്ള സ്ഥാനം വ്യക്തമാക്കുകയാണ് മാർപ്പാപ്പാ: "പുതിയ സുവിശേഷവത്ക്കരണം അതിൻെറ സത്താപരമായ ഘടകങ്ങളിൽ സഭയുടെ സാമൂഹിക സിദ്ധാന്തത്തിൻെറ ഒരു പ്രഖ്യാപനത്തെക്കൂടി ഉൾപ്പെടുത്തണം.......സുവിശേഷത്തെ മാററിനിറുത്തിയിട്ട് സാമൂഹികപ്രശ്നത്തിനു ഒരു യഥാർത്ഥ പരിഹാരം കാണുവാൻ സാധിക്കുകയില്ല - പുതിയ സംഗതികളെ ശരിയായി മനസ്സിലാക്കാനുള്ള സാഹചര്യവും

www.malankaralibrary.com

അവയെപ്പററി വിധിതീർപ്പു കല്പിക്കാനുള്ള ശരിയായ ധാർമ്മിക വീക്ഷണവും സുവിശേഷത്തിൽ കണ്ടെത്താൻ കഴിയും......" (CA 5.5).

രണ്ടാം അദ്ധ്യായത്തിൽ 'ഇന്നത്തെ പുതിയ സംഗതിക'ളാണ് മാർപ്പാപ്പാ അവതരിപ്പിക്കുന്നത്:

* 1989 മുതൽ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ സോഷ്യലിസത്തിൻെറ പാത ഉപേക്ഷിച്ചു തുടങ്ങിയത് വളരെ പ്രധാനപ്പെട്ട വസ്തുതയാണ് (CA 12.1).

* തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി വളരെയേറെ കാര്യങ്ങൾ നടപ്പിലായി. സാമൂഹിക സുരക്ഷിതത്വം, പെൻഷൻ, ആരോഗ്യ സംബന്ധമായ ഇൻഷ്വറൻസ്, അപകട സന്ദർഭങ്ങളിലുള്ള നഷ്ടപരിഹാരം ഇവ ഉദാഹരണങ്ങളാണ്. തൊഴിലാളിസംഘടനകൾ ശക്തമായതും പ്രാധാന്യമർഹിക്കുന്ന സംഗതിയാണ് (CA 15.5).

* സഹകരണ സംഘങ്ങളുടെ വളർച്ചയും നല്ല പരിവർത്തനങ്ങൾക്കു കാരണമായി എന്നു ചൂണ്ടിക്കാണിക്കുന്നുണ്ട് (CA 16.1).

* സ്വാതന്ത്ര്യത്തെ സംബന്ധിച്ച അബദ്ധധാരണകളും സ്വാതന്ത്ര്യത്തിൻെറ ദുർവിനിയോഗവും പുതിയ പ്രവണതകളാണ് (CA 17.1).

* രണ്ടു ലോകമഹായുദ്ധങ്ങളും ഇന്ന് നടക്കുന്ന യുദ്ധസന്നാഹങ്ങളും പുതിയ കാര്യങ്ങളത്രേ (CA 17).

* കമ്മ്യൂണിസം പൂർവ്വയൂറോപ്യൻ രാജ്യങ്ങളിലെ സംസ്കാരങ്ങളെ തകർക്കാൻ നടത്തിയ ശ്രമങ്ങൾ ചാക്രികലേഖനം വിവരിക്കുന്നുണ്ട് (CA 18).

* പ്രത്യയശാസ്ത്രങ്ങളുടെ പേരിൽ വൻകിട രാജ്യങ്ങൾ മൂന്നാം ലോകത്തിലെ രാജ്യങ്ങളിൽ പ്രശ്നങ്ങൾ ഊതിവീർപ്പിച്ചതും തന്മൂലം ആയുധമത്സരങ്ങൾ അരങ്ങേറിയതും ഈ കാലഘട്ടത്തിൻെറ പ്രത്യേകതകളാണ് (CA 17.2 - 18.1).

* ഭീകരപ്രസ്ഥാനങ്ങൾ രാഷ്ട്രീയ-സൈനിക പിന്തുണയോടെ വളർന്നുവന്നത് നമ്മുടെ കാലഘട്ടത്തിൻെറ പ്രത്യേകതയാണ് (CA 18.2).

* യുദ്ധാനന്തര കാലഘട്ടത്തിൽ ജനാധിപത്യരീതികൾ സാമൂഹിക ജീവിതത്തിൻെറ എല്ലാ മേഖലകളിലും ശക്തമായി. തന്മൂലം നീതിയിൽ അധിഷ്ഠിതമായ സമൂഹത്തിനുവേണ്ടിയുള്ള ശ്രമം ഇന്നു ശക്തമാണ് (CA 19 - 19.1).

* ഭൗതിക നേട്ടം മാത്രം ലക്ഷ്യമാക്കുകയും മത-ധാർമ്മിക മൂല്യങ്ങൾ നിരാകരിക്കുകയും ചെയ്യുന്ന മുതലാളിത്തവ്യവസ്ഥിതി മനുഷ്യനെ സാമ്പത്തിക തലത്തിൽ മാത്രം കാണുവാൻ ശ്രമിച്ചു. 'സാമ്പത്തികതയുടെ മണ്ഡലത്തിലേക്കും ഭൗതിക വശങ്ങളുടെ തൃപ്തിപ്പെടുത്തലിലേക്കും മനുഷ്യനെ മുഴുവനായി ഒതുക്കുന്ന' (CA 19.3) മുതലാളിത്തവ്യവസ്ഥിതി കമ്മ്യൂണിസംപോലെ അപകടകരമാണ്. ധാർമ്മികത, നിയമം, സംസ്കാരം, മതം എന്നിവയ്ക്കു സ്വതന്ത്രമായ അസ്തിത്വവും മൂല്യവും അതു നിഷേധിക്കുന്നു.

www.malankaralibrary.com

* കോളനികൾ സ്വാതന്ത്ര്യം നേടിയത് ശ്രദ്ധേയമായ പുതിയ വസ്തുതയാണ് (CA 20).

* മനുഷ്യാവകാശങ്ങളെ സംബന്ധിച്ച വ്യാപകമായ അവബോധം രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള സവിശേഷമായ സംഗതിയാണ്. അന്താരാഷ്ട്ര പ്രമാണരേഖകളിൽ മനുഷ്യാവകാശങ്ങൾ ഇടം നേടിയിട്ടുണ്ട്. രാഷ്ട്രങ്ങളുടെ അവകാശങ്ങളെപ്പററിയുള്ള ബോധവും, ഭൂമിശാസ്ത്രപരമായ മേഖലകൾ തമ്മിലുള്ള ഗൗരവതരമായ അസമത്വങ്ങൾ പരിഹരിക്കേണ്ടതിൻെറ ആവശ്യകതയും, സാമൂഹികപ്രശ്നങ്ങൾ അന്തർദ്ദേശീയ തലത്തിൽത്തന്നെ ചർച്ച ചെയ്യേണ്ടതിൻെറ അടിയന്തിര സ്വഭാവവും ഇന്നു വ്യക്തമാണ് (CA 21).

മൂന്നാം അധ്യായം 1989 മുതൽ ആരംഭിച്ച കമ്മ്യൂണിസത്തിൻെറ തകർച്ചയെ വിശകലനം ചെയ്യുന്നു. മനുഷ്യനിലെ ദൈവികച്ഛായയെ നിഷേധിച്ചതും സ്വകാര്യസ്വത്തവകാശം, സാമ്പത്തിക കാര്യങ്ങളിൽ വ്യക്തിക്ക് മുൻകൈ എടുക്കാനുള്ള സ്വാതന്ത്ര്യം ഇവ നിരാകരിച്ചതും അന്തിമമായി കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ സാമ്പത്തിക തകർച്ചയ്ക്കും കാരണമായി. ദൈവവിശ്വാസം ഇല്ലാതാക്കാൻ കമ്മ്യൂണിസം നടത്തിയ ശ്രമം അതിനെ ആദ്ധ്യാത്മികമായ ദാരിദ്ര്യത്തിലേക്കു നയിച്ചു. വിശ്വാസികളുടെ നിരന്തരമായ പ്രാർത്ഥനയും സഭയുടെ നേതൃത്വത്തിൽ നടന്ന സംവാദവും മാററത്തിന് കളമൊരുക്കി എന്ന് ചാക്രികലേഖനം വ്യക്തമാക്കുന്നു.

സ്വകാര്യസ്വത്തവകാശത്തിന് ഈ കാലഘട്ടത്തിനു ചേർന്ന വ്യാഖ്യാനം നൽകിയശേഷം അതിൻെറ സാമൂഹികമാനം വ്യക്തമാക്കുകയാണ് നാലാം അദ്ധ്യായം. സാങ്കേതിക ജ്ഞാനവും വൈദഗ്ദ്ധ്യവും വളരെ പ്രാധാന്യം അർഹിക്കുന്ന സമ്പത്തായി തീർന്നിരിക്കുന്നു എന്ന് മാർപ്പാപ്പാ വ്യക്തമാക്കുന്നു: "വർദ്ധമാനമായ തോതിൽ, മനുഷ്യൻ തന്നെയാണ് നിർണ്ണായകമായ ഘടകം. അതായത്, മനുഷ്യൻെറ അറിവ്, പ്രത്യേകിച്ച് ശാസ്ത്രീയ ജ്ഞാനം, പരസ്പരബന്ധിതമായും ഒതുക്കമുള്ളതായും സംഘടിപ്പിക്കാനുള്ള കഴിവ്, മററുള്ളവരുടെ ആഗ്രഹങ്ങൾ കണ്ടറിയാനും അവയെ തൃപ്തിപ്പെടുത്താനുമുള്ള സാമർത്ഥ്യം....." എന്നിവ സമ്പത്തിന് പുതിയ ഭാവങ്ങൾ നൽകുന്നു (CA 32.3). എന്നാൽ ലോകജനതയിലെ വലിയൊരു ഭാഗം ഭൗതിക വസ്തുക്കളുടെ അഭാവത്തോടൊപ്പം സാങ്കേതിക ജ്ഞാനം, പരിശീലനം, വൈദഗ്ദ്ധ്യം എന്നിവയുടെ കുറവിനാൽ ഇന്നും ദരിദ്രരായി തുടരുന്നു. അതുപോലെ, സ്വതന്ത്രകമ്പോളവ്യവസ്ഥ വളരെയേറെ മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേററാൻപോലും അപര്യാപ്തമാണ്. ലാഭനഷ്ടങ്ങൾ മാത്രം പരിഗണിക്കുന്ന സാമൂഹിക, സാമ്പത്തിക വ്യവസ്ഥിതികൾക്ക് മാനുഷിക പരിഗണനകൾ ഉണ്ടാകുക സാധ്യമല്ലല്ലോ. കുടുംബ വേതനം, പ്രായാധിക്യം, തൊഴിലില്ലായ്മ തുടങ്ങിയ സാഹചര്യങ്ങൾ ലക്ഷ്യമാക്കിയുള്ള ഇൻഷുറൻസ്, നീതിപൂർവ്വകമായ തൊഴിൽ വ്യവസ്ഥകൾ എന്നിവ

www.malankaralibrary.com

വികസ്വര രാജ്യങ്ങളിൽ ഇനിയും നടപ്പിലായിട്ടില്ലെന്നും ചെന്തേസ്സിമൂസ് അന്നൂസ് വ്യക്തമാക്കുന്നു.

വികസനസങ്കല്പത്തിലെ അപാകതകൾ മൂലം വികസിത-സമ്പന്ന രാജ്യങ്ങൾ നേരിടുന്ന പ്രശ്നങ്ങളും ചാക്രികലേഖനം ചർച്ചാവിഷയമാക്കുന്നുണ്ട്. പ്രധാനമായും നാലു വിപത്തുകളാണ് മാർപ്പാപ്പാ ചൂണ്ടിക്കാണിക്കുന്നത്.

ഉപഭോഗ സംസ്കാരം: മനുഷ്യൻെറ ഭൗതികതാല്പര്യങ്ങൾ ഊതിപ്പെരുപ്പിക്കുകയും അതിന് അനുസരിച്ച് ഭൗതികവസ്തുക്കൾ ഉത്പാദിപ്പിക്കുകയുമാണ് ഇന്നത്തെ രീതി. എത്രമാത്രം ലഭിച്ചാലും തൃപ്തിയാകാത്ത മാനസികാവസ്ഥയിലാണ് ആധുനിക മനുഷ്യൻ. ആന്തരികവും ആദ്ധ്യാത്മികവുമായ ശൂന്യതയിൽ മനുഷ്യൻ എത്തുന്നു. മെച്ചപ്പെട്ട മനുഷ്യനാകുന്നതിന് ആധുനിക മനുഷ്യൻ ശ്രദ്ധവയ്ക്കേണ്ടിയിരിക്കുന്നു. പക്വമായ വ്യക്തിത്വരൂപീകരണത്തിനായി വിദ്യാഭ്യാസ, സാംസ്കാരിക പ്രവർത്തനങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. സത്യം, സൗന്ദര്യം, നന്മ, കൂട്ടായ്മ തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഉത്പാദന, ഉപഭോഗ വ്യവസ്ഥിതി ഉണ്ടാകേണ്ടിയിരിക്കുന്നു. സഹോദരസ്നേഹം, അനുകമ്പ, ദൈവപരിപാലനയിലുള്ള വിശ്വാസം എന്നീ പുണ്യങ്ങൾ സാമ്പത്തിക മേഖലയിലെ തീരുമാനങ്ങളിൽ നിറഞ്ഞു നില്ക്കണം.

പരിസ്ഥിതി പ്രശ്നങ്ങൾ: ഉപഭോഗസംസ്കാരത്തിന് അടിമയായ മനുഷ്യൻ തൻെറ താല്പര്യങ്ങൾക്കുവേണ്ടി അനിയന്ത്രിതമായി പ്രകൃതിയെ ചൂഷണം ചെയ്യുന്നു. പ്രകൃതിയെ സംബന്ധിച്ച ദൈവിക പദ്ധതിയുടെ നിരാകരണത്തിൻെറ പരിണിത ഫലം ആപത്കരമായ പരിസരമലിനീകരണത്തിലെത്തി നില്ക്കുന്നു. ഭാവിതലമുറയ്ക്കുവേണ്ടി കൂടിയുള്ളതാണ് പ്രകൃതി എന്ന കാര്യം ചാക്രികലേഖനം അനുസ്മരിപ്പിക്കുന്നു.

മാനുഷിക പരിസ്ഥിതി നശീകരണം: മനുഷ്യനെ മെച്ചപ്പെട്ടവനാക്കാൻ പററിയ സാമൂഹിക-സാംസ്കാരിക പരിസ്ഥിതിയല്ല ഇന്നു നിലവിലുള്ളത്. ജീവിത സാഹചര്യങ്ങളിൽ വന്നു ഭവിച്ചിരിക്കുന്ന മൂല്യച്യുതി പാപം നിറഞ്ഞ ഒരു സംവിധാനത്തിന് രൂപം നല്കിയിരിക്കുകയാണ്. ഉത്തമമായ മാനുഷിക പരിസ്ഥിതി സംരക്ഷണത്തിൽ ഏററവും പ്രാധാന്യം നല്കേണ്ടത് കുടുംബത്തിനാണ്.

അന്യവത്കരണം: വ്യക്തിയുടെ ജീവിതത്തിൻെറയും ഓരോ യാഥാർത്ഥ്യത്തിൻെറയും ലക്ഷ്യത്തിന് കോട്ടംവരുത്തിയതിനാലാണ് അന്യവത്കരണം (alienation) സംഭവിക്കുന്നത്. "മനുഷ്യൻ തന്നിൽ നിന്നു തന്നെ അതീതനായി നിലകൊള്ളാനും, ആത്മദാനത്തിൻെറയും, തൻെറ അന്തിമലക്ഷ്യമായ ദൈവത്തിലേക്ക് നയിക്കുന്ന മാനുഷിക കൂട്ടായ്മയുടെ രൂപവത്ക്കരണത്തിൻെറയും അനുഭവം ജീവിച്ചറിയാനും വിസമ്മതിച്ചാൽ അവൻ അന്യവത്കരിക്കപ്പെടുകയാണ്" (CA 41.2). ഇതേ തരത്തിൽ സമൂഹവും അന്യവത്കരിക്കപ്പെടാവുന്നതാണ്. മുതലാളിത്ത-മാർക്സിസ്റ്റ്

www.malankaralibrary.com

രാജ്യങ്ങൾ ഒരുപോലെ അന്യവത്കരണത്തിന് ആക്കം കൂട്ടിയതേയുള്ളൂ.

'രാഷ്ട്രവും സാംസ്കാരവു'മെന്ന അഞ്ചാം അദ്ധ്യായം രാഷ്ട്രത്തെ സംബന്ധിച്ച ശരിയായ ദർശനത്തിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. ധാർമ്മികവും മാനുഷികവുമായ മൂല്യങ്ങളുടെ തിരസ്കാരമാണ് സ്വേച്ഛാധിപത്യ ഭരണകൂടങ്ങളെ സൃഷ്ടിച്ചതെന്ന് ചാക്രികലേഖനം വ്യക്തമാക്കുന്നു. ജനാധിപത്യം നല്കുന്ന സ്വാതന്ത്ര്യത്തിന്റെ പശ്ചാത്തലമാണ് വ്യക്തിക്കും സമൂഹത്തിനും പുരോഗതിക്കു വഴിയൊരുക്കുക. സമഗ്രമായ വിദ്യാഭ്യാസത്തിലൂടെ ധാർമ്മിക മൂല്യങ്ങളെ വളർത്തുകയും നിയമവാഴ്ചയെ പുലർത്തുകയും ചെയ്യുമ്പോഴേ ജനാധിപത്യം ശക്തിപ്പെടുകയുള്ളൂ. മനുഷ്യാവകാശങ്ങൾ മാനിക്കപ്പെടുന്നതും ജനാധിപത്യത്തിന്റെ പരിരക്ഷണത്തിന് ആവശ്യമായ വ്യവസ്ഥയാണ്.

കുടുംബം, അയൽപക്കബന്ധം തുടങ്ങിയ സാഹചര്യങ്ങളിലെ നല്ല ബന്ധങ്ങളിലൂടെയാണ് കൂട്ടായ്മയുടെ ഒരു സംസ്കാരം രൂപീകരിക്കാനാവുക. ഈ നല്ല സാഹചര്യങ്ങളിൽ രോഗം, പ്രായാധിക്യം, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങിയ കാരണങ്ങളാൽ മനുഷ്യൻ ഒററപ്പെടാനുള്ള സാഹചര്യം തുലോം കുറവാണ്. കൂട്ടായ്മയുടെ അരൂപി വളർത്തിയെടുക്കുന്നതിൽ സാർവത്രിക സഭയ്ക്കു സുപ്രധാനമായ പങ്കുവഹിക്കാനാവും. സഭാമദ്ധ്യത്തിൽ സ്നേഹവും ഐക്യവും പുലർത്തിയാണ് ഇതു സാധ്യമാക്കേണ്ടത്.

'മനുഷ്യനാണ് സഭയുടെ മാർഗ്ഗം' എന്ന ആറാം അദ്ധ്യായം മനുഷ്യനെ സംബന്ധിച്ച ക്രിസ്തീയ ദർശനം അവതരിപ്പിക്കുന്നു. സഭയുടെ സാമൂഹിക പ്രബോധനത്തിന്റെ കേന്ദ്രബിന്ദു മനുഷ്യനാണ്. യേശു ഏല്പിച്ച ദൗത്യം മനുഷ്യന്റെ സമഗ്രരക്ഷ ലക്ഷ്യമാക്കേണ്ട ഒന്നാണ്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഒരോ കാലഘട്ടത്തിലുമുണ്ടാകുന്ന മാനുഷിക പ്രശ്നങ്ങളെ സുവിശേഷാധിഷ്ഠിതമായി വിലയിരുത്തി തക്കതായ പരിഹാരം നിർദ്ദേശിക്കാനാണ് സഭ ശ്രമിക്കുന്നത്. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമൂഹത്തിന്റെ പൊതുവായ ക്ഷേമത്തിനുമായി സഭ നൽകിയിട്ടുള്ള പ്രബോധനം ശ്രദ്ധേയമാണ്. ദരിദ്രരോടും നിരാലംബരോടും പ്രത്യേക സ്നേഹവും പരിഗണനയും കാണിക്കാനും നീതിക്കായി പ്രവർത്തിക്കാനും ആധുനിക കാലഘട്ടത്തിലെ മാർപ്പാപ്പാമാരെല്ലാം ആഹ്വാനം ചെയ്തിട്ടുണ്ട്.

മനുഷ്യന്റെ സമഗ്ര നന്മയ്ക്ക് തടസ്സമാകുന്ന പ്രത്യയശാസ്ത്രങ്ങളെയും പ്രവർത്തനശൈലികളെയും സാമൂഹിക പ്രബോധനം നിരാകരിക്കുന്നത് മനുഷ്യനോടുള്ള സുവിശേഷാധിഷ്ഠിതമായ പ്രതിബദ്ധത കൊണ്ടാണ്. സഭയുടെ സുവിശേഷ പ്രഘോഷണത്തിന്റെയും കൂദാശാപരികർമ്മത്തിന്റെയും അർത്ഥവും മനുഷ്യനോടുള്ള സ്നേഹവും ഉത്തരവാദിത്വവുമാണ്. മനുഷ്യന്റെ ജീവിത സാഹചര്യങ്ങളിലെ നിരവധിയായ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുകയാണ് സഭയുടെ ശുശ്രൂഷയുടെ

www.malankaralibrary.com

ലക്ഷ്യം. മനുഷ്യരാശിയുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനും പൊതു ക്ഷേമത്തിനായി പ്രവർത്തിക്കാനും എല്ലാവരേയും ആഹ്വാനം ചെയ്തു കൊണ്ടാണ് ചാക്രികലേഖനം സമാപിക്കുക.

എന്താണ് ചെന്തേസ്സിമൂസ് അന്നൂസ് നമ്മുടെ കാലഘട്ടത്തിനു നൽകുന്ന സന്ദേശം? ഒരു നൂററാണ്ടിൻെറ ബാക്കിപത്രമാണ് ചാക്രികലേഖനം അവതരിപ്പിക്കുന്നത്. 1891 മുതൽ ഒരു നൂററാണ്ടുകാലം സാമൂഹിക ജീവിതത്തിലുണ്ടായ സ്വാഗതാർഹവും അസ്വീകാര്യവുമായ മാററങ്ങളാണ് ചെന്തേസ്സിമൂസ് വിലയിരുത്തുന്നത്. നല്ല കാര്യങ്ങളുടെ പിന്നിൽ പ്രവർത്തിച്ച നിർണ്ണായകമായ ഒരു ശക്തിയായിരുന്നു സഭ. മനുഷ്യൻെറ ഔന്നത്യവും സ്വാതന്ത്ര്യവും അംഗീകരിക്കുന്നതും വ്യക്തിയുടെയും സമൂഹത്തിൻെറയും സമഗ്ര ക്ഷേമം ലക്ഷ്യമാക്കുന്നതുമായ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതികൾക്കു വേണ്ടിയാണ് സഭയുടെ പ്രബോധനവും പ്രവർത്തനവും നിലകൊണ്ടത്. ഈ ലക്ഷ്യങ്ങൾ തന്നെയാണ് ഇന്നും സഭയുടെ മുന്നിലുള്ളത്. റേരും നൊവാരുമിൻെറ കാലത്തും തുടർന്നും യൂറോപ്പിലെ സാധാരണക്കാരുടെ ദാരിദ്ര്യമായിരുന്നു സഭയുടെ മുമ്പിലുണ്ടായിരുന്നത്. ഇന്നാകട്ടെ ലോകമെങ്ങുമുള്ള ദരിദ്രരാണ് സഭയുടെ പരിഗണനയുടെ മുഖ്യ വിഷയം. അതോടൊപ്പം വികസിത രാജ്യങ്ങളിൽ അതിവികസനം ഉളവാക്കുന്ന പ്രശ്നങ്ങളും സഭയുടെ ശ്രദ്ധയ്ക്കു വിഷയമാകുന്നു. ഈ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് ചെന്തേസ്സിമൂസ് അന്നൂസിൻെറ പ്രബോധനം പ്രസക്തമാകുക. മനുഷ്യൻെറയും സമൂഹത്തിൻെറയും സമഗ്ര നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കുമുള്ള മാർഗ്ഗനിർദ്ദേശമാണ് നാമിവിടെ കാണുക. വിശ്വാസികളെ സംബന്ധിച്ച് മനസ്സാക്ഷി രൂപീകരണത്തിനും സുവിശേഷാധിഷ്ഠിതമായ പ്രവർത്തനത്തിനുമുള്ള വഴി നാം ചെന്തേസ്സിമൂസ് അന്നൂസിൽ കാണുന്നു. മനുഷ്യൻെറയും സമൂഹത്തിൻെറയും ക്ഷേമം ചാക്രികലേഖനത്തിലെ നിർദ്ദേശങ്ങൾ പാലിച്ചാൽ ഉറപ്പാണ്. ചെന്തേസ്സിമൂസ് അന്നൂസിലെ പ്രബോധനം സ്വീകരിക്കുവാൻ നമ്മുടെ കാലഘട്ടത്തിനു കഴിയുമെന്ന് പ്രത്യാശിക്കാം.

---

തൻെറ സാമൂഹിക സന്ദേശം പ്രവർത്തന നയങ്ങളുടെ സാക്ഷ്യം വഴി പെട്ടെന്നു വിശ്വാസ്യത നേടുമെന്നു എന്നത്തേക്കാളും അധികമായി ഇന്ന് സഭയ്ക്ക് ബോധ്യമുണ്ട്. ഈ അവബോധം ദരിദ്രരോടുള്ള അവളുടെ മുൻഗണനാപരമായ സ്നേഹത്തിൻെറ ഒരു ഉറവിടം കൂടിയാണ്. ആ സ്നേഹമാകട്ടെ, മററു ഗ്രൂപ്പുകളിലുള്ള ആരെയും ഒഴിവാക്കുകയോ ആരോടും വിവേചന കാണിക്കുകയോ ചെയ്യുന്നില്ല. ഈ താത്പര്യം ഭൗതികമായ ദാരിദ്ര്യത്തെ സംബന്ധിച്ചു മാത്രം ഒതുങ്ങി നില്ക്കുന്നതല്ല. കാരണം, മററ് അനേകതരത്തിലുള്ള ദാരിദ്ര്യം, പ്രത്യേകിച്ച്, ആധുനികസമൂഹത്തിൽ, ഉണ്ടെന്ന കാര്യം സുജ്ഞാതമാണല്ലോ. സാമ്പത്തികദാരിദ്ര്യം മാത്രമല്ല, സാംസ്കാരികവും ആദ്ധ്യാത്മികവുമായ ദാരിദ്ര്യവുമുണ്ട്. സാങ്കേതികവിദ്യാപരവും സാമ്പത്തികവുമായ പുരോഗതി ഉണ്ടായിട്ടും ഭീമാകാരമായി ത്തീരുമെന്ന ഭീഷണിയുൾക്കൊള്ളുന്ന ദാരിദ്ര്യമുള്ള ലോകത്തെ ശ്രദ്ധിക്കുവാൻ ആ സ്നേഹം അവളെ നിർബന്ധിക്കുന്നു. പടിഞ്ഞാറൻ രാജ്യങ്ങളിലും ജനങ്ങൾ വിവിധ തരത്തിലുള്ള ദാരിദ്ര്യം അനുഭവിക്കുന്നുണ്ട്. സർവ്വ രാഷ്ട്രങ്ങളുടെയും സഹകരണത്തോടെയുള്ള നടപടികൾ എടുത്തില്ലെങ്കിൽ വികസ്വരരാഷ്ട്രങ്ങളുടെ ചക്രവാളങ്ങളിൽ ദുരന്താത്മകങ്ങളായ വിഷമസന്ധികൾ പ്രത്യക്ഷപ്പെടും (CA 57.1).

www.malankaralibrary.com

# 6

# പുതുയുഗപ്പുലരിയിൽ

ആധുനിക ലോകത്തിലെ ഏററവും ശ്രദ്ധേയമായ വസ്തുത സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ ശക്തിയാണ്. ദൂരത്തേയും സമയത്തേയും അതിജീവിച്ച്, ലോകത്തെ ഒരു ഗ്രാമമാക്കി മാററാൻ മാധ്യമങ്ങൾക്കു സാധിച്ചിരിക്കുന്നു. റേഡിയോയിലും വയർലെസ്സിലും ആരംഭം കുറിച്ച മാധ്യമങ്ങൾ ഇന്ന് വിവരസാങ്കേതിക വിദ്യയിലെ അത്യാധുനിക കണ്ടുപിടുത്തങ്ങളിലൂടെ ദൂരത്തിൻെറയും സമയത്തിൻെറയും പരിമിതികൾ കീഴടക്കി മുന്നേറുകയാണ്. മാധ്യമങ്ങൾ നന്മയ്ക്കും തിന്മയ്ക്കും ഉപയുക്തമാക്കാം. ഇക്കാരണത്താൽ ധാർമ്മിക പരിഗണനകൾ സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗത്തിൽ പരമപ്രാധാന്യം അർഹിക്കുന്നു. സമ്പർക്ക മാധ്യമങ്ങളുടെ അനന്തമായ സാധ്യതകളെ മുന്നിൽ കണ്ടുകൊണ്ടാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് 'സാമൂഹിക മാധ്യമങ്ങൾ' എന്ന ഡിക്രി പുറപ്പെടുവിച്ചത്. പക്ഷേ, അസാധാരണമായി ഈ പ്രമാണരേഖയിൽ ഒന്നും പ്രതിപാദിക്കുന്നില്ല എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട് (E.Schillebeeckx OP, Vatican II: The Real Achievement, London: Sheed and Ward, p.39). എന്നാൽ സാമൂഹിക സമ്പർക്ക മാധ്യമങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ (Pontifical Council for the Instruments of Social Communication : PCIDC) 1971 ജനുവരി 29-നു പുറപ്പെടുവിച്ച 'ഐക്യവും പുരോഗതിയും' (COMMUNIO ET PROGRESSIO) എന്ന അജപാലക മാർഗ്ഗനിർദ്ദേശസംഹിത വളരെ പ്രാധാന്യമർഹിക്കുന്നതും ഇന്നും പ്രസക്തമായതുമാണ്. വിവിധ സമ്പർക്ക മാധ്യമങ്ങളെപ്പററി സവിസ്തരം പ്രതിപാദിച്ചുകൊണ്ട് അവയുടെ സാധ്യതകൾ സുവിശേഷ പ്രഘോഷണത്തിനും മൂല്യബോധനത്തിനും എപ്രകാരം വിനിയോഗിക്കണമെന്ന് ഈ പ്രബോധനരേഖ നിർദ്ദേശിക്കുന്നു. സമ്പർക്ക മാധ്യമങ്ങളുടെ പുരോഗതിയും തദ്വാരാ ജീവിത സാഹചര്യങ്ങളിൽ വന്ന മാററവും മറെറാരു പ്രമാണരേഖയുടെ പ്രസിദ്ധീകരണത്തിന് വഴിയൊരുക്കി. 1992 ഫെബ്രുവരി 22-ന് സാമൂഹിക സാമ്പത്തിക മാധ്യമങ്ങൾക്കുവേണ്ടിയുള്ള കൗൺസിൽ 'പുതുയുഗപ്പുലരിയിൽ' (AETATIS NOVAE=AN) എന്ന

www.malankaralibrary.com

അജപാലക നിർദ്ദേശസംഹിത തയ്യാറാക്കി പ്രസിദ്ധീകരിച്ചത് ഈ പശ്ചാത്തലത്തിലാണ്. 'ഐക്യവും പുരോഗതിയും' എന്ന രേഖയുടെ ഇരുപതാം വാർഷിക വേളയിലാണ് 'പുതുയുഗപ്പുലരിയിൽ' പ്രസിദ്ധീകരിച്ചത് എന്നതും ശ്രദ്ധേയമായ വസ്തുതയാണ്. ആമുഖവും ഉപസംഹാരവും അഞ്ചുഭാഗങ്ങളും ഒരനുബന്ധവും ഉൾപ്പെടുന്നതാണ് പ്രമാണരേഖ. ഖണ്ഡികകളും ഉപഖണ്ഡികകളുമായി 33 നമ്പറുകളാണ് ഈ അജപാലക നിർദ്ദേശ സംഹിതയിലുള്ളത്.

ആമുഖത്തിൽത്തന്നെ പുതുയുഗപ്പുലരിയുടെ ലക്ഷ്യം വ്യക്തമാക്കുന്നുണ്ട്. വത്തിക്കാൻ സൂനഹദോസിനുശേഷം പ്രസിദ്ധീകരിച്ച പല ഔദ്യോഗിക രേഖകളും മാധ്യമങ്ങളെപ്പററി പരാമർശിക്കുന്നുണ്ട്. ഉദാഹരണമായി, ചെന്തേസ്സിമുസ് അന്നൂസ് 12-23; രക്ഷകൻെറ മിഷൻ 37. 'ഐക്യവും പുരോഗതിയും' ആവിഷ്കരിച്ച തത്വങ്ങളും ഉൾക്കാഴ്ചകളും ഇന്നത്തെ യാഥാർത്ഥ്യങ്ങളിൽ പ്രായോഗികമാണെന്നുള്ള നിർദ്ദേശങ്ങളാണ് പുതുയുഗപ്പുലരി നല്കുക. എന്താണ് ഇന്നത്തെ സ്ഥിതി? "ഇന്ന് മനുഷ്യൻ ജീവിതത്തെപ്പററി അറിയുകയും ചിന്തിക്കുകയും ചെയ്യുന്നതിൽ നല്ലൊരു ശതമാനവും മാധ്യമങ്ങൾ ക്രമപ്പെടുത്തിയവയിലൂടെയാണെന്ന വസ്തുതയാണത്"(AN 2.1). മനുഷ്യൻെറ അനുഭവങ്ങൾപോലും മാധ്യമങ്ങൾ നിർണ്ണയിക്കുന്നവയാണ് എന്ന സ്ഥിതിവരെ എത്തിയിട്ടുണ്ട്. കൂടാതെ, സാങ്കേതികവിദ്യ അഭൂതപൂർവ്വമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. ഇവ സഭയുടെ ദൗത്യ നിർവഹണത്തിന് പുതിയ വഴികൾ തുറന്നു. അതേ സമയം അജപാലനപരമായ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. സമീപിക്കുവാനും കൊണ്ടു നടത്തുവാനും പ്രയാസങ്ങൾ ഉണ്ടാകാമെങ്കിലും അജപാലകരും അത്മായരും ഈ രംഗത്തുനിന്നു മാറി നില്ക്കുവാൻ പാടില്ല. ഇതര സഭാസമൂഹങ്ങളോടും മതവിഭാഗങ്ങളോടും സഹകരിച്ച് മാധ്യമരംഗത്തെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നത് ഉചിതമാണ്. മാധ്യമരംഗത്ത് ആവശ്യമായ മതാത്മക സാന്നിധ്യം ഉറപ്പു വരുത്താൻ ഈ സഹകരണം പ്രയോജനപ്രദമാകുമെന്ന് പുതുയുഗപ്പുലരിയിൽ പ്രത്യാശിക്കുന്നു.

ഒരു രാജ്യത്തോ ഭൂഖണ്ഡത്തിലോ സംപ്രേഷണം ചെയ്യുന്ന ആശയങ്ങളും ചിത്രങ്ങളും ഇന്ന് ഇതരസ്ഥലങ്ങളിലും ലഭ്യമാണ്. ഇവയൊക്കെ ഭാവാത്മകവും നിഷേധാത്മകവുമായ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നവയാണ്. മതം, കുടുംബം, സാംസ്കാരിക ഘടകങ്ങൾ എന്നിവയെ വളർത്താനോ തളർത്താനോ ഇവ പ്രാപ്തമാണ്. ജീവിത ദർശനത്തെ സ്വാധീനിക്കുവാനും ഇവ പര്യാപ്തമാണ്. "മനുഷ്യൻ എന്തു ചിന്തിക്കുന്നു എന്നതിനെ മാത്രമല്ല മാധ്യമങ്ങളുടെ ശക്തി നിർണ്ണയിക്കുന്നത്; അവർ എന്തിനെപ്പററി ചിന്തിക്കും എന്നതിനേയും അവ നിർണ്ണയിക്കുന്നു"(AN 4.3). രാഷ്ട്രീയ സാമ്പത്തിക മേഖലകളിലും മാധ്യമങ്ങളുടെ സ്വാധീനം വലുതാണ്. സാമൂഹിക ക്ഷേമത്തേക്കാളുപരി വ്യക്തിതാല്പര്യങ്ങളും

www.malankaralibrary.com

ലാഭവും ലക്ഷ്യമാക്കി മാധ്യമങ്ങളെ നിയന്ത്രിക്കാവുന്നതാണ്. കൃത്രിമ ആവശ്യങ്ങളും കൃത്രിമ ശൈലികളും ഈ ലക്ഷ്യത്തിനായി പ്രോത്സാഹിപ്പിക്കപ്പെടാം. പരമ്പരാഗത മൂല്യങ്ങളെയും അവ പ്രചരിപ്പിക്കുന്ന കലാരൂപങ്ങളെയും മാധ്യമങ്ങൾ നശിപ്പിക്കാൻ ശ്രമിച്ചെന്നും വരാം. ഈ സാഹചര്യത്തിൽ "പൊതുജന സേവനത്തിന്റെ മാനദണ്ഡങ്ങളനുസരിച്ചും വർദ്ധിച്ച പൊതു ഉത്തരവാദിത്വമനുസരിച്ചും നിയമപരമായി കൂടുതൽ നിയന്ത്രണമുണ്ടാക്കുക" എന്നത് അത്യാവശ്യമാണ് (AN 5.4). ഇത് രാഷ്ട്രത്തിന്റെ ദൗത്യമാണ്. ചില രാഷ്ട്രങ്ങളിൽ മാധ്യമങ്ങളുടെ പ്രവർത്തനം ക്രിയാത്മകമാക്കാൻ രാഷ്ട്രീയ ചട്ടക്കൂട് സഹായകമാണ്. എന്നാൽ മററു ചില രാഷ്ട്രങ്ങൾ മാധ്യമങ്ങളോട് നിഷേധാത്മകമായ സമീപനവും എടുക്കാറുണ്ട്.

'സമ്പർക്കം കൂട്ടായ്മയിലേക്കുള്ള ഒരു മാർഗ്ഗമാണ്' എന്ന കാഴ്ചപ്പാട് ഐക്യവും പുരോഗതിയും അവതരിപ്പിക്കുമ്പോൾ അത് ദൈവമനുഷ്യ ബന്ധത്തിലേക്കും സഭാ കൂട്ടായ്മയിലേക്കും വിരൽ ചൂണ്ടുന്നു. എന്നാൽ മാധ്യമങ്ങളുടെ ഉപയോഗം വർദ്ധിക്കുന്നതോടൊപ്പം വ്യക്തികൾ തമ്മിലുള്ള ബന്ധം കുറയുന്നു എന്നത് വാസ്തവമാണ്. ഈ സാഹചര്യത്തിൽ വ്യക്തിബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള സംവാദങ്ങൾ, ചർച്ചകൾ ഇവയിലൂടെ മാധ്യമങ്ങളെ തന്നെ വ്യക്തിബന്ധങ്ങൾ വളർത്താൻ ഉപയോഗിക്കണം. വ്യക്തിയുടെ സമഗ്രമായ വികസനത്തിനു സഹായകമാകുന്ന സംസ്കാരം പ്രോത്സാഹിപ്പിക്കാനും മാധ്യമങ്ങൾ പ്രാപ്തമാണ്. വചനം പ്രഘോഷിക്കുന്നതിനും തദ്വാരാ സമൂഹത്തെ പോഷിപ്പിക്കുന്നതിനും വ്യക്തിപരവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് സ്വീകാര്യമായ പരിഹാരം കണ്ടെത്തുന്നതിനും സഭ മാധ്യമങ്ങളിലൂടെ ലോകത്തിൽ തന്റെ സാന്നിധ്യം ഉറപ്പാക്കണം. ലോകവുമായി ഫലവത്തായ സംവാദത്തിന് സഭ സമ്പർക്കമാധ്യമങ്ങളുടെ രംഗവുമായി അടുത്ത് ഇടപഴകണം. മാധ്യമരംഗത്ത് പ്രവേശിക്കുന്നവരുമായുള്ള സംവാദം, മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള പ്രോത്സാഹനം എന്നിവ ഇതിന് വളരെ ആവശ്യമാണ്. സമ്പർക്കത്തെ സഹായിക്കുന്ന ഒരു മനുഷ്യവംശശാസ്ത്രവും (ANTHROPOLOGY) ദൈവശാസ്ത്രവും വികസിപ്പിച്ചെടുക്കുക വളരെ ആവശ്യമാണ്. അതുപോലെ സഭാ നേതാക്കളും അജപാലന ജോലിയിൽ ഏർപ്പെടുന്നവരും ഈ സംരംഭങ്ങളിലെല്ലാം പൂർണ്ണ മനസ്സോടും വിവേകത്തോടും കൂടി സഹകരിക്കേണ്ടതാണ്.

സഭാംഗങ്ങൾ തമ്മിൽ ആശയവിനിമയത്തിനും അഭിപ്രായ സമന്വയത്തിനും മാധ്യമങ്ങൾ സാധ്യതയൊരുക്കും. ഇത്തരത്തിൽ സഭയുടെ കൂട്ടായ്മ വളർത്തുന്നതിന് മാധ്യമങ്ങൾ ഉപയുക്തമാക്കാം. ഈ കാലഘട്ടത്തിന്റെ ചിന്താധാരകൾ മനസ്സിലാക്കി സുവിശേഷ പ്രഘോഷണം നടത്തുന്നതിനും മാധ്യമങ്ങൾ ഫലവത്തായ മാർഗ്ഗങ്ങളാണ്.

www.malankaralibrary.com

സാങ്കേതികവിദ്യ ലഭ്യമാക്കിയ അനുഗ്രഹങ്ങൾ ഏറെയാണ്. എന്നാൽ മൂല്യാധിഷ്ഠിതവും വിവേകപൂർണ്ണവുമായ സമീപനമില്ലെങ്കിൽ സാങ്കേതികവിദ്യ അപകടകരമായ ഫലങ്ങൾ ഉളവാക്കാം. ഈ സാഹചര്യത്തിൽ സമഗ്രവികസനത്തിനും ഐക്യദാർഢ്യത്തിനും തടസ്സമായി നില്ക്കുന്ന പ്രശ്നങ്ങളെ ദൂരീകരിക്കാൻ മാധ്യമരംഗത്തു പ്രവർത്തിക്കുന്നവർക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകുക സഭയുടെ കടമയാണ്. മാധ്യമങ്ങളെ സംബന്ധിച്ച് തക്കതായ നയങ്ങളും ഘടനകളും രൂപീകരിക്കേണ്ടതും ആവശ്യമാണ്. എന്നാൽ അറിവു നേടുന്നതിനും ആശയവിനിമയത്തിനുമുള്ള അവകാശത്തെ സംരക്ഷിക്കുന്നതിന് ഉതകുന്ന തരത്തിലുള്ളതാവണം ഈ സംരംഭങ്ങളെല്ലാം.

സമ്പർക്കമാധ്യമങ്ങളുടെ രംഗത്തെ സഭയുടെ പ്രവർത്തനങ്ങളിൽ പ്രാധാന്യം നൽകേണ്ട ഒന്നത്രേ മാനുഷിക സംസ്കാരങ്ങളുടെ സംരക്ഷണം. മൂല്യങ്ങൾ പരിരക്ഷിക്കുവാൻ ആധുനിക മാധ്യമങ്ങളോടൊപ്പം പരമ്പരാഗതമായ ആശയവിനിമയമാർഗ്ഗങ്ങളും പ്രോത്സാഹിപ്പിക്കപ്പെടണം. അതാതു ദേശങ്ങളുടെ സംസ്കാരങ്ങൾ വൈദേശിക ആക്രമണങ്ങളിൽ നിന്നും ഇതര സ്വാധീനങ്ങളിൽ നിന്നും പരിരക്ഷിക്കപ്പെടുന്നതിനും ഈ സമീപനം സഹായകമാകും.

സഭയുടെ സമ്പർക്ക മാദ്ധ്യമങ്ങളുടെ വികാസത്തിനും വളർച്ചയ്ക്കുമായി മെച്ചപ്പെട്ട പദ്ധതി പ്രാദേശിക, ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ രൂപം കൊള്ളണം. പ്രസ്തുത സംരംഭങ്ങളിൽ മാധ്യമ വിദഗ്ദ്ധരുടെ സഹായം തേടുവാനും ശ്രദ്ധിക്കണം. അതോടൊപ്പം ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വൈദികർക്കും ഇതര സഭാപ്രവർത്തകർക്കും കാലോചിതമായ പരിശീലനം ലഭ്യമാക്കണം. ഈ രംഗത്ത് മെത്രാൻമാർക്കും അവരുടെ കോൺഫ്രൻസുകൾക്കും നിറവേററാനുള്ള ചുമതല പ്രധാനപ്പെട്ടതാണ്. മാധ്യമരംഗത്തെ അജപാലക പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടത് മെത്രാന്മാർ തന്നെയാണ്. "തങ്ങളുടെ കാലഘട്ടങ്ങളിലെ അടയാളങ്ങളിൽ ദൈവികപദ്ധതി കാണുവാൻ ദൈവാത്മാവ് പണ്ടു പ്രവാചകരെ സഹായിച്ചു. അതുപോലെ നമ്മുടെ കാലഘട്ടത്തിലെ അടയാളങ്ങളെ വ്യാഖ്യാനിക്കാനും പ്രവാചക ദൗത്യം നിർവ്വഹിക്കാനും ദൈവാത്മാവ് സഭയെ സഹായിക്കുന്നു. സഭയുടെ പ്രവാചകദൗത്യത്തിൽ അടിസ്ഥാനപരമായിട്ടുള്ളതാണ് സമ്പർക്ക സംബന്ധമായ സാങ്കേതിക വിദ്യയെയും സാമൂഹിക സമ്പർക്ക മാധ്യമങ്ങളെയും പഠിക്കുക, വിലയിരുത്തുക, ശരിയായി വിനിയോഗിക്കുക എന്നുള്ളത്" (AN 22).

പുതുയുഗപ്പുലരിയുടെ അനുബന്ധത്തിൽ നല്കിയിരിക്കുന്ന അജപാലകപദ്ധതി രേഖയുടെ അഞ്ചു ഭാഗങ്ങളിലായി അവതരിപ്പിച്ചിരിക്കുന്ന കാര്യങ്ങളുടെ പ്രായോഗികമായ ആവിഷ്കാരമാണ്. വിവിധ പ്രവർത്തന മേഖലകളിലെ മാധ്യമ നയവും സഭാഘടകങ്ങൾ ഏറെറടുക്കേണ്ട ഉത്തരവാദിത്വവുമാണ് അനുബന്ധത്തിലെ നിർദ്ദേശങ്ങളിൽ കാണുക.

www.malankaralibrary.com

സാമൂഹിക സമ്പർക്കമാധ്യമങ്ങളോട് ഭാവാത്മകവും ക്രിയാത്മകവുമായ സമീപനമാണ് പുതുയുഗപ്പുലരി സ്വീകരിച്ചിരിക്കുന്നത്. നിഷേധാത്മക വശങ്ങളെ പെരുപ്പിച്ചു കാട്ടുന്നതിനുപകരം മെച്ചപ്പെട്ട ഭൗതിക-ആത്മീയ ജീവിതത്തിന് മാധ്യമങ്ങളെ എപ്രകാരം ഉപയുക്തമാക്കാം എന്നാണ് രേഖ ചർച്ചചെയ്യുക. മാധ്യമങ്ങളുടെ ശക്തിയും സ്വാധീനവും ഇന്ന് തർക്കമററ വസ്തുതയാണ്. പുതുയുഗപ്പുലരിയുടെ ചുവടുപിടിച്ച് സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ വിവേകത്തോടെ സമീപിക്കാനും ജീവിതത്തെ ശ്രേഷ്ഠമാക്കുന്ന മൂല്യങ്ങൾ ആവിഷ്കരിക്കാനും ഏവരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

---

കത്തോലിക്കാ സമ്പർക്കമാധ്യമങ്ങളുടെ പ്രവർത്തനം സഭയുടെ മററു പ്രവർത്തനങ്ങളോടൊപ്പമുള്ള ഒരു പദ്ധതി മാത്രമല്ല. സഭയുടെ ദൗത്യനിർവ്വഹണത്തിൽ സാമൂഹിക സമ്പർക്കത്തിന് ഒരു പ്രധാന പങ്കു വഹിക്കാനുണ്ട്. തന്മൂലം, സമ്പർക്കത്തിന് അജപാലനപരമായ ഒരു പദ്ധതി ഉണ്ടായിരിക്കണം. അതുമാത്രം പോരാ, സമ്പർക്കങ്ങൾ അജപാലനപരമായ ഓരോ പദ്ധതിയുടെയും ഒരു മൗലികഭാഗമായിരിക്കുകയും വേണം. കാരണം, മററെല്ലാ അപ്പസ്തോലികദൗത്യത്തിനും ശുശ്രൂഷയ്ക്കും പദ്ധതികൾക്കും ഭാവാത്മക സംഭാവന നല്കാൻ അതിനു കഴിയും (AN 17.2).

www.malankaralibrary.com

# 7

# സ്നേഹപൂർവ്വം കുടുംബങ്ങൾക്ക്

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂററി നാല് അന്താരാഷ്ട്ര കുടുംബവർഷമായി യു.എൻ.ഒ. പ്രഖ്യാപിക്കുകയുണ്ടായി. എന്നും, വിശേഷിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസു മുതൽ കുടുംബത്തിൻെറ പ്രാധാന്യം ഉയർത്തിക്കാട്ടിയിരുന്ന സഭ, ഈ നല്ല സംരംഭത്തിന് സർവ്വാത്മനാ പിന്തുണ നല്കി. 1993-ലെ തിരുക്കുടുംബത്തിരുന്നാൾ ദിവസം കുടുംബവർഷാചരണത്തിന് സഭ തുടക്കമിടുകയും 1993 ഡിസംബർ 26-നു നസ്രത്തിലെ തിരുക്കുടുംബദേവാലയത്തിൽവച്ച് അതിൻെറ ഔദ്യോഗികോദ്ഘാടനം നടത്തുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കാനും കുടുംബത്തിൻെറ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാനും ആഹ്വാനം ചെയ്തുകൊണ്ട് ദാമ്പത്യ -കുടുംബജീവിതം സംബന്ധിച്ച ക്രിസ്തീയ ദർശനം അവതരിപ്പിക്കുന്ന ഒരു കത്ത് ലോകത്തിലെ എല്ലാ കുടുംബങ്ങൾക്കുമായി പ്രസിദ്ധീകരിച്ചത്. 1994 ഫെബ്രുവരി 2-ാം തീയതി പ്രസിദ്ധീകരിച്ച ഈ കത്ത് (Letter of Families - കുടുംബങ്ങൾക്കൊരെഴുത്ത്) ഖണ്ഡികകളും ഉപഖണ്ഡികകളും ഉൾപ്പെടെ ഇരുപത്തിമൂന്ന് നമ്പരുകളിലായി കുടുംബത്തിൻെറ പ്രാധാന്യം വ്യക്തമാക്കുന്നു. സമൂഹവും മതവും സംസ്കാരവും പുലരുന്നതും അഭിവൃദ്ധിപ്പെടുന്നതും കുടുംബത്തെ ആശ്രയിച്ചാണ് എന്ന വസ്തുത സുവിദിതമാണല്ലോ. ക്രിസ്തീയ കുടുംബങ്ങളെ സംബന്ധിച്ച് പൂർണ്ണമായും, കുടുംബങ്ങളെ സംബന്ധിച്ച് പൊതുവായും താത്വികവും പ്രായോഗികവുമായ കാഴ്ചപ്പാടുകളും പ്രായോഗികവും കാലിക പ്രാധാന്യമർഹിക്കുന്നതുമായ സമീപനങ്ങളുമാണ് മാർപ്പാപ്പായുടെ കത്ത് അവതരിപ്പിക്കുന്നത്.

രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയും 1981-ലെ സിനഡാനന്തര രേഖയായ 'കുടുംബം ഒരു കൂട്ടായ്മ'യും (Familiaris Consortio) കുടുംബത്തെ സംബന്ധിച്ച സഭയുടെ കാഴ്ചപ്പാട് ആവിഷ്കരിച്ചിട്ടുണ്ട്. സഭയുടെ സുവിശേഷവ

www.malankaralibrary.com

ല്ക്കരണത്തിൻെറയും വിശ്വാസപരിശീലനത്തിൻെറയും മാർഗ്ഗമായ കുടുംബത്തെക്കുറിച്ച് ഈ രേഖകൾ അവധാനതയോടെ ചർച്ചചെയ്യുന്നുണ്ട്. അതുപോലെ, കുടുംബം നേരിടുന്ന ആന്തരികവും ബാഹ്യവുമായ പ്രശ്നങ്ങളും ഈ രേഖകൾ ചർച്ചചെയ്യുന്നുണ്ട്.

'കുടുംബങ്ങൾക്കൊരെഴുത്ത്' അവതരിപ്പിക്കുന്ന പ്രമേയങ്ങളിൽ സുപ്രധാനമായത് വിവാഹജീവിതത്തിലൂടെ ഭാര്യാഭർത്താക്കന്മാർക്ക് ലഭ്യമാകുന്ന ജീവിതത്തികവ് സംബന്ധിച്ച കാഴ്ചപ്പാടാണ്. ജീവിതത്തികവു നൽകുന്ന ബന്ധം ഉണ്ടാകുക സ്നേഹം നിറഞ്ഞ ആത്മദാനത്തിലൂടെയാണ്. ഉല്പത്തിപ്പുസ്തകത്തിലെ സൃഷ്ടിവിവരണം തന്നെ വിവാഹ ഉടമ്പടിയുടെ ശ്രേഷ്ഠത വ്യക്തമാക്കുന്നതാണ്. ദൈവവും ഇസ്രായേലും തമ്മിലും ക്രിസ്തുവും സഭയും തമ്മിലുമുള്ള അഭേദ്യതയും വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. കൂട്ടായ്മയുടെ ജീവിതത്തിലൂടെ തങ്ങളെത്തന്നെയും തങ്ങളുടെ സ്നേഹത്തിൻെറ ഫലമായ കുഞ്ഞുങ്ങളെയും ജീവിത സാക്ഷാത്കാരത്തിൻെറ പാതയിൽ വിവാഹിതർ എത്തിക്കുകയാണ്. സ്നേഹത്തിൻെറ സംസ്കാരത്തിലാണ് വ്യക്തികളും കുടുംബവും ദൈവത്തിൻെറ വിളിയുടെ പൂർണ്ണത കണ്ടെത്തുന്നത്. ഈ സംസ്കാരത്തിൽ ഇവരെ പോഷിപ്പിക്കുന്നത് പ്രാർത്ഥനയാണ്, പ്രത്യേകിച്ച്, കുടുംബ പ്രാർത്ഥന. മാതാപിതാക്കൾക്ക് കുട്ടികളോടുള്ള സ്നേഹം നിറഞ്ഞ കരുതലും അവരുടെ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പരിശീലനവും കുടുംബത്തിൻെറയും സമൂഹത്തിൻെറയും പൊതുനന്മ കൂടെ ഉൾപ്പെടുന്ന വസ്തുതയാണ്.

വിവാഹത്തിൻെറ മൂല്യവും കുടുംബത്തിൻെറ ഭദ്രതയും ക്ഷേമവും അസാധ്യമാക്കുന്ന ചിന്താഗതികളും നടപടികളും ഇന്നു ദൃശ്യമാണ്. സ്ത്രീപുരുഷ ബന്ധത്തിൽ സ്വാർത്ഥത കടന്നെത്തുന്നത് ആത്മദാനത്തിന് വിഘാതമാകും. സാമ്പത്തിക – സാമൂഹിക കാരണങ്ങളാൽ കുടുബങ്ങൾ ചെറുതാകുന്നതും രണ്ടു തലമുറകളായി പരിമിതപ്പെടുത്തുന്നതും, പൊതുനന്മ സൃഷ്ടിക്കുന്നതിനും പങ്കുവയ്ക്കുന്നതിനുമുള്ള സാഹചര്യം ഇല്ലാതാക്കുന്നുണ്ട്. ദാമ്പത്യബന്ധത്തിലെ രണ്ടു മാനങ്ങളായ ഐക്യവും (Unitive Dimension) പ്രജനനവും (Procreative Dimension) കൃത്രിമമായി വേർതിരിക്കുന്ന പ്രവണത ദാമ്പത്യധർമ്മത്തിൻെറ അഗാധതമായ സത്യത്തെ നിഷേധിക്കുന്ന വസ്തുതയാണ്. ഉത്തരവാദിത്വ പൂർണ്ണമായ മാതൃത്വത്തിൻെറയും പിതൃത്വത്തിൻെറയും പേരിൽ തെററായ നടപടികൾക്കുള്ള പ്രേരണകൾ ഇന്ന് ഏറെയാണ്. സ്നേഹസംസ്കാരത്തിന് എതിരായ ഒരു നാഗരികതയുടെ ചിന്താഗതികൾ ഇന്ന് പ്രചരിക്കുന്നുണ്ട്. ഭൗതികവാദത്തിൽ (Positivism) തുടങ്ങി അജ്ഞേയവാദത്തിൽ (Agnosticism) എത്തിക്കുന്ന ശാസ്ത്രസാങ്കേതിക പുരോഗതി ശ്രദ്ധയോടെ കാണേണ്ടതാണ്. പ്രയോഗത്തിലും ധാർമ്മികതയിലും അതു മനുഷ്യനെ എത്തിക്കുന്നത് ഉപയോഗവാദത്തിലാണ് (Utilitarianism). ഇന്ന് പ്രബല

www.malankaralibrary.com

മാകുന്ന ഉപഭോഗസംസ്കാരം (Culture of consumerism) ഇവയുടെയെല്ലാം സൃഷ്ടിയാണ്. ഉപയോഗവാദം "ഉത്പാദനത്തിൻെറയും ഉപയോഗത്തിൻെറയും ഒരു നാഗരികതയാണ്. വസ്തുക്കളുടെ നാഗരികതയാണ്. വ്യക്തികളുടെ നാഗരികതയല്ല. വ്യക്തികളെ വസ്തുക്കളെയെന്നപോലെ തന്നെ ഉപയോഗിക്കുന്ന നാഗരികതയാണത്. ഉപയോഗത്തിൻെറ നാഗരികതയുടെ സാഹചര്യത്തിൽ സ്ത്രീ മനുഷ്യൻെറ ഒരു ഉപഭോഗ വസ്തുവായിത്തീരും. കുട്ടികൾ മാതാപിതാക്കൾക്കൊരു തടസ്സമായിത്തീരും. കുടുംബമെന്നത് അതിൻെറ അംഗങ്ങളുടെ സ്വാതന്ത്ര്യത്തെ തടയുന്ന ഒരു സ്ഥാപനമായും തീരും" (ഖണ്ഡിക 13.6). മനുഷ്യൻെറ ലൈംഗികവികാരത്തെ ഊതിപ്പെരുപ്പിക്കുന്ന സാംസ്കാരിക പ്രവർത്തന പരിപാടികളും, ലൈംഗിക വിദ്യാഭ്യാസ പരിപാടികളും, ഗർഭച്ഛിദ്രത്തെ അനുകൂലിക്കുന്ന നിയമങ്ങളും ഉപഭോഗസംസ്കാരത്തിന് ഉദാഹരണങ്ങളാണ്. ഉത്തരവാദിത്വരഹിതവും വികാരങ്ങൾക്കു മാത്രം പ്രാധാന്യം നൽകുന്നതുമായ സ്വതന്ത്രസ്നേഹം (free love) യഥാർത്ഥസ്നേഹത്തിനു വിരുദ്ധവും കുടുംബങ്ങളെ തകർക്കുന്നതുമാണ്. സ്വാതന്ത്ര്യത്തെപ്പററിയുള്ള വികല ധാരണകളാണ് മനുഷ്യനെ ഈ സ്ഥിതിവിശേഷത്തിൽ എത്തിച്ചിരിക്കുന്നത്.

ഈ പശ്ചാത്തലത്തിൽ, കുടുംബത്തിനകത്ത് സ്നേഹത്തിൻെറ അന്തരീക്ഷത്തിൽ ദൃഢമാകേണ്ട ബന്ധങ്ങളുടെ രൂപീകരണത്തെക്കുറിച്ച് പ്രമാണരേഖ പറയുന്നത് പ്രസക്തമാകുന്നു. മാനുഷികഗുണങ്ങളിൽ വളർന്ന് ഒരുവൻ മനുഷ്യനായിരിക്കേണ്ടത് എങ്ങനെയെന്ന് അഭ്യസിക്കുന്ന വിദ്യാലയമാണ് കുടുംബം. പരസ്പരമുള്ള കരുതലിൽ വ്യക്തികൾ നന്മ തേടുന്നത് കുടുംബത്തിൽ തന്നെയാണ്. വിശേഷിച്ച് കുട്ടികൾ അഭ്യസനത്തിലൂടെയും പരിശീലനത്തിലൂടെയും വിശ്വാസവും മൂല്യങ്ങളും സ്വാംശീകരിക്കുന്നതും കുടുംബത്തിൽ നിന്നാണ്. സാമൂഹികഘടകവും സമുദായത്തിൻെറ അടിത്തറയുമെന്ന നിലയിൽ സമൂഹം കുടുംബത്തിൻെറ സുസ്ഥിതിക്കുവേണ്ടി നിയമങ്ങളും ആവശ്യമുള്ള പശ്ചാത്തലവും ഒരുക്കേണ്ടതാണ്.

കുടുംബത്തെ പ്രതിയുള്ള യേശുവിന്റെ കരുതൽ അവിടുത്തെ ഉപമകളും അടയാളങ്ങളും പ്രവൃത്തികളും വ്യക്തമാക്കുന്നുണ്ട്. ദൈവരാജ്യത്തിൻെറ രഹസ്യം അനാവരണം ചെയ്യാൻ അവിടുന്ന് ഉപയോഗിക്കുന്നത് വിവാഹത്തിൻെറ പ്രതിരൂപമാണ്. കാനായിലെ കല്യാണവിരുന്നിലെ യേശുവിൻെറ സാന്നിധ്യവും അത്ഭുതവും എന്നും ഏറെ വിചിന്തനങ്ങൾക്ക് നിമിത്തമായതാണ്. വിവാഹവും കുടുംബവും ദൈവത്തിൽ നിന്നു വരുന്ന യഥാർത്ഥ വിളിയാണെന്ന ബോധ്യം സഭയിലും വളർന്നു വന്നു. ആശങ്കകളും ആകാംക്ഷകളും വിവാഹ-കുടുംബ ജീവിതത്തെ ഉലയ്ക്കുമ്പോൾ അനുരഞ്ജന കൂദാശയും വി.കുർബാനയും നൽകുന്ന ജീവൻ ഉൾക്കൊള്ളുവാൻ വിശ്വാസികൾ ഉത്സാഹിക്കണം. വിവാഹമെന്ന

www.malankaralibrary.com

കൂദാശയിൽ ഉൾക്കൊണ്ടിരിക്കുന്ന സ്നേഹത്തിൻെറ 'മഹാരഹസ്യം' ദൈവത്തിൻെറ തന്നെ സ്നേഹത്തിൻെറ അടയാളമാണ്. ഈ മഹാര ഹസ്യമാകട്ടെ "സ്നേഹത്തിൻെറയും ജീവൻെറയും കൂദാശയാണ്". സൃഷ്ടികർമ്മത്തോടും രക്ഷാകരകർമ്മത്തോടുംകൂടെ അതു തുടങ്ങി. അതിന് ആത്യന്തികമായ ഉറപ്പായിട്ട് മണവാളനായ യേശുക്രിസ്തു ഉണ്ട്" (ഖണ്ഡിക 19.16). ഏററവും മനോഹരമായ ഈ സ്നേഹത്തിൻെറ ചരിത്രം മംഗളവാർത്തയുടെ നാൾ മുതൽ മറിയം തൻെറ ജീവിതത്തിലൂടെ ആവി ഷ്കരിച്ചു. ജീവൻെറ സംരക്ഷണവും പോഷണവും അവൾ ജീവിതത്തി ലൂടെ നമുക്ക് വ്യക്തമാക്കിത്തന്നു. എല്ലാ കുടുംബങ്ങളും ആവിഷ്കരി ക്കേണ്ട പ്രാർത്ഥനയുടെയും സ്നേഹത്തിൻെറയും മാതൃകയാണ് തിരുക്കുടുംബം നമുക്കു മുന്നിൽ വരച്ചുകാട്ടുന്നത്. ഈ മാതൃകയിലേയ്ക്ക് സകല കുടുംബങ്ങളുടെയും ശ്രദ്ധ 'കുടുംബങ്ങൾക്കൊരെഴുത്ത്' ക്ഷണിക്കുന്നു.

സമകാലീന സമൂഹത്തിന് 'കുടുംബങ്ങൾക്കൊരെഴുത്ത്' നല്കുന്ന സന്ദേശം ഇപ്രകാരം സംഗ്രഹിക്കാം: മൂല്യങ്ങളിലും ദൈവവിശ്വാസ ത്തിലും അധിഷ്ഠിതമായി വിവാഹ-കുടുംബജീവിതത്തിൽ മനുഷ്യ വ്യക്തികൾ തങ്ങളുടെ സമീപനങ്ങളെ ആവിഷ്കരിക്കണം. സൗകര്യമോ ഉപയോഗമോ ആവരുത് മനുഷ്യബന്ധങ്ങളുടെ സൂചിക, പ്രത്യുത, പര സ്പരം പൂർത്തീകരിക്കുന്ന സ്നേഹവും പരിഗണനയുമാവണം. പ്രാർത്ഥ നയിൽക്കൂടി ദൈവത്തോടുള്ള ബന്ധത്തിൽ കുടുംബങ്ങൾ വളരണം. ആത്മദാനത്തിലൂടെ ജീവിതസമഗ്രത നേടുകയും വേണം. സഭയും സമൂഹവും താല്പര്യത്തോടെ കുടുംബത്തിൻെറ സുസ്ഥിതിക്കുവേണ്ടി പരിശ്രമിക്കണം. കാരണം, കുടുംബത്തിൻെറ കെട്ടുറപ്പ് സമൂഹത്തിൻെറ തന്നെ ദൃഢതയ്ക്ക് ആധാരമാണ്.

---

'പ്രാർത്ഥന, ദൈവത്തിൻെറ 'ശക്തി' യിൽ പങ്കുചേരാൻ കുടുംബത്തെ സഹായിക്കും. അങ്ങനെ പ്രാർത്ഥന കുടുംബത്തിൻെറ ശക്തിയെയും ആദ്ധ്യാത്മികമായ ഐക്യത്തെയും വർദ്ധിപ്പിക്കും' (ഖണ്ഡിക 4.3).

***

'വ്യക്തികളുടെ സമുദായം എന്ന നിലയിലുള്ള മാനുഷിക കുടുംബത്തെ പരിപോഷിപ്പിക്കുന്ന എല്ലാററിൻെറയും അക്ഷയ സ്രോതസ്സാണ് സ്നേഹത്തിൻെറ സുവിശേഷം. മാതാപിതാക്കളുടെ പരസ്പരദാനത്തിൻെറ പക്വമായ ഫലമെന്ന നിലയിൽ, വിദ്യാഭ്യാസ പ്രക്രിയ മുഴുവനും അതിൻെറ പിന്തുണയും നിർണ്ണായകമായ അർത്ഥവും സ്നേഹത്തിൽ കണ്ടെത്തുന്നു' (ഖണ്ഡിക 16.14).

***

'നല്ല ഇടയൻ എല്ലായിടത്തും നമ്മോടൊപ്പമുണ്ട്. ഗലീലിയിലെ കാനായിൽ വധുവും വരനും തങ്ങളുടെ ജീവിതം മുഴുവനും വേണ്ടി പരസ്പരം സമർപ്പിച്ചപ്പോൾ മണവാളൻ അവരുടെയിടയിലുണ്ടായിരുന്നു. അതുപോലെ ആ നല്ല ഇടയൻ ഇന്നു നമ്മോടുകൂടെയുണ്ട്. നമ്മുടെ പ്രത്യാശയുടെ കാരണമായും നമ്മുടെ ഹൃദയങ്ങളുടെ ശക്തിസ്രോതസ്സായും നിത്യനൂതനമായ ആവേശത്തിൻെറ നീരുറവയായും 'സ്നേഹനാഗരികത'യുടെ വിജയത്തിൻെറ അടയാളമായും അവിടുന്നു നമ്മോടൊപ്പമുണ്ട്. നല്ല ഇടയനായ യേശു നമ്മോട് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു: ഭയപ്പെടരുത്, ഞാൻ നിന്നോടു കൂടെയുണ്ട്' (മത്താ. 28:20) (ഖണ്ഡിക 18:13).

www.malankaralibrary.com

# 8

# ജീവൻെറ സുവിശേഷം

ജീവിക്കാനുള്ള അവകാശം മനുഷ്യൻെറ അടിസ്ഥാന അവകാശങ്ങളിൽ പ്രഥമമാണ്. വൈരുദ്ധ്യമെന്നുതന്നെ പറയാം, ഇന്ന് ഏററവുമധികം ലംഘിക്കപ്പെടുന്നതും ഈ അവകാശമാണ്. ജീവൻ ഉത്ഭവിക്കുന്നതിനു മുമ്പേ അതിനെതിരെയുള്ള പ്രവർത്തനം തുടങ്ങുകയായി. വളരെയേറെ പരീക്ഷണങ്ങളുടെ മേഖലയായി ജീവൻ മാറിയിരിക്കുന്നു. ജീവൻ ദുർബലാവസ്ഥയിലായിരിക്കുമ്പോൾ – രോഗത്താലും വാർദ്ധക്യത്താലും – അതിനെ നശിപ്പിക്കുന്ന പ്രവണതയും വർദ്ധിച്ചുവരുന്നു. ഈ സാഹചര്യത്തിലത്രേ, ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയുടെ 'ജീവൻെറ സുവിശേഷം' എന്ന ചാക്രിക ലേഖനത്തിൻെറ പ്രസക്തി നാം കാണുക. 1995 മാർച്ച് 25ന് – മനുഷ്യരാശി ദൈവപുത്രൻെറ മനുഷ്യാവതാരത്തെക്കുറിച്ചുള്ള സുവിശേഷം അറിഞ്ഞതിൻെറ തിരുന്നാൾ ദിവസത്തിൽ, മംഗളവാർത്താ തിരുന്നാളിൽ – പ്രസാധനം ചെയ്ത ജീവൻെറ സുവിശേഷം നമ്മുടെ കാലഘട്ടത്തിലെ ജീവനുവേണ്ടിയുള്ള ഏററവും ശക്തവും ക്രിയാത്മകവുമായ നിലപാടാണ് ആവിഷ്കരിക്കുക. ഉപോദ്ഘാതവും ഉപസംഹാരവും നാലദ്ധ്യായങ്ങളും ചേർന്ന് 105 ഖണ്ഡികകളിലായി ചാക്രിക ലേഖനം ജീവൻെറ മൂല്യത്തെയും മഹത്വത്തെയും കുറിച്ച് സമകാലീന ലോകത്തോട് സംസാരിക്കുന്നു.

സുവിശേഷം ജീവൻെറ മൂല്യത്തെക്കുറിച്ചുള്ള സദ്വാർത്തയാണ്. ജീവൻെറ മഹത്വവും അപരിമിതമായ മൂല്യവും സുവിശേഷത്തിൻെറ കാതലാണ്. 'ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിൻെറ സുവിശേഷവും വ്യക്തിയുടെ മഹനീയതയുടെ സുവിശേഷവും ജീവൻെറ സുവിശേഷവും ഒന്നാണ്, അവിഭാജ്യവുമാണ്' (ജീവൻെറ സുവിശേഷം - EVANGELIUM VITAE=EV2.4) അതുകൊണ്ടുതന്നെ ജീവനെതിരെയുള്ള ഭീഷണികളോട് പ്രതികരിക്കുക സുവിശേഷ പ്രഘോഷണത്തിനുള്ള സഭയുടെ ദൗത്യത്തിൻെറ ഭാഗമാണ്. ജീവൻെറ വിവിധ ദിശകളിലുള്ള ഭീഷണികൾക്ക് നിയമസാധുത നൽകാനുള്ള ശ്രമങ്ങൾ ഇന്ന് പല

www.malankaralibrary.com

സമൂഹത്തിലും നടക്കുന്നുണ്ട്. ഗർഭച്ഛിദ്രത്തിനും കാരുണ്യവധത്തിനും നിയമപ്രാബല്യം നൽകാനുള്ള ശ്രമങ്ങൾ ഇവയ്ക്ക് ഉദാഹരണങ്ങളാണ്. ജീവന്റെ മൂല്യത്തെയും അലംഘനീയതയെയുംപററി ഗാഢമായി ചിന്തിക്കാനും ജീവന്റെ സുവിശേഷം പ്രഘോഷിക്കാനുമുള്ള സഭയുടെ പൊതുവായ താല്പര്യമാണ് ജീവന്റെ സുവിശേഷമെന്ന ചാക്രിക ലേഖനത്തിൽ നാം ദർശിക്കുക.

മനുഷ്യജീവന് എതിരെയുള്ള ആധുനിക ഭീഷണികളെപ്പററിയാണ് ഒന്നാം അദ്ധ്യായം ചർച്ച ചെയ്യുക. ഉല്പത്തി പുസ്തകത്തിൽ മനുഷ്യ ചരിത്രത്തിലെ ഒന്നാമത്തെ കൊലപാതകത്തെപ്പററി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. മനുഷ്യചരിത്രത്തിൽ അനുദിനം അരങ്ങേറുന്ന അനേകം നിഷ്ഠൂരതകളുടെ തുടക്കമാണ് ആബേലിന്റെ ഹത്യയിൽ നാം കാണുക. സഹോദരനായ ആബേലിനെ കൊന്ന കായേൻ ദൈവമുൻപിൽ അനുതാപം പ്രകടിപ്പിക്കുകയോ ക്ഷമായാചന നടത്തുകയോ ചെയ്യുന്നില്ല. 'ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ?' എന്നു ചോദിക്കുന്ന കായേന്റെ നിസ്സംഗതയുടെ മനോഭാവം ഇന്നത്തെ മനുഷ്യരുടെയിടയിലുമില്ലേ? സഹോദരീ സഹോദരന്മാരോടുള്ള ഉത്തരവാദിത്വം ഏറെറടുക്കാൻ വിമുഖത കാണിക്കുന്ന രീതി വ്യക്തികളിലും സമൂഹങ്ങളിലും ദൃശ്യമാണ്. കുററകരമായ നിസ്സംഗതയിലും ശ്രദ്ധക്കുറവിലും തുടങ്ങി ജീവനെതിരെയുള്ള സംഘടിതമായ ആക്രമണത്തിൽവരെ എത്തിനിൽക്കുന്ന തിന്മകൾ സമകാലീന സമൂഹത്തിൽ കാണാം:

* കൊല, യുദ്ധം, കൂട്ടക്കൊല, വംശവിച്ഛേദം
* കുട്ടികൾക്ക് ഭക്ഷണവും പോഷകാഹാരവും നിഷേധിക്കുന്നത്
* ആയുധവ്യാപാരം
* പരിസ്ഥിതിയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നത്
* ആരംഭദശയിൽ ഗർഭച്ഛിദ്രത്തിലൂടെ ജീവനെ നശിപ്പിക്കുന്നത്
* ഗർഭനിരോധനത്തിലൂടെ ജീവന് ലോകത്തിലേക്ക് പ്രവേശനം നിഷേധിക്കുന്നത്
* ജീവൻ പരീക്ഷണവസ്തുവാക്കുന്ന കൃത്രിമ പ്രത്യുൽപ്പാദന വിദ്യകൾ
* ലിംഗനിർണ്ണയവും പരിശോധനയും നടത്തി (Prenatal Diagnosis) വർഗ്ഗോന്നതി പരമായ (Eugenic) ലക്ഷ്യത്തോടെ സാദ്ധ്യമാക്കുന്ന ഗർഭച്ഛിദ്രം
* മാറാരോഗങ്ങളുള്ളവരെയും മരണാസന്നരെയും ഒഴിവാക്കാൻ വേണ്ടി നടത്തുന്ന കാരുണ്യവധം (Euthanasia)

ജീവന്റെ മൂല്യത്തിന് ഒരു ഗ്രഹണം (Eclipse) സംഭവിച്ചതായി ഇവയൊക്കെ സൂചിപ്പിക്കുന്നു (EV 11:3). ജീവനെ നിഷേധിക്കുന്ന മരണ സംസ്കാരത്തിന്റെ ഇരുളിലാണ് മനുഷ്യരാശി എത്തിനിൽക്കുന്നത്. ജീവനെതിരെയുള്ള ഗൂഢാലോചന സാമൂഹിക ഘടനയിൽത്തന്നെ

www.malankaralibrary.com

ഉൾച്ചേർന്നിരിക്കുന്ന പാപമായിത്തീർന്നിരിക്കുന്നു.

ഒരുവശത്ത് മനുഷ്യാവകാശങ്ങളെപ്പററി പ്രഖ്യാപനങ്ങളും പ്രവർത്തനങ്ങളും നടക്കുന്നു. മറുവശത്ത് മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നു. ഇവ തമ്മിൽ എങ്ങനെയാണ് പൊരുത്തപ്പെടുക? മാത്രമല്ല, എല്ലാവർക്കും ജീവതവ്യമായ സ്ഥിതിവിശേഷം ഉണ്ടാക്കേണ്ട രാഷ്ട്രം തന്നെ ജീവനെ ഹനിക്കുന്ന കൃത്യങ്ങളിൽ ഏർപ്പെടുന്നു.

എന്തുകൊണ്ടാണ് ആധുനികമനുഷ്യൻ ഈ സ്ഥിതിവിശേഷത്തിൽ എത്തിച്ചേർന്നത്? മതനിരപേക്ഷതയുടെ (Secularism) പേരിൽ മനുഷ്യൻ ദൈവത്തെപ്പററിയുള്ള ബോധംതന്നെ നഷ്ടപ്പെടുത്തിയതാണ് ഇതിനു കാരണം. 'ദൈവത്തെപ്പററിയുള്ള ബോധം നഷ്ടപ്പെടുമ്പോൾ മനുഷ്യനെപ്പററിയും അവൻെറ മഹത്വത്തെപ്പററിയും ജീവനെപ്പററിയും ഉള്ള ബോധവും നഷ്ടപ്പെടാനുള്ള പ്രവണതയുണ്ട്'(EV 21:1). 'ദൈവം ഇല്ലാത്തതുപോലെ ജീവിച്ചുകൊണ്ട് മനുഷ്യന് ദൈവരഹസ്യത്തിൻെറ ദർശനം മാത്രമല്ല നഷ്ടമാകുന്നത്, ലോകത്തിൻെറ രഹസ്യത്തിൻെറയും മനുഷ്യൻെറ തന്നെ രഹസ്യത്തിൻെറയും ദർശനംകൂടി നഷ്ടപ്പെടുന്നു'(EV 22.4). ദൈവദർശനം നഷ്ടപ്പെട്ട മനുഷ്യൻ പ്രായോഗിക ഭൗതിക വാദത്തിലേക്ക് തിരിയുകയും അത് അവനെ വ്യക്തിപ്രാധാന്യവാദം, ഉപഭോഗവാദം, സുഖമാത്രവാദം എന്നിവയുടെ അടിമയാക്കുകയും ചെയ്തു. ജീവിതത്തിൻെറ ഗുണം (Quality of life) അടങ്ങിയിരിക്കുന്നത് സാമ്പത്തിക കാര്യക്ഷമത, ക്രമരഹിതമായ ഉപഭോഗം, ശാരീരിക സൗന്ദര്യം, സുഖാനുഭവം എന്നിവയിലാണെന്ന നിഗമനത്തിലെത്തി. സഹനത്തിൻെറ മൂല്യം നിഷേധിച്ച് അതിനെ തിന്മയായി കരുതി. ശരീരത്തിൻെറ മൂല്യം ശരിയായിക്കാണാനുള്ള ഉൾക്കാഴ്ചയും നഷ്ടപ്പെടുത്തി. വ്യക്ത്യന്തര ബന്ധത്തിന് വേണ്ട പ്രാധാന്യം നൽകാനും മനുഷ്യൻ ശ്രമിക്കാതെയായി. വൈയക്തിക മനസ്സാക്ഷിയേയും സാമൂഹിക, ധാർമ്മിക മനസ്സാക്ഷിയേയും അവഗണിക്കാൻ മനുഷ്യൻ പരിശ്രമിക്കുകയായി. പക്ഷേ, മനസ്സാക്ഷിയെ അവഗണിക്കാനുള്ള ശ്രമം പരാജയപ്പെടുകതന്നെ ചെയ്യുന്നു.

മനുഷ്യന് ജീവൻ ലഭിക്കയും അവൻ വീണ്ടെടുക്കപ്പെടുകയും ചെയ്യുന്നത് ക്രിസ്തുവിൻെറ രക്തത്താലാണ്. "ജീവനെ വളർത്തുവാനുള്ള ആത്മസമർപ്പണത്തിനുവേണ്ട ശക്തി എല്ലാവരും സംഭരിക്കുന്നത് ക്രിസ്തുവിൻെറ രക്തത്തിൽ നിന്നാണ്. ഈ രക്തം തന്നെയാണ് പ്രത്യാശയുടെ ഏററവും ശക്തമായ സ്രോതസ്സ്. ദൈവത്തിൻെറ പദ്ധതിയിൽ ജീവൻ വിജയപൂർണ്ണമായിത്തീരും എന്ന സമ്പൂർണ്ണമായ ഉറപ്പിൻെറ അടിസ്ഥാനവും അതുതന്നെയാണ്" (EV 25.5). ജീവനുവേണ്ടിയുള്ള വ്യക്തിപരവും സംഘാതവുമായ എല്ലാ ശ്രമങ്ങൾക്കും സുവിശേഷം ശക്തിനൽകുന്നു. മരണസംസ്കാരത്തിന് എതിരെയുള്ള സംഘട്ടനത്തിൽ അന്തിമവിജയം ജീവനുതന്നെയായിരിക്കും. ജീവൻ തെരഞ്ഞെടുക്കാനുള്ള

www.malankaralibrary.com

നിയമാവർത്തനത്തിലെ ആഹ്വാനം വ്യക്തമാണ് (30:15,19). ജീവൻെറ സുവിശേഷം പ്രഘോഷിക്കാനും ആഘോഷിക്കാനും സേവിക്കാനും യേശുവിൽനിന്ന് ലഭിച്ച കല്പന നിവവേററാൻ സഭ കടപ്പെട്ടവളാണ്.

ജീവനെ സംബന്ധിച്ച ക്രൈസ്തവ സന്ദേശമാണ് രണ്ടാം അധ്യായത്തിൻെറ ഉള്ളടക്കം. ക്രൈസ്തവന് യേശു എന്ന വ്യക്തിയെ സംബന്ധിച്ച പ്രഘോഷണമാണ് ജീവൻെറ സുവിശേഷം. കാരണം, യേശു ജീവൻെറ വചനമാണല്ലോ. അവിടുത്തെ വാക്കുകളും പ്രവൃത്തിയും മനുഷ്യജീവൻെറ മൂല്യം സംബന്ധിച്ച സമ്പൂർണ്ണ സത്യം അറിയാൻ ഉള്ള സാധ്യത മനുഷ്യന് നൽകുന്നു. യേശുവിൻെറ ഉപമകളും അത്ഭുതങ്ങളും ജീവനെ സംബന്ധിച്ച ദൈവത്തിൻെറ പദ്ധതി വ്യക്തമാക്കുന്നവയാണ്. മനുഷ്യജീവൻ നന്മയായിരിക്കുന്നത് അത് ദൈവത്തിൻെറ ജീവൻ തന്നെയാണ് എന്നതിലാണ്. ദൈവത്തിൻെറ സവിശേഷമായ കരുതലിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യജീവൻ അമൂല്യവും അലംഘ്യവുമാണ്. പാപത്താൽ വികലമാക്കപ്പെട്ട മനുഷ്യനിലെ ദൈവത്തിൻെറ പ്രതിച്ഛായ യേശുവിലാണ് വീണ്ടെടുക്കപ്പെട്ടത്. യേശുവിൽ നിത്യജീവനിലേക്കാണ് മനുഷ്യൻ ക്ഷണിക്കപ്പെടുന്നത്. "ഇവിടെ ജീവനെ സംബന്ധിച്ച ക്രൈസ്തവ സത്യം ഏററവും ഉത്കൃഷ്ടമായിത്തീരുന്നു. ഈ ജീവൻെറ മഹത്വം അതിൻെറ ആരംഭത്തോട് - അത് ദൈവത്തിൽനിന്നു വരുന്നു എന്ന വസ്തുതയോട് - മാത്രമല്ല ബന്ധിക്കപ്പെട്ടിരിക്കുന്നത്. അതിൻെറ പരമാന്ത്യത്തോടും ബന്ധപ്പെട്ടിരിക്കുന്നു...... മനുഷ്യൻെറ ജീവൻ ദൈവത്തെ ദർശിക്കുന്നതിൽ അടങ്ങിയിരിക്കുന്നു" (EV 38.2).

ദൈവത്തിനാണ് മനുഷ്യജീവൻെറമേൽ പരമാധികാരം. ജീവനെ പരിപാലിക്കുക എന്ന ഉത്തരവാദിത്വമാണ് മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്നത്. തൻെറയും മറ്റുള്ളവരുടെയും ജീവനെ സംബന്ധിച്ച് മനുഷ്യന് ഒരുപോലെ ഉത്തരവാദിത്വമുണ്ട്. ജീവിക്കാനുതകുന്ന പരിസ്ഥിതി സംരക്ഷിക്കുക, ഗർഭസ്ഥജീവനെ സംരക്ഷിക്കാനുള്ള മാതാപിതാക്കളുടെ ദൗത്യത്തോട് സഹകരിക്കുക, ഏററവും ദുർബലാവസ്ഥയിൽ ആയിരിക്കുന്ന ജീവനെ പരിരക്ഷിക്കുക എന്നിവയെല്ലാം ഈ ഉത്തരവാദിത്വത്തിൻെറ ഭാഗമാണ്. ജീവൻെറ ആരംഭദശയിലും രോഗത്തിലും വാർദ്ധക്യത്തിലുമാണ് ജീവനുനേരെ ഏററവുമധികം ആക്രമണങ്ങൾ നടക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. ഈ കാലഘട്ടത്തിൽ ജീവനു നൽകേണ്ട സംരക്ഷണത്തെപ്പററി വിശ്വാസദൃഷ്ട്യാ മനുഷ്യൻ അവബോധമുള്ളവനാകണം. ഒപ്പം രോഗത്തെയും വാർദ്ധക്യത്തെയും വിശ്വാസത്തിൻെറ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാനും അവയുടെ സഹനത്തെ ഏറെറടുക്കുവാനുമുള്ള അറിവും പരിശീലനവും മനുഷ്യന് സംലഭ്യമാകണം.

'നീ കൊല്ലരുത്' എന്ന ദൈവകല്പനയുടെ വിശദീകരണത്തിലൂടെ ജീവനെതിരെയുള്ള തിന്മകളെ നോക്കിക്കാണുകയാണ് മൂന്നാം

www.malankaralibrary.com

അദ്ധ്യായം. നന്നായി വിനിയോഗിക്കാൻ ദൈവം മനുഷ്യനെ ഏൽപിച്ച നിധിയാണ് ജീവൻ. ദൈവിക നിയമം മനുഷ്യജീവൻെറ പവിത്രതയും അലംഘനീയതയും വ്യക്തമാക്കുന്നതാണ്.

നിയമാനുസൃതമായ സ്വയരക്ഷയ്ക്കുള്ള അവകാശം ഈ കല്പന നിഷേധിക്കുന്നില്ല. ചിലപ്പോൾ മററുള്ളവരുടെ ജീവൻ സംരക്ഷിക്കുവാൻ ചുമതലപ്പെട്ടവർ ആക്രമണകാരിയായ ഒരാളെ കൊല്ലുക എന്ന കൃത്യത്തിൽവരെ എത്തിയെന്നുവരാം. ഇത് കല്പനയുടെ നിഷേധമല്ല. വധശിക്ഷയുടെ സാംഗത്യവും ഈ സാഹചര്യത്തിലാണ് വ്യക്തമാകുന്നത്. വധശിക്ഷ വളരെ നിയന്ത്രിതമായ രീതിയിൽ മാത്രം നടപ്പിലാക്കുകയോ പൂർണ്ണമായി അത് നിർത്തലാക്കുകയോ വേണമെന്ന അഭിപ്രായം ഇന്ന് പ്രബലപ്പെടുന്നുണ്ട്. കഴിവുള്ളിടത്തോളം രക്തരഹിതമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുക എന്നതാണ് സഭയുടെ സുചിന്തിതമായ നിലപാട്.

'നീ കൊല്ലരുത്' എന്ന കല്പനയ്ക്ക് നിഷ്കളങ്കനായ വ്യക്തിയെ സംബന്ധിച്ച് പറയുമ്പോൾ സമ്പൂർണ്ണമായ മൂല്യമാണുള്ളത്. ഈ നിലപാടിൽ നിന്നുവേണം ഗർഭച്ഛിദ്രവും കാരുണ്യവധവും ഉൾപ്പെടെയുള്ള പ്രവൃത്തികളെ വിലയിരുത്തേണ്ടത്. ഗർഭച്ഛിദ്രം ആദ്യ ക്രിസ്തീയ നൂററാണ്ടുമുതൽ ഇന്നോളം സഭ തള്ളിപ്പറയുന്ന തിന്മയാണ്. ഗർഭസ്ഥശിശുവിൻെറ അമ്മയും ഒപ്പം ജീവനെ സംരക്ഷിക്കുവാൻ കടപ്പെട്ട മററുള്ളവരും – പിതാവും ഡോക്ടർമാരും നേഴ്സുമാരും – ഗർഭച്ഛിദ്രമെന്ന തിന്മയിൽ ഭാഗഭാക്കുകളാകുന്നു. ഗർഭച്ഛിദ്രത്തിനനുകൂലമായ നിയമങ്ങൾ സൃഷ്ടിക്കുന്നവരും അതിനെ പ്രോത്സാഹിപ്പിക്കുന്ന സംഘടനകളും തങ്ങളുടെ ഉത്തരവാദിത്വത്തിൽ നിന്ന് മുക്തരല്ല. ഗർഭച്ഛിദ്രത്തെ ഗൗരവതരമായ തിന്മയായി കണക്കാക്കുന്ന സഭ മഹറോൻവരെയെത്തുന്ന ശിക്ഷ അതിനു കല്പിക്കുന്നുണ്ട്. മനുഷ്യഭ്രൂണങ്ങളെ ചൂഷണം ചെയ്യുന്ന പരീക്ഷണ പ്രക്രിയകളെയും സഭ തള്ളിപ്പറയുന്നുണ്ട്. ഇതോടൊപ്പം വംശോന്നതിവാദപരമായ (Eugenic) ലക്ഷ്യത്തോടെ ജനനത്തിനു മുൻപ് രോഗനിർണ്ണയം നടത്താനുള്ള സാങ്കേതിക വിദ്യകളുടെ (Prenatal Diagnostic Techniques) ഉപയോഗവും നിരാകരിക്കപ്പെടേണ്ടതാണ്.

'സ്വന്തം ജീവനേയോ, മററുള്ളവരുടെ ജീവനേയോ ശാന്തമായി അവസാനിപ്പിച്ചുകൊണ്ട് മരണത്തിൻെറ നിയന്ത്രണം ഏറെറടുക്കാനും സമയത്തിനുമുൻപ് അതു സംഭവിപ്പിക്കാനും ഉള്ള പ്രചോദനമാണ് കാരുണ്യവധം' (EV 64.3). രോഗത്തിൻെറ വേദന കൂടുതൽ സഹനീയമാക്കുക, രോഗിക്ക് കൂട്ടുനിൽക്കുക, രോഗിയെ സഹായിക്കുക എന്നീ കാര്യങ്ങളിലൂടെ രോഗിക്ക് പ്രതീക്ഷ നൽകാം. കാരുണ്യവധത്തെ സഭ നിരാകരിക്കുന്നുണ്ട്. ആത്മഹത്യയും ഈ ഗണത്തിൽത്തന്നെ പെടുത്തേണ്ട തിന്മയാണ്. ഗർഭച്ഛിദ്രത്തിനും, കാരുണ്യവധത്തിനും അനുകൂലമായി രാഷ്ട്രങ്ങൾ ഉണ്ടാക്കുന്ന നിയമങ്ങൾ ധാർമ്മികമായി സ്വീകാര്യമല്ല.

www.malankaralibrary.com

അതിനെതിരെ പ്രതികരിക്കാനുള്ള കടപ്പാട് വിശ്വാസികൾക്കുണ്ട്.

മനുഷ്യജീവനെ സംബന്ധിച്ച് രൂപീകൃതമാകേണ്ട പുതിയ കാഴ്ചപ്പാടിനെ സംബന്ധിച്ചാണ് നാലാം അദ്ധ്യായം പ്രതിപാദിക്കുന്നത്. ജീവൻെറ ദാനം സ്വീകരിച്ച ജനമെന്ന നിലയിൽ ക്രൈസ്തവർക്ക് സവിശേഷമായ ഒരു ദൗത്യമുണ്ട്. അവർ ജീവനെ സേവിക്കാനുള്ള കടമ ഏറ്റെടുത്തവരാണ്. "ജീവൻെറ സുവിശേഷം പ്രസംഗിക്കാനും, ആരാധനക്രമത്തിലും നമ്മുടെ മുഴുവൻ ഉൺമയിലും അത് ആഘോഷിക്കാനും ജീവനെ താങ്ങി നിർത്തുകയും വളർത്തുകയും ചെയ്യുന്ന വിവിധ പരിപാടികളും സംവിധാനങ്ങളും വഴി അതിനെ സേവിക്കാനും നമുക്ക് കടമയുണ്ടെന്ന്" ക്രൈസ്തവർ ഒന്നായി മനസ്സിലാക്കേണ്ടതുണ്ട് (EV 79.4).

ജീവൻെറ സുവിശേഷം പ്രഘോഷിക്കാൻ പ്രഥമമായി ഏവരിലും ധ്യാനാത്മകമായ ഒരു വീക്ഷണം ഉരുവാകണം. അതിൽനിന്നത്രേ ജീവൻെറ പ്രഘോഷണത്തിനും ആഘോഷത്തിനും ചൈതന്യം ലഭിക്കുക. വിവിധ ജനപദങ്ങളുടെ സാംസ്കാരിക പാരമ്പര്യങ്ങളിലൂടെ ജീവൻെറ സുവിശേഷം ആവിഷ്കരിക്കാൻ പ്രഘോഷകർ ശ്രദ്ധിക്കണം. അതോടൊപ്പം സ്നേഹത്താൽ പൂരിതരായ ധീരമായപ്രവൃത്തികളിലേക്ക് ക്രൈസ്തവർ തിരിയണം. ജീവന് സേവനം ചെയ്യുന്ന എല്ലാ സംരംഭങ്ങളോടും കൂട്ടുചേരണം. രാഷ്ട്രീയ മണ്ഡലങ്ങളിലേക്ക് ഇറങ്ങാനും, ജീവന് അനുകൂലമായ നിയമങ്ങൾക്കും, ഇതര നടപടികൾക്കും രൂപരേഖ ഉണ്ടാക്കാനും ക്രൈസ്തവർ ഉദ്യമിക്കണം. ഏററവുമധികം ശ്രദ്ധചെലുത്തേണ്ടത് കുടുംബങ്ങൾക്കും മാതൃത്വത്തിനും ശരിയായ സംരക്ഷണവും സഹായവും ഉറപ്പുവരുത്തുക എന്നതിനാവണം. കുടുംബപ്രാർത്ഥനയും കുടുംബത്തിനകത്ത് പരസ്പരം നിലനിൽക്കുന്ന ശുശ്രൂഷയുടെയും സേവനത്തിൻെറയും അന്തരീക്ഷവും വളരെ പ്രധാനപ്പെട്ടതാണ്. വാർദ്ധക്യത്തിലെത്തിയവർക്ക് പ്രത്യേകമായ സ്നേഹവും പരിഗണനയും കുടുംബത്തിനകത്ത് ലഭ്യമാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

സഭയുടെയും സമൂഹത്തിൻെറയും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ജീവനോടുള്ള ആദരവ് സവിശേഷ ശ്രദ്ധലഭിക്കുന്ന വിഷയമാകണം. ജീവനെ ശുശ്രൂഷിക്കാനുള്ള പരിശീലനം കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും ലഭ്യമാകണം. ബുദ്ധിജീവികൾക്കും സമ്പർക്ക മാദ്ധ്യമരംഗത്തുള്ളവർക്കും ഈ രംഗത്ത് വളരെയേറെ ശ്രദ്ധചെലുത്താൻ സാധിക്കും. ജീവൻെറ സംസ്കാരത്തെ പിന്തുണയ്ക്കുന്ന സന്ദേശമാണ് അവർ സമൂഹത്തിന് നൽകേണ്ടത്. ജീവന് അനുകൂലമായ സംസ്കാരം രൂപപ്പെടുത്താനുള്ള സ്ത്രീയുടെ സവിശേഷമായ കടമ ചാക്രികലേഖനം അനുസ്മരിപ്പിക്കുന്നുണ്ട്. ജീവനെ വളർത്തുകയും സംരക്ഷിക്കുകയും ചെയ്യുക മനുഷ്യസമൂഹത്തിൻെറ മുഴുവൻ കടമയാണെന്ന് ചാക്രികലേഖനം വ്യക്തമാക്കുന്നുണ്ട്.

സഹനത്തിലൂടെ സ്ത്രീത്വത്തെയും മാതൃത്വത്തെയും പൂർണ്ണമാക്കിയ

www.malankaralibrary.com

മറിയത്തോടുള്ള പ്രാർത്ഥനയോടുകൂടിയാണ് ചാക്രികലേഖനം സമാപിക്കുക.

ജീവനോട് ആദരം പുലർത്തുക എന്നത് ദൈവിക നിയമത്തിന്റെ നിർവ്വഹണമാണ്. ജീവൻ ദൈവിക പ്രവർത്തനത്തിന്റെ മേഖലയാണ്. ദൈവത്തിന്റെ പദ്ധതിയോട് സഹകരിക്കാനായിരിക്കണം മനുഷ്യൻ ജീവന്റെ മേഖലയിൽ പ്രവേശിക്കുന്നത്. ദൈവിക പദ്ധതിക്ക് വിരുദ്ധമായി മനുഷ്യൻ പ്രവർത്തിക്കുമ്പോൾ ദൈവത്തിന്റെ അധികാര - അവകാശങ്ങളെ നിഷേധിക്കുകയാണ് ചെയ്യുക. ആ നിഷേധം ആത്യന്തികമായി മനുഷ്യാസ്തിത്വത്തിന്റെ തന്നെ നിഷേധത്തിൽ മനുഷ്യനെ എത്തിക്കുന്നു. ജീവന്റെ സുവിശേഷത്തിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രവാചക ശബ്ദം ശ്രവിച്ച് പ്രവർത്തിക്കാൻ നമ്മുടെ കാലഘട്ടത്തിലെ മനുഷ്യൻ തയ്യാറാവണം. അതിനു വിശ്വാസികൾ മുൻകൈയെടുക്കുകയും വേണം. അപ്രകാരം സ്നേഹത്തിലും സേവനത്തിലും അധിഷ്ഠിതമായ ജീവന്റെ സംസ്കാരത്തിന് ആരംഭം കുറിക്കുവാനാകും.

---

'ദൈവം ഇല്ലാത്തതുപോലെ' ജീവിക്കുന്നതുകൊണ്ട് മനുഷ്യനു ദൈവരഹസ്യത്തിന്റെ ദർശനം മാത്രമല്ല നഷ്ടമാകുന്നത്. ലോകത്തിന്റെ രഹസ്യത്തിന്റെയും മനുഷ്യന്റെ തന്നെ രഹസ്യത്തിന്റെയും ദർശനം കൂടി നഷ്ടപ്പെടുന്നു (E 22.4).

***

ആധുനിക മനുഷ്യൻ അനുഭവിക്കുന്ന ദുരന്തത്തിന്റെ ഹൃദയത്തിലേക്ക് നാം കടക്കണം: ദൈവത്തേയും മനുഷ്യനെയും കുറിച്ചുള്ള ബോധത്തിന്റെ മറച്ചുവയ്ക്കലാണത്. സെക്കുലറിസം (മതനിരപേക്ഷത) ആധിപത്യമുറപ്പിച്ചിട്ടുള്ള സാമൂഹിക - സാംസ്കാരിക കാലാവസ്ഥയുടെ സവിശേഷതയുമാണത്. സർവ്വത്ര വ്യാപിച്ചിട്ടുള്ള അതിന്റെ സ്പർശിനികൾ വഴി ചിലപ്പോൾ ക്രൈസ്തവ സമൂഹങ്ങളെത്തന്നെ അതു പരീക്ഷിക്കുന്നു. ഈ കാലാവസ്ഥയാൽ സ്വാധീനിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവൻ എളുപ്പത്തിൽ ദയനീയമായ ഒരു വിഷമവൃത്തത്തിൽ ചെന്നുചാടുന്നു. ദൈവത്തെപ്പററിയുള്ള ബോധം നഷ്ടപ്പെടുമ്പോൾ മനുഷ്യനെപ്പററിയും അവന്റെ മഹത്വത്തെപ്പററിയും ജീവനെപ്പററിയും ഉള്ള ബോധവും നഷ്ടപ്പെടുവാനുള്ള പ്രവണതയുണ്ട്. ധാർമ്മിക നിയമത്തിന്റെ ക്രവത്കൃതലംഘനം, പ്രത്യേകിച്ച് മനുഷ്യജീവനോടും, അതിന്റെ മഹത്വത്തോടുമുള്ള ആദരവിന്റെ ഗൗരവപൂർണമായ കാര്യത്തിലുള്ള ലംഘനം, ദൈവത്തിന്റെ സജീവവും രക്ഷാകരവുമായ സാന്നിധ്യത്തെ തിരിച്ചറിയാനുള്ള കഴിവിനെ വർദ്ധമാനമായ തോതിൽ ഇരുട്ടിലാക്കിക്കൊണ്ടിരിക്കും (EV 21.1).

www.malankaralibrary.com

# 9

# എല്ലാവരും ഒന്നാകുവാൻ

ഐക്യത്തിനുള്ള ആഹ്വാനം യേശു തൻെറ ശിഷ്യർക്കു നല്കിയതാണ്. ഈ കല്പന നിറവേററുവാൻ സഭ എന്നും കടപ്പെട്ടിരിക്കുന്നു. 'എല്ലാവരും ഒന്നാകുവാൻ' (UT UNUM SINT= UUS) എന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ചാക്രികലേഖനം എന്നും പ്രസക്തമായ ഐക്യത്തിനുള്ള കല്പനയിലേക്ക് സഭാംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 1995 മെയ് മാസം 20-ാം തീയതി പുറപ്പെടുവിച്ച ഈ ചാക്രികലേഖനം 103 നമ്പറുകളിലായി ഐക്യത്തെ സംബന്ധിച്ച സഭാദർശനം അവതരിപ്പിക്കുന്നു. ആമുഖവും മൂന്ന് അദ്ധ്യായങ്ങളും ഉപദേശ വിജ്ഞാപനവും ഉൾക്കൊള്ളുന്നതാണ് ഈ ചാക്രികലേഖനം.

രണ്ടാം വത്തിക്കാൻ സൂനഹദോസിലൂടെ കത്തോലിക്കാസഭ പ്രകടമാക്കിയ ഐക്യത്തിനുവേണ്ടിയുള്ള പ്രതിബദ്ധതയാണ് എല്ലാവരും ഒന്നാകുവാൻ എന്ന ചാക്രികലേഖനത്തിൻെറ ആമുഖത്തിൽതന്നെ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വീണ്ടും പ്രഖ്യാപിക്കുക. ഐക്യത്തിൻെറയും കൂട്ടായ്മയുടെയും പാതയിൽ ഉണ്ടായ പുരോഗതിക്ക് മാർപ്പാപ്പാ നന്ദി പറയുന്നു. എന്നാൽ അനേകം മേഖലകളിൽ പരസ്പരം ഉള്ള അറിവും ധാരണയും വർദ്ധിക്കേണ്ടിയിരിക്കുന്നു. ഹൃദയപരിവർത്തനത്തിലും പ്രാർത്ഥനയിലുംകൂടെ ഐക്യത്തിനുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ഭൂതകാലത്തിലെ അനേകം പ്രശ്നങ്ങളുടെ ബന്ധനങ്ങളിൽ നിന്നുള്ള വിടുതലും അപ്പോൾ ലഭ്യമാകും. കത്തോലിക്കാസഭ കഴിഞ്ഞകാല ദൗർബല്യങ്ങളെ പ്രതി മനസ്താപവതിയാണ്. ചരിത്രത്തിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് ഭാവിയിലേക്ക് നോക്കുന്ന സഭ ഇന്ന് ആഗ്രഹിക്കുന്നത് ഒന്നു മാത്രമാണ് - സുവിശേഷം പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യം. സുവിശേഷ പ്രഘോഷണത്തിലെ സാക്ഷ്യത്തിന് ക്രൈസ്തവരുടെ ഇടയിലെ സമ്പൂർണ്ണ ഐക്യം അനിവാര്യമാണ്. ഈ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കാൻ പത്രോസിൻെറ പിൻഗാമി എന്ന നിലയിൽ റോമാമെത്രാനു കടമയുണ്ട്. ഈ

www.malankaralibrary.com

ചാക്രികലേഖനത്തിലൂടെ ഐക്യത്തിനുള്ള ആഹ്വാനം ഉയർത്തിപ്പിടിച്ചു കൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഈ കടമ നിറവേറ്റുവാൻ മനസ്സുവയ്ക്കുന്നു.

'കത്തോലിക്കാ സഭയുടെ എക്യുമെനിക്കൽ പ്രതിബദ്ധത' എന്ന ഒന്നാം അദ്ധ്യായം രണ്ടാം വത്തിക്കാൻ സൂനഹദോസു മുതൽ ഇന്നോളം കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ള സഭൈക്യ നിലപാടുകളും പ്രവർത്തന മാർഗ്ഗങ്ങളും അവതരിപ്പിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 'ഐക്യത്തിന്റെ പുനഃസ്ഥാപനം' (UNITATIS REDINTEGRATIO) എന്ന പ്രമാണരേഖയിലും അതിനുശേഷം സഭ പുറപ്പെടുവിച്ചിട്ടുള്ള രേഖകളിലും ആവിഷ്കരിച്ചിട്ടുള്ള തത്വങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് മാർപ്പാപ്പാ പുനരവതരിപ്പിക്കുക.

ക്രൈസ്തവൈക്യം ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. അനൈക്യവും ഭിന്നതയുമാകട്ടെ ദൈവേഷ്ടത്തിനും സുവിശേഷ ദൗത്യത്തിനും വിരുദ്ധമാണ്. ഐക്യത്തിനുവേണ്ടിയുള്ള തീവ്രമായ ആഗ്രഹം എല്ലാ ക്രൈസ്തവരുടെയും മനസ്സിലുണ്ടെന്നത് ആശാവഹമായ വസ്തുതയാണ്. രൂപത്തെയോ ഘടനയെയോ സംബന്ധിച്ച് വ്യത്യസ്താഭിപ്രായങ്ങളുണ്ടെങ്കിലും ഒരു ദൃശ്യസഭ ആവശ്യമാണെന്ന കാര്യത്തിൽ ഏവരും ഒരേ ചിന്താഗതിക്കാരാണ്. ഈ വസ്തുതകളെല്ലാം പരിഗണിച്ചാണ് 'ഐക്യത്തിന്റെ പുനഃസ്ഥാപനം' സഭൈക്യ സംരംഭങ്ങളിൽ സജീവമായി പങ്കുചേരാൻ വിശ്വാസികളെ ആഹ്വാനം ചെയ്തത്. ത്രിതൈ്വക ദൈവമാണുറവിടമെന്നത് സഭൈക്യസംരംഭകർക്ക് പ്രത്യാശ പകരുന്ന വസ്തുതയാണ്. ക്രിസ്തുരഹസ്യവുമായുള്ള ഐക്യത്തിന്റെ ബന്ധവും ചാക്രികലേഖനം വ്യക്തമാക്കുന്നുണ്ട്: "യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം ഈ ഐക്യം ആഗ്രഹിക്കുക എന്നതാണ്. ഐക്യം ആഗ്രഹിക്കുക എന്നു പറയുന്നത് ഒരു ഏകസഭയായിരിക്കുക എന്ന ആഗ്രഹമാണ്. സഭ വേണമെന്ന ആഗ്രഹം, കൃപയുടെ സഹവാസം വേണം എന്ന ആഗ്രഹമാണ്. അനാദി മുതൽ പിതാവിന്റെ ഇംഗിതത്തിനു തുല്യമാണ്. എല്ലാവരും ഒന്നാകണമെന്ന യേശുവിന്റെ പ്രാർത്ഥനയുടെ അർത്ഥം അതാണ്" (UUS 9.3).

കത്തോലിക്കാ സഭയുടെ അനന്യത നിലനിൽക്കെത്തന്നെ 'സത്യ വിശ്വാസത്തിന്റെയും വിശുദ്ധീകരണത്തിന്റെയും നിരവധി മൂല്യങ്ങൾ കത്തോലിക്കാ സഭയ്ക്കു വെളിയിൽ ലഭ്യ'മാണ് (UUS 10.2). ഇവ ക്രിസ്തുവിന്റെയും സഭയുടെയുമാണ്. ഇവ യേശുവിലേക്കും ഐക്യത്തിലേക്കും നയിക്കാൻ പര്യാപ്തമാണ്. ഈ മൂല്യങ്ങളെ രക്ഷയുടെ മാർഗ്ഗങ്ങളാക്കിത്തീർക്കാൻ യേശുക്രിസ്തുവിന്റെ അരൂപിക്ക് സാദ്ധ്യമാണ്. ഈ മൂല്യങ്ങളെ രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർണ്ണയിച്ചിട്ടുണ്ട്. ഈ മൂല്യങ്ങളുടെ ഭാവാത്മകമായ മാനത്തെപ്പററി രണ്ടാം

www.malankaralibrary.com

വത്തിക്കാൻ സൂനഹദോസ് പ്രസ്താവിച്ചിട്ടുണ്ട്. "കത്തോലിക്കാസഭയുടെ ദൃശ്യാതിർത്തിക്ക് പുറത്ത് സഭാത്മകമായ ശൂന്യതയല്ല ഉള്ളത്. കത്തോലിക്കാസഭയിൽ കാണുന്ന അമൂല്യമായ വളരെയേറെ ഘടകങ്ങൾ മററു സഭകളിലുമുണ്ട്. അവ രക്ഷാമാർഗ്ഗങ്ങളുടെ പൂർണ്ണതയിൽപ്പെടുന്നതും സഭയെ ഊട്ടിവളർത്തുന്ന മൂല്യദാനങ്ങളുടെ സമഗ്രതയിലുള്ളതുമാണ്" (UUS 13.3).

ഐക്യത്തെ അസാദ്ധ്യമാക്കുന്ന പാപങ്ങൾ സഭാംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട് എന്ന് സഭ അംഗീകരിച്ചിട്ടുണ്ട്. മാത്സര്യവും മുൻവിധിയും ഉപേക്ഷിച്ച് ഹൃദയപരിവർത്തനത്തിലൂടെ ക്രൈസ്തവൈക്യത്തിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്താനാണ് 'എല്ലാവരും ഒന്നാകുവാൻ' ആഹ്വാനംചെയ്യുക. ഐക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങളിൽ വിശ്വാസ സത്യങ്ങൾ ഉപേക്ഷിക്കുകയോ സൗകര്യംപോലെ വിശദീകരിക്കുകയോ അല്ല വേണ്ടത്. പ്രത്യുത, 'ദൈവഹിതമനുസരിച്ചുള്ള ഐക്യമുണ്ടാകുന്നത് ആവിഷ്കൃത സത്യങ്ങളുടെ ആകെത്തുകയെ എല്ലാവരും അംഗീകരിക്കുന്നതോടുകൂടിയാണ്' (UUS 18). അതേസമയം വിശ്വാസസത്യങ്ങൾ സ്വീകരിക്കുന്നവരുടെ സംസ്കാരത്തിനും ദർശനങ്ങൾക്കും അനുസരിച്ച് അവതരിപ്പിക്കേണ്ടതാണ്.

ഐക്യത്തിനുവേണ്ടിയുള്ള പൊതുവായ പ്രാർത്ഥനയും സ്വകാര്യ പ്രാർത്ഥനയും എക്യുമെനിക്കൽ പ്രവർത്തനത്തിൽ പരമപ്രാധാന്യം അർഹിക്കുന്നു. സഭയെയും ക്രിസ്തീയ വിശ്വാസത്തെയും പുതിയ കാഴ്ചപ്പാടിൽ നോക്കിക്കാണാൻ പ്രാർത്ഥന സഹായിക്കുന്നു. ഈ പ്രാർത്ഥന ഐക്യത്തിനുവേണ്ടിയുള്ള യേശുവിൻെറ പ്രാർത്ഥനയുടെ സാരം ഉൾക്കൊള്ളാനും തദ്വാരാ സുവിശേഷത്തിന് ഉത്തമമായ സാക്ഷ്യം നൽകാനും വിശ്വാസികളെ പ്രാപ്തരാക്കും. മാർപ്പാപ്പാ തൻെറ തീർത്ഥാടനങ്ങളിൽ പ്രാധാന്യം നൽകുന്ന എക്യൂമെനിക്കൽ പ്രാർത്ഥനയെ സവിശേഷമായ താല്പര്യത്തോടെ ചാക്രികലേഖനത്തിൽ അനുസ്മരിക്കുന്നു. സഭൈക്യത്തിനായി പ്രാർത്ഥിക്കുക എന്നത് പ്രധാനപ്പെട്ട ഒരു വസ്തുതയായി തീരണം. ഐക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥന സ്വർഗ്ഗീയ പിതാവിൻെറ മക്കളും യേശുക്രിസ്തുവിൻെറ സഹോദരങ്ങളുമാണെന്നുള്ള ബോധ്യത്തിൽ നമ്മെ എത്തിക്കും.

സഭാ സമൂഹത്തെയും അതിൻെറ പ്രത്യേകതകളെയും ഉൾക്കൊള്ളുന്ന ഡയലോഗ് (സംവാദം) ആശയങ്ങളുടെ കൈമാറൽ മാത്രമല്ല. അത് ദാനങ്ങളുടെ കൈമാറലാണ് (UUS 28). സത്യത്തിൽ അധിഷ്ഠിതമായ ഐക്യം ലക്ഷ്യമാക്കി ഡയലോഗിലെ പങ്കാളിയെ തുല്യനായി കരുതി സംഭാഷണത്തിൽ ഏർപ്പെടണം. തുറവിയുള്ള സംവാദം വഴി പരസ്പരം അറിയാനും അംഗീകരിക്കാനും സാധിക്കുന്നതിനു പുറമേ സ്വന്തം സഭയുടെ നിലപാടുകൾ പരിശോധിക്കുന്നതിനും ഒരു വ്യക്തിയെ പ്രാപ്തനാക്കും.

www.malankaralibrary.com

സംവാദം ഐക്യത്തിനു വിഘാതമായ പാപത്തെക്കുറിച്ച് ഏവരേയും ബോധവാന്മാരാക്കും. പാപത്തെക്കുറിച്ചുള്ള അറിവ് അനുതാപത്തിലേക്കും അനുരഞ്ജനത്തിലേക്കും വിശ്വാസികളെ നയിക്കണം. നിരന്തരമായ സംവാദം, പ്രത്യേകിച്ച് ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിലുള്ളത്, ഉത്തമമായ ഐക്യസാദ്ധ്യതകൾ തെളിയിക്കും. മാത്രമല്ല, ഓരോ സഭയും ഉപയോഗിക്കുന്ന ഭാഷാശൈലികളും പദങ്ങളും സംബന്ധിച്ച് കൂടുതൽ വ്യക്തത കൈവരും. അതുപോലെ, ആവശ്യമില്ലാത്ത തർക്കങ്ങൾ ഉപേക്ഷിച്ച് യാഥാർത്ഥ്യത്തെ സമഗ്രമായി ഉൾക്കൊള്ളുന്ന ഫോർമുല കണ്ടെത്താനും (UUS 38.2) ക്രിസ്തീയ തത്വങ്ങൾ പൂർണ്ണമായി മനസ്സിലാക്കാൻ പരസ്പരം സഹായിക്കാനും സംവാദത്തിനു കഴിയും.

ഇവയോടൊപ്പം പ്രായോഗികമായ സഹകരണത്തിനുള്ള മേഖലകളും സഭകൾ കണ്ടെത്തണം. അജപാലനരംഗത്തും സാംസ്കാരികവും സാമൂഹികവുമായ മേഖലകളിലും സർവ്വോപരി സുവിശേഷത്തിനു സംയുക്തസാക്ഷ്യം വഹിക്കാവുന്ന രംഗങ്ങളിലും സഹകരണത്തിന്റെ ശൈലി കെട്ടിപ്പടുക്കണം (UUS 40.1). സഹകരണം ക്രൈസ്തവ ഐക്യത്തെ ത്വരിതപ്പെടുത്തുകയും സുവിശേഷവല്ക്കരണത്തിന് നല്ല മാതൃകയാകുകയും ചെയ്യും.

നാളിതുവരെ സംവാദംവഴി ലഭ്യമായ ഫലങ്ങളാണ് 'സംവാദത്തിൻെറ മധുരഫലങ്ങൾ' എന്ന രണ്ടാം അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്. ഇതരകൂട്ടായ്മകളിലെ സഭാത്മകതയെ അംഗീകരിക്കത്തക്കവിധം 'കത്തോലിക്കാ സഭയുമായി സമ്പൂർണ്ണ കൂട്ടായ്മയിലല്ലാത്ത സഭകളും സഭാസമൂഹങ്ങളും' എന്ന് പുതിയ എക്യുമെനിക്കൽ ഡയറക്ടറി അവയെ സംബോധന ചെയ്യുന്നു. എല്ലാവരും യേശു ക്രിസ്തുവിൻെറ അനുയായികളാണെന്ന ബോധ്യത്തിൻെറ ഫലമായി സമീപനത്തിൽ വന്ന മാററമാണ് ഇത് സൂചിപ്പിക്കുക. പരസ്പരം ആരാധനാലയങ്ങൾ കൈമാറുക, ഉപരിപഠനത്തിനു സ്കോളർഷിപ്പുകൾ നല്കുക തുടങ്ങിയ സഹായങ്ങൾ സഭകൾ പരസ്പരം നല്കുന്നു. പരസ്പര സാഹോദര്യത്തിൻെറ ഈ നടപടികൾ മാമോദീസായിൽ വേരൂന്നിയവയാണ്. സഭകളിൽ സംജാതമായ ഐക്യദാർഢ്യം ലോകം മുഴുവനെയും ശുശ്രൂഷിക്കാനുള്ള പ്രതിബദ്ധതയിലേക്ക് സഭകളെ നയിക്കുന്ന സ്ഥിതിവിശേഷവും സംജാതമാക്കിയിട്ടുണ്ട്.

ബൈബിൾ വിവർത്തനങ്ങൾ ഒന്നിച്ചു നടത്തത്തക്കവണ്ണം ദൈവവചനപഠനം സംബന്ധിച്ച് പൊതുധാരണകൾ ഉണ്ടായിട്ടുണ്ട്. ആരാധനക്രമനവീകരണവും സഭകളെ അടുപ്പിക്കുന്നതിന് കളമൊരുക്കി. "ചില പ്രത്യേക സാഹചര്യങ്ങളിൽ വി.കുർബാന, കുമ്പസാരം, രോഗീലേപനം എന്നീ കൂദാശകൾ - കത്തോലിക്കാ സഭയുടെ സമ്പൂർണ്ണ കൂട്ടായ്മയിലല്ലെങ്കിലും ഈ കൂദാശകൾ സ്വീകരിക്കാൻ സ്വതന്ത്രമായി ആഗ്രഹിച്ചുകൊണ്ട് അടുത്തുവരുന്ന കത്തോലിക്കരല്ലാത്ത എല്ലാ ക്രിസ്ത്യാ

www.malankaralibrary.com

നികൾക്കും ഇവയെക്കുറിച്ച് കത്തോലിക്കാസഭയുടെ വിശ്വാസംതന്നെ ഉള്ളപക്ഷം അവ നല്കാൻ കത്തോലിക്കാ വൈദികർക്ക് ഇന്നു സാധിക്കും. അതുപോലെ നേരെ മറിച്ചും. ഈ കൂദാശകൾ ചില പ്രത്യേക സന്ദർഭങ്ങളിൽ, ചില പ്രത്യേക കേസുകളിൽ അവ സാധുവായിട്ടുള്ള സഭകളിലെ വൈദികരിൽ നിന്ന്, കത്തോലിക്കർക്കും സ്വീകരിക്കാം" (UUS 46). പരസ്പര കൂദാശാസ്വീകരണത്തിന് സഭ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. സഭൈക്യ ശ്രമങ്ങളിലെ ശ്രദ്ധേയമായ നേട്ടമാണിത്.

പൗരസ്ത്യ സഭകളുമായുള്ള ബന്ധങ്ങളുടെ പുനഃസ്ഥാപനത്തിലെ അനേകം സംഭവങ്ങൾ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വിവരിക്കുന്നുണ്ട്. ജോൺ 23-ാമൻ മാർപ്പാപ്പയുടെ കാലം മുതൽ ഇന്നോളം സഭാതലവന്മാർ തമ്മിൽ അനേകം കൂടിക്കാഴ്ചകൾ നടന്നിട്ടുണ്ട്. കൂട്ടായ പ്രാർത്ഥനയിലൂടെയും സഹവാസത്തിലൂടെയും സംവാദത്തിലൂടെയും സഭകൾ അടുത്തു വന്ന സംഭവങ്ങൾ നിരവധിയാണ്. സഭ തന്റെ ഇരു ശ്വാസകോശങ്ങളിലൂടെ ശ്വസിക്കണം എന്ന തന്റെ കാഴ്ചപ്പാടിലൂടെ ജോൺ പോൾ രണ്ടാമൻ പൗരസ്ത്യസഭയുമായുള്ള സംവാദം ത്വരിതപ്പെടുത്താൻ ആഗ്രഹിക്കുന്നു (UUS 54.2). സഹോദരീസഭകളെന്ന അർത്ഥവ്യാപ്തിയുള്ള സംബോധന പൗരസ്ത്യ സഭകളുടെ അപ്പസ്തോലിക പൈതൃകവും കൗദാശികവും സഭാത്മകവുമായ സമ്പന്നതയും അംഗീകരിക്കുന്നതാണ്. പുരാതന പൗരസ്ത്യ സഭകളുമായുള്ള ബന്ധങ്ങളിൽ കത്തോലിക്കാ സഭയും അന്ത്യോക്യൻ സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിൽ വിശ്വാസകാര്യങ്ങളിൽ, വിശേഷിച്ച് ക്രിസ്തുവിജ്ഞാനീയത്തിൽ ഉണ്ടായ പ്രഖ്യാപനം ശ്രദ്ധേയമാണ്. അജപാലനപരമായ സഹകരണത്തിന്റെ മേഖലകളിലേക്ക് ഉയർന്ന ഈ സംവാദം പ്രത്യേക പരാമർശം അർഹിക്കുന്നു.

പാശ്ചാത്യസഭകളും മററു സഭാസമൂഹങ്ങളുമായുള്ള സംവാദം പ്രത്യേകതകൾ നിറഞ്ഞതാണ്. ദീർഘകാലം ഒന്നിച്ചു കഴിഞ്ഞിരുന്നവരെങ്കിലും "കത്തോലിക്കാ സഭയ്ക്ക് ഈ സഭകളും സഭാസമൂഹങ്ങളുമായി ആഴമായ വ്യത്യാസങ്ങളുണ്ട്. അത് ചരിത്രപരവും മനശ്ശാസ്ത്രപരവും സാമൂഹ്യവും സാംസ്കാരികവും ആയവ മാത്രമല്ല. ആവിഷ്കൃത സത്യങ്ങളുടെ വ്യാഖ്യാനങ്ങളെപ്പററി ആഴമായ വ്യത്യാസങ്ങളുണ്ട്" (UUS 64). "ഉത്ഭവത്തിലും പഠനത്തിലും ആദ്ധ്യാത്മിക രീതികളിലും ഈ സഭകളും സഭാസമൂഹങ്ങളും നമ്മോടുമാത്രമല്ല (കത്തോലിക്കാ സഭയോടു) തമ്മിൽത്തമ്മിലും വളരെയധികം വ്യത്യാസങ്ങളാണ്" (UUS 66.1) പുലർത്തുന്നത്. ചിലർ എക്യുമെനിക്കൽ സംരംഭങ്ങളിലോ കത്തോലിക്കാ സഭയുമായി സ്നേഹബന്ധത്തിലോ ഏർപ്പെടാൻ തല്പരരല്ല. തിരുവത്താഴശുശ്രൂഷ സംബന്ധിച്ചും ഇവർക്ക് കത്തോലിക്കാ സഭയുമായി അഭിപ്രായവ്യത്യാസമുണ്ട്. 'അത് യേശുക്രിസ്തുവിലുള്ള കൂട്ടായ്മാനുഭവത്തിന്റെ സൂചനമാത്രമാണെന്നും മഹത്വത്തോടെയുള്ള അവി

www.malankaralibrary.com

ടുത്തെ വീണ്ടും വരവിൻെറ കാത്തിരിപ്പു മാത്രമാണെന്നുമത്രെ, അവർ വിശ്വസിക്കുക' (UUS 67.2). എങ്കിലും പ്രാർത്ഥനയ്ക്കായി ഒന്നിച്ചു കൂടുന്നതിനും തദ്വാരാ വിഭാഗീയതകളെ അതിജീവിക്കുന്നതിനും സഭകൾക്ക് സാധിക്കും. മാത്രമല്ല, ബൈബിളിനോടുള്ള വിശ്വാസവും ഈ സഭകളെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയാണ്. ഈ സഭകളിൽ കാണുന്ന "സജീവമായ നീതിബോധം, അവർ മററുള്ളവരോടു കാണിക്കുന്ന അവാച്യമായ സ്നേഹം.... കൂടുതൽ മെച്ചപ്പെട്ട, മനുഷ്യോചിത സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കാനും സമാധാനം പുലരാനും വേണ്ടി അവർ നടത്തുന്ന നിസ്തുല ശ്രമങ്ങൾ'' (UUS 68.1) തുടങ്ങിയവയെല്ലാം കൂടിയാലോചനയ്ക്കും പൊതുപ്രവർത്തനത്തിനും സാധ്യത നല്കുന്നതാണ്.

പാശ്ചാത്യസഭയുമായുള്ള ബന്ധങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗതി മാർപ്പാപ്പാ എടുത്തു പറയുന്നുണ്ട്. അഖിലലോക സഭാകൗൺസിലുമായി (WCC) ചേർന്ന് 1964-ൽ രൂപംകൊണ്ട സംയുക്ത വർക്കിംഗ് കമ്മിററി, വിശ്വാസവും ക്രമവും (Faith and order) കമ്മീഷൻ എന്നിവയിലെ ദൈവശാസ്ത്രജ്ഞന്മാരുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. പോൾ ആറാമൻ മാർപ്പാപ്പാ 1969-ൽ WCC യുടെ ജനീവയിലുള്ള ആസ്ഥാനം സന്ദർശിച്ചതും സഭാസമൂഹങ്ങളുടെ പ്രതിനിധികളുമായി കൂടിക്കാഴ്ചകൾ നടത്തിയതും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അനുസ്മരിപ്പിക്കുന്നുണ്ട്. താൻ തന്നെ മുൻകൈ എടുത്തു നടത്തിയ പ്രാർത്ഥനാകൂട്ടായ്മകളും സംവാദങ്ങളും മാർപ്പാപ്പാ ഉദ്ധരിക്കുന്നുണ്ട്.

പ്രാദേശിക സഭകളിലും രൂപതകളിലും ഇടവകതലങ്ങളിലും നടന്നിട്ടുള്ള ഐക്യശ്രമങ്ങളും പ്രവർത്തനങ്ങളും വളരെയേറെ സത്ഫലങ്ങൾ ഉളവാക്കിയതായി മാർപ്പാപ്പാ ചൂണ്ടിക്കാട്ടുന്നു. മനുഷ്യൻെറ പുരോഗതിക്കും ആഗോള സമാധാനത്തിനുമായി വളരെയേറെ കാര്യങ്ങൾ ചെയ്യുവാൻ സഭകൾക്കു കഴിഞ്ഞു. സാമൂഹികവും സാംസ്കാരികവുമായ പരിപാടികൾവഴി എക്യുമെനിക്കൽ സഹകരണത്തിന് അനേകം വേദികൾ ലഭ്യമായി. സമാധാനം സംബന്ധിച്ച് എക്യുമെനിക്കൽ താല്പര്യം ആഗോളപ്രാർത്ഥനയിലേക്ക് തന്നെ സഭകളെയും മതങ്ങളെയും നയിച്ചതും ചാക്രികലേഖനം അനുസ്മരിക്കുന്നുണ്ട്.

'ഈ വഴി എവിടം വരെ' എന്ന തലക്കെട്ടുള്ള മൂന്നാം അദ്ധ്യായം ഭാവിയിലേക്കുള്ള കർമ്മപരിപാടികളുടെ രൂപരേഖ നല്കുന്നു. സഭകൾ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്ന ഐക്യം ഭാഗികമാണ്. എന്നാൽ അത് ഭാവിപ്രവർത്തനങ്ങൾക്ക് പ്രതീക്ഷ പകരുന്നതാണ്. ഇപ്പോഴുള്ള ഭാഗികമായ ഐക്യം ഒരടിസ്ഥാന ഐക്യത്തിൻെറ സൂചനയാണ്. അത് ദൃശ്യ ഐക്യത്തിലേക്ക് നയിക്കണം. ദൃശ്യ ഐക്യം യാഥാർത്ഥ്യവും സമൂർത്തവുമാകണം. അപ്പോഴാണു സഭ ഏകവും വിശുദ്ധവും കതോലികവും അപ്പസ്തോലികവുമാകുന്നത്. ആ വിശ്വാസത്തിൻെറ സമ്പൂർണ്ണ ഐക്യത്തിൻെറ അടയാളമാകുന്നത് ഒരുമിച്ചു വി. കുർബാന അർപ്പിക്കുന്നതിന്

www.malankaralibrary.com

അത് വഴിയൊരുക്കുന്നതിലാണ്" (UUS 78.4).

ഐക്യപ്രാപ്തിക്കും വിശ്വാസകാര്യങ്ങളിൽ ഉറപ്പുള്ള തീരുമാനങ്ങൾ ഉണ്ടാകുന്നതിനും കൂടുതൽ പഠനം ആവശ്യമായ മേഖലകളുണ്ട്.

* വേദപുസ്തകവും പാരമ്പര്യവും തമ്മിലുള്ള ബന്ധം

* വി. കുർബാനയെ സംബന്ധിച്ച വിശ്വാസം

* പൗരോഹിത്യം

* സഭയിലെ പ്രബോധനകേന്ദ്രം, മാർപ്പാപ്പായും മാർപ്പാപ്പായോടു ചേർന്ന മെത്രാന്മാരും

ഐക്യ സംരംഭങ്ങളിലൂടെ നേടിയ സത്ഫലങ്ങൾ സഭയുടെ പൊതു പൈതൃകമാകണം. പരീക്ഷണങ്ങളും പഠനങ്ങളും അവയുടെ ഫലങ്ങളും മെത്രാന്മാർ തൊട്ട്, സാധാരണ ജനംവരെ ഉൾപ്പെട്ടതാകണം. ദൈവശാസ്ത്രജ്ഞന്മാർക്കും ദൈവശാസ്ത്രകേന്ദ്രങ്ങൾക്കും വിവിധ എക്യുമെനിക്കൽ കമ്മീഷനുകൾക്കും പഠനത്തിലൂടെയും ഗവേഷണത്തിലൂടെയും പ്രാപ്തമായ നേട്ടങ്ങൾ ആഴപ്പെടുത്തണം. അതേസമയം ഈ സംരംഭങ്ങളൊക്കെ പരിശുദ്ധ സിംഹാസനത്തിൻെറയും മെത്രാന്മാരുടെയും വിലയിരുത്തലിന് വിധേയമാക്കണം. ഈ സംരംഭങ്ങളിലെല്ലാം മെതഡോളജി (Methodology) – പ്രവർത്തനരീതി – പ്രധാനപ്പെട്ടതാണ്.

സംവാദത്തിലൂടെ തുടരുന്ന ഐക്യശ്രമങ്ങളിൽ ഏററവും പ്രധാനം ഉത്തമമായ ജീവിതസാക്ഷ്യമാണ്. എല്ലാവരെയും ആത്മാവിൻെറ ശക്തിയിലൂടെ ക്രിസ്തു പിതാവിലേക്കു നയിക്കുന്ന ആത്മീയതയാണു ലക്ഷ്യം. ഈ രീതിയിൽ ചിന്തിക്കുമ്പോൾ രക്തസാക്ഷികളുടെ ജീവിത സാക്ഷ്യം പ്രധാനപ്പെട്ടതാണ്. "നമ്മുടെ വിഭജനത്തിൻെറ വ്യഥകൾക്കിടയിലും ഈ സഹോദരീസഹോദരങ്ങൾ യേശു ക്രിസ്തുവുമായും പിതാവുമായുമുള്ള അടുപ്പം കാത്തുസൂക്ഷിക്കുന്നു. അതാണ് രക്തച്ചൊരിച്ചിലിനുവരെ അവരെ നയിക്കുന്ന വികാരം. ഈ അടുപ്പം തന്നെയല്ലേ മാനസാന്തരത്തിൻെറ സംവാദം എന്നു ഞാൻ വിളിച്ച അവസ്ഥയുടെ അടിയിലും കാണാൻ സാധിക്കുക? ഈ സംവാദം തന്നെ വ്യക്തമായി ചൂണ്ടിക്കാട്ടുന്നുണ്ട്: സമ്പൂർണ്ണ ഐക്യത്തിൽ എത്തിച്ചേരാൻ ആഴമായ സത്യാനുഭവം ആവശ്യമാണ് എന്ന വസ്തുത" (UUS 83). എല്ലാ സഭകളിലുമുള്ള വിശുദ്ധർ വെളിപ്പെടുത്തുന്നത് ഏവരും പരമപ്രധാനമായി കരുതുന്നത് വിശുദ്ധിയാണ്. വിശുദ്ധിയുടെ നിറവിലുള്ള ജീവിതം പരിശുദ്ധാത്മാവിൻെറ ശക്തിയുടെ തെളിവാണ്: യേശുക്രിസ്തുവിനെ പിൻചെല്ലാൻ ആത്മാർത്ഥമായ ശ്രമം എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം പരിശുദ്ധാത്മാവ് തൻെറ കൃപാവരം അസാധാരണമാംവിധം ചൊരിഞ്ഞുകൊണ്ടിരിക്കും (UUS 84.3). മാനസാന്തരത്തിലൂടെ ദൈവേഷ്ടത്തിന് ക്രൈസ്തവർ വിധേയരാകുമ്പോൾ അതു സഭകളെ ദൃശ്യമായ കൂട്ടായ്മയിൽ എത്തിക്കും. വിശുദ്ധരുടെ മാതൃക ദൈവകൃപയുടെ നിയോഗങ്ങൾക്കായി സമർപ്പിക്കാൻ ക്രൈസ്തവരെ ഉദ്ബോധിപ്പിക്കും.

www.malankaralibrary.com

ഐക്യത്തിന്റെ പാതയിൽ വത്തിക്കാൻസൂനഹദോസിനു ശേഷമുള്ള ദശകങ്ങളിൽ കത്തോലിക്കാ സഭ നടത്തിയ ശ്രമങ്ങളെ വളരെ സമ്യക്കായി അവതരിപ്പിക്കുന്ന മാർപ്പാപ്പാ, പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ റോമാമെത്രാനു ലഭിച്ചിരിക്കുന്ന ദൗത്യത്തിന്റെ സാംഗത്യം വിശകലനം ചെയ്യുന്നുമുണ്ട്. ആദ്യ നൂററാണ്ടു മുതൽ റോമാമെത്രാനുമായുള്ള ഐക്യം സഭയുടെതന്നെ ഐക്യത്തിന്റെ അടയാളമായി പരിഗണിച്ചിരുന്നു. എന്നാൽ കാലക്രമത്തിൽ തത്വത്തിലും പ്രയോഗത്തിലും റോമാമെത്രാന്റെ മുഖ്യസ്ഥാനം/പ്രഥമസ്ഥാനം (Primacy) സംബന്ധിച്ച് പല ബുദ്ധിമുട്ടുകളും വന്നുഭവിച്ചു. ഈ പശ്ചാത്തലത്തിലാണ് റോമാമെത്രാന്റെ ശുശ്രൂഷാസ്ഥാനം സംബന്ധിച്ച വി. ഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും സാക്ഷ്യം ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അവതരിപ്പിക്കുക. അസ്ഥിരതകളുടെ നടുവിൽ റോമാമെത്രാന് സുപ്രധാനമായൊരു ദൗത്യം നിറവേററാനുണ്ട്. "ഒരധികാരവും ഉറപ്പുമില്ലാതെ സഭാസ്ഥാപനം നിഴലുപോലെ ചലിക്കുമ്പോൾ റോമിലെ മെത്രാൻ വേണം അതിന്റെ കൂട്ടായ്മയുറപ്പിക്കാൻ. അതുകൊണ്ട് അദ്ദേഹം ഐക്യത്തിന്റെ പ്രഥമദാസനാകണം. ഈ പ്രഥമസ്ഥാനം പല തലങ്ങളിലാണ് വിന്യസിച്ചിരിക്കുക. തിരുവചനത്തിന്റെ കൈമാററം, ആരാധനക്രമാനുഷ്ഠാനം, കൂദാശാ പരികർമ്മം, സഭാദൗത്യ നിർവഹണം, സഭാനിയമ സംഹിത, ക്രിസ്തീയ ജീവിതചര്യ തുടങ്ങിയ വിവിധ വിതാനങ്ങളിലാണതുള്ളത്. ജാഗ്രതയുണ്ടായിരിക്കേണ്ട തലങ്ങളാണവ" (UUS 94.2); ഭിന്നതകളുടെ നടുവിൽ ആധികാരികമായ പ്രബോധനം നല്കാൻ റോമാമെത്രാനു കടപ്പാടുണ്ട്. ഈ പശ്ചാത്തലത്തിലാണ് എക്സ് കത്തേഡ്രാ (Ex Cathedra) പ്രഖ്യാപനങ്ങളുടെ പ്രാധാന്യവും മനസ്സിലാക്കേണ്ടത്.

റോമാമെത്രാന്റെ ദൗത്യം മെത്രാൻ സംഘത്തിന്റെ ദൗത്യത്തിൽ നിന്ന് വേർപെട്ടുനില്ക്കുന്ന ഒന്നല്ല. അദ്ദേഹവും "മെത്രാൻ സംഘത്തിലെ ഒരംഗമാണ്...... മെത്രാന്മാരെല്ലാം ശുശ്രൂഷയിൽ അദ്ദേഹത്തിന്റെ സഹോദരന്മാരാണ്" (UUS 95.1). റോമാമെത്രാന്റെ മുഖ്യസ്ഥാനം/പ്രഥമസ്ഥാനം (Primacy) സംബന്ധിച്ച അടിസ്ഥാന തത്വങ്ങൾ നിഷേധിക്കപ്പെടാതെ തന്നെ അദ്ദേഹത്തിന്റെ ശുശ്രൂഷ എങ്ങനെ നിർവ്വഹിക്കപ്പെടാം എന്നതും പഠനവും ചർച്ചയും വേണ്ട വസ്തുതയാണ് എന്ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വ്യക്തമാക്കുന്നു.

പ്രാദേശിക സഭകൾക്ക് റോമാസഭയുമായുള്ള ഐക്യം, ഐക്യത്തിന്റെ ഒഴിവാക്കാനാകാത്ത ഘടകമാണ്. ഈ കൂട്ടായ്മയിലാണ് ദൈവിക പദ്ധതി പൂർത്തിയാകുന്നതും ഐക്യം ദൃശ്യമാകുന്നതും. അതോടൊപ്പം സുവിശേഷവല്ക്കരണത്തിന്റെ അവശ്യമായ വ്യവസ്ഥയാണ് സഭകളുടെ ഐക്യം എന്ന സുവിശേഷ പ്രഘോഷണത്തിന്റെ (Evangelli Nuntiandi) പ്രബോധനം 'എല്ലാവരും ഒന്നാകുവാൻ'

www.malankaralibrary.com

ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. 'റോമാമെത്രാനെന്ന നിലയിൽ എൻെറ ഭരണകാലത്തെ ഏററവും പ്രധാനപ്പെട്ട പ്രഥമ അജപാലന പരിഗണന എക്യുമെനിക്കൽ ദൗത്യത്തിനാണ്' എന്ന പ്രഖ്യാപനത്തോടെയാണ് മൂന്നാം അദ്ധ്യായം മാർപ്പാപ്പാ സമാപിപ്പിക്കുക.

സഭാംഗങ്ങളെ മുഴുവൻ ഐക്യത്തിനുവേണ്ടിയുള്ള പ്രതിബദ്ധത ഏറ്റെടുക്കാൻ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ആഹ്വാനം ചെയ്യുന്നു. ഐക്യത്തിനുള്ള കൃപാവരം ലഭിക്കുന്നതിനുള്ള മാർഗ്ഗം ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഉപദേശിക്കുന്നുണ്ട്. ഒന്നാമതായി, പ്രാർത്ഥനയാണ് അതിനുള്ള മാർഗ്ഗം. രണ്ടാമതായി, കൃതജ്ഞതാസമർപ്പണം പ്രാധാന്യമർഹിക്കുന്നു. ദൈവത്തോടു വേണ്ടതു ചോദിക്കാൻ അതു ക്രൈസ്തവരെ പ്രാപ്തരാക്കും. മൂന്നാമതായി, പ്രത്യാശാപൂർവ്വം ഭാവിയിലേക്കു നോക്കി നടക്കുക. ഒരേ ബലിപീഠത്തിൽ ഐക്യത്തിൻെറ ബലി ഒന്നിച്ച് അർപ്പിക്കാനിടവരാൻ പ്രാർത്ഥിക്കാം എന്ന ആഹ്വാനത്തോടെയാണ് ചാക്രികലേഖനം സമാപിക്കുക.

ചാക്രികലേഖനം നല്കുന്ന ഉപദേശത്തിൻെറ കാതൽ എന്താണ്? ആരെയും കുററപ്പെടുത്താതെയും വിമർശിക്കാതെയും മാർപ്പാപ്പാ സഭയുടെ ഭൂതകാലത്തിലേക്കിറങ്ങി അനൈക്യത്തിൻെറ കാരണങ്ങൾ വിശകലനം ചെയ്യുന്നു. കത്തോലിക്കാ സഭയുടെ ഭാഗത്തു നിന്നുണ്ടായ തെററുകൾ അംഗീകരിക്കുകയും പൂർണ്ണമനസ്സോടെ അവയെപ്രതി മാർപ്പാപ്പാ ക്ഷമായാചന നടത്തുകയും ചെയ്യുന്നു. ഇതര സഭാകൂട്ടായ്മകളിലെ ശ്രേഷ്ഠവും ഉദാത്തവുമായ ഘടകങ്ങളെ മാർപ്പാപ്പാ ശ്ലാഘിക്കുന്നുണ്ട്. ഐക്യത്തിനുള്ള കൂട്ടായ ശ്രമങ്ങളിൽ പാശ്ചാത്യ പൗരസ്ത്യ സഭകളിലെ ഈ ഘടകങ്ങൾ സഹായമാകുമെന്നതിൽ സംശയമില്ല. അന്ത്യോക്യൻ സിറിയൻ ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയുമായി നിലവിൽ വന്ന അജപാലന സഹകരണം ഇതിന് ഉത്തമമായ ഉദാഹരണമാണ്.

ഐക്യത്തിനുള്ള ദൗത്യം കർത്താവായ യേശു ഏല്പിച്ചതാണെന്നും സുവിശേഷ സാക്ഷ്യത്തിനുള്ള ഏററവും ആവശ്യമായ വ്യവസ്ഥയാണെന്നും മാർപ്പാപ്പാ വ്യക്തമാക്കുന്നുണ്ട്. വത്തിക്കാൻ സൂനഹദോസിൻെറ കാലം മുതൽ ഇന്നോളം കത്തോലിക്കാ സഭ നടത്തിയിട്ടുള്ള ഐക്യശ്രമങ്ങളെ മാർപ്പാപ്പാ വിലയിരുത്തുന്നു. തീക്ഷ്ണമായ താല്പര്യത്തോടെ ഐക്യത്തിനുവേണ്ടി പ്രാർത്ഥനയിലും പഠനത്തിലും പ്രവർത്തനത്തിലും ഏർപ്പെടാനുള്ള ആഹ്വാനം ചാക്രികലേഖനത്തിൽ നാം കാണുന്നു. സത്യം കൈവിടാതെയും അടിസ്ഥാനതത്വങ്ങൾ തള്ളിക്കളയാതെയും ഐക്യശ്രമങ്ങളിൽ ഏർപ്പെടണം. എന്നാൽ കാലവും സംസ്കാരവും ദർശനവും വിശ്വാസസത്യങ്ങളിൽ ചെലുത്തിയിട്ടുള്ള സ്വാധീനത്തെ തുറവിയോടെ സമീപിക്കണം. റോമാമെത്രാൻെറ മുഖ്യസ്ഥാനം/പ്രഥമസ്ഥാനം (Primacy) സംബന്ധിച്ച് മാർപ്പാപ്പാ അവതരി

www.malankaralibrary.com

പ്പിക്കുന്ന ചർച്ച ഈയവസരത്തിൽ ശ്രദ്ധേയമാണ്. ഐക്യത്തിനുള്ള പാത സുഗമമാക്കുന്നത് മാനസാന്തരവും പ്രാർത്ഥനയും ഉൾക്കൊള്ളുന്ന ആഴമേറിയ ആത്മീയ ജീവിതമാണെന്ന ഉപദേശം പ്രാധാന്യമർഹിക്കുന്നു.

അടിസ്ഥാനപരമായി വത്തിക്കാൻ സൂനഹദോസിൻെറ പ്രബോധനമാണ് മാർപ്പാപ്പാ ചാക്രികലേഖനത്തിൽ അവതരിപ്പിക്കുക. അതിനെ ആധാരമാക്കി നല്കപ്പെട്ട എക്യുമെനിക്കൽ നിർദ്ദേശങ്ങളും ഉദ്ധരിക്കുന്നുണ്ട്. നവമായി കാണുക സാർവ്വത്രികസഭ നടത്തിയ ക്രിയാത്മകമായ നടപടികളുടെ വിശകലനം മാത്രമാണ്. ഈയവസരത്തിൽ പ്രസക്തമായൊരു ചോദ്യം ഉയരുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള പല രാജ്യങ്ങളിലെയും പ്രാദേശിക സഭകളിൽ വത്തിക്കാൻ സൂനഹദോസിൻെറ പ്രബോധനം എത്രമാത്രം പരിചിതമാണ്? അന്ത്യോക്യൻ സിറിയൻ ഓർത്തഡോക്സ് സഭയുമായി (കേരളത്തിലെ യാക്കോബായ സഭ) നടപ്പാക്കിയ അജപാലന ധാരണ കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് എത്രമാത്രം അറിയാം? ചുരുക്കത്തിൽ, സാർവ്വത്രിക സഭയുടെ പ്രബോധനത്തിൻെറയും സദുദ്യമങ്ങളുടെയും വെളിച്ചം പ്രാദേശിക സഭകളിലും രൂപതകളിലും കടന്നു ചെല്ലേണ്ടിയിരിക്കുന്നു. വത്തിക്കാൻ സൂനഹദോസിന് ശേഷം നാലു ദശകങ്ങൾ നാം പിന്നിടുകയാണ്. ഇനിയെങ്കിലും ഐക്യത്തിനുള്ള പ്രതിബദ്ധത സഭാജീവിതത്തിൻെറ ഭാഗമാക്കുക അത്യാവശ്യമാണ്. ഐക്യത്തെപ്പററിയുള്ള ദർശനം വിശ്വാസപരിശീലനത്തിൻെറ ഭാഗമാക്കുകയും അതിനുവേണ്ടിയുള്ള ശ്രമം അജപാലനശുശ്രൂഷയുടെ അവശ്യഘടകമാക്കുകയും വേണം.

സഭകൾ തമ്മിലും സഭകൾക്കുള്ളിൽത്തന്നെയും സംഘർഷങ്ങൾ തുടരുകയോ പുതിയ വിഘടനങ്ങൾ ഉടലെടുക്കുകയോ ചെയ്യുന്നതായി നാം കാണുന്നു. ഒരേ ചരിത്രവും പാരമ്പര്യവും സംസ്കാരവും ഉള്ള സഭകളിൽത്തന്നെ സംഘർഷങ്ങൾ നിലനില്ക്കുന്നു. കേരളത്തിലെ ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷം വ്യക്തമായ ഉദാഹരണമാണല്ലോ. ഈ സാഹചര്യത്തിൽ എല്ലാ സഭാവിഭാഗങ്ങൾക്കും ആത്മപരിശോധനയ്ക്കു തക്കതായ കാഴ്ചപ്പാടുകൾ ചാക്രികലേഖനത്തിൽ കണ്ടെത്താവുന്നതാണ്. ഇന്ത്യയിൽ കത്തോലിക്കാ സഭയുടെ വിവിധ മെത്രാൻസംഘങ്ങൾ വേണ്ടവിധത്തിൽ എക്യുമെനിക്കൽ സംരംഭങ്ങൾക്കു നേതൃത്വം നൽകിയോ എന്ന ചോദ്യവും പ്രസക്തമാണ്. മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യവും പൈതൃകവും അവകാശപ്പെടുന്ന സഭകൾ - കത്തോലിക്കാ, അകത്തോലിക്കാ - തമ്മിൽ പോലും വേണ്ടവിധത്തിലുള്ള സംവാദത്തിന് വേദിയൊരുങ്ങിയില്ല എന്നത് ചരിത്രസത്യമാണ്. ഇതര ക്രിസ്തീയ സഭകളും കാലത്തിൻെറ അടയാളങ്ങൾ മനസ്സിലാക്കി ഫലവത്തായ സംവാദത്തിന് ശ്രമങ്ങൾ നടത്തിയിട്ടില്ല എന്നതും വാസ്തവം തന്നെ. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭ-ഇവർ തമ്മിൽ തുടരുന്ന സംവാദവും ഐക്യശ്രമവും

www.malankaralibrary.com

ഇവിടെ വിസ്മരിക്കുന്നില്ല. ഓർത്തഡോക്സ് സഭയുമായി സംവാദത്തിനു മുൻകൈ എടുത്തത് റോമാണ്, കേരളത്തിലെ സഭകളല്ല എന്നത് വിസ്മരിക്കാനാവില്ല.

പരിശുദ്ധാത്മാവ് ഐക്യത്തിന്റെ ദാതാവാണ്. പ്രതീക്ഷയുടെയും വിശ്വാസത്തിന്റെയും കൃപകൾ അവിടുന്ന് ചൊരിഞ്ഞു കൊണ്ടേയിരിക്കുന്നു. ഐക്യത്തിനുള്ള ശ്രമങ്ങളെ പരിശുദ്ധാത്മാവ് ലക്ഷ്യത്തിലേക്ക് നയിക്കും. സഭൈക്യത്തിനുവേണ്ടി ഉദ്യമിക്കുന്ന എല്ലാവർക്കും എല്ലാവരും ഒന്നാകുവാൻ എന്ന ചാക്രികലേഖനം പ്രചോദനം നല്കുമെന്നത് സംശയാതീതമായ വസ്തുതയാണ്.

---

സത്യത്തോടുള്ള സ്നേഹമാണ് സമ്പൂർണ്ണ ക്രൈസ്തവൈക്യത്തിനുള്ള ആധികാരിക അന്വേഷണങ്ങളുടെ ക്ലിപ്തവും നിർണ്ണായകവുമായ മാനദണ്ഡം. ഈ സ്നേഹമില്ലെങ്കിൽ വിഭിന്നാഭിപ്രായങ്ങളെ പരിശോധിക്കുമ്പോൾ ദൈവശാസ്ത്ര മനഃശാസ്ത്ര സാമൂഹ്യ സാംസ്കാരിക പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കാൻ കഴിയുകയില്ല. ആന്തരികവും വ്യക്തിപരവുമായ ഈ നിർണ്ണായക മനോഭാവത്തോട് വിനയവും ഔദാര്യവും ഒത്തുചേരണം; സംവാദത്തിലെ പങ്കാളിയുടെ നേരെ ഔദാര്യം; പുതിയ സത്യങ്ങൾ തെളിഞ്ഞുവരുമ്പോൾ അതിന്റെ മുമ്പിൽ വിനയം. അപ്പോൾ നമ്മുടെ പല മുൻ നിശ്ചയങ്ങളേയും നിലപാടുകളേയും ചിലപ്പോൾ പുനഃപരിശോധനയ്ക്കു വിധേയമാക്കേണ്ടിവരും (UUS 36.2).

www.malankaralibrary.com

# 10

# സമർപ്പിതജീവിതം

"പലരും ഇന്ന് അത്ഭുതപ്പെടുകയും ഇപ്രകാരം ചോദിക്കുകയും ചെയ്യുന്നു: സമർപ്പിത ജീവിതത്തിൻെറ പ്രസക്തി എന്താണ്? സമർപ്പിത ജീവിതത്തിൻെറ പ്രത്യേക കടമകൾ ഏറ്റെടുക്കാതെതന്നെ പ്രത്യുത്തരിക്കാവുന്ന അടിയന്തിര സ്വഭാവമുള്ള അനേകമാവശ്യങ്ങൾ ഉപവിയുടെയും സുവിശേഷവത്ക്കരണത്തിൻെറയും മേഖലകളിൽ ഉണ്ടായിരിക്കുമ്പോൾ ഇത്തരം ജീവിതത്തെ ആശ്ലേഷിക്കുന്നതെന്തിന്? കൂടുതൽ നന്മയ്ക്കായി മനുഷ്യവർഗ്ഗത്തിൻെറയും സഭയുടെയും ഉപകാരത്തിനായി കൂടുതൽ കാര്യക്ഷമതയോടെ ഉപയോഗിക്കാവുന്ന മാനുഷിക ഊർജ്ജങ്ങളുടെ ഒരുതരം ധൂർത്തടിക്കൽ അല്ലേ സമർപ്പിത ജീവിതം" (VITA CONSECRATA =VC;VC 104.1). സഭയുടെ സമ്പന്നമായ പാരമ്പര്യത്തെ ആധാരമാക്കി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. 1994-ലെ മെത്രാന്മാരുടെ സിനഡിൻെറ പ്രമേയം 'സമർപ്പിത ജീവിതവും, ലോകത്തിലും സഭയിലും അതിനുള്ള ദൗത്യവും' എന്നതായിരുന്നു. സിനഡിൻെറ ഫലങ്ങളാണ് 'സമർപ്പിത ജീവിതം' എന്ന ശ്ലൈഹികാഹ്വാനത്തിലൂടെ മാർപ്പാപ്പാ അവതരിപ്പിക്കുക. 1996 മാർച്ച് 25-ാം തീയതി പ്രസിദ്ധീകരിച്ച ശ്ലൈഹികാഹ്വാനത്തിൽ ആമുഖത്തിനും ഉപസംഹാരത്തിനും പുറമെ മൂന്നു അദ്ധ്യായങ്ങളാണ് ഉള്ളത്. 112 നമ്പറുകളിലായി അനേകം ഖണ്ഡികകളും ഉപഖണ്ഡികകളും ഉള്ള ശ്ലൈഹികാഹ്വാനം സമർപ്പിതജീവിതത്തെക്കുറിച്ചുള്ള സമഗ്രമായ പ്രബോധനമാണ്. സമർപ്പിത ജീവിതത്തെപ്പററിയുള്ള നിരവധിയായ സംശയങ്ങൾ ദൂരീകരിക്കുവാനും അതിനെ, സഭാജീവിതത്തിൽ യഥാസ്ഥാനത്തു പ്രതിഷ്ഠിക്കുവാനും 'സമർപ്പിത ജീവിതം' പ്രാപ്തമാണ്.

സഭയുടെ ഹൃദയത്തിൽത്തന്നെയുള്ള (VC 3.1) സമർപ്പിത ജീവിതത്തിൻെറ കിഴക്കും പടിഞ്ഞാറുമുള്ള വിവിധ രൂപങ്ങൾ ആമുഖത്തിൽ അവതരിപ്പിക്കുന്നുണ്ട്. സമർപ്പിത ജീവിതം സഭയുടെ ജീവിതത്തിൻെറ

www.malankaralibrary.com

തന്നെ പ്രതീകമാണെന്ന് പ്രബോധനരേഖ വ്യക്തമാക്കുന്നുണ്ട്: "സ്വർഗ്ഗീയ മണവാട്ടിയുടെയും, സഭ അവസാനം ക്രിസ്തുവാകുന്ന തൻെറ വരനോടുള്ള സ്നേഹം പൂർണ്ണമായി ജീവിക്കുന്ന ഭാവി ജീവിതത്തിൻെറയും പ്രതിച്ഛായയാണിത്" (VC 7.1). പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നൽകുന്ന ദാനമാണ് സമർപ്പിത ജീവിതം (VC 1.1). ഈ ദാനത്തിൻെറ വിവിധ രൂപങ്ങൾക്കും ആവിഷ്കാരങ്ങൾക്കും നന്ദി പറയുക ഉചിതമാണ് (VC 5). ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിൻെറയും സ്നേഹത്തിൻെറയും അയൽക്കാരനോടുള്ള സ്നേഹത്തിൻെറയും ആവിഷ്കാരം സമർപ്പിത ജീവിതം നിറവേററുന്ന ശുശ്രൂഷകളിൽ നമുക്കു വ്യക്തമായി ദർശിക്കാം. ആന്തരിക ജീവിതവും പ്രവർത്തനവും തമ്മിൽ ഉത്തമമായ സന്തുലിതാവസ്ഥ പുലർത്താൻ സമീപകാലത്ത് തുടങ്ങിയ സന്യാസ സമൂഹങ്ങൾ ശ്രമിക്കുന്നുണ്ട് (VC 6.4).

ദൈവജനത്തിന് സമർപ്പിത ജീവിതത്തിൻെറ വിവിധ വശങ്ങളെ അഗാധമായി മനസിലാക്കിക്കൊടുക്കുകയും സന്യസ്തർക്ക് ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ ആദ്ധ്യാത്മികവും അപ്പസ്തോലികവുമായ രീതിയിൽ നേരിടാൻ വേണ്ട പ്രോത്സാഹനം നൽകുകയുമാണ് ശ്ലൈഹികാഹ്വാനത്തിൻെറ ലക്ഷ്യം (VC 13.5).

സമർപ്പിത ജീവിതത്തിൻെറ അടിസ്ഥാനങ്ങളാണ് 'ത്രിത്വത്തെ ഏററുപറയൽ' എന്ന ഒന്നാം അദ്ധ്യായം ചർച്ച ചെയ്യുക. സമർപ്പിത ജീവിതം ത്രിത്വാത്മക രഹസ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ, ക്രിസ്തുവിജ്ഞാനപരവും (Christological) റൂഹാവിജ്ഞാനപരവുമായ (Pneumatological) അർത്ഥവും അതിനുണ്ട്. യേശുവിൻെറ മറുരൂപപ്പെടലിൻെറ (Transfiguration) സംഭവം (മത്താ. 17: 1-9) വ്യാഖ്യാനിച്ചുകൊണ്ട് മാർപ്പാപ്പാ സമർപ്പിതജീവിതത്തിൻെറ ആഴമേറിയ അർത്ഥത്തിലേക്ക് നമ്മെ നയിക്കുന്നു. ക്രിസ്തുവിനോടു പൂർണ്ണമായി അനുരൂപപ്പെടാനുള്ള, തങ്ങളുടെ അസ്തിത്വം മുഴുവൻ ക്രിസ്തുവുമായി ഒന്നുചേർക്കാനുള്ള ആഹ്വാനമാണ് സമർപ്പിതർ സ്വീകരിക്കുക. ക്രിസ്തുവാണ് അവരുടെ ജീവിതത്തിൻെറ ഏകശ്രദ്ധാകേന്ദ്രം. ക്രിസ്തു രഹസ്യങ്ങളോടുള്ള പൂർണ്ണമായ അനുരൂപണത്തിലൂടെയാണ് (Configuration) സമർപ്പിതർ ത്രിത്വത്തെ ഏററുപറയാൻ പ്രാപ്തരാകുക. ഈ ജീവിതത്തിലേക്ക് അവർ ആകർഷിക്കപ്പെടുക ദൈവപിതാവിൻെറ ദാനമായ വിളിയിലൂടെയാണ്. പരിശുദ്ധാത്മാവിനാൽ രൂപീകരിക്കപ്പെടുന്ന സന്യാസമാകുന്ന ആദ്ധ്യാത്മികമാർഗ്ഗത്തെ ഫിലോകാലിയ (Philokalia) അഥവാ ദൈവികസൗന്ദര്യത്തിൻെറ സ്നേഹമെന്ന് സഭാ പിതാക്കന്മാർ നാമകരണം ചെയ്തത് അർത്ഥവത്താണ്. സുവിശേഷോപദേശങ്ങളായ അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവയുടെ പാലനത്തിലൂടെയത്രേ സമർപ്പിതർ തങ്ങളെത്തന്നെ ദൈവത്തിന് പ്രതിഷ്ഠിക്കുക. അനുസരണം സമർപ്പിതരെ ക്രിസ്തുവിൻെറ പുത്രസഹജമായ അനുസര

www.malankaralibrary.com

ണത്തിൽ ഒന്നു ചേർക്കുന്നു. ബ്രഹ്മചര്യമാകട്ടെ, സമർപ്പിതജീവിതത്തിൻെറ ശ്രേഷ്ഠതയും നിഗൂഢമായ ആദ്ധ്യാത്മിക സമ്പത്തും വ്യക്തമാക്കുന്നു. നമ്മെ സമ്പന്നരാക്കുവാൻ ദരിദ്രനായിത്തീർന്ന യേശുവിനെയാണ് സന്യസ്തർ ദാരിദ്ര്യത്തിൽ മാതൃകയാക്കുക. യേശുക്രിസ്തുവിൻെറ ജീവിത, പ്രവർത്തന മാർഗ്ഗങ്ങളുടെ സജീവ സ്മാരകമത്രേ സമർപ്പിത ജീവിതം. അവിടുത്തെ ജീവിതവും സന്ദേശവുമാണ് സമർപ്പിതജീവിതത്തിൻെറ പാരമ്പര്യത്തിൽ ദൃശ്യമാകുക.

സമർപ്പിതർ തങ്ങളുടെ ജീവിതത്തിലൂടെ ഈ ലോകത്തിൽ ക്രിസ്തുവിനു സാക്ഷ്യം നൽകുന്നു. ഔദാര്യപൂർണ്ണമായ ശുശ്രൂഷയിലൂടെ അവർ ദൈവസ്നേഹത്തിൻെറ അനുഭവം ലോകത്തിനു പകരുന്നു. അതോടൊപ്പം സമർപ്പിതജീവിതം യുഗാന്തപരമായ (Eschatological) അർത്ഥമുൾക്കൊള്ളുന്ന യാഥാർത്ഥ്യമാണ്. അത് സ്വർഗ്ഗരാജ്യത്തിൻെറ മഹത്വം ഉദ്ഘോഷിക്കുകയും അതിൻെറ മുന്നാസ്വാദനമായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. യുഗാന്തപരമായ ഈ കാഴ്ചപ്പാട് ഉൾക്കൊള്ളുന്ന സമർപ്പിതർ സഹോദരങ്ങൾക്ക് പ്രത്യാശ നൽകി നയിക്കാൻ പ്രാപ്തരാണ്. ഭൂമിയിലെ ദൈവദൂതൻമാരായി സമർപ്പിതരെ കാണുന്ന പൗരസ്ത്യ പാരമ്പര്യം (VC 27.5) ഈ വസ്തുതയാണ് ഊന്നിപ്പറയുക. പാശ്ചാത്യപാരമ്പര്യം രക്ഷാകര കർമ്മങ്ങളുടെ ഓർമ്മയുടെയും വരാനിരിക്കുന്നവയുടെ പ്രതീക്ഷയുടെയും ആഘോഷമായി സന്യസ്തജീവിതത്തെ കാണുന്നതും ഈയവസരത്തിൽ സ്മരണീയമാണ്.

വ്രതവാഗ്ദാനത്തിലൂടെ ആരംഭിക്കുന്ന സമർപ്പിത ജീവിതം സഭയുടെ ജീവിതവും വിശുദ്ധിയുമാണ് ആവിഷ്കരിക്കുന്നത്. കൂദാശകളിലൂടെ നടക്കുന്ന സമർപ്പണത്തിൻെറ സവിശേഷവും ഫലദായകവുമായ ആഴപ്പെടലായി സമർപ്പിത ജീവിതത്തെ കരുതാവുന്നതാണ്. അതേസമയം സഭാജീവിതത്തെ സൃഷ്ടിക്കുന്ന വിവിധ ജീവിതാവസ്ഥകൾ തമ്മിൽ സവിശേഷമായ ബന്ധമുണ്ട്. എല്ലാ ജീവിതാവസ്ഥകളിലുംകൂടെ പ്രകടമാകുന്നത് ക്രിസ്തുവിൻെറ ഏക ശുശ്രൂഷയാണ്. പൂർണ്ണമായും ധ്യാനത്തിനു സമർപ്പിച്ചവരും പ്രവർത്തനനിരതമായ ജീവിതം നയിക്കുന്നവരുമായ സന്യസ്തർ സഭയുടെ ലക്ഷ്യത്തെ കൂടുതൽ മെച്ചമായി പ്രകടമാക്കുന്നു. ഇത്തരത്തിൽ സമർപ്പിത ജീവിതത്തിന് വസ്തുനിഷ്ഠമായ മേന്മയുണ്ട് (Objective Superiority) എന്ന് സഭ പഠിപ്പിക്കുന്നു. സഭ ഒന്നാകെ ആവിഷ്കരിക്കേണ്ട മാനസാന്തരത്തിൻെറയും വിശുദ്ധിയുടെയും ആവിഷ്കാരമാണ് സമർപ്പിത ജീവിതത്തിൽ നാം കാണുക. ഓരോ സമൂഹവും അതിൻെറ സ്ഥാപകസിദ്ധിയോടും (Founding Charism) ആദ്ധ്യാത്മിക പൈതൃകത്തോടും വിശ്വസ്തത പുലർത്തി ത്രിത്വാത്മക (Trinitarian) ജീവിതത്തോടുള്ള പ്രതിബദ്ധതയിൽ നിരന്തരം വളരണം. എന്നാൽ സ്ഥാപകസിദ്ധിയെ 'ഇന്നത്തെ ലോകത്തിലുണ്ടാകുന്ന കാലത്തിൻെറ അടയാളങ്ങൾക്ക് പ്രത്യുത്തരമായി ധീരതയോടെ

www.malankaralibrary.com

പുതുതായി നിർദ്ദേശിക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു' (VC 37.1). സമൂഹങ്ങളുടെ തനിമ നഷ്ടപ്പെടുത്താതെ കാലത്തിൻെറ ആവശ്യങ്ങളോട് പ്രതികരിക്കുന്ന സാക്ഷ്യത്തിൻെറ ഉചിതമായ രൂപങ്ങൾ ഉണ്ടാകുക ആവശ്യമായ വസ്തുതയാണ്.

പ്രാർത്ഥനയുടെയും ആരാധനയുടെയും വഴി പൂർണ്ണമാക്കുന്ന ആദ്ധ്യാത്മിക സമരം സമർപ്പിതർ ഉപേക്ഷിക്കുവാൻ പാടില്ല. മാത്രമല്ല, തീക്ഷ്ണതയെ ഇല്ലാതാക്കുന്ന താല്ക്കാലിക താല്പര്യങ്ങൾക്ക് സമർപ്പിതർ വശംവദരാകരുത്. മാത്രമല്ല, സമർപ്പിത ജീവിതത്തെ തിരശ്ചീനദിശയിൽ (Horizontal) മാത്രം വളർത്തുന്ന രീതിയിൽ മൂല്യങ്ങളെ കാണുന്ന സമീപനവും ഒഴിവാക്കേണ്ടതാണ്.

'സാഹോദര്യത്തിൻെറ അടയാളം' എന്ന രണ്ടാം അദ്ധ്യായത്തിന് മൂന്ന് ഭാഗങ്ങളാണ് ഉള്ളത്. സ്നേഹം, സാഹോദര്യം, ശുശ്രൂഷ ഇവയൊക്കെ ഉൾക്കൊള്ളുന്ന സംസർഗ്ഗം എന്ന സവിശേഷമായ മൂല്യമാണ് ഒന്നാം ഭാഗത്തിലെ ചർച്ചാവിഷയം. സമൂഹജീവിതത്തിൽ നിലനിൽക്കേണ്ടതും അതിനെ ചൈതന്യവത്താക്കുന്നതുമായ സഹോദരതുല്യമായ സ്നേഹമാണ് ഏററവും പ്രധാനം. സഹോദരപരമായ സംസർഗ്ഗമാണ് ദൈവത്തെ അനുഭവിച്ചറിയാനും അവിടുത്തെ സാന്നിധ്യം കണ്ടെത്താനും സമർപ്പിതരെ പ്രാപ്തരാക്കുക. അധികാരത്തിൻെറ വിനിയോഗവും ഈ കാഴ്ചപ്പാടിലാണ് പ്രസക്തമാകുക. ആദ്ധ്യാത്മികവും അപ്പസ്തോലികവുമായ ഫലസമൃദ്ധിക്ക് ഏവരെയും പ്രാപ്തരാക്കുകയാണ് അധികാരത്തിൻെറ ലക്ഷ്യം. വാർദ്ധക്യത്തിലെത്തിയവർക്കും രോഗികളായവർക്കും ലഭ്യമാകേണ്ട ശുശ്രൂഷ സംസർഗ്ഗത്തിൽ അധിഷ്ഠിതമാകണം. അവരുടെ ജ്ഞാനവും അനുഭവവും ഇതരരെ ശക്തിപ്പെടുത്താൻ പര്യാപ്തമാണ്. ഉദാരപൂർണ്ണമായ സ്നേഹം ആദിമസഭയിലെന്നപോലെ ഇന്നും ഉത്തമമായ സാക്ഷ്യമായിരിക്കും.

സമർപ്പിതജീവിതത്തിനുള്ള സമൂഹങ്ങളുടെ സ്ഥാപകന്മാരിലും സ്ഥാപികമാരിലും അന്യാദൃശമായ ഒരു ഗുണം മികച്ചു നിൽക്കുന്നു. സഭയെക്കുറിച്ചുള്ള സ്ഥിരവും സജീവവുമായ ബോധം അത്രേ അത്. സഭയോടൊത്ത് ചിന്തിക്കുന്നതിനും (Sentire cum ecclesia) പ്രവർത്തിക്കുന്നതിനും അവർ മുമ്പിലായിരുന്നു. ഇക്കാലത്തും സമർപ്പിതർ പത്രോസിൻെറ പിൻഗാമിയോടുള്ള വിധേയത്വത്തിലും മെത്രാന്മാരോടുള്ള ഉത്തമബന്ധത്തിലും സാർവ്വത്രിക സഭയിലും പ്രാദേശികസഭയിലും തങ്ങളുടെ ദൗത്യം നിറവേററണം. ദൈവശാസ്ത്രപരമായ ഗവേഷണം, അദ്ധ്യാപനം, പ്രസിദ്ധീകരണം, മതബോധനം, സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗം എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്നവർ പ്രത്യേകിച്ചും സഭാത്മക സംസർഗ്ഗത്തിൽ തങ്ങളുടെ ശുശ്രൂഷ നിറവേററണം (VC 46.3). ഈ ലക്ഷ്യം മുൻനിർത്തി മെത്രാന്മാരുടെയും മേജർ സുപ്പീരിയർമാരുടെയും കമ്മീഷനുകൾ സ്ഥാപിക്കുക ഉത്തമമാണ്. സ്നേഹഭരിതമായ സംവാദ

www.malankaralibrary.com

ത്തിന് (Dialogue) ഇത് വഴിതെളിക്കും. ഇതേ അരൂപിയിൽ സമർപ്പിത ജീവിതക്കാരുടെ വിവിധ സമൂഹങ്ങൾ തമ്മിലും സംസർഗ്ഗവും സംവാദവും ഉണ്ടാകണം. അതിനാവശ്യമായ സംഘങ്ങൾ ഉണ്ടാക്കുന്നത് ഉചിതമാണ്. കാലഘട്ടത്തിൻെറ മാററങ്ങൾ ഉൾക്കൊണ്ട് അൽമായരുമായി സംസർഗ്ഗവും സഹകരണവും തേടുന്നതിനുള്ള മാർഗ്ഗങ്ങൾ ഇന്ന് പല സമൂഹങ്ങളും ആവിഷ്കരിക്കുന്നുണ്ട്. അൽമായർ പങ്കാളികളും സന്നദ്ധസേവകരുമായി വിവിധ സമർപ്പിത സമൂഹങ്ങളുടെ സിദ്ധികളിലും ആദ്ധ്യാത്മിക സമ്പന്നതയിലും പങ്ക് ചേരുന്നുണ്ട്. അതുപോലെ, സമർപ്പിതരുടെ സഭാത്മക പ്രസ്ഥാനങ്ങളിൽ (Ecclesial Movements) പങ്ക് ചേരുന്നുണ്ട്. ഇവയൊക്കെയും പ്രോത്സാഹിപ്പിക്കപ്പെടേണ്ട സംരംഭങ്ങളാണ്. വിവിധ കാരണങ്ങളാൽ വിഭജിതമായ ലോകത്തിൽ സംസർഗ്ഗത്തിലും സംവാദത്തിലും പ്രോത്സാഹിപ്പിക്കപ്പെടുന്ന സാഹോദര്യം ഈ മാർഗ്ഗങ്ങളിലൂടെ വളർന്നുവരും.

സമർപ്പിതരായ സ്ത്രീകളുടെ ധർമ്മവും മഹത്വവും ശ്ലൈഹികാഹ്വാനം ഊന്നിപ്പറയുന്നുണ്ട്. അവരുടെ പരിശീലനം 'സമർപ്പിതരായ പുരുഷന്മാരുടേതിൽ നിന്ന് ഒട്ടും കുറയാത്ത വിധത്തിൽ ആധുനിക ആവശ്യങ്ങൾക്ക് ചേർന്ന വിധത്തിലാകണം' എന്ന് മാർപ്പാപ്പാ അനുശാസിക്കുന്നു (VC 58.2). സഭാചരിത്രത്തിൽ നിന്ന് മാതൃകകൾ ഉദ്ധരിച്ചുകൊണ്ട് സമർപ്പിതരായ സ്ത്രീകൾക്ക് ഈ കാലഘട്ടത്തിൽ നിറവേററുവാനുള്ള സവിശേഷ ദൗത്യത്തിലേക്ക്, പ്രത്യേകിച്ച് വിദ്യാഭ്യാസ പ്രവർത്തനത്തിലേക്ക്, മാർപ്പാപ്പാ ശ്രദ്ധ ക്ഷണിക്കുന്നു.

രണ്ടാം അദ്ധ്യായത്തിൻെറ പരിശുദ്ധാത്മാവിൻെറ ജോലിയിലുള്ള തുടർച്ച എന്ന രണ്ടാം ഭാഗം സമർപ്പിതജീവിതത്തിൻെറ പുതിയരൂപങ്ങളും പ്രവർത്തനശൈലികളും ചർച്ചാവിഷയമാക്കുന്നു. സുവിശേഷാത്മക ജീവിതത്തിൻെറ നവീന രൂപങ്ങൾ വിശകലനം ചെയ്ത് അവയുടെ ഭാവാത്മകവശങ്ങൾ ശ്ലൈഹികാഹ്വാനം ഉയർത്തിക്കാട്ടുന്നു. രണ്ടാം അദ്ധ്യായത്തിൻെറ ഭാവിയിലേക്കുള്ള നോട്ടം എന്ന അവസാനഭാഗം സമർപ്പിതർക്ക് ആവശ്യമായ പരിശീലനമാണ് വിശകലനം ചെയ്യുന്നത്. കാലഘട്ടത്തിൻെറ അടയാളങ്ങൾ കണക്കിലെടുത്ത് പരിശീലന പരിപാടികൾ ഒരുക്കണം. പ്രാരംഭപരിശീലനത്തിൽത്തന്നെ സമ്പൂർണ്ണമായ സമർപ്പണത്തിന് അർത്ഥികളെ സജ്ജമാക്കണം. പരിശീലനം തേടുന്നവരെ അനുയാത്ര ചെയ്യാൻ പരിശീലനത്തിന് ചുമതലയുള്ളവർ ശ്രമിക്കണം. അതുപോലെ, സമൂഹജീവിതത്തിനും പ്രേഷിതത്വത്തിനുമുള്ള പ്രായോഗിക പരിശീലനം അർത്ഥികൾ നേടേണ്ടതുണ്ട്. എല്ലാററിലും ഉപരിയായി തുടർന്നുള്ള പരിശീലനത്തിനുള്ള സാദ്ധ്യതകളും സമൂഹത്തിൽ ഉണ്ടാകണം. വിളിച്ചവനോടുള്ള സ്ഥിരമായ വിശ്വസ്തതയുടെ വളർച്ചയാണ് ഇതിലൂടെ ലക്ഷ്യമാക്കുക. പക്വത പ്രാപിച്ചു എന്നു കരുതുന്നവർക്കുപോലും കൂടുതൽ തികവിൻേറയും ഉദാരതയുടേതുമായ

www.malankaralibrary.com

വളർച്ച ആവശ്യമാണ്. സ്നേഹത്തിൻെറ സേവനം എന്ന മൂന്നാം അദ്ധ്യായം സമർപ്പിത ജീവിതത്തിലൂടെ നിറവേററപ്പെടുന്ന ദൈവ സ്നേഹത്തിൻെറ ആവിഷ്കാരമാണ് വിശകലനം ചെയ്യുക. ഓരോ സമൂഹത്തിനും സ്ഥാപനപരമായ സിദ്ധിയോട് (Founding Charism) ചേർന്ന് ഒരു ദൗത്യമുണ്ട്. സമർപ്പിത ജീവിതം നയിക്കുന്ന വ്യക്തി ഈ ദൗത്യം ഏറെറടുത്ത് ക്രിസ്തുവിന് വൈയക്തികമായ സാക്ഷ്യം നൽകുന്നു. ദൈവത്തിനും മനുഷ്യവംശത്തിനുമുള്ള സേവനത്തിലാണ് ഒരു വ്യക്തി ഏർപ്പെടുക. നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ അദ്ധ്യായത്തിൽ പ്രവർത്തനത്തിൻെറ മേഖലകളെ താഴെപ്പറയും വിധം നിർണ്ണയിച്ചിരിക്കുന്നു.

* ക്രിസ്തുവിനെ അറിയാത്തവരോട് അവിടുത്തെ പ്രഘോഷിക്കുക.
* സാംസ്കാരികാനുരൂപണത്തിൻെറ ഉത്തരവാദിത്വം ഏറെറടുക്കുക. സംസ്കാരത്തെ സുവിശേഷവത്ക്കരിക്കുകയാവണം ലക്ഷ്യം. സമർപ്പിത ജീവിതത്തിൻെറ സാംസ്കാരികാനുരൂപണവും സാധിതമാകേണ്ടതാണ്.
* നവസുവിശേഷവത്ക്കരണം സമർപ്പിത സമൂഹങ്ങൾ സത്വരമായ ശ്രദ്ധയോടെ ഏറെറടുക്കേണ്ട ദൗത്യമാണ്.
* പാവപ്പെട്ടവരോട് മുൻഗണനാപരമായ സ്നേഹം പ്രകടിപ്പിക്കുകയും നീതിക്കുവേണ്ടി നിലകൊള്ളുകയും വേണം.
* രോഗീ ശുശ്രൂഷയ്ക്കും ജീവൻെറ പോഷണത്തിനും വേണ്ടതു ചെയ്യുക.
* വിദ്യാഭ്യാസ ലോകത്തു സവിശേഷ ശ്രദ്ധയോടെ സന്നിഹിതമാകുക.
* സാമൂഹികസമ്പർക്കമാദ്ധ്യമങ്ങളുടെ മണ്ഡലത്തിൽ ജാഗ്രതയോടെ ഏർപ്പെടണം.
* ക്രൈസ്തവൈക്യം ലക്ഷ്യമാക്കി എക്യുമെനിക്കൽ സംവാദത്തിൽ ഏർപ്പെടണം.
* മതാന്തരസംവാദം (Inter Religious Dialogue) സുവിശേഷവത്ക്കരണത്തിൻെറ ഭാഗമായി ഏറെറടുക്കണം.

പ്രവർത്തനങ്ങളെ നിർണ്ണയിക്കുമ്പോഴും സമർപ്പിത ജീവിതക്കാർ നേരിടുന്ന പ്രശ്നങ്ങളെ ശ്ലൈഹികാഹ്വാനം യാഥാർത്ഥ്യ ബോധത്തോടെ കാണുന്നുണ്ട്. ലൈംഗികതയെ വിഗ്രഹവൽക്കരിക്കുന്ന ആനന്ദമാത്രവാദപരമായ സംസ്കാരം (Hedonistic Culture) ബ്രഹ്മചര്യ ജീവിതത്തെ വെല്ലുവിളിക്കുന്നുണ്ട്. ഭൗതികവാദം (Materialism) ദാരിദ്ര്യത്തെ നിരർത്ഥകമായി കാണാൻ ശ്രമിക്കുന്നുണ്ട്. സ്വാതന്ത്ര്യത്തെപ്പററിയുള്ള വികലമായ ധാരണകൾ അനുസരണത്തെ അസ്വീകാര്യമായി കാണുന്നു. ബ്രഹ്മചര്യം ദൈവികമായ സ്നേഹം ഉൾക്കൊണ്ട് സഹോദരങ്ങളെ സ്നേഹിച്ച് ശുശ്രൂഷിക്കുന്നതിന് ഒരാളെ പ്രാപ്തനാക്കുന്നു. ദാരിദ്ര്യം ഏററവും ചെറിയവർക്കുവേണ്ടിയുള്ള സമർപ്പണത്തിൻെറ അടയാളമാണെന്ന്

www.malankaralibrary.com

തിരിച്ചറിയേണ്ടിയിരിക്കുന്നു. അനുസരണമാകട്ടെ, സമർപ്പിത ജീവിതത്തെ മകുടമണിയിക്കുന്ന മൂല്യവുമാണ്.

ആദ്ധ്യാത്മിക ജീവിതത്തിൻെറ ഉറവിടത്തിൽനിന്നു മാത്രമേ അഗാധവും ആരോഗ്യകരവുമായ സമർപ്പിത ജീവിതം പരിപോഷിപ്പിക്കപ്പെടുകയുള്ളൂ. ഇതിനായി താഴെപ്പറയുന്ന കൃത്യമായ മാർഗ്ഗങ്ങൾ ശ്ലൈഹിക ലേഖനത്തിൽ നിർദ്ദേശിക്കുന്നു.

* ദൈവവചനത്തിൻെറ ഉൾക്കൊള്ളൽ. അതിനു ദൈവവചന വായനയും ധ്യാനവും ആവശ്യമാണ്.
* സഭയുടെ മുഴുവൻ ആദ്ധ്യാത്മിക സമ്പത്ത് ഉൾക്കൊള്ളുന്ന വി. കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം. പങ്കുകൊള്ളലിലും സ്വീകരണത്തിലും ആരാധനയിലും കൂടെ ദൈവീകരണം സാധ്യമാക്കുക.
* യാമപ്രാർത്ഥനയിൽ സജീവമായ താല്പര്യം കാണിക്കുക.
* അനുരഞ്ജന കൂദാശയിലൂടെ നിരന്തരമായ മാനസാന്തരവും ശുദ്ധീകരണവും പ്രാപിക്കുക.
* പരിശുദ്ധ ദൈവമാതാവിനോടുള്ള ആദ്ധ്യാത്മികമായ ഐക്യത്തിൽ വളരുക.

സഭയിലെ വിവിധ ജീവിതാവസ്ഥകളിലുള്ള വിശ്വാസികളെ സമർപ്പിത ജീവിതത്തിൻെറ ശ്രേഷ്ഠതയെപ്പററി ഉപസംഹാരത്തിൽ മാർപ്പാപ്പാ അനുസ്മരിപ്പിക്കുന്നു. സമർപ്പിതരോട്, "മനുഷ്യാസ്തിത്വത്തിൻെറ പാതയെ പ്രകാശിപ്പിക്കാൻ ദൈവിക സൗന്ദര്യത്തിൻെറ ഒരു രശ്മി ലോകത്തിന് എപ്പോഴും ഉണ്ടായിരിക്കാൻ വേണ്ടി, നിങ്ങൾ ദൈവത്തിനുള്ള നിങ്ങളുടെ സമർപ്പണം പൂർണ്ണമായി ജീവിക്കുക" എന്ന് ആഹ്വാനം ചെയ്യുന്നു (VC 109.1). ഈ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ പ്രതീക്ഷയോടെ നേരിടാനും ശ്ലൈഹികാഹ്വാനം സമർപ്പിതരെ ഉദ്ബോധിപ്പിക്കുന്നു. "ഓർക്കാനും പരിഗണിക്കാനുമുള്ള മഹത്വപൂർണ്ണമായൊരു ചരിത്രം മാത്രമല്ല നിങ്ങൾക്കുള്ളത്. ഇനിയും എഴുതിത്തീർക്കേണ്ട മഹത്തായ ഒരു ചരിത്രം കൂടിയുണ്ട്. ഭാവിയിലേക്ക് - പഴയതിനേക്കാൾ വലിയ കാര്യങ്ങൾപോലും ചെയ്തു തീർക്കാൻ വേണ്ടി പവിത്രാത്മാവ് നിങ്ങളെ അയയ്ക്കുന്ന ഭാവിയിലേക്ക് - നോക്കുക. നിങ്ങളുടെ ജീവിതത്തെ ക്രിസ്തുവിനുവേണ്ടിയുള്ള തീക്ഷ്ണതയാർന്ന പ്രതീക്ഷയാക്കുക. മണവാളനെ എതിരേൽക്കാൻ പുറപ്പെടുന്ന വിവേകമതികളായ കന്യകമാരെപ്പോലെ അവിടുത്തെ കണ്ടുമുട്ടാൻ പുറപ്പെടുക. എപ്പോഴും സന്നദ്ധരും, ക്രിസ്തുവിനോടും, സഭയോടും നിങ്ങളുടെ ഇൻസ്ററിററ്യൂട്ടുകളോടും നിങ്ങളുടെ കാലഘട്ടത്തിലെ സ്ത്രീ പുരുഷന്മാരോടും വിശ്വസ്തരുമായിരിക്കുക. ഇങ്ങനെ നിങ്ങൾ ദിവസം തോറും ക്രിസ്തുവിൽ നവീകൃതരാകും. അവിടുത്തെ പവിത്രാത്മാവിനോടൊത്ത് സാഹോദര്യപരമായ സമൂഹങ്ങളെ പടുത്തുയർത്താനും, ദരിദ്രരുടെ പാദങ്ങൾ കഴുകു

www.malankaralibrary.com

വാൻ അവിടുത്തോടു സഹകരിക്കാനും, ലോകത്തിൻെറ രൂപാന്തരീ കരണത്തിനു അനന്യമായ രീതിയിൽ സംഭാവന ചെയ്യാനും വേണ്ടി നിങ്ങൾ അങ്ങനെ നവനീകൃതരാകും (VC110.1-2). പരിശുദ്ധത്രിത്വത്തോ ടുള്ള പ്രാർത്ഥനയോടും പരിശുദ്ധ ദൈവമാതാവിനോടുള്ള അപേക്ഷ യോടും കൂടിയാണ് ശ്ലൈഹികലേഖനം സമാപിക്കുക.

'സമർപ്പിത ജീവിതം' നമുക്ക് നൽകുന്ന സന്ദേശത്തിൻെറ സാരം എന്താണ്? സിനഡാനന്തര പ്രബോധനം എന്ന നിലയിൽ ശ്ലൈഹികാ ഹ്വാനം പ്രധാന്യമർഹിക്കുന്നു. സമർപ്പിതജീവിതത്തിൻെറ പരിധിയിൽ പരമ്പരാഗത രീതിയിലുള്ള സമൂഹങ്ങൾ മുതൽ ആധുനിക കാലത്ത് രൂപംകൊണ്ട പുതിയരൂപങ്ങൾ - വിവിധതരം ഇൻസ്റ്റിററ്റ്യൂട്ടുകൾ, അസോ സിയേഷനുകൾ എന്നിവയെല്ലാം - തുറവിയോടെ ശ്ലൈഹികലേഖനം പരിഗണിക്കുന്നുണ്ട്. ഇവയുടെ ക്രിയാത്മകവും ഭാവാത്മകവുമായ സാധ്യതകളെ അംഗീകരിക്കുകയും ചെയ്യുന്നു. സഭാജീവിതത്തോട് ചേർ ന്നു നിൽക്കാനും പൂർണ്ണമായ സഭാത്മകത പുലർത്തുവാനും ശ്ലൈഹി കലേഖനം സമർപ്പിത സമൂഹങ്ങളെ ഉദ്ബോധിപ്പിക്കുന്നു. സമർപ്പിത ജീവിതവും അതിലൂടെ നിറവേററപ്പെടുന്ന ശുശ്രൂഷയും സഭയുടെ ആദ്ധ്യാ ത്മിക സമ്പത്തിൻെറ ഭാഗമാണെന്നും, സഭയിൽ നിന്നു വേറിട്ടു നിൽ ക്കുന്നതല്ല എന്നും പ്രബോധനരേഖ വ്യക്തമാക്കുന്നു.

സഭാത്മക സംസർഗ്ഗത്തെക്കുറിച്ചുള്ള താത്വിക പ്രതിപാദനത്തിൽ അവ്യക്തത ഇല്ലെങ്കിലും, പ്രായോഗികമായി രൂപതാ ഇടവക തലങ്ങളിൽ സംസർഗ്ഗവും പങ്കിടീലും എപ്രകാരം സാദ്ധ്യമാകുമെന്നത് വ്യക്തമാകേ ണ്ടിയിരിക്കുന്നു. സമർപ്പിത ജീവിതത്തിന് സഭാ കൂട്ടായ്മയിലുള്ള ശ്രേഷ്ഠ മായ സ്ഥാനം വ്യക്തമാണ്. എന്നാൽ, സമർപ്പിത ജീവിതത്തിൻെറ പോഷ ണത്തിനുള്ള സഭാകൂട്ടായ്മയുടെ ദൗത്യം കൂടുതൽ വിശകലനത്തിനും വിചിന്തനത്തിനും വിധേയമാക്കേണ്ടിയിരിക്കുന്നു.

സമർപ്പിത ജീവിതക്കാർക്ക് ആശ്വാസവും അവരുടെ ശുശ്രൂഷയ്ക്ക് തീക്ഷ്ണതയും പകരാൻ ശ്ലൈഹികലേഖനം സഹായകരമാണ്. എന്നാൽ, ഈ സഭാരേഖ പഠനവിധേയമാക്കുകയും അതിൻെറ അരൂപിയിൽ ഭാവി യെ ലക്ഷ്യമാക്കി സമർപ്പിത ജീവിതത്തിനുള്ള സമൂഹങ്ങൾ തീരുമാ നങ്ങൾ എടുക്കുകയും ചെയ്യുമ്പോഴേ ശ്ലൈഹികലേഖനം യാഥാർത്ഥ ലക്ഷ്യം പ്രാപിക്കുകയുള്ളൂ.

www.malankaralibrary.com

# 11

# ദാനവും രഹസ്യവും

## ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ദൈവവിളിയുടെ കഥ

ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിയെട്ടിലെ കോൺക്ലേവിന്റെ സമയം. ഒരു പ്രത്യേകാവസരത്തിൽ കർദ്ദിനാൾ മാക്സിമില്യൻ ദെ ഫുർസ്റ്റൻബെർഗ് പോളണ്ടിൽ നിന്നുള്ള കർദ്ദിനാൾ കരോൾ വോയ്റ്റീവയെ സമീപിച്ചു പറഞ്ഞു. 'കർത്താവ് ഇവിടെയുണ്ട്; അവിടുന്നു നിന്നെ വിളിക്കുന്നു'(Dominus adest et vocat te). കർദ്ദിനാൾ കരോൾ വോയ്റ്റീവാ മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു. ജോൺ പോൾ രണ്ടാമൻ എന്ന നാമം സ്വീകരിച്ചു. തന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിവേളയിൽ മാർപ്പാപ്പാ ആത്മഗതം ചെയ്യുന്നു. കോൺക്ലേവിന്റെ അവസരത്തിൽ കർദ്ദിനാൾ ഫുർസ്റ്റൻ ബെർഗ് (മുകളിലുദ്ധരിച്ച) 'അർത്ഥപൂർണ്ണമായ വാക്കുകൾ ഉരുവിട്ടത് എങ്ങനെ ഓർക്കാതിരിക്കാനാവും?' കാരണം, യുവ വൈദികനായിരുന്ന കരോൾ വോയ്റ്റീവാ രണ്ടു വർഷത്തെ ഗവേഷണ ഡോക്ടറേറ്റ് പഠനത്തിന്റെ അവസരത്തിൽ റോമിൽ താമസിച്ചത് ബെൽജിയം കോളേജിലായിരുന്നു. അന്നു കോളേജിന്റെ റെക്ടറായിരുന്നുകൊണ്ട് 'എന്റെ പൗരോഹിത്യ രൂപവത്കരണത്തിൽ അദ്ദേഹം വഹിച്ച പങ്കിന്റെ പ്രതീകാത്മകവും വിദഗ്ധവുമായ പൂർത്തീകരണം പോലെയായിരുന്നു അത്': മാർപ്പാപ്പാ എഴുതുന്നു(പേജ് 67).

ഇത്തരം അനേകം മനോഹരവും ഹൃദയസ്പർശിയുമായ സംഭവങ്ങൾ കൊണ്ട്, മാർപ്പാപ്പാ ജോൺ പോൾ രണ്ടാമൻ തന്റെ ദൈവ വിളിയെപ്പററി പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിവേളയിൽ എഴുതിയിരിക്കുന്ന 'ദാനവും രഹസ്യവും' (DONO E'MISTERO വിവ. ഫാ. പാട്രിക്ക് മൂത്തേരിൽ OCD, Carmel Publishing Centre, Trivandrum, 1997) എന്ന ഗ്രന്ഥം ഹൃദ്യവും ശ്രദ്ധേയവുമാണ്. ഈ ഗ്രന്ഥത്തിൽ മാർപ്പാപ്പാ ദൈവം തനിക്കു നല്കിയ പൗരോഹിത്യ ശുശ്രൂഷയെന്ന ദാനത്തിന് വിനയാന്വിതനായി നന്ദി പറയുന്നു. വൈദിക ശുശ്രൂഷയിലേക്കുള്ള വിളിയെന്ന രഹസ്യത്തെ ആദരവോടെ വിശകലനം ചെയ്യുന്നു. മനനത്തിന്റെയും പ്രാർത്ഥനയുടെയും മേഖലകളിലൂടെ സഞ്ചരിച്ചാണ് മാർപ്പാപ്പാ തന്റെ

www.malankaralibrary.com

ദൈവവിളിയുടെ വേരുകൾ തേടുക.

ബാലനായിരുന്ന കാലം മുതൽ പത്രോസിൻെറ സിംഹാസനത്തിൽ എത്തുന്നതുവരെ ശുശ്രൂഷയ്ക്കുള്ള വിളിയെ പോററിപ്പുലർത്തിയ ഹൃദ്യമായ അനുഭവങ്ങൾ മാർപ്പാപ്പാ പങ്കുവയ്ക്കുന്നു. തന്നെക്കുറിച്ചുള്ള ദൈവത്തിൻെറ പദ്ധതിയിൽ ഹൃദ്യമെന്നപോലെ തിക്തമായ അനുഭവങ്ങളും മാർപ്പാപ്പാ തിരിച്ചറിയുന്നുണ്ട്.

വൈദികശുശ്രൂഷയ്ക്കായി സമർപ്പണം ചെയ്യണമെന്ന് ചെറുപ്പം മുതലേ കരോളിനോട് (മാർപ്പാപ്പായോട്) പലരും അഭിപ്രായപ്പെട്ടിരുന്നു. കരോൾ സെക്കൻഡറി സ്കൂളിൽ പഠിക്കുമ്പോൾ വാദോവിച്ചിൽ ഇടവക സന്ദർശനത്തിനെത്തിയ ക്രാക്കോവിലെ മെത്രോപ്പൊളിററൻ ആർച്ചുബിഷപ്പ് ആഡം സ്റേറഫൻ സപിയേഹ(പിന്നീട് കർദ്ദിനാളായി ഉയർത്തപ്പെട്ടു) കരോളിൽ ദൈവവിളി തിരിച്ചറിഞ്ഞ ആദ്യത്തെ പ്രമുഖ വ്യക്തിയായിരുന്നു. ജർമ്മനിയിൽ നിർബന്ധിത ജോലിക്കു കൊണ്ടുപോകാനുള്ള സാധ്യത ഒഴിവാക്കാനായി ജെഗെല്ലോണിയൻ സർവ്വകലാശാലയിൽ വിദ്യാർത്ഥിയായിരുന്ന കരോൾ സൊൾവേയിലെ രാസവസ്തു നിർമ്മാണ ഫാക്ടറിയോടനുബന്ധിച്ചുള്ള പാറമടയിൽ തൊഴിലാളിയായി 1940–ലെ ശരത്കാലം മുതൽ ജോലി ചെയ്യാൻ ആരംഭിച്ചു. സാധാരണക്കാരൻെറ, തൊഴിലാളിയുടെ ജീവിതമേഖലകളെപ്പററി അവിടെ നിന്ന് കരോളിന് വെളിച്ചം ലഭിച്ചു. ഈ കാലഘട്ടത്തിൽ അദ്ധ്വാനത്തിൻെറ ഭാരവും മരണത്തിൻെറ മുഖവും തൊഴിലാളിയായ കരോൾ ദർശിച്ചു. കഠിനമായ വേലയിൽ നിന്ന് കരോളിനെ ഒഴിവാക്കിക്കൊണ്ട് സെക്ക്ളാബുസ് എന്ന തൊഴിലാളി ചില അവസരങ്ങളിൽ ഇങ്ങനെ പറയുമായിരുന്നു; 'കരോൾ, നീ ഒരു വൈദികനാകണം. നിനക്ക് നല്ല സ്വരമുണ്ട്. അതിനാൽ നന്നായി പാടാൻ കഴിയും. എന്തുകൊണ്ടും നിനക്ക് ചേർന്നത് അതു തന്നെ' (പേജ്31).

ജർമ്മൻ അധിനിവേശകാലത്ത് രഹസ്യമായി പ്രവർത്തിച്ചിരുന്ന ക്രാക്കോവിലെ സെമിനാരിയിൽ കരോൾ 1942 മുതൽ വൈദിക പരിശീലനം ആരംഭിച്ചു. മേലധികാരികൾക്കും സെമിനാരിക്കാർക്കുമെതിരായി ഏതു നേരവും ജർമ്മൻ അധികാരികളുടെ ഭാഗത്തുനിന്നു കർശനമായ നടപടികൾക്ക് സാധ്യതയുണ്ടായിരുന്നു. കൂടെ പഠിച്ചിരുന്ന ജെർസിസ കൂത്ത എന്ന സഹോദരനെ ഒരു ദിവസം കാണാതായ വിവരം മാർപ്പാപ്പാ ഓർക്കുന്നു. ഒരു ദിവസം കുർബാന കഴിഞ്ഞ് കൂട്ടുകാരൻെറ വീട്ടിൽ ചെന്ന് അവനെ അന്വേഷിച്ചു. തലേദിവസം രാത്രിയിൽ ഗെസ്റ്റപ്പോ (ജർമ്മൻ പോലീസ്) അവനെ പിടിച്ചുകൊണ്ടുപോയി എന്നറിഞ്ഞു. വെടിയേററു മരിക്കാൻ വിധിക്കപ്പെട്ടിരുന്ന പോളണ്ടുകാരുടെ കൂട്ടത്തിൽ അവൻെറ പേരും പ്രത്യക്ഷപ്പെട്ടു. യുദ്ധത്തിൻെറ യാതനകളുടെ നടുവിലാണ് കരോളിന് പിതാവിനെ നഷ്ടപ്പെട്ടത്. ഒരു ദിവസം ജോലി കഴിഞ്ഞ് മടങ്ങി വീട്ടിലെത്തിയപ്പോൾ മരിച്ചുകിടക്കുന്ന പിതാവിനെയാണ് കണ്ടത്. സുഹൃത്തുക്കൾ, ബന്ധുക്കൾ, ചൈതന്യം പകർന്ന് കൊടുത്ത വൈദികർ

www.malankaralibrary.com

എന്നിവരെ കരോളിനു നഷ്ടമായി. ഇതാ മാർപ്പാപ്പയുടെ വാക്കുകൾ: "രണ്ടാം ലോകമഹായുദ്ധം സൃഷ്ടിച്ച ബൃഹത്തും ഭീകരവുമായ സംഭവ വികാസങ്ങളിൽ അധികമൊന്നും എന്നെ ബാധിച്ചില്ല. ഏതു ദിവസം വേണമെങ്കിലും വീട്ടിൽവച്ചോ പാറമടയിൽവച്ചോ ഫാക്ടറിയിൽവച്ചോ എന്നെ അറസ്റ്റ് ചെയ്യാമായിരുന്നു. ചിലപ്പോൾ ഞാൻ എന്നോട് തന്നെ ചോദിക്കും. എൻെറ പ്രായത്തിൽ തന്നെയുള്ള ഒട്ടനവധി യുവാക്കൾക്ക് അവരുടെ ജീവൻ നഷ്ടപ്പെടുന്നു, എന്തുകൊണ്ട് എനിക്ക് മാത്രം അതു സംഭവിക്കുന്നില്ല? അതു കേവലം യാദൃശ്ചികമല്ലായിരുന്നുവെന്നു ഇന്നെനിക്കറിയാം. യുദ്ധത്തിൻെറ ഭീകരവിനയുടെ മദ്ധ്യേ എൻെറ വ്യക്തിപരമായ ജീവിതത്തിലെ സർവ്വവും എൻെറ ദൈവവിളിയുടെ നൻമയെമാത്രം ലക്ഷ്യമാക്കി പരിണമിക്കുകയായിരുന്നു. ആ വിഷമ ഘട്ടത്തിൽ കർത്താവ് എൻെറ മാർഗ്ഗത്തിൽ കൊണ്ടുവന്നവരിൽ നിന്ന് – എൻെറ കുടുംബാംഗങ്ങളും സഹപ്രവർത്തകരും സുഹൃത്തുക്കളു മായവരിൽ നിന്ന് – എനിക്ക് ലഭിച്ചിട്ടുള്ള സ്നേഹം വിസ്മരിക്കാനാവില്ല. കോൺസെൻട്രേഷൻ ക്യാമ്പുകളിലെ പീഡനങ്ങൾ വിവരിച്ചശേഷം മാർ പ്പാപ്പ എഴുതുന്നു: 'ഇക്കാര്യം ഞാൻ ക്രമമായി വിവരിച്ചത് എൻെറ പൗരോ ഹിത്യം അതിൻെറ തുടക്കത്തിൽപോലും എങ്ങനെയൊക്കെയോ എൻെറ തലമുറയിലെ തന്നെ അസംഖ്യം സ്ത്രീ പുരുഷന്മാരുടെ മഹാത്യാഗത്താ ൽ മുദ്രിതമായിരുന്നു എന്ന കാര്യം ഊന്നിപ്പറയുന്നതിനു വേണ്ടിയാണ്. ഏററവും ദുഷ്കരങ്ങളായ അനുഭവങ്ങളിൽ നിന്നു ദൈവം എന്നെ ഒഴിവാക്കി നിർത്തുകയായിരുന്നു. അതു മൂലമാണ് എൻെറ അറിവിൽ പ്പെട്ടവരോടും അറിവിൽപ്പെടാത്ത ഒട്ടേറെപ്പേരോടും ഞാൻ അത്യന്തം കടപ്പെട്ടിരിക്കുന്നു എന്ന ബോധം എന്നിലുളവായത്. രാഷ്ട്രത്തിൻെറയോ ഭാഷയുടെയോ ഭേദങ്ങൾക്കതീതമായി ചരിത്രമാകുന്ന മഹാബലി പീഠത്തിലെ അവരുടെ ബലിയിലൂടെ എൻെറ പൗരോഹിത്യവിളിയെ ഒരു യാഥാർത്ഥ്യമാക്കാൻ അവരെല്ലാവരും സഹായിച്ചു. ഒരുവിധത്തിൽ പറഞ്ഞാൽ ഈ ആളുകളാണ് എന്നെ ഈ പാതയിലേക്ക് നയിച്ചത്. അവരുടെ ത്യാഗങ്ങളിലൂടെ ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ ഏററവും ആഴമേറിയതും അടിസ്ഥാനപരവുമായ സത്യമെന്തെന്ന് അവർ എനിക്കു കാണിച്ചു തന്നു'(പേജ് 52-53). യുദ്ധത്തിലും കോൺസെൻ ട്രേഷൻ ക്യാമ്പിലും സ്വാതന്ത്ര്യത്തിനും മനുഷ്യമഹത്വത്തിനും മനുഷ്യാ വകാശങ്ങൾക്കും ക്രിസ്തീയ വിശ്വാസത്തിനുംവേണ്ടി ജീവൻ ബലിയർ പ്പിച്ച പലരേയും ധന്യരായോ വിശുദ്ധരായോ പ്രഖ്യാപിച്ച് അൾത്താരയിൽ പ്രതിഷ്ഠിക്കാൻ ജോൺ പോൾ മാർപ്പാപ്പയ്ക്കു സാധിച്ചത് ദൈവ പരിപാലനയുടെ ഭാഗമല്ലേ? പോളണ്ടിലെ ബ്ര. ആൽബർട്ട്, മാക്സിമില്യൻ കോൾബെ, മ്യൂണിച്ചിലെ ഫാ. റൂപ്പേർട്ട് മായർ, ബെർലിൻ കത്തിഡ്രൽ വികാരി മോൺ. ബർണാഡ് ലിക്ററൻബർഗ്ഗ്, മ്യൂൺസ്റ്റർ രൂപതയിലെ ഫാ. കാറൽ ലൈസ്നർ ഇങ്ങനെ പോകുന്നു ആ ത്യാഗധനരുടെ നിര...

www.malankaralibrary.com

വൈദിക ശുശ്രൂഷയ്ക്കായി സമർപ്പിക്കാൻ കരോളിനെ പ്രേരിപ്പിച്ചതും ഒരുക്കിയതുമായ ഘടകങ്ങൾ നിരവധിയാണ് – വളരെ ചെറുപ്പം മുതലേ പ്രാർത്ഥനയിൽ കാണിച്ചിരുന്ന നിഷ്ഠ, അൾത്താര ശുശ്രൂഷകനായുള്ള വേല, പോളിഷ് ജനതയുടെ പരിശുദ്ധ ദൈവമാതാവിനോടുള്ള സവിശേഷമായ ഭക്തി, രാത്രിയുടെ യാമങ്ങളിൽ മുട്ടുകുത്തിയിരുന്നു പ്രാർത്ഥിച്ചിരുന്ന പിതാവ്, പരിചയപ്പെട്ട വിശുദ്ധരായ നിരവധി വൈദികർ..... . കുടുംബാംഗങ്ങളിൽ ആകെ ശേഷിച്ചിരുന്ന അവസാന വ്യക്തിയായ പിതാവ് നഷ്ടമായ നിമിഷങ്ങളെപ്പററി മാർപ്പാപ്പ(കരോൾ) അനുസ്മരിക്കുന്നു: 'വസ്തുനിഷ്ഠമായി പറഞ്ഞാൽ ഇക്കാര്യങ്ങളെല്ലാം എൻെറ മുൻപദ്ധതികളിൽ നിന്ന് ക്രമേണ എനിക്ക് വിടുതൽ നൽകി. ഒരു വിധത്തിൽ പറഞ്ഞാൽ, ഞാൻ എന്ന വ്യക്തി വളർന്നുവന്ന മണ്ണിൽനിന്നു വേരോടെ പിഴുത് മാററപ്പെടുന്നതുപോലെയായിരുന്നു. എന്നാൽ ഈ പ്രക്രിയ കേവലം നിഷേധാത്മകമായ ഒന്നുമാത്രമായിരുന്നില്ല. അതേസമയം എൻെറ മനോമുകുരത്തിൽ പൂർവ്വാധികം ശോഭയോടെ ഒരു വെളിച്ചം ജ്വലിച്ചുതുടങ്ങിയിരുന്നു. ഞാൻ ഒരു പുരോഹിതനാകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ഒരു ദിവസം വളരെ വ്യക്തമായിത്തന്നെ ഞാൻ അത് ദർശിച്ചു. അത് ഒരു ആന്തരിക ബോധോദയം പോലെയായിരുന്നു. ഒരു പുതിയ ദൗത്യത്തെക്കുറിച്ചുള്ള ഉറപ്പും ആഹ്ലാദവുമരുളുന്ന ബോധോദയം, ഈ അവബോധം ആന്തരിക സമാധാനം കൊണ്ട് നിറച്ചു' (പേജ് 49). യാതനകൾക്കിടയിൽ പഠനം പൂർത്തിയാക്കി കരോൾ വോയ്ററീവാ 1946-ൽ സകല വിശുദ്ധരുടെയും തിരുന്നാൾ ദിനമായ നവംബർ ഒന്നിന് പൗരോഹിത്യം സ്വീകരിച്ചു. 'സഭയുടെ ആരാധനക്രമം മുഴുവനായും പുണ്യവാന്മാരുടെ ഐക്യത്തിൻെറ രഹസ്യം ആഘോഷിക്കുകയും മൃതിയടഞ്ഞവരുടെ അനുസ്മരണത്തിനായി ഒരുങ്ങുകയും ചെയ്യുന്ന ദിവസമാണത്' (പേജ് 55). 1946 നവംബർ രണ്ടിന് സകല മരിച്ചവരുടെയും ഓർമ്മ ദിനത്തിൽ നവവൈദികനായ കരോൾ പ്രഥമ ദിവ്യബലി അർപ്പിച്ചു. അന്നത്തെ പതിവനുസരിച്ച് അദ്ദേഹം മൂന്നു ദിവ്യബലികൾകൂടി അർപ്പിച്ചു. ഈ കാലഘട്ടത്തിൽ ഏററവും ശ്രദ്ധിക്കപ്പെടുന്ന ദൈവികശുശ്രൂഷ അവിടെ ആരംഭിക്കുകയായിരുന്നു.

ദൈവത്തിന് നന്ദി അർപ്പിക്കുന്നതോടൊപ്പം തൻെറ വിളിയിൽ സ്വാധീനം ചെലുത്തിയ അനേകർക്ക് മാർപ്പാപ്പാ കൃതജ്ഞത അർപ്പിക്കുന്നു. പീഡനത്തിൻെറ തീച്ചൂളയിൽ തളരാത്ത പോളണ്ടിലെ സഭയ്ക്ക്, ക്രാക്കോവിലെ വൈദിക സമൂഹത്തിന്, തൻെറ ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ട തൻെറ ഇടവകകളിലേയും രൂപതയിലേയും അല്മായർക്ക്... അവരെ ഓർത്ത് അദ്ദേഹം പ്രാർത്ഥിക്കുന്നു.

അനുഭവങ്ങളുടെ അഗ്നിവർണ്ണങ്ങളിൽ ചാലിച്ച തൂലികയിൽ മാർപ്പാപ്പാ വൈദികൻെറ എക്കാലത്തെയും ഇന്നത്തെയും ദൗത്യത്തെപ്പററി എഴുതുന്നു. പുരോഹിതൻ 'ദൈവരഹസ്യങ്ങളുടെ' കാര്യസ്ഥനാണ്. "ക്രിസ്തു

www.malankaralibrary.com

ലോകത്തിന് രക്ഷകനായിരിക്കുന്നതിനാലാണ് അവിടുന്ന് ഒരു പുരോഹിതനായിരിക്കുന്നത്. എല്ലാ വൈദികരുടെയും പൗരോഹിത്യം രക്ഷയുടെ രഹസ്യത്തിൻെറ ഭാഗമാണ്'' (പേജ് 83). മനുഷ്യ വ്യക്തിയുടെ മഹാത്മ്യത്തിനും അതുല്യതയ്ക്കും വേണ്ടി നിലകൊള്ളേണ്ടവനാണ് വൈദികൻ. മനുഷ്യരാശിയുടെ ആഴമേറിയ പ്രതീക്ഷകൾ ക്രിസ്തുവിനുവേണ്ടിയുള്ളതാണ്. ക്രിസ്തുവിനെ ലോകത്തിന് നൽകുക വൈദികൻെറ ദൗത്യമാണ്. ആത്മാക്കളുടെ സംരക്ഷണത്തിനുവേണ്ടി സമർപ്പിതനാണ് വൈദികൻ. വചനശുശ്രൂഷയിലൂടെ, കൂദാശകളുടെ പരികർമ്മത്തിലൂടെ ഈ കർത്തവ്യം നിറവേററണം. ദൈവവുമായുള്ള ബന്ധത്തിലും പ്രാർത്ഥനയിലും വിശുദ്ധിയിലും ജീവിക്കേണ്ടവരാണ് വൈദികർ. ഈ കാലഘട്ടത്തോടും സമകാലിക ചിന്താഗതികളോടും സംവാദത്തിന് പ്രാപ്തനാകണമെങ്കിൽ വൈദികൻ പണ്ഡിതോചിതമായ പഠനം അവശ്യമായും ഏറെറടുക്കണം. 'പുരോഹിതൻെറ അധരം ജ്ഞാനം സൂക്ഷിക്കണം' (മലാ. 2:7).

ഈ ഗ്രന്ഥം സമാപിക്കുന്നത് പൗരോഹിത്യ ശുശ്രൂഷയുടെ മാഹാത്മ്യവും ദൗത്യവും വൈദികർ ഉൾക്കൊള്ളട്ടെ എന്ന ആഹ്വാനത്തോടെയാണ്; അനേകം യുവാക്കൾ ശുശ്രൂഷയുടെ വിളി സ്വീകരിക്കട്ടെ എന്ന പ്രതീക്ഷയോടെയാണ്. പത്രോസിൻെറ പിൻഗാമി എന്ന നിലയിൽ അനേകരുടെ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കുന്നതിനാണ് മാർപ്പാപ്പാ തൻെറ വ്യക്തിപരമായ അനുഭവങ്ങൾ പങ്കുവയ്ക്കുക. ആ ലക്ഷ്യം ഈ ഗ്രന്ഥം നിറവേററും. നമ്മുടെ കാലഘട്ടത്തെ ഏററവും സ്വാധീനിക്കുന്ന വ്യക്തിത്വം, ശ്രദ്ധയോടെ ശ്രദ്ധിക്കുന്ന സ്വരം, ആദരിക്കുന്ന നേതൃത്വ ശുശ്രൂഷ – ഇവയുടെ ഉടമയത്രേ ജോൺപോൾ മാർപ്പാപ്പാ. അദ്ദേഹത്തിൻെറ ദൈവവിളിയുടെ ചരിത്രം അനേകം വൈദികർക്ക് നവീകരണത്തിന് പ്രചോദനം പ്രദാനം ചെയ്യുന്നതിന് പര്യാപ്തമാണ്. അനേകം യുവമനസ്സുകളിൽ പൗരോഹിത്യ ശുശ്രൂഷയോട് ക്രിയാത്മകമായ ആഭിമുഖ്യം ഉളവാക്കും. മാത്രമല്ല, സഹനത്തിൻെറ തീച്ചൂളയിൽ ഉഴലുന്നവർക്ക് തങ്ങളുടെ വേദനയുടെ ദൈവപരിപാലനയിലുള്ള അർത്ഥം കണ്ടെത്തുന്നതിന് ഈ ഗ്രന്ഥം മാർഗ്ഗനിർദ്ദേശം നൽകും.

www.malankaralibrary.com

# 12

# കർത്താവിൻെറ ദിവസം

പ്രവാസകാലത്ത് ഇസ്രയേൽക്കാരെ തിരിച്ചറിയാനുള്ള മാർഗ്ഗമായിരുന്നു സാബത്താചരണം. അതേ രീതിയിൽ നമുക്കു പറയാം, കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ ക്രൈസ്തവരെ തിരിച്ചറിയാനുള്ള മാർഗ്ഗമായിരുന്നു ഞായറാഴ്ച ആചരണം. പക്ഷേ, മൂന്നാം സഹസ്രാബ്ദത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ക്രൈസ്തവർ കർത്താവിൻെറ ദിവസം ആചരിക്കുന്നതിന് എന്തു പ്രാധാന്യമാണ് നൽകുന്നത്? അതിസമൃദ്ധിയിൽ ധാർമ്മിക - ആത്മീയ പാപ്പരത്വം അനുഭവിക്കുന്നവർ ഈ ദിനത്തിൻെറ പ്രാധാന്യം കണ്ടെത്തുന്നുണ്ടോ? ബൃഹത്തും മനോഹരവുമെങ്കിലും ഞായറാഴ്ചകളിൽപോലും വിജനമായ പള്ളികൾ! കടലോരങ്ങളിലേക്കും ഇതരവിശ്രമസങ്കേതങ്ങളിലേക്കും, രാഷ്ട്രീയ, സാംസ്കാരിക, വിനോദ പരിപാടികൾക്കായി പോകുന്ന വിശ്വാസികൾ ഏറെയാണ്. നിസ്സാരകാര്യങ്ങൾ പറഞ്ഞ് ഞായറാഴ്ച വി. കുർബാന ഒഴിവാക്കുന്നവർ ഇല്ലേ? ഈ പശ്ചാത്തലത്തിലാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ 'കർത്താവിൻെറ ദിവസം' (Dies Domoni= DD) എന്ന ശ്ലൈഹിക ലേഖനം പ്രാധാന്യമർഹിക്കുന്നത്. 1998 മെയ് 31 പെന്തക്കോസ്തി തിരുന്നാൾ ദിവസം പ്രസാധനം ചെയ്ത ഈ ലേഖനം അഞ്ച് അദ്ധ്യായങ്ങളിലായാണ് പ്രബോധനം ആവിഷ്കരിക്കുന്നത്. പ്രബോധനത്തിൻെറ പശ്ചാത്തലം വിശദമാക്കുന്ന ആമുഖവും, ഉപസംഹാരവും ഉൾപ്പെടെ എൺപത്തിയേഴു ഖണ്ഡികകളിലും ഉപഖണ്ഡികകളിലുമായി 'കർത്താവിൻെറ ദിവസം' കാലോചിതമായ പ്രബോധനം നമുക്കു നൽകുന്നു.

ക്രിസ്തുരഹസ്യത്തിൻെറ കേന്ദ്രബിന്ദുവായ ഉത്ഥാനവുമായി ബന്ധപ്പെട്ടാണ് കർത്താവിൻെറ ദിവസത്തിൻെറ, ഞായറാഴ്ചയുടെ അർത്ഥം നാം കാണുക. ഉത്ഥാനത്തിൻെറ സമയബന്ധിതമെന്നപോലെ കാലാതീതവുമായ സന്തോഷത്തിലേക്കത്രേ ഞായറാഴ്ച ആചരണം നമ്മെ ക്ഷണിക്കുക. ക്രിസ്തുവിനുവേണ്ടി ഹൃദയത്തിൻെറയും ജീവിത

www.malankaralibrary.com

ത്തിൻെറയും വാതിലുകൾ തുറന്നു കൊടുക്കാനാണ് ഞായറാഴ്ച നമ്മോട് ആഹ്വാനം ചെയ്യുന്നത്. നൂററാണ്ടുകളായി നിഷ്ഠയോടെ ആചരിക്കുന്ന ഈ ദിവസം അതിൻെറ മൗലികമായ അർത്ഥം നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള വിശ്രമത്തിനും വിനോദത്തിനുമുള്ള ഒന്നായിത്തീർന്നിരിക്കുന്നു. ഈ സ്ഥിതിവിശേഷത്തിനുള്ള കാരണമായ സമകാലീന ജീവിത സാഹചര്യങ്ങൾ ആമുഖത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

'കർത്താവിൻെറ ദിവസം' എന്ന ഒന്നാം അദ്ധ്യായം സാബത്താചരണത്തിൻെറ വി. ഗ്രന്ഥ അടിസ്ഥാനങ്ങൾ വിശദീകരിക്കുന്നു. കർത്താവിൻെറ ദിവസം ദൈവത്തിൻെറ പ്രവൃത്തിയുടെ ആഘോഷമാണ് ലക്ഷ്യം വയ്ക്കുക. ദൈവം ആറു ദിവസങ്ങൾ കൊണ്ട് എല്ലാം സൃഷ്ടിച്ചു; 'ഏഴാം ദിവസം വിശ്രമിച്ച് അതിനെ വിശുദ്ധീകരിച്ചു എന്നു പറയുന്നതിൻെറ അർത്ഥം ശ്ലൈഹികലേഖനം വ്യക്തമാക്കുന്നു: "ഏഴാം ദിവസത്തെ ദൈവികവിശ്രമം പ്രവർത്തനരഹിതനായ ഒരു ദൈവത്തെ സൂചിപ്പിക്കുകയല്ല, പിന്നെയോ അവിടുന്നു നിർവ്വഹിച്ച പ്രവൃത്തിയുടെ പൂർണ്ണതയ്ക്ക് ഊന്നൽ നൽകുകയാണ്. തൻെറ കരം ചെയ്ത 'വളരെ നല്ല' കർമ്മത്തിനു മുമ്പിൽ (ഉൽപ. 1:31) ദൈവത്തിൻെറ തങ്ങിനിൽക്കലിനെ സൂചിപ്പിക്കുകയാണ്. സന്തോഷം നിറഞ്ഞ നോട്ടത്തോടെ അതിനെ നോക്കിക്കാണാനാണത്. ഇത് ധ്യാനാത്മകമായ ഒരു നോട്ടമാണ്. പുതിയ നേട്ടങ്ങൾ അന്വേഷിക്കാത്ത എന്നാൽ നേടിയതിൻെറ സൗന്ദര്യം ആസ്വദിക്കുന്ന നോട്ടം. ദൈവം സകല വസ്തുക്കളുടെയുംമേൽ പതിപ്പിക്കുന്ന നോട്ടമാണത്. എന്നാൽ സൃഷ്ടിയുടെ മകുടമായ മനുഷ്യനിൽ സവിശേഷമായ വിധത്തിൽ ആ നോട്ടം അവിടുന്നു പതിപ്പിക്കുന്നു" (DD 11.2). സൃഷ്ടിയുടെ മകുടമായ മനുഷ്യനുള്ള പ്രത്യേകമായ ക്ഷണവും ദൈവത്തിൻെറ വിശ്രമത്തിനുണ്ട്. സൃഷ്ടിക്കാനും പരിപാലിക്കാനുമുള്ള ഉത്തവാദിത്തം ദൈവം മനുഷ്യനു നൽകിയിട്ടുണ്ട്. അതിൻെറ അനുസ്മരണം സാബത്തു വിശ്രമത്തിൽ നടക്കണം. അടിമത്തത്തിൻെറ നാടായ ഈജിപ്തിൽ നിന്ന് ഇസ്രായേലിനെ മോചിപ്പിച്ച് ദൈവം തൻെറ മഹത്വം വെളിപ്പെടുത്തിയ മഹത്തായ പ്രവൃത്തിയും സാബത്തിൽ മനുഷ്യൻ അനുസ്മരിക്കുന്നു. സാബത്തിൻെറ ആചരണം സംബന്ധിക്കുന്ന ഈ കല്പന സാമൂഹിക മതാത്മകജീവിതത്തിൻെറ ഭാഗം മാത്രമായിട്ടല്ല ഇസ്രായേലും പില്ക്കാലത്ത് സഭയും പരിഗണിച്ചത്, പ്രത്യുത, 'തങ്ങൾക്കു ദൈവത്തോടുള്ള ബന്ധത്തിൻെറ നിർണ്ണായകവും മായാത്തതുമായ പ്രകാശനമായിക്കൂടിയാണ്....' (DD13.1).

വിശ്രമത്തിൻെറ ഈ ദിവസം നിഷ്ക്രിയതയ്ക്കുള്ള ആഹ്വാനമല്ല നൽകുക. 'മഹനീയവും മൗലികവുമായ പ്രവൃത്തി അനുസ്മരിക്കുന്നതിനുള്ള ക്ഷണമാണത്' (DD16). ദൈവത്തിൻെറ വിസ്മയനീയമായ പ്രവൃത്തികൾ അനുസ്മരിക്കാനുള്ള അവസരമാണ് സാബത്തു വിശ്രമം ഒരുക്കുന്നത് എന്ന് വി. ഗ്രന്ഥം അനുസ്മരിപ്പിക്കുന്നു. ഈ സാബത്തിൽ

www.malankaralibrary.com

നിന്ന് പുതിയ നിയമം ഞായറാഴ്ചയിലേക്ക് പ്രവേശിച്ചു. കാലത്തിനും ചരിത്രത്തിനും ജീവിതത്തിനും പുതിയ അർത്ഥം നൽകിയ യേശുവിൻെറ ഉയിർപ്പ് ക്രൈസ്തവർ പുതിയ തുടക്കമായി കണ്ടു. സൃഷ്ടികർമ്മവും പുറപ്പാടും പൂർത്തീകരിച്ച ക്രിസ്തുവിൻെറ ഉയിർപ്പ് യഥാർത്ഥ സാബത്തായി കണക്കാക്കപ്പെട്ടു. സന്തോഷങ്ങളുടെ പൂർത്തീകരണ ദിനമായിത്തീർന്നു ഉയിർപ്പ്. കർത്താവിൻെറ ദിവസത്തിൽനിന്ന് ക്രിസ്തുവിൻെറ ദിവസത്തിലേക്ക്, ഏഴാം ദിവസത്തിൽനിന്ന് ഒന്നാം ദിവസത്തിലേക്ക് ക്രൈസ്തവർ നീങ്ങി.

'ക്രിസ്തുവിൻെറ ദിവസം' എന്ന രണ്ടാം അദ്ധ്യായം ഞായറാഴ്ച ആചരണത്തിൻെറ ഉത്ഭവത്തിലേക്ക് പോകുന്നു. 'ആഴ്ചയുടെ ആദ്യദിവസ'മായ ഞായറാഴ്ചയുടെ ആചരണം സംബന്ധിച്ച് വി. ഗ്രന്ഥവും സഭാപിതാക്കന്മാരും സാക്ഷ്യം നൽകുന്നുണ്ട്. കർത്താവിൻെറ ഉത്ഥാനം നടന്നതും പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ നൽകപ്പെട്ടതും ഞായറാഴ്ചയാണ്. അപ്പസ്തോലന്മാരുടെയും ശിഷ്യസമൂഹത്തിൻെറയും വിശ്വാസം ഉറപ്പിച്ച കർത്താവിൻെറ പ്രത്യക്ഷപ്പെടൽ നടന്നതും ഞായറാഴ്ചയാണ്. തുടക്കത്തിൽ സാബത്തും ഞായറാഴ്ചയും ആചരിച്ചിരുന്ന ക്രിസ്ത്യാനികൾ വളരെ വേഗം ഞായറാഴ്ചയിലേക്കും അതിൻെറ വ്യത്യസ്തതയിലേക്കും നവീനതയിലേക്കും തിരിഞ്ഞു. സാബത്ത് സൃഷ്ടികർമ്മവും പുറപ്പാടിലെ വിടുതലും അനുസ്മരിച്ചിരുന്നു എങ്കിൽ, ഞായറാഴ്ച ക്രിസ്തുവിൻെറ ഉത്ഥാനത്തിലൂടെ നടന്ന പാപത്തിൽ നിന്നുള്ള വിടുതലും പുതിയ സൃഷ്ടിയും അനുസ്മരിക്കുന്നു. ഇക്കാരണത്താൽ ആഴ്ചകളുടെ പുനർക്രമീകരണത്തെപ്പററി ചർച്ച ചെയ്യുമ്പോഴും 'ഒരു ഞായറാഴ്ചയുള്ള ഏഴു ദിവസങ്ങളുടെ ആഴ്ച സംരക്ഷിക്കപ്പെടുന്ന ക്രമവത്കരണം മാത്രമേ സഭ അംഗീകരിക്കാൻ തയ്യാറുള്ളൂ' എന്ന വത്തിക്കാൻ സൂനഹദോസിൻെറ നിലപാട് ശ്ലൈഹികലേഖനം ആവർത്തിക്കുന്നു (DD30).

ശ്ലൈഹിക ലേഖനത്തിലെ ഏററവും ദീർഘമായ മൂന്നാം അദ്ധ്യായം, 'സഭയുടെ ദിവസം', ഞായറാഴ്ച ആചരണത്തിൻെറ സഭാത്മകമാനത്തിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ഉത്ഥിതനായ കർത്താവിൻെറ പ്രത്യക്ഷപ്പെടലും വി. കുർബാനയുമായുള്ള ബന്ധം വി. ലൂക്കോസിൻെറ സുവിശേഷത്തിലും നടപടി പുസ്തകത്തിലും സവിശേഷമായി ആവിഷ്കരിച്ചിട്ടുണ്ട്. അപ്പം മുറിക്കുന്ന കൂട്ടായ്മകളെന്നാണല്ലോ ക്രിസ്തീയ സമൂഹങ്ങൾ അറിയപ്പെട്ടിരുന്നത്. ഇന്നും ഒരു പ്രത്യേക സ്ഥലത്ത് സഭ സാന്നിദ്ധ്യം അറിയിക്കുന്നതും സന്നിഹിതമാകുന്നതും വി. കുർബാനയുടെ അർപ്പണത്തിലൂടെയാണ്. മാത്രമല്ല, വി. കുർബാന അർപ്പണത്തിൽ, വിശിഷ്യാ അനുസ്മരണയിലും മദ്ധ്യസ്ഥപ്രാർത്ഥനയിലും കൂടെ, സാർവ്വത്രിക സഭയുമായുള്ള ബന്ധം നിരന്തരം ഉറപ്പിക്കുന്നു. ഇക്കാരണത്താൽ, സഭയെ കെട്ടിപ്പടുക്കുന്ന ഒന്നാണ് വി. കുർബാന, പ്രത്യേകിച്ച്, കർതൃദിനത്തിലെ ബലിയർപ്പണം. വി.കുർബാന അർപ്പണത്തിൻെറ

www.malankaralibrary.com

സവിശേഷമായ അർത്ഥത്തെ സംബന്ധിച്ച് ബോധവൽക്കരണം നൽകി ഇടവകയെ ഒന്നായി അപ്പം മുറിക്കലിനു സന്നദ്ധമാക്കാൻ വൈദികരും മതബോധനപ്രവർത്തകരും ഉത്സാഹിക്കണം.

വി.കുർബാനയിലെ സജീവ സാന്നിദ്ധ്യത്തിൻെറ അവശ്യമായ ഭാഗമാണ് വചനത്തിൻെറ വിരുന്നുമേശയിലുള്ള ഭാഗഭാഗിത്വം. രക്ഷയിലേക്കുള്ള ദൈവത്തിൻെറ ക്ഷണത്തിനു പ്രത്യുത്തരം നൽകി, ഫലങ്ങൾ ഉളവാക്കുന്ന ജീവിതത്തിന് വചനപ്രഘോഷണം വിശ്വാസികളെ പ്രാപ്തരാക്കണം. വി. കുർബാനയുടെ രണ്ടാമത്തെ അവശ്യഭാഗമാണ് ക്രിസ്തുവിന്റെ ശരീരത്തിൻെറ വിരുന്നുമേശയിലുള്ള പങ്കാളിത്തം. ക്രിസ്തുവിൻെറ ബലിയോട് സഭയും പങ്കുചേരുന്നു; സഭാംഗങ്ങൾ തങ്ങളുടെ ജീവിതം മുഴുവനായി കർത്താവിന് അർപ്പിക്കുന്നു. വി. കുർബാന സ്വീകരണത്തിലൂടെ സഭയും വിശ്വാസികൾ ഓരോരുത്തരും ആത്മീയ പോഷണമത്രേ നേടുക.

വി. കുർബാനയിലെ പങ്കാളിത്തം ക്രൈസ്തവരെന്ന നിലയിൽ വിശ്വാസികളുടെ സാഹോദര്യത്തിൻെറ അനുഭവവുമാണ്. സജീവമായ പങ്കാളിത്തം മാത്രമേ ഇത്തരമൊരു അനുഭവം ഉണർത്തുകയുള്ളൂ. മാത്രമല്ല, വി. കുർബാന ഉത്ഥിതനായ ക്രിസ്തുവിനെ പ്രഘോഷിക്കാനുള്ള ദൗത്യവുമായി ജീവിതരംഗങ്ങളിലേക്ക് വിശ്വാസികളെ അയയ്ക്കുന്നു.

ആദ്യനൂററാണ്ടുകളിലെ പിതാക്കൻമാരുടെ എഴുത്തുകൾ മുതൽ സമീപകാല നിയമസംഹിതകളും മതബോധനവുംവരെ ഞായറാഴ്ച ആചരണം സംബന്ധിച്ച് വി. കുർബാനയിൽ പങ്കെടുക്കാനുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് പറയുന്നുണ്ട്. ഈ കടമയുടെ നിർവ്വഹണത്തിനായി അജപാലകർ സൗകര്യം ഒരുക്കിക്കൊടുക്കണം. ആവശ്യമെങ്കിൽ, മെത്രാൻെറ അനുവാദത്തോടെ, ഒന്നിൽകൂടുതൽ വി. കുർബാന അർപ്പിക്കാവുന്നതാണ്. അതുപോലെ, ശനിയാഴ്ച വൈകുന്നേരം മുതൽ, അതായത് 'ഞായറാഴ്ചയിലെ ഒന്നാം സന്ധ്യാ പ്രാർത്ഥനയുടെ സമയം മുതൽ' ഈ കടമ നിറവേററുന്നതിന് സഭ അനുവദിക്കുന്നുണ്ട്. വി.കുർബാനയിലുള്ള പങ്കാളിത്തത്തോടൊപ്പം സായാഹ്നപ്രാർത്ഥനയ്ക്കും ക്രിസ്തീയ പരിശീലനത്തിനും വിചിന്തനത്തിനും വിശ്വാസികൾ സമയം കണ്ടെത്തണം. വൈദികർ ലഭ്യമല്ലാതെ വരുന്ന അവസരങ്ങളിൽ, പുതിയ ക്രൈസ്തവ സമൂഹങ്ങളിലും പരമ്പരാഗത ക്രൈസ്തവ കൂട്ടായ്മകളിലും നടത്തേണ്ട ഞായറാഴ്ച സമ്മേളനത്തെ സംബന്ധിച്ച് കർത്താവിൻെറ ദിവസം നിർദ്ദേശം നൽകുന്നുണ്ട്. മെത്രാൻമാരുടെ സമിതികൾ അതാതു സ്ഥലങ്ങളിലെ ഞായറാഴ്ച ആചരണത്തിൻെറ രീതി നിർദ്ദേശിക്കേണ്ടതാണ്. രോഗം മൂലമോ മറേറാ വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് റേഡിയോ, ടെലിവിഷൻ ഇവയിലൂടെയുള്ള വി. കുർബാനയുടെ പ്രക്ഷേപണം സഹായകമാണെന്ന് ശ്ലൈഹിക ലേഖനം നിർദ്ദേശിക്കുന്നുണ്ട്.

www.malankaralibrary.com

'മനുഷ്യൻെറ ദിവസം' എന്ന നാലാം അദ്ധ്യായം ഉത്ഥാനത്തിൻെറ ആചരണദിനത്തിൽ മനുഷ്യൻ എപ്രകാരമാണ് പൂർണ്ണസന്തോഷം നേടേണ്ടത് എന്നത്രേ വിശകലനം ചെയ്യുക. ഉത്ഥിതനായ ക്രിസ്തുവിനെ കണ്ട സന്തോഷത്തിൻെറ അനുഭവത്തിലാണ് ശിഷ്യന്മാരുടെ ജീവിതം തികവുററതായത്. ഞായറാഴ്ചയിലെ വിവിധ ആചരണങ്ങളിലൂടെ ലഭ്യമാകുന്ന ക്രൈസ്തവ സന്തോഷത്താൽ ജീവിതത്തിലെ എല്ലാ ദിവസവും നിറയണം. ഈ അനുഭവമത്രേ വിപരീതാനുഭവങ്ങളിൽ പതറാതെ ജീവിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുക.

സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവത്തിങ്കലേക്കു മനസ്സുയർത്തി നന്ദിപറഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനി ഞായറാഴ്ച ആചരിക്കുക. മനുഷ്യനെ നിരന്തരം മോചിപ്പിക്കുന്ന ദൈവത്തിൻെറ പ്രവൃത്തി, വിശിഷ്യാ ക്രിസ്തുവിലൂടെ നിറവേറിയ വിമോചന പ്രക്രിയയാണ് വിശ്രമത്തിൽ മനുഷ്യൻ ഓർക്കുക. ദൈവമാണ് എല്ലാററിൻെറയും നിദാനമെന്ന് വിശ്വസിച്ച് ദൈവത്തിലുള്ള ആശ്രയം പുതുക്കുന്ന ദിവസമത്രേ ഞായറാഴ്ച. സൃഷ്ടിയുടെമേൽ ദൈവം മനുഷ്യനു നൽകിയ വിസ്മയനീയമായ ശക്തിയും മനുഷ്യൻ പുലർത്തുന്ന ഉത്തരവാദിത്വവും അതേസമയം വേലയുടെ ഭാരവും മനുഷ്യൻ ഈ ദിവസം ചിന്താവിഷയമാക്കുന്നു.

കാരുണ്യത്തിൻെറയും സ്നേഹത്തിൻെറയും പ്രേഷിത ദൗത്യത്തിൻെറയും പ്രവൃത്തികൾക്ക് ഞായറാഴ്ച ദിവസം സവിശേഷമായ സ്ഥാനമുണ്ട്. ഞായറാഴ്ചക്കുർബാന നിർബന്ധപൂർവ്വമായ പങ്കുവയ്ക്കലിൻെറ സംസ്കാരം ക്രൈസ്തവരിൽ വളർത്തണം. വി. കുർബാനയിലെ പങ്കിടീൽ വഴിയായി ലഭിക്കുന്ന സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും അനുഭവം ജീവിതത്തിൻെറ എല്ലാ മേഖലകളെയും പ്രചോദിപ്പിക്കണം. ദാരിദ്ര്യവും രോഗവും ഏകാന്തതയും അനുഭവിക്കുന്നവർക്ക് എല്ലാ ദിവസവും വിശിഷ്യാ ഞായറാഴ്ചയിൽ വിശ്വാസികൾ സഹായം എത്തിക്കണം. ഏററവും സവിശേഷമായ അനുഭവം ദൃഢൈക്യത്തിലൂടെ പ്രകടമാക്കുന്ന സാന്നിധ്യമാണ്. വി. കുർബാനയും ഇതര കൃത്യങ്ങളും ഞായറാഴ്ചയെ സ്നേഹവും നീതിയും പരിശീലിപ്പിക്കുന്ന വലിയ കളരിയായി പരിണമിപ്പിക്കുന്നു. ചുരുക്കത്തിൽ, സുവിശേഷത്തിൻെറ പൂർണ്ണമായ ആവിഷ്കാരത്തിനുള്ള ആരംഭവും രൂപരേഖയുമാണ് ഞായറാഴ്ച ആചരണത്തിൽ ലഭ്യമാകുക.

ഞായറാഴ്ച ആചരണത്തിന് ആരാധനക്രമത്തിലുള്ള സവിശേഷസ്ഥാനമാണ് അഞ്ചാം അദ്ധ്യായമായ 'ദിവസങ്ങളുടെ ദിവസം' ചർച്ച ചെയ്യുക. ആരാധനക്രമവർഷത്തിലെ ദിവസങ്ങളെയും തിരുന്നാളുകളെയും മനസ്സിലാക്കാനും ആഘോഷിക്കാനുമുള്ള സ്വാഭാവിക മാതൃകയായി ഞായറാഴ്ചയെ എടുത്തുകാട്ടുന്നു. ക്രിസ്തുവിൻെറ ഉയിർപ്പ് കാലത്തിനും ചരിത്രത്തിനും പുതിയ വ്യാഖ്യാനം നൽകാൻ മനുഷ്യനെ പ്രാപ്തനാക്കു

www.malankaralibrary.com

ന്നു. യുഗാന്ത്യത്തെ പ്രതീക്ഷയോടെ വരവേല്ക്കാനും ഞായറാഴ്ച ആചരണം മനുഷ്യനെ ഒരുക്കുന്നു.

ഞായറാഴ്ച ആചരണത്തിലെ രൂപീകരണഘടകവും പരിശീലനവുമാണ് ഉപസംഹാരം ഊന്നിപ്പറയുക. "ഞായറാഴ്ചയുടെ ആദ്ധ്യാത്മികവും അജപാലനപരവുമായ സമ്പന്നത - പാരമ്പര്യം അതു നമുക്കു കൈമാറിത്തന്നിരിക്കുന്ന നിലയിൽ- യഥാർത്ഥത്തിൽ മഹനീയമാണ്. ഞായറാഴ്ചയുടെ പ്രാധാന്യവും അർത്ഥങ്ങളും സമഗ്രമായി മനസ്സിലാക്കണം. അങ്ങനെ ചെയ്യുമ്പോൾ ഞായറാഴ്ച, ക്രൈസ്തവജീവിതത്തിന്റെ ഉദ്ഗ്രഥിത രൂപവും ശരിയായ ക്രൈസ്തവജീവിതം നയിക്കുന്നതിനുള്ള വ്യവസ്ഥയുമായിത്തീരുന്നു (DD81). ഞായറാഴ്ച ആചരിക്കാതെ ക്രിസ്തീയരൂപീകരണം സാധ്യമല്ല; ക്രൈസ്തവൻ നല്കേണ്ട സാക്ഷ്യവും ക്രിസ്തീയ പൗരോഹിത്യത്തിന്റെ പങ്കാളിത്തത്തിലൂടെ ലോകത്തിനുവേണ്ടി സമർപ്പിക്കേണ്ട ബലിയും ഞായറാഴ്ച ആചരണത്തിന്റെ അഭാവത്തിൽ അപൂർണ്ണമായിത്തീരും.

വിശ്വാസജീവിതത്തിന്റെ നവീകരണവും കൂട്ടായ്മകളുടെ പുനരേകീകരണവുമാണല്ലോ മൂന്നാം സഹസ്രാബ്ദത്തിൽ ഏവരുടേയും സവിശേഷ ശ്രദ്ധ എത്തേണ്ട മേഖല. ക്രിസ്തീയ വിശ്വാസം കൂട്ടായ്മയിൽ രൂപമെടുക്കുന്നതും പോഷിപ്പിക്കപ്പെടുന്നതുമാണ്. അതുകൊണ്ടുതന്നെ കർത്താവിന്റെദിവസം, ഞായറാഴ്ച, പ്രാധാന്യമർഹിക്കുന്നു. ഞായറാഴ്ച കൂട്ടായ്മയിലെ പ്രാർത്ഥനയുടെയും വി. കുർബാന അർപ്പണത്തിന്റെയും നൻമപ്രവൃത്തികളുടെയും ദിനമാണ്. ഞായറാഴ്ച ആചരണം ഇതര ദിവസങ്ങളിലെ ക്രിസ്തീയജീവിതത്തിനും മാതൃകയാണ്. യഥാർത്ഥ ക്രിസ്ത്യാനി 'എപ്പോഴും കർത്താവിന്റെ ദിവസത്തിലാണ്; എപ്പോഴും ഞായറാഴ്ച ആഘോഷിക്കുകയാണ്' എന്ന ഒരിജന്റെ ഉൾക്കാഴ്ച വളരെ പ്രസക്തമാണ് (DD83). ഞായറാഴ്ച ആചരണം അതിന്റെ സമഗ്രമായ അർത്ഥത്തിലും വ്യാപ്തിയിലും സഭാജീവിതത്തിൽ പുഃസ്ഥാപിക്കപ്പെടണം: 'ഞായറാഴ്ച യഥാർത്ഥ വിദ്യാലയമാണ്; സഭയുടെ ശിക്ഷണശാസ്ത്രത്തിന്റെ ശാശ്വത പദ്ധതിയാണ്' (DD83). വിശ്വാസ ജീവിതം ശക്തിപ്പെടുത്തുന്നതിനും കൂട്ടായ്മകളെ കെട്ടിപ്പടുക്കുന്നതിനും ഏററവും ശക്തമായ മാർഗ്ഗമത്രേ കർത്താവിന്റെ ദിവസത്തിന്റെ ആചരണം. 'കർത്താവിന്റെ ദിവസം' നൽകുന്ന ഉൾക്കാഴ്ചകൾ വിശ്വാസികൾ സ്വീകരിക്കുകയും അതിലെ ഉപദേശങ്ങൾ പാലിക്കുകയും ചെയ്യുക വളരെ ആവശ്യമായ സംഗതിയാണ്.

---

വിശുദ്ധ ജോൺ ക്രിസോസ്തോം നിർബന്ധിക്കുന്നു: കർത്താവിന്റെ ശരീരത്തെ ബഹുമാനിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? അവിടുന്നു നഗ്നനായിരിക്കുമ്പോൾ അവിടുത്തെ അവഗണിക്കരുത്. പള്ളിക്കു പുറത്ത് അവിടുന്നു തണുപ്പും നഗ്നതയും സഹിക്കുമ്പോൾ അവിടുത്തെ അവഗണിക്കാൻവേണ്ടി മാത്രം, അവിടുന്നു പള്ളിയിൽ സിൽക്ക് ഉടുത്തിരിക്കുമ്പോൾ നിങ്ങൾ അവിടുത്തെ ബഹുമാനിക്കരുത്.

www.malankaralibrary.com

'ഇത് എൻെറ ശരീരമാകുന്നു' എന്നു പറഞ്ഞവൻതന്നെയാണ് 'എന്നെ വിശക്കുന്നവനായി നീ കണ്ടിട്ട് എനിക്കു ഭക്ഷണം തന്നില്ല' എന്നും 'എൻെറ സഹോദരരിൽ ഏററവും എളിയവർക്ക് നീ ചെയ്തതെല്ലാം എനിക്കാണുചെയ്തത്' എന്നും പറഞ്ഞത്..... അവിടുന്നു വിശപ്പുകൊണ്ടു മരിക്കുമ്പോൾ ബലിപീഠം സ്വർണക്കാസകളാൽ അമിതഭാരമുള്ളതാക്കിത്തീർക്കുന്നതുകൊണ്ട് എന്തു നന്മയാണുള്ളത്? അവിടുത്തെ വിശപ്പു ശമിപ്പിച്ചു തുടങ്ങുക. എന്നിട്ടു ബാക്കിയുള്ളതുകൊണ്ട് അൾത്താര അലങ്കരിക്കാൻ ശ്രമിക്കുക.

ഈ വാക്കുകൾ ക്രൈസ്തവ സമൂഹത്തെ ഒരു കടമയെപ്പററി ഫലപ്രദമായി ഓർമ്മിപ്പിക്കുന്നു: കുർബാനയെ സാഹോദര്യം പ്രായോഗിക ദൃഢൈക്യമായിത്തീരുന്ന, അവസാനമുള്ളവർ സഹോദരങ്ങളുടെ മനസിലും ശ്രദ്ധയിലും പ്രഥമഗണനീയരായിത്തീരുന്ന, ദരിദ്രർക്കു സമ്പന്നർ നൽകുന്ന ഉദാരമായ ദാനങ്ങൾവഴി ക്രിസ്തുതന്നെ അപ്പം വർദ്ധിപ്പിക്കൽ എന്ന വിസ്മയകൃത്യം ഒരു വിധത്തിൽ കാലികമായി ദീർഘിപ്പിക്കുന്ന, വേദിയായി മാററുന്നതിനുള്ള കടമയെപ്പററി (DD 71, 12).

www.malankaralibrary.com

# 13

# വിശ്വാസവും യുക്തിയും

**1998** സെപ്തംബർ 14-ാം തീയതി കുരിശിൻെറ പെരുന്നാൾ ദിവസം പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ സാർവ്വത്രിക സഭയ്ക്കു നൽകിയ ചാക്രികലേഖനമാണ് 'വിശ്വാസവും യുക്തിയും' (FIDES ET RATIO =FR). ആമുഖത്തിനും ഉപസംഹാരത്തിനും പുറമേ ഏഴ് അദ്ധ്യായങ്ങളാണ് ഈ ചാക്രികലേഖനത്തിനുള്ളത്. നൂററി എട്ട് ഖണ്ഡികകളിലായിട്ടത്രേ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ ചാക്രികലേഖനത്തിൻെറ പ്രമേയം അവതരിപ്പിക്കുന്നത്.

വിശ്വാസത്തെ നിസ്സാരമാക്കുന്ന യുക്തിയും, യുക്തിയെ നിഷേധിക്കുന്ന വിശ്വാസവും സത്യാന്വേഷണത്തെ അപകടത്തിലാക്കുമെന്ന് ചരിത്രം സാക്ഷിക്കുന്നു. വിശ്വാസത്തിൻെറയും യുക്തിയുടെയും (തത്വശാസ്ത്രത്തിൻെറയും) പ്രവർത്തന സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് ഇവ തമ്മിൽ അഗാധമായ ഐക്യം സാധ്യമാണെന്ന് വി. തോമസ് അക്വിനാസ് സ്ഥാപിച്ചിട്ടുണ്ട്. ഇവ തമ്മിലുള്ള ബന്ധത്തിൻെറ നിഷേധവും യുക്തിയുടെ തന്നെ നിരാസവും സംഭവിച്ചത് നവോത്ഥാനകാലം മുതലാണ്. സമീപകാലത്ത് ഖേദകരമായ മറെറാരു പ്രവണതയും ദൃശ്യമാണ്. മെററാഫിസിക്സിൻെറയും തത്വശാസ്ത്രത്തിൻെറ തന്നെയും നിഷേധത്തിൽ ദൈവശാസ്ത്രജ്ഞന്മാർപോലും പങ്കുചേരുന്നു. മറുഭാഗത്ത് വൈയക്തികമായ തോന്നലും അനുഭവവുമായി വിശ്വാസത്തെ കാണാനും പ്രകടിപ്പിക്കാനുമുള്ള പ്രവണത വർദ്ധിച്ചുവരുന്നു; യുക്തിബോധത്തെ തീർത്തും നിഷേധിക്കുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ കാലഘട്ടത്തിന് ഏറെ പ്രസക്തമായ വിശ്വാസവും യുക്തിയും തമ്മിലുള്ള അഭേദ്യമായ ബന്ധം മുഖ്യ പ്രമേയമാക്കിയ ചാക്രികലേഖനം നമുക്ക് ലഭിച്ചിരിക്കുന്നത്. യുക്തിയും വിശ്വാസവും തേടുന്നത് സത്യമാണ്. ആ സത്യത്തിൻെറ സേവനമാണ് യുക്തിയും വിശ്വാസവും ലക്ഷ്യമാക്കുക (FR2).

www.malankaralibrary.com

ക്രിസ്തീയ വിശ്വാസം തത്വശാസ്ത്രങ്ങളും സംസ്കാരങ്ങളുമായി - ജനതകളുടെ വിജ്ഞാനവുമായി - നടത്തിയ കണ്ടുമുട്ടലിൻെറ ചരിത്രം ചാക്രികലേഖനം ആവിഷ്കരിക്കുന്നുണ്ട്. ഇതിൻെറ ഫലമത്രേ കിഴക്കും പടിഞ്ഞാറും ദൈവശാസ്ത്രങ്ങൾ രൂപം കൊണ്ടതും വളർന്നതും. ഈ സംരംഭങ്ങളിലെ പ്രണേതാക്കളെ മാർപ്പാപ്പാ പ്രത്യേകം അഭിനന്ദിക്കുന്നുണ്ട്. ഈ ശ്രമത്തിൽ ഒരു ക്രിസ്തീയ തത്വശാസ്ത്രവും രൂപം പ്രാപിച്ചു. ക്രിസ്തീയ തത്വശാസ്ത്രം എന്നതുകൊണ്ട് ഒരു പ്രത്യേക ദർശനസംഹിത എന്നതിലുപരി 'തത്വശാസ്ത്രവത്കരിക്കുന്നതിൻെറ ഒരു ക്രൈസ്തവരീതിയെ വിശ്വാസത്തോടുള്ള പ്രവർത്തനാത്മകമായ ഐക്യത്തിൽ സങ്കല്പിക്കപ്പെട്ട തത്വശാസ്ത്രപരമായ ചിന്തയെ സൂചിപ്പിക്കാനാണ് ആ പദം ശ്രമിക്കുന്നത്' (FR76.1). ഈ ക്രിസ്തീയ തത്വശാസ്ത്രത്തിന് രണ്ടു ഘടകങ്ങളുണ്ട്. ഒന്നാമത്തേത്, കർത്തൃനിഷ്ഠമാണ് (SUBJECTIVE). വിശ്വാസം യുക്തിയെ വിശുദ്ധീകരിക്കുന്നു എന്ന അർത്ഥത്തിൽ അപ്രകാരമാണ്. ഒരു ദൈവിക പുണ്യമെന്ന നിലയിൽ വിശ്വാസം യുക്തിയെ മുൻവിധിയിൽ നിന്നു (PRESUMPTION) വിമോചിപ്പിക്കുന്നു. രണ്ടാമത്തേത്, വസ്തു നിഷ്ഠമാണ് (OBJECTIVE): "അത് ഉള്ളടക്കത്തെ സംബന്ധിച്ചുള്ളതാണ് എന്ന അർത്ഥത്തിൽ അപ്രകാരമാണ്. വെളിപാട് ചില സത്യങ്ങളെ വ്യക്തമായി നിർദ്ദേശിക്കുന്നു. ആ സത്യങ്ങൾ യുക്തിക്കു സമീപിക്കാൻ പ്രകൃത്യാ പാടില്ലാത്തവയല്ല. എങ്കിലും സഹായിക്കപ്പെടാതിരുന്നാൽ ഒരിക്കലും അതിന് അവയെ കണ്ടെത്താൻ കഴിയുമായിരുന്നില്ല" (FR 76.2,3). ദൈവമെന്ന ആശയം, മാനുഷികമഹത്വം, തുല്യത, സ്വാതന്ത്ര്യം, പാപം, തിന്മ എന്നിവയൊക്കെ ഇത്തരത്തിൽപ്പെടുന്നു. ഈയവസരത്തിൽ വി. തോമസ് അക്വിനാസിൻെറ തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങളെ ശ്രേഷ്ഠമായ മാതൃകയായി ജോൺപോൾ മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നു (FR77). തത്വശാസ്ത്രം ദൈവശാസ്ത്രത്തിൻെറ സേവികയാണ് (ANCILLA THEOLOGIAE) എന്ന പരമ്പരാഗതമായ കാഴ്ചപ്പാടിൻെറ സാധുതയും മാർപ്പാപ്പാ വ്യക്തമാക്കുന്നു: 'രണ്ടു ശാസ്ത്രങ്ങളും തമ്മിലുള്ള ബന്ധത്തിൻെറ ആവശ്യകതയും അവയെ തമ്മിൽ വേർപെടുത്തുന്നതിൻെറ അസാധ്യതയും സൂചിപ്പിക്കാൻ അത് ചരിത്രത്തിലുടനീളം സഹായിച്ചിട്ടുണ്ട്' (FR77.2). ദൈവശാസ്ത്രത്തിൻെറ സഹയാത്രികയാണ് തത്വശാസ്ത്രം. ദൈവശാസ്ത്രത്തിൻെറ കരുത്തുററ സഹായികയാണ് തത്വശാസ്ത്രം. രക്ഷാസന്ദേശത്തിൻെറ ആവിഷ്കാരത്തിന് തത്വശാസ്ത്രത്തിൻെറ സഹായം അനിവാര്യമാണ്. സത്യാന്വേഷണത്തിൻെറ ഇരുചിറകുകളാണ് തത്വശാസ്ത്രവും ദൈവശാസ്ത്രവും. ദൈവശാസ്ത്രം യുക്തിയിലും തത്വശാസ്ത്രത്തിലും തേടുക ശക്തയായ സഹയാത്രികയെയാണ്.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ മുൻ ചാക്രികലേഖനങ്ങളുടെ മാത്രമല്ല വിശ്വാസപ്രബോധന സംബന്ധിയായ അനേകം സഭാരേഖ

www.malankaralibrary.com

കളുടെ തുടർച്ചയാണ് വിശ്വാസവും യുക്തിയും. മനുഷ്യവ്യക്തികളോട് സുവിശേഷ പ്രഘോഷണം നടത്തുകയാണ് ഈ പ്രബോധനരേഖയുടെ ലക്ഷ്യം. വിശ്വാസം എന്നത് ദാനവും വാഗ്ദാനവുമായ രക്ഷാസന്ദേശം സ്വീകരിക്കുകയാണ്. ഇതാണ് 'ഞാൻ വിശ്വസിക്കുന്നു മനസ്സിലാക്കാൻ' (CREDO UT INTELLEGAM) എന്ന ക്രിസ്തീയസമീപനത്തിന്റെ അർത്ഥവും സാധുതയും. രക്ഷാസന്ദേശത്തിന്റെ മനസ്സിലാക്കലിൽ വിശ്വാസം സ്വീകരിക്കുന്നവരുടെ തത്വശാസ്ത്രം, സംസ്കാരം, ഭാഷ, ധാർമ്മികമൂല്യങ്ങൾ എന്നിവ പ്രാധാന്യമർഹിക്കുന്നു. ക്രിസ്തീയ ചരിത്രം നൽകുന്ന പാഠം ഇതാണ്: സത്യത്തിലേക്ക് തുറവിയുള്ള മനുഷ്യയുക്തിക്കും തത്വശാസ്ത്രത്തിനും വെളിപാട് (Revelation) നൽകുന്ന ജ്ഞാനം അവഗണിക്കാനാവില്ല. ഇവിടെയാണ് ക്രിസ്തീയ സമീപനത്തിന്റെ ഇതരവശം അർത്ഥവത്താകുക: 'ഞാൻ മനസ്സിലാക്കുന്നു വിശ്വസിക്കാൻ' (INTELLEGO UT CREDAM). വെളിപാട് - വിശ്വാസം യുക്തിയെ ദീപ്തമാക്കുകയാണ് ചെയ്യുന്നത്, അതിന് പകരമാകുന്നില്ല (FR20). യുക്തി വിശ്വാസത്തിന് അധീനമാകണമെന്നോ, വിശ്വാസം നിരസിക്കപ്പെടണമെന്നോ ചാക്രിക ലേഖനം നിർദ്ദേശിക്കുന്നില്ല. പ്രത്യുത, സംഘവാദത്തിന്റേയും പരസ്പരം സമ്പന്നമാക്കലിന്റേയും മാർഗ്ഗം നിർദ്ദേശിക്കുകയാണ് (FR 77.1). രക്ഷാസന്ദേശവും തത്വശാസ്ത്രവുമായുള്ള കണ്ടുമുട്ടലിനെപ്പററിയുള്ള ചർച്ചയുടെ സന്ദർഭത്തിൽ ചാക്രിക ലേഖനം അനേകം ദൈവശാസ്ത്ര ശാഖകളെ പരാമർശിക്കുന്നുണ്ട്. വിശുദ്ധ ഗ്രന്ഥവ്യാഖ്യാനം, ഡോഗ്മ, പിതാക്കന്മാരുടെയും സ്കൊളാസ്റ്റിക് ചിന്തകരുടേയും പ്രബോധനവ്യാഖ്യാനം, ധാർമ്മിക ദൈവശാസ്ത്രം, സാംസ്കാരികാനുരൂപണം, സംസ്കാരത്തിന്റെ സുവിശേഷവല്ക്കരണം തുടങ്ങിയവ ഇവയിൽ പ്രാധാന്യം അർഹിക്കുന്നു. അധ്യാപകരും ഗവേഷകരുമായി ഈ മേഖലകളിൽ വ്യാപരിക്കുന്നവർ തത്വശാസ്ത്രവുമായി ഒരു സംവാദത്തിൽ ഏർപ്പെടണമെന്ന് ചാക്രികലേഖനം ആവശ്യപ്പെടുന്നു. മാത്രമല്ല, അടിയന്തിരമായി സമകാലീന ഉത്തരവാദിത്തങ്ങളെ ഏറെറടുക്കുകയും വേണം.

ചാക്രിക ലേഖനത്തിന്റെ വെളിച്ചത്തിൽ ദൈവശാസ്ത്രജ്ഞരുടേയും ദൈവശാസ്ത്ര തത്വശാസ്ത്ര അദ്ധ്യാപകരുടേയും സത്വരശ്രദ്ധ അർഹിക്കുന്ന ഏതാനും കാര്യങ്ങൾ ചൂണ്ടിക്കാണിക്കുക ഉചിതമാണ്.

ഒന്നാമതായി, ചാക്രികലേഖനത്തിന്റെ വെളിച്ചത്തിൽ രൂപീകരണ കേന്ദ്രങ്ങളിൽ നൽകുന്ന ദൈവശാസ്ത്ര - തത്വശാസ്ത്ര പരിശീലനത്തിന് പുതിയ ആഭിമുഖ്യം നല്കേണ്ടതാണ്. രക്ഷാകരസന്ദേശത്തെപ്പററി സമഗ്രമായ കാഴ്ചപ്പാടു നേടാൻ സ്പെഷലൈസേഷൻ (Specialisation) പരാജയപ്പെടുന്നില്ലേ? അറിവിന്റെ അംശിക്കലും സത്യത്തോടുള്ള തുണ്ടുതുണ്ടായിട്ടുള്ള അതിന്റെ സമീപനവും അതിന്റെ ഫലമായി അർത്ഥത്തിനുണ്ടാകുന്ന ഛേദിക്കലും, ജനങ്ങളെ ഇന്ന് ആന്തരികമായ

www.malankaralibrary.com

ഐക്യത്തിലേക്ക് എത്തിച്ചേരുന്നതിൽ നിന്ന് അകററി നിർത്തുന്നു (FR 85.1). ദൈവശാസ്ത്രവും തത്വശാസ്ത്രവും പരസ്പരം ബന്ധപ്പെടുത്തി പഠിക്കേണ്ടതുണ്ട്. തത്വശാസ്ത്ര - ദൈവശാസ്ത്ര അദ്ധ്യാപകർക്ക് വിവിധ ശാഖകളിൽ അഗാധവും സമഗ്രവുമായ ജ്ഞാനം ഉണ്ടായിരിക്കണം. മാത്രമല്ല, സെമിനാരികളിലും ഇതരപരിശീലന കേന്ദ്രങ്ങളിലും വിവിധ ശാസ്ത്രശാഖകളെ സമന്വയിപ്പിച്ചും അവയുടെ സഹായം തേടിയുമാണ് പരിശീലനം നല്കേണ്ടത്.

രണ്ടാമതായി, സംസ്കാരങ്ങളുടെ സുവിശേഷവല്ക്കരണത്തിൻെറ സുദീർഘമായ ചരിത്രത്തിലേക്ക് നാം ശ്രദ്ധതിരിക്കണം. ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തിനു ദൈവത്തിൻെറ വെളിപാടിനെ സംബന്ധിച്ച് വിധിതീർപ്പിൻെറ മാനദണ്ഡമായിത്തീരാൻ ഒരിക്കലും സാധിക്കുകയില്ലെന്നും ദൈവികവെളിപാടിനെ സംബന്ധിച്ച സത്യത്തിൻെറ പരമമായ മാനദണ്ഡമായിരിക്കാൻ അത്രപോലും സാധിക്കുകയില്ലെന്നും സഭയ്ക്ക് വ്യക്തമായി അറിയാം (FR 71.3). അതേസമയം ഓരോ സംസ്കാരത്തിൻെറയും ഉള്ളിൽ സാക്ഷാത്കാരത്തിനുവേണ്ടിയുള്ള പ്രചോദനം കാണാം. ദൈവിക വെളിപാടു സ്വീകരിക്കാനുള്ള ആന്തരിക കഴിവും ഉണ്ടാകാം (FR 71.1). സഭാ കൂട്ടായ്മകളുടെ സാർവ്വത്രികത ഇവിടെ പ്രാധാന്യമർഹിക്കുന്നു. ഓരോ സംസ്കാരത്തേയും ആശ്ലേഷിക്കാൻ ആ സാർവ്വത്രികതയ്ക്കു കഴിയും. സത്യത്തിൻെറ വെളിച്ചത്തിൽ തികച്ചും ബാഹ്യമായി പ്രകടിപ്പിക്കപ്പെടുന്നതുവരെ സംസ്കാരങ്ങളിൽ ആന്തരികമായിട്ടുള്ള എന്തിനെയും വളർത്താനും അതിനു കഴിയും (FR71.2). ഇന്ന് വിവിധ പ്രാദേശിക സഭകളിൽ നടക്കുന്ന സാംസ്കാരികാനുരൂപണം ക്രിയാത്മകവും സംസ്കാരത്തിന് സമ്പന്നത ഉളവാക്കുന്നതുമായ പ്രക്രിയയായിരിക്കണം.

മൂന്നാമതായി, 'വിശ്വാസവും യുക്തിയും' രണ്ട് ഭാഗങ്ങളിൽ ഭാരതത്തിൻെറ സമ്പന്നമായ മത - താത്വിക പാരമ്പര്യങ്ങളെ, പ്രത്യേകിച്ച് വേദങ്ങളെയും ദാർശനിക സംഹിതകളെയും പരാമർശിക്കുന്നുണ്ട് (FR 1.2,72). ഇന്ത്യയുടെ സമ്പന്നമായ സത്യാന്വേഷണ പാരമ്പര്യത്തെ പ്രശംസിച്ചുകൊണ്ട് പ്രബോധന രേഖ പറയുന്നു: "ആത്മാവിനെ സ്ഥലകാലങ്ങളുടെ വിലങ്ങുകളിൽ നിന്നു മോചിപ്പിക്കുന്നതും അതുകൊണ്ട് പരിപൂർണ്ണ മൂല്യം നേടുന്നതുമായ ഒരനുഭവത്തെ അന്വേഷിക്കാൻ ഭാരതീയ ചിന്തയെ മഹത്തായ ഒരാദ്ധ്യാത്മിക പ്രചോദനം നയിക്കുന്നു. വിമോചനത്തിനുവേണ്ടിയുള്ള ഈ അന്വേഷണത്തിൻെറ ചാലകശക്തി അതിഭൗതിക വിജ്ഞാനത്തിൻെറ പദ്ധതികൾക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നു" (FR77.2). ഈ പ്രശംസയിൽ മാത്രം മാർപ്പാപ്പാ പ്രബോധനം പരിമിതപ്പെടുത്തുന്നില്ല. അർത്ഥസമ്പൂർണ്ണമായ സംവാദത്തിനും സാംസ്കാരികാനുരൂപണത്തിനും ആഹ്വാനം ചെയ്യുന്നു: "ഇന്ന് പ്രത്യേകിച്ച് ഇന്ത്യയിൽ സമ്പന്നമായ ഈ പൈതൃകത്തിൽ നിന്നു തങ്ങളുടെ വിശ്വാ

www.malankaralibrary.com

സത്തിനു ചേർന്ന ഘടകങ്ങളെ സ്വീകരിക്കുക ക്രിസ്ത്യാനികളുടെ കടമയാണ്. ക്രൈസ്തവ ചിന്തയെ സമ്പന്നമാക്കാൻ അപ്രകാരം ചെയ്യണം" (FR72.3). എന്നാൽ ഈ സമീപനത്തിൽ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അക്രൈസ്തവമതങ്ങളെപ്പററിയുള്ള പ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ചില മാനദണ്ഡങ്ങൾ പുലർത്തേണ്ടതുണ്ട്. ഒന്നാമതായി, മനുഷ്യചൈതന്യത്തിന്റെ സാർവ്വത്രികത അംഗീകരിക്കേണ്ടതാണ്. 'അങ്ങേയററം വിഭിന്നങ്ങളായ സംസ്കാരങ്ങളിലും മനുഷ്യചൈതന്യത്തിന്റെ മൗലികാവശ്യങ്ങൾ ഒന്നു തന്നെയാണ്'. രണ്ടാമത്തെ തത്വം ഒന്നാമത്തേതിൽ നിന്ന് ഉരുത്തിരിയുന്നു: "മഹാസംസ്കാരങ്ങളിൽ ആദ്യമായി വ്യാപരിക്കുമ്പോൾ ഗ്രീക്കു-ലത്തീൻ ചിന്തയുടെ ലോകത്തിൽ നിന്നും സാംസ്ക്കാരികാനുരൂപണംവഴി താൻ സമ്പാദിച്ചത് ഉപേക്ഷിക്കുവാൻ സഭയ്ക്കു കഴിയുകയില്ല. ആ പൈതൃകത്തെ ഉപേക്ഷിക്കുകയെന്നത് കാലത്തിന്റെയും ചരിത്രത്തിന്റെയും വഴികളിലൂടെ തന്റെ സഭയെ നയിക്കുന്ന ദൈവത്തിന്റെ കരുതൽപരമായ പദ്ധതിയെ നിരസിക്കുന്നതിനു തുല്യമാണ്. ഈ മാനദണ്ഡം സഭയെ സംബന്ധിച്ച് ഓരോ യുഗത്തിലും സാധുവാണ്. പാശ്ചാത്യസംസ്കാരവുമായുള്ള തന്റെ ബന്ധപ്പെടലിൽ നിന്നുണ്ടായ സകലതുംകൊണ്ട് താൻ സമ്പന്നയാണെന്നും ഭാവിയിലെ സഭ കരുതും. മനുഷ്യവർഗ്ഗം പുരോഗമിക്കുമ്പോൾ ഉണ്ടാകാനിരിക്കുന്ന സംസ്കാരങ്ങളുമായുള്ള ഫലപ്രദമായ സംഭാഷണത്തിനുവേണ്ട പുതിയ സൂചനകൾ ഈ പൈതൃകത്തിൽ അവൾ കണ്ടുമുട്ടും. എന്നാലും, ഭാവിയിലെ ആ സഭയെ സംബന്ധിച്ചുപോലും, ഈ മാനദണ്ഡം ഒരപകടത്തിനെതിരേ മുന്നറിയിപ്പു നൽകുന്നു. ഭാരതീയ ചിന്തയുടെ തനിമയുടെയും അപൂർവ്വതയുടെയും നിയമാനുസൃതമായ സംരക്ഷണം, ഒരു പ്രത്യേക സാംസ്കാരിക പാരമ്പര്യം അതിന്റെ വ്യത്യാസത്തിൽ കതകടച്ചിരിക്കണമെന്നും മററു പാരമ്പര്യങ്ങളെ എതിർത്തുകൊണ്ട് അതു സ്വയം ഉറപ്പിക്കണമെന്നുമുള്ള ആശയവുമായി കൂട്ടിക്കുഴയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണം. മനുഷ്യ ചൈതന്യത്തിനുതന്നെ എതിരാണീ കൂട്ടിക്കുഴയ്ക്കൽ" (FR72.3). അതായത്, അനന്യത (Identity) സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ ഇതര സംസ്കാരങ്ങളോടുള്ള തുറവി (Openness) നഷ്ടപ്പെടരുത് എന്നു സാരം. ഈ മാനദണ്ഡങ്ങൾ കൂടുതൽ വിശദീകരണങ്ങളും പഠനങ്ങളും ആവശ്യപ്പെടുന്നു. എന്നിരുന്നാലും ഭാരതീയ സാംസ്കാരിക, മത, ധാർമ്മികമൂല്യങ്ങളോട് സംവാദപരവും ഭാവാത്മകവുമായ സമീപനമാണ് 'വിശ്വാസവും യുക്തിയും' ഉൾക്കൊള്ളുന്നത്. ഇന്ത്യൻ സംസ്കാരത്തോടുള്ള അനുരൂപണത്തിൽ മുന്നോട്ടു പോകണമെന്നു തന്നെയാണ് വിശ്വാസവും യുക്തിയും നിർദ്ദേശിക്കുക.

ഭാരതത്തിലെ സുവിശേഷ പ്രഘോഷണത്തിനും സാംസ്കാരികാനുരൂപണത്തിനും ഈ ചാക്രിക ലേഖനത്തിലെ മാർഗ്ഗ നിർദ്ദേശങ്ങൾ സഹായകമാകുമെന്ന് പ്രത്യാശിക്കാം. വിശ്വാസനിഷേധത്തിന്റെ അവസരങ്ങ

www.malankaralibrary.com

ളിലും വിശ്വാസത്തെയും യുക്തിയെയും ആപേക്ഷികമാക്കുന്ന സന്ദർഭങ്ങ ളിലും വിശ്വാസവും യുക്തിയും നല്കുന്ന പ്രബോധനം നമുക്ക് ശ്രദ്ധാ പൂർവ്വം ശ്രവിക്കാം.

---

സുഭാഷിതങ്ങളുടെ ഗ്രന്ഥത്തിലുള്ള വാക്കുകൾ പ്രസക്തങ്ങളാണ്: മനുഷ്യൻ തൻെറ മാർഗ്ഗം ആലോചിച്ചു വയ്ക്കുന്നു: അവൻെറ കാലടികളെ നിയന്ത്രിക്കുന്നതു കർത്താവാണ് (16:9). അതായത്, ഏതു വഴിയേ പോകണമെന്നു യുക്തിയുടെ പ്രകാശംകൊണ്ട് മനുഷ്യർക്ക് അറിയാൻ കഴിയും; എന്നാൽ വിശ്വാസത്തിൻെറ ചക്രവാളത്തിനുള്ളിൽ, ശരിയായ ദിശയിലേക്കു തിരിച്ചുവയ്ക്കപ്പെട്ട ചൈതന്യത്തോടെ, അവർ ആ വഴി അന്വേഷിച്ചെങ്കിൽ മാത്രമേ അതിലൂടെ അതിൻെറ അവസാനംവരെ വേഗത്തിലും തടസ്സമില്ലാതെയും അവർക്കു പോകാൻ പററുകയുള്ളൂ. അതുകൊണ്ട്, വിശ്വാസത്തെയും യുക്തിയെയും തമ്മിൽ വേർതിരിക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ മനുഷ്യർക്ക് തങ്ങളെത്തന്നെയും ലോകത്തെയും ദൈവത്തെയും ശരിയായ രീതിയിൽ അറിയാനുള്ള കഴിവു കുറഞ്ഞുപോകും (FR16.4).

www.malankaralibrary.com

# 14

# വെണ്മയുടെ വേലിയേറ്റവും സഭയും

നിരാകരണത്തിൻെറ അനുഭവമല്ലേ ഇന്ന് വൃദ്ധജനങ്ങൾക്ക് പറയാനുള്ളത്? വാർദ്ധക്യത്തിലെത്തുവോളം സമൂഹവും കുടുംബവും അവരുടെ അദ്ധ്വാനത്തിൻെറ സത്ഫലങ്ങൾ അനുഭവിച്ചു. തുടർന്നും സമൂഹത്തിന് വളരെയേറെ സംഭാവനകൾ നൽകാൻ അവർക്കു കഴിയും. എന്നാൽ സാങ്കേതികതയുടെയും ശാരീരികക്ഷമതയുടെയും പേരിൽ പ്രായം ചെന്നവർ ഏറെപ്പേരും പാർശ്വവൽക്കരിക്കപ്പെടുന്നതായി നാം കാണുന്നു. അവർക്ക് ആവശ്യമായ ജീവിതസൗകര്യങ്ങൾ പ്രാപ്യമാക്കുന്നതിലും സമൂഹം ഉദാസീനത പ്രകടിപ്പിക്കുന്നുണ്ട്. ഉപഭോഗസംസ്കാരത്തിൻെറയും പ്രയോജനവാദത്തിൻെറയും പിടിയിലായ ആധുനിക സമൂഹം നിസാരരോഗങ്ങളുടെ പേരിൽപ്പോലും കാരുണ്യവധം എന്ന ക്രൂരതയിലൂടെ വൃദ്ധജനങ്ങളെ കൊന്നുകളയുന്നുണ്ട്.

വാർദ്ധക്യത്തിൻെറയും വൃദ്ധരുടെയും പ്രശ്നങ്ങൾ ചർച്ചചെയ്യാൻ യു.എൻ.ഒ. 1982 ജൂലൈ 26 മുതൽ ഓഗസ്റ്റ് 6 വരെ വിയന്നായിൽ ഒരു ലോകസമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. വാർദ്ധക്യത്തെ സംബന്ധിച്ച് ഒരു അന്താരാഷ്ട്ര പ്രവർത്തന പദ്ധതി (An International Plan of Action on Ageing) ഈ സമ്മേളനത്തിൽ തയ്യാറാക്കപ്പെട്ടു. അതേ തുടർന്ന് രണ്ടാം സഹസ്രാബ്ദത്തിൻെറ അവസാനവർഷം – 1999 വൃദ്ധജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക വർഷമായി പ്രഖ്യാപിക്കപ്പെട്ടു. 'എല്ലാ പ്രായക്കാർക്കും ഇടമുള്ളൊരു ലോകം' (Toward a society for all ages) എന്നതായിരുന്നു പ്രസ്തുത വർഷത്തിൻെറ ലക്ഷ്യവാക്യം. ഒക്ടോബർ ഒന്നാം തീയതി ലോകം വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേകദിനമായി ആചരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ 'വാർദ്ധക്യത്തിൻെറ മഹത്വം' (The Dignity of Older People and their Mission) എന്ന രേഖ ഒക്ടോബർ ഒന്ന് 1998-ൽ പ്രസാധനം ചെയ്തത്. 'വെണ്മയുടെ വേലിയേററം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന വാർദ്ധക്യത്തിൻെറ ആധുനികകാലഘട്ടത്തിലെ പ്രശ്നങ്ങളെ

www.malankaralibrary.com

സംബന്ധിച്ച് സഭയുടെ ചിന്തകളും അജപാലനപരമായ കരുതലുകളുമാണ് ഈ രേഖയിലുള്ളത്. മാററി നിർത്തപ്പെടേണ്ടവരല്ല വൃദ്ധർ; നിഷ്ക്രിയരായിരിക്കേണ്ടവരുമല്ല അവർ. അവരെ സാമൂഹിക ജീവിതത്തിൻെറ മുഖ്യധാരയിലേക്ക് പ്രവേശിപ്പിക്കണം. തീരുമാനങ്ങളുടെയും അവയുടെ നിർവ്വഹണത്തിൻെറയും മേഖലയിൽ അവരെ സജീവമായി പങ്കെടുപ്പിക്കണം. ഇത് ഉപവിയുടെ മാത്രമല്ല, മനുഷ്യാന്തസ്സിൻെറയും സാമൂഹിക നീതിയുടെയും പ്രശ്നമാണ്. തലമുറകളുടെ തുടർച്ചയിലും പരസ്പരബന്ധത്തിലുമത്രേ നാം ജീവിതത്തെ വിശകലനം ചെയ്യേണ്ടത്.

ആമുഖവും ഉപസംഹാരവും കൂടാതെ അഞ്ച് ചെറിയ അദ്ധ്യായങ്ങളിലാണ് രേഖ വിഷയാവതരണം നടത്തുന്നത്.

ശാസ്ത്രത്തിൻെറയും സാങ്കേതിക വിദ്യയുടെയും വളർച്ചമൂലം ശരാശരി ആയുസ്സിൻെറ ദൈർഘ്യം കൂടുകയും വാർദ്ധക്യത്തിലെത്തുന്നവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പ്രതിഭാസം ഉളവാക്കുന്ന സാമൂഹികവും സാംസ്കാരികവും മനഃശാസ്ത്രപരവും ആദ്ധ്യാത്മികവുമായ പ്രശ്നങ്ങൾ സവിശേഷശ്രദ്ധ അർഹിക്കുന്നു. തലമുറകൾ തമ്മിലുള്ള വർദ്ധിച്ച സൗഹാർദ്ദവും സഹകരണവും സാധ്യമാക്കുമ്പോൾ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും. അതുപോലെ സമൂഹത്തിന് തുടർന്നും സംഭാവന നൽകാൻ തങ്ങൾ പ്രാപ്തരാണെന്ന് വൃദ്ധജനങ്ങൾക്കും, വൃദ്ധജനങ്ങളിൽ നിന്ന് സമൂഹത്തിന് ഏറെ സ്വീകരിക്കാനുണ്ടെന്ന് ഇതരർക്കും ബോധ്യമുണ്ടാകുമ്പോൾ പ്രായം ചെന്നവരുടെ ജീവിതസാഹചര്യം മെച്ചമാകും. സഭാജീവിതത്തിലും വൃദ്ധജനങ്ങൾക്ക് കനത്ത സംഭാവന നൽകാൻ സാധിക്കും. അവരുടെ അഭിലാഷങ്ങളും ആഭിമുഖ്യങ്ങളും കണക്കിലെടുക്കുന്ന അജപാലന പദ്ധതികൾക്ക് സഭാസമൂഹം രൂപം നൽകേണ്ടതുണ്ട്. നമ്മുടെ സമൂഹം അത്യാവശ്യമായി ചെയ്യേണ്ടത് വാർദ്ധക്യത്തിൻെറ അർത്ഥവും മൂല്യവും മനസ്സിലാക്കി വൃദ്ധജനങ്ങളെ പരിഗണിക്കുകയാണ്. ജീവൻെറ ദൈവികമായ അർത്ഥം ഏവരും അംഗീകരിക്കുമ്പോഴാണ് വാർദ്ധക്യം അർത്ഥപൂർണ്ണമാകുക. ജീവൻെറ എല്ലാ ഘട്ടങ്ങളോടും നിറഞ്ഞു നിൽക്കുന്ന ആദരവിലേ ജീവിതം വിജയപ്രദമാകൂ. പ്രായം ചെന്നവർ അനുസ്മരിക്കേണ്ട ഒരു വസ്തുതയുണ്ട്: ദൈവത്തിൽ ജീവിക്കുകയാണ് ഉത്തമമായ രീതിയിൽ വാർദ്ധക്യകാലം ചെലവഴിക്കാനുള്ള ഏക മാർഗ്ഗം. അതായത്, ദൈവികാഭിമുഖ്യത്തിലും അവർ ഉത്തരോത്തരം അഭിവൃദ്ധിപ്പെടണം. അറിവും അനുഭവവും സംജാതമാക്കുന്ന പരസ്പര സൗഹാർദ്ദത്തിൻെറ പശ്ചാത്തലത്തിൽ വാർദ്ധക്യത്തിൻെറ സിദ്ധികൾ എന്ന് വിളിക്കപ്പെടുന്ന പ്രായമായവരുടെ ജീവിതാനുഭവം നൽകുന്ന കഴിവുകളെ സമൂഹം വിനിയോഗിക്കേണ്ടതാണ്: നിസ്വാർത്ഥത, ഓർമ്മ, അനുഭവം, പരസ്പരാശ്രയം, കൂടുതൽ പൂർണ്ണമായ ജീവിത വീക്ഷണം എന്നിവയാണ് ആ സിദ്ധികൾ. അവ സമൂഹത്തിൻെറ സമഗ്രവളർച്ചയ്ക്ക് ഉതകുമെന്നതിന് സംശയമില്ല.

www.malankaralibrary.com

വാർദ്ധക്യത്തിലെത്തിയവരെ മാനിക്കണമെന്ന് വി. ഗ്രന്ഥം അനുശാസിക്കുന്നുണ്ട്. മാത്രമല്ല, പിതാക്കന്മാരിൽ പുതിയ തലമുറ ദൈവത്തെ കണ്ടുമുട്ടുന്നതായും ജീവന്റെ വഴി അറിയുന്നതായും നാം കാണുന്നുണ്ട്. ലോകത്തിന്റെ മുമ്പിൽ അശക്തമെന്നു തോന്നിക്കാവുന്ന വാർദ്ധക്യത്തെ ഫലപുഷ്ടമാക്കി, രക്ഷാകരവേലയ്ക്ക് ദൈവം ഉപയുക്തമാക്കിയതായി വി. ഗ്രന്ഥം സാക്ഷിക്കുന്നുണ്ട്. പിതാവായ അബ്രാഹം ഇതിന് ഉത്തമോദാഹരണമാണ്. ദൈവത്തിന്റെ പദ്ധതികളോട് പൂർണ്ണമായി സഹകരിച്ച അബ്രാഹം സന്തോഷം നിറഞ്ഞ വാർദ്ധക്യത്തിൽ സന്തുഷ്ടമായ മരണം പ്രാപിച്ചതായി വി. ഗ്രന്ഥത്തിൽ നാം വായിക്കുന്നു. പ്രായത്തോടൊപ്പം ദൈവദാനമായ ജ്ഞാനം കൂടി ചേരുമ്പോൾ ഉത്തരവാദിത്വത്തോടെ ജീവിക്കാൻ വൃദ്ധർ പ്രാപ്തരാകും. പ്രാർത്ഥനയിൽ ശക്തി തേടുന്ന ജീവിതത്തിലൂടെ നിരന്തരം ആത്മീയ പൂർണ്ണത കരഗതമാക്കുവാൻ വൃദ്ധജനങ്ങൾ പരിശ്രമിക്കേണ്ടതാണ്. അപ്രകാരമേ വ്യക്തിപരമായ സാക്ഷാത്കാരത്തിനും സമൂഹത്തെ സമ്പന്നമാക്കുന്ന ദാനത്തിനും വൃദ്ധർ പ്രാപ്തരാകു.

പ്രായമായവർ ഒറ്റപ്പെടുത്തപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും (Marginalization) ചെയ്യുന്നത് ഇന്ന് സാധാരണയായിരിക്കുന്നു. അവർ ഒഴിവാക്കപ്പെടുന്നതിന് കാരണങ്ങൾ പലതാണ്:

1. സ്ഥാപനങ്ങളുടെ തലത്തിൽ നടക്കുന്ന ഉത്തരവാദിത്വ നിരാകരണവും തത്ഫലമായുണ്ടാകുന്ന സാമൂഹിക അപര്യാപ്തതകളും.

2. ദാരിദ്ര്യം, അല്ലെങ്കിൽ വരുമാനത്തിന്റെ വെട്ടിച്ചുരുക്കൽ, അല്ലെങ്കിൽ അത്യാവശ്യമായ സാമ്പത്തിക ഉറവിടങ്ങളുടെ അഭാവം. നല്ല ജീവിത നിലവാരം ഉറപ്പുവരുത്താനും വേണ്ടവിധം പരിചരണം നൽകാനും ഇതു മൂലം അസാധ്യമായിത്തീരുന്നു.

3. വൃദ്ധരെ സ്വന്തം ഭവനങ്ങളിൽ നിന്നും സാമൂഹിക സാഹചര്യങ്ങളിൽ നിന്നും മാററിക്കളയൽ.

ഇത് ഇന്ന് വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. മാനുഷിക ബന്ധങ്ങൾ നഷ്ടപ്പെട്ട് പ്രായം ചെന്നവർ തഴയപ്പെടുന്നു എന്നതാണ് അവരുടെ വേദനയ്ക്ക് ആക്കം കൂട്ടുന്ന പ്രധാന കാര്യം. കഴിയുന്നിടത്തോളം, വൃദ്ധരെ വീടുകളിൽ തന്നെ ഉൾക്കൊണ്ട് അവർക്ക് ആവുന്നത്ര പരിചരണം നൽകുകയാണ് ഉചിതം. വിശ്രമഭവനങ്ങളിൽ (Retirement Homes) പോകാൻ നിർബന്ധിതമാകുന്ന അവസരങ്ങളിലും അവരുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും ആദരിക്കപ്പെടണം. കുടുംബത്തിന്റെ അന്തരീക്ഷം ആവുന്നത്ര നിലനിർത്തുകയും വേണം. മാത്രമല്ല, കഴിയുന്നിടത്തോളം എന്തെങ്കിലും തരത്തിലുള്ള ജോലി അവരെക്കൊണ്ട് ചെയ്യിപ്പിക്കണം. ഒപ്പം പൗരപരവും സാംസ്കാരികവും സംഘടനാപരവുമായ ജീവിതത്തിൽ പങ്കെടുത്ത് സഹകരണത്തിലൂടെ സമൂഹം കെട്ടിപ്പടുക്കണം. അതിന് "പുതിയൊരു മനോഭാവം, പുതിയൊരു ജീവിതരീതി, പുതിയൊരു സംസ്

www.malankaralibrary.com

കാരം വികസിപ്പിച്ചെടുക്കണം. വ്യക്തിയുടെ പ്രാധാന്യവും മഹത്വവും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തിന് ചേർന്ന സാമ്പത്തിക ക്രമവും സാമൂഹിക നീതിയും ഉണ്ടാകണം". പ്രായം ചെന്നവർക്ക് ആവശ്യമായ ആത്മീയ ശുശ്രൂഷകൾ നൽകുവാൻ സഭയ്ക്ക് കടപ്പാടുണ്ട്. അവരുടെ വിശ്വാസത്തിലെ ദൗർബല്യങ്ങളെ ഇല്ലാതാക്കി വിശ്വാസം ശക്തിപ്പെടുത്താൻ ഉതകുന്ന വിശ്വാസ പരിശീലനം അവർക്ക് ലഭ്യമാകണം. വൃദ്ധർക്ക് ആവശ്യമായ അജപാലന ശുശ്രൂഷ നിർവഹിക്കുവാൻ വൈദികരും അല്മായരും ഉൾപ്പെട്ട സംഘങ്ങളെ പ്രത്യേകം പരിശീലിപ്പിക്കണം. അതുപോലെ, വിശ്വാസത്തിനു സാക്ഷ്യം നൽകാൻ പ്രായം ചെന്നവർക്കുള്ള കടപ്പാട് പ്രധാനപ്പെട്ടതാണ്. അനുഭവങ്ങളിലൂടെ സ്ഫുടം ചെയ്ത് എടുക്കപ്പെട്ട, പ്രായം ചെന്നവരുടെ വിശ്വാസവും സാക്ഷ്യവും ആധുനിക കാലഘട്ടത്തിലെ സുവിശേഷവല്ക്കരണത്തിന് മുതൽക്കൂട്ടുതന്നെയാണ്.

സഭയുടെ അനേകം അജപാലന ശുശ്രൂഷകളിൽ വൃദ്ധജനങ്ങളെ പങ്കെടുപ്പിക്കാവുന്നതാണ്. പ്രബോധന രേഖ ഏതാനും മേഖലകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്:

1. ഉപവിപ്രവൃത്തികൾ
2. പ്രേഷിതവൃത്തി
3. ആരാധനക്രമം
4. സഭാത്മക സംഘടനകളും പ്രസ്ഥാനങ്ങളും
5. കുടുംബം
6. ധ്യാനവും പ്രാർത്ഥനയും
7. പരീക്ഷകൾ, രോഗങ്ങൾ, സഹനം
8. ജീവസംസ്കാരത്തിനുള്ള സമർപ്പണം

എന്നാൽ, ഈ ശുശ്രൂഷകൾക്ക് വൃദ്ധ ജനങ്ങളെ സന്നദ്ധരാക്കാനായി സഭാസമൂഹത്തിനകത്ത് ബോധവത്ക്കരണവും അവരെ പങ്കുചേർക്കാനായി വേണ്ട വിധത്തിലുള്ള ഒരുക്കവും ആവശ്യമാണ്. അതിനായി വിവിധ കർമ്മ പരിപാടികൾ പ്രബോധന രേഖ നിർദ്ദേശിക്കുന്നുണ്ട്.

1. സഭാസമൂഹത്തിന് ബോധവത്ക്കരണം
2. പിൻവലിയാനുള്ള വൃദ്ധരുടെ മനോഭാവങ്ങളെ നേരിടാൻ സഹായിക്കുക
3. സമൂഹവുമായി യോജിച്ചുപോകുന്നതിന് പ്രായംചെന്നവരെ സജ്ജമാക്കുക.
4. സമൂഹത്തിൽ വൃദ്ധരുടെ സേവനം വികസിപ്പിക്കൽ
5. സഭയുടെ കൗദാശിക ജീവിതത്തിലുള്ള പങ്കുചേരൽ
6. ആവശ്യമായ ആദ്ധ്യാത്മിക പരിചരണം ലഭ്യമാക്കുക
7. രോഗികൾക്കും മരണാസന്നർക്കുമുള്ള കൂദാശ നൽകുക
8. മരണകരമായ രോഗത്തിലുള്ളവരെ ആശ്വസിപ്പിക്കൽ
9. അന്യമതസ്ഥരായ പ്രായംചെന്നവരെ പരിചരിക്കൽ

www.malankaralibrary.com

10. സമൂഹത്തിലും കുടുംബത്തിലും വയോവൃദ്ധർക്ക് അവകാശപ്പെട്ട സ്ഥാനം ലഭ്യമാക്കുക.
11. പൊതു സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും താമസിക്കുന്ന വൃദ്ധർക്കു അർഹമായ പരിചരണം ലഭ്യമാക്കുക.
12. വൃദ്ധ വൈദികർക്ക് വേണ്ടതായ പരിചരണം നൽകുക.
13. തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യത്തിനുവേണ്ടി പ്രവർത്തിക്കുക.

വൃദ്ധരോടുള്ള സമീപനത്തിൽ സമൂഹത്തിൽ കാര്യമായ മാററം വേണമെന്ന് നിസ്സംശയം പറയാം. അവരെ സമൂഹത്തിൻെറ മുഖ്യധാരയിൽ നിലനിർത്തുക സമൂഹത്തിൻെറതന്നെ നന്മയ്ക്കും, സമ്പന്നതയ്ക്കും അവശ്യമാണ്. അതേസമയം സന്തുഷ്ടവും സമ്പൂർണ്ണവുമായ വാർദ്ധക്യത്തിനായി വൃദ്ധജനങ്ങൾ സ്വയം തയ്യാറാകേണ്ടതുണ്ട്. സമകാലീന സമൂഹത്തിൽ ജോലിയിൽനിന്ന് വിരമിക്കുന്ന കാലം മുതൽ ഒരാൾ വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുന്നു എന്നാണനുഭവം. അതായത്, വളരെ നേരത്തേ വാർദ്ധക്യം തുടങ്ങിയേക്കാം. വളരെയേറെ കഴിവും അനുഭവസിദ്ധികളും ഉള്ളവരാണ് പ്രായംചെന്നവർ. സമൂഹത്തിന്റെ മുഖ്യധാരയിൽ അവരെ ഉൾച്ചേർത്ത് അവരുടെയും സമൂഹത്തിൻെറയും ഉത്കർഷം ഉറപ്പാക്കുകയെന്നതാണ് ഏററവും കാമ്യം. ഇതിനു തലമുറകൾ തമ്മിൽ കൊണ്ടും കൊടുത്തും ജീവിക്കുന്ന മാനുഷിക പരിസ്ഥിതിയാണ് അവശ്യമായി ഉണ്ടാകേണ്ടത്. പ്രബോധനരേഖ സമാപിക്കുന്നതും ഈ പ്രത്യേകത ഉയർത്തിക്കൊണ്ടാണ്: "പ്രായം ചെന്നവർക്ക് പൂർവ്വാധികം ശക്തമായും, ആവുന്നത്ര ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ടും, പ്രത്യാശകൊടുക്കാനും പ്രത്യാശ സ്വീകരിക്കാനും അനുവദിക്കുന്ന പുതിയ പദ്ധതികൾ ഉണ്ടാകാൻ മഹാ ജൂബിലിയെക്കുറിച്ചുള്ള വീക്ഷണം പ്രേരണ നല്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അത്തരം പദ്ധതികൾ പ്രാദേശിക - രൂപതാ തലങ്ങളിലും, ദേശീയ - അന്തർദ്ദേശീയ തലങ്ങളിലും ഉണ്ടാകുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. എന്തെന്നാൽ പ്രായം ചെന്നവരോടൊപ്പവും അവരുടെ സഹായത്തോടുകൂടിയും മാത്രമേ എന്നെന്നും സന്തോഷപൂർവ്വം കർത്താവിനു സ്തോത്രങ്ങൾ ആലപിക്കുവാൻ കഴിയുകയുള്ളൂ" (സങ്കീ. 79:13).

---

വാർദ്ധക്യത്തിലെത്തിയവർ ഒരു ജീവിതകാലത്തിൻെറ ജ്ഞാനവും അനുഭവവുമായി അസാധാരണ വരപ്രസാദത്തിൻെറ കാലഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. അത് പ്രാർത്ഥനയ്ക്കും ദൈവവുമായി ഐക്യത്തിനുമുള്ള പുതിയ സാധ്യതകൾ അവർക്ക് തുറന്നുകൊടുക്കുന്നു. മററുള്ളവർക്ക് സേവനം ചെയ്യാനും ജീവദാതാവായ കർത്താവിന് ജീവിതം സമർപ്പിക്കാനും വിളിക്കപ്പെട്ട അവർക്ക് പുതിയ ആദ്ധ്യാത്മിക ശക്തികൾ നല്കപ്പെട്ടിരിക്കുന്നു (പ്രബോധനരേഖയിൽ ഉദ്ധരിച്ചിരിക്കുന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ വാക്കുകൾ).

www.malankaralibrary.com

# 15

# ഏഷ്യൻ സഭയുടെ പ്രത്യാശ

വ്യത്യസ്ത വംശങ്ങൾ, വർണ്ണങ്ങൾ, ഭാഷകൾ എന്നിവയുടെ മനോഹാരിത നിറഞ്ഞ ഭൂമി. ക്രിസ്തുമതം, ഇസ്ലാം, ബുദ്ധമതം, ഹിന്ദുമതം തുടങ്ങിയ ലോകമതങ്ങളുടെ ജന്മഭൂമി. തനിമയുള്ള സംസ്കാരങ്ങളുടെയും ആഴമേറിയ ദർശനങ്ങളുടെയും പ്രഭവകേന്ദ്രം. മണ്ണിന്റെ സമൃദ്ധിയാലും പ്രകൃതി വിഭവങ്ങളുടെ ലഭ്യതയാലും അനുഗ്രഹിക്കപ്പെട്ട വൻകര. എണ്ണമററ നിറങ്ങളും പരിമളവുമുള്ള പൂക്കൾ നിറഞ്ഞ ഉദ്യാനം - വൈവിധ്യത്തിന്റെ ചാരുത നിറഞ്ഞ ഭൂഖണ്ഡം - അതത്രേ ഏഷ്യാ ഭൂഖണ്ഡം. എന്നാൽ വൈവിധ്യത്തിന്റെ സമ്പന്നതയോടൊപ്പം കണക്കിലേറെ പ്രശ്നസങ്കീർണ്ണതകളും ഈ ഭൂഖണ്ഡത്തെ ചൂഴ്ന്നു നില്ക്കുന്നു. വിവേചനം, ചൂഷണം, ദാരിദ്ര്യം, ഒതുക്കപ്പെടൽ (marginalization), മനുഷ്യാവകാശലംഘനം എന്നിവ പ്രശ്നങ്ങളുടെ മുഖങ്ങളത്രേ. പ്രത്യാശയുണർത്തുന്ന കാര്യങ്ങളോടൊപ്പം ഇരുൾ പരത്തുന്ന മേഘങ്ങളും ഏഷ്യയുടെ മേലുണ്ട്. ഈ സാഹചര്യത്തിലത്രേ ഏഷ്യയിലെ സഭയ്ക്കുവേണ്ടിയുള്ള സൂനഹദോസും അതിന്റെ ഫലമായ "സഭ ഏഷ്യയിൽ" (ECCLESIA IN ASIA=EA) എന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ശ്ലൈഹിക പ്രബോധനവും പ്രാധാന്യമർഹിക്കുക. പരിശുദ്ധ പിതാവ് ഈ ശ്ലൈഹിക പ്രബോധനത്തിന്റെ പ്രസിദ്ധീകരണം 1999 നവംബർ 6-ാം തീയതി ന്യൂഡൽഹിയിൽവച്ചാണ് നിർവ്വഹിച്ചത് എന്നതും ഏറെ പ്രസക്തമാണ്. കാരണം, ഏഷ്യ എന്തെല്ലാം ആയിരിക്കുന്നുവോ അതെല്ലാമാണ് ഇന്ത്യ. ഏഷ്യയുടെ യഥാർത്ഥ രൂപത്തിന്റെ - വൈവിധ്യങ്ങളുടെയും പ്രശ്നങ്ങളുടെയും - മാതൃകയാണ് ഇന്ത്യയെന്ന് സംശയലേശമെന്യേ ഉറപ്പിച്ചു പറയാം.

ആമുഖവും ഉപസംഹാരവും കൂടാതെ ഏഴ് അധ്യായങ്ങളാണ് 'സഭ ഏഷ്യയിൽ' എന്ന ശ്ലൈഹിക പ്രബോധനത്തിനുള്ളത്. ആകെ 51 ഖണ്ഡികകളിലാണ് ശ്ലൈഹിക പ്രബോധനത്തിന്റെ പ്രമേയം ആവിഷ്ക്കരികപ്പെട്ടിരിക്കുന്നത്. ഏഷ്യയെ പരിശുദ്ധ ദൈവമാതാവിന് സമർപ്പിക്കുന്ന

www.malankaralibrary.com

മനോഹര പ്രാർത്ഥനയോടെയത്രേ പ്രമാണരേഖ സമാപിക്കുക. ഏഷ്യയുടെ പ്രത്യാശയും സഹനവും വിജയ മുഹൂർത്തങ്ങളും ചരിത്രസ്മരണകളും പങ്കുവച്ച സൂനഹദോസിൻെറ ഫലങ്ങൾ 'ഏഷ്യയിലും ലോകം മുഴുവനിലുമുള്ള സഭയോട് പങ്കുവയ്ക്കുകയാണ്' ശ്ലൈഹികാഹ്വാനത്തിൻെറ ലക്ഷ്യം (EA 4.1).

1998-ൽ ഏപ്രിൽ 18 മുതൽ മേയ് 14 വരെ വത്തിക്കാനിൽ നടന്ന സൂനഹദോസിൻെറ മുഖ്യ വിഷയം ഏഷ്യയുടെ സുവിശേഷ വല്ക്കരണമായിരുന്നു എന്നത് സുവിദിതമാണല്ലോ. ജൂബിലിയുടെ പശ്ചാത്തലത്തിലാണ് ഏഷ്യയിലെ സഭയ്ക്കും ഇതര സഭകൾക്കും വേണ്ടിയുള്ള സൂനഹദോസുകൾ നടന്നത്. ഏഷ്യയുടെ ജീവിത യാഥാർത്ഥ്യങ്ങൾക്ക് മദ്ധ്യേയാണ് ചെറിയ അജഗണമായ ഏഷ്യയിലെ സഭ സുവിശേഷവല്ക്കരണം സാധ്യമാക്കേണ്ടത്. ഏഷ്യയുടെ പ്രശ്നങ്ങൾക്ക് ഉത്തരം രക്ഷകനായ യേശുവാണ്. യേശുവിനെ ഈ ഭൂവിഭാഗത്തിലെ ജനതയ്ക്കു നൽകുകയാണ് പ്രശ്നപരിഹാരത്തിനുള്ള പോംവഴി. "യേശുവിലുള്ള സഭയുടെ വിശ്വാസം സ്വീകരിക്കപ്പെട്ട ദാനവും പങ്കു വയ്ക്കപ്പെടേണ്ട ദാനവുമാണ്. സഭയ്ക്ക് ഏഷ്യയ്ക്കു കൊടുക്കാനുള്ള ഏററവും വലിയ സമ്മാനം ഇതാണ്. യേശുക്രിസ്തുവിൻെറ സത്യം മററുള്ളവരുമായി പങ്കുവയ്ക്കുക എന്നത് വിശ്വാസമെന്ന ദാനം സ്വീകരിച്ച എല്ലാവരുടേയും ഉദാത്തമായ കടമയാണ്" എന്ന് ശ്ലൈഹിക ആഹ്വാനം വ്യക്തമാക്കുന്നു (EA 10.2). പ്രശ്നങ്ങളുടെയും സങ്കീർണ്ണതകളുടെയും നടുവിൽ ആത്മാവിൻെറ സാന്നിധ്യം തിരിച്ചറിയുക ആവശ്യമാണ്. സൂനഹദോസു പിതാക്കന്മാർ രക്ഷാകര ചരിത്രത്തിലെ ആത്മാവിൻെറ പ്രവർത്തനം തിരിച്ചറിഞ്ഞ് ഈ കാലഘട്ടത്തിലേക്കുള്ള പ്രവർത്തനസരണി നിർദ്ദേശിച്ചു: "എല്ലാ മനുഷ്യരിലും അവരുടെ മതങ്ങളിലും സംസ്കാരങ്ങളിലും തത്വചിന്തകളിലും സത്യത്തിൻെറ വിത്തുകൾ തുടർച്ചയായി വിതയ്ക്കുന്ന, പരിശുദ്ധാത്മാവിൻെറ അനേകവും വ്യത്യസ്തവുമായ പ്രവർത്തനത്തിലേക്ക് സിനഡുപിതാക്കന്മാർ ശ്രദ്ധതിരിച്ചു.... പരിശുദ്ധാത്മാവ് ജനങ്ങളെ പരസ്പരമുള്ള അറിവിനും അംഗീകാരത്തിനും വേണ്ടിയുള്ള അവരുടെ അന്വേഷണത്തിൽ നിലനിർത്തുന്നു. അതുകൊണ്ട്, എല്ലാ ജനങ്ങളോടും സംസ്കാരങ്ങളോടും മതങ്ങളോടുമുള്ള സഭയുടെ സംഭാഷണത്തിൻെറ പ്രധാന പ്രവർത്തനമായി ദൈവത്തിൻെറ ആത്മാവിനെ സിനഡ് കണ്ടത് ശരിയായിരുന്നു" (EA 15.5).

ഏഷ്യയിലെ വൈവിധ്യപൂർണ്ണമായ സഭാ - മത-സാംസ്കാരിക പശ്ചാത്തലത്തിൽ സുവിശേഷവത്ക്കരണത്തിന് ഏററവും കരണീയമായ മാർഗ്ഗമെന്താണ്? സഭയ്ക്കുള്ളിലെ കൂട്ടായ്മയും ദൗത്യവും തമ്മിലുള്ള ബന്ധം ശ്ലൈഹിക പ്രബോധനം ഊന്നിപ്പറയുന്നുണ്ട് (EA 24.25). പ്രാദേശിക സഭകളുടെ ഇടയിലെ ഐക്യദാർഢ്യവും, ദൗത്യ നിർവ്വഹണത്തിനും പരസ്പര സഹകരണത്തിനും ആദ്ധ്യാത്മിക ഭൗതിക നന്മകളുടെ കൈ

www.malankaralibrary.com

മാററത്തിനും ഫലപ്രദമായ വഴിയായി സൂനഹദോസ് ചൂണ്ടിക്കാട്ടുകയുണ്ടായി എന്ന് ശ്ലൈഹിക പ്രബോധനം രേഖപ്പെടുത്തുന്നു (EA 26). പൗരസ്ത്യ കത്തോലിക്കാ സഭകളുടെ – ഇന്ത്യയിലെ സ്ഥിതി എടുത്തു പറയുന്നുണ്ട് – അനന്യതയുടെ പരിപാലനവും ദൗത്യവും സവിശേഷമായി ചൂണ്ടിക്കാണിക്കുന്നുണ്ട് (ഖണ്ഡിക 27.1). സഭൈക്യ സംഭാഷണങ്ങളെ അടിയന്തിരാവശ്യമായി ചൂണ്ടിക്കാട്ടി, അവയെ സഹർഷം പ്രോത്സാഹിപ്പിക്കുവാൻ ശ്ലൈഹിക പ്രബോധനം ആഹ്വാനം ചെയ്യുന്നു (EA 30). ഏഷ്യയുടെ ബോധനവിദ്യകളായ കഥകളും ഉപമകളും പ്രതീകങ്ങളും മററും ഉപയോഗിച്ചത്രേ യേശുവിനെ പ്രഘോഷിക്കേണ്ടത് (EA 20.6-7). ഈയവസരത്തിൽ ജീയോവാനി ദ് മൊന്തേകൊർവിനോ, മത്തേയോ റിച്ചി, റോബർട്ടോ ഡി നോബിലി തുടങ്ങിയവരുടെ ശ്രേഷ്ഠമായ മാതൃകകൾ പ്രമാണരേഖ ഉദാഹരണമായി കാണിക്കുന്നു (EA 20.8). മതങ്ങളുമായുള്ള ആദരപൂർണ്ണമായ സംഭാഷണത്തിൻെറയും കൂടിക്കാഴ്ചയുടെയും ഫലപ്രദമായ വഴി സൂനഹദോസ് ഉയർത്തിക്കാട്ടുന്നുണ്ട് (EA31). ദൈവശാസ്ത്രത്തെയും ആരാധന ക്രമത്തെയും സഭാജീവിതത്തെയും സമഗ്രമായി സ്പർശിക്കുന്ന സാംസ്കാരിക അനുരൂപണത്തിൻെറ മാർഗ്ഗം ശ്ലൈഹിക പ്രബോധനം വ്യക്തമാക്കുന്നുണ്ട് (EA 21-22).

സുവിശേഷവല്ക്കരണത്തിൻെറ അവിഭാജ്യഘടകമായ മനുഷ്യവിമോചനത്തിന് ശ്ലൈഹികാഹ്വാനം നിർദ്ദേശിക്കുന്ന മാർഗ്ഗം എന്താണ്? ഒന്നാമതായി, 'വികസനത്തിൻെറ മുഖ്യ കർത്താവും ലക്ഷ്യവും ആയ' മനുഷ്യനെ സംബന്ധിച്ച യഥാർത്ഥമായ ദർശനം നൽകുക (EA 33). രണ്ടാമതായി, വികസനത്തിൻെറ മാനുഷികവും ധാർമ്മികവുമായ മാനങ്ങൾ അവതരിപ്പിക്കുക (EA 32). ഈ അടിസ്ഥാന ദർശനങ്ങൾ ആധാരമാക്കി ആരോഗ്യപരിപാലനം, വിദ്യാഭ്യാസം എന്നീ മേഖലകളിലേക്ക് തിരിയുവാൻ പ്രമാണരേഖ അനുശാസിക്കുന്നു (EA 36,37). യുദ്ധത്തിൻെറ ഭീകരതകൾക്കുമദ്ധ്യേ സമാധാനം സ്ഥാപിക്കാനും ആഗോളവത്ക്കരണത്തിൻെറ സമ്മർദ്ദങ്ങൾക്കെതിരെ പരമ്പരാഗതമായ മൂല്യങ്ങൾ സംരക്ഷിക്കാനും മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു (EA 38,39). ജൂബിലിയുടെ വേളയിൽ കടബാധ്യത വെട്ടിച്ചുരുക്കുകയോ ഇളച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണെന്ന് സമ്പന്ന രാഷ്ട്രങ്ങളെയും അന്താരാഷ്ട്രസംഘടനകളെയും രേഖ അനുസ്മരിപ്പിക്കുന്നു (EA 40). സംരക്ഷിക്കപ്പെടേണ്ട പരിസ്ഥിതിയിലേക്കും ശ്ലൈഹികാഹ്വാനം ശ്രദ്ധവയ്ക്കുന്നുണ്ട് (EA 41). ജീവൻെറ മൂല്യം നിഷേധിക്കുന്ന ഗർഭച്ഛിദ്രം, കൃത്രിമ ജനന നിയന്ത്രണം, കാരുണ്യ വധം തുടങ്ങിയ പ്രശ്നങ്ങൾ ശ്ലൈഹികാഹ്വാനം ചൂണ്ടിക്കാട്ടുന്നു: "മനുഷ്യ ജീവിതത്തോട്, പ്രത്യേകമായി, തങ്ങളെത്തന്നെ സംരക്ഷിക്കാൻ കഴിവില്ലാത്ത ശബ്ദരഹിതരുടെ ജീവിതത്തോട് ബഹുമാനമില്ലാതെ, യഥാർത്ഥ പുരോഗതിയില്ല, യഥാർത്ഥ പൗരസമൂഹമില്ല, യഥാർത്ഥ മനുഷ്യ വളർച്ചയുമില്ല. ഓരോ വ്യക്തിയുടെയും ജീവിതം, അത് ഗർഭസ്ഥ

www.malankaralibrary.com

ശിശുവിന്റെയോ രോഗിയുടെയോ വികലാംഗന്റെയോ, പ്രായമേറിയവരുടെയോ ആകട്ടെ, അത് എല്ലാവർക്കുമായുള്ള സമ്മാനമാണ്" (EA 35.1). പാവങ്ങളോടുള്ള മുൻഗണനാപരമായ സ്നേഹം സുവിശേഷാനുസൃതമായ നടപടിയാണ് എന്ന് ഊന്നിപ്പറയുന്ന രേഖ സവിശേഷമായ ശ്രദ്ധ അർഹിക്കുന്ന വ്യക്തികളെയും കൂട്ടങ്ങളെയും ചൂണ്ടിക്കാട്ടുന്നുണ്ട്: ദരിദ്രർ, ജാതിഭ്രഷ്ടർ, അഭയാർത്ഥികൾ, ആദിവാസികൾ, കുട്ടികൾ, സ്ത്രീകൾ. ഇവരുടെ ഞെരുക്കത്തിന്റെയും പീഡനത്തിന്റെയും വസ്തുതകൾ വരച്ചുകാണിക്കുന്ന ശ്ലൈഹികാഹ്വാനം അവരെ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് സുവിശേഷ ദൗത്യം നിർവ്വഹിക്കുവാൻ സഭയോട് ആഹ്വാനം ചെയ്യുന്നു (EA 34).

ഏഷ്യയിലെ പ്രാദേശിക സഭാകൂട്ടായ്മകൾക്കു നിറവേററാനുള്ള സുവിശേഷവത്ക്കരണത്തിന്റെ പാതയാണ് 'സഭ ഏഷ്യയിൽ' നിർദ്ദേശിക്കുന്നത്. ചെറിയ കൂട്ടമായ ഏഷ്യയിലെ സഭയ്ക്ക് നിറവേററാനുള്ള ദൗത്യം ഗൗരവമേറിയതും വിപുലവുമാണ്. ആ ദൗത്യത്തിന്റെ കാതൽ, രക്ഷകനായ യേശുവിനെ വിളംബരം ചെയ്യാൻ, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ ആശ്രയിച്ച് സഭ തയ്യാറാകുക എന്നതാണ്. സവിശേഷമായ ശ്രദ്ധയോടെ 'സഭ ഏഷ്യയിൽ' എന്ന ശ്ലൈഹികാഹ്വാനം പഠനത്തിനും വിശകലനത്തിനും വിധേയമാക്കുക; പ്രവർത്തനത്തിനുള്ള ചൈതന്യം സ്വീകരിക്കുക. ഇന്ന് പ്രാദേശിക സഭകളിൽ നടക്കുന്ന ജൂബിലിയുടെ വിവിധ പരിപാടികൾ സഭയുടെ മിഷനറി ദൗത്യത്തെക്കുറിച്ചുള്ള ബോധ്യം സഭയിൽ ഉണർത്തണം. സഭയെ കെട്ടിപ്പടുക്കുന്നതിന് പ്രാരംഭമായി ഈ ജൂബിലി ആചരണം തീരണം. 'സഭ ഏഷ്യയിൽ' അനുശാസിക്കുന്ന കർമ്മ പരിപാടി അനുവർത്തിക്കുന്നതിന് ഏഷ്യയിലെ സഭയ്ക്ക് സാധിക്കട്ടെ.

---

ക്രിസ്ത്യാനികൾ യേശുവിന്റെ മാതൃക അനുസരിച്ച് ലളിത ജീവിതം നയിച്ചാൽ ദരിദ്രരുമായുള്ള ദൃഢൈക്യം കൂടുതൽ വിശ്വാസ്യമാകും. ജീവിതലാളിത്യം, അഗാധമായ വിശ്വാസം, എല്ലാവരോടും പ്രത്യേകിച്ച് ദരിദ്രരോടും പുറംതള്ളപ്പെട്ടവരോടുമുള്ള കാപട്യമില്ലാത്ത സ്നേഹം എന്നിവ സുവിശേഷം പ്രാവർത്തികമാക്കുന്നതിന്റെ പ്രഭാപൂർണ്ണമായ അടയാളങ്ങളാണ്. സുവിശേഷത്തിന്റെ പ്രബോധനങ്ങൾക്ക് ചേർന്ന ഒരു ജീവിതശൈലി സ്വീകരിക്കാൻ ഏഷ്യയിലെ കത്തോലിക്കരോടു സിനഡ് പിതാക്കന്മാർ ആഹ്വാനം ചെയ്തു. അവർ സഭയുടെ ദൗത്യം കൂടുതൽ നന്നായി നിർവ്വഹിക്കുന്നതിനും സഭതന്നെ ദരിദ്രരുടെയും ദരിദ്രർക്കുള്ളതുമായിത്തീരുന്നതിനും വേണ്ടിയാണത് (EA 34.2).

www.malankaralibrary.com

# 16

# വൈദികനും മൂന്നാം ക്രൈസ്തവ സഹസ്രാബ്ദവും

**ജീ**വിതത്തിൻെറ വിവിധമേഖലകളിൽ പ്രവർത്തിക്കുന്നവർ അനന്യത സംബന്ധിച്ച ചിന്താക്കുഴപ്പത്തിന് അധീനരാണെന്ന് നാം ശ്രവിക്കുന്നുണ്ട്. ജീവിതത്തിൽ തങ്ങൾക്ക് നിറവേററാനുള്ള ദൗത്യം സംബന്ധിച്ച് സംശയവും ആകുലതയും നിറഞ്ഞ വ്യക്തികളില്ലേ? ചിന്താക്കുഴപ്പങ്ങൾ സഭാഗാത്രത്തെയും ബാധിച്ചിട്ടുണ്ടോ? സഭാകൂട്ടായ്മയിൽ ഓരോരുത്തരും നിറവേറേണ്ട ദൗത്യമെന്താണ്? വൈദികരല്ലാത്ത വിശ്വാസികൾ സഭാശുശ്രൂഷകളിൽ കൂടുതൽ തല്പരരായി വ്യാപൃതരാകുന്നു. നാളിതുവരെ വൈദികർ നിറവേററിയിരുന്ന ശുശ്രൂഷകളിൽ ചിലത് ഇന്ന് വൈദികരല്ലാത്ത വിശ്വാസികൾ -അല്മായരും സന്യസ്തരും നിറവേററുന്നുണ്ട്. ഇത് വൈദിക ശുശ്രൂഷയുടെ സാംഗത്യം ചോദ്യം ചെയ്യുന്നില്ലേ? ഇത് വൈദികർക്ക് ചിന്താക്കുഴപ്പത്തിനും തങ്ങളുടെ ദൗത്യം സംബന്ധിച്ച ആശങ്കയ്ക്കും കാരണം നൽകുന്നില്ലേ? ഈ പശ്ചാത്തലത്തിലാണ് 'വൈദികനും മൂന്നാം ക്രൈസ്തവ സഹസ്രാബ്ദവും' എന്ന പ്രബോധനരേഖ പ്രാധാന്യമർഹിക്കുന്നത്. വൈദികർക്കുവേണ്ടിയുള്ള കോൺഗ്രിഗേഷൻ 1999 മാർച്ച് 19-ാം തീയതി പ്രസാധനം ചെയ്ത ഈ രേഖയിൽ കോൺഗ്രിഗേഷൻെറ പ്രീഫെക്ട് കർദ്ദിനാൾ ദാരിയോ കസ്ത്രിലോൻ ഹോയോസും, സെക്രട്ടറി ക്സാബാ തെർന്യാകും ഒപ്പു വച്ചിരിക്കുന്നു. നവസുവിശേഷവല്ക്കരണത്തിൻെറ പശ്ചാത്തലത്തിൽ 'യഥാർത്ഥ സാഹചര്യങ്ങൾ ഓർമ്മിച്ചുകൊണ്ടു വൈദികരേയും വൈദികഗണങ്ങളേയും ഒരാത്മപരിശോധനയിലേക്ക് നയിക്കാൻ വേണ്ടിയാണ്' ഈ രേഖ തയ്യാറാക്കിയിട്ടുള്ളത്. വിശ്വസ്തതയോടെ വൈദിക ശുശ്രൂഷ നിറവേററുന്നതിന് തക്ക ഒരു ആത്മശോധനയാണ് ആവശ്യമായിരിക്കുന്നത്. ആമുഖത്തിനും ഉപസംഹാരത്തിനും പുറമേ നാല് അദ്ധ്യായങ്ങളാണ് ഈ രേഖയിൽ ഉള്ളത്. ഓരോ അദ്ധ്യായത്തിൻെറയും അവസാനം ചോദ്യാവലി ചേർത്തിട്ടുണ്ട്. പഠനത്തിൻെറ വെളിച്ചത്തിൽ അനുദിന യാഥാർത്ഥ്യങ്ങൾ വിലയിരുത്താൻ ഈ ചോദ്യാവലി സഹായകരമാണ്.

www.malankaralibrary.com

പരമ്പരാഗതമായി ക്രൈസ്തവമെന്ന് അറിയപ്പെടുന്ന ജനസഞ്ചയങ്ങളിൽ തന്നെ അനേകർ വിശ്വാസ-ധാർമ്മിക തത്വങ്ങൾ അവഗണിച്ചോ, അവയോട് നിസ്സംഗത പുലർത്തിയോ, അവയെക്കുറിച്ചുള്ള അജ്ഞതയിലോ ജീവിക്കുന്നുണ്ട്. ഇവരുടെ ഒക്കെ മനസ്സിൽ വിശ്വാസം ഉദ്ദീപിപ്പിക്കാനുള്ള സഭയുടെ മാതൃസഹജമായ പ്രതികരണമാണ് നവസുവിശേഷവല്ക്കരണം. ക്രിസ്തുവിനെ അറിയാത്തവർക്ക് വിശ്വാസം നല്കാനുള്ള പ്രേഷിതവേലയും സഭയുടെ ദൗത്യത്തിൻെറ ഭാഗമാണ്. എല്ലാ ക്രൈസ്തവരും നിറവേററേണ്ട, എന്നാൽ വൈദികർ പ്രത്യേകമായി നിറവേററേണ്ട, നവീനസുവിശേഷവല്ക്കരണത്തിനുള്ള സുപ്രധാനമായ അജപാലന ഉത്തരവാദിത്വത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് ആമുഖം സമാപിക്കുക. ഈ ഉത്തരവാദിത്വം നിറവേററുന്നതിന് തക്കവിധം നവസമർപ്പണത്തിനും ദൈവവിളി വീണ്ടും കണ്ടെത്തുന്നതിനും വൈദികരെ സഹായിക്കുകയാണ് രേഖയുടെ ലക്ഷ്യമെന്ന് ആമുഖം വ്യക്തമാക്കുന്നുണ്ട്.

സഭയുടെ പൊതു ദൗത്യമായ നവസുവിശേഷവല്ക്കരണത്തിൽ വൈദികർക്ക് പ്രത്യേകമായും നിറവേററാനുള്ള സമഗ്രമായ ശുശ്രൂഷയാണ് ഒന്നാം അദ്ധ്യായത്തിൻെറ പ്രതിപാദ്യം. ഒരർത്ഥത്തിൽ പുതിയ സഹസ്രാബ്ദത്തിലെ സുവിശേഷവല്ക്കരണത്തിൻെറ പ്രാഥമിക ഉത്തരവാദിത്വം വൈദികർക്കാണെന്ന് രേഖ അനുശാസിക്കുന്നു. അടിസ്ഥാന തത്വങ്ങളെപ്പോലും വിമർശന ബുദ്ധിയോടെ സമീപിച്ച് സ്വതന്ത്രമായ നിലപാടുകൾ സ്വീകരിക്കാനുള്ള പ്രവണത ഇന്ന് ദൃശ്യമാണ്. ശാസ്ത്ര സാങ്കേതിക നേട്ടങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ടാണ് ഈ സമീപനം രൂപീകരിക്കപ്പെട്ടിരിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയും മററും രക്ഷാരഹസ്യം മനസ്സിലാക്കുവാൻ ഉപയോഗിക്കാമെങ്കിലും എന്നെന്നും രക്ഷാരഹസ്യം എല്ലാവർക്കും സ്വകാര്യമായിട്ടുള്ള ജീവിതശുദ്ധി മൂലമുള്ള സാക്ഷ്യത്തിനുപകരം നില്ക്കുന്നതിന് പര്യാപ്തമാകുകയില്ല. തങ്ങളുടെ വിശ്വാസത്തിൻെറയും പ്രത്യാശയുടെയും അടിസ്ഥാനങ്ങൾ മനസ്സിലാക്കാനും സംവാദങ്ങളിൽ വേണ്ടവിധം കാര്യങ്ങൾ അവതരിപ്പിക്കാനും വൈദികർ "തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അഗാധവും യഥാർത്ഥവുമായ പരിശീലനം നേടുക" ആവശ്യമാണ്. സമകാലീന ലോകത്തിന് മനസ്സിലാകാത്ത അനേകം ആശയങ്ങളും പദപ്രയോഗങ്ങളും ദൈവശാസ്ത്രത്തിലുണ്ട്. ഉത്ഭവപാപം, അതിൻെറ അനന്തരഫലങ്ങൾ, വീണ്ടെടുപ്പ്, കുരിശ്, പ്രാർത്ഥനയുടെ ആവശ്യം, സ്വയം പ്രേരിതമായ ത്യാഗം, ലൈംഗിക നിർമ്മലത, ആത്മനിയന്ത്രണം, അനുസരണം, വിനയം, പ്രായശ്ചിത്തം, ദാരിദ്ര്യം എന്നിവയൊക്കെ സമകാലീന സംസ്കാരത്തിന് മനസ്സിലാക്കി കൊടുക്കുക നവസുവിശേഷവല്ക്കരണത്തിൻെറ ഭാഗമാണ്.

ഇന്നത്തെ സാഹചര്യങ്ങൾക്ക് ചേർന്ന വൈദികശുശ്രൂഷ നിറവേററുന്നതിനുള്ള ഒരു രൂപം സത്വരമായി ഉണ്ടാകേണ്ടത് ആവശ്യമാണ്. ക്രിസ്തു

www.malankaralibrary.com

വിനോടുള്ള നിരന്തര ബന്ധത്താൽ പരിപോഷിപ്പിക്കപ്പെടുന്നതാവണം ഈ ശുശ്രൂഷാരൂപം. ക്രിസ്തുവിനെപ്പോലെയും ക്രിസ്തു നാമത്തിലും പ്രഘോഷണത്തിനുവേണ്ടി സമർപ്പിക്കപ്പെടണം. തിന്മയെ എതിർക്കുന്നതിന് നീതിനിഷ്ഠയോടും, അജപാലന സ്നേഹത്തോടും, ആത്മീയാധികാരത്തോടുംകൂടി ദൈവജനത്തിനു മുമ്പേ നടക്കണം. പ്രാർത്ഥന, ധ്യാനം, ആന്തരികത ഇവയ്ക്കുവേണ്ടി വൈദികൻ സ്വയം സമർപ്പിക്കണം. ജനത്തിനുവേണ്ടിയുള്ള ശുശ്രൂഷയിൽ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന ബുദ്ധിപരമായ ലക്ഷ്യം പ്രഥമസ്ഥാനം അർഹിക്കുന്നു. രണ്ടാമതായി, മാനസാന്തരത്തിലേക്കും പാപപ്പൊറുതിയിലേക്കുമുള്ള വിളി നിരന്തരം പ്രഘോഷിക്കപ്പെടണം. ചുരുക്കത്തിൽ, പ്രഘോഷണം, സാക്ഷ്യം, സംവാദം, സേവനം എന്നിവ ഉൾക്കൊള്ളുന്നതാണ് സുവിശേഷവല്ക്കരണം. വചനപ്രസംഗം, കൂദാശാപരമായ ശുശ്രൂഷ, വിശ്വാസികളെ നയിക്കൽ എന്നീ ഘടകങ്ങളിൽ അധിഷ്ഠിതമാണ് ശുശ്രൂഷയുടെ വിവിധ മേഖലകൾ. സുവിശേഷവല്ക്കരണം - മാനസാന്തരം- പൂർണ്ണമാകേണ്ടത് വി. കുർബാനയിലും വി. കുമ്പസാരത്തിലുമാണ്.

നവസുവിശേഷവല്ക്കരണത്തിൻെറ ഭാഗമായി വിശ്വാസികൾക്ക് സഭൈക്യപരമായ പരിശീലനം നല്കണമെന്നും രേഖ അനുശാസിക്കുന്നുണ്ട്. സ്വന്തം പാരമ്പര്യങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ടും മററുള്ളവരോട് ബഹുമാനം വളർത്തിയുമാണ് ഐക്യം അന്വേഷിക്കേണ്ടത്.

സുവിശേഷവല്ക്കരണത്തിൻെറ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാമത്തേതായ വചനപ്രഘോഷണം സംബന്ധിച്ചാണ് രണ്ടാം അദ്ധ്യായം പ്രതിപാദിക്കുന്നത്. രക്ഷാസന്ദേശത്തിലേക്കുള്ള വിളി ദൈവിക ശക്തിയെപ്പററി അറിയിക്കുകയാണ്. ദൈവിക ശക്തിയിൽ വിശ്വാസവും, പ്രത്യാശയും, സ്നേഹവും അർപ്പിച്ചുള്ള അറിയിപ്പാണ് സുവിശേഷപ്രഘോഷണം. തിരുപ്പട്ട കൂദാശയിൽ നിന്നുണ്ടാകുന്ന സുവിശേഷപ്രസംഗ ശുശ്രൂഷ, വചനത്തിൻെറ സേവകനും ശുശ്രൂഷകനുമായിത്തീർന്ന് വൈദികൻ നിറവേറേണ്ട ഒന്നത്രെ. വ്യക്തിപരമായ പ്രാർത്ഥനയും ജ്ഞാനവും വചന പ്രഘോഷണം ആഴമുള്ളതാക്കും. ഉത്തമമായ പ്രഘോഷണം വ്യക്തിപരമായ പ്രാർത്ഥന വ്യക്തമാക്കുന്നതാണ്. മാത്രമല്ല, സുവിശേഷവല്ക്കരണത്തിനുള്ള തീക്ഷ്ണത വർദ്ധിപ്പിക്കുന്നതും പ്രാർത്ഥനയാണ്. ഈയവസരത്തിൽ യാമപ്രാർത്ഥനയുടെ സഭാത്മകവും അജപാലനപരവുമായ പ്രയോജനം വൈദികർ ഉൾക്കൊള്ളേണ്ടതുണ്ട്. വി.ഗ്രന്ഥം, സഭാപിതാക്കന്മാർ, ദൈവശാസ്ത്രം, ഔദ്യോഗിക പ്രബോധനം എന്നിവ സ്വായത്തമാക്കി പ്രസംഗംവഴി ദൈവജനത്തിനു നൽകാനുള്ള സവിശേഷമായ അവസരം-സാദ്ധ്യത- യാമപ്രാർത്ഥനവഴി വൈദികർക്ക് ലഭ്യമാകുന്നു.

ദൈവജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും പോഷിപ്പിക്കുന്നതിനും സാദ്ധ്യമായതരത്തിൽ വചനപ്രസംഗം നിറവേററണം. സുവി

www.malankaralibrary.com

ശേഷ പ്രഘോഷണതിന് നിരന്തരമായ പഠനം ആവശ്യമാണ്. സുദൃഢമായ ദൈവശാസ്ത്രപരിചയം വചനപ്രഘോഷണത്തിന് അനിവാര്യമാണ്. ഇതിന് ആദ്ധ്യാത്മികവും ദൈവശാസ്ത്രപരവുമായ പരിശീലനം വൈദികൻ നേടിയിരിക്കണം. ഇക്കാരണത്താൽ 'സുവിശേഷ പ്രസംഗം ശുശ്രൂഷാപട്ടം ഇല്ലാത്തവരെ ഏല്പിക്കാൻ പാടില്ലാത്തതാണ്. അത് നിർവ്വഹിക്കാൻ വേണ്ടത്ര തയ്യാറെടുപ്പില്ലാത്തവരെയും ഏല്പിക്കാൻ പാടില്ലാത്തതാണ്' എന്ന് രേഖ അനുശാസിക്കുന്നുണ്ട്.

സുവിശേഷ പ്രഘോഷണത്തിന്റെ പ്രഥമസ്രോതസ്സായ വി. ഗ്രന്ഥം വൈദികൻ നിരന്തരം പഠനത്തിലൂടെയും ധ്യാനത്തിലൂടെയും സ്വാംശീകരിക്കണം. കാലഘട്ടത്തിനനുസരിച്ച് ആശയവിനിമയത്തിനുള്ള സങ്കേതങ്ങൾ പ്രസംഗത്തിന് ഉപയോഗിക്കപ്പെടണം. സുവിശേഷ പ്രസംഗത്തിന് രൂപപരമായ വശങ്ങൾ വളർത്തിയെടുക്കുക അത്യാവശ്യമാണ്. കേൾക്കുന്നവർക്കെല്ലാം മനസ്സിലാകുന്ന ഭാഷയും പദാവലിയും ഉപയോഗിക്കാൻ വൈദികൻ ശ്രദ്ധിക്കണം. 'സുവിശേഷ പ്രസംഗത്തിന്റെ ഉള്ളടക്കം അതിന്റെ ദൈവശാസ്ത്രപരവും ഭാഷാപരവുമായ മേന്മ, ശൈലി, സുവിശേഷപ്രസംഗത്തിന് എടുക്കുന്ന സമയം (അതെപ്പോഴും യുക്തിപൂർവ്വകമായിരിക്കണം), പ്രസംഗ പീഠത്തിന്റെ ശരിയായ ഉപയോഗം, സ്വരത്തിന്റെ നൈസർഗ്ഗികമായ പരിപോഷണം, പ്രസംഗ സമയത്ത് അതിനുണ്ടായിരിക്കേണ്ട വ്യതിയാനം' ഇവയൊക്കെ സംബന്ധിച്ച് വൈദികരും അജപാലന ശുശ്രൂഷയെ സഹായിക്കുന്ന വിശ്വാസികളും തമ്മിൽ സംവാദം ആവശ്യമാണെന്നും അത് സുവിശേഷ പ്രസംഗത്തെ മെച്ചപ്പെടുത്തുമെന്നും രേഖ പ്രസ്താവിക്കുന്നുണ്ട്.

വൈദിക ശുശ്രൂഷയിലെ രണ്ടാമത്തെ ഘടകമായ കൂദാശകളുടെ അനുഷ്ഠാനം സംബന്ധിച്ചാണ് മൂന്നാം അദ്ധ്യായം പ്രബോധനം നല്കുന്നത്. നവസുവിശേഷവല്ക്കരണത്തിൽ കൂദാശകൾ അത്യധികം പ്രാധാന്യമുള്ള ആരാധനയുടെ നിമിഷങ്ങളാണ്. രക്ഷയുടെ കൂദാശയായ സഭയിൽ വൈദികർ പരികർമ്മം ചെയ്യുന്ന കൂദാശകൾ ദൈവിക ശുശ്രുഷയുടെ കേന്ദ്രമാണ്. ദൈവിക ജീവൻ മനുഷ്യന് പ്രദാനം ചെയ്യുന്ന സവിശേഷാനുകൂല്യത്തിന്റെ അവസരങ്ങളാണ് കൂദാശകൾ. തിരുപ്പട്ട കൂദാശയിലൂടെ ക്രിസ്തുവിനോട് അനുരൂപപ്പെടുന്ന വൈദികൻ ജീവിത വിശുദ്ധിമൂലവും ക്രിസ്തുവിനോട് ഗാഢമായി ഐക്യപ്പെടണം. കൂദാശാനുഷ്ഠാനത്തെ കൂടുതൽ ഹൃദ്യവും ഫലദായകവുമാക്കുന്ന വിശ്വാസ്യമായ ജീവിതശൈലിയുടെ ഉടമയായിരിക്കണം വൈദികൻ.

സഭയുടെ എല്ലാ ശുശ്രൂഷകളും ഇതര കൂദാശകളും പ്രേഷിത പ്രവർത്തനവും വി. കുർബാനയിലാണ് സമാരംഭിക്കുക; അതിനോട് ബന്ധപ്പെട്ടാണ് നില്ക്കുക; അതിനെ ലക്ഷ്യം വയ്ക്കുകയും ചെയ്യുന്നു. കാരണം, സഭയുടെ സമസ്തമായ ആദ്ധ്യാത്മിക നന്മകൾ വി. കുർബാനയിൽ ഉൾക്കൊണ്ടിരിക്കുന്നു. കൂടെക്കൂടെ വി. കുർബാനയിൽ പങ്കെടു

www.malankaralibrary.com

ക്കുന്നതിനും സ്വീകരിക്കുന്നതിനും ഇക്കാരണത്താൽ വൈദികൻ ദൈവജനത്തെ പരിശീലിപ്പിക്കണം. ജനത്തെ അതിന് പ്രേരിപ്പിക്കുന്ന തരത്തിൽ വി. കുർബാന ആഘോഷിക്കുകയും വേണം. ഏററവും പ്രധാനമായ വിശ്വാസപ്രബോധനമാണ് വി. കുർബാനയിൽ നടക്കുന്നത്. വി. കുർബാനയോടുള്ള ഭക്തിയിൽ വളരത്തക്കവിധം ദേവാലയത്തെ പ്രാർത്ഥനാഭവനമാക്കാനും വൈദികർ ശ്രമിക്കണം.

വൈദിക ശുശ്രൂഷയിലെ സവിശേഷമായ ഒരു അനുഷ്ഠാനമാണ് വി. കുമ്പസാര കൂദാശ. ദൈവവുമായുള്ള അനുരഞ്ജനത്തിൻെറ ഈ അവസരത്തിന് വൈദികൻ ജനത്തിന് സമയവും ഉത്തമമായ സൗകര്യങ്ങളും ലഭ്യമാക്കിക്കൊടുക്കണം. ദൈവത്തിൻെറ കാരുണ്യം അനുഭവിക്കാനുള്ള ശ്രേഷ്ഠമായ അവസരമായി വി. കുമ്പസാരത്തെ ജനത്തിനു നല്കണം. കൂദാശയെക്കുറിച്ചുള്ള അറിവിനോടും അത് നിറവേററുന്നതിന് ഒരുക്കുന്ന സാഹചര്യത്തോടും ഒപ്പം വ്യക്തിപരമായി കുമ്പസാരകൂദാശ നടത്തുന്നതിൽ വൈദികൻ ശ്രദ്ധാലുവായിരിക്കണമെന്നും ഈ രേഖ ഉപദേശിക്കുന്നുണ്ട്.

വിശ്വാസികളെ നയിക്കുന്ന വൈദിക ശുശ്രൂഷയുടെ മൂന്നാമത്തെ ഘടകത്തെപ്പററിയാണ് പ്രമാണരേഖ നാലാം അദ്ധ്യായത്തിൽ ചർച്ചചെയ്യുന്നത്. ദൈവത്തിൻെറ കാരുണ്യവും സ്നേഹവും അനുഭവവേദ്യമാക്കുക വൈദിക ശുശ്രൂഷയുടെ പ്രധാനധർമ്മമാണ്. പുരോഹിതനും ബലിവസ്തുവുമായിത്തീർന്ന ക്രിസ്തുവിൻെറ മാതൃകയിൽ ശ്രേഷ്ഠമായ സമർപ്പണത്തിന് വൈദികർ പ്രാപ്തരാകണം. ഈ സമർപ്പണത്തിന് വൈദികനെ പ്രാപ്തനാക്കുന്നതത്രേ വൈദിക ബ്രഹ്മചര്യം. 'വൈദികബ്രഹ്മചര്യം എന്നത് ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടിയും അവിടുത്തെ സഭയ്ക്കു നല്കുന്ന ആത്മദാനമാണ്. അതു കർത്താവിലും കർത്താവിനോടു കൂടിയും വൈദികൻ ചെയ്യുന്ന സേവനത്തെ വ്യക്തമാക്കുന്നു' എന്ന് രേഖ പഠിപ്പിക്കുന്നുണ്ട്.

ക്രിസ്തുവിൻെറ മാതൃകയിൽ അധികാരനിർവ്വഹണത്തിൽ വൈദികർ അജപാലനസ്നേഹം പ്രകടമാക്കണം. സഭയെ പടുത്തുയർത്തുന്നതിനുള്ള അധികാരമാണ് വൈദികരിൽ നിക്ഷിപ്തമായിരിക്കുന്നത്. മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിനോ അധികാരപ്രമത്തതയോടെ ജനത്തോട് ഇടപെടുന്നതിനോ വൈദികൻ ശ്രമിക്കരുത്. അധികാര വിനിയോഗത്തിൽ അമിതാധികാരവാദവും ജനാധിപത്യപരമായ ഭരണരൂപങ്ങളും ഒഴിവാക്കണം എന്ന് രേഖ അനുശാസിക്കുന്നു. അധികാര വിനിയോഗം സേവനം ലക്ഷ്യമാക്കിയുള്ളതാവണം. കാര്യങ്ങൾ വ്യക്തമായി അറിയിക്കുകയും അടിസ്ഥാനകാര്യങ്ങൾ സംശയലേശമെന്യേ അവതരിപ്പിക്കുകയും ചെയ്യേണ്ട അവസരങ്ങളിൽ 'അടിച്ചേൽപ്പിക്കാൻ ഇഷ്ടമല്ല' എന്നൊക്കെപ്പറഞ്ഞ് പിന്മാറുന്ന മനോഭാവം ശരിയല്ല. അത് അജപാലന ശുശ്രൂഷയുടെ സത്ത സംബന്ധിച്ച ദൈവശാസ്ത്ര പരിജ്ഞാനത്തിൻെറ അഭാവ

www.malankaralibrary.com

മാവാം സൂചിപ്പിക്കുക.

വൈദികവേഷത്തിന് അജപാലനപരമായ ധർമ്മവും പ്രാധാന്യവും ഉണ്ടെന്ന് രേഖ പഠിപ്പിക്കുന്നു. സേവനത്തിൻെറയും സ്നേഹത്തിൻെറയും പ്രഘോഷണമാണ് വൈദികവേഷം. വിനയത്തോടെ സമീപിക്കേണ്ട ഈ ശുശ്രൂഷയിൽ ഒഴിവാക്കേണ്ട ചില രീതികൾ രേഖ സൂചിപ്പിക്കുന്നുണ്ട്: 'കാരണമുണ്ടെന്ന് തോന്നിപ്പിക്കുന്ന എതിർപ്പ്, മെത്രാന്മാർ ആഗ്രഹിക്കുന്ന അജപാലന പരിവർത്തനത്തിനു മുമ്പിൽ പ്രദർശിപ്പിക്കുന്ന മർക്കടമുഷ്ടി, വിലക്ഷണമായ സുവിശേഷ പ്രസംഗവും ലിററർജിയുടെ ആഘോഷവും, വൈദികവസ്ത്രം അണിയാതിരിക്കൽ, വ്യക്തിപരമായ സൗകര്യത്തിനു വേണ്ടി സഭാപരമായ വസ്ത്രത്തിനു വരുത്തുന്ന മാററം എന്നിവ അഹങ്കാരത്തിൻെറയോ ശ്രദ്ധപിടിച്ചു പററാനുള്ള ആഗ്രഹത്തിൻെറയോ മൂടുപടങ്ങളായിരിക്കും'.

പുതിയ സുവിശേഷവല്ക്കരണം സാധിക്കുന്നതിന് അജപാലന ശുശ്രൂഷയുടെ സമർപ്പണത്തിൽ നവീകരണം ആവശ്യമാണ്. ഈ നവീകരണത്തിൽ സാർവ്വത്രിക സഭയുടെ മൊത്തമായ അജപാലന സാഹചര്യത്തോട് പരിചയമുള്ളവരായി വൈദികർ തങ്ങളുടെ മനോഭാവങ്ങൾ രൂപീകരിക്കണം. 'വ്യക്തി സഭയെപ്പററിയുള്ള ധാരണ, പ്രത്യേകിച്ച് (വൈദികർക്കായുള്ള) സ്ഥിരപരിശീലനത്തിൽ, സാർവ്വത്രിക സഭയെപ്പററിയുള്ള ധാരണയെ ഒരിക്കലും മറച്ചുകളയാത്തതും അതിനോടു പൊരുത്തപ്പെട്ടിരിക്കുന്നതും ആയിരിക്കണം' എന്ന പ്രസ്താവം ശ്രദ്ധേയമാണ്. ഏതു രീതിയിലും രൂപതയിലും രാജ്യത്തും പ്രവർത്തിക്കാനുള്ള സന്നദ്ധത വൈദികരിൽ രൂഢമൂലമാകണമെന്ന് രേഖ വ്യക്തമാക്കുന്നുണ്ട്.

'ജീവിതത്തിൻെറ സകല സാഹചര്യങ്ങളിലും' മറെറാരു 'ക്രിസ്തുവായിരിക്കാ' നും 'മറെറാരു ക്രിസ്തുവിനെപ്പോലെ ജീവിക്കാനും' വൈദികരെ ആഹ്വാനം ചെയ്തുകൊണ്ടാണ് 'വൈദികനും മൂന്നാം ക്രൈസ്തവ സഹസ്രാബ്ദവും' സമാപിക്കുന്നത്.

സഭയുടെ ജീവിതത്തിൽ വൈദിക ശുശ്രൂഷ അനിവാര്യവും കൂടുതൽ പ്രസക്തവും ആയിത്തീരുന്നതായി പ്രബോധനരേഖയിൽ നിന്നു വ്യക്തമാകുന്നു. പ്രത്യേകിച്ച്, നവസുവിശേഷവല്ക്കരണത്തിൻെറ കാലഘട്ടത്തിൽ വൈദികശുശ്രൂഷ പരമപ്രാധാന്യം അർഹിക്കുന്നു. മൂന്നാം സഹസ്രാബ്ദത്തിൽ പിതാവിൻെറ രക്ഷയിലേക്കുള്ള ക്ഷണത്തിന് പ്രത്യുത്തരം നൽകുന്നതിന്, പുത്രനിലൂടെ വ്യക്തമായ ജീവൻെറ ഓഹരിക്കാരാകുന്നതിന്, പരിശുദ്ധാത്മാവിലൂടെ ചൊരിയപ്പെട്ട ദാനങ്ങളിൽ പങ്കുചേരുന്നതിന് ജനത്തെ ഒരുക്കുക വൈദിക ധർമ്മമാണ്. നവസുവിശേഷവല്ക്കരണത്തിൻെറ കാര്യക്ഷമതയും ഫലപ്രാപ്തിയും ഉത്തമമായ വൈദികശുശ്രൂഷയോട് അവിഭാജ്യമായി ബന്ധപ്പെട്ടി രിക്കുന്നു. കാലഘട്ടത്തിന് ചേർന്ന ശുശ്രൂഷ നിറവേററുന്നതിനും ജീവിതം നവീകരിക്കുന്നതിനും ശുശ്രൂഷയോടുള്ള സമർപ്പണ മനോഭാവം ഉത്തേജിപ്പിക്കുന്നതിനും

www.malankaralibrary.com

'വൈദികനും മൂന്നാം ക്രൈസ്തവ സഹസ്രാബ്ദവും' സഹായകമാവു മെന്ന് പ്രത്യാശിക്കാം.

---

ക്രിസ്തുവിലും പരിശുദ്ധാത്മാവിലും, സഭ ഏൽപ്പിച്ച ദാനങ്ങളുടെ ഒരു കാര്യസ്ഥൻ മാത്രമാണ് വൈദികൻ. തന്നിഷ്ടംപോലെ അവയെ ഉപേക്ഷിക്കാനോ അവയെ വഴിമാററാനോ പരിഷ്കരിക്കാനോ വൈദികന് അവകാശമില്ല. ഉദാഹരണമായി, അംഗീകരിക്കാൻ പ്രയാസമുള്ളതെന്നോ, 'പ്രസക്തി കുറഞ്ഞതെന്നോ' വ്യക്തിപരമായി പരിഗണിക്കുന്ന ചില ക്രൈസ്തവ വിശ്വാസസത്യങ്ങളെ മറച്ചുവയ്ക്കുകയോ അവഗണിക്കുകയോ ചെയ്യത്തക്കവിധം ചില ക്രൈസ്തവ വിശ്വാസസത്യങ്ങൾ മാത്രം വിശ്വാസികളെ പഠിപ്പിക്കാനുള്ള അധികാരം വൈദികൻ സ്വീകരിച്ചിട്ടില്ല.

www.malankaralibrary.com

# 17

# സംസ്കാരവും അജപാലനസമീപനവും

സംസ്കാരം വ്യക്തിയുടെയും സമൂഹത്തിൻെറയും ജീവിതത്തിൽ അത്യധികം പ്രാധാന്യം അർഹിക്കുന്ന യാഥാർത്ഥ്യമാണ്. സംസ്കാരങ്ങളുമായുള്ള സഭയുടെ കണ്ടുമുട്ടലിന് സഭയോളം പഴക്കമുണ്ട്. വിവിധ സംസ്കാരങ്ങളിലേക്ക് കടന്നു ചെല്ലുകയും അവയെ സ്വന്തമാക്കുകയും സമ്പന്നമാക്കുകയും ചെയ്ത ചരിത്രമാണ് സഭയ്ക്കുള്ളത്. സുവിശേഷവത്ക്കരണദൗത്യത്തിൻെറ നിർവ്വഹണമാണ് സംസ്കാരങ്ങളെ കണ്ടുമുട്ടാനും അവയെ ഗൗരവമായി പരിഗണിക്കാനും സഭയെ നിർബന്ധിതയാക്കിയത്. എന്നിരിക്കിലും ചില കാലഘട്ടങ്ങളിൽ സംസ്കാരങ്ങളോടുള്ള തുറവിയില്ലായ്മയും അസഹിഷ്ണുതയും സഭയിൽ പ്രകടമായിട്ടുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് സംസ്കാരങ്ങളോടുള്ള സമീപനത്തിൽ പുതിയ ഒരദ്ധ്യായം തുറന്നു. സൂനഹദോസിൻെറ 'ആധുനികലോകത്തിൽ', 'പ്രേഷിതപ്രവർത്തനം' എന്നീ പ്രമാണരേഖകൾ അതിനു മതിയായ തെളിവുകളാണ്. പോൾ ആറാമൻ മാർപ്പാപ്പായുടെയും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെയും വിവിധ ചാക്രികലേഖനങ്ങളും വത്തിക്കാൻ കാര്യാലയങ്ങളുടെ രേഖകളും സംസ്കാരത്തിന് മനുഷ്യജീവിതം ക്രിയാത്മകമായി കെട്ടിപ്പടുക്കുവാനുള്ള കഴിവിനെ ഉയർത്തിക്കാട്ടുന്നു. സാംസ്കാരിക കാര്യങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിൻെറ (Pontifical Council for Culture) സ്ഥാപനം സംസ്കാരത്തോടുള്ള സഭയുടെ താല്പര്യത്തിൻെറ മികച്ച ഉദാഹരണമാണ്. ഈ പശ്ചാത്തലത്തിലാണ് പൊന്തിഫിക്കൽ കൗൺസിലിൻെറ 'സംസ്കാരവും അജപാലന സമീപനവും' (Towards a Pastoral Approach to Culture = PAC) എന്ന ഔദ്യോഗികരേഖ പ്രാധാന്യം അർഹിക്കുക.

സുവിശേഷവത്കരണവും സാംസ്കാരികാനുരൂപണവും ആണ് പൊന്തിഫിക്കൽ കൗൺസിലിൻെറ രേഖയിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ. പരമ്പരാഗതമായ സംസ്കാരങ്ങളോടൊപ്പം അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാംസ്കാരിക സാഹചര്യങ്ങളിലേക്കും രേഖ നമ്മുടെ ശ്രദ്ധ

www.malankaralibrary.com

ക്ഷണിക്കുന്നു. ഈ സാഹചര്യങ്ങളിലും തുടരേണ്ടതാണ് സുവിശേഷവത്കരണം. അനേകം നൂററാണ്ടുകളുടെ പാരമ്പര്യമുള്ള ക്രൈസ്തവ സമൂഹങ്ങൾ ക്രൈസ്തവോചിതമല്ലാതായിത്തീർന്നിരിക്കുന്നു. പുനർസുവിശേഷവത്കരണത്തിൻെറ ആവശ്യകതയെപ്പററി ചിന്തിക്കുവാൻ സഭയെ നിർബന്ധിക്കുന്നതാണ് ഈ സാഹചര്യം. 1999 മെയ് 23 പെന്തിക്കൊസ്തി തിരുനാളിലാണ് സംസ്കാരവും അജപാലന സമീപനവും എന്ന രേഖ പൊന്തിഫിക്കൽ കൗൺസിൽ പ്രസാധനം ചെയ്തത്. ഹ്രസ്വമായ ആമുഖവും ഉപസംഹാരവും മൂന്ന് അദ്ധ്യായങ്ങളുമാണ് രേഖയുടെ ഉള്ളടക്കം. ഖണ്ഡികകളും ഉപഖണ്ഡികകളുമായി 39 നമ്പറുകളിലായി രേഖ നമ്മുടെ കാലഘട്ടത്തിലെ സാംസ്കാരിക സാഹചര്യത്തിൻെറ വിശകലനം നിർവ്വഹിക്കുന്നു.

വിശ്വാസവും സംസ്കാരവും തമ്മിൽ നടന്ന കണ്ടുമുട്ടൽ ഭാവാത്മകമായി വിലയിരുത്തിക്കൊണ്ടാണ് ആമുഖം വിഷയാവതരണം നടത്തുക. സംസ്കാരമാണ് പൂർണ്ണമായ മാനുഷികതയുടെ മാർഗ്ഗം. ഇക്കാരണത്താൽ മനുഷ്യൻെറ സംസ്കാരത്തിലൂടെ സുവിശേഷം മനുഷ്യന് ലഭ്യമാക്കുകയാണ് സഭയുടെ ലക്ഷ്യം. സുവിശേഷാനുസൃതമായ വിശ്വാസ ജീവിതത്തെ സംസ്കാരം ആഗിരണം ചെയ്യുന്നതായും നാം കാണുന്നുണ്ട്. ഒരു കാലത്ത് അപ്രാപ്യമെന്നു കരുതിയിരുന്ന സാംസ്കാരിക ലോകങ്ങളുമായും ഇന്ന് സുവിശേഷം സംവദിക്കുന്നുണ്ട്. ഇത് സാംസ്കാരികാനുരൂപണത്തിന് പുതിയ ദൗത്യങ്ങൾ ആവശ്യപ്പെടുകയാണ്. ഇതുപോലെ സത്വരമായ ശ്രദ്ധഅർഹിക്കുന്ന കാര്യമാണ് ക്രിസ്തീയത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗത സംസ്കാരങ്ങളുടെ വീണ്ടെടുക്കൽ. വെല്ലുവിളികൾ നിറഞ്ഞ ഇന്നത്തെ സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട അജപാലന സമീപനം പ്രാധാന്യമർഹിക്കുന്നു.

ലോകം, മനുഷ്യൻ, ദൈവം എന്നിവയാണ് സംസ്കാരങ്ങളുടെ കാതൽ. വിശ്വാസം സംസ്കാരത്തിൻെറ ഘടനകളിലൂടെ നൽകപ്പെടണം. സംസ്കാരമായിത്തീരാത്ത വിശ്വാസം പൂർണ്ണമായി സ്വീകരിക്കപ്പെടാത്ത വിശ്വാസമാണ്; അത് പൂർണ്ണമായി ചിന്തിക്കപ്പെടാത്തതാണ്, വിശ്വസ്തതയോടെ ജീവിക്കപ്പെടാത്തതുമാണ് എന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ പ്രസ്താവം ശ്രദ്ധേയമാണ്. സമകാലീന സാംസ്കാരിക സാഹചര്യങ്ങൾക്കും ചോദ്യങ്ങൾക്കും മുമ്പിൽ സഭയുടെ സന്ദേശം എപ്രകാരം നൽകാം എന്നതാണ് അജപാലന ദൗത്യത്തിലെ പ്രധാനമായ കാര്യം.

വിശ്വാസവും സംസ്കാരവും തമ്മിലുള്ള കണ്ടുമുട്ടലിൽ അടിസ്ഥാനപരമായി കരുതേണ്ട ഏതാനും വസ്തുതകളാണ് ഒന്നാം അദ്ധ്യായം - വിശ്വാസവും സംസ്കാരവും: ചില മാർഗ്ഗനിർദ്ദേശങ്ങൾ - പരിചിന്തനത്തിനു വിഷയമാക്കുക. സമീപകാലസഭാപ്രബോധനങ്ങളിൽ വ്യക്തികളുടെയും സമൂഹങ്ങളുടെയും സാംസ്കാരികമാനവും തനിമയും

www.malankaralibrary.com

സംബന്ധിച്ച അവബോധം നിറഞ്ഞു നില്ക്കുന്നുണ്ട്. സുവിശേഷ പ്രഘോഷണത്തിലും അജപാലനത്തിലും ദത്തശ്രദ്ധയായ സഭ എത്തിച്ചേരുക മനുഷ്യരുടെ സംസ്കാരത്തിൽ തന്നെയാണ്. പ്രകൃതിയോടും ഇതര മനുഷ്യരോടും ദൈവത്തോടുമുള്ള മനുഷ്യന്റെ എല്ലാവിധ ബന്ധങ്ങളുടെയും അടിത്തറയാണ് സംസ്കാരം. ബുദ്ധിയും വികാരവും ഉൾച്ചേർത്ത് മനുഷ്യൻ നടത്തുന്ന എല്ലാ അന്വേഷണങ്ങളുടെയും അവന്റെ ആചാരങ്ങളുടെയും ധാർമ്മികതയുടെയും ആകെത്തുകയാണ് സംസ്കാരം. എങ്കിലും സംസ്കാരത്താൽ നിർവ്വചിക്കപ്പെടുന്ന മനുഷ്യന് അതിന് അതീതമായി പോകുന്ന എന്തോ ഒന്ന് തന്നിലുണ്ടെന്ന് അനുഭവപ്പെടുന്നുണ്ട്. ഇത് മനുഷ്യപ്രകൃതിയാണ്. അതുപോലെ, സംസ്കാരത്തിന് സത്യവും നന്മയുമായുള്ള സത്താപരമായ ബന്ധത്തിൽ നിന്ന് ധാർമ്മികമാനം പ്രഥമവും മൗലികവുമായിത്തീരുന്നു. എന്നാൽ മാനുഷികമായ പ്രവർത്തനങ്ങളിൽ വന്നുഭവിക്കുന്ന പാപത്തിന്റെ സ്വാധീനവും സംസ്കാരത്തിൽ ദൃശ്യമാണ്.

വ്യത്യസ്ത ജനപദങ്ങളിലേക്ക് സുവിശേഷമെത്തിക്കാൻ ശ്രമിക്കുമ്പോൾ അനുസ്മരിക്കേണ്ട വസ്തുതകളുണ്ട്. വെളിപാട് നൽകപ്പെട്ടത് ഒരു സാംസ്കാരിക ആവരണത്തിന്റെ രൂപത്തിലാണ്. ദൈവം മനുഷ്യന്റെ ഭാഷയും സംസ്കാരവും സ്വീകരിച്ച് അതിലൂടെ തന്റെ വചനം നൽകുന്നു. ദൈവം മനുഷ്യനായി തീർന്നതും വെളിപാടിന്റെ പൂർത്തീകരണം നൽകപ്പെട്ടതും ഇതേ സംസ്കാരത്തിലൂടെയാണ്. ക്രിസ്തുസന്ദേശം ഇന്ന് പ്രഘോഷിക്കപ്പെടുമ്പോൾ അത് സംസ്കാരങ്ങളിലേക്ക് പ്രവേശിക്കും. അതുപോലെ സുവിശേഷ സ്വീകരണത്തിലൂടെ പുതിയ സംസ്കാരങ്ങൾ ഉടലെടുക്കുകയും ചെയ്യാം. മനുഷ്യവ്യക്തിക്ക് അസാധാരണമായ മൂല്യം നൽകുന്ന ക്രിസ്തുവിന്റെ രക്ഷാകരസ്നേഹമാണ് ഇതിന് അടിസ്ഥാനമാകുന്നത്. യഥാർത്ഥമായ ക്രിസ്തീയ വിശ്വാസം മനുഷ്യവ്യക്തിയുടെ മഹത്വവും മനുഷ്യന് ലഭിച്ച ദൈവവിളിയുടെ ശ്രേഷ്ഠതയും വ്യക്തമാക്കുന്നതാണ്. കഴിഞ്ഞ നൂററാണ്ടുകളിൽ വിവിധ സംസ്കാരങ്ങളുമായി സുവിശേഷം കണ്ടുമുട്ടിയിട്ടുണ്ട്. അതിലൂടെ പുതിയ സംസ്കാരങ്ങൾ ഉടലെടുത്തുവെന്നതിന് ചരിത്രം സാക്ഷ്യം നൽകുന്നു.

സുവിശേഷവത്ക്കരണത്തിന്റെ അനിവാര്യമായ ഭാഗമാണ് സാംസ്കാരികാനുരൂപണം. സുവിശേഷം അറിയിക്കുന്ന സഭ സംസ്കാരങ്ങളിൽ നിർലീനമായിരിക്കുന്ന 'വചനത്തിന്റെ വിത്തുകളെ' ഉണർത്തുകയും അവയെ പൂർണ്ണതയിലേക്കു നയിക്കുകയും ചെയ്യും. സുവിശേഷംകൊണ്ട് അവയെ നിറയ്ക്കുകയാണ് സഭ ചെയ്യുക. അതേസമയം സുവിശേഷ പ്രഘോഷണത്തിലൂടെ 'ദൈവവചനത്തിനും രക്ഷാപദ്ധതിക്കും എതിരായിട്ടുള്ള വിധി നിർണ്ണയ മാനദണ്ഡങ്ങളെയും താല്പര്യങ്ങളെയും ചിന്താഗതികളെയും പ്രചോദനകേന്ദ്രങ്ങളെയും ജീവിതരീതികളെയും സ്വാധീനിക്കുകയും വ്യത്യാസപ്പെടുത്തുകയും ചെയ്യണം' (PAC 4.2).

www.malankaralibrary.com

സംസ്കാരങ്ങളിൽ ദൃശ്യമാകാവുന്ന പാപത്തിന്റെ സ്വാധീനത്തിൽനിന്നും പാപത്തിന്റെ ഫലങ്ങളിൽനിന്നും അവ ശുദ്ധീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതു വഴിയായി സംസ്കാരങ്ങളെ പൂർണ്ണമായി സുവിശേഷവത്കരിക്കുകയാണ് സഭയുടെ ലക്ഷ്യം.

സുവിശേഷത്തെയും സംസ്കാരത്തെയും താദാത്മ്യപ്പെടുത്തുന്നത് കരണീയമല്ല; അതുപോലെ, സംസ്കാരവും സുവിശേഷവത്കരണവും ഒന്നല്ല. സംസ്കാരങ്ങൾക്കു കീഴടങ്ങാതെ അർത്ഥവത്തായ സുവിശേഷവത്കരണം നടക്കണം. സംസ്കാരങ്ങളിൽനിന്നും സ്വീകരിക്കാനും എന്നാൽ സംസ്കാരങ്ങളിൽ നിറയാനും സുവിശേഷവും സുവിശേഷവത്കരണവും പ്രാപ്തമാണ്. സുവിശേഷവും സംസ്കാരവും തമ്മിൽ അർത്ഥപൂർണ്ണമായ ഒരു കണ്ടുമുട്ടൽ നടക്കുമ്പോൾ മനുഷ്യനും അവന്റെ ജീവിതഘടകങ്ങൾക്ക് ആകമാനവും ഭാവാത്കമായ രൂപാന്തരം സംഭവിക്കും.

സാംസ്കാരികാനുരൂപണംവഴി സഭ ചെയ്യുക സുവിശേഷം, വിശ്വാസ സന്ദേശം അതാതു സംസ്കാരങ്ങളിലെത്തിക്കുകയാണ്; അതുപോലെ, വിവിധ ജനതകളെ സഭാസമൂഹത്തിലേക്ക് പ്രവേശിപ്പിക്കുകയുമാണ്. സംസ്കാരങ്ങൾക്ക് ആവശ്യമായ മൂല്യങ്ങൾ നൽകിയും അവയിൽ നിന്നു സ്വീകരിച്ചും സഭ രക്ഷയുടെ യഥാർത്ഥ അടയാളമായിത്തീരുകയാണ്. ഈ പ്രക്രിയയിൽ സംസ്കാരങ്ങൾക്ക് യാതൊന്നും നഷ്ടപ്പെടുന്നില്ല; അതേസമയം അവ സുവിശേഷത്താൽ നവീകരിക്കപ്പെടുകയും ചെയ്യും.

സുവിശേഷത്തിന്റെ ശ്രേഷ്ഠതയെ നഷ്ടമാക്കുന്ന സിൻക്രറ്റിസവും (Syncretism) ഉപരിപ്ലവമായ അനുരൂപണങ്ങളുമല്ല സാംസ്കാരികാനുരൂപണംകൊണ്ടു ലക്ഷ്യമാക്കുക. പ്രത്യുത, 'സംസ്കാരങ്ങളുടെ ജീവനിൽ തന്നെ സുവിശേഷം പ്രവേശിക്കണമെന്നാണ്, സുവിശേഷം അവയിൽ അവതരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്' (PAC 5.2). സാംസ്കാരികാനുരൂപണം, ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ തുടങ്ങുന്ന മഹത്തായ രക്ഷാരഹസ്യങ്ങളുടെ വെളിച്ചത്തിലാണ് മനസ്സിലാക്കേണ്ടത്. ക്രിസ്തു തന്നിലൂടെ നിറവേറ്റിയ സ്വയം ശൂന്യവത്കരണത്തിന്റെ (Kenosis) മാതൃക ഇവിടെ പ്രസക്തമാണ്. തന്റെ മഹത്വീകരണത്തിന് യേശുവിന് ഈ ശൂന്യവത്കരണം ആവശ്യമായിരുന്നു. സുവിശേഷ സന്ദേശത്തിന്റെയും സുവിശേഷ പ്രഘോഷണത്തിന്റെയും അടിസ്ഥാനങ്ങളിൽനിന്നു വേണം സാംസ്കാരികാനുരൂപണത്തോടുള്ള അജപാലന സമീപനത്തിന് രൂപം കൊടുക്കേണ്ടത്.

'വെല്ലുവിളികളും അവസരങ്ങളും' എന്ന രണ്ടാം അദ്ധ്യായം ഈ കാലഘട്ടത്തിന്റെ സവിശേഷതകളും സുവിശേഷവത്കരണരംഗത്ത് സഭ കണ്ടെത്തുന്ന സാഹചര്യങ്ങളുമാണ് ചർച്ച ചെയ്യുക. സത്യത്തിന്റെ വിലയിരുത്തലിൽ ഇന്നു പ്രകടമാകുക വ്യക്തിനിഷ്ഠമായ മാനദണ്ഡങ്ങൾക്കും അളവുകൾക്കുമുള്ള പ്രാധാന്യമാണ്. പോസിററിവിസത്തിന്റെയും

www.malankaralibrary.com

മാർക്സിസ്റ്റ്-ലെനിനിസത്തിൻെറയും കാലത്തിൽനിന്ന് സ്വത ന്ത്രതാവാദത്തിലേക്ക് മനുഷ്യൻ ചെന്നെത്തിയിരിക്കുന്നു. പ്രഥമദൃഷ്ട്യാ നന്നെന്നു തോന്നാമെങ്കിലും നിരീശ്വരവാദം, മതനിഷേധം, ഭൗതികതാ വാദം എന്നിവയൊക്കെ ഉൾക്കൊണ്ട് ഈ പ്രത്യയശാസ്ത്രം വിശ്വാസ നിരസനത്തിൽ കലാശിക്കുന്നു. അന്തിമ വിശകലനത്തിൽ ഇത് സംസ്കാ രത്തിൻെറ നിഷേധത്തിൽ പരിണമിക്കും. ഈ സാഹചര്യം നേരിടുവാൻ സംസ്കാരത്തെക്കുറിച്ചുള്ള മനസ്സിലാക്കൽ, ശരിയായ സാംസ്കാരി കാനുരൂപണം, സാംസ്കാരിക പരിവർത്തനം എന്നിവ ആവശ്യമാണെന്ന് രേഖ നിർദ്ദേശിക്കുന്നു.

താഴെപ്പറയുന്ന മേഖലകൾ സവിശേഷമായ ശ്രദ്ധ അർഹിക്കുന്ന വയാണ്:

നഗരവത്കരണവും സാംസ്കാരിക വേരുകളില്ലായ്മയും: ആധുനിക കാലഘട്ടത്തിലെ ശ്രദ്ധേയമായ വസ്തുതകളിലൊന്നാണ് ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേററം. നഗരങ്ങളുടെ വളർച്ചയോടൊപ്പം അവയോടു ചേർന്നു ചേരികൾ (Slums) പോലെയുള്ള ജീവിതസാഹ ചര്യങ്ങളുണ്ടായി. സാമ്പത്തികമായും സാംസ്കാരികമായും ജനസമൂഹങ്ങ ൾക്ക് വേരുകൾ നഷ്ടപ്പെട്ടു. മനുഷ്യമഹത്വം നിസ്സാരമാക്കുന്നതും ആദ്ധ്യാത്മികവും ധാർമ്മികവുമായ തകർച്ച ദൃശ്യമാക്കുന്നതുമായ മരണസംസ്കാരത്തിൻെറ നിഴലിലാണ് പല ജനസമൂഹങ്ങളും. നഗരസംസ്കാരത്തിന്റെ സുവിശേഷവത്കരണത്തിൽ സത്വരമായ ശ്രദ്ധ നല്കേണ്ടിയിരിക്കുന്നു.

സമ്പർക്കമാദ്ധ്യമങ്ങളും വാർത്താവിതരണ സാങ്കേതികവിദ്യയും: ആധുനിക സംസ്കാരത്തിൻെറമേൽ സമ്പർക്കമാദ്ധ്യമങ്ങൾക്കുള്ള സ്വാധീനം നിർണ്ണായകമാണ്. മനുഷ്യരെ പരസ്പരം അടുപ്പിക്കാൻ കഴിയു മെന്നതുപോലെതന്നെ മനുഷ്യനെ മുൻവിധികൾക്ക് അടിമയാക്കാനും അവയ്ക്കു കഴിയും. മാധ്യമങ്ങളോടു ചേർന്ന് പരസ്യങ്ങളുടെ ലോകവും ശ്രദ്ധേയമാണ്. ഇൻറർനെററിൻെറ സാധ്യതകളും അപാരമാണ്. ഈ സാഹചര്യത്തിൽ ടെലിവിഷൻ, റേഡിയോ, ഇൻറർനെററ് എന്നിവയെല്ലാം സാംസ്കാരിക രൂപവത്കരണത്തിൻെറയും വികസനത്തിൻെറയും ഉപാധികളാക്കാൻ സഭ യത്നിക്കണം. സുവിശേഷ സന്ദേശം മാധ്യമങ്ങളി ലൂടെ ജനങ്ങളിലെത്തിക്കുക അജപാലനസമീപനത്തിൻെറ ലക്ഷ്യ ങ്ങളിലൊന്നാകണം.

ദേശീയതയും ന്യൂനപക്ഷങ്ങളും: ദേശീയതയ്ക്കും (Nationalism) സാംസ്കാരിക തനിമയ്ക്കും വേണ്ടിയുള്ള ന്യൂനപക്ഷങ്ങളുടെയും സമൂഹങ്ങളുടെയും താല്പര്യം ന്യായമാണ്. അതേസമയം സാർവ്വത്രികത യിലേക്കും, മനുഷ്യ സമൂഹത്തിന് നൽകാവുന്ന സംഭാവനകളിലേക്കും ഇവർ ശ്രദ്ധ വയ്ക്കണം. മററ് സംസ്കാരങ്ങളെ തള്ളിക്കളയുന്നതിലല്ല നന്മ അടങ്ങിയിരിക്കുന്നത്. സഭയാകട്ടെ, ഈ വസ്തുത മനസ്സിലാക്കി,

www.malankaralibrary.com

തന്റെ അജപാലന സമീപനത്തിൽ വിവിധ സംസ്കാരങ്ങളുടെ ഐക്യത്തിനുവേണ്ടി പരിശ്രമിക്കുവാൻ ശ്രദ്ധ ചെലുത്തണം.

പരിസ്ഥിതിയും ജീവനെ സംബന്ധിച്ച ധർമ്മശാസ്ത്രവും: പരിസ്ഥിതി വിജ്ഞാനീയത്തിന്റെ (Ecology) വികാസം സഭയുടെ വിശ്വാസത്തിനു ചേർന്നതു തന്നെ. ഇതോടു ചേർത്തു കാണേണ്ടതാണ് ആധുനിക ശാസ്ത്രം മനുഷ്യനു നൽകിയിരിക്കുന്ന അറിവിന്റെ മേഖല. ശാസ്ത്രത്തിന്റെ നേട്ടങ്ങളെ ശരിയായ വിധം ഉപയോഗിക്കുന്നതിനും ഭൗതികതയുടെ അർത്ഥം ഗ്രഹിക്കുന്നതിനും സമഗ്രമായ സമീപനം രൂപീകരിക്കുന്നതിനും ചിന്തയിൽ അധിഷ്ഠിതമായ ഒരു സംസ്കാരം ആവശ്യമാണ്. "വൈവിധ്യമാർന്ന നമ്മുടെ സംസ്കാരത്തിൽ മാനുഷികജ്ഞാനത്തിന്റെ സമ്പന്നതയെയും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ വിസ്മയങ്ങളെയും ആധുനിക സാങ്കേതികവിദ്യയുടെ ശ്രദ്ധേയമായ സംഭാവനകളെയും ഒന്നിപ്പിക്കാൻ അജപാലനസമീപനം പരിശ്രമിക്കണം. അതിന് ഒരു മുൻവ്യവസ്ഥയെന്ന നിലയിൽ തത്വചിന്ത ആവശ്യമാണ്. അറിവിന്റെ സംഘാതത്തിനു ക്രമവും ഘടനയും നല്കാനാണിത്. അങ്ങനെ ചെയ്തുകൊണ്ട് സത്യമറിയാനുള്ള ബുദ്ധിയുടെ കഴിവിനെയും സംസ്കാരത്തിൽ അതിനുള്ള നിയന്ത്രണപരമായ ധർമ്മത്തെയും ഉറപ്പിച്ചു പറയാനും വേണ്ടിയാണത്" (PAC 11.2).

സമകാലീന സംസ്കാരം സമഗ്രമായ വിലയിരുത്തലിന് വിധേയമാക്കുക തത്വചിന്തകരുടേയും ദൈവശാസ്ത്രജ്ഞന്മാരുടേയും കർത്തവ്യമാണ്. ശാസ്ത്രവും വിശ്വാസവും തമ്മിൽ വേണ്ടവിധത്തിലുള്ള സംവാദം സാധ്യമാക്കുന്നതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ശാസ്ത്രസാങ്കേതിക വിദ്യകൾ പ്രാപ്യമാക്കുന്ന അറിവും ശക്തിയും ക്ഷേമസാധ്യതകളും ഉത്തരവാദിത്വപൂർണ്ണമായ ഉപയോഗം ആവശ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ അവയുടെ ഉപയോഗത്തിൽ ധാർമ്മികമായ മാനദണ്ഡങ്ങൾ നിർണ്ണയിക്കാൻ ശാസ്ത്രവും ധാർമ്മികതയും തമ്മിൽ സംവാദം ആവശ്യമാണ്. ജീവപരമായ ധർമ്മശാസ്ത്രത്തിന്റെ (Bioethics) മേഖലയിൽ ഈ വസ്തുത ഏറെ പ്രസക്തമാണ്. രാഷ്ട്രീയവും നിയമവും ഇന്ന് ഈ രംഗം നിയന്ത്രിക്കുന്നു. വിവിധ മതങ്ങളുള്ള സമൂഹത്തിൽ ധാർമ്മിക മൂല്യങ്ങളും സിവിൽ നിയമങ്ങളും എങ്ങനെ പൊരുത്തപ്പെടുമെന്നുള്ളത് ഗൗരവമായ വിഷയമാണ്. ധാർമ്മിക സാമൂഹിക മനസ്സാക്ഷിയും സിവിൽ നിയമങ്ങളുടെ സമീപനവും രൂപപ്പെടുത്തുന്നതിൽ ക്രൈസ്തവർക്കുള്ള പങ്ക് ഇവിടെ ഊന്നിപ്പറയേണ്ടതാണ്. അതുപോലെ ജീവപരമായ ധർമ്മശാസ്ത്രത്തിന്റെ പഠനത്തിൽ വൈദികരും ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അൽമായരും സത്വര ശ്രദ്ധ പതിപ്പിക്കണമെന്നത് ഇന്നത്തെ സാംസ്കാരിക സാഹചര്യത്തിന്റെ അടിയന്തിരമായ ആവശ്യമാണ്.

കുടുംബവും വിദ്യാഭ്യാസവും: ജീവനും സ്നേഹവും പോററിവളർ

www.malankaralibrary.com

ത്തുന്ന കുടുംബം സംസ്കാരത്തിൻെറ ഉറവിടമാണ്. എന്നാൽ കുടുംബത്തിൻെറ സുസ്ഥിതിക്ക് വിഘാതമാകുന്ന ചിന്തകളും നയങ്ങളും നടപടികളും ഇന്ന് ദൃശ്യമാകുന്നുണ്ട്. കുടുംബങ്ങളുടെ തകർച്ച വിദ്യാഭ്യാസത്തിൻെറ നടത്തിപ്പിനും സുവിശേഷത്താൽ രൂപീകരിക്കപ്പെട്ട ഒരു സംസ്കാരത്തിനും ബുദ്ധിമുട്ട് ഉളവാക്കുന്നു. സുവിശേഷാധിഷ്ഠിതമായി സ്ത്രീകളുടെ മഹത്വവും സമത്വവും വിശകലനം ചെയ്യാതെ സ്ത്രീയെ പുരുഷൻെറ മാതൃകയിലാക്കാനുള്ള ശ്രമങ്ങളാണ് അരങ്ങേറുന്നത്. സ്ത്രീയുടേയും പുരുഷന്റേയും സവിശേഷ സ്വഭാവങ്ങൾ ദമ്പതികളെ പരസ്പരം സമ്പന്നരാക്കുന്ന രീതിയാണ് ആവശ്യം. പരസ്പര ബന്ധത്തിൽ കൂടുതൽ മാനുഷികത പകർന്ന് ലോകത്തെ ശ്രേഷ്ഠമാക്കാനും സ്ത്രീകൾക്കാണ് കഴിയുക.

തൻെറ അജപാലന ശുശ്രൂഷയുടെ ശ്രദ്ധേയമായ മേഖലയായി സഭ കാണുന്ന വിദ്യാഭ്യാസ രംഗം കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്നു. ജനത്തെ മനഃശാസ്ത്രപരവും ബൗദ്ധികവും സാംസ്കാരികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ പക്വതയിൽ രൂപീകരിക്കാൻ വിദ്യാഭ്യാസത്തിനാണ് കഴിയുക. കുട്ടികളോടും യുവജനങ്ങളോടും സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം പ്രധാനപ്പെട്ടതാണ്. അവരെ ദൈവത്തിലേക്ക് നയിക്കുന്നതോടൊപ്പം ഉത്തമമായ സാമൂഹികവും പൗരജീവിതത്തിന് അടുത്തതുമായ ഉത്തരവാദിത്വത്തോടും അവകാശങ്ങളോടും അടുപ്പിക്കണം. ലോകവസ്തുക്കളുടെ നീതിപൂർവ്വമായ വിതരണം ലക്ഷ്യം വയ്ക്കുന്ന ഒരു സാഹചര്യവും ചിന്തയും വിദ്യാഭ്യാസം വിദ്യാർത്ഥികളിൽ ഉളവാക്കണം.

കലയും വിശ്വാസവും: കലാസൃഷ്ടികൾ അദൃശ്യമായതിലേക്ക് നമ്മെ നയിക്കുന്നവയത്രേ. അതുകൊണ്ടുതന്നെ സുവിശേഷത്തിൻെറ സാംസ്കാരികാനുരൂപണത്തിൽ കലയ്ക്ക് പ്രാധാന്യം ഏറെയാണ്. കത്തോലിക്കാ സഭയുടെ സമ്പന്നമായ പൈതൃകം സംസ്കാരത്തിൻെറയും വിശ്വാസത്തിൻെറയും ഫലവത്തായ സഹജീവിതത്തിന് മാതൃകയാണ്. സഭയുടെ ആരാധനക്രമവും സാംസ്കാരികമായ നിക്ഷേപങ്ങളും ഇതിന് ഉദാഹരണങ്ങളാണ്.

ഒരു ഭാഗത്ത് തൊഴിൽ സങ്കല്പങ്ങൾ മാറുന്നു. മറുഭാഗത്ത് തൊഴിലില്ലായ്മ വർദ്ധിക്കുന്നു. ദാരിദ്ര്യത്തിൽ ആരംഭിക്കുന്ന അനേകം പ്രശ്നങ്ങൾ തൊഴിലില്ലായ്മ സമൂഹത്തിൽ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ വിശ്രമം, വിനോദം, കായികമത്സരങ്ങൾ എന്നിവയുടെ വർദ്ധമാനമായ പ്രാധാന്യം ശ്രദ്ധേയമായ മറ്റൊരു വസ്തുതയാണ്. കച്ചവട താല്പര്യങ്ങൾ കളികളെയും മററും നിയന്ത്രിക്കുന്ന സാഹചര്യത്തിൽ യഥാർത്ഥ മൂല്യങ്ങളുടെ പ്രോത്സാഹനം ലക്ഷ്യമാക്കി സഭ അജപാലനനയം രൂപീകരിക്കണം.

സാംസ്കാരിക വൈവിധ്യവും മതബഹുത്വവും: സാംസ്കാരിക വൈവിധ്യമാണ് സുവിശേഷവത്ക്കരണത്തിൻെറ രംഗത്ത് സഭ കണ്ടെത്തുന്ന ഏററവും ശ്രദ്ധേയമായ പ്രതിഭാസം. ഈ വൈവിധ്യത്തിൻെറ അടി

www.malankaralibrary.com

സ്ഥാനം വ്യത്യസ്ത മതങ്ങളുടെ വീക്ഷണങ്ങളാണ്. ആഫ്രിക്കൻ ഏഷ്യൻ ഭൂഖണ്ഡങ്ങൾ ഇതിന് ഉത്തമമായ ഉദാഹരണങ്ങളാണ്. മുമ്പ് ഈ സംസ്കാരങ്ങളോടുള്ള സഭയുടെ സമീപനം ഭാവാത്മകമായിരുന്നില്ല. ക്രിസ്തുമതം വിശിഷ്യാ ഏഷ്യയിൽ, വൈദേശികമെന്ന് കരുതപ്പെട്ടിരുന്നു. മനുഷ്യന്റെ ദൈവാന്വേഷണത്തിന്റെയും ആദ്ധ്യാത്മികതയുടെയും പ്രകാശനമാണ് മതങ്ങൾ. സംസ്കാരങ്ങളുടെ ആന്തരിക ചൈതന്യം മതവിശ്വാസമാണ്. അജപാലന താല്പര്യത്താൽ പ്രചോദിതമായ സമീപനം സംസ്കാരങ്ങളോട് സ്വീകരിക്കേണ്ടത് വളരെ വലിയ ആവശ്യമാണ്.

പരമ്പരാഗതമായ ക്രിസ്തീയ സമൂഹങ്ങൾ ഭൗതികതയുടെയും മതനിരപേക്ഷതയുടെയും സ്വാധീനത്താൽ മതത്തെ തള്ളിപ്പറയാൻ തയ്യാറാകുന്നു. അക്രമം, സാമൂഹികമായ അനീതി, തെരുവുകുട്ടികളെ ദുരുപയോഗിക്കൽ, മയക്കുമരുന്നു വ്യാപാരം തുടങ്ങിയ അനേകം തിന്മകൾ ഈ സമൂഹങ്ങളെ അസ്ഥിരമാക്കുന്നുണ്ട്. മതത്തെ മാററിനിർത്തിയുള്ള സമൂഹരൂപീകരണം യൂറോപ്പിന്റെ സംസ്കാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഇത് മൂല്യങ്ങളുടെ നിരാകരണത്തിലേക്ക് യൂറോപ്പിനെ എത്തിച്ചു. വിവിധ മതങ്ങളിൽനിന്ന് പല കാര്യങ്ങൾ സ്വീകരിച്ച് പുതിയ പ്രസ്ഥാനങ്ങൾക്കു രൂപംകൊടുക്കാനുള്ള ശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. അതുപോലെ, ഈ സമൂഹങ്ങളിലേക്ക് ഇസ്ലാംമതത്തിന്റെ അധിനിവേശവും വളരെ വേഗത്തിൽ നടക്കുന്നുണ്ട്.

സെക്ററുകളും (Sects) പുതിയ മതപ്രസ്ഥാനങ്ങളും: ആദ്ധ്യാത്മികതയിലേക്ക് മടങ്ങാനുള്ള ശ്രമത്തിൽ മനുഷ്യൻ സെക്ററുകളിലും കൃത്രിമ മതരൂപങ്ങളിലും (Sycretism) എത്തിച്ചേർന്നതായി നാം കാണുന്നു. ആധുനിക നാഗരികസംസ്കാരം സൃഷ്ടിച്ച ഒററപ്പെടുത്തലുകളിൽനിന്നും മനുഷ്യനെ രക്ഷിക്കാൻ ഇവ പ്രാപ്തമാണ് എന്ന് തോന്നിച്ചേക്കാം. എന്നാൽ ലളിതമെന്ന് തോന്നിക്കുമെങ്കിലും മിഥ്യയായ പ്രശ്നപരിഹാരങ്ങളാണ് ഇവ നൽകുന്നത്. ചുരുക്കത്തിൽ, സംസ്കാരത്തോടുള്ള പുതിയ ഒരു അജപാലന സമീപനത്തിന്റെ ആവശ്യത്തിലേക്കാണ് ഈ സാഹചര്യങ്ങൾ വിരൽ ചൂണ്ടുന്നത്.

'വസ്തുനിഷ്ഠമായ നിർദ്ദേശങ്ങൾ പ്രാഥമിക അജപാലന ലക്ഷ്യങ്ങൾ' എന്ന മൂന്നാം അദ്ധ്യായം തലക്കെട്ടുസൂചിപ്പിക്കുന്നതുപോലെ പ്രായോഗികമായി സ്വീകരിക്കേണ്ട സമീപനങ്ങളാണ് ചർച്ച ചെയ്യുന്നത്. ഈ കാലഘട്ടത്തിലെ സാംസ്കാരിക സാഹചര്യങ്ങൾ മനസ്സിലാക്കി അവയെ ആന്തരികമായി പരിവർത്തനം ചെയ്യിക്കാനും നവീകരിക്കാനും പ്രാപ്തമായ അജപാലന സമീപനമാണ് ആവശ്യം. സുവിശേഷത്തിൽ അധിഷ്ഠിതമായ ക്രൈസ്തവ ജീവിത സാക്ഷ്യമാണ് ഇതിൽ പ്രധാനമായ വസ്തുത. അതുപോലെ സുവിശേഷ സന്ദേശത്തിനും അതു സ്വീകരിക്കുവാനുള്ള സാഹചര്യങ്ങൾക്കും തമ്മിൽ പൊരുത്തമുണ്ടായിരിക്കണം. പ്രാർത്ഥനയിലൂടെയും പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ നടത്തു

www.malankaralibrary.com

ന്ന വിവേചനത്തിലൂടെയും അജപാലന ശുശ്രൂഷയെ നയിക്കണം. പ്രാദേശിക ദേശീയ തലങ്ങളിലുള്ള സംഘാതമായ പ്രവർത്തനങ്ങൾ സാംസ്കാരിക മേഖലയിലെ സഭയുടെ പ്രവർത്തനത്തെ ഏകീകരിക്കും.

അക്രൈസ്തവ മതങ്ങളുമായി ക്രിയാത്മക സമ്പർക്കത്തിലേർപ്പെടുക സുപ്രധാനമായ കാര്യമാണ്. പാശ്ചാത്യരാജ്യങ്ങളിൽ മതാത്മകജീവിതത്തിലേക്ക് തിരിച്ചുവരുന്നവർക്കുവേണ്ടിയുള്ള ശുശ്രൂഷയും പുനഃക്രമീകരണത്തിന് വിധേയമാക്കണം. സെക്ററുകൾ, രഹസ്യവിദ്യകൾ ഇവയിലേക്ക് തിരിയുന്നവരും സൂചിപ്പിക്കുക സഭാജീവിതത്തിൽ കൂടുതലായി ഉണ്ടാകേണ്ട പരസ്പര ബന്ധത്തിൻെറ ആവശ്യകതയാണ്.

വിശ്വാസം ഒരു തലമുറയിൽനിന്ന് മറെറാന്നിലേക്ക് കൈമാറിയത് വിശ്വാസത്തിൻെറ സാധാരണമായ ആവിഷ്കാരങ്ങളിലൂടെയാണ്. അതായത്, പ്രാദേശിക തിരുന്നാളുകൾ, കുടുംബ പാരമ്പര്യങ്ങൾ, വിവിധ ആഘോഷങ്ങൾ, തീർത്ഥയാത്രകൾ എന്നിവയൊക്കെ ഉൾപ്പെടുന്ന ജനകീയ ഭക്തിപ്രകടനങ്ങളിലൂടെയാണ് (Popular Piety). വിശ്വാസികളുടെ ഇടയിലെ ഭക്തിപ്രകടനങ്ങളിൽ മിക്കവയും സുവിശേഷവും സംസ്കാരത്തിൻെറ ചില ഘടകങ്ങളും തമ്മിലുള്ള പരസ്പരസ്വീകരണത്തിൻെറ ഫലങ്ങളാണ്. ഇവയിലെ കലാപരമായ ഘടകങ്ങളായ അനുഷ്ഠാനം, സംഗീതം, ഗാനം, അലങ്കാരം എന്നിവയ്ക്കൊക്കെ തുടർന്നും പ്രോത്സാഹനം നൽകേണ്ടതാണ്.

നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ ഇന്നത്തെ സാംസ്കാരിക സാഹചര്യങ്ങളോട് സംവദിക്കാൻ തക്കതായ കേന്ദ്രങ്ങളാണ് ഇടവകകൾ. വിശ്വാസപരിശീലനത്തിൻെറ എന്നപോലെ സംസ്കാരത്തിൻെറയും സുവിശേഷവത്ക്കരണത്തിൻെറയും ഇടമാണ് ഇടവകകൾ. ഇടവകകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ പരസ്പര പൂരകങ്ങളായി വർത്തിക്കേണ്ടിയിരിക്കുന്നു. വിശ്വാസത്തിൻെറ രഹസ്യങ്ങൾ അഭ്യസിപ്പിക്കുന്നതോടൊപ്പം ജീവിതസാക്ഷ്യവുമായി ബന്ധിപ്പിച്ച് വിശ്വാസം പരിശീലിപ്പിക്കാനും ഇത് സഹായകമാകും.

ദൈവശാസ്ത്ര പരിശീലനകേന്ദ്രങ്ങൾക്ക് സംസ്കാരത്തിൻെറ സുവിശേഷവത്ക്കരണത്തിലും വിശ്വാസത്തിൻെറ സാംസ്കാരികാനുരൂപണത്തിലും സുപ്രധാനമായ ദൗത്യം നിർവ്വഹിക്കാനുണ്ട്. അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളോട് പ്രതികരിക്കാൻ ഗൗരവമുള്ള ദൈവശാസ്ത്ര പരിശീലനം ആവശ്യമാണ്. സഭയിലെ വിവിധ ഘടകങ്ങൾ നേതൃത്വം നൽകുന്ന കത്തോലിക്കാ സാംസ്കാരിക കേന്ദ്രങ്ങൾ സംസ്കാരങ്ങളെ ക്രിയാത്മകമായ രീതിയിൽ പ്രോത്സാഹിപ്പിക്കാൻ പര്യാപ്തമാണ്. സാമൂഹിക സമ്പർക്ക മാധ്യമങ്ങളും ഈ മേഖലയിൽ ഏറെ സംഭാവന ചെയ്യാൻ കഴിവുള്ളവയാണ്. പ്രസിദ്ധീകരണങ്ങളോടൊപ്പം ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സമ്പർക്ക മാധ്യമങ്ങളിലൂടെയും സുവിശേഷത്തിനും സഭയ്ക്കും മററു വിധത്തിലെത്തിച്ചേരാൻ

www.malankaralibrary.com

കഴിയാത്തവരിലേക്ക് എത്തിച്ചേരാൻ കഴിയും. സുവിശേഷ സന്ദേശം ലോകമെങ്ങും പ്രകാശിപ്പിക്കാനും സംസ്കാരത്തിന് ഒരാത്മാവിനെ നൽകാനും അവയെ ഉപയോഗിക്കാൻ കഴിയും. വൈദികരോടൊപ്പം അല്മായ വിശ്വാസികൾക്കും പ്രേഷിത ധർമ്മത്തിന് ഈ മേഖലകളെ ഉപയുക്തമാക്കാൻ സാധിക്കണം.

വിവിധ ശാസ്ത്രശാഖകളെ മനസ്സിലാക്കുകയും ഒന്നിച്ചുകൊണ്ടുപോവുകയും ചെയ്യുന്ന ഒരു സമീപനം ആവശ്യമാണ്. ശാസ്ത്രവും വിശ്വാസവും തമ്മിലുള്ള സംവാദത്തിനും സംസ്കാരത്തിൻെറ സുവിശേഷവത്ക്കരണത്തിനും ഇത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി പൊന്തിഫിക്കൽ കൗൺസിലിൻെറ രേഖ നൽകുന്ന നിർദ്ദേശങ്ങൾ വളരെ സമഗ്രമാണ്.

1. ഭൗതിക ശാസ്ത്രത്തിലും ജീവശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും പരിശീലിപ്പിച്ചെടുത്ത യോഗ്യതയുള്ള ഉപദേശകർ. അവർ ഇൻറർനെററ്, റേഡിയോ, ടെലിവിഷൻ എന്നിവയിൽ ആശയ പ്രകാശനത്തിന് കഴിവുള്ളവരായിരിക്കണം. ശാസ്ത്രവും വിശ്വാസവും തമ്മിലുള്ള സംഘർഷത്തിൻെറയും എതിർപ്പിൻെറയും വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ളവരുമായിരിക്കണം. അത്തരം വിഷയങ്ങളുടെ ഉദാഹരണങ്ങളാണ് താഴെ പറയുന്നവ: ശൂന്യതയിൽ നിന്നുള്ള സൃഷ്ടികർമ്മം, നിരന്തര സൃഷ്ടികർമ്മം, പരിണാമം, ലോകത്തിൻെറ പ്രവർത്തനാത്മക സ്വഭാവം, വിശുദ്ധ ഗ്രന്ഥവ്യാഖ്യാനവും ശാസ്ത്രപഠനവും, പ്രപഞ്ചത്തിൽ മനുഷ്യനുള്ള സ്ഥാനവും ധർമ്മവും, നിത്യതയെന്ന ആശയവും ഭൗതിക പ്രപഞ്ചത്തിൻെറ സ്ഥലകാലഘടനയും, ജ്ഞാനശാസ്ത്രങ്ങളും.

2. ഉന്നത വിദ്യാഭ്യാസത്തിനുള്ള കത്തോലിക്കാ സ്ഥാപനങ്ങളിലും, സർക്കാർ വക യൂണിവേഴ്സിറ്റികളിലും, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ കേന്ദ്രങ്ങളിലും പഠിപ്പിക്കുന്ന കത്തോലിക്കരെത്തമ്മിൽ ബന്ധിപ്പിക്കുന്ന സാമൂഹിക സമ്പർക്ക നെററുവർക്കുകൾ(ശ്രേണികൾ), ശാസ്ത്രീയ അക്കാദമികൾ, സാങ്കേതിക വിദ്യാവിദഗ്ദ്ധരുടെ സംഘടനകൾ, മെത്രാന്മാരുടെ കോൺഫറൻസുകൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന സമാനങ്ങളായ നെററുവർക്കുകൾ.

3. ജീവനുവേണ്ടി നിലകൊള്ളുന്ന അക്കാദമികളുടെയോ ജീവനെ സംബന്ധിച്ച് സവിശേഷമായി പഠിക്കുന്ന ഗ്രൂപ്പുകളുടെയോ സ്ഥാപിക്കൽ, തങ്ങളുടെ തൊഴിൽപരമായ മേന്മയ്ക്കും സഭയുടെ പ്രബോധനാധികാരത്തോടു തങ്ങൾക്കുള്ള വിശ്വസ്തതയ്ക്കും വേണ്ടി കത്തോലിക്കർ നടത്തുന്നവയായിരിക്കണം അവ.

4, വലിയ വിപണികിട്ടുന്ന കത്തോലിക്കാ പ്രസിദ്ധീകരണശാലയും പ്രസിദ്ധീകരണങ്ങളും. ഈ മണ്ഡലത്തിൽ യഥാർത്ഥ യോഗ്യതയുള്ള സ്ത്രീ പുരുഷന്മാർ അവയിൽ പ്രവർത്തിക്കണം.

www.malankaralibrary.com

5. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര പുസ്തക പരമ്പരകളിലും റിവ്യൂകളിലും മററു പ്രസിദ്ധീകരണങ്ങളിലും സമർത്ഥമായ ദിശാബോധം നൽകാൻ കഴിവുള്ള കത്തോലിക്കാ പുസ്തക വ്യാപാരികൾ.

6. ഇടവകകളിൽ പുസ്തകങ്ങൾ, റിവ്യൂകൾ, വീഡിയോകൾ എന്നിവയുടെ വർദ്ധിച്ച ലഭ്യതയും ശാസ്ത്രം, സാങ്കേതികവിദ്യ, വിശ്വാസം എന്നിവ തമ്മിലുള്ള ബന്ധങ്ങളെ കുറിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച ഉപദേശം ആരായാനുള്ള തുറന്ന മനോഭാവവും.

7. ശാസ്ത്രജ്ഞന്മാരിൽ അഗാധമായ ആദ്ധ്യാത്മികതയെ ജനിപ്പിക്കുകയും വളർത്തുകയും ചെയ്യാൻ കഴിയുന്ന ഒരു അജപാലന സമീപനം (PAC 35).

സുവിശേഷവും കലയും തമ്മിൽ ഫലവത്തായ കൊടുക്കൽ വാങ്ങൽ ഉണ്ടാകണം. സത്യം, നന്മ ഇവയ്ക്കുവേണ്ടിയുള്ള അന്വേഷണവുമായി കല ബന്ധപ്പെടണം. ഇതിനുവേണ്ടി ക്രൈസ്തവ മൂല്യങ്ങളും കലയുമായി സംവേദനം നടത്തണം. ഈ ലക്ഷ്യപ്രാപ്തിക്കായി സ്ഥാപനങ്ങളുടെ തലത്തിൽ പരിശ്രമം ഉണ്ടാകണം. അതുപോലെ കലാകാരന്മാരെ ശ്രവിക്കുവാനും അവരോട് സഹകരിക്കുവാനും സഭ ശ്രദ്ധാലുവാകണം. ആദ്ധ്യാത്മികമൂല്യങ്ങളെ കലകളിൽ പ്രകാശിപ്പിക്കാനും തദ്വാരാ പരമ സത്യത്തോടുള്ള വിശ്വസ്തതയിൽ ആഴപ്പെടാനും സഹായം നൽകാൻ കലാകാരന്മാർക്ക് കഴിയും. കലയോടും കലാകാരന്മാരോടുമുള്ള അജപാലന ശുശ്രൂഷ നിർവഹിക്കാൻ ശരിയായ അറിവ് ആവശ്യമാണ്. ഇതിനായി വൈദികർക്കും അല്മായ വിശ്വാസികൾക്കും തക്കതായ പരിശീലനം ലഭ്യമാകണം. മതപരമായ യാത്രകൾക്ക് പ്രത്യേകിച്ച്, തീർത്ഥാടനങ്ങൾക്ക് സംസ്കാരത്തിൻെറ മതാത്മക, സാംസ്കാരിക പൈതൃകം സംരക്ഷിക്കാനും കൂടുതൽ നന്മയ്ക്കായി അവയെ ഉപയോഗിക്കാനും സാധിക്കും. ഇത്തരം യാത്രകളെ സഹായിക്കുന്ന അജപാലന ശുശ്രൂഷ രൂപപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. സംഘടനകൾ, മ്യൂസിയങ്ങൾ, ലൈബ്രറികൾ, പുസ്തകശാലകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ ഇതിന് സഹായകമാണ്.

സംസ്കാരവുമായി ബന്ധപ്പെട്ട അജപാലന സമീപനം യുവജനങ്ങളിലേക്ക് എത്തുന്നതാവണം. യുവജനങ്ങളുടെ താല്പര്യങ്ങളറിഞ്ഞ് സമ്മേളനം, ഗ്രൂപ്പുകൾക്കുള്ള ധ്യാനം, സമ്പർക്ക മാധ്യമങ്ങൾ എന്നിവയിലൂടെ യുവജനങ്ങളുമായി സമ്പർക്കത്തിലെത്തണം. അവരിലൂടെ സഭ ഭാവിയിലേക്ക് എത്തുന്ന ആദ്ധ്യാത്മിക മൂല്യങ്ങളാണ് പ്രദാനം ചെയ്യുക.

സംസ്കാരത്തോടുള്ള ശരിയായ അജപാലന സമീപനത്തിൻെറ ആവശ്യകതയും സുവിശേഷവത്ക്കരണത്തിൽ അതിൻെറ സ്ഥാനവും ഊന്നിപ്പറയുകയാണ് ഉപസംഹാരം ചെയ്യുക. ഈ കർത്തവ്യ നിർവ്വഹണത്തിനായി വിവിധ വൈജ്ഞാനിക മേഖലകളുടേയും അവയിലെ പ്രവർത്തകരുടേയും സഹകരണത്തിൻെറ ആവശ്യം കൗൺസിൽ രേഖ തറ

www.malankaralibrary.com

പ്പിച്ചു പറയുന്നുണ്ട്. പ്രാദേശികതലം മുതൽ അന്താരാഷ്ട്രതലംവരെ എത്തുന്ന കൂട്ടായ പ്രവർത്തനം ഫലവത്തായ കർമ്മ പരിപാടിക്ക് അത്യന്താപേക്ഷിതമാണ്.

വിശ്വാസം സംസ്കാരത്തിന് അനുരൂപമാക്കുന്നതിനും സംസ്കാരങ്ങളെ സുവിശേഷവത്ക്കരിക്കുന്നതിനുമുള്ള ഏററവും ഫലവത്തായ മാർഗ്ഗം ഉത്തമമായ ക്രൈസ്തവ സാക്ഷ്യം തന്നെയാണ്. സംസ്കാരത്തോടുള്ള അജപാലന സമീപനം ലക്ഷ്യമാക്കി സുവിശേഷ പ്രഘോഷണത്തിനുള്ള സഭയുടെ ദൗത്യം പൂർത്തിയാക്കുക എന്നുള്ളതാണ് ആവശ്യം. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ പ്രസ്താവം ഇക്കാര്യത്തിലേക്കാണ് ശ്രദ്ധ ക്ഷണിക്കുക. "ക്രിസ്തുവിലുള്ള വിശ്വാസം സംസ്കാരങ്ങൾക്ക് ഒരു പുതിയ മാനം നൽകുന്നു. ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രത്യാശയാണത്. പുതിയൊരു ഭൂമിയിലും പുതിയൊരാകാശത്തിലും ഈ പ്രത്യാശയെ സംസ്കാരങ്ങളിൽ പ്രതിഷ്ഠിക്കുക എന്നത് ക്രിസ്ത്യാനികൾക്കുള്ള വിളിയാണ്. സുവിശേഷം അവയെ ഒരിക്കലും ഭീഷണിപ്പെടുത്തുകയോ ദരിദ്രമാക്കുകയോ ചെയ്യുന്നില്ല. നേരെമറിച്ച് അവയുടെ സന്തോഷത്തെയും സൗന്ദര്യത്തെയും സ്വാതന്ത്ര്യത്തെയും അർത്ഥത്തെയും സത്യത്തെയും നന്മയെയും വളർത്തും" (PAC 31.4).

നമ്മുടെ കാലഘട്ടത്തിലെ സ്ഥിതിവിശേഷങ്ങൾ പരിശോധിക്കുമ്പോൾ പ്രസക്തമായ ഒരു സഭാരേഖയാണ് പൊന്തിഫിക്കൽ കൗൺസിൽ നൽകുക. പരമ്പരാഗതമായ സംസ്കാരങ്ങളോട് പൊതുവേ കൂടുതൽ ആഭിമുഖ്യം പ്രകടിപ്പിക്കുന്ന തത്വശാസ്ത്രജ്ഞന്മാരും ദൈവശാസ്ത്രജ്ഞന്മാരും ഉണ്ട്. സുവിശേഷ പ്രഘോഷണത്തിൻെറ പശ്ചാത്തലത്തിൽ സാംസ്കാരികാനുരൂപണത്തെപ്പററി ചിന്തിക്കുമ്പോൾ ചിലർ ഇവയോടുള്ള അനുരൂപണമാണ് വിവക്ഷിക്കുക. പക്ഷേ, തക്കതായ വിലയിരുത്തലും വിമർശനവുമില്ലാതെ പ്രതീകങ്ങളും അനുഷ്ഠാനങ്ങളും സ്വീകരിക്കുന്നവരുണ്ട്. ആധുനിക ജീവിത സാഹചര്യങ്ങളോട് വിവേചനമില്ലാതെ പൊരുത്തപ്പെട്ട് ജീവിക്കുന്നവരുമുണ്ട്. പുതിയ പ്രസ്ഥാനങ്ങളും മതാത്മക രീതികളും രൂപമെടുത്തുകൊണ്ടിരിക്കുന്നു. മതാനുഭവത്തിനുവേണ്ടി സാദ്ധ്യമായ വഴികളെല്ലാം മനുഷ്യർ തേടുന്നു. വ്യത്യസ്തങ്ങളായ ഈ സാഹചര്യങ്ങളുടെ മദ്ധ്യേ സുവിശേഷത്തിൻെറ വെളിച്ചത്തിൽ എല്ലാററിനെയും സമീപിക്കാനും നവീകരിക്കാനുമുള്ള കൗൺസിൽ രേഖയുടെ ആഹ്വാനം അർത്ഥവത്താണ്. സംസ്കാരങ്ങളോടും ഇന്നത്തെ ജീവിത യാഥാർത്ഥ്യങ്ങളോടും നിഷേധാത്മകമായ സമീപനം എടുക്കുന്നില്ലായെന്നു മാത്രമല്ല, നല്ല വശങ്ങളെ സുവിശേഷ പ്രഘോഷണത്തിൽ ഉപയുക്തമാക്കാനാണ് രേഖ ഉപദേശിക്കുക. ക്രിസ്തീയമായ പ്രതീക്ഷയോടുകൂടി സംസ്കാരങ്ങളോട് സുവിശേഷാധിഷ്ഠിതമായ സമീപനം സ്വീകരിക്കാൻ പൊന്തിഫിക്കൽ കൗൺസിലിൻെറ രേഖനൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അജപാലകർക്കും പ്രേഷിതപ്രവർത്തകർക്കും ഏറെ സഹായകമാണ്.

www.malankaralibrary.com

# 18

# മേയാ കുശ്പാ... മാപ്പുപറയുന്ന മാഹാത്മ്യം

'ഞങ്ങൾ ക്ഷമിക്കുന്നു..... ഞങ്ങളോടും ക്ഷമിക്കേണമേ': വലിയ ഇടയൻെറ അനുതാപമൂറുന്ന വാക്കുകൾ സഭാമക്കളുടെ മാത്രമല്ല, സന്മനസ്സുള്ള എല്ലാ മനുഷ്യരുടെയും ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുന്നതായിരുന്നു. 2000 മാർച്ച് 12 ഞായറാഴ്ച വത്തിക്കാനിലെ സെൻറ് പീറേറഴ്സ് ബസിലിക്കയിൽ പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ അർപ്പിച്ച പശ്ചാത്താപത്തിൻെറയും അനുരഞ്ജനത്തിൻെറയും ബലിയുടെ മദ്ധ്യേ അദ്ദേഹം കഴിഞ്ഞ നൂററാണ്ടുകളിലെ സഭാംഗങ്ങളുടെ തെററുകളുടെ പേരിൽ മാപ്പുപറയുകയുണ്ടായി.

മൂന്നാം സഹസ്രാബ്ദത്തിലേക്ക് വിജയഭേരിയോടെ പ്രവേശിക്കാനല്ല, വിശ്വാസത്തോടും പ്രതീക്ഷയോടും പ്രവേശിക്കാനും വിനയാന്വിതനായി സ്നേഹത്തിൻെറയും നീതിയുടെയും ശുശ്രൂഷ നിറവേററുവാനും സഭ തയ്യാറാണ് എന്നത്രേ പരിശുദ്ധ പിതാവിൻെറ ക്ഷമായാചനയും വിശുദ്ധ ബലിമദ്ധ്യേയുള്ള വചനപ്രഘോഷണവും സൂചിപ്പിക്കുക. അനുരഞ്ജനത്തിൻെറ കൂദാശയായ സഭയ്ക്ക് ഇതര സഭാവിഭാഗങ്ങളോടും മാനവരാശിയോടുതന്നെയുമുള്ള ബന്ധത്തിൽ വന്നുപോയ പാളിച്ചകളെ തിരുത്തുന്നതിനുള്ള വാഞ്ഛ വ്യക്തമാണ്. വരുംകാലത്തിൽ സഭാജീവിതത്തിന് ഗുണകരമായ മാററവും പ്രേഷിതപ്രവർത്തനത്തിന് സമഗ്രതയും പകരുന്നതിന് തുടക്കമിടുവാൻ പര്യാപ്തമാണ് മാർപ്പാപ്പാ നേതൃത്വം നൽകിയ അനുരഞ്ജന ശുശ്രൂഷ.

മൂന്നാം സഹസ്രാബ്ദത്തിലെ സഭയുടെ മുഖം ദീപ്തമാക്കുന്ന സാർവ്വത്രിക പ്രാർത്ഥനയിൽ ഏഴ് ഏററുപറച്ചിലുകളും ക്ഷമായാചനയുമാണ് നാം കാണുക.

1. ദൈവത്തോടുള്ള അനുസരണക്കേടുമൂലം വിശ്വാസത്തിനും സുവിശേഷത്തിനും വിപരീതമായി ചെയ്ത പാപങ്ങൾ

2. സത്യവും ധാർമ്മികതയും സംരക്ഷിക്കാനുള്ള വ്യഗ്രതമൂലം കാട്ടിയ അസഹിഷ്ണുതയിൽ സ്വീകരിച്ച സുവിശേഷാനുസൃതമല്ലാത്ത നടപടികൾ

www.malankaralibrary.com

3. ക്രിസ്തുവിൻെറ ഭൗതികശരീരത്തെ വിഭജിക്കുകയും സഹോദര സ്നേഹത്തിനു ക്ഷതമേല്പിക്കുകയും ചെയ്ത സഭാവിഭാഗങ്ങൾ തമ്മിലുള്ള അനൈക്യം

4. ഉടമ്പടിയുടെ ജനമായ ഇസ്രായേൽ ജനതയുടെ സഹനത്തിനു കാരണമായി ക്രൈസ്തവർ ചെയ്ത പാപങ്ങൾ

5. വംശീയ വിഭാഗങ്ങളോടും സംസ്കാരങ്ങളോടും മതങ്ങളോടും കാട്ടിയ ശക്തിപ്രകടനവും നിന്ദയും അവകാശലംഘനങ്ങളും

6. സ്ത്രീകളോടു കാട്ടിയ വിവേചനവും ഭാഷയുടെയും വംശീയതയുടെയും വ്യത്യാസത്തിൻെറ പേരിൽ പ്രകടിപ്പിച്ച വിവേചനവും.

7. വിവിധ മനുഷ്യാവകാശ ലംഘനങ്ങൾ

'മൂന്നാം സഹസ്രാബ്ദത്തിലേക്ക്' (Tertio millennio adveniente) എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ 1994-ൽത്തന്നെ സമ്പൂർണ്ണവും സമഗ്രവുമായ ആത്മപരിശോധനയ്ക്കും തിരുത്തലിനും അനുരഞ്ജനത്തിനും മാർപ്പാപ്പാ സഭയെ ആഹ്വാനം ചെയ്തതാണ് (ഖണ്ഡികകൾ 33-66). കഴിഞ്ഞ ഒരു ദശകമായി സഭ നടത്തുന്ന ജൂബിലിക്കുവേണ്ടിയുള്ള ഒരുക്കം യാഥാർത്ഥ്യമാക്കുന്നതത്രേ പരിശുദ്ധ പിതാവിൻെറ നേതൃത്വത്തിൽ നടന്ന അനുരഞ്ജന ശുശ്രൂഷ. പാപത്തിൻെറ മുറിപ്പാടുകളിൽ നിന്ന് സഭയെയും ലോകത്തെയും വിമുക്തമാക്കുകയാണ് അർത്ഥപൂർണ്ണമായ ഈ ശുശ്രൂഷയുടെ ലക്ഷ്യം.

സഭയുടെ പ്രാർത്ഥനകൾ വാക്കുകളിൽ മാത്രം ഒതുങ്ങുന്നതോ പൂർണ്ണമാകുന്നതോ അല്ല. പ്രാർത്ഥനകൾ പ്രവൃത്തിപഥത്തിലേക്ക് വ്യക്തിയേയും സമൂഹത്തേയും നയിക്കുന്നതാണ്. പ്രാർത്ഥനകൾ വിശ്വാസികളും കൂട്ടായ്മയും നിറവേററാനുള്ള കല്പനകൾ കൂടിയാണ്. അസഹിഷ്ണുതയിലും അഹംഭാവത്തിലും സങ്കുചിതത്വത്തിലും വന്നുകൂടിയ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ സഭ ശ്രദ്ധാലുവാകണം. തുറവിയോടുകൂടി ദൈവപരിപാലനയിൽ ആശ്രയിച്ച് സുവിശേഷ ദീപ്തിയുമായി മൂന്നാം സഹസ്രാബ്ദത്തിലേക്ക് സഭ പ്രവേശിക്കണം. വിവിധ മേഖലകളിൽ വന്നുപോയ തെററുകൾക്ക് അത്തരം പരിഹാരം ചെയ്യേണ്ടതാണ്. മതസംവാദത്തിൻെറയും സഭൈക്യത്തിൻെറയും തണുത്തുപോയ മേഖലകളെ പുനർജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. യഹൂദ ജനതയുൾപ്പെടെ അനേകം വംശീയ ന്യൂനപക്ഷങ്ങളുടെ പുനരേകീകരണത്തിനായി സഭ നേതൃത്വം നൽകുകയും അന്താരാഷ്ട്ര ശക്തികളെ അതിനായി പ്രേരിപ്പിക്കുകയും ചെയ്യണം. സാംസ്കാരികാനുരൂപണത്തിനുള്ള പ്രാദേശിക സഭകളുടെ ശ്രമങ്ങൾ ആത്മാവിൻെറ നടത്തിപ്പിൽ വിശ്വസിച്ച് തുറവിയോടെ പ്രോത്സാഹിപ്പിക്കണം. സ്ത്രീകളോട് സമൂഹം പുലർത്തുന്ന വിവേചനത്തിന് സഭയുടെ ദൈവശാസ്ത്രവും പാരമ്പര്യവും കാരണമായിട്ടുണ്ടോ എന്ന് പരിശോധിക്കണം. സഭയിലും സമൂഹത്തിലും സ്ത്രീക്ക് അർഹമായ സ്ഥാനം നൽകണം. ചെറിയവരിൽ, എളിയവരിൽ

www.malankaralibrary.com

യേശുവിനെ കണ്ട് ശുശ്രൂഷിക്കാത്ത വിശപ്പിൻെറയും ദാഹത്തിൻെറയും നഗ്നതയുടെയും പീഡനത്തിൻെറയും ബന്ധനത്തിൻെറയും അനേകം സാഹചര്യങ്ങൾ ഇന്നും ലോകത്തിൽ നിലനിൽക്കുന്നു. സ്വയം പ്രതിരോധത്തിന് അശക്തരായവർ പീഡിപ്പിക്കപ്പെടുന്നു. ഉദാഹരണത്തിന്, അമ്മമാരുടെ ഉദരത്തിലായിരിക്കുന്ന കുഞ്ഞുങ്ങൾ; അവരെ പരീക്ഷണ വസ്തുക്കളാക്കുന്ന, ശാസ്ത്രത്തിൻെറ ലക്ഷ്യം തന്നെ വികലമാക്കുന്ന ജനിതക സാങ്കേതികവിദ്യ. ചുരുക്കത്തിൽ, സുവിശേഷാത്മകമായ പ്രതിബദ്ധതയോടെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുവാൻ അനുരഞ്ജന പ്രാർത്ഥന സഭാതനയരെ ആഹ്വാനം ചെയ്യുന്നു.

മാർപ്പാപ്പായുടെ പ്രാർത്ഥനയിൽ ചിലതൊക്കെ വിട്ടുപോയെന്നോ ചിലതൊക്കെ കൂട്ടിച്ചേർക്കാമായിരുന്നെന്നോ ചിന്തിക്കുന്നവരുണ്ടാകാം. എന്നാൽ, പ്രാർത്ഥനയിൽ ഏററുപറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് ഉപരിയായി അവയുടെ അന്തർധാരയായ മനോഭാവമാണ് പ്രധാനം-ക്ഷമയുടെ, അനുരഞ്ജനത്തിൻെറ മനസ്സ്. 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ (ക്ഷമിച്ചിരിക്കുന്നതുപോലെ എന്നാണ് മെച്ചപ്പെട്ട പദം എന്ന് പണ്ഡിതമതം) ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കേണമേ' എന്ന കർത്തൃപ്രാർത്ഥന അർത്ഥവത്താക്കുന്ന മനോഭാവം. അതുപോലെ, അനുതാപവും അനുരഞ്ജനവും വിശ്വാസിയുടെ ജീവിതത്തിൽ നിരന്തരം നടക്കേണ്ട പ്രക്രിയയാണെന്ന് പ്രാർത്ഥന സൂചിപ്പിക്കുന്നു. ഈ പ്രാർത്ഥന പ്രാദേശികസഭാതലത്തിൽ പ്രയോഗത്തിലെത്തിക്കേണ്ടത് അതാതു സഭകളിലെ അംഗങ്ങളാണ്. പ്രാദേശിക സഭകളിൽ വന്നുപോയ തെററുകൾ അംഗീകരിക്കുകയും അവ തിരുത്താൻ സഭാനേതൃത്വവും വിശ്വാസികളും പ്രതിജ്ഞാബദ്ധരാകുകയും വേണം.

മൂന്നാം സഹസ്രാബ്ദത്തിൽ വിശുദ്ധിയോടുകൂടി, നീതിയിലും സ്നേഹത്തിലും നിറഞ്ഞ് തൻെറ ദൗത്യം നിറവേററുവാൻ സഭ പ്രാപ്തയാകണം. അതിനായി സമസ്ത വിശ്വാസികളും മാർപ്പാപ്പയോടൊപ്പം ഏററുചൊല്ലട്ടെ – 'ഞങ്ങൾ ക്ഷമിക്കുന്നു; ഞങ്ങളോടും ക്ഷമിക്കേണമേ'.

---

തൻെറ സ്നേഹത്താൽ നമ്മുടെ പാപങ്ങൾ ചുമന്ന ക്രിസ്തുവിൻെറ മുൻപാകെ, നാമെല്ലാവരും മനസ്സാക്ഷിയെ ആഴമായി പരിശോധിക്കേണ്ടിയിരിക്കുന്നു. ഓർമ്മയുടെ ശുദ്ധീകരണമാണു മഹാജൂബിലിയുടെ ഒരു സവിശേഷ ഘടകം. തൻെറ നാഥനിൽനിന്നു സ്വീകരിക്കുന്ന പരിശുദ്ധിയാൽ ശക്തയായ സഭ, കാരുണ്യത്തിൻെറ ഈ വർഷം, ദൈവത്തിൻെറ മുൻപിൽ കുമ്പിട്ട് തൻെറ മക്കളുടെ പഴയതും പുതിയതുമായ പാപങ്ങൾക്കു മാപ്പിരക്കണമെന്ന് പത്രോസിൻെറ പിൻഗാമിയെന്ന നിലയിൽ ഞാൻ ആവശ്യപ്പെടുന്നു....

നമ്മൾ ക്ഷമിക്കുന്നു; ക്ഷമയാചിക്കുകയും ചെയ്യുന്നു.... രണ്ടാം സഹസ്രാബ്ദത്തിൽ നമ്മുടെ ചില സഹോദരങ്ങൾ സുവിശേഷത്തിനു വിപരീതമായി പ്രവർത്തിച്ചതു കണ്ടില്ലെന്നു നമുക്കു നടിക്കാനാവില്ല. ക്രൈസ്തവർക്കിടയിലെ ഭിന്നിപ്പിനും സത്യത്തിൻെറപേരിൽ ചിലർ ബലപ്രയോഗം നടത്തിയതിനും മററു മതസ്ഥരോട് ശത്രുതയോടും അവിശ്വാസത്തോടുംകൂടി ചിലപ്പോൾ പെരുമാറിയതിനും നമ്മൾ ക്ഷമചോദിക്കുന്നു.

www.malankaralibrary.com

ഇന്നിന്റെ തിന്മകളിൽ ക്രൈസ്തവരെന്ന നിലയിൽ നമുക്കുള്ള ഉത്തരവാദിത്വം നമ്മൾ ഏറ്റുപറയുന്നു. നിരീശ്വരത്വം, മതപരമായ നിർമ്മത, മതരാഹിത്യം, ധാർമ്മിക ആപേക്ഷികതാവാദം, ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനം, അനവധി രാജ്യങ്ങളിലെ ദാരിദ്ര്യത്തോടുള്ള നിസംഗത തുടങ്ങിയവയിൽ നമുക്കുള്ള പങ്ക് എന്തെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. സഭയുടെ മുഖത്തു കറവീഴ്ത്തിക്കൊണ്ട് നമ്മൾ ഓരോരുത്തരും ഈ തിന്മകളിൽ വഹിച്ച പങ്കിന് നമുക്ക് വിനീതമായി ക്ഷമയാചിക്കാം.

നമ്മുടെ തെററുകൾ ഏററുപറയുമ്പോൾ, നമുക്കെതിരെ മററുള്ളവർ ചെയ്ത തെററുകൾ ക്ഷമിക്കുകയും ചെയ്യാം. തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ ക്രൈസ്തവർ ചരിത്രത്തിലുടനീളം അസംഖ്യം തവണ പീഡനമനുഭവിച്ചിട്ടുണ്ട്. ഈ അതിക്രമങ്ങൾക്കു നാം മാപ്പുനൽകുമ്പോൾ നമ്മുടെ തെററുകൾക്കും മാപ്പേകുകയാണ്. വേദനാജനകമായ ആ സംഭവങ്ങളുടെ ഓർമ്മകളിലെ വിദ്വേഷത്തിന്റെയും പകയുടെയും കറകൾ കഴുകിക്കളഞ്ഞ് ശുദ്ധീകരിക്കാൻ ഇന്നും എന്നും കടമയുണ്ട്. ഇങ്ങനെ സമസ്തരീതിയിലും സുവിശേഷത്തിലേക്ക് ആഴത്തിൽ മടങ്ങിച്ചെല്ലാനുള്ള അവസരമാണ് ജൂബിലി. ദൈവം മാപ്പേകുന്നു എന്ന് അംഗീകരിക്കുമ്പോൾ തന്റെ സഹോദരനു മാപ്പേകാനും അവനിൽ നിന്നു മാപ്പിരക്കാനും നമുക്കു കടമവരുന്നു......

www.malankaralibrary.com

# 19

# ഫാത്തിമാരഹസ്യത്തിൻെറ മൂന്നാം ഭാഗം

**1917** ജൂലൈ 13-ന് കോവാ ദ് ഇറിയാ- ഫാത്തിമായിൽവച്ച് വെളിപ്പെടുത്തപ്പെട്ട രഹസ്യത്തിൻെറ മൂന്നാം ഭാഗം.

"എൻെറ ദൈവമേ, അങ്ങയോടുള്ള അനുസരണത്തിൽ ഞാനെഴുതുന്നു. ലെയ്റിയാ-ഫാത്തിമായുടെ ബിഷപ്പും അങ്ങയുടെ പരിശുദ്ധ അമ്മയും ഞാനും വഴിയായി ഇപ്രകാരം ചെയ്യുവാൻ അങ്ങു കല്പിച്ചിരുന്നല്ലോ.

ഇതിനോടകം ഞാൻ വിശദീകരിച്ചുകഴിഞ്ഞ രണ്ടു ഭാഗങ്ങൾക്കു ശേഷം, പരിശുദ്ധ അമ്മയുടെ ഇടതുഭാഗത്ത് അല്പം മുകളിലായി, ഇടതുകൈയിൽ വെട്ടിത്തിളങ്ങുന്ന വാളുമായി നില്ക്കുന്ന ഒരു മാലാഖയെ ഞങ്ങൾ കണ്ടു. ലോകത്തെ തീയിടുമെന്നു തോന്നിപ്പിക്കത്തക്ക വിധത്തിലുള്ള ജ്വാലകൾ ആ വാളിൽ നിന്നു പുറപ്പെട്ടു. പക്ഷേ, ആ മാലാഖയുടെ നേർക്കു നീട്ടിയ തൻെറ വലതുകരത്തിൽ നിന്നു മാതാവു പ്രസരിപ്പിച്ച തേജസ്സിൽ തട്ടി ആ ജ്വാലകൾ അണഞ്ഞു. ലോകത്തിൻെറ നേർക്കു തൻെറ വലതുകരം നീട്ടിക്കൊണ്ട് അത്യുച്ചത്തിൽ ആ മാലാഖ നിലവിളിച്ചു: 'പശ്ചാത്താപം, പശ്ചാത്താപം, പശ്ചാത്താപം! ദൈവമാകുന്ന അളവില്ലാത്ത പ്രകാശത്തിൽ ഞങ്ങൾ കണ്ടു. കണ്ണാടിക്കു മുമ്പിലൂടെ കടന്നു പോകുന്ന ജനങ്ങൾ കണ്ണാടിയിൽ കാണപ്പെടുന്നതുപോലെയായിരുന്നു അത്. വെള്ള വസ്ത്രം ധരിച്ച ഒരു മെത്രാൻ. അതു പരിശുദ്ധ പിതാവാണെന്ന ധാരണയാണു ഞങ്ങൾക്കുണ്ടായത്. മററു മെത്രാന്മാരും വൈദികരും സ്ത്രീ-പുരുഷ സന്യസ്തരും കുത്തനെയുള്ള ഒരു മല കയറുന്നു. തൊലിയുള്ള കോർക്കുമരത്തിൻെറ കൊമ്പുകൾ അശ്രദ്ധമായി വെട്ടിയെടുത്തു നിർമ്മിച്ച ഒരു വലിയ കുരിശ് ആ മലയുടെ മുകളിലുണ്ടായിരുന്നു. അവിടെയെത്തുന്നതിനുമുമ്പ്, പകുതിയും തകർക്കപ്പെട്ട ഒരു വൻനഗരത്തിലൂടെ പരിശുദ്ധ പിതാവു കടന്നു പോയി. വിറയ്ക്കുന്ന പാദങ്ങളോടെ ഇടറിയാണ് അദ്ദേഹം നടന്നിരുന്നത്. ദുഃഖവും വേദനയും അദ്ദേഹത്തെ ക്ലേശിപ്പിച്ചിരുന്നു. വഴിയിൽക്കണ്ട മൃതദേഹങ്ങളുടെ ആത്മാക്കൾക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. മലമുകളിലെത്തിയ അദ്ദേഹം ആ വലിയ കു

www.malankaralibrary.com

രിശിൻ ചുവട്ടിൽ മുട്ടുകുത്തിയപ്പോൾ ഒരു പററം പടയാളികൾ വെടിവച്ചും അമ്പെയ്തും അദ്ദേഹത്തെ കൊന്നു. മററു മെത്രാന്മാരും വൈദികരും സ്ത്രീപുരുഷ സന്യസ്തരും വ്യത്യസ്ത പദവികളിലും സ്ഥാനങ്ങളിലുമുള്ള അല്മായരും ഒന്നൊന്നായി ആ വിധത്തിൽ കൊല്ലപ്പെട്ടു. കുരിശിൻെറ രണ്ടു കരങ്ങൾക്കു താഴെ, കൈയിൽ സ്ഫടികപാത്രവുമായി രണ്ടു മാലാഖമാർ ഉണ്ടായിരുന്നു. പാത്രങ്ങളിൽ ശേഖരിച്ച രക്തസാക്ഷികളുടെ രക്തം അവർ ദൈവത്തിങ്കലേക്കു നടന്നു കൊണ്ടിരുന്ന ആത്മാക്കളുടെ മേൽ തളിച്ചുകൊണ്ടിരുന്നു".

## എന്താണു ഫാത്തിമാരഹസ്യം?

പോർട്ടുഗലിലെ ഫാത്തിമായ്ക്കു സമീപമുള്ള കോവാ ദ് ഇറിയായിൽ ഇടയക്കുട്ടികളായ ലൂസിയാ, ഫ്രാൻസിസ്കോ, ജസീന്താ എന്നിവർക്ക് 1917 മെയ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലായി പരിശുദ്ധ ദൈവമാതാവ് ആറുപ്രാവശ്യം പ്രത്യക്ഷപ്പെടുകയുണ്ടായി. 1917 ജൂലൈ 13-ന് ഉണ്ടായ മൂന്നാമത്തെ ദർശനത്തിൽ നൽകിയ വെളിപാടിനെയാണ് ഫാത്തിമാരഹസ്യം എന്നു വിളിക്കുന്നത്. ഈ വെളിപാടിന് മൂന്നു ഭാഗങ്ങളുള്ളതായി ആരംഭം മുതൽ വിശ്വസിച്ചിരുന്നു. ഫാത്തിമാരഹസ്യത്തിൻെറ ആദ്യത്തെ രണ്ടു ഭാഗങ്ങൾ ഇതിനകം സുവിദിതമായിക്കഴിഞ്ഞതാണ്. ഒന്നാം ഭാഗത്ത്, ഹതഭാഗ്യരായ പാപികൾ നിപതിക്കുന്ന നരകത്തിൻെറ ദർശനം കുട്ടികൾക്ക് ലഭിക്കുന്നു. സമീപസ്ഥമായ യുദ്ധം, തിന്മയുടെ ഫലമായി ലോകത്ത് സംഭവിക്കുവാൻ പോകുന്ന കഷ്ടതകൾ, റഷ്യയുടെ മാനസാന്തരം എന്നിവയാണ് ദർശനത്തിൻെറ രണ്ടാം ഭാഗത്ത് കുട്ടികൾക്ക് ദൃശ്യമായത്. തൻെറ വിമലഹൃദയത്തോട് ഭക്തി വേണമെന്നും എല്ലാ മെത്രാൻമാരുമായുള്ള ഐക്യത്തിൽ മാർപ്പാപ്പാ റഷ്യയെ തനിക്കു പ്രതിഷ്ഠിക്കണമെന്നും പരിശുദ്ധ ദൈവമാതാവ് ആവശ്യപ്പെടുകയുണ്ടായി. ലെയ്റിയായിലെ മെത്രാൻ ജോസെദ് സിൽവായുടെ കല്പന പ്രകാരം പരിശുദ്ധ ദൈവമാതാവിൻെറ അനുവാദത്തോടെ സിസ്റ്റർ ലൂസിയ (സന്യാസിനിയായിത്തീർന്ന ലൂസിയ) 1941 ആഗസ്റ്റ് 31-ൽ എഴുതിയ മൂന്നാമത്തെ അനുസ്മരണയാണ് രഹസ്യത്തിൻെറ ആദ്യത്തെ രണ്ടു ഭാഗങ്ങളുടെ ഔദ്യോഗിക രേഖയ്ക്കായി അവലംബിച്ചിരിക്കുന്നത്.

രഹസ്യത്തിൻെറ മൂന്നാം ഭാഗമായ 'വലിയ രഹസ്യം' ആർക്കും വെളിപ്പെടുത്താൻ പരിശുദ്ധ അമ്മ അപ്പോൾ കുട്ടികൾക്ക് അനുവാദം നൽകിയില്ല. ഈ മൂന്നാം ഭാഗത്തെ ഫാത്തിമാരഹസ്യത്തിൻെറ സുപ്രധാന ഭാഗമെന്നും ലോകാന്ത്യം സംബന്ധിച്ച രഹസ്യമെന്നുമൊക്കെ അനേകർ കരുതാൻ തുടങ്ങി. ലെയ്റിയായിലെ മെത്രാൻെറ കല്പനപ്രകാരവും പരിശുദ്ധ കന്യകയുടെ അനുവാദത്തോടെയും 1944 ജനുവരി 3-ാം തീയതി സി. ലൂസിയാ ഫാത്തിമാരഹസ്യത്തിൻെറ മൂന്നാം ഭാഗം എഴുതി. സി. ലൂസിയ എഴുതിയ രഹസ്യം മുദ്രവച്ച കവറിൽ ബിഷപ്പിൻെറ സംരക്ഷണയിൽ ആയിരുന്നു. കവറിനു പുറത്ത് 1960-നു ശേഷം ഇതു തുറക്കാവൂ

www.malankaralibrary.com

ന്നതാണ് എന്നു സി. ലൂസിയ എഴുതിയിരുന്നു. റോമിൽ നിന്നുള്ള നിർദ്ദേശപ്രകാരം ഈ കവർ 1957 ഏപ്രിൽ 4-ന് തിരുസംഘത്തിൻെറ (Holy Office) രഹസ്യ ആർക്കൈവ്സിലേക്കു മാററപ്പെട്ടു. 1959 ആഗസ്റ്റ് 17-ന് ജോൺ 23-ാമൻ മാർപ്പാപ്പ ഫാത്തിമാരഹസ്യത്തിൻെറ മൂന്നാം ഭാഗം വായിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, 1960 ഫെബ്രുവരി 8-ന് മൂന്നാം ഭാഗത്തിൻെറ ഉള്ളടക്കം പരസ്യമാക്കുകയില്ല എന്നു വത്തിക്കാനിൽ നിന്ന് അറിയിപ്പുണ്ടായി. 1965 മാർച്ച് 27-ന് പോൾ ആറാമൻ മാർപ്പാപ്പായും ഫാത്തിമാരഹസ്യം വായിച്ചതായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. തൻെറ നേർക്കുള്ള അലി ആഗ്കയുടെ വധശ്രമത്തിനുശേഷം ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ 1981 ജൂലൈ മാസത്തിൽ ഈ രഹസ്യം വായിച്ചറിഞ്ഞു. ഫാത്തിമാരഹസ്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മാർപ്പാപ്പാ 1984 മാർച്ച് 25-ന് സമസ്ത ലോകത്തെയും പരിശുദ്ധ ദൈവമാതാവിൻെറ വിമലഹൃദയത്തിനു സമർപ്പിച്ചു. മാർപ്പാപ്പായുടെ ആഘോഷ സമന്വിതവും സാർവ്വത്രികവുമായ പ്രാർത്ഥന പരിശുദ്ധ അമ്മയുടെ ഹിതത്തിനു ചേർന്നതാണ് എന്ന് സി. ലൂസിയാ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

2000 മെയ് 13-ന് ഫാത്തിമായിൽവച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ഫ്രാൻസിസ്കോയെയും ജസീന്തായെയും ധന്യപദവിയിലേക്ക് ഉയർത്തി. സമീപഭാവിയിൽ ഫാത്തിമാരഹസ്യത്തിൻെറ മൂന്നാം ഭാഗം പരസ്യപ്പെടുത്തുമെന്ന് തദവസരത്തിൽ സെക്രട്ടറി ഓഫ് സ്റ്റേററ്, കർദ്ദിനാൾ ആൻജെലോ സൊഡാനോ അറിയിക്കുകയുണ്ടായി. ഇതനുസരിച്ച് 2000 ജൂൺ 26-ന് വിശ്വാസപ്രബോധനത്തിനുവേണ്ടിയുള്ള തിരുസംഘം ഫാത്തിമാരഹസ്യത്തിൻെറ മൂന്നാം ഭാഗം പരസ്യപ്പെടുത്തുകയുണ്ടായി. തിരുസംഘം പുറപ്പെടുവിച്ച രേഖയിൽ (THE MESSAGE OF FATHIMA) താഴെപ്പറയുന്ന കാര്യങ്ങൾ നാം കാണുന്നു:

1. ഫാത്തിമാരഹസ്യത്തിലെ സി. ലൂസിയാ പോർട്ടുഗീസു ഭാഷയിൽ എഴുതിയ ഒന്നും, രണ്ടും മൂന്നും ഭാഗങ്ങളും അവയുടെ ഇംഗ്ലീഷ് തർജ്ജമകളും.

2. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ സി. ലൂസിയായ്ക്ക് പോർട്ടുഗീസു ഭാഷയിൽ എഴുതിയ കത്തും അതിൻെറ ഇംഗ്ലീഷ് തർജ്ജമയും

3. സി. ലൂസിയായുമായി മാർപ്പാപ്പായുടെ പ്രതിനിധി ആർച്ചുബിഷപ്പ് തർസീസിയോ ബെർത്തോണേയും ലെയ്റിയായിലെ ബിഷപ്പ് സെറാഫിം ദെസൂസായും നടത്തിയ സംഭാഷണത്തിൻെറ സംഗ്രഹം

4. ഫ്രാൻസ്കോയുടെയും ജസീന്തായുടെയും നാമകരണ നടപടികൾക്കുള്ള വി. കുർബാനയുടെ അവസാനം, മാർപ്പാപ്പായുടെ നിർദ്ദേശപ്രകാരം, കർദ്ദിനാൾ ആൻജെലോ സൊഡാനോ ഫാത്തിമാരഹസ്യം സംബന്ധിച്ചു നടത്തിയ പ്രസ്താവന

5. ഫാത്തിമാരഹസ്യത്തിന് വിശ്വാസപ്രബോധനസംഘത്തിൻെറ

www.malankaralibrary.com

പ്രീഫെക്ട് കർദ്ദിനാൾ ജോസഫ് റാററ്സിങ്ങർ നല്കുന്ന ദൈവശാസ്ത്ര വ്യാഖ്യാനം

## ദർശകരായ കുട്ടികൾക്ക് എന്തു സംഭവിച്ചു?

ഫ്രാൻസിസ്കോ 1919 ഏപ്രിൽ 4-നും (1908 ജൂൺ 11 - 1919 ഏപ്രിൽ 4) സഹോദരി ജസീന്താ 1920 ഫെബ്രുവരി 20-നും (1910 മാർച്ച് 11 - 1920 ഫെബ്രുവരി 20) നിര്യാതരായി. യൂറോപ്പിനെ ഗ്രസിച്ച സ്പാനിഷ് ഫ്ളൂ ആയിരുന്നു മരണകാരണം. 1925 ഒക്ടോബർ 25-നു ലൂസിയാ ഡോറോത്തിയൻ സന്യാസസമൂഹത്തിൽ അംഗമാകാൻ മഠത്തിൽ പ്രവേശിച്ചു. സ്പെയിനിലാണ് ലൂസിയാ സന്യാസപരിശീലനം നടത്തിയത്. വത്തിക്കാൻെറ നിർദ്ദേശപ്രകാരം 1948 മെയ് 13-ന് സി. ലൂസിയാ ഡെറോത്തിയൻ സഭ വിട്ട് കർമ്മലീത്താ സഭയിൽ പ്രവേശിച്ച് സന്യാസവസ്ത്രം സ്വീകരിച്ചു. 93 വയസ്സുകാരിയായ സി. ലൂസിയാ ഇപ്പോൾ പോർട്ടുഗലിലെ കോയിമ്പ്രയിലുള്ള സെൻറ് തെരേസാസ് കർമ്മലമഠത്തിലെ അംഗമാണ്.

## ദർശനങ്ങളെ എപ്രകാരമാണ് വിലയിരുത്തേണ്ടത്?

സഭയുടെ പ്രബോധനവും പാരമ്പര്യവും, പൊതു വെളിപാട് (PUBLIC REVELATION), സ്വകാര്യ വെളിപാട് (PRIVATE REVELATION) എന്നിങ്ങനെ ദർശനങ്ങളെയും വെളിപാടുകളെയും സംബന്ധിച്ച് തിരിവ് നടത്തുന്നുണ്ട്. മനുഷ്യവംശത്തിനു മുഴുവനുമായി ദൈവം നടത്തുന്ന വെളിപ്പെടുത്തൽ കർമ്മമാണ് പൊതു വെളിപാട്. ഇതിൻെറ സാഹിത്യപരവും രചനാപരവുമായ ആവിഷ്കാരം വി. ഗ്രന്ഥത്തിലെ പഴയനിയമത്തിലും പുതിയ നിയമത്തിലുമായി നാം കാണുന്നു. മനുഷ്യനെ തന്നോട് അനുരഞ്ജിപ്പിക്കാനുള്ള ദൈവത്തിൻെറ ജീവദായകമായ സംവേദനമാണ് പൊതു വെളിപാടിലൂടെ നമുക്ക് ലഭ്യമാകുക. യേശുക്രിസ്തുവിൻെറ മനുഷ്യാവതാരത്തിലും കുരിശുമരണത്തിലും ഉയിർപ്പിലും പൊതുവെളിപാട് അതിൻെറ പാരമ്യത്തിൽ എത്തുകയും സമാപിക്കുകയും ചെയ്യുന്നു. എന്നാൽ വെളിപാട് പൂർണ്ണമായതുകൊണ്ട് നാം അത് പൂർണ്ണമായി ഗ്രഹിച്ചു എന്നർത്ഥമില്ല. പരിശുദ്ധാത്മാവിൻെറ നിവേശനത്താൽ നാം നിരന്തരം ക്രിസ്തീയ വിശ്വാസത്തിൻെറ ആഴങ്ങളിലേക്ക് നയിക്കപ്പെടുകയാണ്. വിശ്വാസികളുടെ ധ്യാനവും പഠനവും ആദ്ധ്യാത്മികാനുഭവങ്ങളും പ്രഘോഷണവും നിരന്തരം വെളിപാടിൻെറ നവമായ അർത്ഥങ്ങൾ ലഭ്യമാക്കുകയും വചനത്തെ അവരിൽ വളർത്തുകയും ചെയ്യുന്നുണ്ട്.

പുതിയ നിയമത്തിന്റെ പൂർത്തീകരണത്തിനുശേഷം ഉണ്ടായ എല്ലാ ദർശനങ്ങളെയും വെളിപാടുകളെയുമാണ് സ്വകാര്യവെളിപാടുകൾ എന്നതുകൊണ്ട് വിവക്ഷിക്കുക. ഫാത്തിമാരഹസ്യം ഇത്തരത്തിൽ പെടുന്ന ഒന്നത്രേ. സഭയുടെ ചരിത്രത്തിൽ എക്കാലവും ഇത്തരത്തിലുള്ള വെളിപാടുകൾ ഉണ്ടായിട്ടുണ്ട്. ഇവയിൽ ചിലതിനെ സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്. ക്രിസ്തുവിലൂടെ നടന്ന നിർണ്ണായകമായ വെളിപാ

www.malankaralibrary.com

ടിനെ പൂർത്തീകരിക്കുകയല്ല ഇവയുടെ ദൗത്യം; പ്രത്യുത, ക്രിസ്തുവിൽ ലഭ്യമായ വെളിപാടിന് അനുസൃതമായി കൂടുതൽ പൂർണ്ണമായി ജീവിക്കുവാൻ ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ വിശ്വാസികളെ സഹായിക്കുക എന്നതാണ്.

പൊതുവെളിപാടിൻെറ ആധികാരികത അത് ദൈവത്തിൽനിന്ന് ലഭിക്കുന്നു എന്നുള്ളതാണ്. അതിനുള്ള പ്രത്യുത്തരം വിശ്വാസത്തിലൂടെ നൽകേണ്ടതാണ്. ഈ വിശ്വാസത്തിനുള്ള സഹായമെന്ന നിലയിലും ഈ വിശ്വാസത്തിലേക്ക് വീണ്ടും ഒരുവനെ എത്തിക്കുന്നു എന്നതിലുമാണ് സ്വകാര്യവെളിപാടിൻെറ വിശ്വാസ്യത അടങ്ങിയിരിക്കുന്നത്. ക്രിസ്തുവിലേക്കും ക്രിസ്തുരഹസ്യങ്ങളിലേക്കും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു എന്നതിലാണ് സ്വകാര്യവെളിപാടിൻെറ യാഥാർത്ഥ്യവും മൂല്യവും അടങ്ങിയിരിക്കുന്നത്. അതേസമയം സ്വകാര്യവെളിപാട് വിശ്വാസജീവിതത്തിൽ നവമായ ഊന്നലുകൾ നല്കിയെന്നുവരാം. പുതിയ ഭക്താഭ്യാസങ്ങൾക്കു രൂപംകൊടുത്തെന്നോ പഴയവയ്ക്കു നവമായ അർത്ഥവും പ്രചാരവും ലഭ്യമാക്കിയെന്നോ വരാം. ആരാധനക്രമത്തിലും ഇവയുടെ സ്വാധീനം ദൃശ്യമാകാറുണ്ട്. വി. കുർബാനയുടെയും തിരുഹൃദയത്തിൻെറയും തിരുന്നാളുകൾ ഇതിന് ഉദാഹരണങ്ങളാണ്.

സഭയിൽ എക്കാലവും പ്രവർത്തന നിരതമായിരിക്കുന്ന വരദാനങ്ങളെ (CHARISMS) നമുക്ക് നിഷേധിക്കാനാവില്ല. പ്രവചനവരം ഇവയിൽ മുഖ്യവുമാണ്. പ്രവചനവരത്തിൻെറ, ഭാവി മുൻകൂട്ടി അറിയിക്കുന്ന ഭാഗമല്ല ഇവിടെ പ്രധാനം. ദൈവികവെളിപാടിൻെറ നിറവേറലാണ് പ്രാധാന്യം അർഹിക്കുന്ന വസ്തുത. പ്രവചനത്തിലെ വാക്ക് ഒരു മുന്നറിയിപ്പോ സമാശ്വാസമോ ആകാം. ഒരു പക്ഷേ രണ്ടും ഉൾക്കൊള്ളുന്നതുമാകാം. പ്രവചനവരവും 'കാലഘട്ടത്തിൻെറ അടയാളങ്ങളും' തമ്മിലുള്ള ബന്ധം ഇവിടെ പ്രസക്തമായി വരുന്നു. താൻ സ്വീകരിക്കുന്ന പാതയെക്കുറിച്ചുള്ള അറിവ് അഥവാ തന്നെക്കുറിച്ചു തന്നെയുള്ള അറിവിനെയാണ് യേശു കാലഘട്ടത്തിൻെറ അടയാളങ്ങൾ എന്നതുകൊണ്ട് വിവക്ഷിച്ചത്. കാലഘട്ടത്തിൻെറ അടയാളങ്ങളെ വിശ്വാസത്തിൻെറ വെളിച്ചത്തിൽ വ്യാഖ്യാനിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എല്ലാ യുഗത്തിലുമുള്ള, എക്കാലവുമുള്ള യേശുവിൻെറ സാന്നിദ്ധ്യം തിരിച്ചറിയുക എന്നത്രേ. ഫാത്തിമായിലേത് ഉൾപ്പെടെ സഭ അംഗീകരിച്ചിട്ടുള്ള സ്വകാര്യ വെളിപാടുകളിൽ ദൃശ്യമാകുന്ന വസ്തുത ഇതത്രേ. അവ കാലഘട്ടത്തിൻെറ അടയാളങ്ങളെ മനസ്സിലാക്കാനും സ്വയം വിശ്വാസത്തിൽ അധിഷ്ഠിതമായി തക്കതായ പ്രത്യുത്തരം നല്കാനും നമ്മെ സഹായിക്കുന്നു.

ദർശനം ലഭിക്കുന്ന വ്യക്തിയുടെ മാനസിക ഭാവങ്ങൾ അവയുടെ ആവിഷ്കാരത്തിൽ പ്രധാനപ്പെട്ടതാണ്. വ്യക്തിയുടെ കഴിവുകളും പരിമിതികളും ദർശനത്തിൻെറ രൂപഭാവങ്ങളെ സ്വാധീനിക്കുന്നുണ്ട്. തങ്ങൾക്ക് ഉന്നതത്തിൽ നിന്നു ലഭിക്കുന്ന കാര്യങ്ങൾ സ്വാംശീകരിച്ച് അവതരി

www.malankaralibrary.com

ടിനെ പൂർത്തീകരിക്കുകയല്ല ഇവയുടെ ദൗത്യം; പ്രത്യുത, ക്രിസ്തുവിൽ ലഭ്യമായ വെളിപാടിന് അനുസൃതമായി കൂടുതൽ പൂർണ്ണമായി ജീവിക്കുവാൻ ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ വിശ്വാസികളെ സഹായിക്കുക എന്നതാണ്.

പൊതുവെളിപാടിന്റെ ആധികാരികത അത് ദൈവത്തിൽനിന്ന് ലഭിക്കുന്നു എന്നുള്ളതാണ്. അതിനുള്ള പ്രത്യുത്തരം വിശ്വാസത്തിലൂടെ നൽകേണ്ടതാണ്. ഈ വിശ്വാസത്തിനുള്ള സഹായമെന്ന നിലയിലും ഈ വിശ്വാസത്തിലേക്ക് വീണ്ടും ഒരുവനെ എത്തിക്കുന്നു എന്നതിലുമാണ് സ്വകാര്യവെളിപാടിന്റെ വിശ്വാസ്യത അടങ്ങിയിരിക്കുന്നത്. ക്രിസ്തുവിലേക്കും ക്രിസ്തുരഹസ്യങ്ങളിലേക്കും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു എന്നതിലാണ് സ്വകാര്യവെളിപാടിന്റെ യാഥാർത്ഥ്യവും മൂല്യവും അടങ്ങിയിരിക്കുന്നത്. അതേസമയം സ്വകാര്യവെളിപാട് വിശ്വാസജീവിതത്തിൽ നവമായ ഊന്നലുകൾ നല്കിയെന്നുവരാം. പുതിയ ഭക്താഭ്യാസങ്ങൾക്കു രൂപംകൊടുത്തെന്നോ പഴയവയ്ക്കു നവമായ അർത്ഥവും പ്രചാരവും ലഭ്യമാക്കിയെന്നോ വരാം. ആരാധനക്രമത്തിലും ഇവയുടെ സ്വാധീനം ദൃശ്യമാകാറുണ്ട്. വി. കുർബാനയുടെയും തിരുഹൃദയത്തിന്റെയും തിരുന്നാളുകൾ ഇതിന് ഉദാഹരണങ്ങളാണ്.

സഭയിൽ എക്കാലവും പ്രവർത്തന നിരതമായിരിക്കുന്ന വരദാനങ്ങളെ (CHARISMS) നമുക്ക് നിഷേധിക്കാനാവില്ല. പ്രവചനവരം ഇവയിൽ മുഖ്യവുമാണ്. പ്രവചനവരത്തിന്റെ, ഭാവി മുൻകൂട്ടി അറിയിക്കുന്ന ഭാഗമല്ല ഇവിടെ പ്രധാനം. ദൈവികവെളിപാടിന്റെ നിറവേറലാണ് പ്രാധാന്യം അർഹിക്കുന്ന വസ്തുത. പ്രവചനത്തിലെ വാക്ക് ഒരു മുന്നറിയിപ്പോ സമാശ്വാസമോ ആകാം. ഒരു പക്ഷേ രണ്ടും ഉൾക്കൊള്ളുന്നതുമാകാം. പ്രവചനവരവും 'കാലഘട്ടത്തിന്റെ അടയാളങ്ങളും' തമ്മിലുള്ള ബന്ധം ഇവിടെ പ്രസക്തമായി വരുന്നു. താൻ സ്വീകരിക്കുന്ന പാതയെക്കുറിച്ചുള്ള അറിവ് അഥവാ തന്നെക്കുറിച്ചു തന്നെയുള്ള അറിവിനെയാണ് യേശു കാലഘട്ടത്തിന്റെ അടയാളങ്ങൾ എന്നതുകൊണ്ട് വിവക്ഷിച്ചത്. കാലഘട്ടത്തിന്റെ അടയാളങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എല്ലാ യുഗത്തിലുമുള്ള, എക്കാലവുമുള്ള യേശുവിന്റെ സാന്നിദ്ധ്യം തിരിച്ചറിയുക എന്നത്രേ. ഫാത്തിമായിലേത് ഉൾപ്പെടെ സഭ അംഗീകരിച്ചിട്ടുള്ള സ്വകാര്യ വെളിപാടുകളിൽ ദൃശ്യമാകുന്ന വസ്തുത ഇതത്രേ. അവ കാലഘട്ടത്തിന്റെ അടയാളങ്ങളെ മനസ്സിലാക്കാനും സ്വയം വിശ്വാസത്തിൽ അധിഷ്ഠിതമായി തക്കതായ പ്രത്യുത്തരം നല്കാനും നമ്മെ സഹായിക്കുന്നു.

ദർശനം ലഭിക്കുന്ന വ്യക്തിയുടെ മാനസിക ഭാവങ്ങൾ അവയുടെ ആവിഷ്കാരത്തിൽ പ്രധാനപ്പെട്ടതാണ്. വ്യക്തിയുടെ കഴിവുകളും പരിമിതികളും ദർശനത്തിന്റെ രൂപഭാവങ്ങളെ സ്വാധീനിക്കുന്നുണ്ട്. തങ്ങൾക്ക് ഉന്നതത്തിൽ നിന്നു ലഭിക്കുന്ന കാര്യങ്ങൾ സ്വാംശീകരിച്ച് അവതരി

www.malankaralibrary.com

പ്പിക്കുന്നതിൽ വ്യക്തികൾ ശക്തമായി ഉൾപ്പെടുന്നുണ്ട്. ദർശനങ്ങളിലെ രൂപാത്മകഭാഷ (FIGURATIVE LANGUAGE) യാകട്ടെ പ്രതീകാത്മകവുമാണ് (SYMBOLIC). ദർശനങ്ങളിലെ ഓരോ വിശദാംശവും സമയത്തിലും കാലത്തിലും പൂർണ്ണമാകണമെന്നില്ല. ദർശനത്തിന്റെ മുഖ്യഭാഗം വെളിപ്പെടുത്തുന്നത്, അത് ക്രിസ്തീയ പ്രവചനത്തിന്റെ കേന്ദ്രഭാഗവുമായി പൊരുത്തപ്പെടുമ്പോഴാണ്. ദർശനത്തിന്റെ പ്രധാനതന്തു ദൃശ്യമാകുക ദൈവത്തിന്റെ ഹിതത്തിലേക്കുള്ള വിളിയും മാർഗ്ഗദർശനവും ആകുമ്പോഴാണ്.

## ഫാത്തിമാരഹസ്യത്തിന്റെ പൊരുൾ എന്താണ്?

ഫാത്തിമായിൽ കുട്ടികൾക്ക് പരിശുദ്ധ ദൈവമാതാവ് എന്തിനാണ് നിമിഷനേരത്തേക്ക് നരകത്തിന്റെ ദർശനം നൽകിയത്? നരകത്തിലേക്ക് നിപതിക്കുന്ന ഹതഭാഗ്യരെ കാട്ടിക്കൊടുത്തത് എന്തിനാണ്? ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയത്രേ ഈ കാഴ്ച സാധ്യമാക്കിയത്; അഥവാ രക്ഷയുടെ മാർഗ്ഗം നിർദ്ദേശിക്കാനാണ്. പരിശുദ്ധ ദൈവമാതാവിന്റെ വിമല ഹൃദയത്തോടുള്ള ഭക്തിയാണ് രക്ഷാമാർഗ്ഗമായി നിർദ്ദേശിക്കുക. അതായത്, അവളുടെ ഹൃദയത്തിന്റെ ഭാവങ്ങളെ അനുകരിക്കാനാണ് മറിയം ആവശ്യപ്പെടുക. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ എന്ന് ഏററുപറഞ്ഞ തന്റെ മാതൃകയിൽ സമ്പൂർണ്ണമായി ദൈവേഷ്ടത്തിന് സമർപ്പിക്കുവാൻ ലോകത്തെ മറിയം ഉപദേശിക്കുന്നു.

ആത്മാക്കളുടെ രക്ഷയാണ് പ്രഥമ - ദ്വിതീയ ഭാഗങ്ങളിലെ മുഖ്യ വിഷയമെങ്കിൽ, പശ്ചാത്താപത്തിനുള്ള ആഹ്വാനമാണ് മൂന്നാം രഹസ്യത്തിന്റെ കാതൽ. ഈ ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ കാലഘട്ടത്തിന്റെ അടയാളങ്ങൾ ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യുമ്പോൾ നമുക്കു മനസ്സിലാകുന്ന വസ്തുത ഇതാണ്: വിശ്വാസത്തിൽ അധിഷ്ഠിതമായ മാനസാന്തരമാണ് ഈ ചരിത്രസന്ധിയിൽ ഏററവും യഥാർത്ഥമായ പ്രത്യുത്തരം. മാനസാന്തരത്തിലൂടെ ദൈവത്തിലേക്കു തിരിയുവാനുള്ള ആഹ്വാനമാണ് ഫാത്തിമാരഹസ്യം ലോകത്തിനു നൽകുന്നത്.

ഇടതുകൈയിൽ വെട്ടിത്തിളങ്ങുന്ന വാളുമായി പരിശുദ്ധ മറിയത്തിന്റെ ഇടതുഭാഗത്തു നില്ക്കുന്ന ദൈവദൂതൻ വെളിപാടു പുസ്തകത്തിലേതിനു സമാനമായ ദൃശ്യം നമ്മെ അനുസ്മരിപ്പിക്കുന്നു. ലോകത്തിന്റെ മുകളിൽ ആസന്നമായ വിധിയുടെ മുന്നറിയിപ്പാണ് ദൂതൻ നല്കുക. ഈ വിധിക്കു തടസ്സമായി നില്ക്കുന്നത് ദൈവ കാരുണ്യത്തിന്റെ പ്രതിരൂപമായ മറിയം തന്നെ. അതേസമയം ദൈവദൂതനിൽ നിന്ന് പശ്ചാത്താപത്തിന്റെ വിളി ഉയരുന്നു. എന്താണ് ഈ ഭാഗത്തിന്റെ അർത്ഥം? സ്വാതന്ത്ര്യവും കഴിവുകളും ദുർവിനിയോഗം ചെയ്ത മനുഷ്യൻ തനിക്കു തന്നെയുള്ള വിനാശം ക്ഷണിച്ചു വരുത്തിയിരിക്കുന്നു. എന്നാൽ, മനുഷ്യസ്വാതന്ത്ര്യത്തിന്റെ സാധ്യതകൾ ഇവിടെ വീണ്ടും വ്യക്തമാകുന്നു. തിരിച്ചെഴുതാൻ വയ്യാത്തവിധം നിർണ്ണയിക്കപ്പെട്ട ഒരു ഭാവിയല്ല മനുഷ്യ

www.malankaralibrary.com

രാശിക്കു മുമ്പിലുള്ളത്. മാററത്തിനുള്ള ശക്തികളെ മനുഷ്യൻ അനുതാപത്തിലൂടെ ചലനാത്മകമാക്കണം. അപകടങ്ങളെപ്പററി മുന്നറിയിപ്പു നൽകുകയും അതിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയുമാണ് ദർശനം യഥാർത്ഥത്തിൽ ചെയ്യുക.

ദർശനത്തിൻെറ തുടർന്നുള്ള ഭാഗവും അതിൻെറ പ്രതീകാത്മക സ്വഭാവമാണ് വ്യക്തമാക്കുക. ദൈവികപ്രകാശത്തിൽ മനുഷ്യചരിത്രവും ഭാവിയുമാണ് അനാവരണം ചെയ്യപ്പെടുന്നത്. എല്ലാ വിശദാംശങ്ങളോടും കൂടി ഭാവി ഇവിടെ വ്യക്തമാകുന്നില്ല. കുത്തനെയുള്ള മലയും ഭാഗികമായി തകർക്കപ്പെട്ട നഗരവും മനുഷ്യചരിത്രത്തെ പ്രതിനിധാനം ചെയ്യുന്നു. മലമുകളിലെ കുരിശ് ചരിത്രത്തിൻെറ ലക്ഷ്യവും മാർഗ്ഗദർശനവുമാണ്. മനുഷ്യൻെറ ക്രിയാത്മകതയുടെയും ഏകമനസ്സോടെയുള്ള പ്രവർത്തനത്തിൻെറയും വേദിയാകണം ചരിത്രം. പക്ഷേ, തൻെറ തന്നെ നേട്ടങ്ങളെ ഇല്ലാതാക്കുന്ന നാശോന്മുഖതയുടെ സാധ്യതകളും മനുഷ്യനു മുമ്പിലുണ്ട്. നഗരം കൂട്ടായ്മയുടെയും പുരോഗതിയുടെയും സ്ഥലമാണ്; എന്നാൽ അത്യപകടങ്ങളുടെ സാധ്യതയും അവിടെയുണ്ട്. കുരിശ് തകർച്ചയെ രക്ഷയായി പരിവർത്തനപ്പെടുത്തുന്നു. കുരിശ് ചരിത്രത്തിലെ വേദനകളുടെ അടയാളം മാത്രമല്ല ചരിത്രത്തിനുള്ള വാഗ്ദാനം കൂടിയാണ്. എല്ലാററിനെയും രൂപാന്തരപ്പെടുത്താൻ പര്യാപ്തമായ ശക്തി കുരിശിനുണ്ട്.

സഭ കടന്നുപോയ കുരിശിൻെറ വഴിയാണ് നാം ദർശനത്തിൽ തുടർന്നു കാണുക. കുത്തനെയുള്ള മലകയറുന്ന ജനം സഭയാണ്. സഭ അനുഭവിച്ച വേദനകളുടെയും പീഡനങ്ങളുടെയും ഒരു നൂററാണ്ട് നമുക്കു മുന്നിൽ തെളിഞ്ഞുവരുന്നു. ലോകമഹായുദ്ധങ്ങളുടെയും മററനേകം യുദ്ധങ്ങളുടെയും അഭൂതപൂർവ്വമായ ക്രൂരതകളുടെയും കാലഘട്ടം ഇവിടെ വ്യക്തമാകുന്നു. ഈ ദുരിതങ്ങൾക്കു ഇടയിലൂടെ ക്ലേശിതനായെങ്കിലും ദൃഢചിത്തനായി നേതൃത്വം നൽകി നടന്നു നീങ്ങുന്ന ധവളവസ്ത്ര ധാരിയായ മെത്രാൻ പരിശുദ്ധപിതാവു തന്നെയെന്ന് സി. ലൂസിയാ സാക്ഷ്യപ്പെടുത്തുന്നു. മെത്രാന്മാരും വൈദികരും സ്ത്രീ-പുരുഷ സന്യസ്തരും മലകയറുന്നുണ്ട്. കുരിശിൻെറ വഴിയിൽ മാർപ്പാപ്പായുടെ രൂപത്തിന് സവിശേഷമായ ദൗത്യമുണ്ട്. പത്താം പീയൂസ് മാർപ്പാപ്പാ മുതൽ ഇപ്പോഴത്തെ മാർപ്പാപ്പാ വരെയുള്ളവരുടെ സഹനങ്ങൾ നമ്മുടെ മനസ്സിലേക്ക് ഓടി എത്തുന്നു. ദർശനത്തിൽ മാർപ്പാപ്പാ ഇതര രക്തസാക്ഷികളോടൊപ്പം കൊല്ലപ്പെടുന്നുണ്ട്. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ തനിക്കു നേരെയുള്ള വധശ്രമത്തിൽ നിന്നു രക്ഷപ്പെട്ടശേഷം ഫാത്തിമാരഹസ്യം വായിച്ചപ്പോൾ തൻെറ ദൗത്യവും ഭാഗധേയവും അതിൽ ദർശിച്ചത് അപ്രസക്തമായ കാര്യമല്ല. മാതാവിൻെറ കരമാണ് തന്നെ മരണവക്ത്രത്തിൽ നിന്ന് രക്ഷിച്ചത് എന്ന് മാർപ്പാപ്പാ ഏററുപറഞ്ഞിട്ടുള്ളത് ശ്രദ്ധേയമായ വസ്തുതയാണ്.

www.malankaralibrary.com

ദർശനത്തിന്റെ അവസാന ഭാഗം ആശ്വാസമേകുന്നതാണ്. രക്തത്തിന്റെയും കണ്ണീരിന്റെയും ചരിത്രം ദൈവത്തിന്റെ സൗഖ്യദായകമായ ശക്തിക്കു മുമ്പിൽ വഴിമാറുന്നു. കുരിശിന്റെ രണ്ടു കരങ്ങൾക്കു താഴെ നിന്ന് ദൈവദൂതന്മാർ രക്തസാക്ഷികളുടെ നിണം പാത്രങ്ങളിൽ ശേഖരിച്ച് രക്തസാഷികളുടെമേൽ തളിച്ചുകൊണ്ടിരുന്നു. രക്തസാക്ഷികൾ യേശുവിന്റെ കുരിശിനോടു ചേർന്നാണ് മരണം ഏററുവാങ്ങിയത്. അവരുടെ ബലി അവർക്കുമാത്രമല്ല സഭയ്ക്ക് മുഴുവൻ ജീവന്റെ നിദാനമായി. രക്തസാക്ഷികളുടെ നിണം അനേകം ക്രൈസ്തവരെ പുറപ്പെടുവിച്ച വിത്തായി മാറി എന്ന തെർത്തുല്യന്റെ പ്രസ്താവം ഇവിടെ പ്രസക്തമാവുകയാണ്. ഫലദായകമായ സഹനമാണ് ദർശനത്തിൽനിന്ന് ഉരുത്തിരിയുക. ദൈവത്തിങ്കലേക്കു മനുഷ്യനെ നയിക്കുന്ന സഹനസഭയും രക്തസാക്ഷികളുടെ സഭയുമാണ് നമുക്കു ദൃശ്യമാകുക. സാക്ഷ്യം നൽകുന്നവരുടെ സഹനത്തിന്റെ ശുദ്ധീകരിക്കുന്നതും നവീകരിക്കുന്നതുമായ ശക്തിയും നമുക്കു വ്യക്തമാകുന്നു. രക്തസാക്ഷികളുടെ സഹനം ക്രിസ്തുവിന്റെ സഹനത്തിന്റെ ഇന്നത്തെ യാഥാർത്ഥ്യവല്ക്കരണമാണ്. ഈ ചരിത്രദശയിൽ ക്രിസ്തുവിന്റെ സഹനം മററുള്ളവർക്ക് അനുഭവേദ്യമാക്കിക്കൊടുക്കുന്നതുമാണ് രക്തസാക്ഷികളുടെ വേദനയും കുരിശും.

ഫാത്തിമാരഹസ്യം മുഴുവനായും കഴിഞ്ഞ കാലത്തിന്റെ ഭാഗമായി നമുക്കു തോന്നിയേക്കാം. അതിലെ ഭാഗങ്ങളെ ഒന്നൊന്നായി വിശകലനം ചെയ്താൽ അപ്രകാരമൊരു അനുമാനത്തിൽത്തന്നെ എത്താവുന്നതാണ്. ഇക്കാരണത്താൽ യുഗാന്ത്യപരമായ എന്തെങ്കിലുമൊക്കെ ഫാത്തിമാ രഹസ്യത്തിന്റെ മൂന്നാംഭാഗത്തിൽ പ്രതീക്ഷിച്ചവർക്ക് നിരാശ തോന്നിയേക്കാം. പക്ഷേ, നിത്യനൂതനമായി പ്രസ്തുത സന്ദേശത്തിൽ മികവുററു നിൽക്കുന്ന വസ്തുത ഇതത്രേ: ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള ഉപദേശവും അതുപോലെ പ്രായശ്ചിത്തത്തിനും മാനസാന്തരത്തിനുമുള്ള ആഹ്വാനവും.

## ഉപസംഹാരം

സ്വകാര്യവെളിപാടുകളെ (Private Revelations) വിശ്വസിക്കണമെന്നോ അവയിലെ സന്ദേശങ്ങളെയോ അവയുടെ വ്യാഖ്യാനങ്ങളെയോ സ്വീകരിക്കണമെന്നോ സഭ നിർദ്ദേശിക്കുന്നില്ല. ഔദ്യോഗികമായി സഭ അംഗീകരിച്ചിട്ടുള്ള ദർശനങ്ങളുടെ കാര്യത്തിലും സഭയുടെ നിലപാട് ഇതു തന്നെയാണ്. കാരണം, വിശ്വാസനിക്ഷേപത്തിന്റെ (Deposit of the Faith) ഭാഗമായി സഭ അവയെ കണക്കാക്കുന്നില്ല. എന്നാൽ, വിശ്വാസ ജീവിതത്തിന് കാലാനുസൃതമായ ഉൾക്കാഴ്ച നൽകാൻ സഹായിക്കുന്നു എന്ന നിലയിൽ ഇത്തരം ദർശനങ്ങളെയും വെളിപാടുകളെയും വിലമതിക്കാവുന്നതാണ്. പൊതുവെളിപാടിനോടും (Public Revelation) ആരാധനക്രമത്തോടും ചേർന്നുപോകുന്ന ഉത്തമമായ ഭക്താനുഷ്ഠാനങ്ങളിലേക്ക് ഇവ നമ്മെ നയിച്ചെന്നു വരാം. സഭയുടെ പാരമ്പര്യം അതിനു സാക്ഷ്യം

www.malankaralibrary.com

നൽകുന്നുണ്ട്. ഔദ്യോഗികമായി സഭ അംഗീകരിച്ചവയ്ക്കു പുറമേ അനേകം സ്വകാര്യവെളിപാടുകളെപ്പററിയും ദർശനങ്ങളെപ്പററിയും ചരിത്രം സാക്ഷ്യം നൽകുന്നുണ്ട്. ഇവയിൽ ഏറിയ പങ്കും പരിശുദ്ധ ദൈവമാതാവുമായി ബന്ധപ്പെട്ടവയാണ്. മത-വിശ്വാസ ജീവിതത്തെ സമ്പുഷ്ടമാക്കുന്ന ജനകീയ ഭക്തികളും ഭക്താഭ്യാസങ്ങളും (Popular Piety & Devotions) വളരെയേറെയാണ്. അവയുമായും ഇത്തരം ദർശനങ്ങളെ നാം ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. പരിശുദ്ധ ദൈവമാതാവിൻെറ നേർക്കുള്ള അസാധാരണമായ ഭക്തി സഭയിൽ എന്നും സജീവമായിനിലകൊള്ളുന്നുണ്ട്. ഫാത്തിമാരഹസ്യത്തിൻെറ ചുരുൾ അഴിക്കാനുള്ള സുപ്രധാനമായ താക്കോലും ഇതുതന്നെ. ഈയവസരത്തിൽ അപ്പസ്തോലൻ പൗലോസ് തെസലോനിക്കയിലെ സഭയ്ക്കു നൽകിയ ഉപദേശവും പ്രസക്തമാണ്: "ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്, പ്രവചനങ്ങളെ നിന്ദിക്കരുത്. എല്ലാം പരിശോധിച്ചു നോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ" (1 തെസ. 5:19–21). പരിശുദ്ധാത്മാവിൻെറ വരദാനങ്ങളോടും കാലാനുസൃതമായ നിവേശനങ്ങളോടും തുറവിയോടെ പ്രതികരിക്കാനും സഹകരിക്കാനും ശ്രമിക്കുക. ദർശനങ്ങളിലെയും വെളിപാടുകളിലെയും ഭാവാത്മകമായ വശങ്ങളെ ഉൾക്കൊള്ളുക എന്നതാണ് അഭികാമ്യമായ നടപടിയും സമീപനവും.

www.malankaralibrary.com

# 20

# കർത്താവായ യേശു

സമീപകാലത്ത് വളരെയേറെ ശ്രദ്ധിക്കപ്പെട്ടതും വിശകലനം ചെയ്യപ്പെട്ടതുമായ വത്തിക്കാൻ രേഖയാണ് 'കർത്താവായ യേശു' (DOMINIUS JESUS=DJ). കത്തോലിക്കാസഭയിലെ ദൈവശാസ്ത്രജ്ഞന്മാർ ഈ രേഖയോട് പ്രകടമാക്കിയ പ്രതികരണം ഇതരസഭകളിലെയും മതങ്ങളിലെയും ചിന്തകരെയും ഈ രേഖയിലേക്കു ശ്രദ്ധിക്കുവാൻ പ്രേരിപ്പിച്ചു എന്നതാണ് സത്യം. ആഗസ്റ്റ് 6, 2000-ലാണ് വിശ്വാസ പ്രബോധന സംഘം (Congregation for the Doctrine of the Faith) 'കർത്താവായ യേശു' പ്രസാധനം ചെയ്തത്. വളരെയേറെ ചർച്ചകൾക്ക് വിധേയമായ ഈ രേഖ കത്തോലിക്കാ സഭയുടെ അടിസ്ഥാനപരമായ വിശ്വാസസത്യങ്ങളുടെ വളരെ ഹ്രസ്വമായ അവതരണമാണ്. ആമുഖം, ആറ് ലഘു അദ്ധ്യായങ്ങൾ, ഉപസംഹാരം എന്നിവയാണ് 'കർത്താവായ യേശു'വിലുള്ളത്. ഖണ്ഡികകളും ഉപഖണ്ഡികകളുമായി ഇരുപത്തിമൂന്ന് നമ്പറുകളിലായാണ് ഈ രേഖ കത്തോലിക്കനായ വിശ്വാസി സ്വീകരിക്കേണ്ട വിശ്വാസസത്യങ്ങൾ ആവിഷ്കരിക്കുക.

യേശുവിൻെറ കല്പനപ്രകാരം സുവിശേഷപ്രഘോഷണം ആരംഭിച്ച സഭയ്ക്ക് തൻെറ ദൗത്യനിർവ്വഹണം ഇനിയും പൂർത്തീകരിക്കാനുള്ള ഒന്നത്രേ. മററു മതങ്ങളോടും അവയുടെ മൂല്യങ്ങളോടും തുറവിയുള്ളതും ഭാവാത്മകവുമായ സമീപനം സ്വീകരിച്ചുകൊണ്ട് ഈ ദൗത്യം പൂർത്തിയാക്കാനാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിലൂടെ സഭ ആഹ്വാനം ചെയ്തത്. അതിനായി സുവിശേഷപ്രഘോഷണത്തിൻെറ ഭാഗമായി മതാന്തരസംവാദം (INTERRELIGIOUS DIALOGUE) എന്ന മാർഗ്ഗം ഉപയോഗിക്കുവാൻ സൂനഹദോസ് നിർദ്ദേശിച്ചു. പ്രേഷിതവേലയുടെയും മതാന്തരസംവാദത്തിൻെറയും പശ്ചാത്തലത്തിൽ ക്രൈസ്തവ വിശ്വാസത്തിൻെറ ഒഴിച്ചു കൂടാനാവാത്തതും അവഗണിക്കാനാവാത്തതുമായ ചില സത്യങ്ങൾ വ്യക്തമാക്കാനാണ് 'കർത്താവായ യേശു' ശ്രമിക്കുക. പഠനത്തിലും ഗവേഷണത്തിലും സത്യാന്വേഷണത്തിലും അനുപേക്ഷ

www.malankaralibrary.com

ണീയങ്ങളായ സത്യങ്ങളുണ്ട്. ആപേക്ഷികതാവാദപരമായ സിദ്ധാന്തങ്ങളുടെ (RELATIVISTIC THEORIES) യും മതങ്ങളുടെ ബഹുത്വത്തിൻെറ (RELIGIOUS PLURALISM) ന്യായീകരണത്തിൻെറയും സാഹചര്യത്തിൽ സഭയുടെ വിശ്വാസവും ദൗത്യവും അവ്യക്തതകൾക്ക് വശംവദമാകുന്നതായി അനുഭവപ്പെടുന്നു. ദൈവശാസ്ത്രത്തിൻെറയും തത്വശാസ്ത്രത്തിൻെറയും സ്വഭാവമുള്ള ചില മുൻധാരണകളാണ് (PRESUPPOSITIONS) ഈ പ്രശ്നങ്ങൾക്ക് കാരണമായിരിക്കുന്നത്. വെളിപാടിനെക്കുറിച്ചുള്ള അറിവിനെയും അംഗീകാരത്തെയും തടസ്സപ്പെടുത്തുന്ന പ്രസ്തുത ധാരണകളെ താഴെപ്പറയുന്നവിധം തിരുസംഘത്തിൻെറ രേഖ സംഗ്രഹിച്ചിരിക്കുന്നു (DJ 4.1):

1. ക്രൈസ്തവ വെളിപാടിൽനിന്നുപോലും ദൈവികസത്യം വഴുതിപ്പോവുകയും അവാച്യമായിരിക്കുകയും ചെയ്യുന്നുവെന്ന അവബോധം

2. സത്യത്തെ സംബന്ധിച്ചുതന്നെ ആപേക്ഷികതാവാദപരമായ (Relativistic) മനോഭാവങ്ങൾ. ഈ മനോഭാവമനുസരിച്ച് ചിലരെ സംബന്ധിച്ച് സത്യമായിട്ടുള്ളത് മററുള്ളവരെ സംബന്ധിച്ച് സത്യമായിരിക്കുകയില്ല.

3. പാശ്ചാത്യരുടെ യുക്ത്യധിഷ്ഠിത മനോഭാവവും പൗരസ്ത്യരുടെ പ്രതീകാത്മകതയിൽ അധിഷ്ഠിതമായ മനോഭാവവും തമ്മിൽ ഉണ്ടെന്നുകരുതുന്ന മൗലികമായ വൈരുദ്ധ്യം

4. കർത്തൃനിഷ്ഠതാവാദം (Subjectivism). ഇത്, അറിവിൻെറ ഉറവിടമായി യുക്തിയെ മാത്രം പരിഗണിക്കുന്നു. അങ്ങനെ അതിന് 'അത്യുന്നതങ്ങളിലേക്കു കണ്ണുയർത്താൻ കഴിവില്ലെന്നും സത്തയുടെ (Being) സത്യത്തിലേക്ക് ദൃഷ്ടിയുയർത്താൻ ധൈര്യമില്ലെന്നും' പറയുന്നു.

5. ചരിത്രത്തിൽ നിയതവും യുഗാന്ത്യപരവുമായ സംഭവങ്ങളുണ്ടെന്ന് ഗ്രഹിക്കാനോ സ്വീകരിക്കാനോ പ്രയാസമാണെന്ന ചിന്ത

6. നിത്യവചനത്തിനു ചരിത്രത്തിലുണ്ടായ മനുഷ്യാവതാരത്തെ, ചരിത്രത്തിൽ ദൈവം നടത്തിയ കേവലം ഒരു പ്രത്യക്ഷപ്പെടൽ മാത്രമായി ചുരുക്കുകയും സദ്വിജ്ഞാനപരമായി ആ സംഭവത്തെ ശൂന്യമാക്കുകയും ചെയ്യൽ

7. ദൈവശാസ്ത്രപരമായ ഗവേഷണത്തിൽ വിമർശനബുദ്ധിയില്ലാതെ, തത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ വിവിധ സാഹചര്യങ്ങളിൽ നിന്ന് സ്ഥിരതയോ ഘടനാപരമായ ബന്ധമോ നോക്കാതെ, ചില ആശയങ്ങളെ സ്വീകരിക്കുന്നത് ഇവയുടെ ഈ സമ്പ്രദായത്തെ എക്ലേക്റ്റിവിസം (Eclectivism) എന്നു പറയുന്നു.

8. അവസാനമായി, പാരമ്പര്യത്തെയും സഭയുടെ പ്രബോധനാധികാരത്തെയും തള്ളിക്കളഞ്ഞുകൊണ്ട് വേദപുസ്തകം വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യാനുള്ള പ്രവണത

ഈ ധാരണകളെ അടിസ്ഥാനമാക്കി ക്രിസ്തീയ വിശ്വാസത്തിൽനിന്നു വ്യത്യസ്തമായി അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും അവതരിപ്പിക്കുന്ന പ്രവണത കാണുന്നു. ഈ സാഹചര്യത്തിലാണ് വിശ്വാസ പ്രമാണങ്ങളി

www.malankaralibrary.com

ലൂടെ, ഉദാഹരണമായി ഒന്നാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസിൻെറ, സഭ നിരന്തരം ഏററുപറയുന്ന വിശ്വാസസത്യങ്ങൾ 'കർത്താവായ യേശു' വിശദീകരിക്കുക. തുടർന്നു വരുന്ന അദ്ധ്യായങ്ങളുടെ രൂപരേഖയാണ് ആമുഖത്തിൽ നാം കാണുക.

'യേശുക്രിസ്തുവിൻെറ വെളിപാടിനുള്ള പൂർണ്ണതയും അന്തിമത്വവും' എന്ന ഒന്നാം അദ്ധ്യായം തലക്കെട്ടു സൂചിപ്പിക്കുന്നതുപോലെ യേശുക്രിസ്തുവിൻെറ വെളിപാടിൻെറ അന്തിമവും (DEFINITIVE) പൂർണ്ണവുമായ (COMPLETE) സ്വഭാവം ഉറപ്പിച്ചു പറയുന്നു. യേശുക്രിസ്തുവിൽ ദൈവിക സത്യത്തിൻെറ പൂർണ്ണമായ വെളിപ്പെടുത്തൽ നടന്നുവെന്നും അവിടുത്തെ രണ്ടാമത്തെ വരവുവരെ മററാരു പൊതുവെളിപാട് (PUBLIC REVELATION) ഉണ്ടാകില്ലെന്നും കർത്താവായ യേശു വ്യക്തമാക്കുന്നു. സഭയുടെ ദൗത്യം സത്യത്തിൻെറ പൂർണ്ണതയായ സുവിശേഷം പ്രഘോഷിക്കുകയാണ്. യേശുക്രിസ്തുവിൽ നിറവേറിയ വെളിപാടിനെ പരിമിതവും അപൂർണ്ണവുമായി കണക്കാക്കുകയും മററു മതങ്ങളിൽ ലഭ്യമായ വെളിപാടിൻെറ പൂരകമായി (COMPLEMENTARY) കാണുകയും ചെയ്യുന്ന സിദ്ധാന്തം സഭയ്ക്ക് അസ്വീകാര്യമാണ്. ക്രിസ്തുമതം ഉൾപ്പെടെ ഒരു മതത്തിലുമുള്ള വെളിപാട് ദൈവികസത്യത്തെ അതിൻെറ സമ്പൂർണ്ണതയിൽ വെളിപ്പെടുത്തുന്നില്ല എന്ന നിലപാട് എടുക്കുന്നവരുണ്ട്. എന്നാൽ യേശുവിലൂടെ നടന്ന വെളിപാടിൽ രക്ഷാകര ദൈവികരഹസ്യത്തിൻെറ പൂർണ്ണതയും അന്തിമത്വവും ഉണ്ടെന്ന് കത്തോലിക്കാ സഭ വിശ്വസിക്കുന്നു (DJ 6.1). മാനുഷിക ഭാഷയും സാഹചര്യങ്ങളും ഉപയോഗിക്കുന്നു എന്നതുകൊണ്ട് ദൈവികസത്യം ഇല്ലാതാക്കപ്പെടുകയോ പരിമിതപ്പെടുകയോ ചെയ്യുന്നില്ല എന്നും ഈ രേഖ വിശദീകരിക്കുന്നു.

ദൈവത്തിൻെറ വെളിപാടിന് മനുഷ്യൻ നൽകുന്ന യഥാർത്ഥമായ പ്രത്യുത്തരം വിശ്വാസത്തിൻെറ അനുസരണമാണ്. പൂർണ്ണമായി ദൈവത്തിന് സ്വയം സമർപ്പിക്കുകയാണ് വിശ്വാസം. എന്നാൽ വിശ്വാസ സമർപ്പണത്തിന് മനുഷ്യനെ പ്രാപ്തനാക്കുന്നത് ദൈവകൃപയാണ്. വിശ്വാസത്തിൻെറ അനുസരണം ക്രിസ്തുവിലൂടെ ലഭ്യമായ സത്യം സ്വീകരിക്കുന്നതിലും അടങ്ങിയിരിക്കുന്നു. ക്രിസ്തീയ മാർഗ്ഗത്തിലെ വിശ്വാസത്തിൻെറ ഈ മാനവും മററു മതങ്ങളിൽ കാണുന്ന വിശ്വാസവും തമ്മിൽ വ്യത്യാസമുണ്ട്. "ദൈവശാസ്ത്രപരമായ വിശ്വാസമെന്നത് (THEOLOGICAL FAITH) വെളിപ്പെടുത്തപ്പെട്ട സത്യത്തെ കൃപാവരത്തിൽ സ്വീകരിക്കലാണ്" (DJ 7.2). ഇത്തരത്തിലുള്ള സ്വീകരണം വിശ്വാസത്തിൻെറ രഹസ്യം പൂർണ്ണമായി ഗ്രഹിക്കാൻ ഒരുവന് കഴിവു നൽകും. "മറ്റു മതങ്ങളിൽ കാണുന്ന വിശ്വാസം വാസ്തവത്തിൽ മതപരമായ ഒരനുഭവമാണ്. അത് ഇപ്പോഴും കേവലസത്യത്തെ (ABSOLUTE TRUTH) അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തോടുള്ള സമ്മതപ്രകടനം അതിന് ഇപ്പോഴുമില്ല" (DJ 7.2).

www.malankaralibrary.com

ക്രിസ്തീയവെളിപാടും മററു മതങ്ങളിൽ കാണുന്ന വിശ്വാസവും തമ്മിലുള്ള വ്യത്യാസം അപ്രസക്തമാക്കുന്ന നിലപാടുകളാണ് 'കർത്താവായ യേശുവിൻെറ' വിശദീകരണം അത്യാവശ്യമാക്കുന്നത്.

മറ്റു മതങ്ങളിലെ വിശുദ്ധലിഖിതങ്ങൾക്ക് ദൈവനിവേശിത മൂല്യമുണ്ടെന്ന് പറയുന്നതിനെയും പ്രബോധനരേഖ പരാമർശിക്കുന്നുണ്ട്. ഇതര മതഗ്രന്ഥങ്ങളിൽ 'എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ സത്യത്തിൻെറ രശ്മി പ്രതിബിംബിക്കുന്നുണ്ട്' എന്ന വത്തിക്കാൻ സൂനഹദോസിൻെറ പ്രബോധനം ഈ രേഖ ആവർത്തിക്കുന്നുണ്ട് (DJ 8.1). എന്നാൽ ദൈവനിവേശിതഗ്രന്ഥങ്ങൾ (INSPIRED TEXTS) എന്ന പേര് പഴയനിയമ, പുതിയനിയമഗ്രന്ഥങ്ങൾക്കു മാത്രമേ നൽകാവൂ എന്നാണ് സഭാപാരമ്പര്യം. പരിശുദ്ധാത്മാവിൻെറ നിവേശനത്താൽ വിശുദ്ധ ഗ്രന്ഥത്തിൻെറ കർത്താവ് ദൈവം തന്നെയാണ്. എന്നാൽ മററു മതങ്ങളിലെ ആദ്ധ്യാത്മിക സമ്പന്നതയിൽക്കൂടി ദൈവം അവർക്ക് സന്നിഹിതനാകുമെന്നും സഭ പഠിപ്പിക്കുന്നുണ്ട്. അപര്യാപ്തതകളുണ്ടെങ്കിലും ഇതര മതങ്ങളുടെ ആദ്ധ്യാത്മികസമ്പത്തിൻെറ ആവിഷ്കാരമാണ് വിവിധ മതഗ്രന്ഥങ്ങൾ. അനുയായികളെ നയിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഈ മതഗ്രന്ഥങ്ങളിലെ 'നന്മയുടെയും കൃപയുടെയും ഘടകങ്ങൾ ക്രിസ്തുവാകുന്ന രഹസ്യത്തിൽനിന്നു സ്വീകരിക്കുന്നു' എന്നും 'കർത്താവായ യേശു' ഉദ്ബോധിപ്പിക്കുന്നു (DJ 8.3).

രണ്ടാം അദ്ധ്യായമായ 'മനുഷ്യാവതാരം' ചെയ്ത വചനവും പരിശുദ്ധാത്മാവും രക്ഷാകർമ്മത്തിൽ യേശുക്രിസ്തുവിൻെറ അനന്യതയും പരിശുദ്ധാത്മാവിൻെറ രഹസ്യവുമാണ് ചർച്ചചെയ്യുക. രക്ഷാകര ദൗത്യത്തിനായി മനുഷ്യവംശത്തോട് സംവദിക്കാൻ ചരിത്രത്തിൽ ദൈവം നിയോഗിച്ചിട്ടുള്ള അനേകരിൽ ഒരാൾ മാത്രമാണ് യേശു എന്നു കരുതുന്നവരുണ്ട്. ഈ പശ്ചാത്തലത്തിലാണ് വിശുദ്ധഗ്രന്ഥവും സാർവ്വത്രിക സൂനഹദോസുകളും ഇതരരേഖകളും ഉദ്ധരിച്ച് 'വചനത്തെയും യേശുക്രിസ്തുവിനെയും തമ്മിൽ വേർതിരിക്കുന്ന'തും (DJ 10.5) 'വചനത്തിൻെറ രക്ഷാകര പ്രവൃത്തിയെയും മനുഷ്യനായിത്തീർന്ന വചനത്തിൻെറ രക്ഷാകര പ്രവൃത്തിയെയും തമ്മിൽ വേർതിരിക്കുന്നതും കത്തോലിക്കാ വിശ്വാസത്തിന് എതിരാണ്' (DJ 10.6) എന്ന് രേഖ പ്രബോധനം നൽകുന്നത്. അതുപോലെ അടിസ്ഥാനപരമായ വസ്തുതയാണ് ത്രിയേക ദൈവത്തിൻെറ രക്ഷാകരപദ്ധതിയുടെ ഏകത്വം (UNICITY) സംബന്ധിച്ച വിശ്വാസം. വചനത്തിൻെറ മനുഷ്യാവതാര രഹസ്യം പ്രസ്തുത പദ്ധതിയുടെ കേന്ദ്രവും ഉറവിടവുമാണ് (DJ 11.1). ചുരുക്കത്തിൽ, യേശുക്രിസ്തു മദ്ധ്യസ്ഥനും സാർവ്വത്രിക രക്ഷകനും യുഗാന്ത്യംവരെ എത്തുന്ന രക്ഷാകരരഹസ്യത്തിൻെറ കേന്ദ്രവുമാണ്.

മനുഷ്യാവതാരം ചെയ്ത വചനത്തിൻെറ രക്ഷാകര പദ്ധതിയേക്കാൾ 'കൂടുതൽ സാർവ്വത്രികവും വിസ്തൃതവുമായ ഒരു രക്ഷാകരപദ്ധതി

www.malankaralibrary.com

പരിശുദ്ധാത്മാവിനുണ്ടെന്ന സിദ്ധാന്തം' അംഗീകരിക്കുന്നവരുണ്ട് (DJ 12.1). രക്ഷാകരരഹസ്യം ത്രിത്വസംബന്ധമായ സംഭവമായും ക്രിസ്തു രഹസ്യം ആരംഭം മുതൽ പരിശുദ്ധാത്മാവിൻെറ രഹസ്യവുമായി ബന്ധപ്പെട്ടതായും ആണ് സഭ ഉദ്ഘോഷിക്കുന്നത്. 'കൂടാതെ, യേശുക്രിസ്തുവിൻെറ രക്ഷാകരപ്രവൃത്തി, പരിശുദ്ധാത്മാവിനോടു കൂടിയും പരിശുദ്ധാത്മാവിലും, സഭയുടെ ദൃശ്യമായ അതിരുകൾക്കപ്പുറത്തേക്ക്, മനുഷ്യവംശം മുഴുവനിലേക്കും, വ്യാപിക്കുകയും ചെയ്യുന്നു' (DJ 12.2). സകല മനുഷ്യർക്കും രക്ഷാകരരഹസ്യത്തിൻെറ കൃപ ലഭ്യമാകാനുള്ള അവസരം പരിശുദ്ധാത്മാവ് നൽകുന്നുണ്ടെന്നതും വിശ്വാസത്തിൻെറ ഭാഗമാണ്. പരിശുദ്ധാത്മാവ് വ്യക്തികളിലും സമൂഹങ്ങളിലും ജനതകളിലും സംസ്കാരങ്ങളിലും നിരന്തരം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അതിനെ വചനത്തിൻെറ രഹസ്യത്തിൽ നിന്നു വ്യത്യസ്തമായോ സമാന്തരമായോ അല്ല കാണേണ്ടത്. പരിശുദ്ധാത്മാവ് ക്രിസ്തുവിന് പകരമായിട്ടുള്ളയാളുമല്ല. സുവിശേഷത്തിൻെറ സ്വീകരണത്തിനുള്ള ഒരുക്കമായി വേണം പരിശുദ്ധാത്മപ്രവർത്തനത്തെ മനസ്സിലാക്കേണ്ടത്.

'യേശുക്രിസ്തുവിൻെറ രക്ഷാകരരഹസ്യത്തിൻെറ ഏകത്വവും (UNICITY) സാർവ്വത്രികതയും (UNIVERSALITY)' എന്ന മൂന്നാം അദ്ധ്യായത്തിൽ യേശുക്രിസ്തുവിലൂടെ നിറവേറിയ രക്ഷാകര ദൗത്യത്തിൻെറ കേന്ദ്രസ്ഥാനീയതയാണ് വ്യക്തമാക്കുക. രക്ഷാകര ചരിത്രത്തിൻെറ പൂർണ്ണതയും കേന്ദ്രവും യേശുവിലാണ് നാം കാണുക. ദൈവപുത്രനും ഏകരക്ഷകനുമായ യേശുവിൻെറ മദ്ധ്യസ്ഥത ആദിമസഭയുടെ കാലം മുതൽ സഭ ഉദ്ഘോഷിക്കുന്ന വിശ്വാസമാണ്. അതേ സമയം യേശുക്രിസ്തുവിൻെറ അനന്യമായ മദ്ധ്യസ്ഥത (UNIQUE MEDIATION) വിവിധ രൂപത്തിലുള്ള സഹകരണവും (MANIFOLD CO-OPERATION) വിവിധ തരത്തിലും തോതിലുമുള്ള (DIFFERENT KINDS AND DEGREES) മദ്ധ്യസ്ഥതകളും ഒഴിവാക്കുന്നില്ല. അവയൊക്കെയും അർത്ഥവത്തും മൂല്യമുള്ളതും ആകുക യേശുക്രിസ്തുവിൻെറ ഏക മദ്ധ്യസ്ഥതയോടു ബന്ധപ്പെടുമ്പോഴാണ്. യേശുക്രിസ്തുവിൻെറ മദ്ധ്യസ്ഥതയിൽ നിന്ന് ഉത്ഭവമെടുക്കുന്നതും അതിൽ പങ്കുകൊള്ളുന്നതുമാണ് അവയൊക്കെ എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് ഉദ്ബോധിപ്പിച്ചിട്ടുണ്ട്.

മറ്റു മതങ്ങളോടുള്ള ബന്ധത്തിൻെറ പശ്ചാത്തലത്തിൽ ഏകത്വം, സാർവ്വത്രികത, കേവലാവസ്ഥ (ABSOLUTENESS) എന്നീ പദങ്ങളുടെ ഉപയോഗം ദൈവശാസ്ത്രത്തിൽ ഒഴിവാക്കണമെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. യേശുക്രിസ്തുവിൻെറ രക്ഷാകരരഹസ്യത്തിൻെറ പ്രാധാന്യവും മൂല്യവും ഈ പദപ്രയോഗത്തിലൂടെ അമിതമായി ഊന്നിപ്പറയുന്നു എന്നാണവർ അഭിപ്രായപ്പെടുക. എന്നാൽ, യേശുക്രിസ്തുവിൻെറ അനന്യതയും പ്രാധാന്യവും മൂല്യവും ഊന്നിപ്പറയുമ്പോൾ ക്രിസ്തീയ വെളിപാടിനോട് വിശ്വസ്തത പുലർത്തുക മാത്രമാണ് സഭ ചെയ്യുക എന്ന്

www.malankaralibrary.com

'കർത്താവായ യേശു' ഉദ്ബോധിപ്പിക്കുന്നു.

നാലാം അദ്ധ്യായമായ 'സഭയുടെ ഏകത്വവും (UNICITY) ഐക്യവും' ചർച്ചചെയ്യുക ക്രിസ്തുവും സഭയും തമ്മിലുള്ള അവിഭാജ്യമായ ബന്ധവും യേശുക്രിസ്തു വിവക്ഷിച്ച രക്ഷാകരവേലയിൽ സഭയ്ക്കുള്ള അനിഷേധ്യമായ സ്ഥാനവുമാണ്. യേശുക്രിസ്തുവിൻെറ ഏകവും സാർവ്വത്രികവുമായ രക്ഷാകര മദ്ധ്യസ്ഥതയോടു ചേർന്നുതന്നെ സഭയും ഏകമാണ്. 'ക്രിസ്തു സ്ഥാപിച്ച സഭയും കത്തോലിക്കാസഭയും തമ്മിൽ ശ്ലൈഹിക പിൻഗാമിത്വത്തിൽ വേരുറച്ച ചരിത്രപരമായ തുടർച്ചയുണ്ടെന്ന്' കത്തോലിക്കാ വിശ്വാസികൾ ഏററുപറയേണ്ടതാണ്. കത്തോലിക്കാ സഭയിൽ ക്രിസ്തുവിൻെറ സഭ നിലനിൽക്കുന്നു (subsists in = subsistit in) എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിച്ചിട്ടുണ്ട്. 'നില നിൽക്കുന്നു' എന്ന പ്രയോഗംവഴി, പ്രബോധനപരമായ രണ്ടു പ്രസ്താവ നകളും ഒന്നിപ്പിക്കാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് പരിശ്രമിക്കു കയുണ്ടായി (DJ 16.3):

1. ക്രിസ്ത്യാനികളുടെയിടയിൽ വിഭജനങ്ങളുണ്ടെങ്കിലും ക്രിസ്തു വിൻെറ സഭ, കത്തോലിക്കാ സഭയിൽ മാത്രം പൂർണ്ണമായി നിലനിൽ ക്കുന്നു.

2. 'ആ സഭയുടെ ഘടനയ്ക്കു പുറമെ വിശുദ്ധീകരണത്തിൻെറയും സത്യത്തിൻെറയും പല ഘടകങ്ങൾ കണ്ടെത്താനാകും'. ഇനിയും കത്തോലിക്കാ സഭയുമായി പൂർണ്ണമായ ഐക്യത്തിൽ എത്തിച്ചേരാത്ത സഭകളെയും സഭാത്മക സമൂഹങ്ങളെയും (Ecclesial Communities) ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. എന്നാൽ അവയെ സംബന്ധിച്ചിടത്തോളം ഇപ്രകാരം പറയേണ്ടിയിരിക്കുന്നു: 'അവ അവയുടെ ഫലദായകത്വത്തെ, കത്തോലിക്കാ സഭയ്ക്ക് ഏല്പിക്കപ്പെട്ട കൃപയുടെ പൂർണ്ണതയിൽ നിന്നും സത്യത്തിൽ നിന്നുമാണ് സ്വീകരിക്കുന്നത്'.

കത്തോലിക്കാ സഭയുമായി പൂർണ്ണമായ ഐക്യത്തിലല്ലെങ്കിലും ക്രിസ്തുവിൻെറ സഭയ്ക്ക് ഉണ്ടായിരിക്കേണ്ട ഘടകങ്ങൾ - ഉദാ ഹരണമായി ശ്ലൈഹിക പിൻതുടർച്ച, സാധുവായ കുർബാന - ചില വ്യക്തിഗതസഭകളിൽ (PARTICULAR CHURCHES) ഉള്ളതിനാൽ ക്രിസ്തു വിൻെറ സഭ ആ സഭകളിലും സന്നിഹിതവും പ്രവർത്തനക്ഷമവുമാണ്. എന്നാൽ റോമിലെ മെത്രാൻെറ പ്രാഥമ്യം (PRIMACY) അംഗീകരിക്കുന്നില്ല എന്നതാണ് അവയുടെ പ്രശ്നം. ഇവയിൽ നിന്ന് വ്യത്യസ്തമായി 'സാധു വായ മെത്രാൻ സ്ഥാനമോ (EPISCOPATE) കുർബാന രഹസ്യത്തിൻെറ യാഥാർത്ഥ്യവും സമഗ്രവുമായ സത്തയോ സംരക്ഷിക്കാത്ത സഭാത്മക സമൂഹങ്ങൾ (ECCLESIAL COMMUNITIES) ശരിയായ അർത്ഥത്തിലുള്ള സഭകളല്ല' എന്ന് പ്രബോധനരേഖ വ്യക്തമാക്കുന്നു (DJ 17.2). എന്നി രുന്നാലും മാമോദീസാവഴി അവയിലെ അംഗങ്ങൾ ക്രിസ്തുവുമായും, അപൂർണ്ണമെങ്കിലും സഭയുമായും പ്രത്യേക തരത്തിലുള്ള ഒരു ഐക്യം

www.malankaralibrary.com

പുലർത്തുന്നുണ്ട്.

'ക്രിസ്തുവിൻെറ സഭ ഇന്ന് ഒരിടത്തും നിലനില്ക്കുന്നില്ല' എന്നും 'ക്രിസ്തുവിൻെറ സഭയെന്നത്, എല്ലാ സഭകളും സഭാത്മക സമൂഹങ്ങളും എത്തിച്ചേരേണ്ട ഒരു ലക്ഷ്യമായി കരുതപ്പെടണമെന്ന്' പറയുന്നതും കത്തോലിക്കാ സഭയുടെ വിശ്വാസവുമായി പൊരുത്തപ്പെടുകയില്ല (DJ 17.3). ക്രിസ്തുവിൻെറ സഭയുടെ ഘടകങ്ങൾ പൂർണ്ണതയിൽ കത്തോലിക്കാ സഭയിലുണ്ട്; ഇതര സഭകളിലാകട്ടെ അപൂർണ്ണമായും നിലനിൽക്കുന്നുണ്ട്. അപൂർണ്ണതകളുണ്ടെങ്കിലും വേർപിരിഞ്ഞുപോയ സഭകൾക്കും സമൂഹങ്ങൾക്കും രക്ഷാകരരഹസ്യത്തിലുള്ള പ്രാധാന്യം കത്തോലിക്കാ സഭ വത്തിക്കാൻ സൂനഹദോസിൽത്തന്നെ അംഗീകരിച്ചിട്ടുണ്ട്. അവയെ രക്ഷാമാർഗ്ഗമായി പരിശുദ്ധാത്മാവ് ഉപയോഗിക്കുമെന്നും കത്തോലിക്കാ സഭ കരുതുന്നു.

'സഭ: ദൈവരാജ്യവും ക്രിസ്തുവും' എന്ന അഞ്ചാം അദ്ധ്യായത്തിൽ സഭ എപ്രകാരം ദൈവരാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് വിശകലനം ചെയ്യുക. ദൈവരാജ്യം പ്രഘോഷിക്കാനും അതു സ്ഥാപിക്കാനുമുള്ള ദൗത്യമാണ് സഭയിൽ നിക്ഷിപ്തമായിരിക്കുന്നത്. സഭയാകട്ടെ ഭൂമിയിൽ ദൈവരാജ്യത്തിൻെറ വിത്തും ആരംഭവുമാണ്. സ്വർഗ്ഗരാജ്യം, ദൈവരാജ്യം, ക്രിസ്തുരാജ്യം എന്നീ പ്രയോഗങ്ങൾ വിശുദ്ധഗ്രന്ഥത്തിലും സഭാപിതാക്കൻമാരുടെ രചനയിലും സഭാപ്രബോധനത്തിലും എപ്പോഴും ഒരേ അർത്ഥത്തിലല്ല ഉപയോഗിച്ചിട്ടുള്ളത്. ഇവയുടെ സഭയുമായുള്ള ബന്ധവും ഒരേ അർത്ഥത്തിലല്ല വിവരിച്ചിരിക്കുന്നത്. സഭയുമായുള്ള ബന്ധം ഒരു രഹസ്യമാണ് (MYSTERY). മാനുഷികമായ ധാരണാശക്തിക്ക് അതീതമാണ് ഈ രഹസ്യം. എന്നിരുന്നാലും വൈവിധ്യപൂർണ്ണമായ 'വ്യാഖ്യാനങ്ങൾക്ക് ഒന്നും ക്രിസ്തു, രാജ്യം, സഭ എന്നിവ തമ്മിലുള്ള ദൃഢബന്ധത്തെ നിഷേധിക്കാനോ ഇല്ലാതാക്കാനോ സാധിക്കുകയില്ല' (DJ 18.3).

ദൈവരാജ്യം ക്രിസ്തുവിൽനിന്നോ സഭയിൽനിന്നോ വേർപെടുത്തി വ്യാഖ്യാനിക്കുന്നപക്ഷം അത് വെളിപാടിൽ നല്കപ്പെട്ട ദൈവരാജ്യമാകുകയില്ല. മാത്രമല്ല, അത് 'മാനുഷികമോ പ്രത്യയ ശാസ്ത്രപരമോ ആയ ഒരു ലക്ഷ്യമായി' പരിമിതപ്പെട്ടുപോകും; ക്രിസ്തുവിൻെറ തനിമയെയും അത് വികലമാക്കും. സഭ അതിൽത്തന്നെ ഒരു ലക്ഷ്യമല്ല, അത് ദൈവരാജ്യത്തെ ലക്ഷ്യം വയ്ക്കുന്നു. 'ക്രിസ്തുവിൽ നിന്നും രാജ്യത്തിൽനിന്നും വ്യത്യസ്തമായി (DISTINCT) നിലനിന്നുകൊണ്ട് സഭ ക്രിസ്തുവിനോടും രാജ്യത്തോടും അവിഭാജ്യമാം വിധം ഒന്നിപ്പിക്കപ്പെട്ടിരിക്കുന്നു' (DJ 18.3) എന്ന് രേഖ വിശദീകരിക്കുന്നു.

'ദൈവരാജ്യകേന്ദ്രീകൃതം' എന്നു വിശേഷിപ്പിക്കപ്പെടുന്ന സമീപനങ്ങൾ ഇന്ന് ശ്രദ്ധിക്കപ്പെടുന്നുണ്ട്. ക്രിസ്തുവിനെ അവഗണിക്കുന്ന 'ദൈവകേന്ദ്രീകൃത'മായ (THEOCENTRICALLY BASED) നിലപാട് അത്രേ

www.malankaralibrary.com

ഇവിടെ കാണുക. ക്രിസ്തുവിനെ അറിയാത്ത വിവിധ ജനസമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും മതങ്ങൾക്കും ഈ സമീപനത്തിലൂടെ ദൈവികയാഥാർത്ഥ്യത്തിൻെറ പൊതുമാനം കണ്ടെത്താനാവും എന്ന് കരുതുന്നു. രക്ഷയുടെ രഹസ്യത്തെപ്പററി നിശ്ശബ്ദത പാലിക്കുന്ന ഇവർ സൃഷ്ടി രഹസ്യത്തിന് ഊന്നൽ നൽകുന്നു. സഭയുടെ സ്ഥാനവും ഈ ചിന്താഗതിയിൽ അപ്രസക്തമാണ്. കത്തോലിക്കാ സഭയുടെ വിശ്വാസത്തിന് എതിരായ ഈ പ്രമേയങ്ങൾ ദൈവരാജ്യത്തോട് ക്രിസ്തുവിനും സഭയ്ക്കുമുള്ള ബന്ധത്തിൻെറ ഏകത്വം (UNICITY) നിരാകരിക്കുന്നു എന്ന് 'കർത്താവായ യേശു' പ്രസ്താവിക്കുന്നു.

'സഭയും മററു മതങ്ങളും രക്ഷയുമായുള്ള ബന്ധത്തിൽ' എന്ന ആറാം അദ്ധ്യായം, മനുഷ്യരക്ഷയ്ക്ക് സഭ എത്രമാത്രം ആവശ്യമായിരിക്കുന്നു എന്നും മററു മതങ്ങൾക്ക് രക്ഷാകരരഹസ്യത്തിൽ എന്തു സ്ഥാനമാണുള്ളത് എന്നും വിശകലനം ചെയ്യുന്നു. സഭ രക്ഷയുടെ സാർവ്വത്രിക കൂദാശയാണ്. അതേ സമയം ക്രിസ്തുവിൽക്കൂടി ലഭ്യമാകുന്ന ദൈവത്തിൻെറ രക്ഷാകരകൃപ ഔദ്യോഗികമായും ദൃശ്യമായും സഭയുടെ അംഗങ്ങളല്ലാത്തവർക്കും പ്രാപ്യമാകും. അത് ദൈവത്തിൻെറ തിരുഹിതത്തിന് വിധേയമായ വസ്തുതയാണ്. എന്നിരുന്നാലും സഭയെ മററു മതങ്ങൾക്ക് സമാനമായ ഒരു മാർഗ്ഗമായി മാത്രം കാണുന്നത് വിശ്വാസത്തിന് വിപരീതമാണ്. മററു മതങ്ങളിലെ ദൈവികമായ വശങ്ങളെ നിരസിക്കാതെ തന്നെ അവയുടെ ദൈവികമായ ഉല്പത്തിയെ 'കർത്താവായ യേശു' സംശയിക്കുന്നുണ്ട്. ഈ വീക്ഷണത്തിലാണ് എല്ലാ മതങ്ങൾക്കും തുല്യത കല്പിക്കുന്ന ആപേക്ഷികതാവാദത്തെ (RELATIVISM) രേഖ നിരാകരിക്കുന്നത്. സഭയുമായുള്ള താരതമ്യത്തിൽ ഇതരമതങ്ങൾ അപര്യാപ്തതയുള്ളവയാണെന്നു രേഖ എടുത്തു പറയുന്നുണ്ട്. ഇക്കാരണത്താലാണ് മതാന്തരസംവാദത്തിൻെറയും (INTER REIGIOUS DIALOGUE) പ്രേഷിത പ്രവർത്തനത്തിൻെറയും സാംഗത്യം രേഖ എടുത്തു പറയുക. മതാന്തര സംവാദത്തിൽ വിവക്ഷിക്കുന്ന സമത്വം "സംഭാഷണത്തിൽ ഏർപ്പെടുന്ന സമൂഹങ്ങളുടെ വ്യക്തിപരമായ മഹത്വത്തിൻെറ സമത്വത്തെയാണ് പരാമർശിക്കുന്നത്; സിദ്ധാന്തപരമായ ഉള്ളടക്കത്തിൻെറ സമത്വത്തെയല്ല. മനുഷ്യനായിത്തീർന്ന ദൈവമായ യേശുക്രിസ്തുവിൻെറ സ്ഥാനം മററു മതസ്ഥാപകരുടെ സ്ഥാനത്തോടു സമത്വമുള്ളതാണെന്ന് അത് അത്രപോലും ഉദ്ദേശിക്കുന്നില്ല" (DJ 22.3) എന്ന് ഈ രേഖ വിശദമാക്കുന്നു.

പ്രശ്നങ്ങൾ നിറഞ്ഞതും പ്രമാദപരവുമായ നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിലാണ് സത്യവിശ്വാസത്തിൻെറ അടിസ്ഥാനതത്വങ്ങൾ നിർദ്ദേശിക്കുന്നത് എന്ന പരാമർശത്തോടെയാണ് 'കർത്താവായ യേശു' സമാപിക്കുക.

എന്താണ് 'കർത്താവായ യേശു' എന്ന രേഖയുടെ പ്രസക്തി? എന്തുകൊണ്ടാണ് ഈ രേഖ വളരെയേറെ ചർച്ചകൾക്ക് വിഷയമായത്?

www.malankaralibrary.com

പൂർണ്ണമായും സംവാദവിരുദ്ധമായ നിലപാടാണോ ഈ രേഖ കൈക്കൊണ്ടിരിക്കുന്നത്?

യഥാർത്ഥത്തിൽ ഈ രേഖ പുതിയ പ്രബോധനങ്ങൾ ഒന്നും നൽകുന്നില്ല. യേശു ക്രിസ്തുവിലും അവിടുത്തെ രക്ഷാകരമായ ദൗത്യത്തിലുമുള്ള സഭയുടെ വിശ്വാസത്തിൻെറ പുനർപ്രഖ്യാപനം മാത്രമാണ് നാം ഇതിൽ കാണുക. ഈ ലക്ഷ്യസാധ്യത്തിനായി സ്വാഭാവികമായും വിശ്വാസസത്യങ്ങൾ ആവിഷ്കരിച്ചിരിക്കുന്ന ഭാഷയും പദസങ്കല്പങ്ങളും തന്നെ 'കർത്താവായ യേശു'വിലും ഉപയോഗിക്കേണ്ടി വന്നിരിക്കുന്നു.

സഭ എപ്രകാരം ക്രിസ്തുരഹസ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഈ രേഖ വിശദീകരിക്കുന്നുണ്ട്. രേഖയുടെ പശ്ചാത്തലമായിരിക്കുന്നത് പ്രധാനമായും പ്രേഷിതവേലയും ദൈവശാസ്ത്ര വൈവിധ്യവും ബഹുത്വവുമാണ് (THEOLOGICAL PLURALISM). സമീപകാല ദൈവശാസ്ത്ര വീക്ഷണങ്ങളിലും സമീപനങ്ങളിലും സഭയുടെ വിശ്വാസത്തിന് അസ്വീകാര്യമായവ ഉണ്ട് എന്ന് വിശ്വാസപ്രബോധന സംഘത്തിൻെറ രേഖ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. എന്നിരിക്കിലും ഏതാനും വിഷയങ്ങളിൽ കൂടുതലായ ദൈവശാസ്ത്ര പഠനങ്ങളുടെയും അന്വേഷണങ്ങളുടെയും ആവശ്യകത രേഖ ചൂണ്ടിക്കാട്ടുന്നുണ്ട് (DJ 3,14.1,21.1).

യേശു ക്രിസ്തുവിൻെറ അനന്യതയും മദ്ധ്യസ്ഥതയും അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ പ്രഖ്യാപിക്കുമ്പോഴും മറ്റ് മദ്ധ്യസ്ഥതകളുടെ മൂല്യം 'കർത്താവായ യേശു' ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ യേശുക്രിസ്തുവിൻെറ സ്ഥാനം ഇതര മദ്ധ്യസ്ഥതകൾക്ക് സമാന്തരമാണെന്ന് ക്രിസ്തീയ വിശ്വാസപ്രകാരം കരുതാനാവില്ല; യേശുക്രിസ്തുവിൻെറ മധ്യസ്ഥത അനന്യവും വ്യത്യസ്തമായ ദൈവശാസ്ത്ര തലത്തിൽ പെടുന്നതുമാണ്. വെളിപാടിനെ സംബന്ധിച്ച കാഴ്ചപ്പാടിലും വളരെ ലാഘവപൂർണ്ണമായ സമാനത സ്ഥാപിക്കുന്നതിനെ രേഖ അംഗീകരിക്കുന്നില്ല.

ക്രിസ്തുമതത്തിലെയും ഇതരമതങ്ങളിലെയും വിശ്വാസങ്ങളെ സംബന്ധിച്ച് വിശ്വാസപ്രബോധന സംഘത്തിൻെറ രേഖ നടത്തിയിരിക്കുന്ന താരതമ്യങ്ങൾ - ദൈവശാസ്ത്രപരമായ വിശ്വാസവും മററു മതങ്ങളിൽ കാണുന്ന വിശ്വാസവും - മററു മതങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങളെപ്പററിയുള്ള പ്രസ്താവങ്ങൾ ഇവ വത്തിക്കാൻ സൂനഹദോസിൻെറ പശ്ചാത്തലത്തിൽ കൂടുതൽ വിശദീകരണങ്ങൾ ആവശ്യമുള്ള വിഷയങ്ങളാണ്.

സഭകളും സഭാത്മക സമൂഹങ്ങളുമെന്ന് കത്തോലിക്കാ സഭയ്ക്ക് പുറമേയുള്ള സഭകളെ വ്യത്യസ്തമായി വിലയിരുത്തുന്നത് സഭൈക്യ ശ്രമങ്ങളെ സഹായിക്കുമോ എന്ന സന്ദേഹം അകാരണമല്ല.

സഭയെ ക്രിസ്തുവിൻെറ മൗതികശരീരമെന്ന (MYSTICAL BODY OF CHRIST) നിലയിൽ വ്യാഖ്യാനിച്ചാൽ സഭയും ക്രിസ്തുവും, സഭയും ഇതര സഭകളും, സഭയും ക്രിസ്തുവും ഇതരമതങ്ങളും തമ്മിലുള്ള ബന്ധം കുറെക്കൂടി വ്യക്തമാകുമെന്നു കരുതുന്ന ദൈവശാസ്ത്രജ്ഞന്മാരുണ്ട്.

www.malankaralibrary.com

വിശ്വാസരഹസ്യങ്ങളെപ്പററി നാം ശ്രവിക്കുന്ന വ്യത്യസ്തമായ പ്രസ്താവങ്ങൾക്കു മദ്ധ്യേ സഭയുടെ യഥാർത്ഥ നിലപാട് എന്താണെന്നു മനസ്സിലാക്കാൻ 'കർത്താവായ യേശു' സഹായകമാണ്. ഏതെങ്കിലും ചിന്താധാരകളെ തള്ളിക്കളയുകയോ നിരോധിക്കുകയോ അല്ല രേഖയുടെ ലക്ഷ്യം. അങ്ങനെ വരുമ്പോൾ ഈ രേഖ വ്യക്തമാക്കിയിരിക്കുന്ന കാര്യങ്ങളിൽ അസ്വസ്ഥത ഉളവാകേണ്ട കാര്യമില്ല. പക്ഷേ, രേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളേക്കാൾ പറയാതിരുന്ന കാര്യങ്ങളെപ്പററിയാണ് പലരും ഏറെ ഉത്കണ്ഠ പ്രകടിപ്പിച്ചിരിക്കുന്നത്. പല മേഖലകളിലും തുടർന്നുള്ള പഠനവും ഗവേഷണവും അന്വേഷണവും ആവശ്യമാണെന്ന രേഖയുടെ സമീപനം തുറവിയുള്ളതു തന്നെയാണ്. ഈ മേഖലകളിൽ കൂടുതൽ പ്രകാശം ലഭിക്കുന്നതിനുള്ള അന്വേഷണത്തിന് ദൈവശാസ്ത്രജ്ഞന്മാർക്ക്, വിശിഷ്യാ മിഷൻ പ്രദേശങ്ങളിലുള്ളവർക്ക് ഉത്തരവാദിത്വമുണ്ട്.

www.malankaralibrary.com

# 21

# രോഗശാന്തിക്കു വേണ്ടിയുള്ള പ്രാർത്ഥന

'രോഗശാന്തി പ്രാർത്ഥനയെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശരേഖ' എന്ന പേരിൽ വിശ്വാസപ്രബോധനത്തിനുള്ള കാര്യാലയം (Congregation for the Doctrine of the faith) പതിനൊന്നു പേജുകളുള്ള പ്രബോധനരേഖ 2000 സെപ്റ്റംബർ 14-ന് പ്രസിദ്ധീകരിച്ചിരുന്നു. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ അംഗീകാരത്തോടെ പുറപ്പെടുവിച്ചിരിക്കുന്ന ഈ രേഖയിൽ കാര്യാലയത്തിൻെറ അദ്ധ്യക്ഷൻ കർദ്ദിനാൾ ജോസഫ് റാററ്സിംഗർ ഒപ്പുവച്ചിരിക്കുന്നു. ലോകമെമ്പാടുമുള്ള കരിസ്മാററിക് നവീകരണ പ്രസ്ഥാനത്തിലെ അംഗങ്ങൾക്കും പ്രാർത്ഥനാഗ്രൂപ്പുകൾക്കും, ഇവയിലെ രോഗശാന്തി ശുശ്രൂഷകർക്കും മാർഗ്ഗനിർദ്ദേശം നല്കുകയാണ് രേഖയുടെ ലക്ഷ്യമെന്നു കരുതപ്പെടുന്നു.

## പ്രബോധനരേഖയുടെ ഉള്ളടക്കം

മറ്റെല്ലാ സഹനങ്ങളിലുമെന്നപോലെ രോഗത്തിൻെറ വേദനയിലും ക്രിസ്തുവിനോട് ഒന്നുചേരുവാനും ആത്മശുദ്ധീകരണം സാധ്യമാക്കാനുമുള്ള അവസരമാണ് രോഗമെന്ന് പ്രബോധനരേഖ അനുശാസിക്കുന്നു. രോഗശാന്തിക്കുവേണ്ടിയുള്ള പ്രാർത്ഥനസഭയുടെ അനുഭവത്തിൽ എന്നും ഉണ്ടായിരുന്നതാണ്. രോഗശാന്തിയുടെ അനുഭവങ്ങൾ നടന്നതായി പ്രഘോഷിക്കുകയും തദ്വാരാ സമാനമായ പ്രതിഭാസം തുടർന്നും പ്രാർത്ഥനാസമ്മേളനങ്ങളിൽ പ്രതീക്ഷിക്കുകയും ചെയ്യുന്ന രീതി ഇന്ന് കാണുന്നുണ്ട്. രോഗശാന്തി നല്കുവാനുള്ള വരം ചിലർ അവകാശപ്പെടുന്നതും ഈയവസരത്തിൽ ശ്രദ്ധേയമാണ്. ഈ സാഹചര്യത്തിലാണ് സഭാനിയമത്തിൽ വിവക്ഷിക്കുന്നതുപോലെ, രോഗശാന്തിയെ സംബന്ധിച്ച് ശിക്ഷണപരമായ (Disciplinary) നിർദ്ദേശങ്ങൾ നല്കാൻ സഭ ശ്രമിക്കുന്നത്. പ്രസ്തുത നിർദ്ദേശങ്ങൾക്ക് കൃത്യമായ ദൈവശാസ്ത്രപരമായ ചട്ടക്കൂട് നൽകാനും പ്രബോധനരേഖ ഉദ്യമിക്കുന്നുണ്ട്.

രോഗത്തിൽനിന്നുള്ള മുക്തി രക്ഷയുടെ ഭാഗമാണെന്ന് വി. ഗ്രന്ഥത്തിൽ നിന്ന് വ്യക്തമാണ്. പഴയനിയമത്തിൽ രോഗത്തെ പാപത്തോടും

www.malankaralibrary.com

തിന്മയോടും (Evil) ബന്ധപ്പെടുത്തി കണ്ടിരുന്നു. രോഗം പാപത്തിന്റെ ശിക്ഷയാണെന്നും കരുതപ്പെട്ടിരുന്നു. എന്നാൽ, നീതിമാന്മാരെയും രോഗം കഷ്ടപ്പെടുത്തിയിരുന്നതായി വി.ഗ്രന്ഥം സാക്ഷിക്കുന്നു. നീതിമാന്റെ വിശ്വസ്തത പ്രകടിപ്പിക്കാനുള്ള മാർഗ്ഗമായിരുന്നു രോഗത്തിന്റെ അവസരം. എന്നിരുന്നാലും രോഗം തിന്മതന്നെയായി പഴയനിയമം കണക്കാക്കിയിരുന്നു.

നീതിമാൻ എന്തുകൊണ്ട് രോഗത്താൽ വേദന അനുഭവിക്കുന്നു എന്നതിന് പുതിയനിയമം പൂർണ്ണമായ ഉത്തരം നല്കുന്നുണ്ട്. യേശുവിന്റെ ശുശ്രൂഷയിലെ സൗഖ്യദാനത്തിലാണ് ഈ ഉത്തരം കണ്ടെത്താനാകുക. സൗഖ്യമാക്കലുകൾ രക്ഷാകരദൗത്യത്തിന്റെ അടയാളങ്ങളാണ്. എല്ലാത്തരം തിന്മകളുടെയുംമേലുള്ള ദൈവ രാജ്യത്തിന്റെ വിജയം രോഗശാന്തികൾ വ്യക്തമാക്കുന്നു. മാത്രമല്ല, ശാരീരിക, ആത്മീയ സൗഖ്യത്തോടെ സമഗ്രമനുഷ്യന്റെ ആരോഗ്യം വീണ്ടെടുക്കുന്ന പ്രതീകങ്ങളുമാണ് രോഗശാന്തികൾ. സുവിശേഷ പ്രഘോഷണത്തിന്റെ ശക്തിയെ പൂർണ്ണമാക്കുന്ന നിരവധി അത്ഭുത രോഗശാന്തികൾ പുതിയനിയമത്തിൽ കാണാവുന്നതാണ്.

രോഗത്തിന്മേലുള്ള മെസിയാനിക വിജയം ആവശ്യപ്പെടുന്ന ഇതര കാര്യങ്ങളുമുണ്ട്. യേശുവിന്റെ സ്വാഭീഷ്ടപ്രകാരമുള്ളതും നിഷ്കള ങ്കവുമായ സഹനം എല്ലാ മനുഷ്യരെയും, തങ്ങളുടെ വേദനകളെ യേശുവിന്റെ വേദനയോട് ഒന്നിപ്പിക്കാൻ പ്രാപ്തരാക്കുന്നു. ഇത്തരത്തിൽ വേദനയെ എടുക്കുന്നവർ യേശുവിന്റെ രക്ഷാകര സഹനത്തിലത്രേ പങ്കാളികളാകുക. സഭയിൽ ലഭ്യമാകുന്ന സ്നേഹ നിർഭരമായ ശുശ്രൂഷയിൽ പങ്കാളികളാകാൻ മാത്രമല്ല രോഗികൾ സ്വാഗതം ചെയ്യപ്പെടുക; അവരുടെ മാനുഷികവും ക്രിസ്തീയവുമായ വിളിയനുസരിച്ച് ജീവിക്കാനും അപ്രകാരം നവ്യവും കൂടുതൽ അർത്ഥ പൂർണ്ണവുമായ വിധത്തിൽ ദൈവരാജ്യത്തിന്റെ വളർച്ചയിൽ പങ്കുകാരാകാനും സഭ രോഗികളെ ആഹ്വാനം ചെയ്യുന്നു.

സൗഖ്യം പ്രാപിക്കുന്നതിനുള്ള ആഗ്രഹം ദൈവത്തോടുള്ള പ്രാർത്ഥനയായി സമർപ്പിക്കുമ്പോൾ നല്ലതും പൂർണ്ണമായി മാനുഷികവുമാണ്. വി. ഗ്രന്ഥത്തിൽത്തന്നെ സൗഖ്യപ്രാപ്തിക്കുംവേണ്ടിയുള്ള അനേക പ്രാർത്ഥനകൾ നാം കാണുന്നുണ്ട്. സഭതന്നെ ആരാധനക്രമത്തിൽ രോഗികളുടെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥനകൾ അർപ്പിക്കുന്നുണ്ട്.

പ്രാർത്ഥനയിൽ അഭയം തേടുന്നതുകൊണ്ട് മററ് മാർഗ്ഗങ്ങൾ ഒഴിവാക്കണമെന്ന് അർത്ഥമില്ല. പ്രത്യുത, ഫലദായകമായ സ്വാഭാവിക മാർഗ്ഗങ്ങൾ ആരോഗ്യസംരക്ഷണത്തിനും വീണ്ടെടുപ്പിനുമായി സഭ പ്രോത്സാഹിപ്പിക്കുകയാണ്. രോഗീപരിചരണത്തിനും മററുമുള്ള കാര്യങ്ങൾക്കായി സഭ തന്റെ സന്താനങ്ങളെ നിരന്തരം ആഹ്വാനം ചെയ്യുന്നുണ്ട്.

രോഗശാന്തി വരത്തെക്കുറിച്ച് വ്യക്തമായ പരാമർശം പുതിയ നിയ

www.malankaralibrary.com

മത്തിൽ കാണുന്നുണ്ട്. യേശു രോഗശാന്തിക്കുള്ള അധികാരം അപ്പസ്തോലന്മാർക്കും സുവിശേഷത്തിൻെറ ആദ്യപ്രഘോഷകർക്കും നൽകിയതായും പുതിയ നിയമഗ്രന്ഥങ്ങൾ സാക്ഷിക്കുന്നു. രോഗവിമുക്തിക്കായുള്ള കൗദാശികകർമ്മവും പുരോഹിത പ്രാർത്ഥനയും യാക്കോബിൻെറ ലേഖനത്തിൽനിന്നു വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

പൗരസ്ത്യ - പശ്ചാത്യസഭകളുടെ പാരമ്പര്യത്തിൽ രോഗികൾക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും രോഗീലേപനവും വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

രോഗശാന്തി നൽകുന്ന അത്ഭുതപ്രവർത്തകർ എന്നും സഭയിൽ ഉണ്ടായിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. തീർത്ഥാടന-പ്രാർത്ഥനാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് രോഗശാന്തികളെപ്പററി ധാരാളം സാക്ഷ്യങ്ങളുമുണ്ട്. എന്നാൽ ഇന്ന് ചർച്ച ചെയ്യപ്പെടുന്ന രോഗശാന്തിവരം ഇതിൽ നിന്നും വ്യത്യസ്തമാണ്. രോഗശാന്തിക്കുവേണ്ടി ക്രമീകരിക്കുന്ന പ്രത്യേക പ്രാർത്ഥനാസമ്മേളനങ്ങളും വി. കുർബാന സ്വീകരണത്തിനു ശേഷമുള്ള സൗഖ്യപ്രാർത്ഥനകളുമാണ് പ്രബോധനരേഖയുടെ നിർദ്ദേശത്തിന് വിധേയമായിരിക്കുന്നത്.

രോഗശാന്തിക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ആരാധനക്രമത്തിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് നടത്തുന്നതിൽ അപാകതയില്ല. രോഗശാന്തി പ്രധാനപ്പെട്ട ലക്ഷ്യമായിരിക്കാം; എന്നാൽ രോഗശാന്തിക്കുവേണ്ടി എന്ന ലക്ഷ്യം മാത്രമല്ലാതെ നടത്തപ്പെടുന്ന ആഘോഷങ്ങളുണ്ട്. വി. കുർബാനയുടെ ആരാധനയും വാഴ്വുംപോലെയുള്ള ആരാധനക്രമ ആചരണങ്ങളും ആഘോഷമായ ജപമാലപ്രാർത്ഥനപോലെ ആരാധനക്രമത്തിനുപുറമേയുള്ള ആചരണങ്ങളും ഉണ്ട്. യഥാർത്ഥമായ അന്തസ്സത്ത നഷ്ടപ്പെടുത്തുന്നില്ല എങ്കിൽ ഇവ അനുവദനീയമാണ്. ഉദാഹരണമായി, വി. കുർബാനയുടെ ആരാധനയുടെ ലക്ഷ്യമായ യേശുവിൻെറ സാന്നിദ്ധ്യത്തെ തിരിച്ചറിയലും കൗദാശിക സ്വീകരണത്തിലൂടെ പൂർണ്ണമാകുന്ന യേശുവുമായുള്ള ആത്മീയ ഐക്യവും ലക്ഷ്യമാക്കാതെ, രോഗികളുടെ സൗഖ്യം ആരാധനയുടെ പ്രാഥമിക ലക്ഷ്യമാക്കുക സാധ്യമല്ല.

രോഗശാന്തിക്കുള്ള വരം ഒരു പ്രത്യേക വിഭാഗം വിശ്വാസികൾക്കു മാത്രമായി നൽകപ്പെടുന്നു എന്നു വ്യവസ്ഥ ചെയ്യുവാനാവില്ല. അപ്പസ്തോലൻ പൗലോസ് ഒന്നാം കൊറിന്ത്യാ ലേഖനം പന്ത്രണ്ടാം അധ്യായത്തിൽ വിവിധ വരങ്ങളെക്കുറിച്ച് പറയുമ്പോൾ, രോഗശാന്തിവരം അപ്പസ്തോലൻമാരോ, പ്രവാചകന്മാരോ, പ്രബോധകരോ, മേൽനോട്ടക്കാരോ, മററാരെങ്കിലുമോ ആയ ഒരു പ്രത്യേക വിഭാഗത്തിൽ നിക്ഷിപ്തമായിരിക്കുന്നതായി പറയുന്നില്ല. ഇക്കാരണത്താൽ രോഗശാന്തി അർത്ഥിക്കാൻ സംഘടിപ്പിക്കപ്പെടുന്ന പ്രാർത്ഥനാ യോഗങ്ങളിൽ വരുന്ന ഏതെങ്കിലും ഒരു വിഭാഗത്തിന്, ഉദാഹരണമായി, ആ ഗ്രൂപ്പിൻെറ ഡയറക്ടർമാർക്ക്, രോഗശാന്തി വരമുള്ളതായി ആരോപിക്കുന്നത് അതിരുകടന്ന അവകാശ

www.malankaralibrary.com

വാദമാണ്. ഏററവും കാമ്യമായ കാര്യം പരിശുദ്ധാത്മാവിൻെറ സ്വതന്ത്രമായ ഇഷ്ടത്തിന് ഓരോരുത്തരെയും സമർപ്പിക്കുക എന്നതാണ്. ഉത്ഥിതനായ ക്രിസ്തുവിൻെറ വരപ്രസാദത്തിൻെറ ശക്തി പരിശുദ്ധാത്മാവത്രേ വിതരണം ചെയ്യുക. മാത്രമല്ല, ഏററവും തീവ്രമായ പ്രാർത്ഥനപോലും എല്ലാ രോഗങ്ങൾക്കും സൗഖ്യം നൽകുന്നില്ല. ക്രിസ്തുവിൻെറ സഹനത്തിൻെറ കുറവ് സ്വന്ത ശരീരത്തിൽ നികത്തുന്നു (കൊളൊ. 1:24) എന്ന വി. പൗലോസിൻെറ സാക്ഷ്യമാണ് വേദനയുടെ അനുഭവങ്ങൾക്ക് മൂല്യം നൽകുന്നത്. വി. പൗലോസ് കർത്താവിൽനിന്നു പഠിച്ചതും അതു തന്നെ. "നിനക്ക് എൻെറ കൃപമതി; എന്തെന്നാൽ ബലഹീനതയിലാണ് എൻെറ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്" (2 കൊറി. 12.9).

## ശിക്ഷണപരമായ നിർദ്ദേശങ്ങൾ

മുകളിൽ വിവരിച്ച ദൈവശാസ്ത്രപരമായ നിലപാടിൻെറ വെളിച്ചത്തിൽ രോഗശാന്തിശുശ്രൂഷകൾ, പിശാചിനെ ഒഴിപ്പിക്കൽ എന്നിവയുടെ കാര്യങ്ങളിൽ പാലിക്കേണ്ട പത്തു നിബന്ധനകൾ പ്രബോധനരേഖ നല്കുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്:

– ദൈവാലയത്തിലോ പുണ്യസ്ഥലങ്ങളിലോ സംഘടിപ്പിക്കുന്ന രോഗശാന്തി പ്രാർത്ഥനകൾക്ക് വൈദികൻ നേതൃത്വം നൽകുന്നതാണ് ഉചിതം.

– രോഗശാന്തിക്കുവേണ്ടിയുള്ള ആരാധനക്രമപ്രാർത്ഥനയ്ക്ക് കൃത്യമായ അനുഷ്ഠാനവിധികൾ പാലിക്കുകയും വൈദികൻ നിർദ്ദിഷ്ട തിരുവസ്ത്രങ്ങൾ ധരിക്കുകയും വേണം.

– രൂപതാമെത്രാന് തൻെറ രൂപതയിൽ ആരാധനക്രമമനുസരിച്ചുള്ള രോഗശാന്തി ശുശ്രൂഷയ്ക്ക് വേണ്ട നിയമങ്ങൾ നിർദ്ദേശിക്കാവുന്നതാണ്.

– ഇത്തരം ശുശ്രൂഷകൾ നടത്താൻ വ്യക്തമായ അനുവാദം വേണം; ഇത് മെത്രാന്മാരോ കർദ്ദിനാളന്മാരോ സംഘടിപ്പിക്കുന്നതോ അവർ ഉൾക്കൊള്ളുന്നതോ ആയാലും ....

– ആരാധനക്രമത്തിനു പുറമേയുള്ള രോഗശാന്തി ശുശ്രൂഷയിലും രൂപതാമെത്രാൻെറ വേണ്ടതായ ശ്രദ്ധ ഉണ്ടായിരിക്കണം.

– ഹിസ്റ്റീരിയ, അസ്വാഭാവികത, നാടകീയത, വൈകാരിക വിക്ഷോഭം (sensationalism) എന്നിവയ്ക്കു സദൃശ്യമായ കാര്യങ്ങൾ പ്രത്യേകിച്ച്, രോഗശാന്തിക്കുവേണ്ടിയുള്ള കൂട്ടങ്ങളുടെ ചുമതലയുള്ളവരുടെ ഭാഗത്തു നിന്ന് ഉണ്ടാകാൻ പാടില്ല.

– പിശാചിനെ ഒഴിപ്പിക്കുന്ന (Exorcism) ശുശ്രൂഷ നടത്തുന്നതു കർശനമായി രൂപതാമെത്രാനോടു ബന്ധപ്പെട്ടായിരിക്കണം. പിശാചിനെ ഒഴിപ്പിക്കൽ പ്രാർത്ഥന രോഗശാന്തിശുശ്രൂഷയിൽനിന്നും ഭിന്നമായി നിലകൊള്ളണം.

– കുർബാന, കൂദാശകൾ, കാനോനനമസ്കാരം എന്നിയ്ക്കിടയിൽ പിശാചിനെ ഒഴിപ്പിക്കുന്ന പ്രാർത്ഥനകൾ ചേർത്ത് ഉപയോഗിക്കുന്നതു കർശനമായി നിരോധിച്ചിരിക്കുന്നു.

www.malankaralibrary.com

## ഉപസംഹാരം

കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പുകൾ നടത്തുന്ന രോഗശാന്തി ശുശ്രൂഷകൾക്കുള്ള വിലക്കാണ് പ്രബോധനരേഖയെന്നു കരുതേണ്ടതില്ല, കാരണം ഇപ്പോഴുള്ള രോഗശാന്തി പ്രാർത്ഥനകളെ വളരെ ഭാവാത്മകമായാണ് രേഖ അവതരിപ്പിക്കുന്നത്. രോഗശാന്തി ശുശ്രൂഷയുടെ ശരിയായ അർത്ഥത്തിൽ മാററമുണ്ടാകാതിരിക്കാനുള്ള നിർദ്ദേശങ്ങളാണ് രേഖ നൽകുന്നത്. രോഗശാന്തിവരം വ്യക്തികൾക്കാണ് പരിശുദ്ധാത്മാവ് നല്കുന്നത്. അത് ചില ആളുകളോ ഗ്രൂപ്പുകളോ മാത്രം സ്വന്തമാക്കുന്ന പ്രതീതിയെ രേഖ വിമർശിക്കുന്നുണ്ട്. രോഗശാന്തിയുടെ പേരിൽ ചില വ്യക്തികളെ വിഗ്രഹവത്ക്കരിക്കുന്നതും, അങ്ങനെയുള്ളവർക്ക് അത്ഭുതപ്രവർത്തകരുടെ അങ്കി പ്രദാനം ചെയ്യുന്നതുമൊക്കെ നിയന്ത്രിക്കാൻ രേഖ ആഗ്രഹിക്കുന്നു. ചിലരുടെയും ചില ഗ്രൂപ്പുകളുടെയും പ്രാർത്ഥന യാന്ത്രികമായി രോഗശാന്തി സൃഷ്ടിക്കും എന്ന ധാരണയും തിരുത്തേണ്ടതാണ് എന്ന് ആർച്ചുബിഷപ്പ് ബെർട്ടോൺ (സെക്രട്ടറി, വിശ്വാസപ്രബോധന കാര്യാലയം) വ്യക്തമാക്കിയിട്ടുണ്ട്. വി. ഗ്രന്ഥത്തിൻെറയും പാരമ്പര്യത്തിൻെറയും മൊത്തമായ പശ്ചാത്തലത്തിൽ നിന്ന് രോഗശാന്തിക്കുവേണ്ടിയുള്ള പ്രാർത്ഥനകളെ വിലയിരുത്താനാണ് പ്രബോധനരേഖ ശ്രമിക്കുന്നത്. അമിതമായ അവകാശവാദങ്ങളിൽ വിശ്വാസദൃഷ്ടിയും യാഥാർത്ഥ്യബോധവും നഷ്ടപ്പെടുത്തരുത് എന്ന പാഠം രേഖയിൽനിന്ന് സ്വീകരിക്കാവുന്നതാണ്. സഭയെയും സഭാധികാരികളെയുംകാൾ വലിയവരെന്നു ഭാവിക്കുന്ന അത്ഭുതപ്രവർത്തകർക്ക് ആത്മവിചിന്തനത്തിന് രേഖ അവസരമൊരുക്കുന്നു. സഭയെ കെട്ടിപ്പടുക്കുന്നതിന് വരങ്ങൾ നൽകുന്ന പരിശുദ്ധാത്മാവിൽ വിശ്വസിക്കുക. വരങ്ങളെ വിവേചിച്ച് അറിയുന്നതിന് സഭാ കൂട്ടായ്മയ്ക്ക്, പ്രത്യേകിച്ച്, സഭാധികാരികൾക്ക് ഉത്തരവാദിത്വമുണ്ടെന്നും വിശ്വാസികൾ അംഗീകരിക്കേണ്ടിയിരിക്കുന്നു.

---

കർത്താവേ, ക്ലേശം അനുഭവിക്കുന്നവരെ കാരുണ്യപൂർവ്വം ദർശിക്കേണമേ. രോഗികളെ കൃപാപൂർവ്വം സുഖപ്പെടുത്തണമേ; മനോവ്യഥയുള്ളവരെ ആശ്വസിപ്പിക്കേണമേ. നിന്നോട് കൃപയും ദയയും അപേക്ഷിക്കുന്ന ദാഹാർത്തരും അവശരുമായ സകലർക്കും ആത്മശരീരസംബന്ധമായ സൗഖ്യം പ്രദാനം ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ, നിന്നിൽനിന്നുള്ള നല്ല ദാനങ്ങളെപ്രതി അവർ നിനക്കു സ്തോത്രം നൽകുവാൻ ഇടയാക്കണമേ (രോഗികളുടെ തൈലാഭിഷേകം, മലങ്കര ആരാധനക്രമം).

www.malankaralibrary.com

# 22

# നവസഹസ്രാബ്ദത്തിലെ ക്രിസ്തീയസാക്ഷ്യം

ജൂബിലിസമാപനവേളയിൽ 2001 ജനുവരി 6-ന് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ നല്കിയ അപ്പസ്തോലികലേഖനമാണ് നോവേ മില്ലേനിയോ ഈനൗന്തേ.... (Novo Millennio Ineunte) നവസഹസ്രാബ്ദ ത്തിൻെറ ആരംഭത്തിൽ. ആമുഖവും സമാപന ഖണ്ഡികകളും ഉൾപ്പെടെ 59 നമ്പരുകളാണ് ഇതിലുള്ളത്. മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ലേഖനത്തിൻെറ ആമുഖം രക്ഷാകരരഹസ്യത്തിൻെറ ആഴങ്ങളിലേക്കു പോകുവാൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. സഭ എന്നെന്നും നിറവേ റേണ്ട പ്രേഷിത ദൗത്യം ഉത്തമമായ രീതിയിൽ പുതിയ സഹസ്രാബ്ദ ത്തിൽ നിറവേററാനുള്ള ആഹ്വാനത്തോടെയാണ് അപ്പസ്തോലിക ലേഖ നം ആരംഭിക്കുക.

ഒന്നാം ഭാഗത്ത് മഹാജൂബിലിയുടെ പ്രധാനപ്പെട്ട ആഘോഷങ്ങളിലേ ക്ക് കടന്നുചെന്നുകൊണ്ട് മാർപ്പാപ്പ നടത്തുന്ന വിലയിരുത്തലാണ് നാം കാണുക. യേശുവിൻെറ തിരുമുഖത്തേക്കുനോക്കി രക്ഷാകരരഹസ്യങ്ങ ളെപ്പററി നാം നടത്തേണ്ട പ്രാർത്ഥനാപൂർവ്വമായ വിചിന്തനവും വിശ്വാസ ത്തിലുള്ള ആഴപ്പെടലുമാണ് രണ്ടാം ഭാഗത്തെ പ്രതിപാദ്യവിഷയം. മൂന്നാം ഭാഗത്ത് ക്രിസ്തുവിലുള്ള നവീകരണത്തിന് നാം ചെയ്യേണ്ട കാര്യങ്ങ ളെക്കുറിച്ചാണ് പറയുക. സമൃദ്ധമായ ഫലപ്രാപ്തിക്കായി 'ആഴങ്ങളിലേ ക്ക് വലവീശുക', എന്ന സുവിശേഷത്തിൻെറ ആഹ്വാനം നല്കിയും സുവി ശേഷവൽക്കരണത്തിൻെറ നാഥയായ പരിശുദ്ധ ദൈവമാതാവിൻെറ സഹായം തേടിയുമാണ് അപ്പസ്തോലികലേഖനം അവസാനിക്കുന്നത്.

പ്രബോധനരേഖ വിശ്വാസികൾക്ക് ക്രിയാത്മകമായ ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്. ഫലദായകമായ സുവിശേഷവൽക്കരണത്തിനുവേണ്ടി യേശുവിനെ ആഴമായി അനുഭവിക്കേണ്ടതാവശ്യമാണ്. സുവിശേഷങ്ങൾ നമുക്കു നല്കുന്ന സാക്ഷ്യത്തിലൂടെയാണ് നാം യേശുവിനെ അനുഭവിച്ചു തുടങ്ങുക. വിശ്വാസത്തിൻെറ നിറവിൽ നമുക്കുവേണ്ടി മനുഷ്യനായി ത്തീർന്ന ഏകജാതൻെറ മുഖം നാം ദർശിക്കുന്നു; പീഡനങ്ങളനുഭവിച്ച

www.malankaralibrary.com

വനും ഉയിർത്തെഴുന്നേറ്റവനുമായ യേശുവിൻെറ മുഖം നാം കാണുന്നു. വിശ്വാസത്തിൻെറ തികവിലും പ്രാർത്ഥനയുടെയും നിശ്ശബ്ദതയുടെയും അനുഭവത്തിലുമാണ് യേശുവിനെ നാം രുചിച്ചറിയുക.

യേശുവിനെ അനുഭവിച്ചറിഞ്ഞ് നാം പുതുതായി തുടക്കമിടുന്നതിന് അപ്പസ്തോലികപ്രബോധനം നല്കുന്ന അജപാലനപരമായ നിർദ്ദേശങ്ങളും സവിശേഷ ശ്രദ്ധയർഹിക്കുന്നു. ജൂബിലിയുടെ അരൂപിയിൽ ഉന്നതമായ നിലവാരവും വിശുദ്ധിയും നിറഞ്ഞ ജീവിതം നയിക്കുവാൻ ക്രൈസ്തവർ പരിശ്രമിക്കേണ്ടതാണ്. ഇതിനായി പ്രാർത്ഥനയുടെയും ഞായറാഴ്ച ബലിയർപ്പണത്തിൻെറയും അനുരഞ്ജനകൂദാശയുടെയും മാർഗ്ഗങ്ങൾ നവമായ താത്പര്യത്തോടെ വിശ്വാസികൾ സ്വീകരിക്കണം. ദൈവവചനം ശ്രവിക്കേണ്ടതിൻെറയും പ്രഘോഷിക്കേണ്ടതിൻെറയും ആവശ്യകത ഊന്നിപ്പറയുന്ന പ്രബോധനരേഖ പ്രഘോഷണത്തിൻെറ വിവിധ തലങ്ങളെയും മേഖലകളെയും സംബന്ധിച്ച് പറയുന്നുണ്ട്. സ്നേഹത്തിലൂടെയുള്ള സാക്ഷ്യമാണ് ഇവയിൽ പ്രധാനം. സ്നേഹത്തിലധിഷ്ഠിതമായി കൂട്ടായ്മയുടെ ആദ്ധ്യാത്മികത വളർത്തുക സുപ്രധാനമായ വസ്തുതയാണ്. സഭാശ്രേണിയിലെ (hierarchy) എല്ലാ ഘടകങ്ങളും തമ്മിൽ സംഘാതാത്മകത (collegiality) പുലർത്തണം. പരസ്പരം ഉത്തരവാദിത്വങ്ങളും ഭാരവും പങ്കിടാൻ തയ്യാറാവുന്ന മനോഭാവവും ഈ സംഘാതാത്മകതയിൽ ദൃശ്യമാകണം. വൈവിധ്യമാർന്ന വിളികളെയും ശുശ്രൂഷകളെയും സഭയ്ക്കുള്ളിൽ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച്, അത്മായവിശ്വാസികളുടെ കൂട്ടായപ്രവർത്തനത്തിന് സവിശേഷമായ ശ്രദ്ധ നൽകേണ്ടത് ആവശ്യമാണ്. എക്യുമെനിക്കൽ സംരംഭങ്ങൾക്കായുള്ള പ്രതിബദ്ധതയാണ് പ്രബോധനരേഖയിലൂടെ മാർപ്പാപ്പാ ചൂണ്ടിക്കാണിക്കുന്ന, ശ്രദ്ധചെലുത്തേണ്ട മറെറാരു അജപാലനപരമായ വസ്തുത. ക്രിസ്തുവിൽ ഐക്യത്തിനുള്ള വിളിയേയും ആഹ്വാനത്തേയും അടിയന്തിര പ്രാധാന്യത്തോടെ കാണാനുള്ള ആഹ്വാനം സവിശേഷ പ്രാധാന്യം അർഹിക്കുന്നു.

പാവങ്ങളോടുള്ള മുൻഗണനാപരമായ സ്നേഹത്തിൻെറ വഴി മാർപ്പാപ്പാ ഉയർത്തിക്കാട്ടുന്നുണ്ട്. ദാരിദ്ര്യത്തോടൊപ്പം അടിയന്തിര പ്രാധാന്യമർഹിക്കുന്ന വസ്തുതകൾ പ്രമാണരേഖ വിവരിക്കുന്നുണ്ട്. ജീവിതത്തിൻെറ അർത്ഥം നഷ്ടപ്പെട്ട് അലയുന്നവർ, മയക്കുമരുന്നിന് അടിമകൾ, രോഗത്താലോ ദാരിദ്ര്യത്താലോ ഉപേക്ഷിക്കപ്പെടുന്നുവെന്ന് ഭയപ്പെടുന്നവർ, ഒററപ്പെടുത്തലോ സാമൂഹികമായ വിവേചനമോ അനുഭവിക്കുന്നവർ.... സുവിശേഷവൽക്കരണത്തിൻെറ ഈ മാനത്തിൻെറ അഭാവത്തിൽ പ്രഘോഷണം അർത്ഥരഹിതമായി പരിണമിക്കുമെന്ന വസ്തുത സവിശേഷശ്രദ്ധയോടെ കണക്കിലെടുക്കേണ്ടതാണ്.

ആധുനിക കണ്ടുപിടിത്തങ്ങൾ സൃഷ്ടിച്ചിരിക്കുന്ന അനേകം ഗൗരവതരമായ പ്രശ്നങ്ങൾ പ്രബോധനരേഖ ഉയർത്തിക്കാട്ടുന്നുണ്ട്. പരിസ്ഥിതി

www.malankaralibrary.com

പ്രശ്നം,സമാധാനത്തിനെതിരേയുള്ള മനുഷ്യാവകാശങ്ങളോടുള്ള അവഗണന എന്നിവ പ്രാധാന്യമർഹിക്കുന്ന പ്രശ്നങ്ങളാണ്. ജീവൻെറ മേഖലയിലെ കണ്ടുപിടിത്തങ്ങൾ ഏറെ ഗൗരവതരമായ ഉത്തരവാദിത്വങ്ങൾ സൃഷ്ടിക്കുന്നു. ക്രൈസ്തവർ വിശ്വാസത്തോടൊപ്പം മനുഷ്യപ്രകൃതിയിൽ അധിഷ്ഠിതമായ മൂല്യങ്ങൾ മററു മതാനുഭാവികളോടും ആശയാനുഭാവികളോടുമൊപ്പം ഉയർത്തിപ്പിടിക്കേണ്ടിയിരിക്കുന്നു. ഈ മേഖലകളിലൊക്കെയും സഭയുടെ സാമൂഹിക പ്രബോധനത്തിൻെറ അന്തസ്സത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ അല്മായർക്ക് സാധിക്കേണ്ടതാണ്.

ഉപവിയുടെ ദൗത്യത്തെ നിഷേധിക്കുന്ന സ്വകാര്യവും വ്യക്തിപരവുമായ ആദ്ധ്യാത്മികത ക്രിസ്തീയ വിശ്വാസത്തിന് അന്യമാണ്. ധാർമ്മിക-സാമൂഹികമാനങ്ങൾ ക്രിസ്തീയ സാക്ഷ്യത്തിൻെറ ഉപേക്ഷിക്കാനാവാത്ത ഘടകങ്ങളാണ്. ജൂബിലി ആചരണത്തിനുശേഷം ഉദാരമതികൾ നൽകിയ സംഭാവനകളിൽനിന്ന് ശേഷിക്കുന്ന പണം, ഉപവിപ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതാണെന്ന് പ്രബോധനരേഖ പ്രസ്താവിക്കുന്നുണ്ട്.

മിഷനുവേണ്ടിയും സംവാദത്തിനു (dialogue) വേണ്ടിയുമുള്ള പ്രതിബദ്ധത ക്രൈസ്തവരുടെ ഇടയിൽ വർദ്ധമാനമാകേണ്ടിയിരിക്കുന്നുവെന്ന് മാർപ്പാപ്പ അനുശാസിക്കുന്നു. മിഷൻ പ്രവർത്തനത്തിലും സംവാദത്തിലും നമുക്ക് ലഭ്യമായ ദാനത്തിൻെറ സന്തോഷകരമായ പ്രഘോഷണമാണ് നടക്കേണ്ടത്.

സഭാജീവിതത്തിൻെറ എല്ലാ മേഖലകളെയും സ്പർശിക്കുന്നതത്രേ ഈ പ്രബോധനരേഖ. ആത്മീയമായ നവീകരണം വ്യക്തിജീവിതത്തിലും സഭാജീവിതത്തിലും ഉളവായി, ക്രിസ്തുവിലൂടെ ലഭ്യമായ രക്ഷാകരരഹസ്യത്തിന് ഉത്തമമായ സാക്ഷ്യം നൽകുകയെന്നതാണ് പ്രബോധനരേഖയിലൂടെ ഉരുത്തിരിയുന്ന സന്ദേശം. സുവിശേഷവൽക്കരണത്തിൻെറ എല്ലാ മേഖലകളെയും കൂട്ടിയിണക്കി നമുക്കായി പ്രമാണരേഖ അവതരിപ്പിക്കുന്നു. മൂന്നാം സഹസ്രാബ്ദത്തിലെ ക്രിസ്തീയജീവിതം തികവുള്ളതായി, ക്രിസ്തുവിൽ ലഭ്യമായ രക്ഷയെപ്പററി ഏവരും അറിയുവാൻ ഈ പ്രബോധനരേഖ നിമിത്തമാകുമെന്ന് പ്രത്യാശിക്കാം.

---

ദാരിദ്ര്യത്തിൻെറ ഈ ലോകത്തുനിന്ന് സഹായത്തിനായി ഉയരുന്ന വിലാപത്തിൽ ക്രിസ്തുവിൻെറ സ്വരം തിരിച്ചറിഞ്ഞുകൊണ്ട്, ക്രിസ്തുവിലുള്ള വിശ്വാസം പ്രാവർത്തികമാക്കാൻ ക്രിസ്ത്യാനികൾ പഠിക്കണം. കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ അനേകം രീതികളിൽ പ്രകാശിപ്പിക്കപ്പെട്ടതും, എന്നാൽ ഇന്നും പൂർവ്വാധികം വിഭവശേഷി ആവശ്യപ്പെടുന്നതുമായ പരമ്പരാഗതജീവകാരുണ്യ പ്രവർത്തനം തുടരുകയെന്നാണ് ഇതിൻെറ അർത്ഥം. സ്നേഹത്തിലുള്ള നവീന 'സർഗ്ഗാത്മകതയ്ക്ക്' ഉള്ള സമയം ഇപ്പോഴാണ്. സഹായം ഫലപ്രദമാണെന്ന് ഉറപ്പുവരുത്തിക്കൊണ്ടു മാത്രമല്ല, സഹായം ചെയ്യുന്ന കൈ, എളിമപ്പെടുത്തുന്ന ഒരു കൈനീട്ട

www.malankaralibrary.com

ലാകാതെ, സഹോദരീ സഹോദരന്മാർ തമ്മിലുള്ള ഒരു പങ്കുവയ്ക്കലായി തോന്നുന്നതിനുവേണ്ടി സഹിക്കുന്നവരുടെ 'അടുത്തേക്കു ചെന്നു' കൊണ്ടും അതു സാധ്യമാക്കണം.

അതുകൊണ്ട്, ഓരോ ക്രൈസ്തവസമൂഹത്തിലും ദരിദ്രർക്ക് സ്വന്തം വീടെന്ന തോന്നലുണ്ടാകുന്നുണ്ടെന്ന് നാം ഉറപ്പുവരുത്തണം. ഈ സമീപനം രാജ്യത്തിന്റെ സദ്വാർത്തയുടെ ഏററവും മഹത്തും ഏററവും ഫലപ്രദവുമായ അവതരിപ്പിക്കലായിരിക്കുകയില്ലേ? ജീവകാരുണ്യ പ്രവർത്തനത്തിലൂടെയുള്ള സുവിശേഷവത്ക്കരണത്തിന്റെ ഈ രൂപമില്ലെങ്കിൽ, അതുപോലെ ക്രൈസ്തവ ദാരിദ്ര്യത്തിന്റെ സാക്ഷ്യവുമില്ലെങ്കിൽ, സ്നേഹത്തിന്റെ പ്രഥമരൂപം തന്നെയായ സുവിശേഷപ്രഘോഷണം തെററിദ്ധരിക്കപ്പെടുകയെന്ന അപകടസാധ്യതയിൽപ്പെടും.

www.malankaralibrary.com

# 23

# ഇൻററർനെറ്റിൻെറ ഉപയോഗവും ഫലങ്ങളും

സാമൂഹിക സമ്പർക്കമാധ്യമങ്ങളിൽ ഇന്ന് ഇൻററർനെററിനുള്ള (INTERNET) പ്രാധാന്യം സംശയമില്ലാത്ത വസ്തുതയാണ്. ഇൻററർനെററ് സമൂഹത്തിന് സാധ്യമാക്കിത്തന്നിരിക്കുന്ന വിനിമയ സാധ്യതകൾ അത്ഭുതകരമാണ്. ഇൻററർനെററിൻെറ സാധ്യതകൾ നന്നായി മനസ്സിലാക്കിക്കൊണ്ടാണ് സാമൂഹിക സമ്പർക്കമാധ്യമങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ 'സഭയും ഇൻററർനെററും' (THE CHURCH AND INTERNET) എന്ന രേഖ പ്രസാധനം ചെയ്തിരിക്കുന്നത്. 2002 ഫെബ്രുവരി 22-ന് പ്രസാധനം ചെയ്ത ഈ ലഘുലേഖ സഭയ്ക്ക് ഈ മേഖലയിലുള്ള താല്പര്യത്തിൻെറ കാരണങ്ങൾ വ്യക്തമാക്കുന്നതാണ്.

മനുഷ്യൻെറ ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുടേയും മനുഷ്യോചിതമായ ജീവിത സാഹചര്യങ്ങളുടേയും ഭാഗമാണ് ഇൻററർനെററിൻെറ നേട്ടങ്ങൾ. മനുഷ്യരുടെ ആവശ്യങ്ങൾ നിറവേററാൻ അവ ഏറെകാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇക്കാരണത്താൽ സഭ മാധ്യമങ്ങളോട് ഭാവാത്മകമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ഇൻററർനെററിൻെറ ഏററവും അടിസ്ഥാനപരമായ നന്മ അത് സാധ്യമാക്കുന്ന മനുഷ്യർ തമ്മിലുള്ള സമ്പർക്കത്തിൻെറ വേദിയാണ്. വ്യാപാരം, വിദ്യാഭ്യാസം, രാഷ്ട്രീയം, പത്രപ്രവർത്തനം തുടങ്ങിയ മേഖലകളിലുള്ള വിപ്ലവകരമായ മാററങ്ങളിലൂടെ ഭൗതികജീവിതത്തിന് മെച്ചമായ ക്രമീകരണം നൽകാൻ സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ സഹായിക്കുന്നു. മനുഷ്യൻെറ സമഗ്രപുരോഗതിയുമായി ബന്ധപ്പെടുന്നിടത്തോളം ഈ നേട്ടങ്ങൾ ദൈവരാജ്യത്തിൻെറ താല്പര്യങ്ങളിൽ ഉൾപ്പെടുന്നവതന്നെയാണ്.

മെച്ചപ്പെട്ട സമ്പർക്ക മാധ്യമസംവിധാനത്തിലൂടെ പൊതുനന്മയുടെ വെളിച്ചത്തിലും ഐക്യദാർഢ്യത്തിൻെറ ചൈതന്യത്തിലും സമൂഹത്തെ പ്രാദേശികവും ദേശീയവും സാമുദായികവുമായ തലങ്ങളിൽ പടുത്തുയർത്തുന്നതിനുവേണ്ടി മാനുഷിക വികസനം, നീതി, സമാധാനം എന്നിവയ്ക്കായി അവയുടെ ശരിയായ വികസനത്തേയും വിനിയോഗത്തേയും പ്രോത്സാ

www.malankaralibrary.com

ഹിപ്പിക്കുക എന്ന ലക്ഷ്യം സഭയ്ക്കുണ്ട് (ഖണ്ഡിക 3.1). പ്രാധാന്യമർഹിക്കുന്ന ഇതര ലക്ഷ്യമാണ് ത്രിത്വാത്മക സമ്പർക്കം മനുഷ്യസമൂഹത്തിൽ സാധിതമാക്കി മനുഷ്യരക്ഷ പകർന്നുനൽകുക എന്നത്. സമ്പർക്കത്തിന്റെ സത്തയാണ് സഭപേറുന്നത്. വ്യക്തികളുടെ കൂട്ടായ്മയായ സഭ ത്രിത്വത്തിന്റെ കൂട്ടായ്മയുടെ പ്രതിഫലനവും പേറുന്നുണ്ട്. എല്ലാററിലുമുപരി എല്ലാവരിലേക്കും സുവിശേഷമെത്തിക്കാൻ വിപുലമായ ഒരു മേഖലയും ഇൻറർനെററിലൂടെ തുറന്നുകിട്ടുന്നു. എന്നാൽ യേശുവിന്റെ സദ്വാർത്ത എത്തിക്കുവാൻ മാധ്യമങ്ങളുടെ സവിശേഷതകൾ ശ്രദ്ധാപൂർവ്വം പരിഗണിക്കണം. കാരണം, ജനങ്ങളെല്ലാം മാധ്യമസംസ്കാരത്താൽ രൂപീകരിക്കപ്പെട്ടവരും, ഇൻറർനെററിന്റെ അനുഭവത്തിൽ മുഴുകിക്കഴിയുന്നവരുമാണ്.

മതപരമായ സംഭവങ്ങൾ, ആശയങ്ങൾ എന്നിവ വളരെ ഒററപ്പെട്ടു കഴിയേണ്ടിവരുന്നവർക്കുപോലും ലഭ്യമാക്കുന്നു എന്നത് ഇൻറർനെററിന്റെ പ്രത്യേകതയാണ്. മാത്രമല്ല, “മതാത്മകവും ആദ്ധ്യാത്മികവുമായ സുപ്രധാന നിക്ഷേപങ്ങളിലേക്ക് ആളുകൾക്ക് നേരിട്ടുള്ള പ്രവേശനം അതു നല്കുന്നു. വലിയ ലൈബ്രറികൾ, മ്യൂസിയങ്ങൾ, ആരാധനാ കേന്ദ്രങ്ങൾ, പ്രബോധനാധികാരത്തിന്റെ പ്രബോധനപരമായ പ്രമാണരേഖകൾ, സഭാപിതാക്കന്മാരുടെയും മല്പാന്മാരുടെയും ഗ്രന്ഥങ്ങൾ, നൂററാണ്ടുകളുടെ മതാത്മക ജ്ഞാനം - എന്നിവയിലേക്ക് നേരിട്ടു പ്രവേശനം നല്കുന്നു” (ഖണ്ഡിക 5.3) എന്നതും ഇൻറർനെററിന്റെ സവിശേഷമായ സാധ്യതയാണ്. സമാനചിന്താഗതിക്കാരായ ആളുകളെ തമ്മിൽ ബന്ധിപ്പിക്കാൻ ഇൻറർനെററിനു കഴിയുന്നുണ്ട്. കൂദാശകളിലും ആരാധനയിലും സുവിശേഷപ്രഘോഷണത്തിലുമുള്ള വ്യക്തിപരമായ സജീവ സാന്നിധ്യത്തിന് പകരം നില്ക്കാൻ ഇൻറർനെററിനു കഴിവില്ല. എന്നിരുന്നാലും വ്യക്താന്തരബന്ധത്തെ പ്രോത്സാഹിപ്പിക്കാനും അതിനു പൂരകമായി വർത്തിക്കാനും ഇൻറർനെററിനു സാധിക്കും. ഇക്കാരണത്താൽ ഇടവകകളും രൂപതകളും സന്യാസസഭകളും സഭയോടു ബന്ധപ്പെട്ട സ്ഥാപനങ്ങളും പദ്ധതികളും ഇൻറർനെററിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനെ സഭ പ്രോത്സാഹിപ്പിക്കുന്നു.

ഇൻറർനെററിന്റെ സവിശേഷതകളിൽ ഒന്ന് കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന രണ്ടു മാർഗ്ഗങ്ങളും അതിൽ സാധ്യമാകുന്നു എന്നതാണ്. ഇക്കാരണത്താൽ ഫലപ്രദമായ സംവാദത്തിന് (DIALOGUE) ഇൻറർനെററ് വളരെയേറെ ഉപയുക്തമാക്കാം.

മതപരമായ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ഇൻറർനെററ് വളരെയേറെ സഹായകമാണ്. അതുകൊണ്ട് അജപാലന രംഗത്തു പ്രവർത്തിക്കുന്നവർക്ക് നല്കുന്ന പരിശീലനത്തിൽ മാധ്യമവിദ്യാഭ്യാസം അവശ്യമായ ഭാഗമാക്കണം എന്ന് പ്രമാണരേഖ നിർദ്ദേശിക്കുന്നു. സൈബർ സ്പെയിസി (CYBER SPACE) ന്റെ യുഗത്തിൽ അനന്തസാധ്യതകളുള്ള

www.malankaralibrary.com

ഈ മാധ്യമത്തെ എപ്രകാരം വിനിയോഗിക്കണമെന്ന് യുവജനങ്ങളെ ബോധ്യപ്പെടുത്തണം. തങ്ങളുടെ സമഗ്രമായ വികസനത്തിനും മറ്റുള്ളവരുടെ നന്മയ്ക്കുമായി ഇൻറർനെററ് ഉപയുക്തമാക്കാൻ യുവജനങ്ങൾ പരിശീലിക്കണം.

ഇൻറർനെററ് സൃഷ്ടിക്കുന്ന ചില പ്രശ്നങ്ങൾ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തേണ്ടത് ആവശ്യമാണ്. വിശ്വാസ-ധാർമ്മിക തത്വങ്ങളോട് നിസ്സംഗതയോ ശത്രുതയോ പുലർത്തുന്ന മാധ്യമസംസ്കാരം നാം കാണുന്നുണ്ട്. അതുപോലെ മതപരവും വംശീയവുമായ വിദ്വേഷം ഉളവാക്കാൻ പര്യാപ്തമായ സൈററുകൾ (SITES) പോലും നിലവിലുണ്ട്. ഇവയിൽ പലതിൻെറയും ലക്ഷ്യം കത്തോലിക്കാ സഭയാണ്. പ്രശ്നമുളവാക്കുന്ന മറെറാരു സ്ഥിതിവിശേഷമാണ് കത്തോലിക്കാ സഭയുടെ പേരിൽ ചിലർ ഉളവാക്കുന ആശയക്കുഴപ്പങ്ങൾ. ഇവ അവതരിപ്പിക്കുന്ന അപക്വവും സമതുലിതമല്ലാത്തതുമായ ആശയങ്ങളുടെ നടുവിൽ സഭയോടു യഥാർത്ഥമായ വിശ്വസ്തത പുലർത്തുന്ന ഗ്രൂപ്പുകൾ ഇൻറർനെററിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇതിനായി രേഖ ചില പ്രായോഗിക സമീപനങ്ങളും നിർദ്ദേശിക്കുന്നു.

ഗവേഷണവും പഠനവും വേണ്ട ഒരു മേഖല വത്തിക്കാൻ രേഖ ചൂണ്ടിക്കാണിക്കുന്നു. "സമ്പർക്കത്തെ സംബന്ധിച്ച ഒരു നരവംശശാസ്ത്രത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും വികസനം" (ഖണ്ഡിക 9.1) ഗവേഷണത്തിൻെറയും പഠനത്തിൻെറയും ലക്ഷ്യമാവണം. ഈ പഠനത്തോടും ഗവേഷണത്തോടും ചേർന്നു വേണം ഇൻറർനെററ് മേഖലയിൽ ക്രിയാത്മകമായ അജപാലനപദ്ധതി രൂപം കൊള്ളേണ്ടത്.

ഇൻറർനെററിൽ ലഭ്യമാകുന്ന മതപരമായ കാര്യങ്ങൾ സംബന്ധിച്ചും ഒരു 'ഉപഭോക്തൃ' സമീപനം രൂപം കൊള്ളുന്നുണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. വ്യക്തികൾ സ്വന്തം താല്പര്യത്തിനും അഭിരുചിക്കും ചേർന്നകാര്യങ്ങൾ മാത്രം തെരഞ്ഞെടുക്കുന്ന പ്രവണതയെ ഇൻറർനെററ് പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്ന് പഠിക്കേണ്ടതാണ്.

കൂദാശകൾ ഉൾപ്പെടെയുള്ള ആരാധനയ്ക്ക് പകരമാവാൻ ഇൻറർനെററ് സംവിധാനങ്ങൾ പര്യാപ്തമല്ല. അതുകൊണ്ട് സൈബർ സ്പേസ് ലോകത്തിൽ ആയിരിക്കുന്നവരെ യഥാർത്ഥലോകത്തിലേക്കു നയിക്കാനുള്ള ഒരു അജപാലനപദ്ധതി രൂപീകരിക്കേണ്ടതാണ്.

ഇത്തരത്തിലുള്ള സമീപനത്തിനും പ്രവർത്തനങ്ങൾക്കും സഭയുടെ എല്ലാ തലങ്ങളിലുമുള്ളവർ പ്രത്യേകം ശ്രദ്ധിക്കണം. സഭാ നേതൃത്വത്തിലുള്ളവർ മാധ്യമങ്ങളുടെ യഥാർത്ഥമായ സ്വഭാവം മനസ്സിലാക്കേണ്ടതുണ്ട്. സഭയുടെ ദൗത്യം നിറവേററാൻ ഇൻറർനെററ് സാങ്കേതികവിദ്യ അവർ ഉപയുക്തമാക്കണം.

വിശ്വാസസംബന്ധമായ കാര്യങ്ങളിൽ ഉൾപ്പെടെ സഭയുടെ നിലപാട് ബഹുവിധമായ ആശയങ്ങളുടെ നടുവിൽ വ്യക്തമായി അറിയിക്കണം. അ

www.malankaralibrary.com

തുപോലെ സഭയുടെ അജപാലകസമൂഹം ഒന്നാകെ “ഒരു മാധ്യമസംസ്കാരത്തിൽ, ആളുകളോട് അവരുടെ സംവേദകത്വവും താത്പര്യങ്ങളും അനുസരിച്ചു ഒരു സമ്പർക്കരീതി സമ്പാദിക്കാൻ” ഉത്സാഹിക്കേണ്ടതാണ് (ഖണ്ഡിക 11.5). ഇതിനു സഹായകമായ മാധ്യമവിദ്യാഭ്യാസം വൈദികർക്കും ഇതര അജപാലകപ്രവർത്തകർക്കും ലഭ്യമാക്കേണ്ടതാണ്. ഇവരെപ്പോലെ വിദ്യാഭ്യാസപ്രവർത്തകരും മതബോധന പ്രവർത്തകരും ഇതേ തരത്തിൽ മാധ്യമരംഗത്തു ശ്രദ്ധവയ്ക്കണം. മാതാപിതാക്കൾ ഇൻറർനെററിൻെറ ഉപയോഗം സംബന്ധിച്ച് കുട്ടികളെ നയിക്കുകയും മേൽനോട്ടം നടത്തുകയും ചെയ്യണം. കുട്ടികളും യുവജനങ്ങളുമാകട്ടെ തങ്ങളുടെയും സമൂഹത്തിൻെറയും സമഗ്രമായ നന്മ ലക്ഷ്യമാക്കി ഇൻറർനെററ് ഉപയോഗിക്കണം. മെച്ചപ്പെട്ട ഭാവിയെ പടുത്തുയർത്താനുള്ള ഒരു മാർഗ്ഗമായി അതിനെ സമീപിക്കണം. വിവേകം, നീതിബോധം, ധീരത, മിതത്വം എന്നീ പുണ്യങ്ങൾ ഇൻറർനെററ് ഉപയോഗിക്കുന്ന എല്ലാവരിലും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇൻറർനെററിനെ എല്ലാവരുടെയും നൻമയ്ക്ക് ഉപയുക്തമാക്കാനും ഇൻറർനെററ് ഉയർത്തുന്ന വെല്ലുവിളികളെ നേരിടാനും മൂല്യാധിഷ്ഠിതമായ ആ സമീപനം ആവശ്യമാണ്.

ശ്രദ്ധയോടുകൂടിയ ഉപയോഗംകൊണ്ട് വളരെയേറെ സത്ഫലങ്ങൾ കരഗതമാക്കാവുന്ന ഒന്നത്രേ ഇൻറർനെററ്. ഇതു മനസ്സിലാക്കിയാണ് സഭ ഇൻറർനെററിനോട് ക്രിയാത്മകമായ സമീപനത്തിന് ആഹ്വാനം ചെയ്യുന്നത്. മനുഷ്യൻെറ സമഗ്രനന്മയ്ക്കും ആത്യന്തികമായി ദൈവരാജ്യത്തിൻെറ പ്രഘോഷണത്തിനും വളർച്ചയ്ക്കുമായി ഇൻറർനെററിൻെറ സാധ്യതകൾ ഉപയോഗിക്കാൻ സഭാംഗങ്ങൾ ശ്രദ്ധിക്കേണ്ടത് ഈ കാലഘട്ടത്തിൻെറ ആവശ്യമാണ്.

---

സഭയുടെ എല്ലാതലത്തിലുമുള്ളവർ ഇൻറർനെററ് സർഗ്ഗാത്മകമാം വിധം ഉപയോഗിക്കുകയെന്നതും സുപ്രധാനമായ കാര്യമാണ്. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനും സഭയുടെ ദൗത്യം പൂർത്തിയാക്കാൻ സഹായിക്കാനും അങ്ങനെ ചെയ്യണം. സാങ്കേതികവിദ്യയോടുള്ള ഭയം കൊണ്ടോ മറേറതെങ്കിലും കാരണത്താലോ ഭീതിയോടെ പിൻവലിയുക ഇൻറർനെററിൻെറ ഭാവാത്മകമായ അനേകം സാധ്യതകളെ പരിഗണിക്കുമ്പോൾ സ്വീകരിക്കത്തക്ക സംഗതിയല്ല. സമ്പർക്കവും സംവാദവും സഭാംഗങ്ങളുടെയിടയിൽ സുഗമമാക്കുന്ന രീതികൾ അവരുടെ ഐക്യത്തെ ദൃഢമാക്കും. വിവരങ്ങൾ പെട്ടെന്നു ലഭിക്കുകയെന്നത് സമകാലീനലോകവുമായുള്ള സഭയുടെ സംവാദത്തെ അഗാധതരമാക്കാൻ സഹായിക്കും. ഏതു പ്രശ്നത്തെയും സംഭവത്തെയും സംബന്ധിച്ച് തൻെറ വിശ്വാസത്തെപ്പററി ലോകത്തെ വേഗത്തിൽ അറിയിക്കാനും തൻെറ നിലപാടിൻെറ കാരണങ്ങൾ വിശദീകരിക്കാനും കഴിയും. പൊതുജനാഭിപ്രായത്തിൻെറ ശബ്ദം കൂടുതൽ വ്യക്തമായി കേൾക്കാൻ സഭയ്ക്ക് കഴിയും. തൻെറ ചുററുമുള്ള ലോകവുമായി നിരന്തരസംഭാഷണത്തിൽ ഏർപ്പെടാനും അവർക്കു സാധിക്കും. അങ്ങനെ മനുഷ്യവംശത്തെ ഞെരുക്കുന്ന അനേകം പ്രശ്നങ്ങളുടെ പരിഹാരത്തിനു പൊതുവായ അന്വേഷണത്തിൽ കൂടുതൽ വേഗത്തിൽ ഉൾപ്പെടാനും കഴിയും (ഖണ്ഡിക 10.2).

www.malankaralibrary.com

# 24

# ഇൻ്റർനെറ്റിൻെറ ഉപയോഗം ധാർമ്മികവീക്ഷണത്തിൽ

മാധ്യമങ്ങളുടെ പ്രത്യേകിച്ച് ഇൻറർനെററിൻെറ ഗുണപരമായ വശങ്ങൾ സഭ ചർച്ചചെയ്തിട്ടുള്ളതാണ്. അതോടൊപ്പം ചർച്ചചെയ്യേണ്ട ഗൗരവതരമായ വിഷയമാണ് ഇൻറർനെററിൻെറ ധാർമ്മികമാനം. 'യഥാർത്ഥ മാനുഷിക വികസനത്തെ ഇതു സഹായിക്കുകയും വ്യക്തികളെയും ജനതകളെയും അവരുടെ അതിസ്വാഭാവിക ലക്ഷ്യത്തോട് സത്യസന്ധത പുലർത്താൻ സഹായിക്കുകയും ചെയ്യുന്നുണ്ടോ' എന്നതാണ് ഈ വിലയിരുത്തലിൻെറ മാനദണ്ഡം (Ethics in Internet = ഇൻറർനെററിലെ ധാർമ്മികത = E11.2). സാമൂഹികസമ്പർക്ക മാദ്ധ്യമങ്ങളെ സംബന്ധിച്ച പൊന്തിഫിക്കൽ കൗൺസിലിൻെറ 'ഇൻറർനെററിലെ ധാർമ്മികത' എന്ന ലഘുലേഖയിലെ ഉള്ളടക്കം ഇൻറർനെററിന്റെ ധാർമ്മിക വിശകലനമാണ്. 2002 ഫെബ്രുവരി 22-ന് പുറപ്പെടുവിച്ച ഈ രേഖ ഏറെ കാലികപ്രാധാന്യമുള്ള ഒന്നത്രേ.

ഭാവാത്മകമെന്നപോലെ (POSITIVE) നിഷേധാത്മകമായ (NEGATIVE) ഫലങ്ങളും ഉളവാക്കാൻ പ്രാപ്തമാണ് സാമൂഹിക സമ്പർക്കമാദ്ധ്യമങ്ങൾ. ഈയവസരത്തിൽ മനുഷ്യൻെറ നന്മയ്ക്ക് ഉപയോഗിക്കുന്നതോടൊപ്പം ദുരുപയോഗത്തിന് വഴിപ്പെടാതെ സമ്പർക്കമാദ്ധ്യമങ്ങളെ സംരക്ഷിക്കേണ്ടതും ആവശ്യമാണ്. സാമൂഹിക സമ്പർക്കമാധ്യമങ്ങളിൽ ഏററവും ശക്തമായ ഉപകരണമായ ഇൻറർനെററിനെ സംബന്ധിച്ച് ഇത് ഏറെ പ്രസക്തമായ കാര്യമാണ്. മനുഷ്യവ്യക്തിയുടെ മഹത്വത്തോടുള്ള സഭയുടെ സമർപ്പണവും സഭയുടെ ധാർമ്മികവിജ്ഞാനത്തിൻെറ സുദീർഘമായ പാരമ്പര്യവും അധിഷ്ഠിതമാക്കിയാണ് ഇൻറർനെററിൻെറ ധാർമ്മികതയെ പൊന്തിഫിക്കൽ കൗൺസിലിൻെറ രേഖ വിശകലനം ചെയ്തിരിക്കുന്നത്.

സാമൂഹിക ജീവിയായ മനുഷ്യനോടും മനുഷ്യസമൂഹത്തോടുമുള്ള പ്രതിബദ്ധത ഇൻറർനെററിൻെറ ഉപയോഗത്തിൽ മികച്ചുനില്ക്കണം. വ്യക്തികളുടെ സമഗ്രമായ വികസനമാകണം ഇൻറർനെററിൻെറ ലക്ഷ്യം. അതുപോലെ പ്രധാനമാണ് പൊതുനന്മ. പൊതുനന്മ സംരക്ഷിക്കാനും

www.malankaralibrary.com

വളർത്താനുമുള്ള മാർഗ്ഗമാണ് ഐക്യദാർഢ്യം സാധ്യമാക്കുക എന്നത്. ഐക്യദാർഢ്യത്തിന് ഇന്ന് സാർവ്വത്രികമായ ഒരു മാനമുണ്ട്. ആഗോളവത്കരണത്തിൻെറ പശ്ചാത്തലത്തിലാണ് ഐക്യദാർഢ്യത്തിന് ഏറെ പ്രസക്തി കൈവരിക. ആഗോളവത്കരണത്തിൻെറ ഫലങ്ങൾ നാളിതുവരെ ന്യായമായി പങ്കിട്ടിട്ടില്ല എന്നത് സംശയരഹിതമായ വസ്തുതയാണ്. തത്ഫലമായി ഏറെപ്പേർ ദാരിദ്ര്യത്തിൽത്തന്നെ കഴിയുന്നു. ആഗോളവത്ക്കരണംതന്നെ സ്വതന്ത്രതീരുമാനം ഇല്ലാതെ പാവപ്പെട്ടവരുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒന്ന് എന്ന നിലയിൽ കാണാനാവും. സാമ്പത്തികമെന്നതിനോടൊപ്പം സാംസ്കാരികമായ കീഴടങ്ങലിൻേറയും വശം ആഗോളവത്കരണത്തിലുണ്ട്. ഇത് സൃഷ്ടിക്കുന്ന സാമൂഹിക പരിവർത്തനവും നിർണ്ണയാതീതമാണ്. ഈ സാഹചര്യത്തിൽ വിവരദാന സാങ്കേതികവിദ്യയും ഇൻറർനെററും പൊതുനന്മയ്ക്കായി ദൃഢൈക്യം പുലർത്താനുള്ള സമർപ്പണത്താൽ നയിക്കപ്പെടണം. ലോകത്ത് എല്ലാവർക്കുമായി ഇൻറർനെററിൻെറ സത്ഫലങ്ങൾ പങ്കിടുന്ന സ്ഥിതിവിശേഷം ഉണ്ടാകുമ്പോൾ കൂട്ടായ്മയുടെ അനുഭവമുണ്ടാകും. അത് സമാധാനവും സന്തോഷവും മനുഷ്യവംശത്തിൽ കൂടുതലായി സംജാതമാക്കും.

ഇൻറർനെററ് വൈരുദ്ധ്യാത്മകഫലങ്ങൾ ഉളവാക്കാൻ പ്രാപ്തവുമാണ്. ഇൻറർനെററിന് വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും ഏകാന്തത നശിപ്പിക്കാനാവും. അതുപോലെ ഏകാന്തത വർദ്ധിപ്പിക്കാനും കഴിയും. ഒരു വശത്ത് വിവരങ്ങളും ആശയങ്ങളും സൗജന്യമായി കൈമാറുന്നത് നല്ല രീതിയായി പുരോഗമിച്ചുവരുന്നു. അതേസമയം വ്യക്തിമാത്രവാദം (INDIVIDUALISM) അതിശയോക്തിപരമായി നിർണ്ണയിക്കപ്പെട്ടു കാണുന്നു. സൈബർ സ്പെയിസിൻെറ (CYBER SPACE) ലോകത്തിൽ വ്യക്തിസ്വാതന്ത്ര്യം അമിതമായതോടെ സ്വന്തം അവകാശങ്ങൾക്കും താല്പര്യങ്ങൾക്കും മാത്രം മുൻതൂക്കം നൽകുന്ന മൗലികതന്നിഷ്ടവാദികളുടെ നിയന്ത്രണം ഏറെയായി. മാധ്യമങ്ങളിൽ അശ്ലീലത്തിൻെറയും അക്രമത്തിൻെറയും അതിപ്രസരത്തിനും ഇത് വഴിയൊരുക്കി.

ജനങ്ങൾക്ക് സേവനം ചെയ്യാനാവുന്നതോടൊപ്പം വ്യക്തികളേയും സമൂഹങ്ങളേയും സ്വാർത്ഥതയിലേക്കും ഒററപ്പെടുത്തലിലേക്കും നയിക്കാനും ഇൻറർനെററിനു കഴിയും. 'വ്യക്തികൾ എന്ന നിലയിലും, പ്രത്യയശാസ്ത്രം, രാഷ്ട്രീയം, സമ്പത്ത്, വംശം, ജാതി, തലമുറകൾ എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്നിവയാൽ മാത്രമല്ല, മതത്താൽപോലും വിഭജിക്കപ്പെട്ട സംശയാലുക്കളായ ഗ്രൂപ്പുകൾ എന്ന നിലയിലും വിഭജിക്കാൻ കഴിയും' (EI 9.2). വിഭജനം സൃഷ്ടിച്ച് അന്താരാഷ്ട്ര സമൂഹത്തെ വിരുദ്ധചേരിയിലാക്കാൻ ഇൻറർനെററിന് കഴിയുമെന്നത് സ്ഫോടനാത്മകമായ സാഹചര്യമാണ്. ഇൻറർനെററിൻെറ വിദ്യയാൽ സമ്പന്നരും അതിൻെറ അഭാവത്താൽ ദരിദ്രരുമായവർ തമ്മിലുള്ള ഡിജിററൽ ഡിവൈഡ് (DIGITAL DIVIDE) എന്ന വിവേചനം ഒഴിവാക്കേണ്ടതാണ്. ചുരു

www.malankaralibrary.com

ക്കത്തിൽ, ആഗോളവത്കരണവും ആഗോള സാമ്പത്തിക വ്യവസ്ഥിതിയും ഉരുത്തിരിയുമ്പോൾ അതിൻെറ ഉപഭോക്താക്കൾ മനുഷ്യവംശം മുഴുവനായിരിക്കണമെന്ന് സഭ താല്പര്യപ്പെടുന്നു.

സാംസ്കാരികമായ സേച്ഛാധിപത്യത്തിൻെറ സാധ്യതകൾ തള്ളിക്കളയുവാനാവില്ല. പ്രത്യേകിച്ച് പാശ്ചാത്യസംസ്കാരം അടിച്ചേല്പിക്കപ്പെടാനും പരമ്പരാഗത സംസ്കാരങ്ങൾ അവയിലെ മൂല്യങ്ങളോടൊപ്പം വെല്ലുവിളിക്കപ്പെടാനുമുള്ള സാധ്യത ഏറെയാണ്. ഇൻറർനെററിലൂടെ സംസ്കാരസംവാദവും പരസ്പരം സമ്പന്നമാക്കലും ആവശ്യമാണ്. വിവാഹം, കുടുംബം, സാമൂഹികബന്ധങ്ങൾ എന്നിവയിലെല്ലാം ഗൗരവതരമായ ശ്രദ്ധ ആവശ്യമാണ്. പരസ്പര കൈമാററങ്ങളിലും ഇടപാടുകളിലും മറ്റും വിശ്വാസങ്ങളോടും മൂല്യങ്ങളോടും സാംസ്കാരികമായ വിവേകവും ആദരവും പ്രകടമാക്കേണ്ടതാണ്.

ആശയവിനിമയത്തിൽ സ്വാതന്ത്ര്യം അനിവാര്യമാണ്. ഇതിനെ തടസ്സപ്പെടുത്തുന്ന പൊതു അധികാരികളുടെ ശ്രമം സഭയുടെ ദൃഷ്ടിയിൽ അപലപനീയമാണ്.

സാഹചര്യങ്ങളുടെ സമ്മർദ്ദവും വിവരങ്ങളുടെ അമിതഭാരവും വേണ്ടവിധത്തിലുള്ള വിമർശനാത്മകമായ വിലയിരുത്തൽ അസാധ്യമാക്കുന്ന സ്ഥിതിവിശേഷമാണ് സൃഷ്ടിക്കുന്നത്. അതുപോലെ, വാർത്തകളുടെയും മററും കൃത്യത പരിശോധിക്കുന്നതും എളുപ്പമായ കാര്യമല്ല. ചിലർ ആസക്തിക്കു (ADDICTION) തുല്യമായി ഇൻറർനെററിനു വിധേയരായിത്തീരാം. മനഃശാസ്ത്രപരമായ വികസനത്തെയും ആരോഗ്യത്തെയും ഇൻറർനെററ് എങ്ങനെ ബാധിക്കുമെന്ന് നിരന്തരം പഠിക്കേണ്ടതുണ്ട്.

ഇൻറർനെററിൻെറ മേഖലയിൽ അമിത സ്വാതന്ത്ര്യം നിയന്ത്രിക്കണമെന്നും പൊതുനന്മയ്ക്കുവേണ്ടി ദൃഢൈക്യമെന്ന സത്ഗുണം വളർത്തണമെന്നും പൊന്തിഫിക്കൽ കൗൺസിൽ രേഖ നിർദ്ദേശിക്കുന്നു. അനാവശ്യമായ നിയന്ത്രണങ്ങൾ ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം 'വിദ്വേഷപരമായ പ്രഭാഷണങ്ങൾ, അപകീർത്തിപരമായ ദുരാരോപണം, വഞ്ചന, ബാലികാബാലന്മാരെ സ്വാധീനിക്കുന്ന അശ്ലീലം, പൊതുവേ അശ്ലീലസാഹിത്യം മുതലായ കുററങ്ങൾക്കെതിരെ നിയമങ്ങൾ ഉണ്ടായിരിക്കണം' എന്നും രേഖ നിർദ്ദേശിക്കുന്നു (EI 16.1). തക്കതായ നിയമങ്ങൾ നടപ്പാക്കുന്നതിന് രാഷ്ട്രാധികാരികൾക്ക് കടമയും അവകാശവുമുണ്ട്. കമ്പ്യൂട്ടർ വൈറസുകൾ വ്യാപിപ്പിക്കൽ, വിവരങ്ങളുടെ മോഷണം തുടങ്ങിയ കുററങ്ങൾക്കെതിരെ നടപടികളുണ്ടാവണം. അന്താരാഷ്ട്ര സഹകരണത്തിന് ഇൻറർനെററിലൂടെയുള്ള പൊതുചർച്ചകൾ ആവശ്യമായ കാര്യമാണ്. അതുപോലെ, ഇൻറർനെററിനോട് ബന്ധപ്പെട്ടു പരിഹരിക്കാൻ പ്രയാസമുള്ള പല പ്രശ്നങ്ങളും അന്താരാഷ്ട്ര പൊതുസമ്മതം ആവശ്യപ്പെടുന്നവയാണ്.

ഇൻറർനെററിൻെറ മേഖലയിൽ ധാർമ്മികമൂല്യങ്ങൾ പരിരക്ഷിക്കാനും

www.malankaralibrary.com

ദൈവരാജ്യത്തിൻെറ മേഖലയിലേക്ക് അതിനെ ബന്ധിപ്പിക്കാനുമാണ് സഭ ഇൻററർനെററിനെ സംബന്ധിച്ച ചർച്ചയും വിശകലനവും അവതരിപ്പിക്കുക.

സാങ്കേതികവിദ്യയുടെ മേഖല മാത്രമല്ല ഇൻറർനെററ്. മൂല്യാധിഷ്ഠിതമായ വിശകലനത്തിന് ഇൻറർനെററും അതിൻെറ ഉപയോഗവും വിധേയമാക്കണം. മാനവസമൂഹത്തിൻെറ പൊതുനന്മയാകണം ഇൻറർനെററിൻെറ ആത്യന്തികലക്ഷ്യം. മനുഷ്യൻെറ സമഗ്രപുരോഗതിയാണ് ഇൻറർനെററിൻെറ ഉപയോഗത്തിൽ എല്ലാവരുടെയും മുമ്പിലുണ്ടാകേണ്ടത്. ഈ അടിസ്ഥാനതത്വങ്ങൾ ഉയർത്തിപ്പിടിക്കുന്ന പൊന്തിഫിക്കൽ കൗൺസിലിൻെറ ഇൻറർനെററിലെ ധാർമ്മികത എന്ന രേഖ ക്രൈസ്തവരുടെ മാത്രമല്ല, ഏവരുടെയും സത്വരശ്രദ്ധ അർഹിക്കുന്നതാണ്.

---

> മനുഷ്യജീവിതത്തിന് അളവററ മൂല്യമുള്ള സഹായം ചെയ്യാൻ ഇൻറർനെററിനു കഴിയും. ആഗോളതലത്തിൽ ഐശ്വര്യവും സമാധാനവും വളർത്താൻ കഴിയും. ബുദ്ധിപരവും സൗന്ദര്യശാസ്ത്രപരവുമായ വളർച്ചയും ജനതകളുടെയും ദേശങ്ങളുടെയും ഇടയിൽ പരസ്പരധാരണയും പരിപോഷിപ്പിക്കാൻ അതിനു കഴിയും (18.2).

www.malankaralibrary.com

# 25

# ജപമാലഭക്തിയും പ്രകാശത്തിന്റെ രഹസ്യങ്ങളും

**ജോ**ൺ പോൾ രണ്ടാമൻ മാർപ്പാപ്പായ്ക്ക് പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തി സുവിദിതമായ കാര്യമാണല്ലോ. തനിക്കേററവും പ്രിയങ്കരമായ പ്രാർത്ഥന ജപമാലയാണെന്ന് പത്രോസിന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട നാളുകളിൽത്തന്നെ മാർപ്പാപ്പാ വെളിപ്പെടുത്തിയിട്ടുണ്ട്. തന്റെ ഭരണത്തിന്റെ ജൂബിലിയുടെ ആരംഭവേളയിലാണ് പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിക്കും ജപമാലയോടുള്ള താല്പര്യത്തിനും സാക്ഷ്യംനൽകുന്ന ജപമാലയെക്കുറിച്ചുള്ള അപ്പസ്തോലിക ലേഖനം (ROSARIUM VIRGINIS MARIAE) മാർപ്പാപ്പാ പ്രസിദ്ധീകരിച്ചത്. ജപമാല പ്രാർത്ഥനയിൽ 'പ്രകാശത്തിന്റെ രഹസ്യങ്ങൾ' - MYSTERIES OF LIGHT/LUMINOUS MYSTERIES/MYSTERIA LUCIS - എന്ന പേരിൽ അഞ്ചു രഹസ്യങ്ങൾകൂടി അദ്ദേഹം നിർദ്ദേശിക്കുന്നുണ്ട്. ഈ രേഖ 2002 ഒക്ടോബർ 16-നാണ് പ്രസിദ്ധീകരിച്ചത്. ആമുഖവും ഉപസംഹാരവും മൂന്ന് ലഘു അദ്ധ്യായങ്ങളും ഉൾക്കൊള്ളുന്ന ഈ അപ്പസ്തോലിക പ്രബോധനം 46 നമ്പറുകളിലായാണ് ജപമാല ഭക്തിയുടെ ഘടനയും അരൂപിയും ആവിഷ്കരിക്കുക.

ആമുഖത്തിൽത്തന്നെ അപ്പസ്തോലിക ലേഖനത്തിന്റെ ഉള്ളടക്കത്തിന്റെ രൂപരേഖ ലഭ്യമാണ്. ജപമാലയിൽ മരിയഭക്തിയുടെ സ്വഭാവമാണ് മികച്ചു നില്ക്കുന്നത് എന്ന് തോന്നിക്കാം. എങ്കിലും അത് പൂർണ്ണമായും ക്രിസ്തുകേന്ദ്രീകൃതമായ ഒരു പ്രാർത്ഥനയാണെന്ന് മാർപ്പാപ്പാ വ്യക്തമാക്കുന്നുണ്ട്. രക്ഷാകരമായ വേലയോടുള്ള മറിയത്തിന്റെ നിത്യമായ സ്തുതിഗീതത്തിന്റെ അലയൊലിയാണ് ജപമാലയിൽ പ്രതിധ്വനിക്കുക. മറിയത്തോടൊപ്പം യേശുവിന്റെ തിരുമുഖത്തിന്റെ മനോഹാരിത ധ്യാനിക്കുവാനും സ്നേഹത്തിന്റെ ആഴം അനുഭവിക്കാനുമുള്ള പരിശീലനം ജപമാലയിൽ വിശ്വാസികൾക്ക് ലഭ്യമാകുന്നുവെന്ന് മാർപ്പാപ്പാ ചൂണ്ടിക്കാണിക്കുന്നു.

ജപമാല തന്റെ മുൻഗാമികൾക്കും പ്രിയങ്കരമായ പ്രാർത്ഥനയായിരുന്നുവെന്ന് അപ്പസ്തോലിക ലേഖനം സമർത്ഥിക്കുന്നു. ജപമാലയുടെ

www.malankaralibrary.com

മാർപ്പാപ്പയായ ലെയോ പതിമൂന്നാമന്റെ ചാക്രികലേഖനവും (SUPREMI APOSTOLATUS OFFICIO, 1883) പോൾ ആറാമന്റെ അപ്പസ്തോലിക ഉപദേശവും (MARIALIS CULTUS, 1974) ഇതിന് സുവ്യക്തമായ ഉദാഹരണങ്ങളാണ്.ജോൺ ഇരുപത്തിമൂന്നാമനും ജപമാല പ്രാർത്ഥനയെ സവിശേഷമായി പുകഴ്ത്തിയിട്ടുണ്ട്. സഭയിലെ അനേകം വിശുദ്ധരും ജപമാല പ്രാർത്ഥനയിലൂടെ ആദ്ധ്യാത്മിക പൂർണ്ണത നേടിയവരാണ്. ജപമാല പ്രാർത്ഥന വിശുദ്ധിയിലുള്ള വളർച്ചയ്ക്ക് സഹായകരമായ ഒരു മാർഗ്ഗമായി അവർ കണ്ടെത്തി എന്നതാണ് അവരുടെ ജപമാല ഭക്തിയുടെ കാരണം.

ജപമാല പ്രാർത്ഥനയ്ക്കെതിരെ ഉന്നയിക്കുന്ന വാദമുഖങ്ങളെപ്പററി മാർപ്പാപ്പാ ബോധവാനാണ്. വത്തിക്കാൻ സൂനഹദോസ് ആരാധനക്രമത്തിന് പ്രാമുഖ്യം നൽകിയതുകൊണ്ട് ജപമാല പ്രാർത്ഥനയുടെ പ്രാധാന്യം കുറഞ്ഞുപോയെന്ന് കരുതുന്നവരുണ്ട്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ വിശകലനത്തിൽ ആരാധനക്രമത്തിന് ശ്രേഷ്ഠമായ ആമുഖമായും, അതിന്റെ വിശ്വസ്തമായ പ്രതിധ്വനിയായും ജപമാലയെ ദർശിക്കാനാവും. മറിയത്തിൽ കേന്ദ്രീകൃതമായ ജപമാലയുടെ സ്വഭാവം എക്യുമെനിക്കൽ അരൂപിക്ക് വിഘാതമാകുമെന്ന് വാദിക്കുന്നവരുണ്ട്. അവർക്കായി ക്രിസ്തീയ വിശ്വാസത്തിന്റെ ക്രിസ്തു കേന്ദ്രീകൃത സ്വഭാവത്തിലേക്ക് നയിക്കുന്ന ജപമാലയുടെ ഘടന മാർപ്പാപ്പാ വരച്ചുകാണിക്കുന്നുണ്ട്.

ക്രിസ്തുരഹസ്യത്തെക്കുറിച്ചുള്ള ധ്യാനാത്മക പ്രാർത്ഥനയ്ക്ക് ഉചിതമായ മാർഗ്ഗമാണ് ജപമാല. ഹിംസാത്മകമായ നമ്മുടെ കാലഘട്ടത്തിൽ സമാധാനത്തിനുള്ള മാർഗ്ഗവുമാണ് ജപമാല. അതുപോലെ കുടുംബങ്ങൾ നേരിടുന്ന തകർച്ചകൾക്ക് പ്രതിവിധിയായി മാർപ്പാപ്പാ നിർദ്ദേശിക്കുന്നതും ജപമാലയാണ്. ഈ പശ്ചാത്തലത്തിലാണ് ഒക്ടോബർ 2002 മുതൽ ഒക്ടോബർ 2003 വരെയുള്ള കാലഘട്ടം മാർപ്പാപ്പാ ജപമാലയുടെ വർഷമായി പ്രഖ്യാപിക്കുക.

ഒന്നാം അദ്ധ്യായത്തിൽ മരിയ ഭക്തിയുടെയും ജപമാലയുടെയും ആദ്ധ്യാത്മികതയാണ് മാർപ്പാപ്പാ ചർച്ചാവിഷയമാക്കുക. കർത്താവായ യേശുവിന്റെ ദിവ്യപ്രഭ ധ്യാനവിഷയമാക്കിയ പരിശുദ്ധ ദൈവമാതാവ് ധ്യാനത്തിന് ഉത്തമമാതൃകയാണ്. തന്റെ കണ്ണുകൾ യേശുവിലേക്ക് പതിച്ചാണ് മറിയം തന്റെ ജീവിതം നയിച്ചത്. മറിയത്തിന്റെ അനുഭവത്തിലൂടെ ക്രിസ്തുരഹസ്യങ്ങളെ ധ്യാനിക്കുന്ന ജപമാല വിശിഷ്ടമായ ധ്യാനാത്മക പ്രാർത്ഥനയാണ്. ആദ്ധ്യാത്മികത ലിററർജിയിലെ ഭാഗഭാഗിത്വത്തിൽ മാത്രം പതിമിതപ്പെടുത്താവുന്നതല്ലായെന്ന് അനുസ്മരിക്കുമ്പോഴാണ് ജപമാലയുടെ പ്രാധാന്യം നാം മനസ്സിലാക്കുക. നിരന്തരമായ പ്രാർത്ഥനയുടെ ഭാഗമായി ജപമാലയിൽ മറിയത്തോടൊപ്പം നാം ക്രിസ്തുരഹസ്യങ്ങളെ ധ്യാനിക്കുകയാണ്. അതുപോലെ, ക്രിസ്തുവിനെ ആഴമായി അറിഞ്ഞ മറിയം ക്രിസ്തുരഹസ്യങ്ങളിലേക്ക് നമ്മെ ആഴമായി അവ

www.malankaralibrary.com

തരിപ്പിക്കുവാൻ പ്രാപ്തയാണ്. ക്രിസ്തുവുമായി സമ്പൂർണ്ണമായി അനുരൂപപ്പെടാനും മറിയത്തിൻെറ മാതൃക നമുക്ക് സഹായകമത്രേ.

സഭാത്മക ജീവിതത്തിലും മാതൃഭക്തിക്ക് സവിശേഷമായ സ്ഥാനമുണ്ട്. സഭയുടെ മാതൃത്വത്തിൻെറ ശ്രേഷ്ഠമായ പ്രതിരൂപമത്രേ മറിയം. അതുപോലെ ജപമാലയിൽ നാം മറിയത്തോടൊപ്പം ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നു. ഈ ജപമാല ഒരേസമയം ധ്യാനവും അപേക്ഷയുമത്രേ. ക്രിസ്തുരഹസ്യങ്ങളുടെ അനുഭവമത്രേ ജപമാലയിൽ ലഭ്യമാകുക. യേശുവിനെ പ്രഘോഷിക്കാനുള്ള ഉത്തമമായ മതബോധന അവസരമത്രേ അജപാലകർക്ക് ജപമാല നൽകുക.

രണ്ടാമത്തെ അദ്ധ്യായം ജപമാലയുടെ സുവിശേഷാത്മകവും ക്രിസ്തുശാസ്ത്രപരവുമായ മാനങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ് ആരംഭിക്കുക. സുവിശേഷാധിഷ്ഠിതമാണ് ജപമാലയിലെ പരമ്പരാഗതമായ രഹസ്യങ്ങൾ. ജപമാലയുടെ ക്രിസ്തു ശാസ്ത്രപരമായ ഉള്ളടക്കം പൂർണ്ണമാക്കാൻ പര്യാപ്തമാകണം എന്ന ലക്ഷ്യത്തോടെയാണ് പ്രകാശത്തിൻെറ രഹസ്യങ്ങൾ മാർപ്പാപ്പാ നിർദ്ദേശിക്കുക. മാമോദീസായിൽ തുടങ്ങുന്ന ക്രിസ്തുവിൻെറ പരസ്യജീവിതാരംഭത്തിനും പീഡാസഹനത്തിനും ഇടയിലെ പരസ്യശുശ്രൂഷയുടെ കാലത്തിൽനിന്നാണ് മാർപ്പാപ്പാ ഈ രഹസ്യങ്ങൾ നിർദ്ദേശിക്കുന്നത്. യേശുവിൻെറ പരസ്യജീവിതത്തിലെ സുപ്രധാനമായ നിമിഷങ്ങളാണ് നാം ഈ രഹസ്യങ്ങളിൽ ദർശിക്കുക.

മനുഷ്യാവതാരത്തിൻെറ സംഭവങ്ങളിൽനിന്ന് പ്രസരിക്കുന്ന ആനന്ദമാണ് സന്തോഷകരമായ രഹസ്യങ്ങളിൽ നിറഞ്ഞു നിൽക്കുക. ക്രിസ്തീയ ആനന്ദത്തിൻെറ രഹസ്യത്തിലേക്കത്രേ ഈ രഹസ്യങ്ങളിലൂടെ മറിയം നമ്മെ നയിക്കുന്നത്.

ദൈവസ്നേഹത്തിൻെറ വെളിപ്പെടുത്തലിൻെറ പാരമ്യവും രക്ഷയുടെ സ്രോതസ്സുമാണ് ദു:ഖകരമായ രഹസ്യങ്ങളിൽ നാം ധ്യാനിക്കുക. ദൈവത്തിൻെറ സ്നേഹത്തോടൊപ്പം മനുഷ്യൻെറ അർത്ഥംതന്നെ വെളിപ്പെടുത്തുന്നതാണ് ക്രിസ്തുവിൻെറ സഹനഗാഥ. ദുഃഖകരമായ രഹസ്യങ്ങളിൽ മറിയത്തോടൊപ്പം കുരിശിൻെറ ചുവട്ടിൽ നിൽക്കുന്ന വിശ്വാസികൾ ദൈവസ്നേഹത്തിൻെറ ആഴങ്ങളിലേക്കും അതിൻെറ ജീവദായകമായ ശക്തിയുടെ അനുഭവത്തിലേക്കുമാണ് എത്തിച്ചേരുക.

ഉയിർത്തെഴുന്നേററവനായ ക്രിസ്തുവിൻെറ മഹത്വമാണ് മഹത്വകരമായ രഹസ്യങ്ങളിൽ വിശ്വാസികൾ പ്രാർത്ഥനാവിഷയമാക്കുക. യുഗാന്തപരമായ ലക്ഷ്യത്തിലേക്ക് വർദ്ധമാനമായ പ്രതീക്ഷയോടെ വിശ്വാസികളെ നയിക്കുകയാണ് മഹത്വകരമായ രഹസ്യങ്ങൾ ചെയ്യുക.

പ്രകാശത്തിൻെറ രഹസ്യങ്ങൾ ക്രിസ്തുവാകുന്ന രഹസ്യത്തിൻെറ പ്രകാശത്തിലേക്ക് നമ്മെ നയിക്കുന്നു. ക്രിസ്തു പ്രകാശത്തിൻെറ രഹസ്യമാകുന്നു എന്ന സത്യം സുവ്യക്തമാകുന്നത് അവിടുത്തെ പരസ്യ

www.malankaralibrary.com

ജീവിതത്തിൻെറ വർഷങ്ങളിലാണ്. വിശിഷ്യാ അവിടുന്ന് ദൈവരാജ്യം പ്രഘോഷിക്കുമ്പോഴാണ്. അഞ്ചു വിശേഷപ്പെട്ട അവസരങ്ങളാണ് പ്രകാശത്തിൻെറ രഹസ്യങ്ങളിൽ മാർപ്പാപ്പാ നിർദ്ദേശിക്കുന്നത്.

1. യോർദ്ദാനിലെ മാമോദീസാ 2. കാനായിൽ വിവാഹവിരുന്നിൽ വീഞ്ഞിൻെറ അടയാളത്തിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തിയത് 3. മാനസാന്തരത്തിനുള്ള ആഹ്വാനം ഉൾക്കൊള്ളുന്ന ദൈവരാജ്യപ്രഖ്യാപനം 4. താബോറിലെ രൂപാന്തരീകരണം 5. പെസഹാരഹസ്യത്തിൻെറ കൗദാശിക ആവിഷ്കാരമായ വി. കുർബാനയുടെ സ്ഥാപനം. ഈ അഞ്ചു രഹസ്യങ്ങളും യേശുവിൽ സന്നിഹിതമായ ദൈവരാജ്യത്തിൻെറ വെളിപ്പെടുത്തൽ ഉൾക്കൊള്ളുന്നു. കാനായിൽ വിവാഹവിരുന്നിൻെറ വേളയിൽ മറിയം നൽകിയ "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ. 2:5) എന്ന മാതൃസഹജമായ ആഹ്വാനം സഭയ്ക്ക് എക്കാലത്തേയ്ക്കുമുള്ള ഉപദേശമാണ്. മറിയത്തിൻെറ ഈ വാക്കുകൾ പരസ്യശുശ്രൂഷയിലെ വാക്കുകൾക്കും അടയാളങ്ങൾക്കും ഉത്തമമായ ആമുഖവും പ്രകാശത്തിൻെറ മരിയൻ അടിസ്ഥാനവുമാണ്.

മൂന്നാം അദ്ധ്യായം ജപമാല പ്രാർത്ഥനയുടെ നിർവ്വഹണത്തിൻെറ വിവിധ വശങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ നയിക്കുന്നു.

- ജപമാലയിലെ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയുടെ ആവർത്തനത്തിൻെറ മാധുര്യം മാർപ്പാപ്പാ വ്യക്തമാക്കുന്നു.
- ജപമാല ധ്യാനാത്മക പ്രാർത്ഥനയ്ക്കുള്ള രീതിയാണ്.
- ജപമാലയിലെ രഹസ്യങ്ങൾ സുവിശേഷത്തിന് പകരമോ സുവിശേഷത്തിൻെറ കാതലിനെ പൂർണ്ണമായി ഉൾക്കൊള്ളുന്നതോ ആണെന്ന് പറയാനാവില്ല. ഇക്കാരണത്താൽ ജപമാലപ്രാർത്ഥന യാമപ്രാർത്ഥനയ്ക്കും പകരമാവില്ല. പ്രത്യുത, ജപമാല യാമപ്രാർത്ഥനയെ മുൻകൂട്ടിക്കാണുകയും അതിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതാണ്.
- ജപമാലയിലെ ആവർത്തനത്തിൻെറ രീതിയിൽ ദൈവവചനം ഭാഗമാക്കാവുന്നതാണ്.
- നിശ്ശബ്ദതയ്ക്ക് (SILENCE) ജപമാല പ്രാർത്ഥനയിൽ സ്ഥാനം നൽകാവുന്നതാണ്.

പ്രകാശത്തിൻെറ രഹസ്യങ്ങൾ വ്യാഴാഴ്ചകളിൽ ചൊല്ലാനാണ് മാർപ്പാപ്പാ നിർദ്ദേശിക്കുക. തിങ്കളാഴ്ചയോടൊപ്പം ശനിയാഴ്ചയും സന്തോഷകരമായ രഹസ്യങ്ങളും, ദു:ഖകരമായ രഹസ്യങ്ങൾ പരമ്പരാഗതമായ രീതിയിൽ ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും, മഹത്വകരമായ രഹസ്യങ്ങൾ ബുധനാഴ്ചയും ഞായറാഴ്ചയും ചൊല്ലാനാണ് മാർപ്പാപ്പാ നിർദ്ദേശിക്കുക.

ഉപസംഹാരത്തിൽ ജപമാലയ്ക്ക് ഉപവിയിലൂടെ സമാധാനത്തിന് വഴി ഒരുക്കാനാകുമെന്ന് മാർപ്പാപ്പാ ഉപദേശിക്കുന്നു. കാരണം, ജപമാല ഉപവിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന പ്രാർത്ഥനാരീതിയാണ്. പ്രശ്ന

www.malankaralibrary.com

ങ്ങൾ നിറഞ്ഞ കുടുംബപശ്ചാത്തലത്തിൽ മാതാപിതാക്കൾക്കും കുട്ടികൾക്കും ജപമാല ശരിയായ സംവേദനത്തിന് കരുത്തുററ പ്രാർത്ഥനയായി തീരുമെന്ന് മാർപ്പാപ്പാ നിദർശനം ചെയ്യുന്നു. സഭ മുഴുവനും ജപമാല പ്രാർത്ഥനയുടെ മനോഹാരിതയും ഫലദായകത്വവും മനസ്സിലാക്കുമെന്ന പ്രത്യാശയോടും മാതാവിനോടുള്ള പ്രാർത്ഥനയോടും കൂടിയാണ് അപ്പസ്തോലിക പ്രബോധനം സമാപിക്കുക.

ജപമാല പ്രാർത്ഥന വളരെ ലളിതമായ പ്രാർത്ഥനാരീതിയാണ്. വിദ്യാഭ്യാസമോ ദൈവശാസ്ത്ര പശ്ചാത്തലമോ ഒന്നും ഇല്ലാത്തവർക്കുപോലും എളുപ്പത്തിൽ സ്വായത്തമാക്കാവുന്ന പ്രാർത്ഥനാരീതിയത്രേ ഇത്. എന്നാൽ അർത്ഥമേറിയ വിശ്വാസരഹസ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ജപമാലയുടെ രഹസ്യങ്ങൾ എല്ലാം തന്നെ. അവയുടെ സുവിശേഷപരവും ക്രിസ്താത്മകവും ത്രിത്വാത്മകവുമായ അടിസ്ഥാനം വളരെ വ്യക്തമാണ്. പ്രകാശത്തിൻെറ രഹസ്യങ്ങൾകൂടി ചേരുമ്പോൾ യേശുവിൽ നിറവേറിയ രക്ഷാകരരഹസ്യങ്ങളുടെ ഏകദേശം പൂർണ്ണമായ ആവിഷ്കാരം ജപമാലയിൽ നാം കാണുന്നു. കഴിഞ്ഞ ഒരു സഹസ്രാബ്ദമായി അനേകം വിശുദ്ധാത്മാക്കളുടെ ആദ്ധ്യാത്മികതയെ പരിപോഷിപ്പിച്ച ഈ പ്രാർത്ഥനാമാർഗ്ഗം ഇന്നും കത്തോലിക്കാ സഭയിലെ ഏററവും പ്രചാരമുള്ള ഭക്താഭ്യാസമാണ്.

പൗരസ്ത്യസഭകളിലും, ഉദാഹരണമായി, മലങ്കര, മലബാർ സഭകളിലും ജപമാല പ്രാർത്ഥന ഇടം കണ്ടെത്തിയിട്ടുണ്ട്. ഈ ധ്യാനാത്മക പ്രാർത്ഥനാരീതിയ്ക്ക് പൗരസ്ത്യ സഭകളിൽ പ്രചാരത്തിലുള്ള യേശു പ്രാർത്ഥന (JESUS PRAYER) അഥവാ ഹൃദയത്തിൻെറ പ്രാർത്ഥന (PRAYER OF THE HEART) യുമായുള്ള സാദൃശ്യവും ബന്ധവും മാർപ്പാപ്പാ സൂചിപ്പിക്കുന്നുണ്ട് (5.2). ജപമാലയിൽ നാം ചൊല്ലുന്നത് പാശ്ചാത്യപൗരസ്ത്യ സഭകൾ ഒരുപോലെ ശ്രേഷ്ഠമായി കരുതുന്ന കർത്തൃ പ്രാർത്ഥന, നന്മ നിറഞ്ഞ മറിയം, ത്രിത്വസ്തുതി എന്നിവയാണ്. ആരാധനക്രമത്തിൻെറ അരൂപിയിൽ വിശ്വാസികളെ നിലനിർത്താനും ആരാധനക്രമത്തിന് ഉചിതമായ ആദ്ധ്യാത്മികതയെ പരിപോഷിപ്പിക്കാനും ഉള്ള മാർഗ്ഗമായാണ് ഈ പ്രാർത്ഥനയെ മാർപ്പാപ്പാ പ്രോത്സാഹിപ്പിക്കുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ അരൂപിയിൽ ശരിയായ മരിയൻ ദൈവശാസ്ത്ര അടിസ്ഥാനത്തിൽ തന്നെയാണ് ജപമാലയെക്കുറിച്ചുള്ള കാഴ്ചപ്പാട് പരിശുദ്ധപിതാവ് അവതരിപ്പിക്കുക. വ്യക്തികളുടെയും ക്രിസ്തീയ സമൂഹങ്ങളുടെയും യുക്തമായ സ്വാതന്ത്ര്യവും ആദ്ധ്യാത്മിക-അജപാലക ആവശ്യങ്ങളും, പ്രത്യേകമായ ആരാധനാനുഷ്ഠാനങ്ങളുടെ സാഹചര്യവുമനുസരിച്ച് വേണ്ടതായ അനുരൂപണത്തിന് (ADAPTATION) അപ്പസ്തോലിക പ്രബോധനം സാധ്യത നല്കുന്നുണ്ട് (38.3). ഈ അനുരൂപണം ഏതു രഹസ്യങ്ങൾ ഏതു ദിവസം ചൊല്ലണമെന്നതിലും മതബോധനാവശ്യങ്ങൾ അനുസരിച്ച് ജപമാല ഉപയോഗിക്കുന്നതിലും എടുക്കാ

www.malankaralibrary.com

വുന്നതാണ് എന്ന് അപ്പസ്തോലിക പ്രബോധനത്തിൻെറ അരുപിയിൽ നിന്ന് വ്യക്തമാണ്.

പ്രകാശത്തിൻെറ രഹസ്യങ്ങൾ പ്രത്യേകമായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. മാർപ്പാപ്പാ സൂചിപ്പിക്കുന്നതുപോലെ തിരുഅവതാരത്തിൻെറ മഹാരഹസ്യത്തിന് ചുററുമാണ് സന്തോഷകരമായ രഹസ്യങ്ങൾ മെനഞ്ഞിരിക്കുന്നത്. ദു:ഖകരമായ രഹസ്യങ്ങൾ യേശുവിൻെറ രക്ഷാദായകമായ പീഡാസഹനത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. മഹത്വകരമായ രഹസ്യങ്ങളിലാകട്ടെ പുതുജീവൻെറ വലിയ അടയാളമായ ഉത്ഥാനമാണ് ധ്യാനകേന്ദ്രമായിരിക്കുന്നത്. പ്രകാശത്തിൻെറ രഹസ്യങ്ങൾ യേശുവിൻെറ പരസ്യജീവിതത്തിലെയും ശുശ്രൂഷയിലെയും അഞ്ചു സുപ്രധാന സംഭവങ്ങളാണ് ധ്യാനാത്മക പ്രാർത്ഥനയ്ക്ക് വിഷയമാക്കുന്നത്. അത്തരത്തിൽ ഇവ യേശുവിൻെറ രക്ഷാകരദൗത്യത്തിലെ പരസ്യശുശ്രൂഷയെയാണ് കേന്ദ്രമാക്കിയിരിക്കുന്നത് എന്നു പറയാം. ഒരുപക്ഷേ പരമ്പരാഗതരീതിയിലെ രഹസ്യങ്ങളിൽ ദൃശ്യമായ ഒരു തുടർച്ചയും ഓർമ്മിക്കാനുള്ള എളുപ്പവും പ്രകാശത്തിൻെറ രഹസ്യങ്ങളിൽ പ്രകടമായി വ്യക്തമാകുന്നില്ല എന്നു തോന്നിയേക്കാം. എന്നാൽ ലോകത്തിൻെറ പ്രകാശമായ യേശുവിലേക്ക് പ്രകാശത്തിൻെറ രഹസ്യങ്ങൾ നമ്മുടെ മനസ്സിനെയും ഹൃദയത്തെയും എത്തിക്കുന്നു എന്നത് നിസ്തർക്കമായ കാര്യമാണ്.

പ്രകാശരഹസ്യങ്ങളിൽ പ്രകാശദാതാവായ യേശുവിൻെറ നമ്മുടെ ജീവിതത്തിലെ സാന്നിദ്ധ്യമാണ് നാം ധ്യാനിച്ച് അനുഭവിക്കേണ്ടത്. ദനഹാ ചില പൗരസ്ത്യ സഭകളിൽ ക്രിസ്തുമസിനെക്കാൾ പ്രാധാന്യത്തോടെ ആഘോഷിക്കുന്ന തിരുന്നാളാണല്ലോ. യേശു ലോകത്തിന് പ്രത്യക്ഷമായ ഉദയത്തിൻെറ തിരുന്നാളാണല്ലോ ദനഹാ. രക്ഷയുടെ പ്രകാശത്തിൻെറ പരസ്യമാക്കലാണ് അവിടെ നടക്കുക. കാനായിലെ വിവാഹവിരുന്നിൽ ശിഷ്യന്മാരിൽ വിശ്വാസത്തിൻെറ ദീപ്തി ഉജ്ജ്വലിപ്പിക്കപ്പെടുന്നതായി നാം കാണുന്നു. 'അവൻെറ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു' (യോഹ. 2:11) എന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്. പ്രകാശമായ യേശു ദൈവരാജ്യത്തിൻെറ ജീവവെളിച്ചത്തിലേക്കുവരാൻ ഏവരെയും ക്ഷണിക്കുന്നതായി ദൈവരാജ്യപ്രഖ്യാപനത്തിൽ നാം കാണുന്നു. യേശുവിൻെറ പ്രഘോഷണവേളയിൽ തിരുവചനം നിവർത്തിയായതായി വി. ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു:.. "അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനം വലിയ പ്രകാശം കണ്ടു. മരണത്തിൻെറ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു. അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി, മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ. 4:12-17). യേശുവിൻെറ രൂപാന്തരീകരണവേളയിൽ അവിടുത്തെ പ്രഭയിൽ അപ്പസ്തോലന്മാർ നിമഗ്നരാകുന്നതായി സുവിശേഷങ്ങളിൽ നാം വായിക്കുന്നുണ്ട്. പ്രകാശം ജീവൻ

www.malankaralibrary.com

നൽകുന്നതാണ്. വി. കുർബാന നിത്യജീവൻെറ കൃപ നമുക്കു ലഭ്യമാക്കുന്നതായി നാം അനുഭവിച്ചറിയുന്നു. അതേ, പ്രകാശത്തിൻെറ സ്വർഗ്ഗീയ അനുഭവത്തിലേക്ക് നമ്മെ നയിക്കാൻ ഈ രഹസ്യങ്ങൾ പര്യാപ്തമാണ്. നമ്മുടെ ആരാധനക്രമത്തിലെ കാഴ്ചവയ്പ്/പ്രവേശന ഗാനം ഈ അവസരത്തിൽ നമ്മുടെ ഹൃദയത്തിലേക്ക് നിറഞ്ഞെത്തുക സ്വാഭാവികമാണ്:

വെളിവു നിറഞ്ഞോരീശോ,
നിൻ വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം
വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ - താതൻ
കതിരേ ശോഭിപ്പിക്കെന്നും

സമകാലീന സമൂഹത്തെ അന്ധകാരം ഗ്രസിച്ചിരിക്കുന്നതായി നാം കാണുന്നില്ലേ? അക്രമത്തിൻെറ, ജീവനിഷേധത്തിൻെറ, മരണസംസ്കാരത്തിൻെറ, വ്യക്തിബന്ധങ്ങളുടെ തകർച്ചയുടെ കുടുംബബന്ധങ്ങളുടെ ശിഥിലതയുടെ, മൂല്യത്തകർച്ചയുടെ ഇരുട്ടിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നുവോ? പ്രകാശമായ യേശു അവിടുത്തെ സാന്നിദ്ധ്യത്താലും സുവിശേഷത്താലും നമ്മുടെ ജീവിതത്തിലും ജീവിതസാഹചര്യങ്ങളിലും ദീപ്തി പരത്താൻ ശക്തനാണെന്ന് നാം വിശ്വസിക്കുന്നു. ഈ വിശ്വാസത്തിൻെറ ധ്യാനാത്മകമായ പ്രാർത്ഥനയ്ക്കാണ് പ്രകാശരഹസ്യങ്ങൾ നമ്മെ സഹായിക്കുന്നത്. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് ലോകത്തെ നയിക്കുന്നവൻ യേശുവത്രേ. കാരണം, അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ; "ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും" (യോഹ. 8:12-13).

---

## ജപമാല: പ്രകാശത്തിൻെറ രഹസ്യങ്ങൾ

### വ്യാഴാഴ്ചകളിൽ ചൊല്ലേണ്ട പ്രകാശത്തിൻെറ രഹസ്യങ്ങൾ

**1. യേശുവിൻെറ മാമോദീസ (മത്താ. 3:13-17)**

നമ്മുടെ കർത്താവായ ഈശോമിശിഹാ യോർദ്ദാൻ നദിയിൽ മാമോദീസ സ്വീകരിച്ചപ്പോൾ പരിശുദ്ധാത്മാവ് അവിടുത്തെമേൽ എഴുന്നള്ളിവന്നതിനെയും 'ഇവൻ എൻെറ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന് സ്വർഗ്ഗത്തിൽനിന്ന് അരുളപ്പാടുണ്ടായതിനെയും കുറിച്ച് നമുക്ക് ധ്യാനിക്കാം.

**2. കാനായിലെ അത്ഭുതം (യോഹ. 2:1-11)**

നമ്മുടെ കർത്താവായ ഈശോമിശിഹാ കാനായിലെ കല്യാണവിരുന്നിൽവച്ച് തൻെറ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിൻെറ അപേക്ഷ സ്വീകരിച്ച് അത്ഭുതകരമായി വെള്ളം വീഞ്ഞാക്കി തൻെറ മഹത്വം

www.malankaralibrary.com

വെളിപ്പെടുത്തിയതിനെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.

**3. ദൈവരാജ്യപ്രഖ്യാപനം (മർക്കോ. 1:15)**

നമ്മുടെ കർത്താവായ ഈശാമിശിഹാ ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന് ആഹ്വാനം ചെയ്തതിനെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.

**4. യേശുവിൻെറ രൂപാന്തരീകരണം (ലൂക്കാ 9:28–35)**

നമ്മുടെ കർത്താവായ ഈശോമിശിഹാ താബോർ മലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ രൂപാന്തരപ്പെട്ടതിനെയും 'ഇവൻ എൻെറ പ്രിയപുത്രനാകുന്നു, ഇവനെ നിങ്ങൾ ശ്രവിക്കുവിൻ' എന്ന സ്വർഗ്ഗീയ അരുളപ്പാട് ഉണ്ടായതിനെയുംകുറിച്ച് ധ്യാനിക്കാം

**5. പരിശുദ്ധ കുർബാനസ്ഥാപനം (ലൂക്കാ. 22:14–22)**

നമ്മുടെ കർത്താവായ ഈശോമിശിഹാ അന്ത്യ അത്താഴവേളയിൽ നമ്മോടുള്ള സ്നേഹത്തിൻെറ ഉടമ്പടിയായി തൻെറ ശരീരരക്തങ്ങൾ പങ്കുവച്ച് നൽകുന്ന പരിശുദ്ധ കുർബാന സ്ഥാപിച്ചതിനെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.

www.malankaralibrary.com

# 26

# സഭയും വിശുദ്ധ കുർബാനയും

**വി.** കുർബാനയിലുള്ള സഭയുടെ പരമ്പരാഗതമായ വിശ്വാസം ഉയർത്തിപ്പിടിക്കുന്ന 'സഭയും വിശുദ്ധ കുർബാനയും' (ECCLESIA DE EUCHARISTIA = EE) എന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ ചാക്രികലേഖനം അദ്ദേഹത്തിൻെറ അജപാലന-ആദ്ധ്യാത്മിക അനുഭവങ്ങളുടെ വൈവിധ്യവും അഗാധതയും ഉൾക്കൊള്ളുന്നതാണ്. 2003 ഏപ്രിൽ 17 പെസഹാവ്യാഴാഴ്ച സഭയ്ക്കു ലഭ്യമായ ഈ ചാക്രികലേഖനം സഭയും വി.കുർബാനയും തമ്മിലുള്ള ബന്ധം അഥവാ വി. കുർബാനയ്ക്ക് സഭാകൂട്ടായ്മയുടെയും വിശ്വാസികളുടെയും ജീവിതത്തിലുള്ള സുപ്രധാനമായ സ്ഥാനമാണ് വിശദീകരിക്കുക. ഖണ്ഡികകളും ഉപഖണ്ഡികകളുമായി 62 നമ്പരുകളാണ് ഈ ചാക്രികലേഖനത്തിലുള്ളത്. ഇവ ഉപക്രമവും ഉപസംഹാരവും ആറു ലഘു അദ്ധ്യായങ്ങളുമായി വിഭജിച്ചിരിക്കുന്നു. സഭയുടെ വിശുദ്ധ കുർബാനയിലുള്ള അടിസ്ഥാനവിശ്വാസത്തിന് ഉപോൽബലകമായി പൗരസ്ത്യവും പാശ്ചാത്യവുമായ സ്രോതസ്സുകളിൽ നിന്ന് ധാരാളം സാക്ഷ്യങ്ങൾ ചാക്രികലേഖനം നല്കുന്നുണ്ട്.

ചാക്രികലേഖനത്തിൻെറ ഉപക്രമത്തിൽത്തന്നെ സഭയുടെ വി.കുർബാനയിലുള്ള വിശ്വാസത്തിൻെറ സാരം സംക്ഷിപ്തമായി നൽകിയിരിക്കുന്നു. വി.കുർബാന ഉൾക്കൊള്ളുക സഭയുടെ രഹസ്യത്തിൻെറ സംക്ഷേപമാണ് (EE 1.1). പെസഹാരഹസ്യത്തിൽ ഉത്ഭവമെടുത്ത സഭ (EE 3) പെസഹാക്കുഞ്ഞാടായ യേശുനാഥനിലേക്ക് നിരന്തരം ദൃഷ്ടികൾ ഉയർത്തുന്നത് വി. കുർബാനയിലാണ്. നമുക്ക് രക്ഷനേടിത്തന്ന യേശുവിൻെറ ബലിയിലേക്ക് നാം ഒന്നുചേരുന്നത് വിശുദ്ധ കുർബാനയിലാണ്. ഈ വസ്തുതയത്രേ വിശ്വാസത്തിൻെറ രഹസ്യമായി എല്ലാ വി. കുർബാനയിലും നാം പ്രഘോഷിക്കുക (EE 5.1). നൂററാണ്ടുകളായി സഭ അനുഷ്ഠിക്കുന്ന ഈ രഹസ്യത്തിൻെറ വിസ്മയം (AMAZEMENT) ജനത്തിലും കൂദാശ പരികർമ്മം ചെയ്യുന്ന വൈദികനിലും നിറയണമെന്ന് മാർപ്പാപ്പാ എഴുതുന്നു (EE 5.3). എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ അപ്പം

www.malankaralibrary.com

വിഭജിച്ചപ്പോൾ കർത്താവായ യേശുവിനെ തിരിച്ചറിഞ്ഞതുപോലെ, വി. കുർബാന അർപ്പിക്കുമ്പോഴൊക്കെ വിശ്വാസികൾക്ക് അവിടുത്തെ തിരിച്ചറിയാനാകണം (EE 6).

രണ്ടായിരാമാണ്ടിലെ ജൂബിലിവേളയിൽ, യേശു പെസഹാ ആചരിച്ച ജറുസലേമിലെ ഊട്ടുശാലയിൽ വി. കുർബാന അർപ്പിക്കാൻലഭിച്ച അവസരം അനുസ്മരിച്ചുകൊണ്ട് (EE 2.1) ചാക്രികലേഖനം ആരംഭിക്കുന്ന മാർപ്പാപ്പാ, തുടർന്ന് വിശുദ്ധ കുർബാന അർപ്പിക്കാൻ തനിക്ക് ഇന്നോളം ലഭ്യമായ വൈവിധ്യമാർന്ന അവസരങ്ങളും സ്ഥലങ്ങളും വിവരിച്ചുകൊണ്ട് ബലിയർപ്പണങ്ങളുടെ അർത്ഥം വ്യക്തമാക്കുന്നുണ്ട്. "ബലിയർപ്പണങ്ങളുടെ വൈവിധ്യമാർന്ന ഈ അനുഭവം, ബലിയുടെ സാർവ്വത്രിക സ്വഭാവത്തിൻെറ, പോരാ, പ്രാപഞ്ചികഭാവത്തിൻെറ ശക്തമായ അനുഭവം എനിക്കു നൽകിയിട്ടുണ്ട്. അതെ പ്രാപഞ്ചികം! ഒരു നാടൻ പള്ളിയുടെ ലളിതമായ അൾത്താരയിൽ അർപ്പിക്കപ്പെടുമ്പോഴും വിശുദ്ധ കുർബാന ഒരു വിധത്തിൽ ലോകത്തിൻെറ അൾത്താരയിൽ തന്നെയാണ് അർപ്പിക്കപ്പെടുന്നത്. ഇത് സ്വർഗ്ഗത്തെയും ഭൂമിയെയും ഒന്നിപ്പിക്കുന്നു. സൃഷ്ടികളെ മുഴുവൻ ഉൾക്കൊള്ളുകയും അവയാൽ നിറയുകയും ചെയ്യുന്നു.... സത്യമായും ഇതാണ് വിശുദ്ധ കുർബാനയിൽ പൂർത്തിയാക്കുന്ന വിശ്വാസത്തിൻെറ രഹസ്യം. സ്രഷ്ടാവായ ദൈവത്തിൻെറ കരങ്ങളിൽ നിന്നും വന്ന ലോകം, ഇപ്പോൾ ക്രിസ്തുവിലൂടെ രക്ഷിക്കപ്പെട്ട് അവിടുന്നിലേക്ക് തിരിച്ചെത്തുന്നു" (EE 8).

എന്തുകൊണ്ടാണ് സഭ വിശുദ്ധ കുർബാനയെന്ന രഹസ്യത്തെക്കുറിച്ച് സജീവമായ താല്പര്യം പുലർത്തുന്നത്? 'ചരിത്രത്തിലൂടെയുള്ള സഭയുടെ പ്രയാണത്തിൽ അവൾക്കു ലഭിച്ചിരിക്കുന്ന ഏററവും വിലയേറിയ സ്വത്താണ് വിശ്വാസികളുടെ സമൂഹത്തിലെ ക്രിസ്തുവിൻെറ രക്ഷാകര സാന്നിധ്യവും, അവരുടെ ആത്മീയ ഭക്ഷണവുമായ വി. കുർബാന' (EE 9.1). ത്രെന്തോസ് സൂനഹദോസു മുതൽ വത്തിക്കാൻ സൂനഹദോസുവരെയുള്ള സൂനഹദോസുകളും മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങളും വി. കുർബാന സംബന്ധിച്ച വിശ്വാസം ഉയർത്തിപ്പിടിക്കുന്നതിന് സജീവമായ ശ്രദ്ധ കാണിച്ചിട്ടുണ്ട്. ഇവയൊക്കെ വി. കുർബാനയോട് 'സ്നേഹവും വിശ്വാസവും വർദ്ധിപ്പിക്കുന്നതിലും, നവീകരിച്ചുകൊണ്ടിരിക്കുന്നതിലും' ഏറെ സഹായകരമാണ് (EE 9.1). രണ്ടാം വത്തിക്കാൻ സൂനഹദോസോടെ ആരംഭം കുറിച്ച ആരാധനക്രമപരിഷ്കരണം വിശ്വാസികളുടെ ബലിയിലുള്ള പങ്കാളിത്തം കൂടുതൽ ബോധപൂർവ്വവും സജീവവും ഫലപ്രദവുമാക്കിയെന്ന് മാർപ്പാപ്പാ വ്യക്തമാക്കുന്നു (EE 10.1). എന്നാൽ വി.കുർബാനയുയടെ ആരാധന പാടേ ഉപേക്ഷിക്കപ്പെട്ടതും, വി. കുർബാന സംബന്ധിച്ച യാഥാർത്ഥ വിശ്വാസത്തിന് വന്ന വ്യതിയാനങ്ങൾ മൂലം ഉളവായ ആശയക്കുഴപ്പങ്ങളും ചാക്രികലേഖനം ചൂണ്ടിക്കാണിക്കുന്നുണ്ട്. വി. കുർബാനയുടെ ബലി എന്ന മാനം അവഗണിച്ച് അ

www.malankaralibrary.com

തിനെ സൗഹൃദവിരുന്നായി ആഘോഷിക്കുന്ന പ്രവണതയും ദൃശ്യമാണ്. ബലിയർപ്പണത്തിന് ആവശ്യമായ ശുശ്രൂഷാപൗരോഹിത്യം അവഗണിക്കുകയും, ഫലപ്രദമായ പ്രഘോഷണരൂപമായി മാത്രം വി. കുർബാനയെ കണക്കാക്കുകയും ചെയ്യുന്ന രീതി നിലവിലുണ്ട്. എക്യുമെനിക്കൽ യത്നങ്ങളുടെ പേരിൽ നടത്തുന്ന ഈ നീക്കങ്ങൾ എത്രമാത്രം ഉദ്ദേശശുദ്ധി നിറഞ്ഞതായാലും, സഭയുടെ വിശ്വാസത്തിന് അനുസൃതമല്ലാത്ത രീതികളാണെന്ന് മാർപ്പാപ്പാ വ്യക്തമാക്കുന്നു: 'സന്നിഗ്ദ്ധതയും, ലഘൂകരണവും അനുവദിക്കാനാവാത്ത അതിമഹാദാനമാണ് വിശുദ്ധ കുർബാന' (EE 10.2). അസ്വീകാര്യമായ ഈ വസ്തുതകളുടെ നടുവിൽ വി. കുർബാനയുടെ പ്രഭ ഉയർത്തിക്കാട്ടുന്നതിന് ഈ ചാക്രികലേഖനം പര്യാപ്തമാകുമെന്ന് മാർപ്പാപ്പാ പ്രത്യാശിക്കുന്നു.

'വിശ്വാസത്തിൻെറ രഹസ്യം' എന്ന ഒന്നാം അദ്ധ്യായം വിശുദ്ധ കുർബാനയെന്ന പരമോന്നതദാനം എപ്രകാരം വിശ്വാസജീവിതത്തിൻെറ കേന്ദ്രമാകുന്നുവെന്ന് വിവരിക്കുന്നു (EE 11.2). മനുഷ്യകുലത്തിന് രക്ഷസാധ്യമാക്കിയത് യേശുവിൻെറ കുരിശിലെ ബലിയാണ്. കർത്താവിൻെറ മരണത്തിൻെറയും ഉത്ഥാനത്തിൻെറയും അനുസ്മരണയും, അതിലുപരിയായി അതിൻെറ കൗദാശിക പുനരാവിഷ്കാരവും സന്നിഹിതമാക്കലുമാണ് വി. കുർബാനയിൽ സംഭവിക്കുക. കുരിശിലെ ബലിയെ ശാശ്വതമാക്കുന്നതാണ് വി. കുർബാനയുടെ കൗദാശിക സ്വഭാവം. വി. കുർബാന ബലിയാണ്. അത് കുരിശിലെ ബലിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു (EE 13.1). ഇക്കാരണത്താൽ ക്രിസ്തുവിൻെറ ബലിയും വി. കുർബാനയും ഒററ യാഗമാണ് (EE 12.2). സഭാപാരമ്പര്യം വ്യക്തമാക്കിക്കൊണ്ട് ചാക്രികലേഖനം ഉദ്ബോധിപ്പിക്കുന്നു: "കുരിശിലെ യാഗം യാഥാർത്ഥ്യമാക്കുകയാണ് വി. കുർബാന, ആ യാഗത്തോട് ഒന്നും കൂട്ടിച്ചേർക്കപ്പെടുകയോ അത് വർദ്ധമാനമാക്കപ്പെടുകയോ ചെയ്യുന്നില്ല. ആവർത്തിക്കപ്പെടുന്നത് ക്രിസ്തുവിൻെറ സനാതനവും സുനിശ്ചിതവുമായ രക്ഷാകര ബലിയുടെ അനുസ്മരണാഘോഷം മാത്രമാണ്, അതിൻെറ അനുസ്മരണാപുനരാവിഷ്കാരം (MEMORALIS DEMONSTRATIO). വി. കുർബാന രഹസ്യത്തിൻെറ യാഗഭാവം, കുരുശിൽ നിന്നും വേർപെടുത്തിയോ, സ്വതന്ത്രമായോ, കാൽവരിയിലെ യാഗത്തോട് പരോക്ഷമായി സൂചിപ്പിക്കുന്നതു മാത്രമോ ആയി മനസ്സിലാക്കിക്കൂടാ" (EE 12.3).

ക്രിസ്തുവിൻെറ പീഡാസഹനത്തോടും മരണത്തോടുമൊപ്പം അവിടുത്തെ പുനരുത്ഥാനവും രക്ഷാദായകമായ പെസഹായുടെ ഭാഗമാണ് (EE 14).

വിശുദ്ധ കുർബാനയിൽ അപ്പവു വീഞ്ഞും കർത്താവിൻെറ ശരീരവും രക്തവുമായി രൂപാന്തരപ്പെടുന്നത് യഥാർത്ഥമായ മാററമാണ്. ഈ മാററത്തെ സത്താപരിണാമം (TRANSUBSTANTIATION) എന്നു സഭ വിശേഷിപ്പിക്കുമ്പോൾ ദൈവവും മനുഷ്യനുമായ ക്രിസ്തു എല്ലാ അർത്ഥ

www.malankaralibrary.com

ത്തിലും പൂർണ്ണമായും വി. കുർബാനയിൽ സന്നിഹിതനാണ് എന്നത്രേ അർത്ഥമാക്കുക. അതേസമയം വിശുദ്ധ കുർബാന സത്യമായും ഒരു വിശ്വാസത്തിൻെറ രഹസ്യമാണ്; നമ്മുടെ ധാരണകളെ അതിലംഘിക്കുന്ന രഹസ്യം; വിശ്വാസത്തിൽ മാത്രം ഉൾക്കൊള്ളാവുന്ന രഹസ്യം (EE 15.1). സഭാപിതാക്കൻമ്മാരുടെ പ്രബോധനം മുതൽ സമീപകാല ദൈവശാസ്ത്ര വിചിന്തനങ്ങളിൽവരെ നിഴലിക്കുന്ന ചിന്തയിതത്രേ.

വി. കുർബാനയുടെ രക്ഷാകരമായ ഫലം വ്യക്തിപരമായി പൂർണ്ണമാകുന്നത് അത് സ്വീകരിക്കുമ്പോഴാണ്. യഥാർത്ഥമായ ഭക്ഷണമായും പാനീയമായും വി. ബലിയെന്ന വിരുന്നിൽ നാം ക്രിസ്തുവിനെ സ്വീകരിക്കുന്നു. പരിശുദ്ധാത്മാവിനെ പൂർണ്ണമായും ഈ കുർബാനയിൽ നാം അനുഭവിക്കുന്നു എന്നും വിശ്വാസം നമ്മെ ഉദ്ബോധിപ്പിക്കുന്നു. അതോടൊപ്പം ക്രൈസ്തവാസ്തിത്വത്തിൻെറ പുനരുത്ഥാനശേഷം ഉള്ളതും യുഗാന്ത്യപരവുമായ മാനം വി. കുർബാനയിൽ നാം പ്രഖ്യാപിക്കുന്നുണ്ട്. ഇക്കാരണത്താൽ വി. കുർബാന വിശ്വാസികളെ സ്വർഗ്ഗീയ സഭയുടെയും ആരാധനയുമായി ബന്ധിപ്പിക്കുന്നു. "വി. കുർബാന വാസ്തവത്തിൽ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന സ്വർഗ്ഗത്തിൻെറ ഒരു ക്ഷണക്കാഴ്ചയാണ്. നമ്മുടെ ചരിത്രത്തിലെ കാർമേഘങ്ങളെ തുളച്ചു കടന്നുവന്ന് നമ്മുടെ യാത്രയെ പ്രകാശമാനമാക്കുന്ന സ്വർഗ്ഗീയ ജറുസലേമിൻെറ മഹത്വപൂർണ്ണമായ ഒരു പ്രകാശകിരണമാണത്" (EE 19).

കാലാതീതവും യുഗാന്ത്യപരവുമായ പ്രതീക്ഷ ഉയർത്തിപ്പിടിക്കുന്നു എന്നതുകൊണ്ട് ക്രൈസ്തവ വിശ്വാസം ഈ ലോകത്തോടുള്ള നമ്മുടെ ഉത്തരവാദിത്വബോധം ഒട്ടും തന്നെ കുറയ്ക്കുന്നില്ല. 'സുവിശേഷ പ്രകാശം നൽകുന്ന വെളിച്ചത്തിൽ ഈ പ്രപഞ്ചത്തെ ദൈവിക പദ്ധതിയുമായി പൂർണ്ണമായും സമരസപ്പെടുന്ന ഏറെ മാനവികമായ ഒരു ലോകമാക്കി മാററുകയാണ്' ക്രൈസ്തവരുടെ ദൗത്യം (EE 20.1). പ്രശ്ന കലുഷിതമായ ലോകത്തിൽ നീതിയും സമാധാനവും സ്നേഹവും സംജാതമാക്കാനുള്ള പ്രവർത്തനത്തിന് കരുത്ത് നേടാൻ വി. കുർബാനയിലുള്ള പങ്കാളിത്തം ഒരുവനെ പ്രാപ്തനാക്കും.

വി. കുർബാന സഭയെ പണിതുയർത്തുന്നത് എപ്രകാരമെന്ന് രണ്ടാം അദ്ധ്യായം വിശകലനം ചെയ്യുന്നു. പുതിയ ഉടമ്പടിയിലെ ജനമായ സഭ കുരിശിലെ ബലിയിലും അതിൻെറ പുനരാവിഷ്കാരമായ വി. കുർബാനയിലുംകൂടെ യേശുവുമായി കൗദാശിക ഐക്യത്തിൽ പ്രവേശിക്കുന്നു. അന്ത്യ അത്താഴവേളയിൽ അപ്പസ്തോലന്മാരിലൂടെ ആരംഭിച്ച് 'യുഗാവസാനംവരെ, നമ്മുടെ രക്ഷയ്ക്കായി ബലിയർപ്പിക്കപ്പെട്ട ദൈവപുത്രനുമായുള്ള കൗദാശിക ഐക്യത്തിലൂടെയാണ് സഭ പണിതുയർത്തപ്പെടുന്നത്' (EE 21.3). മാമോദീസായിൽ ക്രിസ്തുവുമായി ആരംഭിക്കുന്ന വ്യക്തിയുടെയും സഭയുടെയും ബന്ധം വി. കുർബാനയിലൂടെ നിരന്തരം ശക്തിപ്പെടുന്നു. വി. കുർബാനയിലെ പങ്കിടലിലൂടെയാണ് സഭ തൻെറ

www.malankaralibrary.com

'ദൗത്യ നിർവ്വഹണത്തിനുള്ള ആത്മീയശക്തി ആർജ്ജിക്കുന്നത്. അതുകൊണ്ട് വി. കുർബാന സുവിശേഷവത്ക്കരണത്തിനുള്ള സ്രോതസ്സും ലക്ഷ്യവുമാണ്. കാരണം, അതിൻെറ ലക്ഷ്യം മാനവകുലവും ക്രിസ്തുവുമായും, അവിടുന്നിലൂടെ പിതാവും പരിശുദ്ധാത്മാവുമായുള്ള ഐക്യമാണ്' (EE 22.2).

വി.കുർബാനയിലൂടെ സഭയിലെ ഐക്യം നിരന്തരം ശക്തിപ്പെടുകയും ചെയ്യുന്നുണ്ട്. കൊരിന്ത്യർക്കുള്ള വി. പൗലോസിൻെറ ലേഖനം (1 കൊരി. 10:12) മുതൽ സഭ ആവർത്തിച്ച് ഉറപ്പിച്ച വിശ്വാസമത്രേ ഇത്. വി. കുർബാന പരിശുദ്ധാത്മാവിൻെറ സാന്നിധ്യവും ഈ ശക്തിപ്പെടുത്തലിൻെറ ഉറപ്പുമാണ്. വി. കുർബാനയിലെ പങ്കാളിത്തം, പാപംമൂലം ഉളവാകുന്ന ഭിന്നതയുടെ വിത്തുകളെ കീഴ്പ്പെടുത്തി മനുഷ്യരെ ഐക്യപ്പെടുത്തുവാൻ പ്രാപ്തമാണ്.

ഈയവസരത്തിൽ വി. കുർബാനയുടെ ബലിക്കു പുറമേയുള്ള ആരാധനയുടെ പ്രാധാന്യം മാർപ്പാപ്പാ ചർച്ചചെയ്യുന്നുണ്ട്. രക്ഷാകര രഹസ്യത്തിൻെറ ധ്യാനത്തിന് അനുയോജ്യമായ മാർഗ്ഗമാണ് വി. കുർബാനയുടെ ആരാധനയെന്ന് മാർപ്പാപ്പാ വ്യക്തമാക്കുന്നു.

'വിശുദ്ധ കുർബാനയുടെയും സഭയുടെയും അപ്പസ്തോലികത' എന്ന മൂന്നാം അധ്യായം വി.കുർബാനയുടെ അപ്പസ്തോലിക സ്വഭാവം ചൂണ്ടിക്കാണിക്കുന്നു. ഒന്നാമതായി അപ്പസ്തോലന്മാരിലൂടെ സഭയ്ക്ക് ലഭ്യമായ വി. കുർബാന 'അപ്പസ്തോലന്മാരുടെ പാരമ്പര്യവും കർത്താവിൻെറ കല്പനയോടുള്ള വിധേയത്വവും അനുസരിച്ചാണ്' ഇന്നോളം സഭ അർപ്പിച്ചിട്ടുള്ളത് (EE 27.1). രണ്ടാമതായി, അപ്പസ്തോലന്മാരിലൂടെ കൈമാറിയ വിശ്വാസം അഭംഗുരം പാലിച്ചുകൊണ്ടാണ് വി. കുർബാന സഭയിൽ അർപ്പിക്കപ്പെടുന്നത് (EE 27.3), വിശിഷ്യാ വി. കുർബാനയിലുള്ള വിശ്വാസം കാലാകാലങ്ങളിൽ മാററമില്ലാതെ വ്യാഖ്യാനിക്കുവാനും സഭ ശ്രദ്ധാലുവാണ്. മൂന്നാമതായി, ശുശ്രൂഷാപരമായ പൗരോഹിത്യത്തിലൂടെ അർപ്പിക്കുന്ന വി. കുർബാനയാണ് സഭയുടെ അപ്പസ്തോലിക വിശ്വാസത്തിലുള്ളത്. അഭിഷിക്തനായ പുരോഹിതനാണ് വി. കുർബാനയുടെ പരികർമ്മി എന്ന് കത്തോലിക്കാ സഭ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. സഭൈക്യശ്രമത്തിൻെറ മേഖലകളിൽ നടക്കുന്ന വി. കുർബാനയെയും അതിൻെറ പരികർമ്മിയെയും സംബന്ധിച്ച സംവാദങ്ങളെപ്പററി ചാക്രികലേഖനം ധാരണ കാണിക്കുന്നുണ്ട്. എന്നാൽ വേർപെട്ടുപോയ സഹോദരങ്ങളുടെ വിശ്വാസബോദ്ധ്യങ്ങളെ ആദരിച്ചുകൊണ്ടുതന്നെ അവരുടെ ആചരണത്തിൽ നൽകപ്പെടുന്ന അപ്പം സ്വീകരിക്കുന്നതിൽനിന്ന് വിശ്വാസികൾ മാറി നിൽക്കണമെന്ന് ചാക്രികലേഖനം നിർദ്ദേശിക്കുന്നു. വി.കുർബാനയ്ക്ക് പകരമാകാൻ ഇത്തരം സഭാസമൂഹങ്ങൾ നടത്തുന്ന പൊതുപ്രാർത്ഥനാശുശ്രൂഷകളോ വചനശുശ്രൂഷകളോ അവരുടെ ആരാധനയിലെ പങ്കാളിത്തമോ പര്യാപ്തമാകുകയില്ലെന്നും ചാക്രികലേഖനം ഉദ്ബോധിപ്പിക്കുന്നു (EE 30.2).

www.malankaralibrary.com

തിരുപ്പട്ടകൂദാശയുടെ പ്രധാനവും പ്രസക്തവുമായ അടിസ്ഥാനം വിശുദ്ധ കുർബാനയാണ് എന്ന സഭാവിശ്വാസം ഊന്നിപ്പറയുന്ന മാർപ്പാപ്പാ വൈദിക ജീവിതത്തിന്റെ സ്ഥിരതയ്ക്കും നവീകരണത്തിനും വിശുദ്ധ കുർബനയോടുള്ള ഭക്തി അത്യാവശ്യമാണെന്നും വ്യക്തമാക്കുന്നുണ്ട്. വൈദികർ ഏറ്റെടുക്കുന്ന നിരവധിയായ ശുശ്രൂഷകളുടെ നടുവിലും അവർ ജീവിതത്തിന്റെ കേന്ദ്രസ്ഥാനമായി വി. കുർബാന നിലനിർത്താനും, അത് ഇതര ഉത്തരവാദിത്വങ്ങളുടെ ആത്മീയ ശക്തിയാക്കിത്തീർക്കാനും മാർപ്പാപ്പാ ഉപദേശിക്കുന്നു. പൗരോഹിത്യ ശുശ്രൂഷയ്ക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കാൻ വൈദികർക്ക് കടമയുണ്ടെന്നും ചാക്രികലേഖനം പറയുന്നുണ്ട്. വൈദികരുടെ അഭാവം ഉള വാക്കുന്ന അസ്വസ്ഥതകളുടെ പശ്ചാത്തലത്തിലാണ് മാർപ്പാപ്പാ ഈ കടമ വ്യക്തമാക്കുന്നത്. വൈദികരില്ലാത്തപ്പോൾ താല്ക്കാലികമായ ക്രമീകരണങ്ങൾ നടത്തുമ്പോഴും സമൂഹത്തിൽ പുരോഹിതനുവേണ്ടിയുള്ള കാത്തിരിപ്പുണ്ട് എന്നത് സുവിദിതമാണ്.

'വി.കുർബാനയും സഭാക്കൂട്ടായ്മയും' എന്ന നാലാം അദ്ധ്യായം വി. കുർബാന സഭാക്കൂട്ടായ്മയെ എപ്രകാരം ഊട്ടിയുറപ്പിക്കുന്നു എന്ന് വിശകലനം ചെയ്യുന്നു. വത്തിക്കാൻ സൂനഹദോസ് അവതരിപ്പിച്ച സഭാശാസ്ത്രത്തിന്റെ പശ്ചാത്തലത്തിലാണ് ചാക്രികലേഖനം ഈ അദ്ധ്യായത്തിലെ ചിന്തകൾ നൽകുക. സഭയുടെ അടിസ്ഥാന സ്വഭാവമായ കൂട്ടായ്മ ആവിഷ്ക്കരിക്കുന്ന വി. കുർബാനയുടെ പേരുകളിൽ ഒന്ന് കൂട്ടായ്മ (COMMUNION) യാണെന്നത് സാന്ദർഭികമായ വസ്തുതയല്ല. വി. കുർബാന അർപ്പണത്തിലൂടെ സഭയിലെ കൂട്ടായ്മ ശക്തവും പൂർണ്ണവുമാക്കപ്പെടുന്നു. വിശ്വാസത്തിന്റെയും വിശുദ്ധിയുടെയും നിറവിലാകണം ഈ കൂദാശ സ്വീകരണത്തിന് വിശ്വാസികൾ അണയുന്നത്. മതബോധനവും സഭാനിയമവും, വി. കുർബാനയും വി. കുമ്പസാരവും തമ്മിലുള്ള ബന്ധം ഊന്നിപ്പറയുന്നത് ഈ കാരണത്താലാണ്.

അദൃശ്യമെന്നപോലെ ദൃശ്യമായ (VISIBLE) കൂട്ടായ്മയെ ഈയവസരത്തിൽ ചാക്രികലേഖനം ഊന്നിപ്പറയുന്നു. റോമാ മാർപ്പാപ്പയും മെത്രാന്മാരും വിശ്വാസികളേവരും ചേർന്നുള്ള പൂർണ്ണമായ ഐക്യം വിശുദ്ധ കുർബാനാർപ്പണത്തിന് അനിവാര്യമാണ്. വി. കുർബാനാർപ്പണങ്ങളെല്ലാം കൂട്ടായ്മയുടെ പ്രകടനവും ശക്തിപ്പെടുത്തലും ആവശ്യപ്പെടുന്നു. ഐക്യം വളർത്തുന്നതിൽ വി. കുർബാനയ്ക്കുള്ള ശക്തിയാണ് വി. കുർബാനയിൽ പങ്കെടുക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നതിന് പിന്നിലെ യാഥാർത്ഥ്യം.

സഭൈക്യത്തിനുവേണ്ടി ശ്രമിക്കുമ്പോൾ ഒന്നിച്ചു ബലിയർപ്പിക്കുക എന്ന ശ്രേഷ്ഠ ലക്ഷ്യം ആകണം വിശ്വാസിക്ക് പ്രചോദനം ആകേണ്ടത്. എന്നാൽ പൂർണ്ണമായ കൂട്ടായ്മയുടെ അഭാവത്തിൽ വിവിധ സഭകളിലെ ശുശ്രൂഷകർക്ക് വി. കുർബാനയിൽ സഹകാർമ്മികരാകാൻ സാധിക്കില്ല

www.malankaralibrary.com

(EE 44.1). എന്നിരുന്നാലും "കത്തോലിക്കാ സഭയുമായി സമ്പൂർണ്ണകൂട്ടായ്മയിലല്ലാത്ത സഭാസമൂഹങ്ങളിലോ സഭയിലോ പെട്ട വ്യക്തികൾക്ക് ചില പ്രത്യേക അവസരങ്ങളിൽ വി. കുർബാന നൽകുന്നതിന് ഇത് തടസ്സമല്ല. അവർക്ക് വി. കുർബാന നൽകുമ്പോൾ ഒരു വിശ്വാസിയുടെ നിത്യരക്ഷയ്ക്കുവേണ്ട ഗൗരവമായ ആത്മീയലക്ഷ്യം നിറവേററുകയെന്ന ഉദ്ദേശ്യമാണ് സഭയ്ക്കുള്ളത്" (EE 45.1). ഇക്കാര്യത്തിൽ രണ്ടാം വത്തിക്കാൻ സുനഹദോസിൻെറ മാർഗ്ഗരേഖകളും സഭാനിയമവും (പൗരസ്ത്യസഭകൾ, ഖണ്ഡിക - 27; CIC 844 34; CCEO 671 34), വി. കുർബാന, കുമ്പസാരം, രോഗീലേപനം എന്നീ വിശുദ്ധ കൂദാശകളെ സംബന്ധിച്ച് 'എല്ലാവരും ഒന്നാകുവാൻ' എന്ന ചാക്രികലേഖനത്തിലെ മാർഗ്ഗനിർദ്ദേശവും ഈയവസരത്തിൽ മാർപ്പാപ്പാ അനുസ്മരിപ്പിക്കുന്നുണ്ട്. കൂദാശകളുടെ സ്വീകരണത്തിലും പരികർമ്മത്തിലും, പ്രത്യേകിച്ച് ദിവ്യകാരുണ്യം സംബന്ധിച്ച് ലാഘവബുദ്ധി പാടില്ലായെന്ന് ചാക്രികലേഖനം അനുശാസിക്കുന്നു.

'പരിശുദ്ധ കുർബാന അർപ്പണത്തിൻെറ മഹത്വം' എന്ന അഞ്ചാം അദ്ധ്യായം ഈ കൂദാശയും അതിൻെറ അനുഷ്ഠാനവും അന്ത്യഅത്താഴം മുതൽ സഭയിൽ ഉളവാക്കിയ മനോഭാവം വ്യക്തമാക്കുന്നു. അന്നുമുതൽ വിശുദ്ധ കുർബാനയോടു രൂപംകൊണ്ട 'ആരാധനക്രമഭാവം' വ്യക്തമാണ്. സഭയുടെ വിഭവശേഷി വിനിയോഗത്തിൽ വി. കുർബാനയോട് ഉദാരമനസ്സാണ് പ്രകടമാകുന്നതെന്നും എല്ലാ സംസ്കാരങ്ങളിലും ഏററവും ശ്രേഷ്ഠമായ രീതിയിലാണ് വി. കുർബാന അർപ്പിക്കപ്പെടുന്നതെന്നും നാം കാണുന്നു. ഇക്കാരണത്താൽ വിവിധ ആരാധനക്രമങ്ങളും ദേവാലയ കലാരൂപങ്ങളും രൂപംകൊണ്ട ലോകമെങ്ങുമുള്ള ബസിലിക്കകളും കത്തീഡ്രലുകളും ദേവാലയങ്ങളും വിശുദ്ധ സംഗീതങ്ങളും കലയും ഈ വസ്തുതയ്ക്ക് സാക്ഷ്യം നൽകുന്നു. 'വി. കുർബാന സഭയെയും അവളുടെ ആത്മീയതയെയും രൂപപ്പെടുത്തുന്നതോടൊപ്പം, സംസ്കാരത്തേയും, പ്രത്യേകിച്ച്, കലയെയും ശക്തമായി സ്വാധീനിച്ചിട്ടുണ്ട്' (EE 49.3) എന്ന ചരിത്രപരമായ വസ്തുത ചാക്രികലേഖനം ഉയർത്തിക്കാട്ടുന്നു.

ദേവാലയ നിർമ്മാണത്തിലും, അലങ്കാരത്തിലും, കലാരൂപങ്ങളിലും, വി. സംഗീതത്തിലും സഭയുടെ അജപാലനപരമായ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ചാക്രികലേഖനം വ്യക്തമാക്കുന്നുണ്ട്.

വി. കുർബാന അർപ്പണത്തിലും അനുബന്ധമായ കാര്യങ്ങളിലും സാംസ്കാരികാനുരൂപണത്തിന് ശ്രമിക്കുമ്പോൾ സഭയുടെ വിശ്വാസത്തിൻെറ തനിമ നഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ചാക്രികലേഖനം നിർദ്ദേശിക്കുന്നു. നമുക്ക് ലഭ്യമായിരിക്കുന്ന 'സമ്പത്തും' രഹസ്യവും നിസ്സാരമാക്കാനും 'ലാഘവത്തോടെ കൈകാര്യം ചെയ്യാനും, അതിൻെറ വിശുദ്ധിയേയും സാർവ്വത്രികതയേയും അവഗണിക്കാനും' ഇടയാകരുത് എന്നതാണ് ചാക്രികലേഖനത്തിൽ പ്രകടമാകുന്ന സഭയുടെ താല്പര്യം (EE 52.3).

www.malankaralibrary.com

അദ്ധ്യായം ആറിൽ 'വിശുദ്ധ കുർബാനയുടെ സ്ത്രീയായ മറിയത്തിന്റെ ശിഷ്യസമൂഹത്തിൽ', വിശ്വാസത്തിന്റെ രഹസ്യവുമായി വിശിഷ്യാ ദിവ്യകാരുണ്യവുമായി മറിയത്തിനുള്ള ബന്ധമാണ് നാം കാണുക. ദൈവവചനത്തോട് എല്ലാ അർത്ഥത്തിലും പൂർണ്ണമായി ഒന്നുചേർന്ന മറിയം, വിശ്വാസത്തിന്റെ രഹസ്യത്തിനും വി. കുർബാനയിലൂടെ സന്നിഹിതമാക്കപ്പെടുന്ന നവജീവന്റെ അനുഭവത്തിനും വിധേയരാകുവാൻ നമുക്ക് ഉത്തമമാതൃകയാണ്.

മൂന്നാം സഹസ്രാബ്ദത്തിൽ വർദ്ധിച്ച താല്പര്യത്തോടെ ദൗത്യനിർവ്വഹണത്തിന് വി. കുർബാന സഭാമക്കളെ സഹായിക്കുമെന്ന വിശ്വാസവും പ്രതീക്ഷയുമാണ് ഉപസംഹാരത്തിൽ നിഴലിക്കുക. ബലിയും, കർത്താവിന്റെ സാന്നിധ്യവും വിരുന്നുമായ വിശുദ്ധ കുർബാനയുടെ 'രഹസ്യത്തി'ലുള്ള വിശ്വാസവും, 'സമ്പത്തിന്റെ' ഔന്നിത്യവും അഭംഗുരം പരിരക്ഷിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് ചാക്രികലേഖനം അവസാനിക്കുക.

എന്താണ് ഈ ചാക്രികലേഖനത്തിന്റെ ചരിത്രപരവും പ്രബോധനപരവും അജപാലനപരവുമായ പ്രസക്തി? ആദ്യക്രിസ്തീയ നൂററാണ്ടുമുതൽ ഇന്നോളം സഭയുടെ വി.കുർബാനയിലുള്ള വിശ്വാസത്തിന്റെ സ്വഭാവം എന്താണെന്ന ചരിത്രപരമായ വിശകലനം ചാക്രികലേഖനത്തിൽ ലഭ്യമാണ്. വിശുദ്ധ കുർബാനയുടെ കാര്യത്തിൽ വിശ്വാസം, ആരാധന, ഭക്തി എന്നിവയിൽ ഇടതടവില്ലാത്ത തുടർച്ചയുണ്ടെന്ന് ചാക്രികലേഖനത്തിലെ ഹ്രസ്വമായ വിവരണത്തിൽ നിന്നുതന്നെ വ്യക്തമാണ്. വി.കുർബാനയിൽ കേന്ദ്രീകൃതമാണ് ക്രിസ്തീയ വിശ്വാസവും സഭാജീവിതവും ദൗത്യവുമെന്ന് ചാക്രികലേഖനം ഉദ്ബോധിപ്പിക്കുമ്പോൾ, അത് പ്രബോധനപരവും അജപാലനപരവുമായ മാനങ്ങൾ നിദർശനം ചെയ്യുന്നുണ്ട്. ഇക്കാരണത്താൽ വി. കുർബാനയിലുള്ള പങ്കാളിത്തത്തിന് പ്രാധാന്യം നഷ്ടമാകുകയോ വിശുദ്ധ കുർബാനയോടുള്ള വിശ്വാസത്തിലും ആരാധനയിലും ഭക്തിയിലും ലാഘവബുദ്ധി കടന്നുകൂടുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വിശുദ്ധ കുർബാനയുടെ ഔന്നത്യവും ശ്രേഷ്ഠതയും വ്യക്തമാക്കുന്ന പ്രബോധനം അജപാലനപരമായും വളരെ പ്രസക്തമാണ്.

വിശുദ്ധ കുർബാനയിൽ വർദ്ധിതമായ താല്പര്യത്തോടെ പങ്കെടുക്കുന്നതിനും കർത്താവിന്റെ തിരുശരീരവും തിരുരക്തവും പങ്കിടുന്നതിനും തദ്വാരാ ജീവിതത്തിന് ഉൽക്കർഷം നേടുന്നതിനും വിശ്വാസികളെയും അജപാലകരെയും ഈ ചാക്രികലേഖനം പ്രചോദിപ്പിക്കുമെന്ന് പ്രത്യാശിക്കാം.